മംഗളോദയം

൧൦൯൨

പുസ്തകം ൮	വൃശ്ചികമാസം	ലക്കം ൧

[illegible]

മംഗളോദയം

സാഹിത്യഗുണ
വിശിഷ്ടവിഷയങ്ങളെ പ്രതിപാദിക്കുന്ന
ഒരു മാസിക.

പുസ്തകം [illegible]

ലക്കം 1

൩൨ വരി:

കേരളകല്പദ്രുമം അച്ചുക്കൂടം
മംഗളോദയം കമ്പനി, ക്ലിപ്തം,
തൃശ്ശിവപേരൂർ.



ഡല്ഹി പട്ടണം,

മംഗളോദയം

൧൦൮൩

പുസ്തകം ൧	വൃശ്ചികമാസം	ലക്കം ൧ ാം

മംഗളം

കാലം പോകുന്നതെവിടെന്നോ, കലിമലിതവിലാസത്തിലാഴുന്നതെവിടെന്നോ,
കോലം കെട്ടിക്കളിക്കും കലി മലകലത്തിന്റെ ദുഃഖാതുരമെന്നോ
മേലാലെന്തെന്നതോരാന്തമലയുമൊഴി ലോകകീടത്തിനോരാ.
മാലംബം ശ്രീഭവാനി! തവ പദമലരുമൊന്നുമാത്രം ശരണമല്ലോ.

പ്രസ്താവന



ഒരു കാലമായിട്ട് മനസ്സിൽ ഒളിപ്പിടിച്ചു പോരുന്ന അനേക സംഗതികൾ പറഞ്ഞുതുടങ്ങുവാൻ അവസരം കിട്ടുമ്പോൾ പുറപ്പെടുവാൻ കഴിയില്ലാതെ പോകുന്നതു ലോകസ്വഭാവമാണ്. ഈ അവസ്ഥ വിചാരിച്ച്, ഞങ്ങൾ സംഗതിവശാൽ വല്ലതും അധികം പ്രലപിക്കുന്നതെങ്കിൽ വായനക്കാർ പരിഭവം തോന്നരുത്.

ദേശാഭിമാനികൾ പലരും ചേർന്ന് ഒരു യോഗം കൂടിയുള്ള വിവരവും അവരുടെ ഉദ്ദേശങ്ങളും കഴിഞ്ഞ കൊല്ലത്തെ തിരനോട്ടത്തിൽ വായനക്കാരെ അറിയിച്ചിട്ടുണ്ടല്ലോ. സ്വാധീനത്തിലുള്ള കൊല്ലങ്ങളുടെ കണക്കും ബോധിപ്പിച്ചിട്ടുണ്ട്. അന്നു തൊട്ട് ഇന്നേവരെ ചാട്ടിക്കാരും പെട്ടിക്കാരും മേളക്കാരും പാട്ടുകാരും അണിയറക്കാരുമൊക്കെ തിരശ്ശീലക്കുള്ളിലുമായി പാർത്തുകൊണ്ടു നില്ക്കുകയാണ്. എന്നാൽ കണ്ടും കേട്ടും ഉറച്ച പ്രധാനവേഷക്കാർ ഇതുവരെ ഞങ്ങളെക്കൊണ്ടു രംഗംപാടിച്ചു പോരുന്നതല്ലാതെ ഞങ്ങളുടെ പത്രരംഗത്തിൽ പ്രവേശിക്കുകയോ അവരുടെ അഭിനയം ഫലിപ്പിക്കുകയോ ഉണ്ടായിട്ടില്ല. ഈ ഒരു അംശത്തിലാണ മംഗളോദയത്തിനു പരാധീനതയുള്ളതെന്നും, അതു സ്വാധീനമല്ലാതെ മറ്റു വല്ലതുകൊണ്ടു യാതൊരു ഫലവും ഉണ്ടാ

യുന്നതല്ലെന്നും പറയാതെതന്നെ അറിയാവുന്നതാണ്. പോരെങ്കിൽ ഞങ്ങൾ പലരും വിളിച്ചു പറഞ്ഞു കേൾപ്പിച്ചിട്ടുമുണ്ട്.

മലയാളഭാഷയിൽ ഉത്തമമായ ഒരു മാസിക നടന്നുകണ്ടാൽ കൊള്ളാമെന്ന് ആഗ്രഹിക്കുന്ന ഭാഷാഭിമാനികളുടെ മംഗളോദയക്കാരും ആ കൂട്ടത്തിൽ പെട്ടവരാണെന്നു വിചാരിപ്പാനുള്ള ഔദാര്യമുണ്ടായാൽ മേല്പറഞ്ഞതിലും ഒരു ഗതിയുണ്ടെന്നാണ് ഞങ്ങളുടെ വിശ്വാസം. ഞങ്ങളുടെ ആഗ്രഹമായ ഉദ്ദേശത്തിൽ അവർക്ക് വല്ല വിരക്തിയും ഉണ്ടെങ്കിൽ ഒരിക്കൽ പരീക്ഷിച്ചു നോക്കിയതിന്റെശേഷം അവരുടെ അഭിപ്രായം സ്ഥിരപ്പെടുത്തിയാൽകൊള്ളാമെന്ന് ഒരപേക്ഷ കൂടി ഞങ്ങൾക്കു ചെയ്യാനുണ്ട്.

'വിഷയത്തിനു മെച്ചവും, അർത്ഥത്തിനു തികവും, വാചകത്തിനു ഒഴുക്കും' ഉള്ള ലേഖനങ്ങൾക്കു തക്കതായ പ്രതിഫലം കൊടുക്കണമെന്നാണെന്നു ഞങ്ങൾ ഏറ്റുപറഞ്ഞിട്ടുണ്ടായിരുന്നു. നിശ്ചയമായിട്ടു ഞങ്ങളുടെ വിചാരവും അങ്ങിനെതന്നെയാണ്. പക്ഷേ, പാത്രമുണ്ടെങ്കിലല്ലേ പകരുവാൻ തരമുള്ളു. ചോദന പാത്രം ചോദിക്കുന്നതുമല്ല. മാസികകൾ പിടിപ്പതാക്കുന്ന ലേഖനങ്ങളെഴുതണമെങ്കിൽ അത്രമാത്രം പഠിപ്പും പ്രയത്നവും സ്വാധീനങ്ങളുണ്ടായിരിക്കണം. അദ്ധ്വാനിക്കാതെ കാലക്ഷേപം ചെയ്യുന്നവർ പഠിപ്പുണ്ടായാലും പ്രയത്നിപ്പാൻ സമയമുണ്ടാവുന്ന കാര്യം കഷ്ടി. ഈ രണ്ടു സാമഗ്രികളും വേണ്ടതിലധികം കൈവശമുള്ളവർ നാട്ടിലും ലേഖനങ്ങൾക്കുവേണ്ടി തേടി നടക്കുന്ന പത്രപ്രവർത്തകന്മാരുടെ ശല്യം സഹിക്കുവാൻ വയ്യാത്തിട്ടോ, പക്ഷഭേദം വാദിക്കുവാൻ ധൈര്യമില്ലാത്തിട്ടോ ഉപേക്ഷിച്ചു പോരുന്നതായിട്ടാണ് സാധാരണ കണ്ടുവരുന്നത്. അവരുടെ കണ്ണുകൾ കനകം കണ്ടാൽ കളിക്കുമെന്നു വിചാരിക്കുവാൻ തക്കവണ്ണത്തിലിരുന്നുവെങ്കിൽ, കനകാഭിഷേകം ചെയ്യാനുള്ള വകയും ഞങ്ങൾക്കുണ്ടെന്നു പറയാവുന്നതല്ല. മേല്പറഞ്ഞ തരക്കാരുടെ ലേഖനങ്ങൾ നിൽക്കട്ടെ 'പോര' 'വേണ്ട' 'വയ്യ' 'അരുത്' എന്ന തുടങ്ങിയുള്ള പത്രാധിപക്കുറിപ്പുകളോടുകൂടി ചവറ്റുകൊട്ടയിൽ തള്ളി വിടേണ്ടവയാണു ബാക്കിയുള്ള മിക്ക ലേഖനങ്ങളും. മാസികാപ്രവർത്തനത്തിൽ മലയാളഭാഷയുടെ ഈ ദുസ്ഥിതി നിൽക്കുന്നല്ലാതെ നടത്തിപ്പോരുന്ന മാസികകൾക്കെല്ലാമുള്ളതും താനെ നടന്നുകൂടുന്നതല്ല.

കഴിഞ്ഞ ഒരു കൊല്ലത്തിൽ മംഗളോദയത്തിന് ഒരു കയററവും ഉണ്ടായിട്ടുള്ളതായി ഞങ്ങൾക്കുതന്നെ തോന്നുന്നില്ല. മുമ്പുണ്ടായിരുന്ന പട്ടങ്ങൾക്കും ഞങ്ങളുടെ വിചാരത്തിനും മാററം വന്നിട്ടില്ലെന്നു ഞങ്ങൾക്കു നിശ്ചയമുള്ളതുകൊണ്ട് ആശാഭംഗം ഉണ്ടാവാനുള്ള അവസരം വന്നിട്ടില്ല. വിശേഷവിധിയായി ഇക്കൊല്ലം ചില ഏർപ്പാടുകൾ ചെയ്യാൻ ഞങ്ങൾ ആഗ്രഹിക്കുന്നതു ഫലിക്കുമെന്നു തീർച്ചയായാൽ മാസിക വഴിയായിതന്നെ വായനക്കാരെ അറിയിക്കുന്നതുമാണ്. ശാന്തിക്കാർ എല്ലാററിലും പറയുന്നതുപോലെ 'താളു തകരയോണം വരെ ഓണം തകരയോ താളു വരെ താളോം ഓണംകൂടി തകരയോടൊപ്പം വരെ' എന്ന മട്ടിലാണ് എല്ലാ മലയാളമാസികകളുടെയും താൽക്കാലികസ്ഥിതി എന്നു വരികിലും, നിത്യനിദാനം പൂജയും ദിവസേനം കഴിച്ചു കൂട്ടുവാൻ സഹായിച്ചിട്ടുള്ള ഞങ്ങളുടെ 'ഉദാര'ന്മാർ മംഗളോദയക്കാരുടെ മംഗളാശംസകൾ പുറമെ ഭാഷാദേവിയുടെ ഉദികാരുണ്യവും ഉണ്ടായിരിക്കുന്നതാണ്.

ഡല്ലിപട്ടണം

'ഡല്ലി ഡർബാർ' 'ഡല്ലി ഡർബാർ' എന്നുള്ള ശബ്ദംകൊണ്ടു ഹിന്ദുസ്ഥാനത്തുപര്യന്തമുള്ള എല്ലാ ദിക്കുകളും മുഴങ്ങുന്നു. പ്രജാവത്സലനും കരുണാനിധിയുമായ



അഞ്ചാം ജോർജ് ചക്രവർത്തിതിരുമനസ്സുകൊണ്ടു തന്റെ മഹിഷിയായ മേരിമഹാരാജ്ഞിയോടൊന്നിച്ച് ഇന്ത്യയിൽ വന്നു തന്റെ [ഇന്ത്യാചക്രവർത്തിസ്ഥാനാരോഹണത്തെ ഈ ഡിസമ്പ്രമാസം 12-ാംനു- ഡല്ലിപട്ടണത്തിൽവെച്ചു കൊണ്ടാടുവാൻ നിശ്ചയിച്ചവിവരം അറിയാത്തവർ ഉണ്ടാകുമെന്നു തോന്നുന്നില്ല. ഈ അവസരത്തിൽ ഡല്ലിപട്ടണത്തിന്റെ ചുരുക്കമായ ഒരു വിവരണം ഗ്രന്ഥപാരായണക്കാർക്കു രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഡല്ലിപട്ടണം പഞ്ചാബിൽ ചേർന്ന ഡല്ലിജില്ലയുടെ തലസ്ഥാനമാകുന്നു. ഇതു മുകിളസാമ്രാജ്യത്തിന്റെ പുരാതനസ്ഥാനവുമായിരുന്നു. ഈ പട്ടണത്തിൽ സുമാറു രണ്ടുലക്ഷത്തോളം നഗരവാസികൾ ഉണ്ട്. ഈ പട്ടണത്തിൽനിന്നു കല്ക്കത്തയിലേക്ക് 954 നാഴികയും, ആഗ്രയിലേക്ക് 118 നാഴികയും, അലഹബാദിലേക്ക് 390 നാഴികയും ദൂരമുണ്ട്.

ഷാജിഹാനാബാദ് എന്ന പേർ പറയപ്പെടുന്ന ആധുനികഡല്ലിപട്ടണം യമുനാനദിയുടെ പടിഞ്ഞാറെഭാഗത്താണു സ്ഥിതി ചെയ്യുന്നത്. ഷാജിഹാൻചക്രവർത്തിയാൽ ഉറപ്പുള്ള കല്ലുകൾകൊണ്ടു നിർമ്മിക്കപ്പെട്ടിട്ടുള്ള ഉയർന്ന മതിലുകൾകൊണ്ട് ഈ പട്ടണത്തിന്റെ മൂന്നു ഭാഗവും ചുറ്റപ്പെട്ടിരിക്കുന്നു. പത്തൊമ്പതാംശതവർഷത്തിന്റെ ആദ്യത്തിൽ ഇംഗ്ലീഷുകാർ മതിലുകളുടെ പുറവും ഒരു കിടങ്ങും ക്രമത്തിൽ ചരിവോടുകൂടിയ ഒരു വലിയ തിട്ടും പണിചെയ്യിച്ചു മതിലുകളെ ബലപ്പെടുത്തി. ഈ പട്ടണത്തിന്റെ കിഴക്കേഭാഗം പുഴവക്കത്തോളം വ്യാപിച്ചു കിടക്കുന്നതുകൊണ്ട് അവിടെ മതിലുകൾ ഇല്ല. എങ്കിലും ഉയരത്തിലുള്ള പുഴയുടെ വക്ക് കല്ലുകൾകൊണ്ടു കെട്ടി ബലപ്പെടുത്തിയിരിക്കുന്നു. ഡല്ലിപട്ടണത്തെ ചുറ്റുന്ന മതിലുകളുടെ ചുറ്റളവ് അഞ്ചര നാഴികയാകുന്നു. പട്ടണത്തിനു പത്തു ഗോപുരങ്ങൾ ഉണ്ട്. അവയിൽ വെച്ച്, വടക്കുഭാഗത്തുള്ള കാശ്മീർഗോപുരവും മോറി ഗോപുരവും, കിഴക്കുഭാഗത്തുള്ള കാബൂൾ, ലാഹോർ ഈ ഗോപുരങ്ങളും, തെക്കുഭാഗത്തുള്ള അജമീഡ്, ഡൽഹി എന്ന ഗോപുരങ്ങളും പ്രധാനപ്പെട്ടവയാകുന്നു. ഇപ്പോൾ 'കോട്ട' എന്നു പറഞ്ഞുവരുന്ന ചക്രവർത്തിയുടെ രാജധാനി പട്ടണത്തിന്റെ കിഴക്കുവശത്തായി യമുനാനദിയോടു തൊട്ടു നില്ക്കുന്നു. അതിന്റെ മൂന്നുപുറത്തും ചുകന്ന നിറത്തിലുള്ള ഒരു മാതിരി കല്ലുകൾകൊണ്ടു പണിചെയ്തിട്ടുള്ള വലിയ മതിലും മതിലിന്മേൽ നിർമ്മിക്കപ്പെട്ടിട്ടുള്ള വർത്തുളാകൃതിയിലുള്ള ചെറിയ കെട്ടിടങ്ങളും തെക്കും പടിഞ്ഞാറും ഭാഗങ്ങളിൽ ഓരോ

ഗിണ്ടുമഹാരങ്ങളും ഉണ്ട്. 1857-ാമാണ്ടിലുണ്ടായ ശിപായിലഹളയ്ക്കുശേഷം കോട്ടയുടെ അധികഭാഗവും പൊളിച്ചുകളഞ്ഞ് അവിടെ ഇംഗ്ലീഷുസൈന്യങ്ങൾക്കു താമസിക്കാനുള്ള പാർപ്പിടങ്ങളും നിർമ്മിക്കപ്പെട്ടു. കോട്ടയുടെ തെക്കുഭാഗത്തു ദരിയാഗഞ്ജ് എന്നു വിളിക്കപ്പെടുന്ന ദിക്കിൽ കറുത്ത കാലാൾപട്ടാളക്കാർ താമസിക്കുന്ന ഒരു കെട്ടിടം ഉണ്ട്. യമുനയുടെ കരയിൽ 16-ാം നൂറ്റാണ്ടിൽ സലിംഷാ പണി ചെയ്യിച്ചിട്ടുള്ളതും ഇപ്പോൾ ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്നതും ആയ സലിംഗഢ് എന്ന ഒരു കോട്ടയുണ്ട്. കിഴക്കെ ഇന്ത്യാ തീവണ്ടിപ്പാത സലിംഗഢിൽ കൂടി, യമുനയിൽ കെട്ടീട്ടുള്ള അതിഗംഭീരമായ പാലം കടന്നു 'കോട്ട'യുടെ ഒരു ഭാഗത്തുകൂടെ പട്ടണത്തിനകത്തുള്ള തീവണ്ടി ആപ്പീസ്സിൽ ചെന്നു ചേരുന്നു. അവിടെനിന്ന് 'രാജപുട്ടാനാസ്റ്റേറ്റ് റെയിൽവെ' എന്ന പേരോടുകൂടി ഈ പുകവണ്ടിപ്പാത, പട്ടണത്തിൽകൂടെ പോയി വടക്കേപടിഞ്ഞാറുഭാഗത്തുള്ള മതിൽ കടന്നു പുറത്തേക്കു പോകുന്നു. പട്ടണത്തിന്റെ വടക്കേകിഴക്കെ മൂലയിൽ മതിലിനുള്ളിൽ കാശ്മീരദ്വാരത്തിനു തെക്ക് ഖജനാവും, കച്ചേരികളും കോടതികളും മുതലായ കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്നു. പട്ടണത്തിന്റെ കിഴക്കുഭാഗത്തും വടക്കുഭാഗത്തും ഒരു വരിയായി നില്ക്കുന്ന ദരിയാഗഞ്ജ്, കോട്ട, കച്ചേരികൾ, തീവണ്ടിപ്പാത മുതലായവയുടെ മദ്ധ്യത്തിലുള്ള കോണാകൃതിയിലുള്ള സ്ഥലത്തു പൊതുജനങ്ങളുടെ ഉപയോഗത്തിനുവേണ്ടി ഗവർമ്മെണ്ടിൽനിന്ന് ഉണ്ടാക്കീട്ടുള്ള പൂന്തോട്ടങ്ങൾ ആകുന്നു. പട്ടണത്തിന്റെ തെക്കുപടിഞ്ഞാറുഭാഗം മുഴുവനും നാട്ടുകാരുടെ പാർപ്പിടങ്ങളാലും പീടികകളാലും നിറയപ്പെട്ടിരിക്കുന്നു.

ഡല്ഹിയിലുള്ള കെട്ടിടങ്ങളുടെ മഹിമ സുപ്രസിദ്ധമായിട്ടുള്ളതാണ്. അവയുടെ ശരിയായ ഒരു വിവരണം വേണമെങ്കിൽ ഈ ലേഖനം പോലെ വളരെ ലേഖനങ്ങൾ വേണ്ടിവരുന്നതാകയാൽ ഇപ്പോൾ അതിനു മുതിരുന്നില്ല. ഇപ്പോൾ കോട്ട എന്നു വിളിച്ചുവരുന്ന രാജധാനി ഷാജിഹാൻ ചക്രവർത്തി പണി ചെയ്യിച്ചിട്ടുള്ളതാണ്. മനോഹരങ്ങളും പ്രൌഢങ്ങളും ആയ കെട്ടിടങ്ങൾ പണിയിപ്പാൻ ഷാജിഹാനെപ്പോലെ ചാതുര്യമുള്ള ഒരാൾ ഭൂമിയിലുണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. രാജധാനി ചതുരാകൃതിയിൽ പണി ചെയ്യിച്ചിട്ടുള്ളതും ഗോപുരം മുതലായതു കൂടാതെ കിഴക്കുപടിഞ്ഞാറ് 1600 അടിയും തെക്കുവടക്കു 3200 അടിയും വിസ്താരമുള്ളതും ആകുന്നു. ഈ രാജധാനിയിലുള്ള ഗാനശാല, ധാരായന്ത്രങ്ങൾ മുതലായവ വളരെ ഭംഗിയുള്ളതാണ്. എന്നാൽ പ്രസിദ്ധപ്പെട്ട 'ദിവാനിഖാസ്' അല്ലെങ്കിൽ 'കൂടിക്കാഴ്ചക്കുള്ള ശാല' ഷാജിഹാൻ പണിചെയ്യിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളിലും വെച്ച് ഏറ്റവും ഭംഗിയുള്ളതാണ്. ഇതിലുള്ള കൊത്തുപണികളുടെ ഭംഗി അവർണ്ണനീയമാകുന്നു. ഇതിന്റെ മുകൾഭാഗത്തുള്ള തട്ടിന്മേലാണ താഴെ പറയുന്ന പ്രസിദ്ധപ്പെട്ട വാചകം എഴുതീട്ടുള്ളത്. 'ഭൂമിയിൽ എവിടെയെങ്കിലും സ്വർഗ്ഗം ഉണ്ടെങ്കിൽ അത് ഇവിടെയാണ്, അത് ഇതാണ്.' ഭൂമിയിലുള്ള രാജധാനികളിൽ ഒന്നിലെങ്കിലും ഇത്ര മനോഹരമായ ഒരു ശാല ഇല്ലെന്നു നിസ്സംശയം പറയാം. രാജധാനിയുടെ മദ്ധ്യത്തിലുള്ള എടുപ്പുകളിൽനിന്നു തെക്കെ അറ്റം വരെ 1000 അടി നീളത്തിലും 1000 അടി വീതിയിലും ഉള്ള സ്ഥലം മുഴുവനും ചക്രവർത്തിയുടെ അന്തഃപുരസ്ത്രീകൾക്കു താമസിക്കാനുള്ള കെ

ട്ടിടങ്ങളുണ്ടായിരുന്നു. ഈ കെട്ടിടങ്ങളുടെ വിസ്താരം യൂറോപ്പിലുള്ള ഏറ്റവും വലിയ രാജധാനിയുടെ വിസ്താരത്തിന്റെ ഏഴിരട്ടിയിലധികം ഉണ്ടായിരുന്നു. ഇതിന് മൂന്ന് ഉദ്യാനചത്വരങ്ങൾ ഉണ്ടായിരുന്നതിനു പുറമെ പതിമൂന്നോ പതിനാലോ ചത്വരങ്ങളും ഉണ്ടായിരുന്നു. അവയുടെ ഒരു അടയാളംപോലും ഇപ്പോൾ കാണുന്നില്ല. പ്രവേശനശാല, നൌബത്ത്ഖാന, ദിവാനിആം, ദിവാനിഖാസ്, റംഗ്മഹൽ എന്ന കെട്ടിടങ്ങളും ഒന്നോ രണ്ടോ ചെറിയ മണ്ഡപങ്ങളുംമാത്രമെ ഇപ്പോൾ രാജധാനിയുടെ അംശങ്ങളായി കാണപ്പെടുന്നുള്ളു. രാജധാനിയിൽവെച്ച് ഏറ്റവും വിശേഷപ്പെട്ട ഭാഗങ്ങൾ ഇവയാണെങ്കിലും ഇവയുടെ ചത്വരങ്ങളും ഇവയെ എല്ലാംകൂട്ടി ചേർക്കുന്ന ഗൃഹപഥങ്ങളും ഇപ്പോൾ ഇല്ലാത്തതുകൊണ്ട് ഇവയുടെ ഭംഗി പകുതിയിലധികം പൊയ്പ്പോയിരിക്കുന്നു. ബ്രിട്ടീഷ്സൈനികർ പാർക്കുന്ന കെട്ടിടങ്ങളുടെ മദ്ധ്യത്തിൽ സ്ഥിതി ചെയ്യുന്ന മേല്പറഞ്ഞ കെട്ടിടങ്ങൾ, ഒരു വിശേഷമായ ഉദ്യാനത്തിൽ പതിച്ചിരുന്നവയും, അങ്ങുമിങ്ങുമുള്ള സ്ഥാനത്തുനിന്നു പറിച്ചെടുത്തു കഷ്ടമായും കൊണ്ടുപോകപ്പെട്ട ഒരു ഫലകത്തിന്മേൽ അവിടവിടെയായി പതിക്കപ്പെട്ടവയും ആയ വിലയേറിയ രത്നങ്ങൾ തുല്യമായി കാണപ്പെടുന്നു.

നാട്ടുകാർ താമസിക്കുന്ന പ്രദേശത്തുള്ള വീടുകൾ ഇഷ്ടികകൾകൊണ്ട് ഉറപ്പിൽ പണിചെയ്യിച്ചവയാകുന്നു. പട്ടണത്തിലുള്ള ചെറിയ തെരുവീഥികൾ കട്ടപ്പായിട്ടുള്ളവയും വളഞ്ഞുപിരിഞ്ഞവയും ആണ്. എങ്കിലും ഡല്ലിയിലെ പ്രധാനപ്പെട്ട പത്തു രാജമാർഗ്ഗങ്ങളെപ്പോലെ കല്ലിട്ടിടിച്ചുറപ്പാക്കപ്പെട്ടതും, വെള്ളം ഒഴിഞ്ഞുപോവാൻ തക്കതായ ചാലുകളുള്ളതും ആയ തെരുവീഥികൾ ഇന്ത്യയിലുള്ള മറ്റു പട്ടണങ്ങളിൽ ഉണ്ടോ എന്ന സംശയമാണ്. ഏറ്റവും പ്രധാനപ്പെട്ട 'ചാന്ദിനി ചൌക്ക്' അല്ലെങ്കിൽ ജൌഹരിവീഥി എന്ന രാജമാർഗ്ഗം കോട്ടയിൽ നിന്നു കിഴക്കോട്ടുള്ള ലാഹോർ ഗോപുരംവരെ നീണ്ടു കിടക്കുന്നതും മുക്കാൽ നാഴിക നീളവും 74 അടി വീതിയും ഉള്ളതും ആകുന്നു. 'ചാന്ദിനി ചൌക്ക്' എന്ന രാജമാർഗ്ഗത്തിന് അല്പം തെക്കായി ഉയർന്ന ഒരു ചെറിയ പാറസ്ഥലത്തു 'ജുമമസ്ജിദ്' അല്ലെങ്കിൽ വലിയ പള്ളി സ്ഥിതി ചെയ്യുന്നു. ഷാജിഹാൻ ചക്രവർത്തിയായതിന്റെ ശേഷം നാലാംകൊല്ലത്തിൽ ഈ പള്ളിയുടെ പണി ആരംഭിക്കുകയും പത്താംകൊല്ലത്തിൽ അവസാനിക്കുകയും ചെയ്തു. ഇതു വളരെ മനോഹരവും ഗംഭീരവുമായ ഒരു കെട്ടിടമാകുന്നു. കാലപ്പഴക്കംകൊണ്ടു കറുപ്പു ബാധിക്കനിമിത്തം 'കാളമസ്ജിദ്' എന്നുവിളിച്ചുവരുന്ന പള്ളിയും 'രോഷനദ്ദൌള' എന്ന പള്ളിയും സാമാന്യം വിശേഷപ്പെട്ടവയാകുന്നു. ക്രിസ്താബ്ദം 1792-ാമാണ്ടിൽ സ്ഥാപിക്കപ്പെട്ടതും ഏകദേശം 80 കൊല്ലം മുമ്പ് എടുത്തുകളഞ്ഞതും ആയ ഗവർമ്മെന്റ് കോളേജിന്റെ കെട്ടിടവും റസിഡെണ്ടിനു താമസിക്കാനുള്ള കെട്ടിടവും പതിനായിരം പവൻ ചിലവു ചെയ്ത് കൎണ്ണൽസ്കിന്നർ എന്ന മഹാൻ പണിചെയ്യിച്ചിട്ടുള്ള പ്രോട്ടസ്റ്റാണ്ട് മതക്കാരുടെ പള്ളിയും ഡല്ലിയിലെ നൂതനമായ കെട്ടിടങ്ങളിൽ പ്രധാനപ്പെട്ടവയാകുന്നു. 'ചാന്ദിനിചൌക്ക്' യിൽ കൂടെ പകുതി വഴിപോയാൽ അവിടെ ഒരു മണിമാളികയും അതിന് എതിരായി ഒരു കാഴ്ചബംഗ്ലാവും ഉണ്ട്. ചാന്ദിനി ചൌക്ക്'യുടെ പിന്നിൽ വടക്കുഭാഗത്തായി 'രാജ്ഞിയുടെ തോട്ടം' എന്നു വിളിച്ചു

ഷമന്ന പൂന്തോട്ടം പ്രകാശിക്കുന്നു. ഈ പൂന്തോട്ടത്തിന്ന് അപ്പുറം പട്ടണത്തിന്നു പുറത്തായി ഒരു നാഴിക ദൂരത്തുള്ള ചരിത്രപ്രസിദ്ധമായ ഒരു ഉയർന്ന തിണ്ടുവരെ പട്ടണത്തിന്റെ മതില നീണ്ടുകിടക്കുന്നു. ഈ തിണ്ടിന്മേൽ നിന്നുള്ള പട്ടണത്തിന്റെ കാഴ്ച വളരെ മനോഹരമായിട്ടുള്ളതാണ്. ഡില്ലിപട്ടണത്തിന്റെ മതിലുകൾക്കപ്പുറം പടിഞ്ഞാറും വടക്കുപടിഞ്ഞാറും ഭാഗങ്ങളായിട്ടുള്ള നഗരോപകണ്ഠങ്ങളിൽ രാജാക്കന്മാരുടെ ശവകുടീരങ്ങളുണ്ട്. മുകിളചക്രവർത്തിയായ ഹുമയൂന്നിന്റെ ശവകുടീരം കരിങ്കല്ലുകൊണ്ടും വെണ്ണക്കല്ലുകൊണ്ടും നിർമ്മിക്കപ്പെട്ടിട്ടുള്ള ഒരു വിശേഷമായ കെട്ടിടമാകുന്നു. അതു് ഡില്ലിപട്ടണത്തിൽനിന്നു രണ്ടു നാഴിക ദൂരത്താകുന്നു. ഈ കെട്ടിടത്തിന്റെ ചുറ്റും ധാരായന്ത്രങ്ങളോടുകൂടിയ ഒരു വലിയ പൂന്തോട്ടവും ഇവയെല്ലാം ചുറ്റിക്കൊണ്ട് ഒരു വലിയ മതിലും മതിലിന്ന് ഗോപുരങ്ങളും നാലു നിർഗ്ഗമദ്വാരങ്ങളും ഉണ്ട്. എല്ലാറ്റിന്റെയും നടുവിലായി 20 അടി ഉയരവും 200 അടി സമചതുരവും ഉള്ള ഒരു വേദിയും അതിന്മേൽ കയറിച്ചെല്ലുവാനായി കരിങ്കല്ലുകൊണ്ട് കെട്ടിട്ടുള്ള നാലു വലിയ പടവുകളും ഉണ്ട്. ചതുരാകൃതിയിലുള്ളതും നടുവിൽ വെണ്ണക്കല്ലുകൊണ്ടുള്ള ഒരു വലിയ അർദ്ധഗോളാകൃതിയിലുള്ള ശിഖരത്തോടുകൂടിയതും ആയ ശവകുടീരം ഈ വേദിയിന്മേലാണു സ്ഥിതി ചെയ്യുന്നത്. ഇതിന്നു പടിഞ്ഞാറ് ഒരു നാഴിക ദൂരത്തായി വേറെ ഒരു ശ്മശാനസ്ഥലവും അതിൽ അനേകം ശവകുടീരങ്ങളും ചെറിയ പള്ളികളും ഉണ്ട്. ഇവയിൽ ചിലതു് ഏററവും ഭംഗിയുള്ളവയാകുന്നു. ഈ ചെറിയ പള്ളികളിൽ വെച്ച് ഏററവും ഉൽകൃഷ്ടമായിട്ടുള്ളതു് പ്രസിദ്ധനായ നൈസാമുദ്ദീൻ എന്ന മഹമ്മദീയസിദ്ധപുരുഷന്റെ സ്മാരകമായി പണിചെയ്തിട്ടുള്ള ഒരു ചെറിയ പള്ളിയാകുന്നു.

ഡില്ലിപട്ടണത്തെ ആസ്യാഖണ്ഡത്തിലെ റോമാപട്ടണമെന്നു വിളിച്ചു വരാറുണ്ട്. എഴുനൂറു കൊല്ലത്തിലധികം കാലം ഡില്ലിപട്ടണം പല ചക്രവർത്തികളുടെയും ഇരിപ്പിടമായിരുന്നു. ഡില്ലി എന്ന പേരോടുകൂടിയ പട്ടണം പലസ്ഥാനത്തിലും ഉണ്ടായിരുന്നു. അവയും ഇപ്പോഴത്തെ ഡില്ലിപട്ടണവും ഒന്നാണെന്നു പറവാൻ പാടില്ല. ഈ പട്ടണങ്ങളെല്ലാം യമുനയുടെ പടിഞ്ഞാറെ തീരത്തിലുള്ള വിശാലമായ ഒരു മൈതാനത്തിലായിരുന്നു സ്ഥിതിചെയ്തിരുന്നതു്. അവ ഓരോന്നായി കാലക്രമംകൊണ്ടു പാഴായിപ്പോവുകയും ഇപ്പോഴത്തെ ഡില്ലിപട്ടണം അവയിൽ ഒന്നിന്റെ സ്ഥാനത്തു നിർമ്മിക്കപ്പെടുകയും ചെയ്തു. ഡില്ലിപട്ടണങ്ങൾ സ്ഥിതിചെയ്തിരുന്ന സ്ഥലത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെപ്പററി ബിഷപ്പ് ഹേബർ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "പ്രകൃത്യാതന്നെ പാറകൊണ്ടു നിറഞ്ഞതും ഫലവത്തല്ലാത്തതും ആകം ഒന്നാണ് മികച്ചപോലെ കൃഷിചെയ്യാൻ പാടില്ലാത്തതും ഒരു വൃക്ഷംപോലും ഇല്ലാത്തതുമായ ഈ സ്ഥലത്തിൽ എല്ലായിടത്തും ചിന്നിച്ചിതറിക്കിടക്കുന്ന അനേകം ഗോപുരങ്ങളും, ജീർണ്ണിച്ച കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളും, ഇഷ്ടികകൊണ്ടും കരിങ്കല്ല് വെണ്ണക്കല്ല് മുതലായതുകൊണ്ടും ഉള്ള പണിത്തരങ്ങളുടെ അംശങ്ങളും കാണുന്നവരുടെ എല്ലാം മനസ്സിൽ ഭയത്തെ ഉണ്ടാക്കിത്തീർക്കുന്നതാണ്". ഈ ജീർണ്ണപ്രദേശം ആധുനികഡില്ലിപട്ടണത്തിന്റെ തെക്കെ അററം മുതല്ക്കു പതിനഞ്ചുനാഴിക ദൂരത്തുള്ള കു

സ്ഥലങ്ങളായ ദേവീപീഠോര എന്നും ഇന്ദ്രക്കോട് എന്നും പേരുള്ള കോട്ടകൾ വരെ പരന്നു കിടക്കുന്ന ഈ പ്രദേശത്തിന്റെ വിസ്താരം 45 ചതുരശ്ര നാഴികയാകുന്നു. ഡൽഹിപട്ടണത്തിന്റെ തെക്കുഭാഗത്ത് ഇപ്പോൾ കാണപ്പെടുന്ന മതിലുകൾക്കു തെക്കായി 2 നാഴിക ദൂരത്തുള്ള പുരാനകില അല്ലെങ്കിൽ ഇന്ദ്രപത്ത് എന്നു പേരുള്ള കോട്ടയും ഉൾപ്പെട്ട നിൽപ്പുസ്ഥലമാണ് പുരാണപ്രസിദ്ധമായ ഇന്ദ്രപ്രസ്ഥം എന്ന നഗരം. കുരുക്ഷേത്രത്തിൽവെച്ചുണ്ടായ മഹായുദ്ധത്തിൽ വിജയികളായിത്തീർന്നതിന്റെ ശേഷം പാണ്ഡവന്മാർ ഇന്ദ്രപ്രസ്ഥത്തിൽ താമസിക്കുന്ന കാലത്ത് ഒരു ദിവസം ഭക്ഷണപദാർത്ഥങ്ങൾ വെച്ചിരുന്ന ഒരു പാത്രത്തിൽ ഒരു ഈച്ച വീണു ചത്തു എന്നും ഈ സംഭവം തങ്ങളുടെ വംശമഹിമയുടെ ക്ഷയത്തെ സൂചിപ്പിക്കുന്ന ഒരു ദുർലക്ഷണമാണെന്നു നിശ്ചയിച്ചു ധർമ്മപുത്രാദികൾ ഇന്ദ്രപ്രസ്ഥം വിട്ടുപോയി എന്നും ഒരു ഐതിഹ്യം ഉണ്ട്. പാണ്ഡവന്മാർ ഇന്ദ്രപ്രസ്ഥത്തെ ഉപേക്ഷിച്ചതോടുകൂടി അത് ഒരു ശൂന്യനഗരമായിത്തീരുകയും സുമാർ ക്രിസ്ത്വബ്ദം പതിനൊന്നാം ശതവർഷം വരെ ആ പട്ടണം ഏറ്റവും അപ്രസിദ്ധമായ നിലയിൽതന്നെ ഇരിക്കയും ചെയ്തു.

മഹാനായ അലക്സാണ്ടരുടെ ആക്രമണങ്ങളെപ്പറ്റി എഴുതിയിട്ടുള്ള യവന ചരിത്രകാരന്മാരുടെ ഗ്രന്ഥങ്ങളിലാകട്ടെ, ഏറ്റവും പുണ്യാത്മാവായ ബുദ്ധന്റെ സാന്നിദ്ധ്യംകൊണ്ടു പൂതമാക്കപ്പെട്ട പുണ്യസ്ഥലങ്ങളെ സന്ദർശിപ്പാൻ വേണ്ടി ക്രിസ്ത്വബ്ദം ആറാം ശതവർഷത്തിൽ ഇന്ത്യയിലേക്കു വന്ന ചീനസഞ്ചാരികളുടെ ഗ്രന്ഥങ്ങളിലാകട്ടെ ഡൽഹിപട്ടണത്തെക്കുറിച്ചു യാതൊന്നും പ്രസ്താവിച്ചു കാണുന്നില്ല. മഹാനായ അലക്സാണ്ടർ ഇന്ത്യയിലേക്കു വന്നത് ക്രിസ്ത്വബ്ദത്തിനു മുമ്പുള്ള 327-ാമാണ്ടിനടുത്താണ്. അദ്ദേഹത്തിന്റെ യുദ്ധങ്ങളെപ്പറ്റി വർണ്ണിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ ശ്രീകൃഷ്ണന്റെ അവതാരഭൂമിയായ മധുരയെപ്പറ്റി പ്രസ്താവിച്ചു കാണുന്നുണ്ടെങ്കിലും, ഡൽഹിയുടെ പ്രസ്താവംതന്നെ അവയിൽ കാണുന്നില്ല. ആരിയനും മെഗസ്തനീസ്സും ഡൽഹിയെപ്പറ്റി ഒന്നും പറയുന്നില്ല. ഇന്ത്യയിലുണ്ടായിരുന്ന പ്രധാനനഗരങ്ങളെ പിടിച്ചടക്കാൻ ശ്രമിച്ച ഗസ്നിയിലെ മുഹമ്മദു ഡൽഹിയെ പിടിച്ചടക്കാൻ ശ്രമിച്ചതായി കാണുന്നില്ല. ഈ സംഗതികളെല്ലാം കൂടി നോക്കുന്നതായാൽ പാണ്ഡവന്മാർ സ്ഥാപിച്ച നഗരം ഒടുക്കം വിസ്മൃതമായി എന്നും പിന്നീട് എട്ടുശതവർഷത്തിനു ശേഷം ആ നഗരം വീണ്ടും രാജാക്കന്മാരുടെ വാസസ്ഥാനമായി തീർന്നു എന്നും ഉള്ള ഐതിഹ്യം ഏതാണ്ടു ശരിയായിട്ടുള്ളതാണെന്നു വെളിപ്പെടുന്നുണ്ട്.

ഡൽഹി അല്ലെങ്കിൽ ഡിലിപുരം എന്ന പേരിന്റെ ആവിർഭാവം ക്രിസ്ത്വബ്ദത്തിനു മുമ്പുള്ള ഒന്നാം ശതവർഷത്തിന്റെ മധ്യത്തിലാണ്. ഇന്ദ്രപ്രസ്ഥത്തിൽ വാണിരുന്ന ഗൌതമവംശക്കാരെ പിന്തുടർന്നു മൌര്യവംശരാജാക്കന്മാരിൽ ഒടുവിലത്തെ രാജാവായി വിചാരിക്കപ്പെട്ടുവരുന്ന ദിലുരാജാവാണ് ആദ്യമായി ഡൽഹിപട്ടണം സ്ഥാപിച്ചതെന്നും അതുമൂലമാണ് അതിന് ഡൽഹി അല്ലെങ്കിൽ ദിലിപുരം എന്ന പേര് സിദ്ധിച്ചത് എന്നും ഒരു ഐതിഹ്യം ഉണ്ട്. യമുനാതീരത്ത് ഇപ്പോൾ സ്ഥിതിചെയ്യുന്ന ഡൽഹിപട്ടണത്തിൽനിന്ന് അരനാഴിക ദൂരെയായിട്ടാണ് ദിലുരാജാവിനാൽ സ്ഥാപിക്കപ്പെട്ട നഗരം സ്ഥിതി

ചെയ്തിരുന്നത്. ഡെല്ലിപട്ടണത്തെപ്പററി നമുക്ക വിശ്വാസയോഗ്യമായ അറിവുകിട്ടുന്നതു ക്രിസ്ത്വാബ്ദം മൂന്നാം ശതവർഷത്തിലൊ നാലാം ശതവർഷത്തിലൊ ധാവരാജാവിനാൽ സ്ഥാപിക്കപ്പെട്ടതായ ഇരിമ്പുകൊണ്ടുള്ള ഒരു സ്തംഭത്തിലുള്ള ലിഖിതങ്ങളിൽനിന്നാകുന്നു. ഘനവുള്ളതും ഉരുണ്ടതുമായ ഈ സ്തംഭം 50 അടി നീളവും 16 ഇഞ്ച് ചുററളവും ഉള്ളതും, വളരെ താഴ്ത്തി കഴിച്ചിട്ടിരിക്കുന്നതുകൊണ്ട് പകുതിയിലും മാത്രം പുറത്തേക്ക കാണുന്നതുമാകുന്നു. ഈ സ്തംഭത്തിന്റെ പടിഞ്ഞാറു ഭാഗത്ത് അഗ്രത്തിൽ കൊത്തീട്ടുള്ള സംസ്കൃതഭാഷയിലുള്ള ഒരു ലിഖിതം നമുക്ക ഇതിന്റെ ഉല്പത്തിയെ വെളിവാക്കിത്തരുന്നുണ്ട്. ജെയിംസ് പ്രിൻസെപ്പ് എന്ന പണ്ഡിതനാണ് ഈ ലിഖിതത്തെ ആദ്യമായി വ്യാഖ്യാനിച്ചത്. അതിൽനിന്നു, തന്റെ ബാഹുബലത്താൽ ഭൂമിയെല്ലാം ജയിച്ചു വളരെക്കാലം ഏകച്ഛത്രാധിപത്യത്തോടുകൂടി രാജ്യം ഭരിച്ചു ധാവരാജാവിന്റെ പരാക്രമത്തിന്റെ സ്മാരകമായി സ്ഥാപിക്കപ്പെട്ടതാണ് ഈ സ്തംഭമെന്നു കാണുന്നു. ഏകദേശം ക്രിസ്ത്വാബ്ദം 319-മാണ്ടിനടുത്തായിരിക്കണം ഈ സ്തംഭം സ്ഥാപിച്ചത് എന്നു കന്നിങ്ഹാം എന്ന സേനാധിപൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ജനങ്ങളുടെ ഇടയിൽ ഇന്നും പറഞ്ഞുപോരുന്ന ഒരു ഐതിഹ്യം ഈ ലിഖിതത്തിനു തീരെ വിപരീതമായിട്ടാണ്. ആ ഐതിഹ്യപ്രകാരം എട്ടാംശതവർഷത്തിൽ രാജ്യം വാണിരുന്ന തണ്ണാർ അല്ലെങ്കിൽ തൊമരരാജവംശത്തിന്റെ സ്ഥാപകനായ അനംഗപാലനാണ് ഈ സ്തംഭം സ്ഥാപിച്ചിട്ടുള്ളത്. ഈ സ്തംഭത്തിന്റെ അടിവാരം പാതാളം വരെ എത്തീട്ടുണ്ടെന്നും അത് ആദിശേഷന്റെ ശിരസ്സിലാണ നില്ക്കുന്നത് എന്നും ആ സ്തംഭം നിലനില്ക്കുന്നതുവരെ രാജകുടുംബത്തിന്റെ മഹിമ യാതൊരു ഹാനിയും കൂടാതെ നിലനിന്നുപോരുമെന്നാണെന്നും ഒരു വിദ്വൽബ്രാഹ്മണൻ അനംഗപാലനോടു പറഞ്ഞു എന്നും, അദ്ദേഹം പറഞ്ഞതു ശരിയോ എന്നറിവാനായി ആ സ്തംഭത്തിന്റെ അടിവാരംവരെ കിളച്ചുനോക്കാൻ രാജാവു കല്പനകൊടുത്തു എന്നും കുറെ കിളച്ചപ്പോഴ് സ്തംഭത്തിന്റെ അടിയിൽ ആദിശേഷന്റെ ചോര കണ്ടു എന്നും ഇപ്രകാരം ബ്രാഹ്മണൻ പറഞ്ഞതു ശരിയാണെന്നു ബോദ്ധ്യമായിട്ടു, രാജാവ് ആ സ്തംഭം വീണ്ടും കുഴിച്ചിടുവാൻ കല്പനകൊടുത്തു എങ്കിലും അദ്ദേഹത്തിനു ബ്രാഹ്മണന്റെ വാക്കിലുണ്ടായ അവിശ്വാസത്തിന്ന് ഒരു ശിക്ഷയായിട്ട്, അദ്ദേഹത്തിന്റെ ആൾക്കാർ ഭഗീരഥപ്രയത്നം ചെയ്തിട്ടും ഈ സ്തംഭത്തെ പൂർവ്വസ്ഥിതിയിലാക്കാൻ അവർ കഴിഞ്ഞില്ലെന്നും ആ സ്തംഭം ഭൂമിയിൽ 'ഢില'മായി (ഉറപ്പില്ലാതെ) നില്ക്കുന്നതുകൊണ്ടു പട്ടണത്തിനു 'ഢില്ലി' എന്ന പേർ സിദ്ധിച്ചു എന്നും ആണ് ഐതിഹ്യം. എന്നാൽ ഈ സ്തംഭത്തിലെ ലിഖിതംകൊണ്ട് ഈ ഐതിഹ്യം അടിസ്ഥാനമില്ലാത്തതാണെന്നു ധാരാളം തെളിയുന്നുണ്ട്. ഈ സ്തംഭത്തിൽ പിന്നീടു കൊത്തീട്ടുള്ള ഒരു ലിഖിതംകൊണ്ട് അനംഗപാലൻ ക്രിസ്ത്വാബ്ദം 1052-മാണ്ടിൽ ഡെല്ലിപട്ടണം നിൎമ്മിച്ചു എന്നു കാണുന്നുണ്ട്. അനംഗപാലനും അദ്ദേഹത്തിന്റെ പിന്തുടർച്ചക്കാരും ഒരു നൂറ്റാണ്ടോളം ഡെല്ലിയിൽവെച്ച രാജ്യം ഭരിച്ചു. അവർ പൊതുജനങ്ങളുടെ നന്മക്കുവേണ്ടി പല പ്രവൃത്തികളും ചെയ്യുകയും പട്ടണത്തിന്റെ ചുററും നല്ല ബലമുള്ള മതിലുകൾ പണിയിക്കുകയും ചെയ്തു.

അവർ നിർമ്മിച്ച കുളങ്ങളിലും ഉദ്യാനങ്ങളിലും ചിലത് ഇപ്പോഴും കാണാനുണ്ട്. ക്രിസ്ത്വബ്ദം 1151-ാമാണ്ടുവരെ അനംഗപാലന്റെ പിന്തുടർച്ചക്കാർ ഡൽഹിയിൽ വാണു. ചൌഹാൻരാജവംശജനായ വിശാലദേവൻ ഡൽഹിയെ ആക്രമിച്ചു കീഴടക്കി. തനാർ രാജകുടുംബവും ചൌഹാൻരാജകുടുംബവും തമ്മിലുണ്ടായ ഒരു വിവാഹത്തിൽ നിന്നാണ് പ്രസിദ്ധനായ പൃഥ്വീരാജാവു ജനിച്ചത്. ഈ പൃഥ്വീരാജാവിന്റെ മുത്തച്ഛനാണ് വിശാലദേവൻ. പൃഥ്വീരാജാവു വളരെ ധീരനും പരാക്രമിയും പ്രജാവത്സലനുമായിരുന്നു. പൃഥ്വീരാജാവിന്റെ അപദാനങ്ങളെപ്പറ്റി വടക്കെ ഇന്ത്യയിലുള്ള ജനങ്ങളുടെ ഇടയിൽ പല കഥകളും പറഞ്ഞുപോരുന്നുണ്ട്. അദ്ദേഹം ഡൽഹിയിൽ വാണിരുന്ന ഹിന്ദുരാജാക്കന്മാരിൽ ഒടുവിലത്തെ ആളായിരുന്നു. അദ്ദേഹത്തിന്റെ വാഴ്ചകാലത്ത് ഘോറിലെ മുഹമ്മത് ഉത്തരേന്ത്യയെ ആക്രമിച്ചു. പൃഥ്വീരാജാവു കുറെക്കാലം മുഹമ്മദീയരുടെ ആക്രമണങ്ങളിൽനിന്ന് തന്റെ രാജ്യത്തെ രക്ഷിച്ചുപോന്നു. താനേശ്വരത്തിൽ വെച്ചുണ്ടായ യുദ്ധത്തിൽ മുഹമ്മതു തോല്ക്കുകയും പൃഥ്വീരാജാവിന്റെ സൈന്യം മുഹമ്മതിന്റെ സൈന്യങ്ങളെ നാല്പതു നാഴികദൂരം പിന്തുടർന്ന് അവരിൽ വളരെ പേരെ കൊല്ലുകയും ചെയ്തു. എങ്കിലും രണ്ടുകൊല്ലം കഴിഞ്ഞശേഷം മുഹമ്മത് വീണ്ടും ഇന്ത്യയെ ആക്രമിക്കുകയും, തിരവാറി എന്ന സ്ഥലത്തിൽവെച്ചുണ്ടായ യുദ്ധത്തിൽ പൃഥ്വീരാജാവിനെ തോല്പിച്ചു ഡൽഹിയെ പിടിച്ചടക്കുകയും ചെയ്തു. ഈ യുദ്ധത്തിൽ പൃഥ്വീരാജാവു മരിക്കുകയും അദ്ദേഹത്തിന്റെ മരണത്തോടുകൂടി ഹിന്ദുക്കളുടെ സ്വാതന്ത്ര്യവും ആധിപത്യവും അസ്തമിക്കുകയും ഡൽഹിപട്ടണം മുഹമ്മദീയരുടെ കീഴിൽ ആവുകയും ചെയ്തു. പഴയ ഡൽഹിപട്ടണത്തിലുള്ള ലാൽകോട്ട എന്ന കോട്ട പണികഴിപ്പിച്ചിട്ടുള്ളതു പൃഥ്വീരാജാവാണ്. ഡൽഹി പഠാണിരാജാക്കന്മാരുടെ അധീനത്തിൽ വന്ന കാലത്ത് അതിൽ അനേകം ഹിന്ദുക്ഷേത്രങ്ങളുണ്ടായിരുന്നു. അവയിൽ ചിലതു ഇപ്പോഴും കൂടി കാണാനുണ്ട്. പഠാണിരാജാക്കന്മാർ ഡൽഹിയെ തങ്ങളുടെ തലസ്ഥാനമാക്കുകയും അനന്തരം 1803-ാമാണ്ടിൽ ലേക്ക്പ്രഭു മഹാരാഷ്ട്രന്മാരെ തോല്പിച്ചു ഡൽഹിയെ പിടിച്ചടക്കിയതുവരെ ഡൽഹിപട്ടണം ആസ്യാഖണ്ഡത്തിൽ മുഹമ്മദീയരുടെ ഏറ്റവും പ്രധാനപ്പെട്ട നഗരം ആയിത്തീരുകയും ചെയ്തു.

പഠാണിരാജാക്കന്മാരിൽ ആദ്യത്തെ ആൾ കുട്ബുദ്ദീൻ ആയിരുന്നു. ഇദ്ദേഹം ഡൽഹിയിലേക്ക് ആദ്യം വന്നതു ഘോറിയിലെ മുഹമ്മതിന്റെ പ്രതിനിധിയായിട്ടായിരുന്നു എങ്കിലും ഉടനെ ഒരു സ്വതന്ത്രരാജാവായിത്തീർന്നു. 'കുട്ബ്മിനാർ' എന്ന പ്രസിദ്ധപ്പെട്ട സ്തംഭം മുഹമ്മദീയർ ഇന്ത്യയെ ആക്രമിച്ചുപിടിച്ചടക്കിയതിന്റെ സ്മാരകമായി പണികഴിപ്പിച്ചിട്ടുള്ളതാണെന്നു വിചാരിച്ചുവരുന്നു. ഇതിന്റെ പണി കുട്ബുദ്ദീന്റെ വാഴ്ചകാലത്തു തുടങ്ങി എങ്കിലും അയാളുടെ പിന്തുടർച്ചക്കാരനും ജാമാതാവും ആയ അൽത്തമിഷിന്റെ കാലത്താണ് അതിന്റെ പണി പൂർത്തിയായത്. ഈ സ്തംഭം 238 അടി ഉയരവും അഞ്ച് നിലയുമുള്ളതാകുന്നു. അടിയിൽ ഈ സ്തംഭത്തിന്റെ ചുറ്റളവ് 47 അടിയും മുകൾഭാഗത്തിന്റെ ചുറ്റളവ് 9 അടിയുമാകുന്നു. സ്തംഭത്തിന്റെ മുകൾഭാഗത്തു മനോഹരമായ ഒരു മണ്ഡപവും ഉണ്ട്. ഇതുപോലെ ഭംഗിയുള്ള ഒരു സ്തംഭം ഭൂമിയിലില്ലെന്നാ

ണ് ചില യോഗ്യന്മാരുടെയും അഭിപ്രായം. സ്തംഭത്തിന്റെ അഗ്രഭാഗത്തിലേക്ക് പോവാനായി വളഞ്ഞുചുറ്റിക്കൊണ്ടുള്ള ഒരു കോണിയുണ്ട്. ഈ സ്തംഭത്തിലുള്ള കൊത്തുപണികളും അലങ്കാരങ്ങളും ഹിന്ദുശില്പികളുടെ പണിയാകുന്നു. ഈ സ്തംഭത്തിനടുത്ത കട്ബുദ്ദീൻ പണിചെയ്യിച്ചിട്ടുള്ള ഒരു വിശേഷമായ പള്ളിയും ഉണ്ട്. കട്ബുദ്ദീന്റെ പിന്തുടൎച്ചക്കാർ അടിമരാജാക്കന്മാർ എന്നു പറയപ്പെടുന്നു.

അടിമരാജാക്കന്മാർ ഡല്ലിയിൽ വാണിരുന്ന കാലത്താണ് ഡല്ലിയിൽ ഒന്നാമതായി ഒരു രാജ്ഞി രാജ്യം ഭരിച്ചത്. ആ രാജ്ഞിയുടെ പേർ റസിയാ ബീഗം എന്നായിരുന്നു. ക്രിസ്ത്വാബ്ദം 1290-ാമാണ്ടുവരെ അടിമരാജാക്കന്മാർ ഡല്ലിയിൽ വാണു. അതിന്നുശേഷം ജലാലുദ്ദീൻ ഡല്ലിയിൽ ഖില്ജിവംശത്തെ സ്ഥാപിച്ചു. അദ്ദേഹത്തിന്റെ പിന്തുടൎച്ചക്കാരനും മരുമകനും ആയ അലാവുദ്ദീന്റെ കാലത്ത് മുകിളന്മാരുടെ സംഘങ്ങൾ ഡല്ലി പിടിച്ചടക്കാൻ ശ്രമിച്ചു എങ്കിലും അവൎക്ക് അതിന്ന് സാധ്യമായില്ല. ക്രിസ്ത്വാബ്ദം 1321-ാമാണ്ടിൽ തുഗ്ലക്ക് രാജവംശം ഡല്ലിയിൽ വാണുതുടങ്ങി. അതിന്റെ സ്ഥാപകനായ ഗിയാസുദ്ദീൻ 4 നാഴിക കിഴക്കോട്ടായി ഒരു പുതിയ രാജധാനി പണിചെയ്യിച്ചു. ഇപ്പോൾ ആ സ്ഥലത്ത് ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന ഒരു വലിയ ദുർഗ്ഗവും ഗോപുരങ്ങളുമായ പല മതിലുകളും ഉണ്ട്. ഈ വലിയ ശൂന്യപ്രദേശത്ത് മനുഷ്യർ ആരും താമസിക്കുന്നില്ല. ഗിയാസുദ്ദീന്റെ മകൻ മുഹമ്മദ് തുഗ്ലക്ക് തന്റെ തലസ്ഥാനം ഡല്ലിയിൽ നിന്ന 800 നാഴിക ദൂരത്തുള്ള ദൌലതാബാദിലേക്ക് മാറ്റുവാൻ നിഷ്ഫലപ്രായമായി ശ്രമിച്ചു. ഈ രാജാവിന്റെ കാലത്താണ് തൈമൂർ ഡല്ലിയെ ആക്രമിച്ചത്. രാജാവു തോററ് ഗുജറാത്തിലേക്ക് ഓടിപ്പോയി. തൈമൂർ ഡല്ലിയിൽ പ്രവേശിച്ച് അഞ്ചു ദിവസം മുഴുവനും തന്റെ സൈന്യങ്ങൾക്ക് ഇഷ്ടംപോലെ ഡല്ലിയിലുള്ളവരെ കൊല്ലുവാനും അവരുടെ സ്വത്ത് അപഹരിക്കുവാനും അവൎക്ക് അനുവാദം കൊടുത്തു. ഡല്ലിയിലെ തെരുവീഥികൾ മുഴുവനും ശവംകൊണ്ടു നിറഞ്ഞു. ജനങ്ങളെ കൊന്നും അവരുടെ സ്വത്തുക്കൾ അപഹരിച്ചും തൈമൂറിന്റെ സൈന്യങ്ങൾക്കു തൃപ്തി വന്നതിന്റെശേഷം ബാക്കിയുള്ളവരെ അടിമകളാക്കി തൈമൂറും സൈന്യങ്ങളും ഡല്ലിപട്ടണം വിട്ടുപോയി. തുഗ്ലക്ക് രാജവംശത്തിന്നുശേഷം സയിദ് രാജവംശം ഡല്ലിയിൽ വാണു. അതിന്നുശേഷം ലോഡി രാജവംശമാണ് മുഹമ്മദീയസാമ്രാജ്യത്തെ ഭരിച്ചത്. ലോഡിവംശക്കാർ ഡല്ലിയിൽ താമസിക്കാതെ ആഗ്രാപട്ടണത്തിലാണ് താമസിച്ചത്. ക്രിസ്ത്വാബ്ദം 1526-ാമാണ്ടിൽ മുകിളവംശസ്ഥാപകനായ ബാബർ ഇന്ത്യാരാജ്യത്തെ ആക്രമിക്കുകയും പാനിപ്പട്ടിൽ വെച്ചുണ്ടായ യുദ്ധത്തിൽ ഇബ്രാഹിംലോഡിയെ തോല്പിച്ചു ഡല്ലിയെ പിടിച്ചടക്കുകയും ചെയ്തു. എന്നാൽ ബാബർ ഡല്ലിയിൽ താമസിക്കാതെ ആഗ്രയിലാണ് താമസിച്ചത്. 1530-ാമാണ്ടിൽ ബാബർ മരിച്ചു. ബാബറുടെ മകൻ ഹ്യൂമയൂൺ ഡല്ലിയിൽ വാണു. ഇന്ദ്രപ്രസ്ഥം നിന്നിരുന്ന സ്ഥലത്തുള്ള പുരാണകില കോട്ടയെ ഹ്യൂമയൂൺ പുതുതാക്കി. ഹ്യൂമയൂണിനെ തോല്പിച്ച് ഷേർഷാ പട്ടണത്തിന്റെ ചുറ്റും ഒരു ബലമുള്ള മതിൽ പണിയിച്ചു. ഹ്യൂമയൂണിന്റെ പിന്തുടൎച്ചക്കാരായ അക്ബറും ജിഹാംഗീറും ആഗ്രാ, ലാഹോർ, അജ്മീർ ഈ നഗരങ്ങളിലാണ് താമസിച്ചുപോന്നത്. അവരുടെ കാലശേ

ഷാ ഷാജിഹാൻ ഡൽഹിയിൽ താമസിക്കുകയും ഡൽഹിപട്ടണം ഇപ്പോൾ കാണപ്പെടുന്ന സ്ഥിതിയിൽ പണിചെയ്യിക്കുകയും ചെയ്തു. ഷാജിഹാന്റെയും ഔരംഗസീബിന്റെയും വാഴ്ചകാലത്തു ഡൽഹി പൂൎവ്വാധികം സമൃദ്ധിയും മഹിമയും ഉള്ളതായിത്തീൎന്നു.

ഔരംഗസീബിന്റെ മരണത്തോടുകൂടി മുഗിളസാമ്രാജ്യം ചിന്നിച്ചിതറിപ്പോകയും മുഗിളന്മാരുടെ പ്രതാപസൂൎയ്യൻ അസ്തമിക്കുകയും ചെയ്തു. 1726-ാമാണ്ടിൽ മഹാരാഷ്ട്രന്മാർ ഡൽഹിയെ ആക്രമിച്ചു. 1729-ാമാണ്ടിൽ നാദർഷാ ഡൽഹിയെ ആക്രമിച്ചു പിടിച്ചടക്കി. 58 ദിവസം മുഴുവനും നാദർഷായിന്റെ ഭടന്മാർ ധനികന്മാരുടെയും ദരിദ്രന്മാരുടെയും സ്വത്തുക്കൾ കൊള്ളചെയ്തു അപഹരിക്കുന്നതിൽ വ്യാപൃതന്മാരായിരുന്നു. നാദർഷാ ഡൽഹി വിട്ടുപോകുമ്പോൾ ഒരു കോടിയിലധികം ഉറുപ്പിക വിലയുള്ള സ്വത്തുക്കൾ കൊണ്ടുപോയി. 1788-ൽ മഹാരാഷ്ട്രന്മാർ ഡൽഹിയിൽ ഒരു സൈന്യത്തെ സ്ഥിരമായി പാൎപ്പിച്ചു. 1803-ാമാണ്ടു മാൎച്ച്മാസം 14-ാംനു- ലേക് പ്രഭു മഹാരാഷ്ട്രന്മാരെ തോല്പിച്ചു ഡൽഹിയെ പിടിച്ചടക്കി. അന്നുമുതല്ക്കു ഡൽഹിപട്ടണം ഇംഗ്ലീഷുകാൎക്ക് അധീനമായിത്തീൎന്നു. അതിന്നശേഷം അമ്പതുകൊല്ലത്തോളം ഡൽഹിയിൽ സമാധാനം ഉണ്ടായിരുന്നു. 1857-ാമാണ്ടിലാണ് ശിപ്പായിലഹള ഉണ്ടായത്. ലഹളക്കാരായ ശിപ്പായികളെല്ലാം ഡൽഹിയിൽ പാൎത്തു ചെയ്ത ദുഷ്കൎമ്മങ്ങളും അവരുടെ നേരെ എതിൎത്ത ഇംഗ്ലീഷുകാരുടെ ധൈൎയ്യത്തോടുകൂടി ചെയ്ത യുദ്ധങ്ങളും ഇംഗ്ലീഷുകാരുടെ വിജയവും ചരിത്രപ്രസിദ്ധമാകയാൽ ഇവിടെ അവയെ വിസ്തരിക്കുന്നില്ല. വിക്ടോറിയാ മഹാരാജ്ഞി തിരുമനസ്സുകൊണ്ട് ഇന്ത്യയിലെ ചക്രവൎത്തിനിസ്ഥാനം വഹിച്ചതിനെ പൊതുജനങ്ങൾക്ക് അറിയിക്കുവാൻവേണ്ടി 1877-ാമാണ്ടു ജനവരി 1-ാംനു- ഡൽഹിയിൽവെച്ചു ഒരു ദൎബാർ ഉണ്ടായി. അതിന്നശേഷം കൎസൻപ്രഭുവിന്റെ കാലത്ത് എഡ്വേർഡ് ചക്രവൎത്തി ഇന്ത്യാസാമ്രാജ്യസിംഹാസനാരൂഢനായതിനെ ഘോഷിക്കുവാൻവേണ്ടി 1903-ാമാണ്ടിൽ ഡൽഹിയിൽ വെച്ചു വളരെ ആഡംബരത്തോടുകൂടിയ ഒരു ദൎബാർ ഉണ്ടായി. ഇപ്പോൾ ഡൽഹിയിൽവെച്ചു നടക്കുവാൻ പോകുന്ന ദൎബാർ ബ്രിട്ടീഷുസാമ്രാജ്യം ഇന്ത്യയിൽ പ്രതിഷ്ഠിക്കപ്പെട്ടതിന്നശേഷം മൂന്നാമത്തേതായി നടത്തപ്പെടുന്നതാകുന്നു.

കെ. കണ്ണുണ്ണിനായർ ബി. എ., ബി. എൽ.

വാക്യനിൎമ്മാണം

അൎത്ഥസംബന്ധമുള്ള പദങ്ങളെ വിധത്തിൽ കൂട്ടിയിണക്കിയുള്ള പദസമൂഹം തന്നെയാണു വാക്യം എന്നു പറയുന്നത്. പദങ്ങളെ ചേൎച്ച നോക്കാതെ പാടെ ചേൎത്താൽ അനൎത്ഥത്തിലാണു കലാശം. 'സച്ചരിതനായ ഇംഗ്ലണ്ടുരാജാവിന്റെ' എന്നതാൽ കഠിനമായ രോഗശമനം വന്നുകഴിഞ്ഞവെച്ചു ഉദ്ഘോഷിപ്പെടുന്നു ക്രുദ്ധിപരമായ

ട കഠിനമായ മാരകോന്മാദരോഗത്തിനു ശമനംവരുത്തുവാൻ സർവ്വശക്തനായ ഈശ്വരൻെറ കാരുണ്യംതന്നെ ശരണം. വാചകം വലിച്ചുനീട്ടി എഴുതുന്നതായാൽ അന്വയം വിട്ടുപോവാനെളുപ്പമാണെന്നുള്ളതു വിശേഷിച്ചും ഓർമ്മവെക്കേണ്ടതാണ്. ഇതിനൊരുദാഹരണം എടുത്തു കാണിക്കാം. 'ദോഷം ചെയ്യുന്നവന്ന് ഉടനെ ഗുണവും ഗുണം ചെയ്യുന്നവന്ന് ഉടനെ ദോഷവും പലപ്പോഴും ഈ ലോകത്തിൽ വന്നെത്തിക്കാണുമ്പോൾ മനുഷ്യൻ പരിഭ്രമിക്കയും കാര്യകാരണന്യായത്തിന്മേലുള്ള ബലമായ വിശ്വാസം നിമിത്തം തന്നെ സംഭവിക്കുന്ന ഗുണദോഷങ്ങൾക്കു തിട്ടമായ കാരണം ഇന്നതാണെന്നാന്വേഷിച്ചറിവാനുള്ള ആഗ്രഹം മനുഷ്യനിൽ വളരെ ശക്തിയോടെ ഉദിക്കാറുള്ളതുകൊണ്ടും ആവക മതിയായ കാരണങ്ങൾ തന്റെ ജീവിതമെല്ലാം പരിശോധിച്ചാലും അതിൽ കാണാത്തതുകൊണ്ടും അങ്ങിനെ സമാധാനിക്കാൻ കഴിയാത്ത സംഭവത്തിനു ബീജമായിരിക്കുന്ന കാരണം മുൻജന്മത്തിൽ ഉണ്ടായിരിക്കണമെന്നു വിചാരിക്കേണ്ടിവരുന്നു.'(1) ഈ വാചകത്തെ മൂന്നോ നാലോ ആക്കി വിഭജിച്ചിരുന്നാൽ അന്വയം ശരിയാവുകയും അർത്ഥം സുഗമമാകയും ചെയ്യുമായിരുന്നു. 'ദോഷം ചെയ്യുന്നവനു ഗുണവും ഗുണം ചെയ്യുന്നവനു ദോഷവും പലപ്പോഴും ഈ ലോകത്തിൽ വന്നെത്തിക്കാണുന്നു. ഇതിനു കാരണം കണ്ടെത്തുവാൻ മനുഷ്യനു സാധിക്കാതെയും വരുന്നു. എങ്കിലും കാര്യകാരണന്യായത്തിലുള്ള ബലമായ വിശ്വാസവും തന്റെ വരുന്ന ഗുണദോഷങ്ങളുടെ കാരണം അന്വേഷിച്ചറിവാനുള്ള ആഗ്രഹവും മേല്പറഞ്ഞ സംഗതികൾക്കു കാരണം കണ്ടെത്തുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. തന്റെ ഐഹികജീവിതത്തിൽ അതു കണ്ടെത്തുവാൻ കഴിയാതെ വരുമ്പോൾ അതു ജന്മാന്തരത്തിലുണ്ടെന്നുവെച്ചു സമാധാനിക്കേണ്ടിയും വരുന്നു' എന്നോ മറേറാ എഴുതിയിരുന്നാൽ എത്ര സുഗമമായിരിക്കും. 'എന്തെന്നാൽ' മുതലായവയെക്കൊണ്ടു വാക്യങ്ങളെ തുടങ്ങിയാൽ പലപ്പോഴും അവസാനത്തിൽ അന്വയമില്ലാതെ കലാശിപ്പാനെളുപ്പമാണെന്നുള്ളതിലേക്ക് ഈ വാക്യംതന്നെ ദൃഷ്ടാന്തമാകുന്നു. 'ഇപ്രകാരം ജാതിന്യായം (ദേശാടനത്തെപ്പററി) എഴുതുവാൻ പ്രേരിപ്പിക്കുന്നതെന്തെന്നാൽ, ദിക്‌സഞ്ചാരം ചെയ്യാൻ അവസരവും സമ്പത്തും ഉള്ള ആളുകൾക്കുടിയും സ്വദേശമാത്രനിവാസമാകുന്ന ദുരന്തത്തെ ഒഴിക്കാതെ അനുഭവിച്ചു പോരുന്നതു് ശോചനീയമായ അവസ്ഥയാണ്'(1) ഈ വാചകത്തിലെ എന്തെന്നാലിലവസാനിക്കുന്ന ഭാഗത്തിന്ന് ഒരു ഗതിയും ഇല്ല.

വികൃതിപ്രയോഗത്തിൽ പല ദോഷജാത്യങ്ങളും വരുത്തി വാക്യം വികൃതമാക്കിത്തീർക്കാറുണ്ടും അപൂർവ്വമല്ല: 'വിദ്യയെ സേവിക്കുന്ന സനൂതിരിപ്പാടിന്റെ കൈയി' ന്നല്ലതാണെങ്കിലും എഴുതുന്നവരുടെ വികൃതിക്കു സ്വയം പോരാ. 'മലയാളത്തിലെ പുസ്തകവ്യാപാരികളും പത്രപ്രവർത്തകന്മാരെയും കാർ ഈ സംഗതിയുടെ യഥാർത്ഥ്യം അറിഞ്ഞവർ ചുരുക്കമായിരിക്കയില്ല.' എന്നെഴുതുന്ന പക്ഷം പ്രസ്താവത്തിലിരിക്കുന്ന സംഗതിയിൽ അല്പം ശ്രദ്ധവെച്ചാൽ മതിയായിരുന്നു, അല്ലാതെ പോയാൽ അ

(1) വിദ്യാവിനോദിനി പു 1, ല 1

(1) വിദ്യാവിനോദിനി പു 10 ല 2

ങ്ങളുടെ ഭാഷയിൽ 'എഴുതുകയും സംസാരിക്കയും അരുത്' എന്നതു മാത്രം ധ്വനിപ്പിക്കുന്നതാണ്. 'പത്രാധിപരുടെ കവിതയെപ്പറ്റിയുള്ള അഭിപ്രായം' എന്നു പ്രയോഗിച്ചാൽ പത്രാധിപരുടെ കവിതയോ പത്രാധിപരുടെ അഭിപ്രായമോ എന്നു തിരിച്ചറിവാൻ കഴിയാതാകും.

വിചാരിക്കുന്ന താൽപര്യം വാചകത്തിൽ ശരിയായി വരാതെ മങ്ങിപ്പോകുവാനിടയാകുന്നതും വാക്യങ്ങളുടെ വലിയ ദോഷമാണ്. ഗവൺമെന്റുദ്യോഗസ്ഥന്മാരുടെ ചുമതലകളെ വിവരിക്കുന്ന ഘട്ടത്തിൽ ഒരു ലേഖകൻ ഇങ്ങനെ എഴുതിയിരിക്കുന്നു. 'ജനസമുദായം എത്രയും കൃത്യമായി വെച്ചുപോരേണ്ടതും ഇവരുടെ പ്രവൃത്തിയാണ്.' (1) ജനസമുദായങ്ങളുടെ കണക്കുകളാതെ ജനസമുദായത്തെ ഉദ്യോഗസ്ഥന്മാരുടെ അധീനത്തിലാണെന്നു ലേഖകൻ ഉദ്ദേശിച്ചിട്ടുണ്ടാവാൻ വഴിയില്ലാത്തതാണല്ലോ.

ഉദ്ദേശ്യവിധേയങ്ങളെ അകലെ പ്രയോഗിക്കുന്നതുകൊണ്ട് അസ്പഷ്ടതയിൽ എത്രമാത്രം ക്ലേശമുണ്ടാകുമെന്ന് ഈ വാക്യം വായിച്ചാലറിയാം. "ഈ പ്രബന്ധം, മെക്കാളിപ്രഭു എന്ന പേരോടുകൂടി ഒരു ഇംഗ്ലീഷുപുസ്തകം പ്രസിദ്ധപ്പെടുത്തിയതിനെ ഞാൻ വായിച്ചപ്പോൾ അതിൽ അടങ്ങിയ സംഗതികൾ മലയാളഭാഷയിൽ എഴുതി പ്രസിദ്ധപ്പെടുത്തിയാൽ അധികം ഉപയോഗമുണ്ടാകുമെന്ന് ചേറൂർക്കൊന്നനായരവർകൾ അഭിപ്രായപ്പെട്ടതിനെ അനുസരിച്ചും സമുദായപ്രേമികളാൽ ഇംഗ്ലീഷിൽ എഴുതിട്ടുള്ള ഏതാനും ചില പുസ്തകങ്ങളെ വായിച്ചും എങ്കിലും ഒന്നു കൊല്ലത്തോളം കേരളീയരുടെ സഹായാ സ്ഥലങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ അവിടങ്ങളിൽനിന്നു സമ്പാദിച്ചും ഞാൻ എഴുതിയുണ്ടാക്കിയതാകുന്നു." (1) ഈ പ്രബന്ധം എന്നതു കഴിഞ്ഞാൽ എവിടെയെങ്കിലും സംബന്ധിച്ചിട്ടുവേണം 'ഞാൻ എഴുതിയുണ്ടാക്കിയതാകുന്നു' എന്നേടത്തു വന്നുചേരുവാൻ.

അനേകം വസ്തുക്കളെ കൂട്ടിച്ചേർത്തു വാചകത്തിൽ കൊണ്ടുവരുമ്പോളുണ്ടാകുന്ന ക്ലിഷ്ടതയ്ക്ക് ഇതിനെ ഉദാഹരണമായി എടുക്കാം. "മരങ്ങളുള്ള സ്ഥലങ്ങളിൽ മാറത്, കെട്ടുവല മുതലായവ വെച്ചു മൃഗങ്ങളെ പിടിക്കുന്നവരും, കണികളും വലകളും ഉപയോഗിച്ചു പക്ഷികളെ പിടിക്കുന്നവരും, വലുതായ കുഴികൾ കുഴിച്ച് അതിൽ വലിയ മൃഗങ്ങളെ സ്വാധീനപ്പെടുത്തുന്നവരും ഈ എട്ടുകാലിയും കഴിയുന്നതും ഇതരജന്തുക്കളിൽ സാമ്യമുള്ളവരാണല്ലോ" (2) ഈ വാക്യത്തിൽ ഏതുവസ്തുക്കൾക്ക് ഏതു വസ്തുക്കളോടെല്ലാം സാമ്യം വിവക്ഷിച്ചിരിക്കുന്നുവെന്നു വെളിവാകുന്നില്ല.

ആവശ്യമില്ലാതെ വാചകം നീട്ടുവാൻ ചിലർ ബദ്ധപ്പെടുന്നവരാണ്. "ലോകത്തിലുള്ള നാലിൽ മൂന്നു ഭാഗം ജനങ്ങളുമൊരുമിച്ചു ജനങ്ങളും എങ്ങനെയും അതിൽ പുകയില ഉപയോഗിക്കുന്നവരായിരിക്കുമെന്നു പറയുന്നതായാൽ അത് തെറ്റല്ലെന്നും അതിശയോക്തി വരികയില്ല" (3) എന്നാണൊരു ലേഖകന്റെ പുറപ്പാട്. ഇതിൽ "എന്നു പറയുന്നതായാൽ" ഇത്രയും വാക്യാംശങ്ങൾ ആവശ്യമില്ല. പലെയും ലേഖകന്മാർ നല്ല വിവരമില്ലെന്ന വാ

(1) സന്മാർഗ്ഗദീപിനി പു 1 ല 11

(1) വിദ്യാവിനോദിനി പു 10. ല 10

(2) ഗദ്യമാലിക മൂന്നാം ഭാഗം 88 പുറം.

(3) സന്മാർഗ്ഗദീപിനി പു 1 ല 11

ധനകൾക്കു തോന്നിയേക്കാമെന്നൊരു വിപ
രീതഫലമുണ്ടാവാം.

'സൌഭാഗ്യവതിയും കിരീടധാരിണി
യുമായ നാരീരത്നം' മുതലായ സംസ്കൃതധാ
രികളും, 'ശ്രദ്ധയെ ക്ഷണിക്കുക' 'ക്ഷണ
മെടുക്കുക' 'ജീവമാനത്തിലെത്തുക' മുത
ലിയുള്ള ഇംഗ്ലീഷ്വാക്കുകളും മലയാളഭാഷ
ഭാഷണത്തിനു ലേശം യോജിക്കയില്ല. "ഭാഷി
കന്മാരായ അനേകം പണ്ഡിതന്മാർ
ക്രിസ്ത്യാനികളുടെ മതസ്ഥാപനമണ്ഡല
ത്തിൽ പരമാത്മജ്ഞാനത്തെ അപഹരിക്ക
ണം പ്രചരിപ്പിക്കുന്ന കാലഘട്ടത്തിലാ
ണ് സോക്രട്ടീസ്സ് ജനോപകാരമായിരുന്ന
പ്രസംഗങ്ങളേയും ഉപദേശങ്ങളേയും പ്രചാ
രിപ്പാൻ ഉദ്യമിച്ചത്". ഈ മാതിരി വാച
കങ്ങളുടെ താല്പര്യം മലയാളികളുടെ 'മന
സ്സുപ്രസാദമണ്ഡലത്തിൽ' പ്രവേശിക്കുക ത
ന്നെ ഇല്ല.

സാമർത്ഥ്യം, അക്ലിഷ്ടത, സ്വാഭാവികത
എന്നീ മൂന്നുഗുണം ഒത്തുകൂടീട്ടുള്ള ഗദ്യങ്ങ
ൾ മലയാളഭാഷയിൽ ഇല്ലായ്മയിട്ടെ ഉ
ണ്ടായിട്ടുള്ളൂ. യാതൊരു ആവശ്യവുമോ
ധമില്ലാതെ സംസ്കൃതപദങ്ങളെ വാരിവിത
റി വളച്ചുകെട്ടി ചമച്ചുണ്ടാക്കിട്ടുള്ള ഗദ്യ
ങ്ങൾ വേണ്ടുവോളം കണ്ടുകിട്ടുന്നുണ്ടാ
ണ്. അതിനും പുറമെ ഇംഗ്ലീഷുവാചക
ങ്ങളെ മലയാളത്തിലേക്കു പദത്തിനു പദമാ
യി പകർത്തുന്നതുകൊണ്ടു വൈചിത്ര്യമായ
ഏതു പ്രയോഗങ്ങളാണ് മലയാളത്തിൽ
കടന്നുകൂടിയിരിക്കുന്നതെന്ന് എണ്ണിക്കണ
ക്കാക്കുവാൻ എളുപ്പം കഴിയുന്നതല്ല.

മലയാളത്തിലെ ദേവാലയങ്ങൾ.

പ്രപഞ്ചത്തിൽ കാണുന്ന പലതരം
ശക്തിവിശേഷങ്ങ
ൾക്കെല്ലാം ഏകാ
ശ്രയമായിരിക്കുന്ന
ഒരു ദൈവത്തെ മനുഷ്യ
രുടെ ഉ
ൾക്കാഴ്ചക്കും അദൃശ്യ
മുള്ള ശക്തിവിശേഷങ്ങൾക്കും അന്യന്മാ
രിക്കല്പിച്ച് അപ്പോലെ മൂർത്തികളുണ്ടാക്കിയും
കൊടുക്കാതെയും ഉപാസിക്കുന്നതിനുള്ള
സ്ഥാനങ്ങളെയാണു ദേവാലയങ്ങളെന്നു പ
റയുന്നത്. ഈ വിധമുള്ള ദേവാലയങ്ങൾ
അടുത്തടുത്തു പലവിധത്തിലും കാണുന്ന
തായ ഒരു രാജ്യം മലയാളംപോലെ മറ്റൊ
ന്നുണ്ടോ എന്നു സംശയമാണ്.

ഈ നാട്ടിലുള്ള ദേവാലയങ്ങളെ ജന
സമുദായങ്ങളുടെ മതവിശ്വാസഭേദത്തിനു
അനുസരിച്ചു മൂന്നുതരമായി വിഭജിക്കാം. ഒ
ന്ന് ദ്വീപാന്തരങ്ങളിൽ ഉത്ഭവിച്ച മതങ്ങ
ളെ അനുസരിച്ചിരിക്കുന്ന ജനങ്ങൾക്കു
ദൈവോപാസനയ്ക്കുള്ള സ്ഥാനങ്ങൾ; ര
ണ്ടാമത് ഇന്ത്യയിലുണ്ടായ മതങ്ങളെ ആ
ശ്രയിക്കുന്നവരുടെ ഉപാസനാസ്ഥാനങ്ങ
ൾ. ഈ മൂന്നുതരം ദേവാലയങ്ങളിൽ ആ
ദ്യം പറഞ്ഞവ ജൂതന്മാർ, ക്രിസ്ത്യാനികൾ,
മഹമ്മദീയർ എന്നീ മതക്കാരുടെ പള്ളിക
ളാണ്. ഇവർ പ്രായേണ മൂർത്തികൊടുക്കാ
തെതന്നെ ദൈവത്തെ ഉപാസിക്കുന്നവരാ
ണ്. എന്നാൽ ഇവർക്ക് ദൈവോപാസ
നയിൽ സിദ്ധന്മാരായ പൂർവ്വാചാര്യന്മാരു

മുൻനിശ്ചയിച്ചുകൊണ്ടാണ് ദൈവത്തിന്റെ അടുക്കലേക്കു ചെല്ലുവാനുള്ള വഴിയാത്ര കല്പിച്ചിട്ടുള്ളത്. ഈ ധ്രുവതാരകൾക്കു ചില അവാന്തരഭേദങ്ങളെ അനുസരിച്ച് ഉപാസനാഭേദങ്ങളുണ്ടായിരിക്കാം. എന്നിരിക്കിലും ദേവാലയങ്ങളുടെ കാര്യത്തിൽ പള്ളികളുടെ സമ്പ്രദായങ്ങൾ മുൻപറഞ്ഞ ധ്രുവതാരകളെത്തന്നെ സൂചിപ്പിക്കുന്ന ചിഹ്നങ്ങളോടുകൂടിയവയായിരിക്കും. പക്ഷെ ഇവരുടെ പള്ളികളിൽ പ്രധാനപ്പെട്ട പല സ്ഥലങ്ങളും മുൻകാലങ്ങളിൽ ഇന്ത്യയിലുണ്ടായ മതക്കാരുടെ പ്രസിദ്ധദേവാലയങ്ങളായിരുന്നുവെന്നുള്ളതിനു പല ലക്ഷ്യങ്ങളും ഉണ്ട്. ക്രിസ്ത്യാനികളുടെ ഇടയിൽ സർവ്വപ്രധാനമായി കല്പിച്ചുവരുന്ന മലയാറ്റൂർ കരിങ്ങുടി, ഒപ്പാമ്പിൽപള്ളി എന്നിവയും മഹമ്മദീയരുടെ ഇടയിൽ പ്രസിദ്ധമാഹാത്മ്യമുണ്ടെന്നു വിശ്വസിച്ചുവരുന്ന മമ്പുറത്തുപള്ളി, പഴയങ്ങാടിപ്പള്ളി എന്നിവയും മറ്റും ഇന്ത്യൻമതക്കാരുടെ ദേവാലയങ്ങളായിരുന്നുവെന്നത് ക്രിസ്ത്യാനികളും മഹമ്മദീയരുംകൂടി സമ്മതിക്കുന്ന വാസ്തവമാണല്ലോ. എന്നു മാത്രമല്ല ഈ വക സ്ഥലങ്ങളിൽ ഇന്നും ഹിന്ദുക്കൾ പോയി ദർശനം കഴിക്കുന്ന സമ്പ്രദായം നിലനിന്നുവരുന്നുണ്ടെന്നുള്ളതും ഇതിലേക്കൊരു ലക്ഷ്യമാകുന്നു. അവയുടെ നിർമ്മാണരീതിയും നമ്മുടെ ദേവാലയസമ്പ്രദായത്തിനെ അനുസരിച്ചുകാണുന്നതു വേറൊരു ലക്ഷ്യമാണ്. ജൂതന്മാരുടെ വക കൊച്ചിയിലുള്ള പള്ളിയും കോവിലകത്തുള്ള വിഗ്രഹങ്ങളും കൂടിത്തൊട്ടുനില്ക്കുന്ന നില കണ്ടാൽ അതും നമ്മുടെ ദേവസ്ഥാനത്തിന്റെ ഒരംശമായിരുന്നുവെന്ന് ഊഹിക്കാൻ പ്രയാസമില്ല. മഹമ്മദീയമതക്കാരുടെ ദേവാലയങ്ങളായ പള്ളികളെപ്പറ്റിയുള്ള വിവരം ഇത്രമാത്രംകൊണ്ടവസാനിപ്പിക്കുന്നു.

ഇന്ത്യയിലുള്ള മതക്കാരുടെ ദേവാലയങ്ങളെ കാലനിലക്കനുസരിച്ചു രണ്ടായി വിഭജിക്കാം. നമ്പൂതിരിമാരുടെ വരവിനു മുമ്പുള്ളവയും പിമ്പുണ്ടായവയും എന്നാണിതിന്റെ വിഭാഗം. മുമ്പുള്ളവ മിക്കതും വനദേവതകളുടെ ആലയങ്ങളായിരുന്നു. അവയ്ക്ക് ഇന്നും കാവുകൾ എന്ന പേർ പറഞ്ഞുവരുന്നു. നമ്പൂതിരിമാരുടെ ആഗമനശേഷവും പ്രാചീനസമ്പ്രദായമനുസരിച്ച് ചില കാവുകൾ പരിഷ്കരിച്ചിട്ടില്ലെന്നു പറഞ്ഞുകൂടാ. എങ്കിലും ഇതിഹാസപ്രകാരം പറയുന്നതായാൽ കാവുകളൊക്കെ പ്രാചീനങ്ങൾതന്നെയെന്നു പരിഗണിക്കേണ്ടിവരും. ഈ വക കാവുകളിൽ പലതും, വിശേഷിച്ചു മലപ്രദേശങ്ങളിലുള്ളവ ഉഗ്രശക്തിചൈതന്യമുള്ള ദേവാലയങ്ങളാണെന്നു സകലരും വിശ്വസിച്ചുവരുന്നു. അവയിൽ 'ശ്രീപോർക്കലി' ആര്യങ്കാവ്, കോടിമല മുതലായ ദേവാലയങ്ങൾ അതിപ്രസിദ്ധങ്ങളാണല്ലോ. കൊടുങ്ങല്ലൂർശ്രീകുരുംബക്കാവ് മുതലായ നാട്ടുപുറത്തുള്ള ചില കാവുകളും നമ്പൂതിരിമാരുടെ വരവിനു മുമ്പേയുള്ള ശാക്തേയസ്ഥാപനങ്ങളാണെന്നു കാണുവാൻ അവയിലുള്ള ചില പ്രാചീനനടപടികൾ (അസഭ്യപ്രയോഗങ്ങളായ ഭരണിപ്പാട്ടു മുതലായവ) തന്നെ ലക്ഷ്യങ്ങളാണ്. കുടിയിരിപ്പുതോറുമുള്ള പാമ്പുകാവുകളാണ് ഇവയിൽവെച്ച് അധികം പ്രാചുര്യമുള്ളതെന്നു പറയേണ്ടതില്ലല്ലോ.

മലയാളത്തിൽ ഒരു കാലത്ത് ജൈനമതത്തിനും ബുദ്ധമതത്തിനും വലിയ പ്രചാരമുണ്ടായിരുന്നുവെന്നും അക്കാലത്ത് അവരുടെ ദേവാലയങ്ങൾ അനേകം ഉണ്ടായിരുന്നുവെന്നും ആ വക മതക്കാർ ഹി

ദ്ധമതം, ക്രിസ്തുമതം, മഹമ്മദീയമതം, എന്നി മതങ്ങളിൽ ചേരിച്ച കാലത്ത് അവരുടെ ക്ഷേത്രങ്ങൾ അല്ലെങ്കിൽ വിഹാരങ്ങൾ മുൻപറഞ്ഞ മൂന്നു മതക്കാരുമായി വിഭജിച്ചിരുന്നുവെന്നു ഊഹിപ്പാൻ ധാരാളം വഴിയുണ്ട്. പ്രസിദ്ധപ്പെട്ട കല്ലിലമ്പലം ജൈനമതക്കാരുടെയായിരുന്നുവെന്നും കൊടുങ്ങല്ലൂർ താലൂക്കത്തിന്റെ വടക്കേത്ത് ഇന്നു കാണുന്ന മഹമ്മദീയപ്പള്ളി ബൗദ്ധമതക്കാരുടെ വിഹാരമായിരുന്നുവെന്നും മറ്റും പ്രസിദ്ധപ്പെട്ട ഐതിഹ്യങ്ങൾ ഇന്നും മാഞ്ഞുപോയിട്ടില്ല.

നമ്പൂരിമാരുടെ ആഗമനശേഷം ഗ്രാമവിഭാഗം മുതലായ അനേകം ഭാഷ്യപരിഷ്കാരങ്ങൾ ചെയ്ത കാലത്ത് പലേടത്തുമായി പല ദേവാലയങ്ങൾ ശൈവങ്ങളും വൈഷ്ണവങ്ങളും ശാക്തങ്ങളുമായി പ്രതിഷ്ഠിച്ചിട്ടുണ്ടെന്ന പറയേണ്ടതില്ലല്ലോ. ദേശസ്ഥിതികനുസരിച്ച് അവയെ തിരിക്കുന്നതായാൽ ഗ്രാമക്ഷേത്രം, ദേശക്ഷേത്രം, ഗൃഹക്ഷേത്രം എന്നു മൂന്നായി വിഭജിക്കാം. ഇവയിൽ ഗ്രാമക്ഷേത്രങ്ങൾ അതാതു ഗ്രാമസങ്കേതങ്ങളിലൊക്കെ പാർത്തുവരുന്ന സകലജാതിക്കാർക്കും പൊതുവിലുള്ളവയായിട്ടും, ദേശക്ഷേത്രങ്ങൾ അതാതു ദേശക്കാർക്ക് പ്രത്യേകമുള്ളവയായിട്ടും, ഗൃഹക്ഷേത്രങ്ങൾ ഓരോ ഗൃഹങ്ങളിൽപെട്ടവർക്ക് മാത്രമുള്ളവയായിട്ടുമാണ് സങ്കല്പിച്ചിരുന്നത്. കാലംകൊണ്ട് ഈ വക സങ്കല്പങ്ങളും, അവസ്ഥകളും ഉദ്ദേശ്യങ്ങളും, അതിന്റെ ഫലസിദ്ധികളും മിശ്രമായ വിധത്തിൽ കലാശിച്ചുപോയി എന്നു മാത്രമേ ഉള്ളു. ഈ വക സ്ഥാപനങ്ങളുടെ ആദിമുതൽ ഇന്നുവരെയുള്ള പരിണാമഭേദത്തെപ്പറ്റി വിചാരിക്കുന്നതായാൽ അതുതന്നെ ഒരു വലിയ ഉപന്യാസമായി തീരുന്നതാണ്. ഗ്രാമക്ഷേത്രങ്ങളുടെ പ്രതിഷ്ഠകളും, സമ്പൽസംപാദനകളും ഗ്രാമയോഗക്കാരെന്നുവകളും, ഊരാഴ്മക്കാരുടെ പ്രമതലകളും, സമുദായപുരുഷന്മാരുടെ ഭിക്ഷകാര്യനടപടികളും, കാലക്രമംകൊണ്ട് അവക്കുണ്ടായ ശൈഥില്യങ്ങളും, നാട്ടുരാജാക്കന്മാരുടെ കയ്യേറ്റങ്ങളും, തന്മൂലമുണ്ടായ പല കലഹങ്ങളും, ഈ വക സംഗതികളുടെ ഉത്ഭവംപോലും സംശയമില്ലാത്ത വിധത്തിൽ കെട്ടുപാടുകളെപ്പോലെയായാൽ കാട്ടും മേട്ടും, പാടവും പുരയിടവും അധികഭാഗം പണ്ടാരവകയിൽ ചേർന്നുപോയ പോക്കുകളും ഓരോന്നോരോന്നായിട്ടെടുത്തു കാണിക്കുന്നതായാൽ വളരെ പരന്നുപോകുമെന്നുവെച്ച് അവ തൽക്കാലം വിട്ടുകളയുന്നു.

ഗ്രാമക്ഷേത്രങ്ങൾക്കുണ്ടായ ഇത്തരം മാറ്റങ്ങൾ പല ദേശക്ഷേത്രങ്ങൾക്കും പറ്റീട്ടുണ്ട്. ദേശക്ഷേത്രങ്ങൾതന്നെ രണ്ടു വിധത്തിലുണ്ട്. ഒന്നു ദേശത്തുള്ള സകലജാതിക്കാർക്കും സമാവകാശസ്ഥിതിയിലും മറ്റൊന്നു നമ്പൂതിരിമാർക്കുമാത്രം ഉള്ള നിലയിലും എന്നാണിതിന്റെ വ്യത്യാസം. നമ്പൂതിരിമാർക്കുമാത്രം ഉള്ളവയിൽ ഓത്തമ്പലങ്ങൾ എന്നൊരിനം ഉണ്ട്. ഈ ഓത്തമ്പലങ്ങളിൽവെച്ചാണ പഴയ കാലത്തു നമ്പൂതിരിമാരുടെ പൊതുവിലുള്ള വേദാദ്ധ്യയനം നടന്നുവന്നിരുന്നത്. ഉത്തമഗ്രാമങ്ങളിലുള്ള ഗ്രാമക്ഷേത്രങ്ങളുടെ അധികം അകലത്തല്ലാത്ത സ്ഥലങ്ങളിൽ ഈ വക ഓത്തമ്പലങ്ങൾ സ്ഥാപിച്ചിട്ടുള്ളതായി കാണാം. ചൊവ്വരം ഗ്രാമക്ഷേത്രത്തിന്റെ ഒട്ടടുത്തുള്ള തിരുവെള്ളക്കാവിൽ അയ്യപ്പന്റെ അമ്പലം ഇത്തരം ഒരു ഓത്തസ്ഥലമാണെന്നു വിചാരിക്കാം. ഈ വിധം മറ്റുപല ഗ്രാമങ്ങളിലും ഉണ്ടായിരുന്നു. ഗ്രാമക്കാർക്ക് പൊതുവിലുള്ള ഓത്തമ്പലത്തിലെ ദേവനായും ഗ്രാമപരദേവതയെപ്പോ

പ

ലെതന്നെ നമ്പൂരിമാർ വിചാരിച്ചും സേവിച്ചും വന്നിരുന്നു. പെരുമനംഗ്രാമത്തിൽ ഈ നടപ്പ് ഇന്നും അവസാനിച്ചിട്ടില്ല. മറ്റു പല ഗ്രാമങ്ങളിലെയും ഇത്തരം ഓത്തമ്പലങ്ങളും അവയിലെ സമ്പ്രദായങ്ങളും മുൻപറഞ്ഞപ്രകാരം നശിച്ചുപോയിട്ടുണ്ട്. പ്രസിദ്ധപ്പെട്ട ശുകപുരഗ്രാമത്തിലെ ഓത്തമ്പലം ഗ്രാമക്ഷേത്രത്തെക്കാൾ അധികം ജീർണ്ണിച്ചാണ് കിടക്കുന്നത്. ഒരു ക്ഷേത്രം വക ദേവാലയസ്വത്തായിവരിലെക്കുള്ള സ്വത്തിൽ ഉൾപ്പെട്ടതാണെന്ന് ഇന്നും പറഞ്ഞുവരുന്ന 'ഉണ്ണിപ്പുറം' എന്ന ഭൂസ്വത്ത് പറമ്പുകാരന്മാരുടെ ഭണ്ഡാരകാര്യത്തിൽതന്നെ ചേരാതെകയില്ലേ ലയിച്ചുപോയിട്ടുണ്ടെന്നാണ് കേൾവി. ഇത്തരം ഓത്തമ്പലങ്ങളിൽവെച്ചാണ നമ്പൂരിമാരുടെ ഉണ്ണികൾ ഓത്തുചൊല്ലി പഠിച്ച് പതിനെട്ടായികയും അതിലധികവും ഗ്രന്ഥം വേദം സ്വരശിക്ഷാപൂർവ്വം ഉരുക്കൂട്ടാതെ മുഖസ്ഥമാക്കിത്തീർക്കുന്ന സമ്പ്രദായം മലയാളത്തിലുള്ള മിക്ക ഗ്രാമങ്ങളിലും നടപ്പായിരുന്നത്. പിന്നീടാണ് യോഗമഠങ്ങളിലേക്കുള്ള പ്രവേശം. ഓത്തുകാരും ത്രിസന്ധക്കാരും എന്നീവക വേദസത്രങ്ങൾ പ്രായേണ ഓത്തമ്പലങ്ങളായ ദേശക്ഷേത്രങ്ങളിലും സ്വന്തം ഗ്രാമക്ഷേത്രങ്ങളിലും വെച്ചായിരുന്നു നമ്പൂരിമാർ നടത്തിപ്പോന്നിരുന്നത്. ഇപ്പോഴും ഈ വക സത്രങ്ങൾ പലേടത്തും നടത്തുമാറുണ്ടെങ്കിലും ഓത്തമ്പലങ്ങളിൽ എന്നുള്ള നിയമം പ്രായേണ വിട്ടുപോയിരിക്കുന്നു.

'ഓത്തമ്പലങ്ങളിൽ കൂത്തു പതിവില്ല' എന്നൊരു പഴഞ്ചൊല്ലുണ്ട്. ഇതുപ്രകാരം നോക്കുന്നതായാൽ ഇന്നും ചാക്യാർ കൂത്തുള്ള പല ഗ്രാമക്ഷേത്രങ്ങളും ചില ദേശക്ഷേത്രങ്ങളും മറ്റു ഗ്രാമക്ഷേത്രങ്ങളും മുമ്പത്തെ ഓത്തമ്പലങ്ങൾ അല്ലാതിരുന്നവെന്നു കാണാം. കാലക്രമേണ ഓത്ത സ്ഥലത്തിന്റെ നില പൊയ്പ്പോയി, കൂത്ത സ്ഥലമായിത്തീർന്ന ചില സംഗതികളും ഇല്ലെന്നുവരികയില്ല. ഏതിലും കൂത്തുള്ള ദിക്കിൽ ഉണ്ണികൾ ഓത്തു ചൊല്ലുക എന്നുള്ള നിയമം നമ്പൂരിമാരുടെ ഇടയിൽ ഇന്നും നശിച്ചിട്ടില്ല. ഇതിന്റെ താല്പര്യം വേദാഭ്യാസവും വിനോദവും കൂട്ടിക്കലർത്തി രണ്ടും ചെടിപ്പുവരാത്തവിധം മിശ്രമാക്കിത്തീർക്കരുതെന്നായിരിക്കണം.

മലയാളത്തിൽ നമ്പൂരിമാരുടെ ആഗമനത്തിനുമുമ്പേ, വിശേഷിച്ചും പരിഷ്കൃതന്മാരായിട്ടു മറ്റൊരുതരം ദേവാലയങ്ങൾ ഉണ്ട്. അവ 'നാല്പത്തീരടി'ക്കളരികളും കളരിക്ഷേത്രങ്ങളുമാണ്. ഇവ മിക്കതും ആയുധവിദ്യാചാര്യന്മാരായ പണിക്കന്മാരുടെ വകയായിരിക്കും. ഇവിടങ്ങളിൽവെച്ചാണ കളരികളും ഉഴിച്ചിലും മറ്റും പണ്ടു നടന്നിരുന്നത്. പണ്ടു ഏതൊരു യുദ്ധത്തിനു പുറപ്പെടുന്നതായാലും അതാത് ആയുധവിദ്യാചാര്യന്മാരുടെ കളരികളിലുള്ള ദേവതമാരുടെ നടയിൽ കുമ്പിട്ടിട്ടു പുറപ്പെടുക പതിവുള്ളൂ. ഇത്തരം കളരികളും കളരിദൈവങ്ങളും തീയരുള്ള ജാതിക്കാർ വരെയായിട്ടും മലയാളത്തിൽ ഏതാണ്ടും കാണാവുന്നതാണ്.

ഇങ്ങിനെ പലവിധത്തിലായി പലതരം ദേവാലയങ്ങളിൽ സത്തുക്കളായും സജ്ജനങ്ങളായും പ്രതിഷ്ഠാപകന്മാരുടെ തപശ്ശക്തികൊണ്ടും പ്രസിദ്ധി കേട്ടവയായി അപ്രതിഹതമായ ദിവ്യചൈതന്യത്തോടുകൂടി വിളങ്ങിച്ചും വിളങ്ങുന്ന മഹാക്ഷേത്രങ്ങളും മലയാളത്തിൽ ഒട്ടും ചില്ലറയല്ല.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

കംസവധം.

[illegible]

(തുടരും)

ദൈവം സഹായിച്ചു

[illegible]

[illegible]

മിസിസ്സ് ഇന്ദിസ്സ്—'[illegible]'

സിക്കുട്ടി—'ഞാൻ [illegible]'

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

ലോർഡ്ഗ്രേയുടെ യോഗം!

[illegible] സിക്രട്ടറിയുടെ വീട്ടിൽവെച്ചു നട

ന്ന [illegible]

ഇന്നിസ്സ് റിട്ടയർ!

ഗ്രേയിനെ [illegible] കഷ്ടം!!

[illegible]

[illegible]: '[illegible]' [illegible]

[illegible]: '[illegible]' [illegible]

[illegible]

[illegible]: '[illegible]' [illegible]

[illegible]: '[illegible]' [illegible]

[illegible]

[illegible]: '[illegible]' [illegible]

[illegible]: '[illegible]' [illegible]

[illegible]: [illegible]

[illegible]

[illegible] '[illegible]' [illegible]

[illegible]

[illegible] ഒരു [illegible] സിക്കുട്ടിയുടെ [illegible] ഒരു [illegible] ഒരു [illegible] ആ വീട്ടിനകത്ത് ഒരു സ്ത്രീ [illegible] എന്നും ഒരു [illegible] എന്നു പറഞ്ഞ് [illegible] 'ഒരു [illegible]' എന്നു പറഞ്ഞ് [illegible] പിന്നെയും പറഞ്ഞു '[illegible]'. [illegible] എന്ന [illegible] എന്റെ [illegible].'

[illegible] ആ വീട്ടിൽ ഒരു സ്ത്രീ [illegible] ഒരു [illegible] ഒരു സ്ത്രീ [illegible] എന്ന [illegible] പറഞ്ഞു. [illegible] (ഒരു കപ്പി [illegible]) ഞാൻ ആ കപ്പിയിലുള്ള [illegible] എന്നു പറഞ്ഞാൽ [illegible].

[illegible] (ആ കപ്പി [illegible]) '[illegible] എന്നു പറഞ്ഞു.

[illegible] സിക്കുട്ടിയെ നോക്കി [illegible] പറഞ്ഞു. [illegible] ഞാൻ [illegible] എന്നാൽ [illegible].

സിക്കുട്ടി: ([illegible]) '[illegible]'

സ്ത്രീ: '[illegible]'

സിക്കുട്ടി: '[illegible]'

സ്ത്രീ: 'എന്നാൽ എനിക്ക് [illegible] പറയാനാണ്. [illegible]'

സിക്കുട്ടി: '[illegible] എന്നു പറയുന്ന [illegible]!

സ്ത്രീ: '[illegible] ഞാൻ [illegible]'

എന്നു പറഞ്ഞു [illegible]. [illegible] സിക്കുട്ടി [illegible] പറഞ്ഞു '[illegible] ഞാൻ [illegible]'

സ്ത്രീ: '[illegible] എന്നു [illegible] പറഞ്ഞു.

സിക്കുട്ടി: [illegible] നീ [illegible] ഒരു സ്ത്രീയുമായി [illegible]

[illegible] ആ സ്ത്രീ [illegible]. സിക്കുട്ടി പിന്നെയും പറഞ്ഞു. '[illegible]

[illegible] വിശദമായതും, നീ [illegible] കവിതകളെയും, [illegible] [illegible] സ്റ്റീഫൻസണ്ണിന്റെ [illegible] വാക്യവും പറയുന്നതും എനിക്ക് മനസ്സിലായി. ഞാൻ നിന്റെ [illegible] നിന്റെ [illegible] [illegible] ഈ കപ്പിയിൽ [illegible] [illegible]. നീ [illegible] [illegible] വിചാരിച്ച് [illegible] [illegible]. എല്ലാം ഞാൻ വിചാരിച്ചതുപോലെയായി.'

സ്റ്റ്—'ഭ്രൂ' മരിച്ചുവല്ലോ. [illegible] എന്റെ സമാധാനമാണ്.

സിക്കുട്ടി— 'എന്റെ ഉണ്ണീ! നിന്റെ [illegible] [illegible], നിന്നെ [illegible] [illegible] [illegible] അല്ലേ? 'ഭ്രൂ' മരിച്ചിട്ടില്ല. ഇനി എന്നെങ്കിലും [illegible] [illegible] [illegible] [illegible] വിട്ടിരിക്കും. നീ സ്റ്റീഫൻസണ്ണിനെ [illegible], 'ഭ്രൂ'വിനെ [illegible] [illegible] നിന്നെ [illegible] [illegible] സാധിക്കയില്ലല്ലോ. എന്നെ [illegible] എനിക്ക് ഈ [illegible] [illegible].

വി. ശങ്കുണ്ണിമേനോൻ.

അതീന്ദ്രിയലോകങ്ങൾ



നമ്മുടെ ഇന്ദ്രിയങ്ങളിൽനിന്ന് അതീതമായി ഒരു ലോകമുണ്ടെന്ന തത്വശാസ്ത്രം നമ്മെ പഠിപ്പിക്കുന്നു. ഒരു ശലഭത്തേയോ ചെടിയേയോ കാണുമ്പോൾ അവ ഇഹലോകത്തിൽ നഷ്ടമായിരിക്കുന്ന സൗഭാഗ്യങ്ങളുടെ ആധിക്യത്തെ വിചാരിച്ച്, പ്രായേണ നമുക്ക് അനുകമ്പ തോന്നുന്നു. മനുഷ്യന്റെ ബുദ്ധിസാമർത്ഥ്യത്തിനെ നിദർശനമായിരിക്കുന്ന വിചിത്രതരങ്ങളായ ചിത്രങ്ങളെ കാണുമ്പോൾ, നമുക്കുണ്ടാവുന്ന പരമാനന്ദം, പ്രകൃതിയുടെ അനന്യസാധാരണമായ കരകൗശലത്താൽ മനോഹരമായ വിധത്തിൽ [illegible] കിടക്കുന്ന വയൽപ്രദേശങ്ങളോ കുന്നിൻചെരിവുകളോ കാണുമ്പോൾ നമുക്കുണ്ടാവുന്ന ഉല്ലാസം, സൗരഭ്യവിശേഷത്തോടുകൂടിയ ഒരു സംഗീതത്തിന്റെ [illegible] [illegible] ഉളവാക്കുന്ന ആഹ്ലാദം ഇവയെല്ലാം ഈ സാധുക്കൾക്ക് ഇല്ലാത്തതായിട്ടുള്ളതാണ്. എന്നാൽ നമ്മുടെ സാധാരണേന്ദ്രിയങ്ങൾക്ക് അഗോചരമായിരിക്കുന്ന ലോകങ്ങളിലെ കഥയെടുത്താൽ ഇന്ദ്രിയവൈകല്യമുള്ളവരും ഇല്ലാത്തവരും തമ്മിൽ ഗണ്യമായ യാതൊരു വ്യത്യാസവുമില്ല. ഇങ്ങിനെയുള്ള ലോകങ്ങളുടെ സത്ഭാവത്തെപ്പറ്റിത്തന്നെ നാം സാധാരണയായി അറിയാറില്ല. അവയിൽ നിന്നുൽഭൂതമാകുന്ന പല [illegible] [illegible], നാം അറിഞ്ഞ് ഇടപെടുന്നതുമില്ല. എങ്കിലും പ്രകൃതിശാസ്ത്രജ്ഞന്മാരുടെ അന്വേഷണങ്ങളുടെ ഫലമായി പുറത്തു വന്നിട്ടുള്ള [illegible], ഫോട്ടോഗ്രാഫി, [illegible], [illegible], വിദ്യുച്ഛക്തി മുതലായവയുടെ സഹായത്താൽ, ഇങ്ങിനെ ചില ലോകങ്ങളുണ്ടെന്നുള്ള വസ്തുത നാമറിയുന്നു. ഈ യന്ത്രങ്ങളുടെ ആവിർഭാവമുണ്ടായില്ലെങ്കിൽ, പ്രകൃതിശാസ്ത്രത്തിന്റെ ഏതൽകാലാവസ്ഥ ശോചനീയമാ-

യിരുന്നതെന്ന്. ഈ ഇരുപതാം നൂറ്റാണ്ടിലേയും കഴിഞ്ഞ മൂന്നാലു നൂറ്റാണ്ടുകളിലേയും, എന്നു വേണ്ട, പ്രാചീനകാലങ്ങളിലേയും, ശാസ്ത്രജ്ഞന്മാരെ തമ്മിൽ താരതമ്യപ്പെടുത്തി നോക്കിയാൽ, ബുദ്ധിവൈഭവത്തെ സംബന്ധിച്ചേടത്തോളം, അവർക്കു വലിയ വ്യത്യാസമൊന്നുമായിരിക്കയില്ലെങ്കിലും ഉപയോഗപ്പെടുത്തിയിരുന്ന ഉപകരണങ്ങളിൽ, ഗണ്യമായ മാറ്റം കാണുന്നതാണ്. ആധുനികന്മാരായ ശാസ്ത്രജ്ഞന്മാർ, പരിഷ്കൃതങ്ങളായ പല ഉപകരണങ്ങളും, സുലഭമായിട്ടുള്ളതു തന്നെയാണ്, അവരുടെ ശാസ്ത്രീയാന്വേഷണങ്ങൾ പൂർവികന്മാരെ അപേക്ഷിച്ച്, എളുപ്പത്തിൽ ഫലവത്തായിത്തീരുന്നതിനുള്ള ഹേതുവും.

ശുഭ്രമായ ഒരു രാത്രിയിൽ, ആകാശത്തിലേക്കു നോക്കുന്നതായാൽ, അസംഖ്യം നക്ഷത്രങ്ങളെ നാം കാണുന്നു. നമ്മുടെ കണ്ണുകൾകൊണ്ടു്, നാം ഇവയെ എണ്ണുവാൻ പുറപ്പെട്ടാൽ, കവിഞ്ഞതു്, മൂവായിരമോ നാലായിരമോ എണ്ണുവാൻ സാധിച്ചു എന്നു വരുന്നതും. നാം നമ്മുടെ നേത്രേന്ദ്രിയത്തിന് ഒരു നല്ല ശക്തിയുള്ള ദൂരദർശിനിയുടെ സഹായം കൊടുത്താൽ, എണ്ണുവാൻ കഴിയുന്ന നക്ഷത്രങ്ങളുടെ സംഖ്യ അത്ഭുതകരമായവിധത്തിൽ വർദ്ധിച്ചു്, നൂറായിരമോ ആയിരമായിരമോ ആയി പരിണമിക്കുന്നു. ഇതുകൊണ്ടുമായില്ല. ഈ വിഷയത്തിൽ നാം ഒന്നുകൂടി ശ്രമിച്ചാൽ—അതായതു്, ആകാശത്തിന്റെ ഒരു ഛായയെ എടുത്തു നോക്കുന്നതായാൽ— സംഖ്യ എണ്ണുവാൻ കഴിയാതവണ്ണം വർദ്ധിച്ചതായി കാണാം. ലക്ഷോപലക്ഷം നക്ഷത്രങ്ങൾ ആകാശവീഥിയിൽ മിന്നിത്തിളങ്ങുന്നു. എന്നാൽ നമ്മുടെ കേവലമായ ദൃഷ്ടിക്ക് വിഷയീഭവിക്കുന്നതോ അതിന്റെ ഒരു സ്വല്പാംശം മാത്രം.

പ്രകൃതിതത്വശാസ്ത്രത്തിൽ പ്രധാനമായി പ്രതിപാദിക്കുന്ന പ്രകാശം, ഊഷ്മാവ്, വിദ്യുച്ഛക്തി ഇവയെപ്പറ്റിയാണ് ഇനി ആലോചിക്കേണ്ടതു്. ശ്വേതപ്രകാശം* വ്യത്യസ്തങ്ങളായ ഏഴ് നിറങ്ങളുടെ ഒരു സമ്മേളനമാണെന്നുള്ള തത്വം, കണ്ടുപിടിച്ച മഹാനായ ശാസ്ത്രജ്ഞൻ പ്രസിദ്ധനായ ന്യൂട്ടൻ എന്ന മഹാനാണ്. ഇദ്ദേഹം ഇരുട്ടാക്കിയ ഒരു മുറിയിലേക്കു്, സൂര്യപ്രകാശത്തിന്റെ ഒരു കതിരിനെ, ഭിത്തിയിലുള്ള ഒരു ചെറിയ ദ്വാരത്തിൽക്കൂടെ പ്രവേശിപ്പിക്കയും, ആ രശ്മിയുടെ പ്രവേശമാർഗ്ഗത്തിൽ, പ്രിസത്തെ (മൂന്നു കോണായിട്ടുള്ള സ്ഫടികക്കട്ടിയെ) (1) ഉറപ്പിച്ചു്, ശ്വേതപ്രകാശം പ്രധാനമായി ഊതം തുടങ്ങി; ചുകപ്പുവർണ്ണത്തിൽ അവസാനിക്കുന്ന (2) ഏഴ് വർണ്ണങ്ങളടങ്ങിയതാണെന്നു, പ്രത്യക്ഷമായി തെളിയിക്കയും ചെയ്തു. ന്യൂട്ടൻ പിന്നീടു്, ദ്വാരത്തിനഭിമുഖമായുള്ള ഭിത്തിയിന്മേൽ, പ്രതിഫലിച്ച മേൽപ്പറഞ്ഞ ഏഴ് നിറങ്ങളും, ആ ദൃശ്യമാക്കി, ഒരു ഫോട്ടോഗ്രാഫിൿപ്ലേറ്റിന്റെ ചില്ലു്,(3) അവിടെ ഉറപ്പിച്ചു. പ്രത്യക്ഷത്തിൽ യാതൊരു രശ്മിയും ആ ചില്ലുകളിലില്ലെങ്കിലും, പ്രത്യേകതയിലുള്ള ആ ചില്ലുകൾക്കു്, ചില ശക്തികളെ

* White-light (വെള്ളപ്രകാശം)

(1) Prism.

(2) സൂര്യരശ്മി മുറിയിലേക്കു പ്രവേശിക്കുന്ന മാർഗ്ഗത്തിൽ, സ്ഫടികക്കട്ട വയ്ക്കുമ്പോൾ, ഊതം, നീലം, ഇളംനീലം (Blue) പച്ച, മഞ്ഞ, നാരങ്ങ (നാരങ്ങയുടെ നിറം) ചുകപ്പു്, ഇങ്ങിനെ ഏഴു നിറങ്ങൾ മറുഭിത്തിയിന്മേൽ യഥാക്രമം പ്രതിഫലിക്കുന്നതാണ്.

(3) Photographic Plate.

വ്യാപാരങ്ങൾക്കു വിഷയമായിത്തീരുന്നു. ഈ ഭാഗത്തിന്, ഒരു പൂർണ്ണമായ പ്രകാശമോ, അതിന്റെ ഒരു അംശമോ, അവയവമോ ആണെന്താണ്. ഈ പ്രകാശം ഏതെങ്കിലുമൊരാളിന്റെ ദൃഷ്ടിയിൽ പ്രത്യക്ഷത്തിൽ അനുഭവപ്പെടുന്നില്ല. നാം ഒരു ഉഷ്ണനിലത്തിനെ അറിയുന്നു, നമ്മുടെ കാഴ്ച് ശരീരമായിട്ടും, എന്നാൽ മേൽപറഞ്ഞ ചില്ലുകളിൽ കൂടി ചെല്ലുന്നതായ വേറെ ചില രശ്മികൾ ആ ദൃഷ്ടിയിൽ ഉണ്ടെന്നുള്ളതായ, നാം. ഇതുകൊണ്ടെങ്ങനെ അറിയുന്നു? അതു അങ്ങിനെ തന്നെ, ഈ അപ്രത്യക്ഷരശ്മികൾ (1) രസതന്ത്രത്തിൽ പ്രസിദ്ധമാണ്. അതിലും മറ്റുമായ പ്രയോഗങ്ങളെ ചെയ്യിക്കുന്ന രാസായനങ്ങളും ഈ രശ്മികൾ തന്നെ ആകുന്നു. പ്രകൃതിയുടെ വ്യാപാരത്തിൽ പ്രാധാന്യമേറിയ ശക്തികളിലൊന്ന്, ഈ രശ്മികൾ തന്നെ. ഇവ സസ്യങ്ങളുടെ പച്ചിലകളിന്മേൽ വ്യാപരിച്ച്, അവയിലുള്ള ഇംഗാലാമ്ലത്തെയും ജലത്തെയും പലതരമായും മറ്റു ചില പദാർത്ഥങ്ങളുമായിതീർക്കുന്നു, ഇതിന്നു മണ്ണിലും വായുവിലും ചൈതന്യമറ്റു കിടക്കുന്ന പദാർത്ഥങ്ങളെ ഉപയുക്തങ്ങളായ ആഹാരസാധനങ്ങളായി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു.

ഏഴ് വർണ്ണങ്ങളുള്ളതിൽ, ചുവപ്പിലേക്കുള്ള തായ ചുകപ്പിനപ്പുറവും, മേൽപറഞ്ഞ വിധത്തിൽ ചില രശ്മികൾ കാണപ്പെടുന്നു. ഈ വസ്തുവിനെ, ഒരു ഉഷ്ണമാപിനി(2) യുടെ സഹായത്താൽ നമുക്ക് പരീക്ഷിച്ചറിയാവുന്നതാണ്.(3)

പ്രകാശം, ഉഷ്ണം, വിദ്യുച്ഛക്തി ഇവ മൂന്നും, വീചികളുടെ നീളത്തിലും, സ്വഭാവങ്ങളുടെ തോതിലും വ്യത്യാസപ്പെട്ടു ഇരിക്കുന്നു എന്നു മാത്രമാണല്ലോ. സ്ഫടികയന്ത്രത്തിന്റെ ശക്തിമാഹാത്മ്യത്താൽ, വെള്ളനിറം, ഒരു സപ്തവർണ്ണങ്ങളായി പിരിഞ്ഞതിൽ, മാത്രമല്ല ഉണ്ടാകുന്നത് ഊത, ചുകപ്പ് എന്നീ നിറങ്ങളുടെ വീചികളും(1) യഥാക്രമം, 47,500-ഉം 101,250-ഉം അംഗുലത്തിന്റെ പ്രത്യംശമാണെന്ന ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു. ഇതിന്നപ്പുറവും ഇപ്പുറവുമുള്ള വീചികളും നമ്മുടെ ദൃഷ്ടിക്ക് ഗോചരമാകുന്നില്ല. (അറിവിന്നതീതങ്ങളാണ്) ഇവയുടെ വീചികളും 12,000-ഉം 5,75,000 അംഗുലത്തിന്റെ പ്രത്യംശമാണ്. എങ്കിലും ഇതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടുള്ള യന്ത്രങ്ങളുടെ സഹായത്താൽ ഇത്രത്തോളം അറിയപ്പെട്ടിട്ടുണ്ട്, ഇതുകൊണ്ടു പൂർത്തിയായി എന്നു പറവാൻ ആർക്കും ധൈര്യമില്ല. ഇവിടെ നാം നമ്മുടെ ഇന്ദ്രിയങ്ങൾക്കു വിഷയമായ ഒരു ലോകത്തിൽ നിന്ന് അറിയുന്ന പ്രകാശം എത്രയോ അധികം ദൂരം വ്യാപിച്ചിരിക്കുന്നു! എങ്കിലും നമ്മുടെ വെറും കണ്ണുകൾക്കു ഗോചരമാവുന്നത്, ആ സപ്തവർണ്ണങ്ങൾ മാത്രമാണ്. അതിന്റെ സ്ഥാനങ്ങളോ യഥാർത്ഥത്തിൽ ഉള്ളതിന്റെ ഒരംശം മാത്രം.

ഇതരലോകവാസം സുകരമായിരിക്കണമെങ്കിൽ, ഉഷ്ണമാത്രയുടെ സ്ഥിതി, വെള്ളത്തിന്റെ 'ഘനീഭാവബിന്ദു'(2)വായ 0 ഡിഗ്രിക്കും (0°) 'ക്വഥനബിന്ദു'(3)വായ 100 ഡിഗ്രിക്കും (100°) മദ്ധ്യത്തിലായിരി

---

(1) ഇതിനു രസതന്ത്രത്തിൽ ആക്ടിനിക രശ്മി (actinic rays) എന്നു പേരുണ്ട്.

(2) Thermometer.

(3) ഉഷ്ണമാപിനി ഉപയോഗിക്കേണ്ടതിനെപ്പറ്റി മുമ്പു പറഞ്ഞിട്ടുണ്ട്.

(1) Wave-length.

(2) Freezing Point.

(3) Boiling Point.

ന്നേ കരുതാവൂ. എന്നാൽ ഈ ഭൌതികങ്ങളും കവിഞ്ഞുള്ള ശീതോഷ്ണങ്ങളും ഉണ്ട്. ശാസ്ത്രജ്ഞന്മാർ എടുത്തിട്ടുള്ള കണക്കുപ്രകാരം, സൂര്യോഷ്ണം, 6,500 ഡിഗ്രിയാണ്. ഘനീഭാവബിന്ദുവിൽനിന്നും 273 ഡിഗ്രി കുറഞ്ഞുവരുന്ന ശൈത്യസ്ഥിതിയുണ്ടെന്ന് ഊഹിപ്പാൻ കഴിയുന്നതാണ്.

നാം അധിവസിക്കുന്ന ഭൂമിയുടെ ഉഷ്ണമാത്രയിൽ, 200 ഡിഗ്രിക്കു കുറവു വരുന്ന സാധാരണമായ ശൈത്യം വന്നു ഭവിക്കുന്നതായാൽ, ലോകത്തിൽ, നാനാപ്രകാരേണയുള്ള പ്രാണികളുടെയും, ധാതുവർഗ്ഗം, സസ്യവർഗ്ഗം മുതലായവയുടെയും, അവസ്ഥ എന്തായിരിക്കും? നമ്മുടെ നദികളും സമുദ്രങ്ങളും കേവലം ഉറച്ചു കനത്തുകട്ടികളായി. ഇല്ലാതെ കാണ്മാൻ കഴികയില്ല. വായുമണ്ഡലം സാന്ദ്രീഭവിച്ച്, ശക്തിയോടുകൂടി തിളച്ചുവരാൻ തുടങ്ങുകയും ചെയ്യും. ഇതുപോലെതന്നെ ഉഷ്ണാധിക്യത്തിൽ, സൂര്യോഷ്ണത്താലും തീവ്രമാകുന്നുവെങ്കിൽ, എല്ലാം മേൽപറഞ്ഞതിന്നു വിപരീതമായി കാണുന്നതാണ്. നദികളും സമുദ്രങ്ങളും, നാമമാത്രമായിത്തീരും; പാറകളും ധാതുദ്രവ്യങ്ങളും ഉരുകി, ജലരൂപമായി പ്രവഹിപ്പാൻ തുടങ്ങുമെന്ന മാത്രമല്ല, ഉഷ്ണത്തിന്റെ ആധിക്യത്താൽ, ആ ദ്രവങ്ങളും ക്രമേണ ബാഷ്പരൂപത്തെ അവലംബിക്കുകയും ചെയ്യും. ചുരുക്കിപ്പറയുന്നതാണെങ്കിൽ, നമ്മുടെ നിത്യോപയോഗത്തിന്നു പ്രകൃതി, ദയാപൂർവ്വം അനുവദിച്ചു തന്നിട്ടുള്ള എല്ലാ വസ്തുക്കളും നിഷ്പ്രയോജനമാക്കിത്തീർക്കുവാനുള്ള ശക്തി, ഉഷ്ണത്തിന്റെ മേൽവിവരിച്ച രണ്ടു അവസ്ഥാന്തരങ്ങൾക്കുമുണ്ട്. എങ്കിലും അവയുടെ വ്യാപാരം, ലോകത്തെങ്കിലും, നമ്മെ ബാധിക്കുന്നതായി നാം കാണുന്നില്ല.

ഇനി നമുക്ക് ഭൂഗോളത്തിന്റെ ത്രിവിധമായ ചലനങ്ങളെക്കുറിച്ച് ആലോചിക്കാം. മധ്യരേഖയിൽ സ്ഥിതിചെയ്യുന്ന ഒരുവൻ, മിനിട്ടിൽ, 17 നാഴിക ദൂരം, ചലിക്കത്തക്കവിധം, അത്ര വേഗത്തോടുകൂടിയാണ്, ഭൂമി അതിന്റെ അച്ചുതണ്ടിന്മേൽ തിരിയുന്നത്. മിനിട്ടിൽ 1,140 നാഴിക വേഗത്തിൽ, ഭൂമി സൂര്യനെ പ്രദക്ഷിണം ചെയ്യുന്നു. ബുധനും ശുക്രനും തുടങ്ങി, വ്യാഴവും ശനൈശ്ചരനുംവരെയുള്ള സൌരയൂഥത്തിലെ എല്ലാ ഗ്രഹങ്ങളും, മേൽപറഞ്ഞ മാതിരിയുള്ള ഗതിയോടുകൂടിത്തന്നെ, ധ്രുവാഭിമുഖമായി ചലിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങിനെയുള്ള ത്രിവിധചലനങ്ങളും പ്രതിനിമിഷം നടന്നുകൊണ്ടിരിക്കുന്നുണ്ടെങ്കിലും, നമ്മുടെ ദൃഷ്ടിയിൽ, എല്ലാം, സമസ്ഥിരമായും സുസ്ഥിരമായും, സ്ഥിതിചെയ്യുന്നതായിട്ടാണ കാണപ്പെടുന്നത്.

ഗ്രഹങ്ങളെ വിട്ടു അണുക്കളുടെയും പരമാണുക്കളുടെയും കഥയാലോചിച്ചാൽ, അത് ഇതിലും വിചിത്രമാണ്. ലോകത്തിൽ കാണുന്ന എല്ലാ വസ്തുക്കളുടെയും, ഓരോ പരമാണുക്കളും, നിമിഷംപ്രതി, അയ്യായിരം മുതൽ നൂറായിരം നാഴികവരെയുള്ള വേഗത്തോടുകൂടി സഞ്ചരിക്കുന്നുണ്ട്. എന്നാൽ അനേകം സഹസ്രം പരമാണുക്കളാൽ നിർമ്മിതമായ ശരീരത്തോടുകൂടിയവരായ നാം, നമ്മിലുള്ള ഈ പരമാണുക്കളുടെ സഞ്ചാരത്തെപ്പറ്റി ലവലേശം അറിയുന്നില്ല.

ൻ മൂല മുഴുവനും ആഫ്രിക്കാഖണ്ഡത്തിന്റെ വടക്കേഭാഗം മുഴുവൻ യൂറോപ്പിന്റെ തെക്കേഭാഗത്തുള്ള പല ദിക്കുകളും അവർ വെട്ടിപ്പിടിച്ചു. നിത്യശുദ്ധി, ഭാഷ്യങ്ങൾ, വിദ്യാഭ്യാസം, ശാസ്ത്രപരിചയം, കൃഷി, കച്ചവടം ഇതുകളിലെല്ലാം അവരുടെ പരിജ്ഞാനം നല്ലവണ്ണം സ്ഥൂലമായിക്കാണപ്പെട്ടിരുന്നു. യൂറോപ്പിലെ നാട്ടുവാസികൾ ഏറ്റവും നീചന്മാരും അപരിഷ്കൃതന്മാരുമായി വനാന്തങ്ങളിൽ താമസിച്ചിരുന്ന കാലത്ത് അറബികൾ വിശേഷപ്പെട്ട ഗോപുരങ്ങളും മണിമാളികകളുമുള്ളവരും, സംഗീതത്തിൽ ഗോളങ്ങളിലുള്ള കേൾപ്പുകളും, നിരവധി സ്വച്ഛന്ദവൃത്താന്തങ്ങളായ ആർപ്പുകളും ഇവയെക്കൊണ്ടലംകൃതങ്ങളുമായ പട്ടണങ്ങളിൽ പാർത്തുവന്നു. യൂറോപ്പിലെല്ലാം 'കയ്യൂക്കുള്ളവർ കാര്യക്കാർ' എന്ന നിയമം തടസ്സപ്പെടാതെ നടന്നിരുന്ന കാലത്ത് അറബിരാജ്യങ്ങളിൽ നല്ല നിയമങ്ങളും ശിക്ഷകളും നടന്നുവന്നു. യൂറോപ്പിലെ സന്യാസിമഠങ്ങളിൽവെച്ച് അല്പം ചിലർ മാത്രം ചില വൈദികഗ്രന്ഥങ്ങളും അവയുടെ ഭാഷ്യങ്ങളും വേറെ ചില ഗ്രന്ഥങ്ങളും പഠിച്ചുകൊണ്ടിരുന്ന കാലത്ത് അസംഖ്യം വിദ്യാർത്ഥികൾക്ക് സകലശാസ്ത്രങ്ങളിലും നല്ല ജ്ഞാനമുണ്ടാകത്തക്ക സർവ്വകലാശാലകൾ അറബികളുടെ രാജ്യങ്ങളിൽ പല ദിക്കുകളിലും ഉണ്ടായിരുന്നു. യൂറോപ്യന്മാർ കണക്കുകൂട്ടാൻ പഠിച്ചിട്ടുള്ള മാതൃകയാരെന്നാണ് ഇപ്പോഴും സാധാരണയായി സ്വീകരിച്ചുപോരുന്ന സിദ്ധാന്തം. ഇപ്പോൾ യൂറോപ്പിലെല്ലാം നടപ്പുള്ള അക്കങ്ങളും അവയെക്കൊണ്ടുള്ള സംഖ്യക്കണക്കുകൂട്ടുന്ന സമ്പ്രദായവും അറബികൾവഴിയായി കിട്ടിയതാണെന്ന് അതുകളുടെ പേർ കേട്ടാൽ തന്നെ അറിയാവുന്നതാണ്. മദ്ധ്യകാലം യൂറോപ്പിലെല്ലാം നടപ്പുണ്ടായിരുന്നത് കൂട്ടുക, കിഴിക്കുക, പെരുക്കുക, ഹരിക്കുക, എന്നീ ക്രിയകൾക്കെല്ലാം ചെയ്വാൻ മാസക്കൂട്ടില്ലാത്ത ഒരുവിധം അക്കങ്ങളായിരുന്നുവെന്നുള്ള കഥ വിചാരിച്ചു നോക്കുമ്പോൾ അറബികൾ കണക്ക് കൂട്ടുന്നതിൽ എത്രത്തോളം പാടവമുണ്ടായിരുന്നുവെന്ന് എളുപ്പത്തിൽ അറിയാവുന്നതാണ്. വൈദ്യത്തിന്റെ നിലയും ഇതുപോലെ തന്നെ. പ്രാചീനകാലത്തു യൂറോപ്പിൽ ഒരു വിധം വൈദ്യം നടപ്പുണ്ടായിരുന്നു. മദ്ധ്യകാലത്ത് ഇതെല്ലാം തീരെ നശിച്ചുപോയ പോലെയായി തീർന്നു. ക്ഷുദ്രസാദ്ധ്യമായ വല്ല ദീനവും വന്നു പിടിപെട്ടാൽ മനുഷ്യരുടെ കാര്യം വളരെ കഷ്ടമായി. പണമുള്ളവരാണെങ്കിൽ അതെല്ലാം കെട്ടിയെടുത്തുകൊണ്ടു വല്ല വൈദികന്മാരുടെയോ മന്ത്രവാദികളുടെയോ അടുക്കലേക്ക് യാത്രയായി. ആ പണമെല്ലാം വല്ല ദാനത്തിനായിട്ടും, പ്രായശ്ചിത്തത്തിനായിട്ടും മന്ത്രവാദത്തിനായിട്ടും ചിലവുചെയ്തു ദീനം മാറാതെ സന്താപത്തിലേക്കുതന്നെ മെയ്യിൽ കടന്നിരിപ്പാകയും ചെയ്യും. ഇങ്ങിനെയുള്ള രോഗങ്ങൾ അറബികളുടെ കയ്യിൽ കിട്ടിയാൽ അവർ ശാസ്ത്രാനുസാരമായി ചികിത്സിച്ച് അവയുടെ നിദാനമനുസരിച്ചു കണ്ടുപിടിച്ചു വേണ്ട ഔഷധങ്ങളെ പ്രയോഗിച്ച് അവയെ ഭേദമാക്കുന്നത് ഒട്ടും ദുർല്ലഭമായിരുന്നില്ല. പരിഷ്കാരഗതിക്ക് ഇത്രയും വ്യത്യാസമുള്ള രണ്ടു കൂട്ടക്കാരാണ തമ്മിൽ പരിചയത്തിനിടവന്നത്, പതിനൊന്നാം ശതാബ്ദത്തിലാണ് ഇസ്ലാമികളിൽ നിന്ന് താണ്ടിക്കിടക്കുക പതിവ്. അതുപ്രകാരം ഈ രണ്ടു കൂട്ടരും കൂടി പരിചയമായപ്പോൾ ഉപ്പുരസമില്ലാതിരുന്നിരുന്ന അറബികളുടെ പരിഷ്കാരം താങ്കിക്കാനിരുന്ന യൂറോപ്യന്മാരുടെ നേരെ മുഴക്കിത്തുടങ്ങി.

മേൽവിവരിച്ച അറബിസംസ്കാരംകൊണ്ടു യൂറോപ്യന്മാരുടെ കൃഷി, കച്ചവടം, കൈവേല മുതലായവ വളരെ വർദ്ധിച്ചുവന്നു. ചെടികളെപ്പററി വിവരിക്കുന്ന ശാസ്ത്രം, രസതന്ത്രശാസ്ത്രം, യന്ത്രശാസ്ത്രം മുതുകളിൽ മഹമ്മദീയർക്കുണ്ടായിരുന്ന പാണ്ഡിത്യമെല്ലാം അവർ കൃഷിയിൽ ഉപയോഗിച്ചതിനാൽ അവരുടെ കൃഷി ഏറെ ഉൽകൃഷ്ടനിലയിലായിരുന്നു. വായുവേഗം കൊണ്ടു യന്ത്രം നടത്തി താണേടികളിൽ നിന്നു വെള്ളം മേല്പോട്ടു കയററി കൃഷി ചെയ്യുന്ന സമ്പ്രദായം യൂറോപ്പിലെക്കാദ്യം കൊണ്ടുവന്നതു മഹമ്മദീയരാണ്. ഭൂമിയുടെ ഗുണദോഷങ്ങളാലോചിച്ച് അതിന്നനുസരിച്ചു വിളയിറക്കുവാനും വിളക്കടുത്ത വളം ചെയ്യുവാനും യൂറോപ്യന്മാർ പഠിച്ചുകൊണ്ടതും ഇവർ തന്നെ ആണ്. ഒരു മരത്തിൻ മുറിച്ചു തത്തിലൊട്ടിച്ചു പുതുതായൊരു മരമുണ്ടാക്കുന്നതിൽ മഹമ്മദീയർക്കുണ്ടായിരുന്ന സാമർത്ഥ്യം ഒന്നു വേറെ തന്നെയായിരുന്നു. അതും അവർ യൂറോപ്പിൽ കൊണ്ടുപോയി നടപ്പാക്കി. യൂറോപ്പിലെങ്ങും കാണാത്ത പലജാതി ഫലവൃക്ഷങ്ങളേയും അവയെക്കൊണ്ടുള്ള ഗുണങ്ങളേയും അവർ യൂറോപ്യന്മാർ മനസ്സിലാക്കിക്കൊടുത്തു.

കൈവേലകളുടെ കാര്യത്തിലും യൂറോപ്യന്മാരുടെ ഗുരുസ്ഥാനം മഹമ്മദീയർക്കാണെന്നുള്ളതു തീർച്ചപ്പെട്ട ഒരു സംഗതിയാകുന്നു. മദ്ധ്യകാലത്തു യൂറോപ്യന്മാർ വേണ്ട സാമാനങ്ങളെല്ലാം അവിടെ തന്നെ ഉണ്ടാക്കിയിരുന്നുവെന്നു പറഞ്ഞുകൂടാ. അവർ വേണ്ടുന്ന സാമാനങ്ങൾ പലതും ഉണ്ടാക്കിക്കൊടുത്തിരുന്നതു മഹമ്മദീയരാകുന്നു. കൈവേലകളിൽ അവർക്കുണ്ടായിരുന്ന സാമർത്ഥ്യം ലോകമെല്ലാം പ്രസിദ്ധവും ആയിരുന്നു. യൂറോപ്പിൽ എന്നു മാത്രമല്ല ശേഷം മിക്കരാജ്യങ്ങളിലും അറബിസ്സാമാനങ്ങളെ മുഖ്യമായുപയോഗിച്ചുവന്നിരുന്നത്. പരുത്തികൊണ്ടും പട്ടുനൂൽകൊണ്ടുമുള്ള പലേകതരം അറബികളില്ലായിരുന്നുവെങ്കിൽ യൂറോപ്പിലെത്തുന്ന കാര്യം സംശയമാണ്. കരിമ്പിൽനിന്നു പഞ്ചസാരയെടുക്കുന്ന സമ്പ്രദായം ആദ്യം യൂറോപ്യന്മാർ കാട്ടിക്കൊടുത്തതു മഹമ്മദീയരല്ലാതെ വേറെ ആരും ആവാൻ തരമില്ല. അരി, എള്ള് മുതലായ ധാന്യങ്ങളേയും അമരി നീലം മുതലായ ചെടികളുടേയും വിത്തു യൂറോപ്യന്മാരിലെത്തിച്ചതു മഹമ്മദീയർകാരണമായിട്ടായിരിക്കണം. മദ്യം ധാരാളം സേവിച്ചിരുന്ന യൂറോപ്യന്മാരാണെങ്കിലും ആ സാധനമുണ്ടാക്കിയിരുന്നതു മുഖ്യമായി മഹമ്മദീയരാകുന്നു. യൂറോപ്യന്മാർ യുദ്ധത്തിനു നല്ല കത്തിയോ വാളോ വേണമെങ്കിൽ അതു മഹമ്മദീയരോടു വാങ്ങിട്ടുവേണം. കുതിരക്കു നല്ല ജീനി വേണമെങ്കിൽ മഹമ്മദീയർ വേണം ഉണ്ടാക്കുവാൻ. ചായംകൊണ്ടു വല്ല പണിയും എടുക്കണമെങ്കിൽ മഹമ്മദീയർ കൂടാതെ കഴികയില്ല. മഹമ്മദീയരുടെ കയ്യിൽനിന്നു കടലാസ്സു വാങ്ങാതെ വല്ലതും എഴുതണമെങ്കിൽ യൂറോപ്യന്മാർ കഴികയില്ലായിരുന്നു. ചുരുക്കിപ്പറകയാണെങ്കിൽ മദ്ധ്യകാലത്തു യൂറോപ്യന്മാർക്കാവശ്യമായ എല്ലാ പദാർത്ഥങ്ങളും മഹമ്മദീയന്മാരാണുണ്ടാക്കിക്കൊടുത്തിരുന്നതെന്നു പറഞ്ഞാൽ മതിയാവുന്നതാണ്.

കൃഷി, കൈവേല, ഇതുകളെപ്പോലെ തന്നെയായിരുന്നു അവരുടെ കച്ചവടത്തിന്റെ നിലയും. അന്ന് അറിഞ്ഞേടത്തോളം എല്ലാ രാജ്യങ്ങളും തമ്മിലുള്ള കച്ചവടമെല്ലാം മഹമ്മദീയരായിരുന്നു നടത്തിയിരുന്നത്. കരയിലുള്ള എല്ലാരാജ്യങ്ങളിലും അവരുടെ സാർത്ഥവാഹന്മാർ കാണപ്പെട്ടിരുന്നു,

ചീനം പാരസീകം മുതലായ ദിക്കുകളിലുണ്ടാകുന്ന സാധനങ്ങൾ മുഖ്യമായി കരവഴിക്കാണ യൂറോപ്പിലേക്ക കൊണ്ടുപോയിരുന്നത്. വടക്കേഇന്ത്യയിലുണ്ടാകുന്ന സാധനങ്ങളും ഈ മാർഗ്ഗമായിട്ടുതന്നെയാണ യൂറോപ്യന്മാർ കിട്ടിയിരുന്നത്. കപ്പൽക്കച്ചവടത്തിലും മഹമ്മദീയർതന്നെ ആയിരുന്നു മുന്നു പ്രധാനികൾ. ഇന്ത്യയുടെ തെക്കെഭാഗങ്ങളിലും ചീനക്കടലുകളിൽ കിടക്കുന്ന ദ്വീപുകളിലും ചീനരാജ്യത്തിന്റെ കിഴക്കെക്കരയിലും ഉണ്ടാകുന്ന പദാർത്ഥങ്ങൾ യൂറോപ്പു മുതലായ ദിക്കിലേക്ക കൊണ്ടുപോകുന്നതിന് എളുപ്പം കപ്പൽവഴിക്കായിരുന്നതിനാൽ ആവക രാജ്യങ്ങൾക്കിടയിലുള്ള സമുദ്രങ്ങളിലെ കപ്പൽകച്ചവടവും അവരുടെ അധീനത്തിലായിരുന്നു. ചീനരാജ്യത്തുണ്ടാകുന്ന പട്ട്, പഞ്ചസാര, മരണി മുതലായ മൺപാത്രങ്ങൾ, മൊളുക്കാ മുതലായ ദ്വീപുകളിലുണ്ടാകുന്ന കരാമ്പൂ, ജാതിക്ക, ജാതിപത്രിക, മുതലായ സുഗന്ധദ്രവ്യങ്ങൾ; ഇന്ത്യയിലെ നാട്ടുപുറങ്ങളിലുണ്ടാകുന്ന ഇഞ്ചി, കുരുമുളക മുതലായ വിശേഷപദാർത്ഥങ്ങൾ; കാടുകളിലുണ്ടാകുന്ന വിശേഷപ്പെട്ട ഔഷധങ്ങൾ; പട്ടണങ്ങളിലുണ്ടാകുന്ന കാലിക്കോ മുതലായ കൈവേല സാമാനങ്ങൾ; ഇതുകളെല്ലാം മഹമ്മദീയരില്ലായിരുന്നുവെങ്കിൽ അന്നത്തെ യൂറോപ്യന്മാരറിയുമായിരുന്നില്ല. ആഫ്രിക്കയിലെ ഈജിപ്ത് മുതലായ ദിക്കുകളിലുണ്ടാകുന്ന സാമാനങ്ങളും ഇവർതന്നെ ആണ കരവഴിയായും കടൽവഴിയായും യൂറോപ്പിലേക്ക കൊണ്ടുപോയിരുന്നത്. മദ്ധ്യതരണ്യസമുദ്രം, ചെങ്കടൽ, അറബിക്കടൽ, ഹിന്തുസമുദ്രം, ശാന്തസമുദ്രം, ഈ സമുദ്രങ്ങളെല്ലാം അറബിക്കപ്പൽകച്ചവടക്കാരുടെ പെരുവഴികളായിരുന്നു. ഇത്രത്തോളമെല്ലാം പടർന്നുപിടിച്ചു കിടക്കുന്ന കച്ചവടവും, ആ കച്ചവടത്തെ പ്രോത്സാഹിപ്പിക്കുവാൻ മതിയായ കൃഷി, കൈവേല, ഇതുകൾ, ഇതെല്ലാം ഉണ്ടാക്കി യാതൊരു പ്രയാസവും കൂടാതെ കൊണ്ടുനടത്തുവാൻ തക്ക ശക്തിയുള്ള മഹമ്മദീയപരിഷ്കാരവും കാണാനിടവന്നപ്പോൾ അജ്ഞന്മാരും അപരിഷ്കൃതന്മാരായിരുന്ന യൂറോപ്യന്മാരുടെ ബുദ്ധിശക്തി ഒന്ന വികസിച്ചു എന്ന സംഗതിയിൽ ഏറയാണ്ണു തെളിപ്പെടുവാനുള്ളത്?

വികാസംവരാത്ത മനുഷ്യബുദ്ധിയെത്തിന്ന പാറക്കല്ലു മാത്രതയൊന്നിലെങ്കിലും വികാസം വന്നുകഴിഞ്ഞാൽപ്പിന്നെ അതുപോലെ അത്ഭുതകരമായിട്ട വേറെ യാതൊരു പദാർത്ഥവും ഈശ്വരസൃഷ്ടിയിലില്ല. മനുഷ്യരുടെ ഉള്ളിൽ കിടക്കുന്ന ബുദ്ധി, ഖനിയിൽനിന്ന പുതുതായി എടുത്തിട്ടുള്ള രത്നംപോലെ ആണെന്ന വിദ്വാന്മാർ സാധാരണമായി പറഞ്ഞുവരാറുണ്ട്. രത്നം ഖനിയിൽനിന്ന കിട്ടുന്ന സമയം കല്ലുകൊണ്ടും മണ്ണുകൊണ്ടും മൂടപ്പെട്ടും യാതൊരു പ്രകാശമില്ലാതെയും ഇരിക്കുന്നു. എന്നാൽ അതൊരു ശില്പിയുടെ കയ്യിൽപ്പോയി വന്നപ്പോഴും അതിനുണ്ടാകുന്ന മാറ്റം നോക്കുക. എന്തൊരു പ്രകാശമാണ്! എന്തൊരു ഭംഗിയാണ്! എത്രയൊരു വിലയാണ്! അതുപോലെയാണ മഹമ്മദീയരോടുള്ള സംസർഗ്ഗംകൊണ്ട യൂറോപ്പിനുണ്ടായ മാറ്റം. മുമ്പിൽ അത്രം വിലവെയ്ക്കാത്ത ആ രാജ്യം അതിനുശേഷം ക്രമേണ വലുതായിവരാൻ തുടങ്ങി, ഒടുവിൽ ഈ ഭൂമിയിലുള്ള എല്ലാരാജ്യങ്ങളെക്കാളും വലിയനിലയിലായിത്തീർന്നു.

ഐഹികകാര്യങ്ങളെല്ലാം നിസ്സാരങ്ങളാണെന്നായിരുന്നുവല്ലോ മദ്ധ്യകാലങ്ങളിൽ യൂറോപ്പിലെ വൈദികന്മാർ നാട്ടുകൂ

ക്കുപ്രാണനു ധരിപ്പിച്ചിരുന്നത്. മഹമ്മദീയരുടെ സമ്പ്രദായം ഇതിൽനിന്നു തീരെ ഭേദപ്പെട്ടിട്ടായിരുന്നു. പരലോകം അവർ ഒട്ടും നിഷേധിച്ചിരുന്നില്ലെങ്കിലും ഇഹലോകത്തിൽ കഴിയുന്നേടത്തോളം സുഖമായിട്ടു ജീവകാലം കഴിച്ചുകൂട്ടുന്നതിൽ അവൎക്കു വിരോധമുണ്ടായിരുന്നില്ല. അതുകൊണ്ട് അവർ ഐഹികസുഖങ്ങളെ വൎദ്ധിപ്പിക്കുന്നതിൽ വലിയ താൽപൎയ്യവും സാമൎത്ഥ്യവുമുള്ളവരായിരുന്നു. അവർ അവരുടെ സാമ്രാജ്യത്തിൽ അവിടവിടെയായി അനേകം വിദ്യാലയങ്ങൾ സ്ഥാപിച്ചിട്ടുണ്ടായിരുന്നു എന്നു മുമ്പിൽ പറഞ്ഞുവല്ലോ. ഈ വിദ്യാലയങ്ങളിൽ അസംഖ്യം യൂറോപ്യന്മാർ വന്നു മഹമ്മദീയരൊന്നിച്ചു, [illegible]ങ്ങളെപ്പററി അവൎക്കുണ്ടായിരുന്ന സിദ്ധാന്തങ്ങളും എല്ലാം പഠിക്കുവാൻ ഇടവന്നു. ഇവയിൽനിന്ന് ഇഹലോകസുഖങ്ങളും പരലോകസുഖങ്ങളും തമ്മിൽ വലിയ വിരോധമൊന്നുമില്ലെന്ന് അവൎക്കു ബോധം വന്നുതുടങ്ങി. ഈ ബോധവും മനുഷ്യൎക്കു സ്വാഭാവികമായുണ്ടാകുന്ന സുഖാഭിലാഷവും കൂടിച്ചേൎന്നപ്പോൾ വെള്ളക്കാരുടെ മനോഗതി ഐഹികസുഖങ്ങളെ വൎദ്ധിപ്പിപ്പാനുള്ള മാൎഗ്ഗങ്ങളിൽ പ്രവേശിപ്പാനാരംഭിക്കയും ചെയ്തു.

ഇഹലോകസുഖങ്ങൾക്കെല്ലാം സാധകമായിട്ടുള്ളതു ധനമാണല്ലോ. ഈ ധനം സമ്പാദിപ്പാൻ ഏററവും നല്ല മാൎഗ്ഗം കച്ചവടവും ആണല്ലോ. അതുകൊണ്ടു കച്ചവടം ഏതുവിധമെങ്കിലും വൎദ്ധിപ്പിക്കേണമെന്നായി അവരുടെ വിചാരം. മദ്ധ്യകാലങ്ങളിൽ ഈ കച്ചവടത്തിനു യൂറോപ്പിലെ നിലകൊണ്ടു വലിയ സൌകൎയ്യമൊന്നും ഉണ്ടായിരുന്നില്ല. നാട്ടുവാഴികളെന്നും ജന്മികളെന്നും, അടിയാന്മാരെന്നും, കുടിയാന്മാരെന്നും മററുമായിരുന്നുവല്ലോ അവിടുത്തെ കഥ. ഈ നില ജനങ്ങളുടെ സ്വാതന്ത്ര്യത്തിനു വളരെ വിരോധമായിട്ടുള്ളതാണ്. അതുകൊണ്ടാകുന്നു മദ്ധ്യകാലത്ത് കച്ചവടം മുതലായവയ്ക്കു മുഖ്യമായ തടസ്ഥം ഉണ്ടായിരുന്നത്. എന്നാൽ പാലസ്തൈൻ നിലക്കുണ്ടായ യുദ്ധയാത്രനിമിത്തമായി നാട്ടുവാഴികൾക്കും ജന്മികൾക്കും വന്ന നാശംകൊണ്ട് അടിമകളുടെ സംഖ്യ വളരെ കുറഞ്ഞു. അതുകൊണ്ടു കച്ചവടത്തിനുണ്ടായിരുന്ന വലിയ ഒരു തടസ്ഥം നീങ്ങിപ്പോയി. കച്ചവടം എന്നുവെച്ചാൽ ഒരു നീചപ്രവൃത്തിയാണെന്നു വിചാരിച്ചിട്ടു യൂറോപ്യന്മാൎക്കതിനോടു നേരെ ഉണ്ടായിരുന്ന ഒരു അവജ്ഞതന്നെ രണ്ടാമത്തെ തടസ്ഥമുണ്ടായിരുന്നത്. മഹമ്മദീയരുടെ കൂട്ടത്തിലുണ്ടായിരുന്ന വലിയ വൎത്തകന്മാരെയും അവരുടെ ധനസമൃദ്ധിയും അവരനുഭവിച്ചുവന്നിരുന്ന സുഖവും മാന്യതയും കണ്ടു പരിചയമായതിനോടുകൂടി ഈ രണ്ടാമത്തെ തടസ്ഥവും നീങ്ങിപ്പോയി. യൂറോപ്യന്മാരും ധാരാളം കച്ചവടത്തിൽ ഏൎപ്പെട്ടുതുടങ്ങി. കച്ചവടം എന്നുവെച്ചാൽ ഒരു മാന്യപ്രവൃത്തിയായിത്തീൎന്നു. കച്ചവടം വൎദ്ധിക്കുക എന്നു വന്നപ്പോൾ അതോടുകൂടി വേറെ പല ഏൎപ്പാടുകളും വൎദ്ധിക്കുക എന്നുവന്നു. കൈവേലകൾ കച്ചവടത്തോടുകൂടി വൎദ്ധിക്കാതെ കഴിയാത്തവയാകുന്നു. അവയും യൂറോപ്പിൽതന്നെ അനേകം ദിക്കുകളിലായി വൎദ്ധിച്ചുതുടങ്ങി. നഗരങ്ങളും കച്ചവടത്തോടുകൂടി വൎദ്ധിക്കുന്നവയാകുന്നു. അവയും പല ദിക്കുകളിലായി പൊങ്ങിപ്പുറപ്പെട്ടുതുടങ്ങി. മദ്ധ്യകാലങ്ങളിൽ കപ്പലുണ്ടാക്കുവാൻ മഹമ്മദീയൎക്കുമാത്രമേ വശമായിരുന്നുള്ളു. കച്ചവടം വൎദ്ധിച്ചപ്പോൾ യൂറോപ്യന്മാൎക്കാവശ്യമുള്ള കപ്പലുകളെല്ലാം അവിടെത്തന്നെ ഡി

ഷിക്കാതെ നിവൃത്തിയില്ലാതായി. കച്ചവടക്കാറ സ്ഥലങ്ങളും കാര്യതാമസംകൂടാതെ യൂറോപ്പിൽതന്നെ പലടിക്കിലും ഉണ്ടാവുകയും ചെയ്തു. ഇപ്രകാരമുള്ള അനേകവിധവ്യാപാരങ്ങളെക്കൊണ്ടു ജനങ്ങളുടെ കയ്യിൽ ധനം ധാരാളം വൎദ്ധിച്ചതോടുകൂടി വലിയ നഗരങ്ങൾ പലതും യൂറോപ്പിൽ അവിടവിടെയായി ഉണ്ടാവാനിടവന്നു. ഈ നഗരങ്ങളിലെ ജനങ്ങൾക്ക് മറ്റുള്ള ജനങ്ങളെക്കാൾ പലവിധത്തിലും സ്വാതന്ത്ര്യം അധികരിച്ചുണ്ടായിരുന്നതുകൊണ്ട് അതിന്റെ ശേഷമുണ്ടായ പരിഷ്കാരവൎദ്ധനയ്ക്കു വലിയ ഒരു സഹായമായിത്തീരുകയും ചെയ്തു.

പ്രാപഞ്ചികകാൎയ്യങ്ങളിൽ മനുഷ്യരുടെ കണ്ണു തെളിയിക്കുവാൻ ഏറ്റവും നല്ലത് കച്ചവടമാകുന്നു. ഇതിൽ പ്രവേശിച്ചിട്ടു വളരെ കഴിയുന്നതിന്നുമുമ്പ് യൂറോപ്യന്മാൎക്ക് അതിൽ നൈപുണ്യം സിദ്ധിച്ചു. അല്പകാലംകൊണ്ടു യൂറോപ്പിലെ കച്ചവടമെല്ലാം തങ്ങൾക്കു സ്വാധീനമാക്കിയതിന്റെശേഷം അവർ അന്യരാജ്യങ്ങളായിട്ടുള്ള കച്ചവടവും സ്വാധീനമാക്കുവാൻ ഉത്സാഹിച്ചുതുടങ്ങി. ഇന്ത്യാരാജ്യം വളരെ കാലമായിട്ടുതന്നെ ഏറ്റവും ഫലവത്തായ ഒരു രാജ്യമാണെന്നും കച്ചവടത്തിന്നു വളരെ ഉതകുന്ന ഒരു ദിക്കാണെന്നും അവൎക്കു കേട്ടറിവുണ്ടായിരുന്നു. മഹമ്മദീയന്മാർ ആ ദിക്കിൽനിന്നു കൊണ്ടുവന്നിരുന്ന ചരക്കുകളുടെ ഗുണവും അവകളെക്കൊണ്ടുള്ള വ്യാപാരംകൊണ്ട് അവൎക്കുണ്ടായിരുന്ന ധനലാഭവും കണ്ടു യൂറോപ്യന്മാൎക്ക് അവരുടെ നേരെ അസൂയയും ഉണ്ടായിരുന്നു. എന്നാൽ യൂറോപ്പും ഇന്ത്യയും തമ്മിൽ ഗതാഗതത്തിന്നുള്ള മാൎഗ്ഗമെല്ലാം മഹമ്മദീയരുടെ കൈവശമായിരുന്നതിനാൽ ആ വഴിക്ക് ഇന്ത്യാരാജ്യമായി കച്ചവടം ചെയ്യാൻ യൂറോപ്യന്മാൎക്ക് അത്ര സൌകൎയ്യമുണ്ടായിരുന്നില്ല. അതുകൊണ്ട് ഇന്ത്യയിലേക്ക് പുതുതായി ഒരു വഴി കണ്ടുപിടിക്കണമെന്നായി യൂറോപ്യന്മാരുടെ മോഹം. ഇതിന്നായി യൂറോപ്പിലെ എല്ലാ നാട്ടുകാരും ഉത്സാഹം തുടങ്ങി. എന്നാൽ അതു കണ്ടുപിടിപ്പാനുള്ള ഭാഗ്യം പോൎത്തുഗീസ്സുകാൎക്കാണുണ്ടായത്. യൂറോപ്പിൽനിന്നു കപ്പൽ കയറി അററ്ലാന്റിക്സമുദ്രത്തിൽകൂടി തെക്കോട്ടു പോയി ആഫ്രിക്ക മുഴുവൻ ചുററി അറബിക്കടലിൽക്കൂടി ഇന്ത്യയുടെ പടിഞ്ഞാറൻ കരയ്ക്കെത്തുക. ഇതാണവർ കണ്ടുപിടിച്ച പുതിയമാൎഗ്ഗം. ഇതു കണ്ടുപിടിച്ചത് ക്രിസ്താബ്ദം പതിനാലാംനൂററാണ്ടിന്റെ അവസാനത്തിലാകുന്നു. "വാസ്കൊഡിഗാമ" എന്നൊരു പോൎത്തുഗീസ്സുകാരനാണ് അതു കണ്ടുപിടിച്ചത്. ഡിഗാമ ആദ്യം കോഴിക്കോട്ടു വന്നിറങ്ങിയതും, സാമൂതിരിയുടെ അനുവാദപ്രകാരം അവിടെ കച്ചവടം തുടങ്ങിയതും, സംഗതിവശാൽ അവർ തമ്മിൽ തെററിയതും, ഡിഗാമ അവിടെനിന്നു പോയി കൊച്ചിയിൽ ചെന്നു കൂടിയതും, അവിടത്തെ രാജാവും സാമൂതിരിയും തമ്മിലുണ്ടായിരുന്ന സഹജവൈരത്തെ കുറെക്കൂടി വൎദ്ധിപ്പിച്ചതും, അവരുടെ തന്ത്രംനിമിത്തം പോൎത്തുഗീസ്സുകാൎക്ക് മലയാളത്തിൽ സ്ഥിരമായി വസിപ്പാൻ തരംകിട്ടിയതും മററും ചരിത്രപ്രസിദ്ധങ്ങളായ സംഗതികളാകയാൽ അതൊന്നും ഇവിടെ വിവരിക്കേണ്ടതില്ലല്ലോ.

(തുടരും)

കെ. സി. വീരരായൻരാജാ ബി. ഏ.

നൂതനവിചാരം *

മനുഷ്യവർഗ്ഗത്തിന്റെ ശരിയായ പഠിത്തത്തിനുള്ള വിഷയം മനുഷ്യൻതന്നെയാണ്, എന്ന് ഒരു ഇംഗ്ലീഷുകവി പറഞ്ഞിട്ടുണ്ട്. ദൈവം മനുഷ്യനെ തന്റെ രൂപത്തിൽ സൃഷ്ടിച്ചു, എന്ന് ക്രിസ്ത്യാനിമതവേദത്തിൽ കാണുന്നുണ്ട്. 'ദൈവം പൂർണ്ണബ്രഹ്മം' എന്ന സംഗതിയെ പ്രതിപാദിച്ചു സ്തുതിപാഠകം ചൊല്ലുന്ന ചിലരാണ് വൈദികമതക്കാർ പറയുന്നത്. അനാദ്യനന്തം, അവിനാശിയും, നിത്യവും, അപരിമിതവും ആയ അനാദ്യന്തരൂപിയായ 'ഭഗവാന്റെ' ഒരു പരിമിതമായ ഭാവപ്രകാശമത്രെ മനുഷ്യൻ എന്ന തത്വജ്ഞാനികൾ പ്രസംഗിക്കുന്നു. മനുഷ്യനിൽ ഈശ്വരാംശവും, മനുഷ്യാംശവും, മൃഗത്തിന്റെയും അംശങ്ങളും ഉണ്ടാകയും ഉണ്ടായിരിക്കെ മൃഗലക്ഷണമായ വാസനകളേയും ചേഷ്ടകളേയും അടക്കിയും, മനുഷ്യസ്വഭാവത്തെ പരിഷ്കരിച്ചു അതിനെ ദിവ്യത്വം വരുത്തുകയാണ്, ഉത്തമവിദ്യാഭ്യാസത്തിന്റെ പരമോദ്ദേശ്യം ആയിരിക്കേണ്ടത് എന്നു, ചില മഹാകവികളും, ദീർഘദർശികളും, ചില മതസ്ഥാപകന്മാരും ഉപദേശിച്ചിട്ടുണ്ട്. ഈശ്വരത്വത്തിന്റെ ശുദ്ധത്വം പരിണാമവിധിയാൽ സ്പഷ്ടമാകുന്നു, എന്നു ജ്ഞാനവിത്തുക്കളിൽ ചില പ്രസംഗിക്കുന്നുണ്ട്. കാമക്രോധാദികളായ പശുസ്വഭാവങ്ങളെ ജയിച്ചു, തപവും ധ്യാനവും യോഗവും പരിശീലിച്ചു, ദിവ്യത്വം പ്രാപിക്കുന്നതിനു പ്രാചീനരിറുഷിപുണ്യന്മാർ യത്നിച്ചു, കാര്യം സാധിച്ചു എന്ന് എത്ര പരിഷ്കൃതഗ്രന്ഥങ്ങളിലും കാണുന്നുണ്ട്. സർവ്വമതങ്ങളുടേയും സാരസംഗ്രഹമായ വേദാന്തം വഴികാണിക്കുന്നതും, ഈപ്രകാരം ചിന്തകന്മാരായ പാശ്ചാത്യന്മാരുടെ ഹൃദയത്തെ ആകർഷിച്ചിട്ടുള്ളതും, ആത്മദർശനം, ആത്മാകർഷണം എന്ന സാമാന്യനാമത്താൽ വിവരിക്കപ്പെടാവുന്ന മേൽപറഞ്ഞ പരിഷ്കാരപരിണാമവിധിതന്നെ. ഒരു വാക്കിൽ പറയുക എന്നു വെച്ചാൽ, മനുഷ്യർ ദിവ്യതയെ പ്രാപിക്കുന്നതു വിചാരണീയമായ ഒരു കാര്യമാത്രമാണ്, എന്നു സ്പഷ്ടമാകുന്നു.

മനുഷ്യരെല്ലാവരും തുല്യന്മാരാണെന്ന ഒരു അഭിപ്രായം ചില ചരിത്രകാരന്മാർ പറഞ്ഞിട്ടുണ്ട്. ചില സാധുക്കളാം അതു വിശ്വസിച്ചു പോയെന്നും വരാം. സത്യം ആലോചിച്ചു നോക്കിയാൽ, മനുഷ്യർ ഒരു കാര്യത്തിലും തുല്യതയില്ലെന്ന് ആർക്കും മനസ്സിലാകും. പക്ഷേ ചില അവകാശങ്ങളെ സംബന്ധിച്ചേടത്തോളം, മനുഷ്യരെല്ലാവർക്കും അന്യോന്യത്തിനു ഒരു തുല്യത ഉണ്ടാകേണമെന്നോ ഉണ്ടാക്കേണമെന്നോ പറയാം. വായു ശ്വസിക്കുന്നതിനോ, സൂര്യതേജസ്സിനെ ഏല്ക്കുന്നതിനോ, ഭൂമിയിൽ ജീവിക്കുന്നതിനോ, സഞ്ചരിക്കുന്നതിനോ, വേല ചെയ്യുന്നതിനോ, സമാധാനം അനുഭവിക്കുന്നതിനോ, എല്ലാവർക്കും അപ്രതിഹതമായ സ്വാതന്ത്ര്യവും, അവകാശതുല്യതയും ഉണ്ടാകേണ്ടതുതന്നെ. അതിനെ വെളിവാക്കാം ചെയ്യുന്നതിനു എല്ലാവരും തെയ്യാർ

* [illegible] സമാജത്തിൽ.

യിരിക്കേണ്ടതും തന്നെ. ഏതുനിമിഷത്തിലും, ഇങ്ങനെ ഉള്ള സംഗതികളിൽപോലും ഒരുവനുള്ള സൌകര്യം മറ്റൊരുത്തനുകൂടി ഒരേവിധം ഉള്ളതായി കാണുന്നില്ല. ഒരുവൻ സാധിച്ചതു മറ്റൊരുവനും സാധിക്കാവുന്നതും സാധിക്കേണ്ടതും തന്നെ. യത്നം ചെയ്യുന്നതിനു ഇച്ഛാവകാശം എല്ലാവർക്കും ഉണ്ട്. യത്നത്തിന്റെ ഫലവും പലവിധമായിരിക്കും. യത്നത്തിന്റെ സ്വഭാവം തന്നെയും ഓരോരുത്തന്റെയും ശക്തിയെ ആശ്രയിച്ചു കാണുന്നു. അതുപ്രകാരം ശക്തിയെ വർദ്ധിപ്പിക്കുന്നതാണ് ഏവരും വേണ്ടത്. ശക്തി വർദ്ധിപ്പിച്ചു, യത്നം ചെയ്തു, ഉന്നതി വരുത്തുകയാണ മനുഷ്യവർഗ്ഗത്തിന്റെ ധർമ്മം. എല്ലാ ആളുകളും ഒന്നുപോലെ ശക്തിയുള്ളവരായി വരുന്നില്ലെങ്കിലും, എല്ലാ ആളുകൾക്കും ശക്തിയുള്ളവരായി വരുന്നതിനു ശ്രമിച്ചുകൂടെന്നില്ല. ശ്രമിക്കുന്നതിനുള്ള സ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടാവണം. ശക്തി ഉളവാക്കുന്നുള്ള മാർഗ്ഗങ്ങളെ പഠിപ്പിക്കാത്ത പഠിത്തം പഠിത്തമെന്ന പേരിന് അർഹതയുള്ളതല്ലെന്ന് ഒരു മഹാൻ പറഞ്ഞിട്ടുള്ളത് ഈ അവസരത്തിൽ സ്മരണീയമാണ്.

മഹാന്മാരുടെ ജീവചരിത്രം പഠിക്കുന്നതെന്തിന്? അവർ മഹാന്മാരായതെങ്ങനെ? നമുക്കും മഹാന്മാരാവാൻ ശ്രമിക്കണം എന്നുള്ള ആഗ്രഹമല്ലേ നമ്മെ പ്രേരിപ്പിക്കുന്നത്? വാസ്തവത്തിൽ ചരിത്രം എന്താണ്? മഹാന്മാരുടെ മഹത്തായ പ്രവൃത്തികളുടെ റിക്കാർട്ടുകൾ അല്ലേ? അവരുടെ വിഷയം മനുഷ്യശക്തിയുടെ മാഹാത്മ്യം ആണല്ലോ. അലക്സാണ്ടർ, ക്രാംവൽ, നെപ്പോളിയൻ, വാഷിങ്ടൺ,— ഇവരുടെ പ്രബലതയും വിജയത്തിനും കാരണം എന്ത്? ഹോമർ, വർജിൽ, ഷേക്സ്പിയർ, മിൽട്ടൺ, വാല്മീകി, കാളിദാസൻ,— എന്ന മഹാകവികൾക്കു പ്രസിദ്ധി എങ്ങനെ ഉണ്ടായി? സോക്രട്ടീസ്, മഹമ്മദുനബി, ബുദ്ധൻ, ശങ്കരാചാര്യർ, ബ്ളവട്സ്കി, മാർട്ടിൻലൂഥർ,— ഇവരുടെ 'ദിവ്യത്വ'ത്തിനു ഹേതു എന്ത്? സമഷ്ടിയായി ഒരുത്തരം വേണമെങ്കിൽ,— അവരുടെ പ്രാധാന്യമെല്ലാം അവരുടെ ശക്തിയിൽനിന്നും ഉണ്ടായിട്ടുള്ളതാണെന്നാണ പറയേണ്ടത്. അവരുടെ ശക്തിയാകുന്ന കാന്തം, അന്നു ജീവിച്ചിരുന്നവരുടെയും, ഇപ്പോൾ ഉള്ളവരുടെയും മനസ്സിനെ ആകർഷിച്ചു അവർക്ക് അധീനമാക്കി ചെയ്തിരിക്കുന്നു. അത്യുത്തമമായുള്ള ശക്തി ഒരുത്തനിൽ ജ്വലിച്ചു കാണുമ്പോൾ, നാം അയാൾക്കു ദിവ്യത്വം കല്പിക്കുന്നു. ദിവ്യത്വമുള്ളവർ അവതാരപുരുഷന്മാരായി ഗണിക്കപ്പെട്ടിരുന്നു. ഒരുവനു മഹത്വം ഉണ്ടാകുന്നത് ഏതോ ഒരു ശക്തിയുടെ പ്രവൃത്തിയാണെന്നു നാം കാണുന്നു. ഈ മഹത്തായ ആത്മശക്തിയുടെ ഉത്ഭവം എവിടെ? ഇങ്ങനെ ഒരു ശക്തിയുണ്ടെന്നു നാം അറിയുന്നുവെങ്കിലും, അതിന്റെ സ്വഭാവത്തെപ്പറ്റി ഇതുവരെ ശരിയായ അറിവു നമുക്കു ലഭിച്ചിട്ടില്ല. എങ്കിലും ഈ ശക്തി പ്രാകൃതികമായും മാനസികമായും ഉള്ള ശോധനവിധികളെ അനുകരിച്ചു സർവ്വകാലങ്ങളിലും പ്രവർത്തിക്കുന്നുവെന്നു ശാസ്ത്രജ്ഞന്മാർ അറിഞ്ഞിട്ടുണ്ട്.

ഈ ശക്തിയുടെ പ്രവൃത്തിയെപ്പറ്റി ഈജിപ്തിലെ പുരാതനാചാര്യന്മാർക്കും, ഇൻഡ്യയിലെ മഹർഷിമാർക്കും പണ്ടുപണ്ടേ അറിവുണ്ടായിരുന്നുവെന്നു പൂർവ്വഗ്രന്ഥങ്ങൾ തെളിയിക്കുന്നു. എന്നാൽ ഈ ശക്തിയെപ്പറ്റി പാശ്ചാത്യരാജ്യങ്ങളിൽ വിദ്വാന്മാരുടെ ഇടയിൽ അന്വേഷണം ഉണ്ടായിട്ടുള്ള

ടങ്ങിയതു് പത്തൊമ്പതാംനൂററാണ്ടിൽ ആണ്. ഇംഗ്ലണ്ടിലെ മാനസികതത്വാന്വേഷണസംഘത്തിന്റെയും, അമേരിക്കയിലെ ന്യൂയാർക്ക്ശാസ്ത്രകലാലയത്തിന്റെയും, പ്രധാനമായി ഈ ശക്തിയുടെ സ്വഭാവത്തിന്റെയും, പ്രകാശത്തിന്റെയും, ഗതികളെപ്പററി ശാസ്ത്രീയമായ വിചാരണ ചെയ്തുകൊണ്ടാകുന്നു. മെല്ലാത്ത സംഘങ്ങളും, അവയുടെ പ്രവൃത്തിയെ പിന്തുടരുന്ന മറു സ്ഥാപനങ്ങളും, മാനസികശക്തിയെ വിഷയമാക്കി അനേകം പരീക്ഷകളും പ്രയോഗങ്ങളും നടത്തി അതിന്റെ സാമാന്യവിധികളെ പ്രതിപാദിച്ചിട്ടുണ്ട്. മനസ്സിനെ ശാസ്ത്രീയമായ രീതിയിൽ പഠിപ്പിക്കാനും, തന്മൂലം മാനുഷജീവിതത്തെ, ഉയർത്തി ഉത്തമഫലപ്രദമാക്കാനും, ശ്രമിക്കേണ്ടതു് എല്ലാവരുടെയും ശ്രേയസ്സു വിജയിക്കുന്നതിന് അത്യാവശ്യമാണെന്നു് അഭിജ്ഞന്മാർ പ്രസ്താവിക്കുന്നു.

മാനസികശക്തിക്കു് ആത്മകാന്തശക്തി, ബ്രഹ്മതേജസ്സ്, ഓജസ്സ്, എന്നെല്ലാം പേരുകളുണ്ട്. പേരെന്തായാലും, ഇതു് ഒരു സൂക്ഷ്മശക്തിയാണ്. മനുഷ്യന്റെ വിധിയെ നിയന്ത്രിക്കാനുള്ള സാമർത്ഥ്യം ഇതിനുണ്ടെന്നു തീർച്ചതന്നെ. വിജയത്തിന്റെ ബീജം ഇതിൽ നിക്ഷിപ്തമായിരിക്കുന്നു. കാന്തശക്തിയുള്ളവർ ജനങ്ങളുടെ ഇടയിൽ പ്രശസ്തിയും, പെരുമയും, നേതൃത്വവും സിദ്ധിക്കുന്നു.

“താൻപാതി, ദൈവം പാതി”, എന്ന പഴമൊഴി അർത്ഥം പറഞ്ഞിട്ട മനുഷ്യർ ആത്മമാഹാത്മ്യം ഒട്ടൊക്കെ ഉള്ളവരായിരുന്നു. മനുഷ്യനെന്ന ദിവ്യത്വം പ്രാപിക്കാമെന്ന ധൈര്യത്തോടുകൂടി പ്രസ്താവിക്കുന്ന മനുഷ്യർ ആത്മശക്തിവിധികളെ ഗ്രഹിച്ചവരായിരിക്കുന്നതല്ലോ. അവരുടെ മതപ്രകാരം, മനുഷ്യൻ അവനവന്റെ വിധിയ്ക്കു കാരണഭൂതനായി ഭവിക്കുന്നു. “അവന്റെ പ്രവൃത്തിയുടെ ഫലം താൻ അനുഭവിക്കുന്നു,” എന്ന വാക്യത്തിനു് ഒരു പുതിയ അർത്ഥവും സിദ്ധിക്കുന്നു. അവന്റെ ഭാഗ്യാഭാഗ്യങ്ങളുടെ സ്രഷ്ടാവു താൻതന്നെ ആകുന്നു. വിജയമോ തോൽവിയോ ഉണ്ടാകുന്നതു താൻതന്നെ. ഇപ്രകാരമാണ നൂതനവിചാരശാസ്ത്രജ്ഞന്മാരുടെ മതം.

മുൻകാലങ്ങളിൽ വിഖ്യാതന്മാരായിരുന്ന മഹാപുരുഷന്മാരുടെ ചരിത്രം പരിശോധിക്കുക. അവരുടെ വിജയത്തിന്റെ മൂലകത്തെ ചിന്തിക്കുക. മററുള്ളവരുടെ മനസ്സിനെ വശീകരിക്കുകയും, നയിക്കുകയും ചെയ്യാനുള്ള ശക്തിയെ യഥാവസരം യഥാക്രമം പ്രയോഗിച്ചാണ് അവർ കേമന്മാരായതെന്നു നാം കാണുന്നു. രാജാക്കന്മാർ, മന്ത്രിമാർ, സേനാനായകന്മാർ, മതകന്മാർ ആദിയായ മാനുഷകേസരികൾക്കു ദൃഷ്ടിയിലും വാക്കിലും, വശ്യം ഉണ്ടായിരുന്നു. അവരെ കാണുമ്പോഴും, അവരുടെ വാക്കു കേൾക്കുമ്പോഴും, അന്യന്മാർ അവർക്കു വശംവദന്മാരായി ഭവിച്ചുപോയിരുന്നു. ഈ വശീകരണശക്തി എല്ലാവർക്കും ഏറെക്കുറെ ഉണ്ടെന്നും, അതിനെ ഉണർത്തി പ്രബലപ്പെടുത്തുവാൻ ആർക്കും സാധിക്കുമെന്നും ആകുന്നു നൂതനവിചാരശാസ്ത്രം ഉദ്ഘോഷിക്കുന്നതു്.

“മെസ്മറിസം” ഈ ശക്തിയുടെ പര്യായമെന്നു വൈദ്യശാസ്ത്രജ്ഞന്മാർ ഇപ്പോൾ ഗണിച്ചുപോരുന്നു. ആരോഗ്യം, സമ്പത്തു, സൗഭാഗ്യം, പ്രതാപം, എന്നിവയെ കൈവശപ്പെടുത്താൻ കാന്തതുല്യമായ ഈ ശക്തി ഒരുവനു സാമർത്ഥ്യം നൽകുന്നു. പ്രത്യക്ഷാനുഭവംകൂടാതെ അപൂർവ്വം ചിലർ വിപരീതാഭിപ്രായക്കാരായുണ്ടെങ്കിലും, മററ്

ളവർക്ക് വിശ്വാസം ആവശ്യമില്ലാത്തവയ ന്നില്ല. ചിലർക്ക് വശ്യശക്തി സഹജമായി ഉണ്ടാകുന്നു. അങ്ങനെ ഉള്ളവർ ആയിരത്തിലൊന്നോ രണ്ടോ കാണുമായിരിക്കും. മറ്റുള്ളവർക്ക് ഈ വിദ്യ അഭ്യാസത്താൽ വരുന്നതാം. വരുത്തിക്കഴിഞ്ഞാൽ അവർക്കു മറ്റുള്ളവ 'തായിരിക്കുന്നു' ബോദ്ധ്യപ്പെടുത്താവുന്നതാണ്.

ജീവിതത്തെ കൃതാർത്ഥമാക്കണമെന്നാണ് എല്ലാവർക്കും ആഗ്രഹം. ജീവിതം കൃതാർത്ഥമാകുന്നതിനു മനോവശ്യവിദ്യ ആവശ്യമാണെന്നു നൂതനവിചാരക്കാർ പ്രസ്താവിക്കുന്നു. ശക്തി, സ്വാസ്ഥ്യം, ഐശ്വര്യം, ജയം, തുടങ്ങിയ ഗുണങ്ങൾ നൂതനവിചാരപരിശീലനംകൊണ്ടു താനെ വർദ്ധിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ല.

മഹാന്മാർ ലോകോപകാരകത്വത്തിന് ആവശ്യമുള്ളവയെല്ലാം ആകർഷണംകൊണ്ടു സമ്പാദിക്കാൻ കഴിയുന്നു. വേണ്ടതെല്ലാം നമ്മുടെ ചുറ്റും നിറഞ്ഞിരിക്കുന്നു. അവയെ ശേഖരിച്ചുകൊണ്ടു വരുന്നതിനു ശക്തി ഒരു യന്ത്രമായിത്തീരുന്നു. അതെങ്ങനെയാണെന്നുള്ളതു നാം അഭ്യസിച്ചു, മനസ്സിലാക്കി, അനുഭവംകൊണ്ടു കാണണം.

ഇങ്ങനെ ഒരു ശക്തിയുണ്ടോ എന്നു ഇതു വായനക്കാരിൽ ചിലർക്കു അല്ലെങ്കിൽ പലർക്കും സംശയം തോന്നാം. അവർ താഴെ കാണുന്ന സംഗതികളെപ്പറ്റി ചിന്തിക്കട്ടെ. ഒരാൾക്കു മറ്റൊരുവന്റെ പ്രവൃത്തിയെ നിയന്ത്രിക്കാൻ കഴിയുന്നില്ലേ? ചില ആളുകൾ, മറ്റുചിലരെക്കാൾ, വേഗത്തിൽ പരഹൃദയം കൈവശപ്പെടുത്തുന്നില്ലേ? നിമിഷംതന്നെ ചിലരെക്കൊണ്ടു ഒന്നു ചെയ്യിക്കാൻ എളുപ്പവും, മറ്റുള്ളവരെക്കൊണ്ടു അതുതന്നെ ചെയ്യിക്കാൻ പ്രയാസവും, ഉള്ളതായി അനുഭവം ഉണ്ടായിട്ടില്ലേ? അങ്ങനെ വരുന്നതു കേവലം അവരുടെ സാമർത്ഥ്യത്തിന്റെ ഏറ്റക്കുറവുകൾകൊണ്ടുമാത്രമാണോ? വാക്ക്, സംഭാഷണം, നോട്ടം, ഇതുകളെക്കൊണ്ടു ചിലർ ചില പ്രവൃത്തികളെ നടത്തുകയും തടയുകയുംചെയ്യുന്നില്ലേ? ഒരാൾക്കു മറ്റൊരാളുടെ മനോവ്യാപാരത്തെ നയിക്കുവാൻ സാധിക്കുന്നതെങ്ങനെയെല്ലാമാണെന്നു അറിയാൻ കഴിയുമെങ്കിൽ, പരനിയന്ത്രണത്തിന്നും സമാധാനത്തിനും, ആ വഴി അറിയേണ്ടതു എല്ലാവർക്കും ആവശ്യമെന്നു, നാം കാണുന്നു.

വശ്യവിദ്യ ഒരു രഹസ്യമാകുന്നു. അതിനു മാസ്മരം, ഹിപ്നോട്ടിസം, വിചാരശക്തി, യോഗശക്തി, ദൈവാധീനം, സ്വകാന്തം, എന്നൊക്കെ പേരുകൾ പറയുന്നു. ഈ വിദ്യകളുടെ മൂലകളെ സുഗമമായും, അപകടംകൂടാതെയും, പഠിക്കുന്നതിനും, പ്രയോഗിക്കുന്നതിനും സാധിക്കാത്തതല്ല. എന്നുമാത്രമല്ല, മനുഷ്യന്റെ മനസ്സിനുണ്ടാകാവുന്ന ശക്തിയെ വർദ്ധിപ്പിക്കുന്നതുകൊണ്ടു, നല്ലകാര്യം ചെയ്യണമെന്നും, നല്ലവിചാരം വിചാരിക്കണമെന്നും, കരുതൽ ഉള്ളവർക്കു എല്ലാ പ്രകാരേണയും ഗുണം ഉണ്ടാകുകയും ചെയ്യും.

കെ. പരമുപിള്ള, എം. എ.

കംസവധം (തുടർച്ച)

ഇത്തരം നൃപസാദ്ധ്യമൊരു! പാക-
ശാസ്ത്രമാം മന്ത്രിണാം
ധർമ്മം കേൾ കലസമ്പ്രദായമല്ലെടോ.
സൂർദാക്കോപകൃതരാകകാലാ
സമ്മാനിക്കിലുമേഷ നീ തലമുറി-
ച്ചാമനങ്കവെച്ചീടിലും
ചെമ്മേ നല്ലതൊഴിഞ്ഞു വല്ലതെയാ
ചൊല്ലുന്നതില്ലാന്നമേ
മന്ത്രാർനായക! ശോകല വള്ളമേ-
നാദാത്മജം സാഗ്രജം
തന്നെ കേവലഗോപബാലകനിതെ-
ന്നോന്നും നിനച്ചീടൊലാ.
എന്നാൽ നല്ലതിനെന്നുതുടങ്ങുക വിഭോ!
കേൾ ദൈവനിച്ഛയും ഫലം
നിഷ്പ്രീതം പുനരെങ്കിലും തവ നിയോ-
ഗം കണ്ണുതേച്ചീ ഞാൻ.
ഇത്ഥം പറഞ്ഞു ഹരിപാദസരോജമോർത്തു
സദ്യഃ ശ്വഫൽക്കതനയോ വിനയാഭിരാമ
(ന്മാ
മുത്ഥൽപ്രമോദമതിരേ സമ തേർ കരേറി
പ്രസ്ഥായ ഗോപപുരിനോക്കി നടന്നിതെ
(ല്ലോ.
ഘോഷന്നേരം ജഗന്നായകപദകമലം
ചിന്തിച്ചാണി നിനച്ചു
രാഗാലോലം തദാലോകനസുഖമകമേ
പാർത്തു പേർത്തും തെളിഞ്ഞും
മാഴ്കീടാതും മണിതേരിലിരുകിയുമനാദി-
യതാതമാർഗ്ഗാന്തരാളം
വേഗാലക്രൂരനേവം പോയ്ഗ്ഗിവസപതിനെ-
ന്നസ്തഗാമേ ജഗാമേ
(തതാ
ഇത്ഥപ്പോളുമ്പാട്ടിതന്നാകണ്ണളവിസ്മയനാ
ശംഖചക്രധ്വജാങ്കിതൈഃ

ശിള്ളം കോലുന്ന ഇതലടികൾതതമതരെ
കണ്ടെന്തോ നാനിനഹോ
ഉൾപ്പന്നാനന്ദവാപ്പും പലവഴിയിലുമേ-
ഞാൻ നിജാംഗേഷു മെന്നേ.
മെല്ലെപ്പൂതം തേരന്തേപ്പാൻ പൊട്ടിനിമ പടി-
കംഗേരാഗാദിപോലെ. (മേവ
വാരാന്നകംശനിരാജിപിണങ്കണിഗോ
രോചനാതിലകകാന്താ ഭനാവിപ്പതിതാ
ന്തം ഖലജനാന്തകാനന്ദം വലിതകുപൊള്ളു
നികരമനിനടുവിൽ വിലസുമൊന്നു വലമ
ധനമനിവ മന്ദാനം കാരുണ്യനന്ദമി
തവിശാലാക്ഷിപങ്കജമധി നീരപ്പിടം
പൊടിയുമ്മം കലിതധാമളം കവിളിണ
യിൽ മേളം കലമണികഴലിണയുമകട
യ തിലകൂലചൂതൽപടിയുമസിതഘനാകാ
രം മംഗല്യതൊളിൽ മണിശൃംഗം കരാഗ്ര
മുവിചെവക്കാലുതാൻ നവകാമം മഹിതവ
നമാലം തിരയുമസികാമം മഹിമയോടു ത
ടവിനവരപാടിനിറയുമന്നതമെവഴിലോ
ളിവുമധികമധിരാമം താലാകനോട്ടമ
ത്ഭുതമായേന സഹഭാലധ്രജാകണവി
ലാഗ ധരണിഷരിലോകേ ഭൂതവസതിമാ
കെ പുകൾവതിനസ്യുതമിത്രസകലപ
തിമതിലച്ചിതപച്ചപാതനമൊവിടെ വിലു
ലോകേ,
കണ്ടെന്നോളെഞ്ഞതന്നാ നിറുകയിൽ നിവിമ-
ജ്ജീ ദീഗ്ഗവപ്രണാമം
താനേരകൈകൊണ്ടു വീണീടിനാസ്യതിനമ-
ക്രൂരദേർക്കൊണ്ടകാർദ്ദ്യം.
സാനന്ദം ഇക്കരാഭ്യാം പ്രിയസഖമമുതം
മിംഗ്യ തെര രാമകൃഷ്ണൌ
മാനിച്ചുതവദ്ദ്യ പൂജാതതിഥിസൽചിതാം
ചക്രമുൽസ്സൂഷ്ടമെം,

സല്ലാപജാലേന വിനോദ്യ ഭീതം
പര്യങ്കമാരോപിതമന്തരാഗം
ബല്ല്യ കരാഗ്രേണ കരം ഗൃഹീത്വാ
കല്യാണധാമാ ഭഗവാൻ ബഭാഷേ.
ഓർക്കുക! മത്സഖി! ചൊല്ലൊല്ലാത്തപ്പുരുഷ
രാജന്മാരാം ഭോജനായകർ (ര.
ദുഷ്പ്രാണന്മാ രാജ്യലോഭ മദമേറിയതിമോ-
ഹേന വാഴ്ന്നതല്ലീ.
ശ്രീപാദ്ധ്യലോകലോകങ്ങൾ എന്ത ജന്മനി-
ക്കും പിന്നാലിനിയെല്ലാം.
ഇക്കാലം നല്ലതല്ലീ കഥയ ഇന്നിനിയെ
സൗഖ്യമല്ലീ ഭവാനും.
എന്തോ! നീയെന്നുവാൻ നൃപസമസിമോ-
ന്നിതിനാന്തു രക്തന്നും.
ഇന്നുമുല്ല്യം ഭവാനിന്നരികിൽ വരികയും
ഞാനാക്കയും തിന്നായി
എന്തെല്ലാം പോൽ മതം മാറ്റലുമെന്നെ
ച്ചിട്ടുരായം വിശേഷാൽ (ശി.
ലലന്തോന്നാരൈ്യസംപ്രാപ്തനെന്നതിൽ
പോല്ലോടാ വൈകിയാതെ,
സൽകാമദൃഷ്ടിതിരോപകമാരുമേയം
ഒക്കെക്കൊണ്ടുദേവമൌപതമാർത്തുമിതപ്പൂനെ
(ര.
അക്ഷീണമക്തിമാസഗൽഗൾമുകൃവെച്ചു.
ബല്ല്യരാം തെന്നുതന്നതോടുഴതന്റേതോടൊപ
കേന്ദ്രനാരാം ബകോദാവലി കൊതിയൊത.
നിലജിജ്ഞരമി മാം (കം
ക്ഷുദ്രം ദാനം ദയാസാഗരേ പലവഴിമാം.
നിച്ചന്താക്ഷം മോയാം
സത്യം ശ്രീധാനതം തേ കരുണകിലിതി.
ഉണ്മമിസ്യാമരണനി (രാ.
പ്രത്യുക്തിം മനോമന്നേ തജപോചകമയ
തോന്നിത്തോടമെല്ലാം.
ഇക്കാലം ഭോജരാജൻ മധുരയിലൊന്ന കോ-
ണ്ടധ്യായഗം വിശേഷാൽ.
മുൻപൊരിച്ചനയ്യാൻ ജഗതി മണിമട-
ക്കോലം ഭൂപാലകാനാം
ഭോഷ്മാഗോനിയോഗിച്ചുനന്തതിയും
കൊണ്ടുനാൾിരോരൈ.
മൊക്കിൽ ഉല്ലുമാമൈവിമെവിലിഖവയ.
ത്തിട്ടീയൈനിവണ്ണും.
(തുടരും)

ഹിന്തുക്കളും രസശാസ്ത്രവും



രസശാസ്ത്രത്തിന്റെ പ്രചാരംകൊണ്ടു ലോകത്തിനുണ്ടായിട്ടുള്ളതും ഉണ്ടാകുന്നതുമായ അഭിവൃദ്ധി കവിതയിലും അപ്രധാനമല്ല. ഉപയോഗമാർഗ്ഗത്തിൽ ഇത്രയും പ്രാധാന്യമുള്ള ശാസ്ത്രം വേറെ അധികമുണ്ടെന്നു തോന്നുന്നില്ല. ആധുനികകാലത്തു, പാശ്ചാത്യപണ്ഡിതന്മാരുടെ ബുദ്ധിശക്തിയും പ്രയോഗസാമർത്ഥ്യവും നിമിത്തം രസശാസ്ത്രത്തിന് അത്ഭുതപൂർവ്വമായ അഭിവൃദ്ധി സിദ്ധിച്ചിട്ടുണ്ടെന്നുള്ളതും നിർവ്വിവാദമാണ്. എന്നാൽ ഇതുകൊണ്ട് ഈ ശാസ്ത്രത്തിന്റെ ഉപജ്ഞാതൃത്വംതന്നെ തങ്ങൾക്കാണെന്നു പാശ്ചാത്യന്മാർ വാദിക്കുന്നതു ശരിയാണെന്നു തോന്നുന്നില്ല. അനേകശാഖകളായ വിഷയങ്ങളിൽ അഭിമാനം ഭാവിക്കുന്നതു സഹജമാ

ണെങ്കിലും, പലപ്പോഴും അത് അസ്ഥാനത്തിൽ പരിണമിക്കുന്നത് അനുഭവസിദ്ധമാകുന്നു. രസശാസ്ത്രത്തെ സംബന്ധിച്ചേടത്തോളം പറയുന്നതായാൽ, അതിനെ ഉത്ഭാവനം ചെയ്യുന്നവരുടെ പേരിൽ വിചാരിക്കേണ്ടതായ ബഹുമാനവും കൃതജ്ഞതയും ഹിന്ദുക്കളോടാണ കാണിക്കേണ്ടതെന്ന്, അവരുടെ പ്രാചീനഗ്രന്ഥങ്ങളിൽനിന്ന തെളിയുന്നുണ്ട്.

ഹിന്ദുക്കളുടെ ഗ്രന്ഥസഞ്ചയത്തിൽ വളരെ പ്രധാനവും പുരാതനവുമായ 'ഛാന്ദോഗ്യോപനിഷത്തിൽ'തന്നെ, രസശാസ്ത്രസഹായംകൊണ്ടു സാധിക്കാവുന്ന പല വിദ്യകളെയും ഉല്ലേഖനംചെയ്യുകാണുന്നു. വാത്സ്യായനമഹർഷി ഉണ്ടാക്കിയ കാമസൂത്രത്തിൽ, അറുപത്തിനാലു കലാവിദ്യകളെപ്പറ്റി പറഞ്ഞ കൂട്ടത്തിൽ സ്വർണ്ണപരീക്ഷ, രത്നപരീക്ഷ, ധാതുവാദം, വർണ്ണനാവിദ്യ മുതലായി അനേകം വിഷയങ്ങളെ പരിഗണനം ചെയ്തിട്ടുണ്ട്*. 'ശുക്രനീതി'യിൽ, മിശ്രധാതുക്കളെ വേർതിരിക്കുവാനും ക്ഷാരംകൊണ്ടു ധാതുക്കൾക്ക് ശുദ്ധി വരുത്തുവാനും ഉള്ള വിദ്യയെ വർണ്ണിച്ചുകാണുന്നു. മാധവാചാര്യരുടെ കൃതിയായ 'സർവ്വദർശനസംഗ്രഹ'†ത്തിൽ രസേശ്വരദർശനം എന്ന ഒരു പ്രകരണംതന്നെ രസശാസ്ത്രത്തിനായി ഉപയോഗിച്ചിരിക്കുന്നു. അതിൽ, രസാർണ്ണവം രസഹൃദയം മുതലായ പ്രാചീനഗ്രന്ഥങ്ങളിലെ വാക്യങ്ങൾ എടുത്തു ചേർത്തിട്ടുണ്ട്. 'രസഹൃദയ'പ്രണേതാവായ ഗോവിന്ദഭിക്ഷുവിനെ പ്രാചീനാചാര്യൻ എന്ന മാധവാചാര്യർ പറഞ്ഞുകാണുന്നു. അതിനാൽ ഗോവിന്ദഭിക്ഷുവിന്റെ രസഹൃദയം 11-ാം നൂറ്റാണ്ടിൽനിന്ന് അപ്രാചീനമായി വരുവാൻ വഴിയില്ല. രസഹൃദയത്തിൽ, രസം ശുദ്ധിവരുത്താനുള്ള സമ്പ്രദായങ്ങളെ യന്ത്രസഹായത്തോടുകൂടിയും വിസ്തരിച്ചു നിരൂപിച്ചിട്ടുണ്ട്. പരിശോധനശ്രമങ്ങളെപ്പറ്റി പറഞ്ഞ ഘട്ടത്തിൽ, താൻ വാർത്തികക്കാരോടു വളരെ കടപ്പെട്ടിട്ടുള്ളതായി രസഹൃദയകർത്താവ് എടുത്തു പറഞ്ഞിരിക്കുന്നു. അതിനാൽ, ഗോവിന്ദഭിക്ഷുവിന്റെ കാലത്തു വാർത്തികക്കാരോടുകൂടി വിസ്തൃതമായ രസശാസ്ത്രം ഉണ്ടായിരുന്നുവെന്ന തെളിയുന്നു. അദ്ദേഹത്തിന്റെ കാലം 11-ാം നൂറ്റാണ്ടിനെ സമീപിച്ചായതുകൊണ്ട്, 10-ാം നൂറ്റാണ്ടിലോ 9-ാം നൂറ്റാണ്ടിലോ അതിനും മുമ്പുതന്നെയോ ഇന്ത്യയിൽ രസശാസ്ത്രം പ്രചരിച്ചിരുന്നുവെന്ന ഊഹിക്കപ്പെടുന്നു.

'ചക്രദത്തസംഹിത'യുടെ കർത്താവായ ചക്രപാണി എന്ന ആചാര്യർ രസശാസ്ത്രചരിത്രത്തിൽ പ്രസിദ്ധനാണ്. അദ്ദേഹം ഗൌഡരാജാവായ നയപാലന്റെ രാജധാനിയിൽ രാജവൈദ്യനായിരുന്നു. അദ്ദേഹത്തിന്റെ കാലം സുമാർ 1050-ാമാണ്ടു സമീപിച്ചാണെന്ന വിശ്വസിച്ചുവരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ ലോഹം ശുദ്ധിചെയ്തു രസായനമായി ഉപയോഗിക്കുവാനുള്ള പാകക്രമത്തെ വിസ്തരിച്ചു നിരൂപിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹവും താൻ എടുത്തിട്ടുള്ള ലോഹശാസ്ത്രം അഭിനവമല്ലെന്നും, നാഗാർജ്ജുനൻ എന്ന മഹർഷിയാണ് അതിന്റെ ആദികർത്താവെന്നും* പ്രസ്താവിച്ചിരിക്കുന്നു. ചക്രദത്തവ്യാഖ്യാ

* Chemistry and Metallurgy

† ഇതിന്റെ കാലം ക്രിസ്ത്വബ്ദം 1350 ആണ്.

* 'നാഗാർജ്ജുനേനാഭിഹിതാ [illegible] ശാസ്ത്രമതിം [illegible].'

ചക്രദത്തസംഹിത.

ന്മാരായ ആചാര്യർ പതഞ്ജലി എന്നൊരു പ്രാചീനാചാര്യനെ വലിയ പ്രമാണമായി ഉദാഹരിച്ചിട്ടുണ്ട്. ഈ പതഞ്ജലി, സംസ്കൃതസാഹിത്യത്തിൽ അദ്വിതീയനായി ഗണിക്കപ്പെടുന്ന സാക്ഷാൽ പതഞ്ജലിമഹർഷിതന്നെ ആയിരിക്കണം. അദ്ദേഹത്തിന്റെ വ്യാകരണത്തിലും യോഗശാസ്ത്രത്തിലും പ്രഖ്യാതിയുള്ളതുപോലെ വൈദ്യവിദ്യയിലും പ്രസിദ്ധിയുണ്ടെന്നു സുപ്രസിദ്ധമാണല്ലോ. ഇതെല്ലാംകൂടി ആലോചിക്കുമ്പോൾ, പതഞ്ജലിയുടെ കാലത്തിനുമുമ്പുതന്നെ ഇന്ത്യയിൽ രസശാസ്ത്രം പ്രതിഷ്ഠനേടി പ്രചരിച്ചിരിക്കണമെന്നും, അക്കാലത്തെ വിദ്വാന്മാർ രസായനശാലകൾ സ്ഥാപിച്ചു രസക്രിയ ചെയ്തുവന്നു പതിവായിരുന്നുവെന്നും വിശ്വസിക്കേണ്ടിയിരിക്കുന്നു.

ഹിന്ദുരസശാസ്ത്രചരിത്രം (1) എന്ന ഗ്രന്ഥം എഴുതിയ ഡാക്ടർ പ്രഫുല്ലചന്ദ്രരായ്, ഡി. എസ്സ് സി. എന്ന വിദ്വാൻ, ഹിന്ദുക്കളുടെ രസശാസ്ത്രത്തിന്നുള്ള വയസ്സ് അതിപ്രാചീനമാണെന്നു യുക്തിപ്രമാണസഹിതം സ്ഥാപിച്ചിരിക്കുന്നു. എന്നാൽ, ആദ്യം ആ പുസ്തകം പ്രസിദ്ധപ്പെടുത്തിയ കാലത്ത്, അതിപ്രധാനവും പ്രാചീനവുമായ 'രസഹൃദയം' എന്ന തന്ത്രം ലഭ്യമായിരുന്നില്ല. മിസ്റ്റർ റായ് 'മോഡേൺ റിവ്യൂ' വിൽ, രസഹൃദയം എന്നതു മാത്രമേ അറിവു കിട്ടിയുള്ളുവെന്നും അതിനെപ്പറ്റി തനിക്ക് അതിമാത്രമായ ബഹുമാനം ഉണ്ടെന്നും എഴുതിയിരുന്നു. ഇയ്യിടയിൽ മാത്രം രസശാസ്ത്രചരിത്രത്തിന്റെ രണ്ടാംഭാഗം പ്രസിദ്ധപ്പെടുത്തിയതിൽ, ആ ചരിത്രകാരന്റെ ദൃഷ്ടിക്ക് ഗോചരമാകാവുന്നേടത്തോളം സൂക്ഷ്മമായി രസഹൃദയത്തെ നിരൂപണം ചെയ്തിട്ടുണ്ട്.* രസഹൃദയത്തെപ്പോലെ പ്രാധാന്യമുള്ളതും അത്രയധികം സുഗമവും ആയി രസശാസ്ത്രത്തിൽ വേറെ ഒരു ഗ്രന്ഥം ഉണ്ടോ എന്നു സംശയമായതുകൊണ്ട്, അതിനെയും അതിന്റെ കർത്താവിനെയും പറ്റി അല്പം പ്രസ്താവിക്കാം.

രസഹൃദയത്തിന്റെ കർത്താവു ഗോവിന്ദഭിക്ഷു ആണെന്നു മുമ്പു പറഞ്ഞുവല്ലോ. ശങ്കരാചാര്യരുടെ ഗുരുനാഥനായി അറിയപ്പെടുന്ന 'ഗോവിന്ദഭഗവൽപാദ'നും ഈ ഗോവിന്ദഭിക്ഷുവും ഒരാൾതന്നെയാണെന്നു വിശ്വസിക്കാം. 'ശങ്കരവിജയ'പ്രണേതാവായ മാധവാചാര്യർ, തന്റെ തന്നെ കൃതിയായ സർവ്വദർശനസംഗ്രഹത്തിൽ ഗോവിന്ദാചാര്യരെ വലിയ ഗുരുവായി ഉദാഹരിച്ചുകാണുന്നതും, രസഹൃദയത്തിലെ

'ബാലസ്സമാധ്യശ്രവണോ
വിദ്വജ്ജനസംസാരഖേദചരണഃ
യാതവിശേഷജ്ഞാനോ
ഭിക്ഷുഃ ഗോവിന്ദനാമകൃതി'

എന്ന പദ്യത്താലും, ശങ്കരാചാര്യരുടെ 'ബാലമന്ദവദ ശ്രീധാനനം' ഇത്യാദിയായ ഗീതഗോവിന്ദത്തിലെ ശ്ലോകത്തിലും തമ്മിൽ യോജിക്കുന്നത് അത്യന്തം വ്യക്തമായിരിക്കുന്നതും ഈ വിശ്വാസത്തിനെ സമർത്ഥിക്കുന്നുണ്ട്. 'മുഗ്ധാവബോധിനി' എന്ന രസഹൃദയവ്യാഖ്യാനം എഴുതിയ ചതുർഭുജമിശ്രനും, 'രസേന്ദ്രചിന്താമണി'കാരനായ ശ്രീരാമചന്ദ്രനും ഗോവിന്ദഭിക്ഷുവി

(1) The History of Hindu chemistry

* യാദവജീ ത്രികംജീ ആചാര്യർ എന്ന വിദ്വാന്റെ വകയായി ബോംബെയിൽനിന്നു പുറപ്പെടുന്ന 'ആയുർവ്വേദഗ്രന്ഥമാല'യിൽ രസഹൃദയം ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ന്നു 'ഗോവിന്ദഭഗവൽപാദാചാൎയ്യർ' എന്ന ബിരുദനാമമായി പറഞ്ഞുകാണുന്നതിൽ പ്രദൎശിപ്പിച്ചിട്ടുള്ള ഗൌരവവും, അദ്ദേഹം ഒരു ഉത്തമപണ്ഡിതനായിരുന്നുവെന്നു തെളിയിക്കുന്നുണ്ട്. ആചാൎയ്യസ്വാമികളുടെ ജീവിതകാലത്തോടു തട്ടിച്ചുനോക്കുമ്പോൾ ഗോവിന്ദദീക്ഷിതന്റെ കാലം അടുത്തുവരുന്നുമുണ്ട്. അതിനാൽ അദ്ദേഹത്തിനു കൊടുക്കുന്ന ഈ മാന്യത വെറും സ്വപ്നമല്ലെന്നു തീൎച്ചതന്നെ.*

സംഗ്രഹത്തിന്റെ അവസാനത്തിൽ ഗോവിന്ദദീക്ഷിതർ, തന്റെ ചരിത്രത്തെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ട്. അതിൽ, അദ്ദേഹം ചന്ദ്രവംശത്തിൽപ്പെട്ട ഹൈഹയകുലത്തിലെ ഒരു രാജാവായിരുന്ന മഹാദേവന്റെ രാജധാനിയിൽ നിത്യവാസിയായിരുന്നുവെന്നു കാണുന്നു. അദ്ദേഹവും, സംഗീതശാസ്ത്രത്തിൽ പാണ്ഡിത്യവും പരിചയവുമുള്ള ഒരു 'സംഗീതജ്ഞൻ' ആയിരുന്നു. ഹൈഹയവംശരാജാക്കന്മാരുടെ വംശാവലിയെ 'കനിങ്ങാം' എന്ന വിദ്വാൻ സമ്പാദിച്ചിട്ടുള്ളതിൽനിന്നും(1) ആ വംശത്തിൽ കാമദേവൻ എന്നൊരു രാജാവു ക്രി. ൧൬-ാം ശതാബ്ദത്തിൽ നാടുവാണിരുന്നുവെന്നു കാണുന്നു. ഒന്നാംകാമദേവൻ എന്ന പേരുകൊണ്ടുള്ള പൎയ്യായസംബന്ധങ്ങൾകൊണ്ടും, വംശാവലിയിൽ വേറെ കാമദേവനെ കാണാത്തതുകൊണ്ടും ഗോവിന്ദദീക്ഷിതന്റെ സ്വാമി അദ്ദേഹം തന്നെയാണെന്നൂഹിക്കാം. അതുകൊണ്ട്, സംഗ്രഹകാരനായ ഗോവിന്ദദീക്ഷിതന്റെ കാലം ക്രി. ൧൬-ാം ശതാബ്ദമാണെന്നു സിദ്ധിക്കുന്നു.

ഗോവിന്ദദീക്ഷിതനു മുമ്പും അനേകം വിദ്വാന്മാരുണ്ടായിട്ടുണ്ടെങ്കിലും, അവരുടെ എല്ലാം ഗ്രന്ഥത്തിനേക്കാൾ അദ്ദേഹത്തിന്റെ സംഗ്രഹത്തിനു വ്യക്തതയും വിഷയവിഭാഗഭംഗിയും ഉള്ളതുകൊണ്ട്, സംഗീതശാസ്ത്രത്തിന്റെ ജീവൻ അദ്ദേഹം തന്നെയാണെന്നു സമ്മതിക്കാതെ കഴികയില്ല. പ്രാചീനന്മാരെ നോക്കി സംഗീതത്തിന് ഒരു ഉത്കൃഷ്ടമായ സമ്പ്രദായം വരുത്തിയത് അദ്ദേഹമാകയാൽ, അദ്ദേഹത്തിന്റെ കാലത്തുതന്നെ (ക്രി. ൧൬-ാം ശതാബ്ദം) സംഗീതശാസ്ത്രം ഇന്ത്യയിൽ പ്രചാരത്തിലിരുന്നുവെന്നു വ്യക്തമാകുന്നു.

പ്രാചീനന്മാരുടെ ശാസ്ത്രത്തിനും അൎവ്വാചീനന്മാരുടെ ശാസ്ത്രത്തിനും ഭേദമുണ്ടെങ്കിലും ഉപയോഗാംശത്തിലല്ലാതെ ശാസ്ത്രഭാഗത്തിൽ വലിയ വ്യത്യാസമൊന്നുമില്ല. ഏതായാലും സംഗീതശാസ്ത്രത്തിന്റെ മൂലം ഹിന്ദുക്കളുടെ ഗ്രന്ഥഭാഗത്തിൽ തന്നെയാണു നിക്ഷേപിക്കപ്പെട്ടിരിക്കുന്നതെന്നു സമ്മതിക്കാതെ കഴിയുന്നതല്ല.

കെ. വി. എം.

* സാൎങ്ഗദേവൻ പ്രസ്താവിച്ചതുപോലെ സംഗീതചരിത്രത്തിൽ ഗോവിന്ദാചാൎയ്യനെ സൂചിപ്പിക്കുന്ന ഭാഗങ്ങളിലും 'ദീക്ഷിത' എന്ന സ്ഥാനം ബ്രാഹ്മണസന്ന്യാസിമാരിൽ സാധാരണമായിരുന്നതിനാൽ ഇതു ചേൎച്ചയുള്ളതായിരിക്കുന്നു.

(1) Archaeological Survey Reports, Vol: XVII P. 78.

ചൈനക്കാരുടെ നരകങ്ങൾ



ആയുഷ്കാലത്തിൽ ആരുംതന്നെ കണ്ടിട്ടില്ലാത്ത പരലോകത്തെ സംബന്ധിച്ചു ചൈനക്കാർക്കുള്ള ധാരണ വളരെ വിനോദകരമായിട്ടുള്ളതാണ്. ചൈനായിലെ നീതിന്യായക്കോടതികളിൽ കേസു വിചാരണ കഴിച്ചു കുററക്കാരെ ഏതുപ്രകാരം ശിക്ഷിക്കുന്നുവോ, ആ വിധത്തിൽ തന്നെയാണു പരലോകത്തിലും നടക്കുന്നത്. അവരുടെ ധർമ്മരാജാവും ചിത്രഗുപ്തനും പരലോകനിയമങ്ങൾ ഉണ്ടാക്കിട്ടുള്ള നിലയും ഭൂലോകസമ്പ്രദായത്തെ അനുസരിച്ചാണ്. കുററങ്ങളുടെ ഗൗരവംപോലെ ശിക്ഷകൾ എണ്ണത്തിലും തൂക്കത്തിലും മാറാറുണ്ട്.

ചൈനക്കാരുടെ അഭിപ്രായത്തിൽ നരകം പത്തു വകുപ്പായിട്ടാണ് വിഭജിച്ചിരിക്കുന്നത്. ഇവ, ഭൂമിയുടെ മേൽത്തട്ടിൽനിന്നു 11,903 നാഴിക ചോട്ടെ തുടങ്ങി അതിനടുത്തായ 10,000 നാഴികവരെ ചെല്ലുമ്പോൾ അവസാനിക്കുന്നു. ഭൂമിയുടെ അന്തർഭാഗത്തിലുള്ള ഈ നരകങ്ങൾ ഓരോന്നും ഭിന്നപ്രദേശങ്ങളിൽ മതിലുകെട്ടിത്തിരിക്കപ്പെട്ടിട്ടാണ് കിടക്കുന്നത്. കട്ടപ്പം കൂടിയതും കറുത്തതും ഏററവും തണുപ്പുകൂടി ഇരിക്കുന്നു. സാധാരണ പടിവാതിലുകളും അവയ്ക്കു പുറമേ സാധാരണ പ്രവേശനങ്ങളുമുള്ള ഈ നരകങ്ങളുടെ ന്യായാധിപരും കാവൽക്കാരും ഭീകരന്മാരാണ്. പ്രസ്തുതനരകങ്ങളിലേയ്ക്കുള്ള പ്രവേശനത്തിൽ, ഹിന്ദുക്കളുടെ വൈതരണിപോലെ, ഒരു നദിയുണ്ടെന്നുള്ളതാണ് ചൈനക്കാരുടേയും വിശ്വാസം. ഇതു ഭൂമിയുടെ അന്തർഭാഗത്തിൽക്കൂടിയാണ് പ്രവഹിക്കുന്നത്. ഈ നദീതീരത്തിൽ ഒരു വൃക്ഷത്തിന്റെ ചുവട്ടിലായി വലിയ വൃദ്ധയും ഭയങ്കരരൂപിണിയുമായ ഒരു പാതാളദേവി അധിവസിക്കുന്നുണ്ട്. വിധിപ്രകാരം തന്റെ സന്നിധാനത്തെ പ്രാപിക്കുന്ന ഓരോ കുററക്കാരുടെയും വസ്ത്രങ്ങൾ ഈ കിഴവി അഴിച്ചുവാങ്ങി തന്റെ പിൻഭാഗത്തുള്ള വൃക്ഷത്തിന്റെ കൊമ്പുകളിൽ കെട്ടിത്തൂക്കുകയും നിയമിതനരകത്തിലേക്കുള്ള പ്രത്യേകമാർഗ്ഗങ്ങളിൽക്കൂടി അവരെ തള്ളിവിടുകയും ചെയ്യുന്നു. ചിലപ്പോൾ ഈ വൃദ്ധ, ഭയങ്കരിയായ കല്ലുകൾ ചുമന്നുകൊണ്ടുവന്നു നദീതീരത്തിൽ കനം കൂട്ടുകയെന്ന അദ്ധ്വാനമേറിയ വേല ചെയ്യാൻ ചിലരെ ആജ്ഞാപിക്കാറുണ്ട്.

ഓരോ നരകത്തിലും ഓരോ വിധത്തിലാണ് ശിക്ഷകൾ നടക്കുന്നത്. ഒരു ദിക്കിൽ ശരീരം മുഴുവൻ പുഴുക്കൾക്കാഹാരമായി ഏല്പിച്ചുകൊടുക്കുക. ശരീരം നിരന്തരം ഭക്ഷിച്ചുകൊണ്ടിരിക്കുന്നുവെങ്കിലും, ഒരുപാധിയുടെ വസ്ത്രംപോലെ, പൂർവ്വസ്ഥിതിയിൽതന്നെ ഇരിക്കും. മറെറാരു ദിക്കിൽ ശരീരത്തെ ഏടു വിടാതെ കൂർത്തുമൂർത്തുള്ള കത്തികൊണ്ടു കൊത്തിനുറുക്കുകയാണ്. വേറെ ഒരു നരകത്തിൽ ചെന്നാൽ കാണുന്നതു ചില ശരീരങ്ങളെ ചുട്ടു പഴുപ്പിച്ച ഇരിമ്പുതൂണുകളോടു ചേർത്തു കെട്ടുന്ന കാഴ്ചയായിരിക്കും. ഇതിനെയുള്ള ഭയങ്കരശിക്ഷകൾ അനുഭവിക്കുന്ന

വരാണ് ജന്മാന്തരത്തിൽ രാക്ഷസന്മാരായി ഭൂമിയിൽ ജനിയ്ക്കുന്നത്.

പൂർവ്വസമുദ്രത്തിന്റെ അന്തരാളത്തിൽ 'ഊൺഫ്ലൺവോങ്' എന്ന നാമധേയമായ ഒരു നരകപ്രഭുവിന്റെ കീഴിൽ ഒരു ശിക്ഷാസ്ഥലമുണ്ട്. സർക്കാരിനു നികുതിയോ വീട്ടുവാടകയോ കൊടുപ്പാൻ മനസ്സില്ലാത്ത കടിയാന്മാരാണെങ്കിൽ, അവർ ഈ നരകത്തിലുള്ള ഒരു കൊതുമ്പുവള്ളത്തിൽ കിടന്നു കഷ്ടപ്പെട്ടു മരിയ്ക്കും. തങ്ങളുടെ രോഗികളുടെ കാര്യത്തിൽ മനസ്സുവെയ്ക്കാതെ അവർക്കു തോന്നിയ ഔഷധങ്ങൾ നല്കുന്ന വൈദ്യന്മാരെയും മോശമായ പട്ടു വ്യാപാരം ചെയ്യുന്ന പട്ടുവർത്തകന്മാരെയും, ഉരലിലിട്ട് ഇടിച്ചു പൊടിപ്പാനോ മറ്റോ ആയിരിയ്ക്കും ഇദ്ദേഹം കല്പന കൊടുക്കുന്നത്. തെരുവുകളിലോ പൊതുസംഘങ്ങളിലോ വൃദ്ധന്മാർക്കും കുട്ടികൾക്കും വഴി മാറിക്കൊടുക്കാത്തവർ, മനഃപൂർവ്വമായി വിളനശിപ്പിക്കുന്നവർ, തന്റെ അയൽവക്കക്കാരന്റെ അതിരിനെ അതിക്രമിക്കുന്നവർ, മദ്യപായികൾ, അനാവശ്യമായി പരകാര്യങ്ങളിൽ പ്രവേശിക്കുന്നവർ, ചൂതുകളിക്കാർ ഇതിനെയുള്ളവർക്ക് ഇവിടെ അനുഭവിപ്പാനുള്ള ശിക്ഷ, ഇരിമ്പുകൊളുത്തിന്മേൽ തൂക്കിയിടുകയാണ്. ദരിദ്രന്മാരെ ശവസംസ്കാരം ചെയ്യുന്നതിനു തങ്ങളുടെ സ്വന്തചിലവിന്മേൽ ശവപ്പെട്ടിയുണ്ടാക്കിക്കൊടുക്കുന്നവരാണെങ്കിൽ അവർക്ക് ഇവിടെ വലിയ ശല്യം കൂടാതെ കഴിയ്ക്കാം.

ചൈനയുടെ വടക്കേക്കര തീരത്തുള്ള സമുദ്രാന്തർഭാഗത്തിൽ ഒരു നരകമുണ്ട്. ഇതിന്റെ നായകനാവു 'പിൻഷിങ്ങ് വോങ്' ആകുന്നു. കാലാവസ്ഥയെപ്പറ്റി എപ്പോഴും ആക്ഷേപം പറഞ്ഞുകൊണ്ടിരിക്കുന്നവരുടെ മേൽ ഇദ്ദേഹത്തിനു വലിയ വെറുപ്പാണ്. അവരെ ഒന്നായി അടുത്തു പിടിക്കുന്നതിൽ ലേശംപോലും ദയ കാണിയ്ക്കയില്ല. വിഗ്രഹങ്ങളെ അലങ്കരിച്ചിട്ടുള്ള കനകാഭരണങ്ങൾ കട്ടെടുക്കുന്ന കള്ളന്മാരെയും, നല്ല പുസ്തകങ്ങളെ നശിപ്പിക്കുന്ന ദുഷ്ടന്മാരെയും ഉയരത്തിൽ കെട്ടിത്തൂക്കി ജീവനോടെ തോലുരിച്ചു കളയുന്നു. ഭക്തികൃതികൾ വായിച്ചു ജീവിക്കുന്നതിലാണ് ഒരുവന്റെ താല്പര്യമെങ്കിൽ അവൻ ഇദ്ദേഹത്തിന്റെ സന്നിധാനത്തിൽ ഉലാത്തേണം ചെയ്യാൻ കഴിച്ചിട്ടാവശ്യമില്ല. ആരെങ്കിലും മേലെഴുതി വരുത്താതെ ദൈവാരാധന കഴിച്ചുപോയാൽ അവന്റെ പിന്നത്തെ കാര്യം മഹാകഷ്ടമാണ്. എന്നും ഇതിനുകാരണമായി വാസം, നായ്ക്കൾക്കായി ഭക്ഷണസാധനങ്ങൾ നശിപ്പിക്കുന്നവരും ഇദ്ദേഹത്തിന്റെ ക്രൂരശാസനയ്ക്കു കീഴടങ്ങേണ്ടവരാണ്. ദൈവാലയങ്ങൾ പണി ചെയ്യിക്കുന്നതിനു ശേഖരിക്കുന്ന മുതലെടുപ്പിലേക്കു യഥാശക്തി ധനസഹായം ചെയ്തിട്ടുള്ളവർമാത്രമേ ഇവിടെ കഠോരത്തിൽ ആശ്വാസം കിട്ടുമെന്ന് ആശിച്ചിട്ടു കാര്യമുള്ളു.

വേറെ ഒരു നരകം കിടക്കുന്നതു വടക്കുപടിഞ്ഞാറെ സമുദ്രത്തിനടിയിലാണ്. 'ടിഷാൻവോങ്' എന്ന ഇതിന്റെ നായകൻ, ചൈനയിലെ ശ്മശാനങ്ങളിൽനിന്നു മനുഷ്യാസ്ഥികളെടുത്ത് ഔഷധങ്ങൾ ഉണ്ടാക്കുന്ന വൈദ്യന്മാരെ പിടിച്ചു പട്ടിത്തിളയ്ക്കുന്ന എണ്ണയിൽ മുക്കുന്നതിൽ വളരെ നിഷ്കർഷയുള്ളവനാണ്. ശവക്കല്ലറ കവച്ചു ചെയ്തിട്ടുള്ളവർ അഗ്നിചക്രത്തിൽ താമസമാക്കേണ്ടവർ തെണ്ടാറാവുകയും വേണ്ടു. തങ്ങളുടെ ശിഷ്യന്മാരോട് വാത്സല്യമില്ലാത്ത ഉപാദ്ധ്യായന്മാരും മേലിലന്മാരെയും അയൽവാസികളെയും ഉപദ്രവിക്കുന്നവരും

സമ്പന്നന്മാരും സദ്‌വൃത്തന്മാരുമായവരോ ടൊപ്പം സമപങ്ക്തി കൂടി നില്ക്കുന്നവരും ഇന്ദ്ര ധൎമ്മരാജൻറെ സന്നിധാനത്തിൽ സമാധാനം പറയേണ്ടി വരും. വിസ്താരമായി കൂട്ടി ലിട്ടടച്ചിരിക്കുന്ന പക്ഷികളെ വിലകൊടുത്തു വാങ്ങി സ്വാതന്ത്ര്യപ്പെടുത്തുകയോ ദൈവയോഗത്താൽ ചില പട്ടണങ്ങളിൽ ചിലപ്പോൾ അവിടവിടെ ചത്തും ചാവാറായും കിടക്കുന്ന നിൎഭാഗ്യരുടെ ശവസംസ്കാരത്തിനു ധനസഹായം ചെയ്യുകയോ ചെയ്യുന്നത് മേൽവിവരിച്ച പാപങ്ങൾക്ക് പ്രതിവിധിയാണ്. മരണത്തിൽ ചെയ്യേണ്ടതായി പ്രായശ്ചിത്തം ആവശ്യമുണ്ടെന്നു വന്നാൽ, അതിനെ പുണ്യമനസ്സോടെ തൻറെ ശരീരത്തിൽനിന്നു കൊടുക്കുന്നവരോടു ഈ നരകപ്രധാനികൾക്കു വളരെ പ്രീതിയാണത്രെ.

ഇനി ഒരു നരകമുണ്ട്. അതു പിങ്ങ്-ടിങ്ങ്. ദേവൻറെ അധീനത്തിലാണ്. മാളികകളിൽ അലങ്കാര വസ്തുക്കൾ ഉണ്ടാക്കുവാൻ വിരിക്കുന്ന ചൈനക്കാരുടെ ഇടയിൽ വലിയ ആചാരമായിട്ടുള്ളതാണ്. അതിനെ ചെയ്യുന്നതുകൊണ്ടു കഴിച്ചുപോയ ആത്മാക്കളുടെ വിഷമാവസ്ഥയുള്ള ഗതിക്കു പ്രതിബന്ധം നേരിടുന്നതെന്നാണ് അവർ വിശ്വസിക്കുന്നത്. ഇതിനെ ഗണ്യമാക്കാതെ ആരെങ്കിലും മേൽപ്പറഞ്ഞവിധം പ്രവൎത്തിച്ചാൽ അവരെ ഇരുട്ടും ഒരു കിണററിൽ ഇടുന്നതാണ്. മാതാപിതാക്കന്മാരോടുള്ള കൎത്തവ്യകൎമ്മങ്ങളിൽ വിമുഖത പ്രദൎശിപ്പിക്കുന്ന സന്താനങ്ങളെ, ക്രൂരമായി ദണ്ഡിപ്പിക്കപ്പെടുത്തുകയോ, കഠിനമായിക്കൊണ്ട് അതിൻറെ കണ്ഠഛേദിയിലിട്ടു ചതച്ചിടുകയോ ചെയ്യുന്നു. സന്ന്യാസികളോടു കാരുണ്യലേശമില്ലാത്ത നിൎദ്ദയന്മാരെ ഇദ്ദേഹം നേരിട്ടു വേവിച്ചു കളയും. ബുദ്ധമതസന്ന്യാസികളുടെ ആശ്രമം പണി ചെയ്യുന്നതിനു ധനസഹായം ചെയ്യുന്നവൎക്ക് ഇവിടെ പരമസുഖമാണുതാനും.

ജെ. പി. എം.

—o—

ഞങ്ങളുടെ വായനശാല

സഞ്ജീവിനി അഥവാ താലിസ്മാൻ—(ചരിത്രകഥ. കേരളകല്പദ്രുമത്തിൽ അച്ചടിച്ചത്. ...ന്മാൎക്കും വില രൂപ്പിക ൧?)

ആംഗലേയഗ്രന്ഥകാരന്മാരിൽ സുപ്രസിദ്ധനായ സ്കോട്ടിൻറെ 'താലിസ്മാൻ' എന്ന ആഖ്യായികയുടെ 'ഭാഷാന്തര'മാണു പ്രസ്തുതപുസ്തകം. മൂലകൎത്താവിൻറെ രചനാചാതുൎയ്യവും, വൎണ്ണനാവൈദഗ്ദ്ധ്യവും സുപ്രസിദ്ധമാകയാൽ അതിനെപ്പററി ഒന്നുംപറയേണ്ടതില്ല. പരിഭാഷകൻറെ പരിശ്രമത്തിനു വിഷയമാക്കിയിരിക്കുന്ന മൂലത്തിൻറെ യോഗ്യതകൊണ്ടു തന്നെ സാധിക്കും. 'തൎജ്ജമയെന്നു തോന്നിക്കാതെ സ്വതന്ത്രമായി എഴുതിയ കൃതി എന്നു തോന്നിക്കുന്നതിലാണു തൎജ്ജമയുടെ വിജയം' എന്നുള്ള തോതു പിടിച്ചുനോക്കുമ്പോൾ 'സഞ്ജീവിനി'ക്കു വല്ല ന്യൂനതയും കാണുന്നുണ്ടെങ്കിൽ അതു ഭാഷാരീതിയുടെ ദൌൎബ്ബല്യത്തിൽനിന്നുളവായ ലക്ഷ്യമാണെന്നു പറയുവാൻ തോന്നുന്നുള്ളൂ. പ്രതിപദതൎജ്ജമയാക്കാതെ അൎത്ഥം ഗ്രഹിച്ചു തൎജ്ജമചെയ്യുന്നതാണു നല്ലതെന്നു." ഈ പുസ്തകം വായിക്കുന്നവൎക്കും വെളിവാകുന്ന

ണ്. 'ചമ്പൂഭാരത'ത്തിലെ ദ്രൗപതീസങ്കോ ചത്തെ വർണ്ണിക്കുന്ന 'ശൃംഗാരചന്ദ്രോദയ'ത്തിലെ സമ്പ്രദായത്തിനു പകരം ഒരു വസ്തുപ്രതിച്ഛായകളിൽ പൂർണ്ണതയാത്ത ...ളിലെ 'കണ്വാശ്രമ'മാകമാനം പ്രകാശിച്ചു. എന്നാൽ 'ശാകുന്തള'ത്തിലെ ... [illegible] 'കണ്വാശ്രമ'ത്തിലെ കാഴ്ചകൾ ... പ്രത്യേകം മാറ്റിയതെന്തെന്നാണ്. 'കണ്വാശ്രമ'ത്തിലെ ... വർണ്ണിക്കുന്ന 'സാവിത്രി'യെപ്പോലെ മറ്റൊരു പ്രത്യേകതയും ... 'സാഹിത്യസാഹ്യ'ത്തിൽ പറയുന്ന 'സമാധാന'മുതലായ ... 'ശൃംഗാരവും' 'കരുണവും' ... ഭാഗത്തുള്ള മനോരഥത്തിൽ കയറി 'കണ്വാശ്രമവിഹാരം' കഴിച്ചാൽ കൂടാതെ ... ഇതെല്ലാ കാണ 'മേഘസന്ദേശ'ത്തിൽ 'സാവിത്രി' ... പുറപ്പെട്ട 'കണ്വാശ്രമ'ത്തിൽ ... അവരുടെ അഭിപ്രായപ്രകടനം ... എന്നു തോന്നുന്നെ കിൽ ... അതിനറിയേണ്ടതാണ്.

—

നളിനി— (ഗ്രന്ഥകർത്താവ് എൻ. കുമാരനാശാൻ അവർകൾ, ബി. വി. ബുക്കുഡിപ്പോ, തിരുവനന്തപുരം. വില ൪ ണ)

'കണ്വാശ്രമ'ത്തിൽ പെട്ടിട്ടുള്ളതായ ... ശാന്തി ... 'നളിനി'യിൽ സമ്പ്രദായം പ്രവേശി പ്പിച്ചതായി വായനക്കാർ തോന്നാനിടയു ണ്ട്. വാസ്തവവും അങ്ങിനെ തന്നെയാ ണ്. നളിനിയിൽ വിളങ്ങുന്ന ഭാവങ്ങ ളുടെ ഏതാണ്ട് ... കലർന്നിരിക്കുന്നു. ... മലയാളഭാഷയിലെ പുതിയമാതിരി കവിതകളെഴുതി ... വായനക്കാരെ രസിപ്പിപ്പാൻ പ്രയാസമില്ലെന്ന് 'നളിനി' നന്നായി തെളിയിക്കുന്നുണ്ട്. ... തികഞ്ഞ കവിതയാണ് ഈ ... വൃത്തത്തിൽ വർണ്ണിച്ചിരിക്കുന്നത്. ... പ്രയോഗിച്ചിരിക്കുന്ന ... ജീവൻ ഈ കാവ്യത്തിലെ ... തന്നെ ... + ... ഇത്യാദിസന്ധികളെക്കൊണ്ട് ... ഇല്ലെങ്കിൽ ഈ കാവ്യം ... ചില പ്രയോഗങ്ങളെ കൂടാതെ കഴിക്കാമായിരുന്നു. ... പാഠപുസ്തകങ്ങളുടെ ... ഈ പുസ്തകത്തിൽ ... വിദ്യാർത്ഥികൾ ... കഴിക്കാം.

പലവക

ഇംഗ്ലണ്ടിലെ (...) ... കാർഡിനു ... പൊതു ... ഉണ്ടാക്കുന്നതല്ല.

* *

... സ്വാതന്ത്ര്യമാകുന്നു. ... പ്രകൃതി ... അധികം ... ശക്തിയുള്ളവനാണ്.

* * *

കൊച്ചിസർക്കാരിൽനിന്നു നടത്തിവരുന്ന കൃഷിവ്യവസായപ്രദർശനം ഈ വരുന്ന മകരം ൧൫-ാംനു മുതൽ ഇവിടെവെച്ചു ആരംഭിക്കുന്നതാകുന്നു. ഇക്കൊല്ലത്തെ പ്രദർശനവും പതിവുപ്രകാരം നന്നായി നടക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

* * *

ഷഷ്ടിപൂർത്തിമഹോത്സവം കൊണ്ടാടുന്നതിൽ തൃശ്ശിവപേരൂർനഗരവാസികൾ പ്രദർശിപ്പിച്ച ഉത്സാഹം വളരെ അഭിനന്ദനീയമായിട്ടുള്ളതാണ്. പലവിധത്തിലുള്ള ആഘോഷങ്ങളെക്കൊണ്ട് അന്നത്തെ ദിവസം അനന്യസാധാരണമായ ഒരു ഘോഷപ്രവാഹം തന്നെയായിരുന്നു. തെരുവീഥികളെല്ലാം വിശേഷമായി അലങ്കരിച്ചിട്ടുണ്ടായിരുന്നു. ബ്രിട്ടീഷ്‌സാമ്രാജ്യത്തിന്റെ പ്രത്യേകചിഹ്നമായ 'യൂനിയൻജാക്' എന്ന കൊടി എല്ലാടത്തും വിളങ്ങിയിരുന്നു. ചവിട്ടുവണ്ടിക്കാരുടെ ഘോഷയാത്ര ഈ നഗരവാസികളുടെ മനോധർമ്മങ്ങളിലൊന്നാണ്. അതും വളരെ ഭംഗിയായി കലാശിച്ചു. ചക്രവർത്തിതിരുമനസ്സിലെയും ചക്രവർത്തിനിതിരുമനസ്സിലെയും മഹാരാജാവുതിരുമനസ്സിലെയും ഛായകൾ ആനപ്പുറത്തു കയററിയെഴുന്നള്ളിച്ചുകൊണ്ടുള്ള പ്രധാനഘോഷയാത്രയിൽ പതിനായിരത്തിലധികം ആളുകൾ ചേരുകയുണ്ടായി. വെടിക്കെട്ടുകൾ, ദീപമാല, ജ്വാലാമാല (Bonfire) മുതലായ പല കാഴ്ചകളും നയനാനന്ദകരങ്ങളായിരുന്നു. അലങ്കരണത്തിന്റെ കാര്യത്തിൽ ഒന്നാം നേടിയിരുന്നതു 'മംഗളോദയം' കമ്പനിക്കാരാണെന്നാണു പറകയുള്ള അഭിപ്രായമെന്നു ഞങ്ങൾതന്നെ പ്രസ്താവിച്ചാലും അതു ആത്മപ്രശംസയാവാൻ തരമില്ല. ഇപ്രാവശ്യം ഉണ്ടെന്നു പറഞ്ഞാലല്ലേ പ്രശംസയാകയുള്ളു. ജ്വാലാമാലയും 'മംഗളോദയം' പ്രവർത്തകന്മാരുടെ വകയായുള്ള ഒരു വിശേഷവിധിയാണ്. അനാഥശാലകൾക്ക് അന്നദാനം, ദേവാലയങ്ങളിൽ പ്രാർത്ഥനയുടിവുള്ള വൈദികകാര്യങ്ങളും നടത്തുകയുണ്ടായി. നിഷ്കളങ്കമായ രാജഭക്തിയും ആഹ്ലാദവും സമാധാനവും എല്ലാവരുടെയും മുഖങ്ങളിൽ പ്രതിഫലിച്ചുകണ്ടിരുന്ന ആ ഉത്സവദിവസത്തിന്റെ സ്മരണം കാലംകൊണ്ടുകൂടി മാഞ്ഞുപോകുന്നതല്ല. ഘോഷയാത്രക്രമം ഭംഗിയായി നടത്തിയതിൽ നഗരവാസികളുടെ പ്രതിനിധികളായ മഹാന്മാരെ പ്രത്യേകിച്ചും ഞങ്ങൾ അഭിനന്ദിക്കുന്നു.

മംഗളാശംസകൾ

താരാർമാതിൻവിലാസംതടവിവിലസിടും
ഭാരതക്ഷോണിയാലും
പോരാൽശ്രീമതിയന്തിജിതാപുകഴ്മതി-
പ്രാജ്ഞരാംരാജരാലും
മൈസൂരാലിഖിലഗ്രസനിലകലിതം
പെരുമാൾജോർജ്ജുസാമ്രാട്ട്
ഉദ്ദണ്ഡികട്ടെനമ്മെച്ചിരതരമിഹിയിൽ
കാത്തുകൊണ്ടാത്തസൗഖ്യം.

വി. നാരായണമേനോൻ.

രാമാനുജൻമാരാൽമഹിതനാം
മഹാനാമധേയ.
ക്ഷമാപതിയുമാവിധംമഹതിദേ-
വിയാം റാണിയും
സമാഹിതമനസ്സുമായ് സസുഖി-
നൃതരായന്തമോ
സമാപതിമിതിക്ഷമാവാൻകരുണയാ-
നമ്മെ വരെ.

കാറിപ്പുറത്തു കേശവൻനായർ.

मंगळम् ।

आयातो भारतीयप्रथितगुणगण "स्रग्धरा"चक्रवर्ती
पायान्नः पञ्चमाल्यः श्रुतिषु सुखरितोऽर्जितोधर्मवर्ती
मायाधीनैरदृष्टः स्वगतहरिगुणख्यापनख्यातपत्र-
"च्छायापापीनांगहृष्टः" कलितरविगुणः पावनश्चक्रवर्ती ॥

प. कृष्णशर्मा.

जातिः ।

(अनुबन्धः)

एवं सम्प्रति सुलभीभूते वेदमन्त्रे मन्वाद्युक्तरीत्या जातिनिबन्धना प्रतिपादिता वा न वेति प्रश्नस्य निःसंशयं 'नो' इत्युत्तरमाह चत्वारिंशद्वत्सरान्समुद्रेष्वविश्रमकृतपरिश्रमो मोक्षमूलकाख्यो यौरोप्यपण्डितापेश्वरः । कालक्रमादुपनीयमानानामुपाख्यानानां जातिक्रमाख्यामात्मोत्कर्षपरापकर्षपर्यवसायिनां ब्राह्मणजात्या स्वसात्कृतानां विशिष्टाधिकाराणां शूद्रजातेः शिरस्यारोपितानां नीचवृत्तीनां च प्रमाणतया वेदमन्त्रेषु किमपि नोपलभामहे। भिन्नभिन्नानां जनवर्गाणां सहवासैः सहभोजनैः सर्वादेश्च निषेधकं किमपि वेदे न दृश्यते। भिन्नजातीयोद्वाहप्रतिषेधकं तादृशविवाहोत्पन्नसन्ततीनां पातित्यप्रतिपादकं वा किमपि तत्र नाभिधीयते। अर्वाचीनतया गणितेभ्यो वेदभागेभ्यो ब्राह्मणाख्येभ्यो भिन्नेषु प्राचीनतमेषु मन्त्राख्येषु तद्भागेषु पुरुषसूक्तनामके श्लोके एकस्मिन्नेव विराडवयवतया विप्रक्षत्रविट्शूद्राः कथिताः; यथा, "यत् पुरुषं व्यदधुः कतिधा व्यकल्पयन् मुखं किमस्य कौ बाहू कावूरू पादावुच्येते, ब्राह्मणोऽस्य मुखमासीद् बाहू राजन्यः कृतः ऊरू तदस्य यद्वैश्यः पद्भ्यां शूद्रोऽजायत" इति। ऋग्वेदे मन्त्रान्तरेषु कुत्राप्यस्यास्थानामाधुनिकप्रयुज्यमानानां शूद्रराजन्यादिपदानामनुपलम्भादस्य मन्त्रसमुदायापेक्षयैषोऽर्वाक्कालिक इति वेदकालादिपरीक्षकैर्यौरोप्यदूरदर्शिभिः सयुक्तिकमुपपादितम्। तदुक्तानामनभ्युपगमेऽपि मन्वादिप्रतिपादितजातिनियमोपष्टम्भकतयात्र यदि किमप्यधिगम्यते तर्हि जातिर्मतान्तर्भूता वेदाभ्युपगता चेत्युक्तिर्युक्तैव स्यात्। वस्तुतस्तु जातिर्न वेदानुशासनान्तर्भूता, तथा च जातिप्रमातिक्रमणे वैदिकधर्मोल्लङ्घनजन्यजनवाच्यप्रसक्तिरेव नास्तीत्यपशमेन वेदप्रामाण्यवादिनो हिन्दुजनान् बोधयितुं शक्यम्। आसेतुहिमालयमासीन महति हिन्दुदेशे तत्र तत्र विचित्ररीत्या प्रवर्त्यमानोऽयं जातिनियमः पौरुषेय एव। तं च त एव व्यवातिष्ठिपन्, ये स्वयं ततः प्रयोजनमन्यजनासाधारणमभ्यगमन्। वेदाविरुद्धानेकाचारान्तरवदयमपि जात्याचारभिन्नतया जनैराद्रियते। परं तु नायं वेदानुशि-

वत्सरचतुश्शत्याः प्राग्यौरोप्यदेशे बहवो
दुराचाराः किन्तु वेदं प्रमाणीकुर्वद्भिर्जनैरनु-
ष्ठीयन्त अभूवन् । स्वयमनधीततद्वेदास्ते स्वपुरो-
धैरुपदिष्टं सर्वमपि निर्विशङ्कमकृत्यकुर्वन् ।
इदानीं परिष्कारोत्सुकाः कतिचन धीराः
सम्यगधीत्य पुरोहितैः स्वप्रयोजनमात्रतत्-
कल्प्यमानान् परोपकारहेतूंस्तानाचारान्
अनुशिष्टान् प्रख्याप्य परमं जनोपकारमा-
। एवमत्र हिन्दुदेशेऽपि सर्वप्रमाणभूतं
समधीत्य तदनुक्तानसमञ्जसानर्थानानि-
न्वान् जात्याचारान् निराकर्तुं लोकोप-
रताः केऽपि धीराः सम्प्रति प्रयतन्ते ।
यथा सहानिष्क्रान्ता अपि तत्पत्न्याश्रि-
तरूपः पापाचारस्तत्प्रचलनादेव चिरादिह
ऽभूत् । स्वानन्धयप्रायाणां कुमारीणां प-
तिषु विविधशास्त्रपरिगेलुमरणे तासां पुन-
र्विवाहक्लेशभयमपि वेदानुक्तत्वादनेकानर्थ-
कारित्वादादरणीयमिति तन्निराकरणाय मनी-
ः कैश्चिद्विद्वांसोऽप्यन्वेषिन् प्रयस्यते । फलि-
तं च तत्र तत्र तत्प्रयत्नैः । एतादृशाः पर-
न्तो जात्याचारा यद्यपि न श्रुत्युक्तास्तथापि
वेदेषु अज्ञेया इत्यभियुक्तैर्ब्राह्मणैरभिधीय-

मन्त्रब्राह्मणात्मकभागद्वयघटिताश्चत्वारो
सन्तीति तावदेषां वादः । तत्राकृत्रिमम-
न्त्रात्मक ऋग्वेद एक एवेति सुप्रतिपादम् ।
ऋग्भिर्गीयमानैव मन्त्रजनन्तर्भावयन् साम-
र्ग्वेदादुद्धृतयाः । यजुर्वेदोऽपि होत्रे प्र-
रध्वर्युभिः प्रयोग्यानि वाक्यानि विना
तृतीयार्थकऋग्वेदान्तर्गतमन्त्रात्मक एव । अ-
स्तु सर्वविश्वासार्थकालिकतर एवेति नि-
यम् । यदत्र बहव ऋग्वेदस्था एव मन्त्रा-
स्तथा कामन कालवैलक्षण्यज्ञापिका लौकिक-
गाथा विविधाश्चाभिचारप्रयोगा उपलभ्यन्ते ।
एवं च ऋग्वेद एक एव सर्वथा वेदत्वेन प्र-
माणीकरणीय इत्यापातम् । तत्र प्राचीनतमा-
नां मन्त्राख्यभागानामपौरुषेयत्वस्थापनाय यौ-
क्तिकवो वेदभाष्यकारादिभिरुक्तास्ता एव विशे-
षेण तदितरभागानामपौरुषेयत्वं स्थापयन्ती-
त्याहुर्व्याख्यातारः । एतेषु ब्राह्मणाख्यभागेष्वे-
व तेषामाचार्यैकप्रयुक्तोत्कर्षं साधयितुमुपयु-
क्तं बहूक्तमस्ति । वेदप्रामाण्येन सिसाधयिषि-
ता विशेषाधिकारा यदैव तैराचार्यैरन्वभूयन्त
तदैवैते ब्राह्मणाख्यभागा वेदेषु भक्षिता इति ना-
सम्भाव्यमेतत् । अस्तु वैतेषां ब्राह्मणानामपि
मन्त्रवदेव चिरन्तनता । तथाप्याधुनिकविवि-
धजातिसङ्कुलप्रमाणभूतं तत्रापि न किञ्चित् प्र-
तिपादितमस्ति । किं तु पूर्वोक्तवर्णचातुर्वर्ण्य-
मेव । तथाप्युत्कृष्टवर्णानामार्यसंज्ञानामवरव-
र्णस्य शूद्रस्य च तत्र महदन्तरं कल्पितम् ।
आर्याणां शूद्राणां च मिथोविवाहस्तत्र न स-
म्मन्यते । अथापि सोऽत्यन्तं निषिद्ध इति
न वक्तुं शक्यम्; यतो वाजसनेयसंहितायां
श्रुता पालागलीमेवमाह — "यद्धरिणो यवम-
त्ति न पुष्टं पशु मन्यते शूद्रा यदार्यजारा न
पोषाय धनायति" इति । मृगो यदा क्षेत्र-
स्थं धान्यं भक्षयति तदा क्षेत्री मदीयधान्य-
भक्षणेनायं पुष्टो जात इति न सम्प्रमन्यते,
किं तु मदीयं क्षेत्रं भक्षितमिति दुःखी भवति ।
एवं यदा शूद्रा शूद्रजातिः स्त्री आर्यो जार उप-
पतिर्यस्यास्तादृशी भवति, आर्यो यदा शूद्रां
गच्छति, तदा शूद्रस्त्री पोषाय न धना-
यति पुष्टिं नेच्छति । मद्धार्यार्येण भुक्ता सती

पुत्रा जातेति न मन्यते, किं तु व्यभिचारिणी जातेति दुःखितो भवतीत्यर्थः। आर्यैः शूद्रास्त्रीकारो नात्यन्तनिषिद्ध इत्यतः प्रतीयते। एतेषु ब्राह्मणेषु क्वाचित्कतया सम्मिश्रजातीनां कथनं तु जीविकाभेदाभिप्रायकमेव। जघन्यजातयः शूद्रा अतिनिकृष्टास्तत्रोक्ताः; यत्सम्पर्कोपश्लिष्टा आर्या अशुचीक्रियन्ते। ये च क्वचिद्रक्षांसीत्यप्युच्यन्ते। किं त्वेतेषु वेदार्वाचीनतरकालोत्पन्नग्रन्थेष्वपि मन्वाद्युक्तात्यन्तसङ्कुलीभूतजातिविषयकनियमसहस्राणि मृगैव गवेष्यन्ते।—एवं सत्यस्मदाचार्यैश्चरमेयं युक्तिरुपन्यस्यते। 'यद्यपि साक्षाद्वेदे परम्पराप्राप्तजातिनियमप्रमाणतया न किमपि पश्यामः। तथापि चिरतरप्रलीनासु तच्छाखासु तद्भूदेवेत्यवश्यमभ्युपेयम्। यतो मन्वादयो धर्मशास्त्रकाराः सत्यवचाः प्रामाणिका निष्प्रमाणं किमपि न निबध्नीयुः। अतस्तत्प्रणीतनियमा असति वेदविसंवादे प्रलीनशाखामूलका इति सर्वथैव ग्राह्याः' इति। "शाखानां विप्रकीर्णत्वात् पुरुषाणां प्रमादतः नानाप्रकरणस्थत्वात् स्मृतेर्मूलं न दृश्यते"। "दृश्यते ह्यर्थेऽप्यर्थविस्मरणं ग्रन्थनाशश्च," "न च प्रलयो न सम्भाव्यते, दृश्यते हि प्रमादालस्यादिभिः पुरुषक्षयाच्च" इत्यादीन्युक्तयुक्तेर्मूलानि। आपस्तम्बसूत्रव्याख्याकृता हरदत्तेन प्रतिपादितामीदृशीं युक्तिं निराकुर्वंस्तन्त्रवार्त्तिककृदित्थमाह "मूलसाक्षिकव्यवहारवच्च प्रलीनशाखामूलत्वकल्पनायां यस्मै यद्रोचते स तत् प्रमाणीकुर्यात्" इति। अन्यत्र च "येन यत्नेन मन्वाद्यैरात्मकर्त्तृकं प्रपाठितं, कस्मात्तेनैव तन्मूलं चोदना समर्पिता? । यस्यैव यदभिप्रेतं स एव तत्प्रलीनशाखामस्तके निक्षिप्य प्रमाणीकुर्यात्" इति आपस्तम्बोऽप्याह "ब्राह्मणोक्तो विधयः, तेषामुत्सन्नाः पाठाः प्रयोगादनुमीयन्ते; यत्र प्रीत्युपलब्धितः प्रवृत्तिर्न तत्र शास्त्रमस्ति, तदनुवर्तमानो नरकाय राध्यति" इति। कुमारिलेनाप्युक्तम्। "यैश्च मन्वादिस्मृतीनामुत्सन्नवेदशाखामूलत्वमभ्युपगतं तान् प्रति शाक्यादिभिरपि शक्यं तन्मूलत्वमेव वक्तुम्; को हि शक्नुयादुत्सन्नानां वाक्यानामियत्तानियमं कर्तुम्? ततश्च यावत् किञ्चित्कियन्तमपि कालं कैश्चिदाद्रियमाणं प्रसिद्धिं गतं तत्प्रलयशाखाविसंवादेऽप्युत्सन्नशाखामूलत्वात्सर्वमनुमन्तव्यमुल्यकल्पनया प्रतिभाति" इति। व्यासादिभिरपि श्रुतिस्मृतिपुराणानां परस्परविसंवादे पूर्वपूर्वप्रामाण्यमभ्युपगतम्। स्मृतीनां पुराणानां च पौरुषेयत्वात्तत्र विप्रलम्भाः सम्भाव्या एवेति हि तदाशयः। स्मृतयः पुराणानि च सद्भिर्बुद्धिमद्भिः सतर्कमादरणीयानि। परं तु तन्नियमाः सत्याग्रहान्यायं यथात्मतुष्टि च शिष्टैः ग्राह्या एव। अत एव हि मनुनापि "वेदोऽखिलो धर्ममूलं स्मृतिशीले च तद्विदाम्। आचारश्चैव साधूनामात्मनस्तुष्टिरेव च" इति तुष्टेरपि धर्म्ममूलत्वमुक्तम्।

(शिष्टं)

केरळवर्मा, सि. एस्.

——❋❋❋❋❋❋❋❋❋❋❋——

വാക്യതത്വം

[illegible]

വില അണ 8. കാലിക്കോബൈന്റ് 12 അണ.

മാനേജർ, മംഗളോദയം കമ്പനി, ലിമിറ്റഡ് — തൃശ്ശിവപേരൂർ.

രസികരഞ്ജിനി

[illegible]

[illegible]

പുസ്തകം 1	ലക്കങ്ങൾ 2, 3, 4, 6, 7
പുസ്തകം 2	എല്ലാ ലക്കങ്ങളും
പുസ്തകം 3	2, 3, 4, 7, 8, 12
പുസ്തകം 4	എല്ലാ ലക്കങ്ങളും
പുസ്തകം 5	1, 2, 3, 4, ലക്കങ്ങൾ

മാനേജർ, മംഗളോദയം കമ്പനി, ലിമിറ്റഡ്, തൃശ്ശിവപേരൂർ.

മംഗളോദയം

വരിസംഖ്യ	
മുൻകൂറായി ഒടുക്കം	
ഒരു കൊല്ലത്തേയ്ക്കു മുൻകൂർ	ക 2—8—0
അരക്കൊല്ലത്തേയ്ക്കു „	ക 1—8—0
ഒറ്റപ്രതിക്ക്	ക 0—4—0
വി. പി. ചിലവു പുറമെ.	

പരസ്യക്കൂലി

വരി ഒന്നുക്ക് 0—2—

സ്ഥിരപരസ്യങ്ങൾക്കു പ്രത്യേക നിരക്കുകളുണ്ട്.

വരിസംഖ്യ ബാക്കി വെച്ചിട്ടുള്ളവർ [illegible] സംഖ്യ ഉടനെ [illegible] വരുത്തേണ്ടതാണ്.

മാസികസംബന്ധമായി വരിക്കാർ എഴുതുന്ന കത്തുകളിൽ അവരവരുടെ [illegible] മാസികയുടെ മേൽവിലാസത്തിലുള്ള നമ്പ്രുകൂടി കുറിച്ചാൽ ഉടൻ മറുവടി അയയ്ക്കുന്നതാണ്. മാസിക ക്രമമായി കിട്ടാതെ വന്നാൽ ആ വിവരത്തിന്നും അറിവു തരേണ്ടതാകുന്നു.

മാനേജർ.

മംഗളോദയംകമ്പനി

ക്ലിപ്തം, തൃശ്ശിവപേരൂർ.

ഡയറക്ടർമാർ

1 മഹാമഹിമശ്രീ കൊച്ചി 11-ാമത്തെ രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്
2 ബ്രഹ്മശ്രീ എ. കെ. ടി. കെ. എം. വലിയനാരായണൻ നമ്പൂതിരിപ്പാട് അവർകൾ
3 „ എ. കെ. ടി. കെ. എം. ചെറിയ നാരായണൻ നമ്പൂതിരിപ്പാട് „
4 „ വടക്കാഞ്ചേരി [illegible] ശ്രീധരൻ [illegible] നമ്പൂതിരിപ്പാട് „
5 „ സി. ടി. [illegible] നീലകണ്ഠൻ [illegible] „
6 „ കവൂർ ദാമോദരൻ നമ്പൂതിരിപ്പാട് „
7 „ ടി. ആർ. എം. [illegible] നമ്പൂതിരി „
8 „ പുന്നശ്ശേരി നീലകണ്ഠശർമ്മാ „
9 „ മ. ര. രാ. ചങ്ങരംകോത കൃഷ്ണൻകർത്താവ് „

മലയാളഭാഷാഭിവൃദ്ധിയേയും പൊതുജനങ്ങളുടെ ക്ഷേമത്തേയും മുൻനിറുത്തി [illegible] ക. വീതം [illegible] ഓഹരികളുള്ള [illegible] ക മൂലധനമായി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ കമ്പനി. ഈ കമ്പനിയിലേക്ക് വളരെ കാലമായി ഉണ്ടാക്കിത്തീർക്കപ്പെട്ടിട്ടുള്ള അച്ചുക്കൂടം തിരുവാലിൽ [illegible] വെച്ചും, മലയാളം, ഇംഗ്ലീഷ്, ദേവനാഗരി, തമിഴ് മുതലായ ഭാഷകളിലുള്ള എല്ലാ അച്ചടിപ്പണികളും ഭംഗിയായും കൃത്യമായും നടത്തിക്കൊടുക്കുന്നതാണ്.

ഇതിനു പുറമെ ഭാഷാപോഷണത്തിന്ന് ബ്രഹ്മശ്രീ എ. കെ. ടി. കെ. എം. വലിയ നാരായണൻ നമ്പൂതിരിപ്പാടവർകളുടെ ഉടമസ്ഥതയിൽ പ്രസിദ്ധം [illegible] കമ്പനിയിൽനിന്നു ഏറ്റെടുത്തിരിക്കുന്ന [illegible] വിഷയങ്ങളെയും പ്രതിപാദിക്കുന്ന ഈ മാസിക മേലിൽ പൂർവാധികം [illegible] നടത്തുവാൻ ശ്രമം ചെയ്യുന്നുണ്ട്.

കമ്പനിയിൽ ഷെയർ ചേരുവാൻ ആഗ്രഹിക്കുന്നവർ ടി. കമ്പനി മാനേജരെ അറിയിച്ചാൽ ഷെയർഫാറം അയച്ചുകൊടുക്കുന്നതാണ്. എല്ലാ ഷെയറുകളും [illegible]

മാനേ[illegible]

൧൦൮൭ മകരം

മംഗളോദയം

സാഹിത്യം മുതലായ
വിശിഷ്ടവിഷയങ്ങളെ പ്രതിപാദിക്കുന്ന
മാസിക.

പുസ്തകം 4
ലക്കം 9

വിഷയങ്ങൾ

വരിസംഖ്യ
2—8—0

കേരളകല്പദ്രുമം അച്ചുകൂടം
മംഗളോദയം കമ്പനി ക്ലിപ്തം
തൃശ്ശിവപേരൂർ.

സ്കൂൾപുസ്തകങ്ങൾ

കൊച്ചിരാജ്യത്തെ സ്കൂളുകളിൽ പാഠപുസ്തകങ്ങളായി സ്വീകരിച്ചിട്ടുള്ള താഴെ പറയുന്ന പുസ്തകങ്ങൾ ഈ ആപ്പീസ്സിൽ വില്പാൻ തയ്യാറുണ്ട്. ആവശ്യക്കാർ താഴെ പറയുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ വി. പി. ആയി അയച്ചുകൊടുക്കുന്നതാണ്.

പുസ്തകവിവരം	വിലവിവരം
1 ഗദ്യമാലിക 1-ഉം 2-ഉം ഭാഗങ്ങൾ	1—1—0 വീതം
2 പദ്യപാഠാവലി 1-ാം ഭാഗം	0—1—6
3 ടി 2-ാം ഭാഗം	0—1—9
4 ടി 3-ാം ഭാഗം	0—2—3
5 ടി 4-ാം ഭാഗം	0—2—9
6 നീതിമാല 1-ഉം 2-ഉം 3-ഉം ഭാഗങ്ങളും കൂടിയ 1-ാം പുസ്തകം	0—1—6
7 ടി 4-ഉം 5-ഉം ഭാഗങ്ങളും കൂടിയ 2-ാം പുസ്തകം	0—2—6
8 കൊച്ചിരാജ്യചരിത്രം	0—6—0

വാങ്ങുവിൻ! വായിപ്പിൻ!

വായിപ്പിൻ!!!

വാത്മീകിരാമായണം — ബാല, അയോദ്ധ്യ [illegible] (വള്ളത്തോൾ നാരായണമേനോൻ)		8—12—0
[illegible]	ടി	0—4—0
[illegible]	ടി	0—8—0
[illegible]		0—4—0
[illegible]		0—4—0
[illegible]		2—8—0
[illegible]		0—1—6
[illegible]		0—8—0

ശങ്കരവിജയം-ഭാഷാഗാനം.

[illegible]



ആഗ്രയിലെ താജ്മഹാൾ.

മംഗളോദയം
മാസിക

പുസ്തകം ൩ | മകരമാസം | ലക്കം ൬

മംഗളം.

ജ്ഞാനം ചീർത്തുമാത്തിരികളെയൊരുവരൊന്നൊരാഗ്രഹം ദീപിപ്പാൻ
വിതാനം യത്നാംശമതിലിടയുടെപ്പതലായ്ജ്ഞാനമന്നം
കാതരാത്മാനിന്നുകണ്ണിൻ മുനകളുടെ കളിക്കുന്നതരങ്ങളില്ലാ
തീർത്ഥതീർത്ഥ മിശ്രങ്ങളിൽ വാടമിഥ്യാധ്യായമായാങ്ങാരെ

പാലാഴിമഥനം

നൂറെട്ടുപനിഷത്തുകൾ



'ജ്ഞാനകാണ്ഡ'മെന്നും, വേദാന്തമെന്നും പറയുന്ന ഉപനിഷത്തുകൾ ബ്രഹ്മതത്വത്തെ പ്രതിപാദിക്കുന്ന വേദഭാഗങ്ങളാകുന്നു. ഇവയും മറ്റുള്ള വേദഭാഗങ്ങളെപ്പോലെ അനാദികളും സ്വതഃപ്രാമാണ്യസിദ്ധിയുള്ളവയുമാണെന്നു പുരാതനന്മാരിൽ പലരും സിദ്ധാന്തിച്ചിരിക്കുന്നു. ശബ്ദാത്മകമായ പ്രബന്ധത്തിന് ഒരു പ്രണേതാവും ഉൽപത്തിയും ഇല്ലെന്നു വാദിക്കുന്നതു യുക്തിവിരുദ്ധമാകയാൽ നവീനന്മാർ 'അനാദിത്വ'ത്തെ അനിശ്ചിതമായ അർത്ഥത്തോടു കൂടിയതെന്നു വ്യാഖ്യാനിക്കുന്നു. ഇങ്ങിനെ വ്യാഖ്യാനിക്കുന്നതുകൊണ്ടു വേദത്തിന്റെ പ്രാമാണ്യത്തിനു യാതൊരു ഹാനിയും വരുന്നതല്ല. വേദത്തിൽ പറയുന്ന തത്വങ്ങളുടെ യാഥാർത്ഥ്യവും മഹിമയുമാണ് അതിന് അപ്രതിഹതമായ പ്രാമാണ്യം കൊടുക്കുന്നതു്.

ഏതു സാഹിത്യത്തിലെ ഗ്രന്ഥരാശി പരിശോധിച്ചാലും പുരാതനഗ്രന്ഥങ്ങളുടെയും അർവാചീനഗ്രന്ഥങ്ങളുടെയും ഭാഷാരീതിക്കു ഗണനീയമായ ഭേദഗതിയുള്ളതായി കാണുന്നുണ്ട്. കണ്ണശ്ശപ്പാട്ട്, കേരളപ്പഴമ തുടങ്ങിയുള്ള പുരാതനഗ്രന്ഥങ്ങളിലെ മലയാളവും, ഇന്നത്തെ 'പത്രമലയാള'വും ഒരു ഭാ

ഷയാണെന്നു പറഞ്ഞാൽ വിശ്വസിപ്പാൻ കൂടി പ്രയാസമാണ്. ബൈബിളിലെ ഇംഗ്ലീഷിന്നും ഇരുപതാം നൂറ്റാണ്ടിലെ ഇംഗ്ലീഷിന്നും തമ്മിൽ വളരെ അന്തരമുണ്ട്. ഇതിന്നു എല്ലാ സാഹിത്യങ്ങളിലും കാണാവുന്നതാണ്. അതുകൊണ്ടു കാലക്രമത്തിൽ ഭാഷക്കു പല മാറ്റങ്ങളും വരുന്നതെന്നുള്ളതു സാർവ്വത്രികമായ തത്വമാണ്. ഈ തത്വത്തെ അടിസ്ഥാനപ്പെടുത്തി നോക്കുമ്പോൾ വേദഗ്രന്ഥങ്ങൾക്കു കാലഭേദമുണ്ടെന്നു തെളിയുന്നു. ഋഗ്വേദത്തിലെയും യജുർവ്വേദത്തിലെയും ഭാഷകൾക്കുതന്നെ വലിയ വ്യത്യാസം കാണുന്നുണ്ട്. സാധാരണസംസ്കൃതവ്യുൽപന്നന്മാർക്ക് ഋഗ്വേദിത ചൊല്ലികേൾപ്പിപ്പാൻ അവർക്ക് അർത്ഥബോധത്തിന്റെ ഗന്ധംപോലുമുണ്ടാകുന്നതല്ല. യജുർവ്വേദസംഹിതയിലെ മിക്കഭാഗങ്ങളും സുഗമങ്ങളുമാണ്. അതുകൊണ്ട് അവയുടെ കാലത്തിന്നു വ്യത്യാസമുണ്ടെന്നും യജുർവ്വേദം ഋക്കിനേക്കാൾ നവീനമാണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു.

സംഹിതകളിലെയും ഉപനിഷത്തുക്കളിലെയും ഭാഷക്കു വലിയ വ്യത്യാസം കാണുന്നതുകൊണ്ട് ഉപനിഷത്തുക്കളുടെ ഉൽപത്തി പിൻകാലത്താണെന്നു സിദ്ധിക്കുന്നു. എന്നാൽ ഉപനിഷത്തുകൾതന്നെ എല്ലാം ഒരു കാലത്തുണ്ടായവയല്ലെന്ന് അവയുടെ ഭാഷാഭേദംകൊണ്ടും വിഷയവ്യത്യാസംകൊണ്ടും വിശദമാകുന്നുണ്ട്. 'നൂറ്റെട്ടുപനിഷത്തുകൾ' ഇപ്പോൾ അച്ചടിച്ചു പുറത്തു വിട്ടു കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും അനവധി ഉപനിഷത്തുകൾ ലിഖിതഗ്രന്ഥങ്ങളായി കിടപ്പുണ്ടെന്നു സാഹിത്യപണ്ഡിതന്മാർ പരിശോധിച്ചറിഞ്ഞിരിക്കുന്നു. ഇപ്പോൾ പ്രസിദ്ധപ്പെടുത്തിക്കാണുന്ന ഉപനിഷത്തുകളിൽ ഈശാവാസ്യം തുടങ്ങിയുള്ള ദശോപനിഷത്തുകൾമാത്രമേ അതി കാലത്തുണ്ടായിട്ടുള്ളുവെന്നും, അവക്കു മാത്രമേ 'ഉപനിഷത്ത്' എന്ന പേരിന്നു യഥാർത്ഥത്തിൽ അർഹതയുള്ളുവെന്നും വിചാരിപ്പാൻ പല ലക്ഷ്യങ്ങളും സഹായിക്കുന്നുണ്ട്.

വ്യാസമഹർഷിയുടെ ബ്രഹ്മസൂത്രങ്ങളിൽ ഉപനിഷത്തുക്കളുടെ താൽപര്യങ്ങളെപ്പറ്റി ചെയ്തിരിക്കുന്ന അധികരണങ്ങളിൽ ദശോപനിഷത്തുക്കളിലെ വാക്യങ്ങളെയാണ് ഉദ്ധരണം ചെയ്തിരിക്കുന്നത്. മറ്റുള്ള ഉപനിഷത്തുക്കളും അന്നുണ്ടായിരുന്നുവെങ്കിൽ അവയെ സൂചിപ്പിക്കുകയെങ്കിലും സൂത്രങ്ങളിൽ പ്രസ്താവിച്ചിരിക്കേണ്ടതാണല്ലോ. എന്നു മാത്രമല്ല, അദ്വൈതതത്വത്തെ പ്രതിപാദിക്ക എന്നുള്ള ലക്ഷണം ദശോപനിഷത്തുകളിലെല്ലാം കാണുന്നുണ്ട്; അതിനാൽ അദ്വൈതതത്വത്തെപ്പറ്റി ഒന്നും പ്രസ്താവിക്കാതെയും മറ്റൊരു വിഷയത്തെ സ്ഥാപിച്ചുകൊണ്ടും പുറപ്പെട്ടിട്ടുള്ള ഉപനിഷദ്ഗ്രന്ഥങ്ങൾ പിന്നീടുള്ള പല വർഗ്ഗക്കാരും ചില പ്രത്യേക കാരണങ്ങളിന്മേൽ നിർമ്മിച്ചവയാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ശിവൻ, വിഷ്ണു, ദേവി, ഗണപതി മുതലായ സഗുണമൂർത്തികളുടെ പ്രാമാണ്യത്തെ സ്ഥാപിക്കയാണ് ചില ഉപനിഷത്തുകളിൽ ചെയ്തിരിക്കുന്നത്. മറ്റു ചില ഉപനിഷത്തുകളിലെ വിഷയം ശാസ്ത്രസംബന്ധമായതാണ്. ഗോപികാഗീതയിലുള്ള ഭക്തി മുക്തിപ്രദമാണെന്നു വേദാന്തരീതിയിൽ പ്രതിപാദിച്ചുകാണുന്നു. നാമോച്ചാരണത്തിന്റെ മാഹാത്മ്യമാണ് മറ്റൊന്നിൽ വിസ്തരിച്ചിരിക്കുന്നത്. ഗണപതിയുടെ കൊമ്പും തുമ്പിയും വർണ്ണിപ്പാനാണ് ഒരുപനിഷത്തിന്റെ പുറപ്പാട്. ലോകത്തിൽ ഗോപസ്ത്രീ

കളുടെ ശൈവപ്രിയവും ശ്രീകൃഷ്ണന്റെ കാരണാധിപത്യവും ഉപനിഷത്തുകളിലേക്ക് കടന്നുകൂടിട്ടുണ്ട്. ഈ വക ഉപനിഷത്തുകളെല്ലാം ഓരോ മൂർത്തികളെ ആരാധിക്കുകയും ഓരോ നടപടികളെ നിർബ്ബന്ധിക്കുകയും ചെയ്യുന്ന വകക്കാർ അവരവരുടെ മതസ്ഥാപനത്തിനായി കെട്ടിച്ചമച്ചിട്ടുള്ളവയാണെന്ന് ഒരു നോട്ടത്തിൽ തന്നെ കാണാൻ കഴിയുന്നതാണ്.

ഗ്രന്ഥസമൂഹം ഭാരതീയന്മാരെ പുരാണങ്ങളാണ് വശീകരിച്ചിട്ടുള്ളതായി അവരുടെ സാഹിത്യചരിത്രത്തിൽനിന്നു സ്പഷ്ടമാകുന്നുണ്ട്. ഒരു കാലത്തു സ്മൃതികൾക്ക് പ്രാമാണ്യമുണ്ടായിരുന്നു. അന്നു സകല വിഷയങ്ങളും സ്മൃതിയിൽ പറഞ്ഞിരുന്ന ഭാരതീയന്മാരുടെ മുമ്പിൽവെച്ചു സ്വാതന്ത്ര്യവും മാഹാത്മ്യവുമില്ലാത്ത ശാസ്ത്രം ശാസ്ത്രമല്ലെന്നു വന്നപ്പോൾ തന്നെ നമ്മുടെ ശാസ്ത്രങ്ങളുടെ ഉൽഗതിയും നിലച്ചു. പുരാണങ്ങൾക്ക് പ്രാധാന്യം കിട്ടിയപ്പോൾ സകലവിഷയത്തിലും പുരാണങ്ങളുടെ പുറപ്പാടായി. വൈദ്യവും ജ്യോതിഷവും മറ്റും വേണ്ട വ്യാകരണം പോലും പുരാണത്തിൽ വന്നു കഴിഞ്ഞു. ഇതിന്റെ തന്നെ ഉപനിഷത്തുകൾക്ക് പ്രാബല്യമുണ്ടായിരുന്ന ഒരു കാലത്ത് എല്ലാവരും അവരവരുടെ മതം സ്ഥാപിപ്പാനായി നിർമ്മിച്ചിട്ടുള്ള പല പ്രബന്ധങ്ങളും ഉപനിഷത്തുകളുടെ കൂട്ടത്തിൽ കണക്കാക്കിവന്നിട്ടുണ്ട്.

വേദോപനിഷത്തുകളിൽ പ്രതിപാദിക്കപ്പെട്ടതും വേദാന്തശാസ്ത്രത്തിലേക്ക് ഉപയോഗിക്കാവുന്നവയുമായ പല വിഷയങ്ങളുമടങ്ങിയ ചില ഉപനിഷത്തുകൾ ഈ കൂട്ടത്തിൽ അകപ്പെട്ടിട്ടുണ്ട്. ചിലതിൽ വേദോപനിഷത്തുകളിലെ മഹാവാക്യങ്ങളുടെ അർത്ഥവത്തെപ്പറ്റിയുള്ള ചോദ്യോത്തരങ്ങളും മറ്റുമാണ് വിഷയം. ഇവയെല്ലാം വേദാന്തശാസ്ത്രം വികസിച്ചുവന്നതിനുശേഷം അതിന്റെ സാരാംശത്തെ എടുത്തു നിർമ്മിച്ചവയാണെന്ന് വിചാരിക്കാവുന്നതാണ്. ഈ ഉപനിഷത്തുകളിലെ മറ്റേ ചിലതിൽ ശാസ്ത്രഗ്രന്ഥങ്ങളിലെ വാക്യങ്ങളെ എടുത്തുമുള്ളതുകൊണ്ട് ഇവ ശാസ്ത്രഗ്രന്ഥങ്ങളുണ്ടായ കാലത്തോ, അതിനടുത്ത കാലത്തോ ഉണ്ടായവയായിരിപ്പാനേ എളുപ്പമുണ്ട്. ഈ വക ഗ്രന്ഥങ്ങൾ വേദാന്തശാസ്ത്രത്തിന്റെ അനുബന്ധങ്ങളായി വകവെക്കുന്നതുകൊണ്ട് ഇവയെ ഉപനിഷത്തെന്നു വ്യപദേശിക്കുന്നതിൽ വലിയ ഔചിത്യക്കുറവൊന്നും പറഞ്ഞുകൂടാ. സൃഷ്ടിപ്പുകാരനാണ് ഈശ്വരൻ എല്ലാ വിഷ്ണുവാണ് എന്നു തുടങ്ങിയുള്ള ശുഷ്കവാദങ്ങൾക്ക് ഉപയോഗിക്കുന്നവയും സങ്കുചിതങ്ങളായ സിദ്ധാന്തങ്ങൾ നിറഞ്ഞ വളരെ ചില കൃത്രിമഗ്രന്ഥങ്ങളെ ഉപനിഷത്തുകളുടെ കൂട്ടത്തിൽ കണക്കാക്കുന്നതുകൊണ്ടുള്ള ദോഷം ചില്ലറയൊന്നുമല്ല. ഈ വക ഗ്രന്ഥങ്ങളാണ് ഭാരതീയന്മാരെ മതവിശ്വാസത്തെ നാനാമാർഗ്ഗങ്ങളിൽ പ്രവേശിപ്പിക്കുകയും അവർക്ക് ഐകമത്യമില്ലാതാക്കുകയും ചെയ്യുന്നത്.

ഈ വക ഉപനിഷത്തുകളിലെ മാഹാത്മ്യരീതി പുരാണങ്ങളിലെയും ഒടുവത്തെ കാലത്തുണ്ടായ കാദംബരി മുതലായ ഗദ്യകാവ്യങ്ങളിലെയും മാഹാത്മ്യരീതിയോടൊന്നു സദൃശമായി കാണുന്നു. ഇക്കാലത്തു പ്രചാരമില്ലാത്തവയും ഗഹനങ്ങളായ പ്രക്രിയകളെക്കൊണ്ടു സാധിക്കേണ്ടവയുമായ യാഗങ്ങൾ എല്ലാമടങ്ങിയ ബ്രാഹ്മണസംഹിതകൾ മുതലായ ഗ്രന്ഥങ്ങളായി ഗണിക്കേണ്ട ഈ വക ഗ്രന്ഥങ്ങൾക്കും തമ്മിൽ തെല്ലുന്നും തിട്ടത്തിനുമുള്ള ചേല ഭേദഗതി കാണുന്നുണ്ട്.

ഈ അംശത്തെ പ്രത്യക്ഷപ്പെടുത്തുവാനായി ബ്രാഹ്മണസംഹിതയിൽനിന്നും ഒട്ടേറെ ഉപനിഷത്തുകളിൽനിന്നും ചില ഭാഗങ്ങൾ എടുത്തു കാണിക്കുകതന്നെ വേണ്ടിയിരിക്കുന്നു.

യൂയം തേ ഉഗ്രാശത്രവസ്സ ചമൂനാം
വിഷ്ണുഗ്രാമാദ്യമതിപ്രാപ്തതാ
യത്രാഗ്നയോ വൈ സൂര്യദേവതിക്രിയാർത്ഥീ
തിണ്ണാതിപരമേഷ്ഠിനാവചനമാ

ഋക്സംഹിത

തസ്യ വൈ പൂർവകാലോസ്യ
ലോകനാഥേഷു കരണേഷ്വേതം
ഉത്തമ ഇവ സമാപ്യ
യാതു കാമസ്യ ഭാവ്യംതരേ

യത്രാധിഷ്ഠിതാസ്സിതപാദകന്തസ്സ്ഥ ജ്ഞാനമാവാൽ ഭഗവദ്ഭക്തിമാർഗ്ഗം എന്ന ഭാഷ പറയുന്നതിനുമുമ്പ് ഉപനിഷത്തുകളെക്കുറിച്ച് ഉപനിഷദ്ഭാഗം ഉപനിഷത്തുകളിൽ സമ്പ്രദായ സൂത്രങ്ങൾ തുടങ്ങുന്ന അവയിലും മറ്റും പലഭാഗത്തും ഉണ്ട്. സാധാരണയായി സംസ്കൃതം ഉപ രിവേഷ്ടിച്ചാൽ ബോധ്യമാവും,

കഠോപനിഷൽ

ഈ ജാതിയിലുള്ള പദ്യങ്ങളും കാളിദാസാദിമഹാകവികളുടെ കാലത്തു ണ്ടായവയാണെന്നു സമ്മതിച്ചേ മതിയാവൂ എന്നു പറയുന്നത്. വ്യാകരണനിയമങ്ങളും ശ ബ്ദമായി വ്യാപിക്കാത്തതുകൊണ്ട് 'സ്വാദു ഫലം മധ്വദതി' (മനസ്സിൽ ഈ നിയമം ഇ ഷ്ടംപോലെ പ്രവർത്തിപ്പിക്കാം) എന്ന പ്ര ഭേദങ്ങളും പറഞ്ഞിട്ടുള്ള മാതിരിയായി ഈ വക പ്രമാണങ്ങളെ മനസ്സിന്റെ ശ്രു തത്തിൽ ഗണിപ്പിട്ടുണ്ടാവാൻ വയ്യില്ല. ഭാഗ വതം, ഭാരതം മുതലായ പുരാണഗ്രന്ഥ ങ്ങളിലെ കഥാപുരുഷന്മാരെക്കൊണ്ട് ഒന്നി ലധികം സംസ്കൃതഭാഷയിൽ കേട്ടപ്പെട്ടതെ ല്ലാമായി പറഞ്ഞിട്ടുള്ള ഉപനിഷ ത്തുകൾ ഒന്നുകിൽപ്പോലും ഇത് തന്നെ ആദ്യ ത്തിൽ ചാടിയ ആദ്ധ്യാത്മികവൃത്തികളുടെ പ്രവൃത്തികളുടെതന്നെ ഒരു ഭാഗമാണ് കാണുന്നത്.

ഹിന്ദുക്കളുടെ പുരാണഗ്രന്ഥങ്ങളിലും ഇപ്രകാരം ആദ്ധ്യാത്മിക ചില സംഗതികളും പിന്നീട് കൂട്ടിച്ചേർത്തു വിട്ടിട്ടുണ്ട്. മനസ്സുകളിലെ വാസനകളെ മറ്റൊരു വിധത്തിൽ പുരാണകഥാസന്ദർഭങ്ങളിൽ പറഞ്ഞ് പുരുഷന്മാരെ പൊളിക്കഥകളാക്കി നടപ്പിൽ നടപ്പാക്കുന്നതിനുള്ള ശ്രമം കാണുകയില്ല. സാധുക്കളായ ജനങ്ങളെ ആകർഷിപ്പാൻ വിശേഷിച്ച് ഇതിഹാസപുരാണങ്ങൾകൊണ്ടും ഇതരഗ്രന്ഥസാധനങ്ങൾകൊണ്ടും എത്രമാത്രം കണ്ടുകൊണ്ടിരുന്നു! കാലക്രമേണ കവികളായ ചില മഹാന്മാർ വേദങ്ങളിൽനിന്നു തിരിച്ചെടുത്തിട്ടില്ലേ ആചാരങ്ങളെയും കൂടി ഉപനിഷത്തുക്കളോടു പുരാണങ്ങളോടു ചേർത്തുകൊണ്ടു പ്രസിദ്ധപ്പെടുത്തിപ്പോന്നിട്ടുണ്ട്. ഇക്കാലം വരെയ്ക്കും ഹിന്ദുക്കൾക്ക് 'വേദവിദ്യ' ആദിയെക്കാളുമേറെ മതവാദ ഗ്രന്ഥങ്ങളുണ്ടാകയില്ല.

യൂറോപ്പിന്റെ പുനർജ്ജന്മം

(തുടർച്ച)



ഇന്ത്യാരാജ്യത്തേക്കുള്ള ഈ വഴി കണ്ടുപിടിപ്പാനുള്ള ഉത്സാഹം കൊണ്ട് അജ്ഞാതമായ വേറെ ഒരു ഭൂഖണ്ഡംകൂടി ഉണ്ടായി. ഈ മാർഗ്ഗം കണ്ടുപിടിപ്പാനുള്ള ഉത്സാഹത്തിന്നിടക്കാണ് അമേരിക്കാരാജ്യം യൂറോപ്യന്മാർക്ക് കണ്ടു കിട്ടിയത്. ഈ പുതിയ രാജ്യം കണ്ടുകിട്ടിയതുകൊണ്ടു യൂറോപ്യന്മാരുടെ കച്ചവടം മുതലായ വ്യാപാരങ്ങൾക്കു വളരെ അധികം അവകാശം കിട്ടിയെന്നുമാത്രമല്ല അത് അവർക്കു പിന്നീടുണ്ടായ ബുദ്ധിവികാസത്തിന്നു നല്ലൊരു കാരണമായിത്തീരുകയും കൂടി ചെയ്തു. ക്രിസ്ത്യാനിവേദത്തിലാകട്ടെ പുരാതനഗ്രീക്കുശാസ്ത്രഗ്രന്ഥങ്ങളിലാകട്ടെ ഇങ്ങിനെ ഒരു രാജ്യത്തെപ്പററി ഒന്നും പറഞ്ഞിട്ടില്ല. ആ വേദപുസ്തകത്തിലും പഴയ ഗ്രന്ഥങ്ങളിലും ഇല്ലാത്ത യാതൊരു വസ്തുവും ഇല്ലെന്നായിരുന്നു മദ്ധ്യകാലത്തുണ്ടായിരുന്ന ദൃഢവിശ്വാസം. അമേരിക്ക കണ്ടു കിട്ടിയതിന്റെശേഷം ആ വക ഗ്രന്ഥങ്ങളുടെ പ്രാമാണ്യത്തെപ്പററിയുള്ള ദൃഢവിശ്വാസമെല്ലാം പോകുവാൻ തുടങ്ങി. യൂറോപ്പിലെങ്ങും കാണാത്ത പല വിധജനങ്ങളെയും, അവരുടെ സമ്പ്രദായങ്ങളെയും, ജന്തുക്കളെയും, വൃക്ഷസസ്യാദികളെയും അവിടെ കാണ്മാനിടയായതിന്റെ ശേഷം ആളുകളുടെ തരം മനസ്സിലാക്കുന്ന കാര്യത്തിൽ അനേകം ബുദ്ധിമാന്മാർ തങ്ങളുടെ ബുദ്ധിയെ പ്രേരിപ്പിച്ചു തുടങ്ങി.

ഈ പ്രേരണയുടെ ഫലമായി പല പുതിയ ശാസ്ത്രങ്ങളും ആരംഭിപ്പാനാരംഭിച്ചു. ഇതു മാത്രമല്ല; യൂറോപ്പിൽ അക്കാലത്തു മതവിഷയമായി പല ഭിന്നാഭിപ്രായങ്ങളും ഉണ്ടായിരുന്നു. അതുകൊണ്ടു ജനസമുദായത്തിൽ വളരെ കലഹങ്ങളും തമ്മിൽതല്ലും ആയിരുന്നു. ഈ ജനങ്ങളുടെ കൂട്ടത്തിൽനിന്ന് അനേകം പേർ അമേരിക്കയിൽ പോയി കുടിയേറിപ്പാർത്തു തുടങ്ങി. അവിടെ അവർ മതഭേദമെല്ലാം മറന്നു യോജിച്ചുകൂടി പല കാര്യങ്ങളിലും പ്രവൃത്തിക്കേണ്ടി വന്നു. അതുകൊണ്ട് അമേരിക്കയിൽ പോയിരുന്ന യൂറോപ്യന്മാർ മതവിഷയത്തിലുള്ള ഭ്രാന്ത് ക്രമത്തിൽ കുറഞ്ഞു വന്നു. ഈ ഗുണം അവരിൽനിന്നു കാലക്രമേണ യൂറോപ്പിലേക്കു തന്നെ പകർന്നു തുടങ്ങി. അമേരിക്കയും യൂറോപ്പും തമ്മിലുള്ള ഗതാഗതം വർദ്ധിക്കുന്തോറും ഈ ഗുണം യൂറോപ്യന്മാർക്കു വർദ്ധിച്ചുവന്നു. ഈ വക ഗുണങ്ങളാണ് അമേരിക്ക കണ്ടുകിട്ടിയതുകൊണ്ടു യൂറോപ്യന്മാർക്കുണ്ടായത്. അതുകൊണ്ട് ആ രാജ്യത്തിന്റെ ലാഭത്തെ ഇപ്പോഴും വെള്ളക്കാരുടെ ഇടയിൽ കണ്ടുവരുന്ന വലിയ പരിഷ്കാരത്തിന്റെ ഒരു പ്രധാനകാരണമായിട്ടാണ് ചരിത്രകാർ ഗണിച്ചു വരുന്നത്.

മദ്ധ്യകാലത്തിലെ ശോച്യനിലയിൽനിന്നു യൂറോപ്പുരാജ്യത്തെ ആധുനികനിലയിലേക്കു കൊണ്ടുവരുവാൻ വേറെ ചിലതും കൂടി സഹായിച്ചിട്ടുണ്ട്. വെടിമരുന്ന്, വടക്കുനോക്കി, അച്ചടിയന്ത്രം, കടലാസ് ഈ നാലു സാധനവും മദ്ധ്യകാലത്തിന്റെ അവസാനത്തിൽ അവിടെ നടപ്പായിരുന്നില്ലെങ്കിൽ അവിടെയുള്ള ജനങ്ങൾക്ക് ഇ

ഇപ്പോൾകാണുന്ന വലിപ്പമെല്ലാം ഉണ്ടാകുന്ന കാൎയ്യം വളരെ സന്ദേഹത്തിലാണ്. ഇതുകളെല്ലാം യൂറോപ്യന്മാർ ഏഷ്യക്കാരോടു പഠിച്ചതാണെന്നു മനസ്സിലാകുമ്പോൾ ഏഷ്യക്കാരായ നമുക്ക് അല്പം അഭിമാനം തോന്നുവാൻ അവകാശമുള്ളതാണല്ലോ. വെടിമരുന്നിന്റെ ഉൽപത്തി ചീനത്തുനിന്നോ, ജപ്പാൻരാജ്യത്തുനിന്നോ ആണെന്നാണ് ഇപ്പോൾ പരക്കെ സ്വീകരിച്ചിട്ടുള്ള അഭിപ്രായം. ഇന്ത്യയിൽനിന്നുതന്നെ അല്ലയോ എന്നുംകൂടി സംശയമുണ്ട്. ഈ മൂന്നു രാജ്യങ്ങളിലും ഈ പദാൎത്ഥം വളരെ കാലം മുമ്പുതന്നെ ഉപയോഗിച്ചു വന്നിരുന്നുവെന്നു ലക്ഷ്യപ്രകാരം തെളിയിക്കാവുന്നതാകുന്നു. ഇവിടങ്ങളിൽനിന്നു മഹമ്മദീയരാണ് ഇതു യൂറോപ്പിലേക്കു കൊണ്ടുപോയി അതിന്റെ ഉപയോഗം അവിടത്തെ ജനങ്ങൾക്കു കാട്ടിക്കൊടുത്തത്. വെടിമരുന്നു നടപ്പായതിന്റെശേഷം വാൾ, കുന്തം, വില്ലു മുതലായ ആയുധങ്ങളെക്കൊണ്ടു ഫലമൊന്നുമില്ലാതായി. യുദ്ധങ്ങൾ പണ്ടത്തെപ്പോലെ എളുപ്പത്തിൽ നടത്താൻ വയ്യാതായതിനു- യുദ്ധത്തിന്റെ ചിലവും കേടു മുതലായവയെ നശിപ്പിക്കുന്നതിൽനിന്നുണ്ടാകുന്ന നഷ്ടവും മുമ്പത്തെക്കാൾ എത്രയോ അധികരിച്ചു വന്നതിനാൽ യുദ്ധംതന്നെ മുമ്പത്തെപ്പോലെ ഇല്ലാതാവുകയും ചെയ്തു. ഈ നിലയായപ്പോൾ യുദ്ധംകൊണ്ടുപജീവനം കഴിച്ചിരുന്ന ആളുകളുടെ ഇര മുടങ്ങി. അവരും കൃഷി, കച്ചവടം, കൈവേല മുതലായ വ്യാപാരങ്ങൾ ഏറ്റെടുത്തു തുടങ്ങി. അതുകൊണ്ട് ആ വക വ്യാപാരങ്ങൾക്ക് ഒരു കയറ്റംകൂടി കിട്ടുകയും ചെയ്തു.

അയസ്കാന്തംകൊണ്ടു ചെറിയൊരു സൂചിയുണ്ടാക്കി ഒരു കനംകുറഞ്ഞ നാരുകൊണ്ട് ഒരു ദിക്കിൽ കെട്ടിത്തൂക്കിയാൽ അതു ക്രമേണ തിരിഞ്ഞു തെക്കുവടക്കായി നിൽക്കുമെന്നുള്ള വാസ്തവം ആദ്യം കണ്ടുപിടിച്ചതു ചീനക്കാരാണ്. അയസ്കാന്തത്തിന്റെ ഈ തത്വത്തെ ആസ്പദമാക്കിവെച്ച് അവർ ഒരു വടക്കുനോക്കി നിൎമ്മിച്ച് അതിന്റെ സഹായംകൊണ്ടു സമുദ്രത്തിൽ പലദിക്കിലും കപ്പൽയാത്ര ചെയ്തുവരാറായിത്തീൎന്നു. അങ്ങിനെ വളരെക്കാലം കഴിഞ്ഞതിന്റെ ശേഷമാണ് അറബിക്കാരായ മഹമ്മദീയർ അതു കണ്ടുപഠിച്ചത്. അവരാണതു യൂറോപ്പിലേക്കു കൊണ്ടുപോയി വെള്ളക്കാരെ മനസ്സിലാക്കിക്കൊടുത്തത്. വെള്ളക്കാർ ഇതൊന്നുംകൂടി പരിഷ്ക്കരിച്ചു കപ്പൽയാത്രക്കു സൌകൎയ്യമാക്കിത്തീൎത്തു എന്നു മാത്രമേ ഉള്ളൂ. ഈ വടക്കുനോക്കിയെന്ന യന്ത്രത്തിന്റെ സഹായംകൊണ്ടാണ് യൂറോപ്യന്മാർ ഇന്ത്യയിലേക്കുള്ള വഴിയും അമേരിക്കാരാജ്യവും അനേകം ഭൂമിശാസ്ത്രസിദ്ധാന്തങ്ങളും കണ്ടുപിടിച്ചത്.

ഇതുപോലെതന്നെ കടലാസ്സും അച്ചടിയന്ത്രവും ചീനത്തുനിന്നു മഹമ്മദീയർ കൊണ്ടുപോയി യൂറോപ്പുരാജ്യത്തു പരത്തുകയാണുണ്ടായത്. ഇതുരണ്ടും വരുന്നതിനുമുമ്പു യൂറോപ്പിലെ പഠിപ്പിന്റെ നില വലിയ കഷ്ടത്തിലാണ കിടന്നിരുന്നത്. ഗ്രന്ഥങ്ങൾതന്നെ വളരെ ചുരുക്കം. ഉള്ളതുതന്നെ വായിക്കാനാഗ്രഹമുള്ളവൎക്കു കിട്ടുവാൻ വളരെ പ്രയാസം. ഇങ്ങിനെയാണന്നത്തെ നില. എന്നാൽ അതുരണ്ടും നടപ്പായതിൽ പിന്നെ ഗ്രന്ഥങ്ങളുടെ ദാരിദ്ര്യത്തിനു വളരെ കുറവുണ്ടായി. വേണ്ടവൎക്കു പുസ്തകങ്ങൾ കിട്ടും എന്നായി. അതിന്റെശേഷം ജനങ്ങൾക്കു പുസ്തകങ്ങൾ വായിക്കുവാനും അവയെപ്പറ്റി ആലോചിക്കുവാനും ഉള്ള രുചിയും അവസരവും സൌകൎയ്യവും ക്രമേണ വൎദ്ധിക്ക

ഷ്യം ചെയ്തു. ഈ വിധമാണ് വെടിമരുന്നു മുതലായ മേൽവിവരിച്ച സാധനങ്ങൾ യൂറോപ്പിന്റെ ആധുനികപരിഷ്കാരത്തിനു നല്ലകാരണങ്ങളായി ഭവിച്ചത്.

മേൽ വിവരിച്ചപ്രകാരമെല്ലാം യൂറോപ്പു മദ്ധ്യകാലത്തിൽ അതിനെ ബാധിച്ചിരുന്നായിരുന്ന ജാഡ്യത്തിൽനിന്നു മോചിപ്പിച്ചുകൊണ്ടിരുന്ന സമയത്താണ് പ്രാചീനന്മാരായ റോമക്കാരുടേയും യവനന്മാരുടേയും വിശേഷപ്പെട്ട ഗ്രന്ഥങ്ങളെ വായിച്ചുനോക്കുവാൻ അവിടത്തെ ജനങ്ങൾക്ക് മോഹമുണ്ടായത്. ഈ ഗ്രന്ഥങ്ങളെല്ലാം എഴുതിയിരുന്നതു ലാറ്റിൻ, ഗ്രീക്ക് എന്നീ ഭാഷകളിലായിരുന്നു. ഈ ഭാഷകൾ രണ്ടും മൃതഭാഷകളായിക്കഴിഞ്ഞിരുന്നു. ഗ്രീക്ക് നിശ്ചയമുള്ള ആളുകൾതന്നെ മദ്ധ്യകാലത്തു ധാരാളമുണ്ടായിരുന്നില്ല. ലാറ്റിന്റെ കാര്യത്തിൽ അല്പം ഭേദമുണ്ട്. ക്രിസ്ത്യാനികളുടെ സന്യാസിമാരുടെയിടയിലെങ്കിലും അതു നിശ്ചയമുള്ളവർ ചിലർ ഉണ്ടായിരുന്നു. എന്നാൽ ലാറ്റിൻഭാഷയിൽ അന്നു നടപ്പുണ്ടായിരുന്ന ഗ്രന്ഥങ്ങൾ ജനങ്ങളുടെ ബുദ്ധിവികാസത്തിനു വളരെ ഉപകരിക്കുന്നവയായിരുന്നില്ല. ക്രിസ്തുമതത്തിന്റെ സ്ഥാപനയിൽതന്നെ ശിക്ഷിച്ചുകൊണ്ടിരുന്ന ചില വൈദികന്മാരാൽ എഴുതപ്പെട്ടവയായിരുന്നതിനാൽ അവ ആ വൈദികന്മാരുടെ മനസ്സുപോലെതന്നെ ചിന്തവികാസത്തിനു വിരോധങ്ങളായിരുന്നു. പുരാതനകാലത്തെ പരിഷ്കാരമെല്ലാം ഗ്രീക്കുഭാഷയിലുള്ള ശാസ്ത്രഗ്രന്ഥങ്ങളിൽ നോക്കിയാലേ അറിയൂ. എന്നാൽ ഇതിൽ ചിലതു ലാറ്റിൻഭാഷയിലേക്കു ഭാഷാന്തരം ചെയ്തിരുന്നില്ലെന്നില്ല. എന്നാൽ ഈ ഭാഷാന്തരങ്ങളൊന്നും മൂലങ്ങളിലെ തത്വങ്ങളെ നല്ലവണ്ണം സ്പഷ്ടമാക്കിയിരുന്നില്ല. ഗ്രീക്കുഭാഷയിൽനിന്നു മഹമ്മദീയർ അവയെ അറബിയിലേക്കു ഭാഷാന്തരംചെയ്തു. ആ അറബിഭാഷയിൽനിന്നു അവയെ യഹൂദന്മാർ ലാറ്റിൻഭാഷയിലേക്കു ഭാഷാന്തരംചെയ്തു. ഇങ്ങിനെ രണ്ടുമൂന്നുവട്ടം ഭാഷാന്തരംചെയ്തുകഴിഞ്ഞിട്ടുള്ള പുസ്തകങ്ങളാണ മദ്ധ്യകാലത്തുള്ള ക്രിസ്ത്യന്മാർക്ക് കിട്ടിയത്. അതുകൊണ്ട് അവയെപ്പറ്റിയും മൂലഗ്രന്ഥങ്ങളുടെ നിഴലുകൾ എന്നുമാത്രമേ പറയുവാൻ തരമുണ്ടായിരുന്നുള്ളു. ഈ ഗ്രന്ഥങ്ങൾതന്നെ വൈദികന്മാർ ലൌകികന്മാർക്ക് കാട്ടിക്കൊടുക്കുകയാകട്ടെ പഠിപ്പിക്കുകയാകട്ടെ ചെയ്തിരുന്നില്ല. അച്ചടിയന്ത്രം വന്നതിനോടുകൂടി ഈ സമ്പ്രദായത്തിനു കുറെ മാററംവന്നു. ഈ ഗ്രന്ഥങ്ങളെല്ലാം അച്ചടിച്ചു പ്രസിദ്ധം ചെയ്തു എന്നുള്ള ദിക്കു വന്നപ്പോൾ എല്ലാവർക്കും അവയെ നോക്കിപ്പഠിക്കാറായി. നോക്കുന്തോറും ഈ പുസ്തകങ്ങൾ ജനങ്ങളുടെ ജിജ്ഞാസയെ വർദ്ധിപ്പിച്ചുതുടങ്ങി. അവർ തർജ്ജമ നോക്കിയാൽ പോരെന്നുള്ള ദിക്കായി. അപ്പോൾ അവർ ഗ്രീക്കുപുസ്തകങ്ങളും ആ ഭാഷ അറിയുന്ന ആളുകളും ഉണ്ടോ നോക്കി അവിടെപ്പോയിപ്പഠിച്ചു വശമാക്കാൻ തുടങ്ങി. ഇങ്ങിനെ ഗ്രീക്കുഭാഷ പഠിപ്പാനുള്ള മോഹം ജനങ്ങൾക്കു പരക്കെ ഉണ്ടായിരിക്കുന്നകാലത്താണ 'കോൺസ്റ്റാൻറിനോപ്പിൾ' എന്ന മഹാപട്ടണം മഹമ്മദീയർ വന്നു പിടിച്ചു കീഴടക്കിയത്. ആ പട്ടണത്തിൽ ഗ്രീക്കുഭാഷയിൽ പാണ്ഡിത്യമുള്ള ജനങ്ങൾ അല്പം പേരുണ്ടായിരുന്നു. അവരെ മുമ്പുണ്ടായിരുന്ന ചക്രവർത്തികളെപ്പോലെ മഹമ്മദീയർ അത്ര കൊണ്ടാടിയില്ല. അപ്പോൾ അവർ ആ പട്ടണം വിട്ടുപജീവനത്തിനുവേണ്ടി യൂറോപ്പിലെല്ലാം സഞ്ചരിച്ചു തുടങ്ങി. ഗ്രീക്കുഭാഷാപാണ്ഡിത്യം മാത്രമേ അവർക്കു മുതലുണ്ടായിരുന്നുള്ളു.

ന്നതവർ ആവശ്യക്കാരായവൎക്കു പഠിപ്പിച്ചു കൊടുപ്പാനാച്ചു. ഈ ഗുരുക്കന്മാർ യൂറോപ്പിൽ പലേടത്തും വ്യാപിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ടു യൂറോപ്പിലുള്ള എല്ലാനാട്ടുകാൎക്കും ഗ്രീക്ക പഠിക്കുവാൻ വളരെ സൌകൎയ്യമായിത്തീൎന്നു. ആ ഭാഷയിൽ 'പ്ലേറ്റോ' 'അരിസ്റ്റോട്ടിൽ' മുതലായ തത്വജ്ഞാനികളെഴുതിയുള്ള പുസ്തകങ്ങളെ അന്യസഹായംകൂടാതെ നോക്കി മനസ്സിലാക്കാമെന്നുള്ള നിലയായപ്പോൾ യൂറോപ്യന്മാരുടെ മനസ്സിന്നു കുറെക്കൂടി വികാസംവന്നു. മദ്ധ്യകാലങ്ങളിൽ ജനങ്ങളുടെ ഇടയിൽ നടപ്പുണ്ടായിരുന്ന ഐഹികവിരക്തിയുടെ അടിസ്ഥാനമില്ലാത്തതാണെന്നു് അവൎക്കു നല്ല ബോധം വന്നു. ഗതാനുഗതികത്വമെന്നതു ഭാരമേറിയിട്ടുള്ളതാണെന്നും, വിദ്യയിൽമാത്രമല്ല എല്ലാ കാൎയ്യത്തിലെങ്കിലും ഉൽകൎഷം പ്രാപിക്കണമെന്നാഗ്രഹമുള്ളവൎക്കു് ഗതാനുഗതികത്വത്തെക്കാൾ അധികം വലിയൊരു ശത്രുവുമില്ലെന്നും, പൂൎണ്ണസ്വാതന്ത്ര്യത്തോടെ നേരിട്ടു പ്രവൃത്തിക്കുന്നതായാൽ മനുഷ്യബുദ്ധികൊണ്ടു സാധിപ്പാൻ വയ്യാത്ത കാൎയ്യം യാതൊന്നുമില്ലെന്നും അവൎക്കു പൂൎണ്ണവിശ്വാസം വരികയും ചെയ്തു.

കഥാവശേഷമായിക്കിടന്നിരുന്ന ഗ്രീക്കുഭാഷയിൽ ഈ ഭാഷകളുടേയും ആ ഭാഷയിൽ എഴുതീട്ടുണ്ടായിരുന്ന ഗ്രന്ഥരാശികളുടേയും പുനൎജ്ജീവനത്തോടുകൂടി യൂറോപ്പിന്നു പുനൎജ്ജന്മം കിട്ടിക്കഴിഞ്ഞുവെന്നു പറയാമെങ്കിലും അതിലേക്കു് ഒരു സംഗതികൂടി ചേൎക്കേണ്ടതുണ്ടു്. അതെന്തെന്നുവെച്ചാൽ യൂറോപ്യന്മാൎക്കു മതസംബന്ധമായ കാൎയ്യങ്ങളിൽ കൂടി കിട്ടിയ സ്വാതന്ത്ര്യമാകുന്നു. മദ്ധ്യകാലങ്ങളിൽ മതസംബന്ധമായ കാൎയ്യങ്ങളിലെല്ലാം ലൌകികന്മാർ പാതിരിമാരെന്തുപറയുന്നുവോ അതുപ്രകാരം നടക്കുക എന്നു മാത്രമേ ഉണ്ടായിരുന്നുള്ളു. ഈശ്വരനെ വിചാരിക്കണമെങ്കിൽ അതു പാതിരിമാർ പറഞ്ഞുകൊടുക്കുന്ന ധ്യാനത്തിലെ പാടുള്ളായിരുന്നുള്ളു. ഈശ്വരനെ സേവിക്കണമെങ്കിൽ അവരിട്ടുകൊടുത്ത പദ്ധതിയിൽ മാത്രമേ തരവുമുണ്ടായിരുന്നുള്ളു. അക്കാലത്തു പാതിരിമാരെല്ലാവരും മഹാദുൎവൃത്തരും മടിയരും മൂഢന്മാരുമായിരുന്നതിനാൽ ഇതിന്നു വൈഷമ്യമുണ്ടായിരുന്നില്ല. പിന്നെ ചില ബുദ്ധിമാന്മാർ പാതിരിമാരുടെ പിന്നാലെ നടക്കുവാൻ കഴിയില്ലെന്നു വിചാരിച്ചു സ്വന്തമനോധൎമ്മപ്രകാരം മതവിധം ഈശ്വരനെ ധ്യാനിക്കുവാനും ആരാധിക്കുവാനും മറ്റും തുടങ്ങിവെക്കുകയുണ്ടായി. ഇവരെ ലൌകികന്മാരെല്ലാവരുംകൂടി യോജിച്ചു വല്ലാതെ ഉപദ്രവിച്ചു് ആവക ഉത്സാഹങ്ങളെല്ലാം ഇല്ലാതെ ചെയ്തു. പാതിരിമാൎക്കു അഹംഭാവവും, പഠിപ്പും, പണവും ഉണ്ടായിരുന്നതിനാലും പൊതുജനങ്ങൾക്കു് ഇതൊന്നും ഇല്ലാതിരുന്നതിനാലും അവരു സാധിച്ചുവെങ്കിലും സ്വേച്ഛപോലെ ഇഷ്ടംപോലെ ചെയ്യാനുള്ള വാസനയും പാതിരിമാൎക്കു കീഴടങ്ങാൻ വയ്യെന്നുള്ള കൂറും ജനങ്ങളെ വിട്ടുപോയില്ല. ഈ ഉപന്യാസത്തിൽ പറഞ്ഞിട്ടുള്ള പല സംഗതികളുംകൊണ്ടും യൂറോപ്പിലെ ലൌകികന്മാർ ജ്ഞാനവും, ധൈൎയ്യവും, ധനവും, ഉത്സാഹവും വൎദ്ധിച്ചപ്പോൾ ആ വാസന പിന്നെയും പുറപ്പെട്ടു. ഇതിലേക്ക ഒരു സഹായവുംകൂടിയുണ്ടായി. അച്ചടി വന്നതിന്നശേഷം മതസംബന്ധമായ സകലകാൎയ്യത്തിനും അടിസ്ഥാനമായ വേദപുസ്തകത്തിന്റെ മൂലത്തിനോ അച്ചടിച്ച സകലജനങ്ങൾക്കും നോക്കി വായിക്കത്തക്കനിലയിൽ പ്രസിദ്ധമായിക്കഴിഞ്ഞു. പൊതുജനങ്ങൾ ഈ പുസ്തകത്തിൽ പറഞ്ഞി

ട്ടുള്ള സിദ്ധാന്തങ്ങളേയും ന്യായങ്ങളേയും നിഷ്പക്ഷതയോടെ പഠിച്ച്, അവയെയും, ക്രിസ്തുമതവും അതിനോടുകൂടി തങ്ങൾക്കു ജനങ്ങളുടെമേലുള്ള അധികാരവും സ്ഥാപിപ്പാൻവേണ്ടി പാതിരിമാർ പറഞ്ഞുനടത്തിട്ടുണ്ടായിരുന്ന സിദ്ധാന്തങ്ങളേയും ന്യായങ്ങളേയും കൂട്ടിത്തട്ടിച്ചുനോക്കിത്തുടങ്ങി. ഇതുകൊണ്ട് തമ്മിൽ വളരെ വ്യത്യാസമുണ്ടായിരുന്നുവെന്നു, മാത്രമല്ല, പാതിരിമാരുടെ നടവടി തന്നെ വൈദികചട്ടങ്ങൾ തീരെ വിരോധമായിരുന്നുവെന്ന് അവർ തീർച്ചപ്പെടുകയും ചെയ്തു. മഠം സന്യാസിമാരുടിൽ യാതൊരു ലജ്ജയും കൂടാതെ നടപ്പുവന്നിരുന്ന അത്യാഗ്രഹവൃത്തികളും വൈദികന്മാരുടെ ധാർഷ്ട്യവും ഐശ്വര്യത്തിലുള്ള വും കൈക്കൂലി വാങ്ങി മാരാ മഹാപാപികൾക്കു മാപ്പു കൊടുക്കുക, നിർദ്ദാക്ഷിണ്യമായ വരെ ദ്രോഹിക്കുക മുതലായ അക്രമങ്ങളും എല്ലാം എല്ലാവർക്കും മനസ്സിലായി. പാതിരിമാരുടെ കൂട്ടത്തിൽതന്നെ ചിലർക്കു ശരിയല്ലെന്നു തോന്നിത്തുടങ്ങി. അവരുടെ കൂട്ടത്തിൽ നിർവ്യാജമായി ദൈവഭക്തിയുള്ളവർക്കിതൊട്ടും സഹിപ്പാൻ വയ്യാതായിത്തീർന്നു. ഒടുവിൽ അതിലൊരാൾ ഇളകിപ്പുറപ്പെട്ടു. 'മാർട്ടിൻ ലൂതർ' എന്നായിരുന്നു അയാളുടെ പേർ. അയാൾ പാതിരിമാരുടെ ദുർനടപ്പുകളെ എല്ലാം വിശദീകരിച്ചുകൊണ്ടും അവർ ജനങ്ങളുടെ പൌരോഹിത്യത്തിനു യോഗ്യന്മാരല്ലാതെ ആയിരിക്കുന്നുവെന്നു വാദിച്ചുകൊണ്ടും പല പുസ്തകങ്ങളും വായിച്ചു പ്രസിദ്ധപ്പെടുത്തി. പാതിരിസ്സംഘം ആപാദചൂഡം കോപിച്ചു വശമായി, ആ പുസ്തകങ്ങൾ ആരും വായിച്ചുപോകരുതെന്നു നിരോധനം ചെയ്തു. അതുകൊണ്ടു നിന്നില്ല. ആ പുസ്തകങ്ങളുടെ കർത്താവിനു സ്വഭാവവിരോധമായി. ജാതിഭ്രഷ്ടും വന്നു. പിന്നെയും അയാൾ കൂട്ടാക്കിയില്ല. ഇതുകൊണ്ടു പലരും അയാളുടെ പിന്നാലെ സഹായത്തിനു കൂടി. രാജാക്കന്മാരിൽ ചിലർതന്നെ അയാളെ സഹായിച്ചു. യൂറോപ്പു മുഴുവൻ ഒന്നു കലങ്ങി. ഈ കലക്കം കുറേക്കാലം നിലനിന്നതിന്റെ ശേഷം തെളിഞ്ഞു. തെളിഞ്ഞപ്പോൾ നാടിന്റെ നിലയെല്ലാം ഒന്നു മാറീട്ടാണ് കണ്ടത്. പാതിരിമാർ ലൌകികന്മാരുടെ മേലുണ്ടായിരുന്ന പിടുത്തം കുറയ്ക്കേണ്ടിവന്നു. മതകാര്യങ്ങളിൽ ഇന്നവിധം ചെയ്തുകൊള്ളണമെന്നുള്ള നിർബ്ബന്ധം കുറെ ഇല്ലാതായി. ജനങ്ങളുടെ മനോധർമ്മത്തിനു ക്രമേണ പൂർണ്ണസ്വാതന്ത്ര്യം കിട്ടുമെന്നുള്ള നിലയും വന്നുകഴിഞ്ഞു.

ഇങ്ങിനെ ഒന്നു കലങ്ങിത്തെളിയുകയും കഴിഞ്ഞപ്പോഴേക്ക് യൂറോപ്പിന്റെ പുനർജ്ജന്മം മുഴുവനായുള്ളൂ. ഇതു കഴിഞ്ഞപ്പോഴേക്കും ആ രാജ്യം മദ്ധ്യകാലത്തുണ്ടായിരുന്ന യൂറോപ്പല്ലെന്നു തോന്നിത്തുടങ്ങി. അക്കാലത്തുണ്ടായിരുന്ന ഉന്മാദാവസ്ഥയും അന്ധവിശ്വാസവും ഗതാനുഗതികത്വവും തീരെ വിട്ടുപോയി. കൃഷി, കൈവേല, കച്ചവടം ഇതുകളെല്ലാം ക്രമത്തിൽ വർദ്ധനയായി. നാട്ടുകാരുടെ കയ്യിൽ പണം വളരെ വർദ്ധിച്ചു. ആ രാജ്യത്തുള്ള പട്ടണങ്ങളുടെ സംഖ്യ അധികരിച്ചു. യുദ്ധങ്ങൾ മുമ്പത്തെപ്പോലെ ഇല്ലാതായി. കച്ചവടക്കാർ കാര്യക്കാരെന്നുള്ള നിലയായി മാറി. ജനങ്ങൾ മനസ്സുമാത്രമായൊരുക്കുന്ന വിദ്യകളും സമ്പ്രദായങ്ങളും ഓരോന്നായി കണ്ടുതുടങ്ങി, അങ്ങിനെ ആ രാജ്യം അഭ്യുന്നതാവസ്ഥയിൽ പ്രവേശിച്ചുവെന്നു പറയേണ്ടുന്ന ദിക്കു വരികയും ചെയ്തു.

കെ. സി. വീരരായൻരാജാ ബി. എ.

ചക്രവർത്തിയും ഡണ്ഡിയും



മഹാനും, വിശ്വവിശ്രുതനും, മാസിഡോണിയയിലെ രാജാവുമായിരുന്ന അലക്സാണ്ടർ ചക്രവർത്തിയെപ്പററി കേട്ടിട്ടില്ലാത്തവർ കേരളത്തിൽ അധികംപേർ ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ബാല്യത്തിൽത്തന്നെ സ്വരാജ്യാധിപത്യം ലഭിച്ചു, ഗ്രീസ്, പേർഷ്യ, ഈജിപ്ത് മുതലായ രാജ്യങ്ങളും ക്രമേണ പിടിച്ചടക്കി 32 വയസ്സിനകത്തു 'ലോകവിജയി'യെന്ന നാമധേയത്തെ സമ്പാദിച്ച അലക്സാണ്ടർചക്രവർത്തിയുടെ പരാക്രമങ്ങളുടെയും, വിജയങ്ങളുടെയും, എത്രതന്നെ ഉൽഘോഷിച്ചാലും ചരിത്രകാരന്മാർക്കും ചരിത്രം വായിക്കുന്നതിൽ അഭിരുചി തോന്നീട്ടുള്ളവർക്കും മതിക്കലും തൃപ്തി വരുന്നതല്ല. ലോകൈകാധിപത്യത്തെ കാംക്ഷിച്ചുകൊണ്ടിരുന്ന ചക്രവർത്തിക്കു, ധനപുഷ്ടികൊണ്ടും മതവിശ്വാസംകൊണ്ടും ലോകമെങ്ങുമൊരുപോലെ 'പുകൾ' പെറ്റിട്ടുള്ള' നമ്മുടെ ഇന്ത്യാരാജ്യത്തെയും ആക്രമിച്ചധീനപ്പെടുത്തുവാനാഗ്രഹം ജനിച്ചതിൽ അത്ഭുതപ്പെടുവാനൊന്നുമില്ലല്ലോ. ആ ആഗ്രഹത്തെ നിറവേററുന്നതിനായി അദ്ദേഹം സിന്ധുനദി കടന്നു വലിയ പടസന്നാഹത്തോടുകൂടി ഭാരതഖണ്ഡത്തിൽ പ്രവേശിച്ച കാലത്തും ഈ പുണ്യഭൂമിയിൽ ജീവന്മുക്തന്മാരായ അനവധി മഹർഷിമാരധിവസിച്ചിരുന്നു.

അങ്ങിനെയുള്ള മഹാമുനിമാരിൽ ഏററവും മുഖ്യനായിട്ടാണ ഡണ്ഡിയെന്ന ബ്രാഹ്മണനെ ഗണിച്ചു വന്നിരുന്നത്. വയസ്സുകൊണ്ടും, ജ്ഞാനംകൊണ്ടും സമാനകാലീനന്മാരായ സർവ്വമഹർഷികളെയും അദ്ദേഹം ഒരുപോലെ അതിശയിച്ചിരുന്നു. ഡണ്ഡിയുടെ പ്രശസ്തി കേട്ടു വിസ്മയഭരിതനായ ചക്രവർത്തി അദ്ദേഹത്തെ തന്റെ സന്നിധാനത്തിൽ ക്ഷണിച്ചുകൊണ്ടു വരുന്നതിന്നായി ലേഖനസഹിതം ഗ്രീസുകാരനും ഒരു തത്വജ്ഞാനിയുമായ ഒനിസിക്രിട്ടസ്സിനെ അയച്ചു. അയാൾ ഡണ്ഡിയുടെ അടുക്കൽച്ചെന്നു ചക്രവർത്തിയുടെ ക്ഷണത്തെ അറിയിക്കുകയും ഡണ്ഡിയുമായി പലവിധവിഷയങ്ങളെപ്പററി സംഭാഷണം ചെയ്കയും ചെയ്തു. ഒടുവിൽ ഡണ്ഡി പറഞ്ഞു. 'സോക്രട്ടീസ്സ്, പൈതഗോറസ്സ്, ഡയോജനീസ്സ് എന്നീ പ്രസിദ്ധന്മാരായ തത്വജ്ഞാനികൾ വലിയ വിജ്ഞാനികളായിരുന്നു എന്നു സമ്മതിച്ചു തീരു. എങ്കിലും ഒരു വിഷയത്തിൽ അവർ തീരെ നിരാക്ഷേപാർഹന്മാരാണെന്നു തോന്നുന്നില്ല. എന്തെന്നാൽ, പ്രകൃതിയേക്കാൾ അവർ നീതിയെയും ആചാരത്തെയുമാണ് അധികം ഉൽകൃഷ്ടങ്ങളായി വിചാരിക്കുന്നത്. അങ്ങിനെയല്ലെങ്കിൽ ഞങ്ങളെപ്പോലെ നഗ്നന്മാരായി നടക്കുവാൻ അവർ എന്തിനാണ് ലജ്ജിക്കുന്നത്?'

മഹാശക്തനായ അലക്സാണ്ടർചക്രവർത്തിയുടെ ക്ഷണത്തെ തീരെ നിരാകരിക്കുന്നതിനു ഡണ്ഡിക്കു യാതൊരു മടിയും ഉണ്ടായില്ല. അപ്പോൾ ഒനിസിക്രിട്ടസ്സ് ഇങ്ങിനെ പറഞ്ഞുതുടങ്ങി. 'ഹേ! ഡണ്ഡി! അലക്സാണ്ടർചക്രവർത്തി കേവലം ഒരു മ

ഷ്യൻ എന്നാണൊ നിങ്ങൾ വിചാരിക്കുന്നത്? സർവ്വശക്തനും, ദൈവാംശകനും, ലോകൈകനാഥനും ആയ അദ്ദേഹത്തിങ്കൽനിന്ന ലഭിച്ചതായ ഈ ഉൽകൃഷ്ടദാനത്തെ സ്വീകരിക്കുന്നതാണ് നിങ്ങൾക്കു നല്ലത്. അങ്ങിനെ ചെയ്യുന്നതായാൽ വിശേഷതരങ്ങളായ സമ്മാനങ്ങളും കിട്ടും. അഥവാ അതിനെ തീരെ നിരാകരിക്കുന്ന പക്ഷം നിങ്ങളെ പിടിച്ചു ബന്ധനം ചെയ്തു ശൂലത്തിൽ ചേർത്ത് ആണി തറച്ചുവിടുവാൻ ആജ്ഞാപിക്കുവാനും അലക്സാണ്ടർചക്രവർത്തി മടിക്കുന്നവനല്ല. അതുകൊണ്ട്' എന്നു പറഞ്ഞപ്പോഴേക്കും ഡണ്ഡി ഇങ്ങിനെ മറുപടി പറഞ്ഞു. 'അലക്സാണ്ടർ ദൈവാംശകനൊ! ശിവ! ശിവ! ഞാൻ അതൊരിക്കലും വിശ്വസിക്കയില്ല. അയാൾ സർവ്വശക്തനും സർവ്വവും അയാൾക്കധീനവുമാണെങ്കിൽ സർവ്വം എന്തിനാണ് അയാൾ അതൃപ്തനായിരിക്കുന്നത്? അയാൾ നൽകുമെന്നു പറയുന്ന സമ്മാനങ്ങൾക്ക് എനിക്കാഗ്രഹമോ ആവശ്യമോ ഇല്ല. നിങ്ങളുടെ ശിക്ഷണികൾ എന്നെ ലവലേശം പരിഭ്രമിപ്പിക്കുന്നതുമില്ല. എന്നെ വധിക്കുന്നതായാൽതന്നെ എന്റെ ആത്മാവിനെ ഈ പഴയ ജീർണ്ണിച്ച ദേഹത്തിൽനിന്ന വേർപെടുത്തി സ്വൈരവും സമാധാനവും ഉള്ള നിലയിലാക്കുവാനെ അയാൾക്ക സാധിക്കുകയുള്ളൂ. ആ പരിണാമം എനിക്ക എല്ലാവിധത്തിലും ശ്രേയസ്കരമാകുവാനെ തരമുള്ളല്ലൊ.'

ഈ അഗണ്യവാക്കുകളെ ചക്രവർത്തിയുടെ ചെവിയിൽ കേൾപ്പിച്ചപ്പോൾ അദ്ദേഹം ലേശംപോലും കോപിച്ചില്ല. എന്നുമാത്രമല്ല, ബ്രാഹ്മണരുടെ വിജ്ഞാനവൈഭവത്തെപ്പറ്റി അതിയായ ബഹുമാനമുണ്ടായിരുന്ന ചക്രവർത്തി ഡണ്ഡിയുടെ ധൈര്യത്തേയും മനഃസ്ഥൈര്യത്തേയും പറ്റി വിസ്മയിച്ചു ബ്രാഹ്മണരുടെ തപോധിഷ്ഠാനങ്ങളിൽ അന്തർഭവിച്ചു കിടക്കുന്ന വിജ്ഞാനമണികളുടെയും അവരുടെ വിശിഷ്ടതങ്ങളായ ജീവിതമാർഗ്ഗങ്ങളേയും പറ്റി അമാത്യന്മാരായി പലതും കേട്ടിട്ടുണ്ടെന്നും അവയെല്ലാം ഡണ്ഡിയുടെ മുഖത്തിൽനിന്നുതന്നെ ഗ്രഹിപ്പാനാഗ്രഹമുണ്ടെന്നും കറവും കാണിച്ച് ഒരു ലേഖനവും കൂടി അയക്കുക ഉണ്ടായി. അതിനുംപുറമെ, ബ്രാഹ്മണരെപ്പറ്റി കേട്ടിട്ടുള്ളതെല്ലാം വാസ്തവമായി കാണുന്നപക്ഷം ഡണ്ഡിയുടെ ഒരു ശിഷ്യനാകുവാൻപോലും അലക്സാണ്ടർചക്രവർത്തി സന്നദ്ധനായിരുന്നു. അതിനാൽ ഉടനെതന്നെ കുറെ സ്നേഹിതന്മാരോടും അനുചരന്മാരോടുംകൂടി അദ്ദേഹം ഡണ്ഡിയുടെ വാസസ്ഥലത്തേക്ക് പുറപ്പെടുകയും ആശ്രമത്തടുത്തപ്പോൾ കുതിരപ്പുറത്തു നിന്നിറങ്ങി കിരീടാഭരണാദികളെ ത്യജിച്ച് സാധാരണന്മാരെ പോലെ നിന്ന് വയോധികനായ മഹർഷിയുടെ സന്നിധാനത്തിൽ പ്രവേശിക്കുകയും ചെയ്തു. അനന്തരം ഡണ്ഡിയുടെ പാദാരവിന്ദത്തിൽ നമസ്കരിച്ച് ആസനം സ്വീകരിച്ചു ചക്രവർത്തി ഇങ്ങിനെ പറഞ്ഞു:— 'അല്ലയോ മഹാത്മാവേ! നിങ്ങളുടെ ദൈവം രക്ഷിക്കട്ടെ. എന്റെ ഭടന്മാർ വന്നവർ നിങ്ങൾക്ക് മനസ്സിലായല്ലൊ. അതിനാൽ ഞാൻ ഇതാ നിങ്ങളുടെ അടുക്കൽ തന്നെ വന്നിരിക്കുന്നു.'

ഡണ്ഡി 'എന്തുദ്ദേശിച്ചിട്ടാണ നിങ്ങൾ ഇവിടെ വന്നിരിക്കുന്നത്' എന്നു എനിക്ക മനസ്സിലാകുന്നില്ല. ഈ നിർജ്ജനവനത്തിൽ നിങ്ങളുടെ അന്തർഹൃദയത്തിനെ ആകർഷിപ്പാൻ എന്തൊരു വസ്തുവാണുള്ളത്? നിങ്ങൾക്കാവശ്യമുള്ളതൊന്നും ഞങ്ങളുടെ വശം ഇല്ല. ഞങ്ങളുടെ പക്കൽ ഉള്ളതൊന്നും നിങ്ങൾക്കാവശ്യവുമില്ല. ഞങ്ങൾ

ദൈവത്തെ ഭജിക്കുന്നു. മനുഷ്യനെ സ്നേഹിക്കുന്നു. ധനത്തെ ത്യജിക്കുന്നു. മരണത്തെ അഗണ്യമാക്കുന്നു. നിങ്ങളോ, നേരെ മറിച്ച് മരണത്തെ ഭയപ്പെടുന്നു. പണത്തെ പൂജിക്കുന്നു. മനുഷ്യനെ വെറുക്കുന്നു. ദൈവത്തെ ധിക്കരിക്കുന്നു.'

അലക്സാണ്ടർ—'അല്ലയോ മഹാത്മാവേ, നിങ്ങളുടെ ജ്ഞാനത്തെ അല്പമെങ്കിലും ഞങ്ങൾക്കുപദേശിച്ചുതന്നാലും. നിങ്ങൾ ഒരു പുണ്യവാനാണെന്നും ദൈവവുമായി പലപ്പോഴും സംഭാഷണം ചെയ്യാറുണ്ടെന്നും പറഞ്ഞുകേട്ടിട്ടുണ്ട്. ഒരു സംഗതി അറിവാനാണ് എനിക്കു വലുതായ ആഗ്രഹം ഉള്ളത്. നിങ്ങൾ എതുവിഷയത്തിലാണ് ശ്രദ്ധകൊടുത്തു വെക്കുന്നത്? മറ്റുള്ള മനുഷ്യരെക്കാൾ എന്തിലാണ് നിങ്ങൾക്ക് വൈശിഷ്ട്യമുള്ളത്?'

ഡണ്ഡി—'ദൈവത്തിങ്കൽനിന്നു ലഭിച്ചിട്ടുള്ള വരങ്ങളെ നിങ്ങൾക്കു ദാനം ചെയ്വാൻ എനിക്കും വലിയ മോഹം ഉണ്ട്. പക്ഷെ, അവയെ സ്വീകരിപ്പാൻ നിങ്ങളുടെ ഹൃദയത്തിൽ സ്ഥലമില്ലല്ലോ. നിങ്ങളുടെ മനസ്സ്, അതിരറ്റ അഭിലാഷങ്ങളാലും തൃപ്തിവരാത്ത അത്യാഗ്രഹങ്ങളാലും പൈശാചികമായ രാജ്യകാംക്ഷയാലും നിറഞ്ഞുകവിഞ്ഞൊഴുകുന്നു. സമുദ്രങ്ങൾ കടപ്പാനും വിദേശങ്ങളെല്ലാം ജയിപ്പാനും ലോകൈകച്ചക്രാധിപതിയായി വാഴ്വാനുമാണ് നിങ്ങൾക്കു മോഹം കിടക്കുന്നത്? കരസ്ഥമാക്കുവാൻ ഇനി യാതൊന്നുമില്ലെന്നു കണ്ടപ്പോൾ നിങ്ങളുടെ വാഞ്ഛകൾതന്നെ നിങ്ങളെ പീഡിപ്പിക്കും. ലോകമാസകലവും നിജശാസനക്കധീനമായി വന്നാൽകൂടി സൈ്വരമായിരിപ്പാൻ മനസ്സു വരാത്ത നിങ്ങളെ ജ്ഞാനത്തിനെന്താണ് തൃപ്തിപ്പെടുത്തുന്നത്? മറ്റുള്ള മനുഷ്യരെപ്പോലെ തന്നെയാണ് നിങ്ങളേയും ദൈവം സൃഷ്ടിച്ചിരിക്കുന്നത് എങ്കിലും അവരുടെ കൈവശമിരിക്കുന്ന വസ്തുക്കളെ ബലമായി കരസ്ഥമാക്കുവാനാണ് നിങ്ങൾക്കു മോഹം തോന്നുന്നത്. എന്നിട്ടോ, നിങ്ങൾ ഇരിക്കുന്നേടത്തോ ഞാൻ കിടക്കുന്നേടത്തോ അധികം സ്ഥലത്തിൽ ലേശംപോലും അധികമിടം നിങ്ങൾക്കധിവസിപ്പാൻ സാധിക്കുകയുമില്ല. എന്റെ ജീവനെ രക്ഷിപ്പാനാവശ്യമുള്ളേടത്തോളം മാത്രമെ ഞാൻ വായു, വെള്ളം, ഇവ മുതലായ ഭൂമ്യുപാദാനങ്ങളെ കൈവശപ്പെടുത്തി ഉപയോഗിക്കുന്നുള്ളു. അതിനാൽ എന്റെ വകയുള്ളതെല്ലാം ന്യായമായിട്ടാണ് ഞാൻ കൈവശംവെച്ചുവരുന്നത്. ലോകത്തിലുള്ള സകലനാടികളും നിങ്ങൾക്ക് സ്വാധീനമായിരിക്കട്ടെ. എന്നാലും എന്നെപ്പോലെ അല്ലാതെ നിങ്ങൾക്കു ജലപാനം ചെയ്വാൻ സാധിക്കുമോ? ഞാനുപദേശിക്കുന്ന ജ്ഞാനത്തെ സ്വീകരിക്കുന്നതായാൽ നിങ്ങൾക്കു യാതൊരു പദാർത്ഥത്തിലും കാംക്ഷയുണ്ടാകയില്ല. എന്തുകൊണ്ടെന്നാൽ കൈവശമുള്ളതിലധികം കാംക്ഷിക്കാത്തവന്നു സർവ്വവും കൈവശമാണല്ലോ. ദാരിദ്ര്യത്തിന്റെ ഉല്പത്തി അഭിലാഷത്തിലാണ്. രോഗവും ഔഷധവും അറിയാതെയാണ് നിങ്ങൾ ചികിത്സിപ്പാൻ ഉത്സാഹിക്കുന്നത്. എന്തുകൊണ്ടെന്നാൽ സർവ്വവും കൈവശപ്പെടുത്തുവാൻ ആഗ്രഹിക്കുന്നവന്നു താൻ അന്വേഷിക്കുന്ന സമാധാനം ഒരിക്കലും കണ്ടുകിട്ടുകയില്ല. എന്നുമാത്രമല്ല കയ്യിൽ കിട്ടിയതുകൊണ്ടു തൃപ്തിപ്പെടാതെ അനാപ്തവസ്തുവിൽ ആഗ്രഹംവെച്ചതിനെ വീക്ഷിച്ചുകൊണ്ടിരിക്കുന്നതിനാൽ ദിനംപ്രതി അധികമധികം മനോവേദനയും ഉണ്ടാകുന്നു. എത്രതന്നെ ദ്രവ്യമുണ്ടായിരുന്നാലും പണ്ടേപ്പോലെ ജീവിതം അ

യിക്കാത്തവനു പൂർണ്ണമായ സുഖത്തോടുകൂടി ആ ദ്രവ്യത്തെ അനുഭവിപ്പാൻ ഒരിക്കലും സാധിക്കയില്ല. അതു സാധിക്കുന്നപക്ഷം ഞാനുപദേശിക്കുന്ന ജ്ഞാനത്തെയുംഅയാൾക്കു സമ്പാദിപ്പാൻ കഴിയും. എനിക്കാകട്ടെ, മേലാപ്പിനാകാശവും ശയ്യക്ക് ഭൂമിയുമുണ്ട്. പാനംചെയ്യാൻ നദികളിൽ ജലവും സുലഭമായി കിടക്കുന്നു. നാലുപുറവും ഉള്ള പ്രദേശങ്ങൾ ആഹാരപദാർത്ഥങ്ങളെയും സംഭരിച്ചുതരുന്നു. വ്യാഘ്രത്തെപ്പോലെ ഞാൻ ജീവജാലങ്ങളെ ഭക്ഷിക്കുന്നില്ല. ഇതരശരീരങ്ങളുടെ അവശിഷ്ടങ്ങളെ കുക്ഷിയിൽ നിക്ഷേപിച്ച് എന്റെ ദേഹത്തെ ശവകുടീരമാക്കുന്നുമില്ല. മാതാവിന്റെ മുലപ്പാലെന്നപോലെ പ്രകൃതി ചുരത്തിച്ചു തരുന്ന ഫലമൂലങ്ങളാണ ഞാൻ ഭക്ഷിക്കുന്നത്. അന്യന്മാരെക്കാൾ വിശേഷമായി എന്താണ ഞങ്ങളുടെ കൈവശം ഉള്ളതെന്നും എന്തു വിഷയത്തിലാണ് ഞങ്ങൾ മറ്റുള്ളവരെ കടത്തിവെക്കുന്നതെന്നും അറിവാനാഗ്രഹമുണ്ടെങ്കിൽ പറയാം. ഞാൻ പ്രകൃതിയുടെ അപത്യമാണ്. മാതാവിങ്കൽനിന്ന് ഉല്പാദിച്ചപ്പോഴത്തെപ്പോലെതന്നെ നിശ്ചിന്തനായും അവ്യാകുലനായുമാണ ഞാനിന്നും ജീവിതം കഴിച്ചുവരുന്നത്. ശ്രേഷ്ഠനായ ദൈവത്തിങ്കൽനിന്നു ലഭിച്ച ജ്ഞാനത്തെ സർവ്വദാ ഞാൻ അവലംബിക്കുന്നു. അദ്ദേഹം എനിക്കുനൽകുവാൻപോകുന്നതെന്താണെന്നു എനിക്കുതന്നെ അറിയാം. ഭാവി മുഴുവൻ എനിക്കു പ്രത്യക്ഷമാണ്. വരുവാൻപോകുന്ന സകലലോകരഹസ്യങ്ങളേയും എനിക്കു എന്റെ ദിവ്യചക്ഷുസ്സുകൊണ്ടു പരിച്ഛേദിച്ചറിവാൻ സാധിക്കും. നിങ്ങളാകട്ടെ ഭാവിയെ സംബന്ധിച്ചേടത്തോളം മറ്റുള്ളവർ എന്തുപറയും എന്നാലോചിക്കുകയാണ് ചെയ്യുന്നത്. അതിനു കാരണവും ഉണ്ട്. എന്തുകൊണ്ടെന്നാൽ സർവ്വദാ ദൈവം തന്റെ സൃഷ്ടികളിൽ പ്രദർശിപ്പിക്കുന്ന സൂചനകളുടെ സൂക്ഷ്മതത്വം നിങ്ങൾക്കു മനസ്സിലാകുന്നില്ല, അവയെല്ലാം നിങ്ങൾക്കു ഗഹനമാകുന്നു.'

ഇതെല്ലാം ലേശംപോലും വൈമനസ്യംകൂടാതെ ക്ഷമയോടുകൂടി ശ്രദ്ധവെച്ചുകേട്ടുകൊണ്ടിരുന്ന അലക്സാണ്ടർ ചക്രവർത്തി ഒടുവിൽ ഇതിനെ പറഞ്ഞു. 'നിങ്ങൾ പറഞ്ഞതെല്ലാം വാസ്തവമാണ്. ഇതിനു മുമ്പിൽതന്നെ ഞാനതു ഗ്രഹിച്ചിരിക്കുന്നു. പുണ്യകളത്രനായ നിങ്ങൾ അധിവസിക്കുന്ന ഈ വിശിഷ്ടപ്രദേശം നിങ്ങളുടെ ജീവിതത്തിനു വേണ്ടുന്ന സകലസൌകര്യങ്ങളേയും നൽകുന്നു. നിങ്ങൾക്കു ജീവകാലം മുഴുവൻ ഇവിടെ തന്നെയും കഴിച്ചുകൂട്ടുവാൻ യാതൊരു പ്രയാസവുമില്ല. പ്രകൃതിയുടെ ഔദാര്യം നിർവ്വിഘ്നമായി നിങ്ങളുടെ സ്വാധീനത്തിൽ സമർപ്പിതമായിരിക്കുന്നു. ഞാനോ മറിച്ചു, കുന്തങ്ങളുടേയും കലാപങ്ങളുടേയും മദ്ധ്യത്തിൽ കിടന്നു കഴലി ഭ്രമപ്പെട്ടു കാലംകഴിച്ചുകൂട്ടുവാനാണ് എനിക്കു യോഗം. എന്റെ സ്നേഹിതന്മാരിൽനിന്നു എനിക്കുണ്ടാകുന്ന ഭയത്തോളം എന്റെ ശത്രുക്കൾക്ക് എന്നിൽതന്നെയുണ്ടോ എന്നു സംശയമാണ്. എന്തുകൊണ്ടെന്നാൽ വൈരികളുടെ ബലത്തെക്കാൾ ബന്ധുക്കളുടെ വഞ്ചനയാണ ദിനംപ്രതി എന്നെ അധികമധികം ആക്രാന്തനാക്കുന്നത്. എന്തിനു വളരെ പറയുന്നു. എന്റെ ദേഹരക്ഷക്കു വേണ്ടുന്ന അനുചരന്മാരുടെ ആവശ്യത്താലും അവർതന്നെ എന്നെ കൊലവിളിച്ചിറക്കിവിട്ടേക്കുമോ എന്നുള്ള ഭയത്താലും സർവ്വദാ ഞാൻ വ്യാകുലചിത്തനായി വസിക്കുന്നു. പകൽ മുഴുവൻ പട്ടണങ്ങളെ പിടിച്ചിട്ടും ധ്വംസിച്ചും രാത്രിമുഴുവൻ വൈരികൾ

ഹൈസ്ഥ്യമായി വന്ന പൊട്ടന്നവരെ എ
ന്നെ കൊന്നേക്കുമോ എന്ന ശങ്കിച്ചും പേടി
ച്ചും ആണ ഞാൻ ദിവസങ്ങൾ കഴിച്ചുകൂ
ട്ടുന്നത്. എനിക്കു മേലുള്ളവരെ ഞാൻ വ
ധിക്കുന്നു. ജനങ്ങൾ എന്നെ വെറുക്കുന്നു.
വാസ്തവത്തിൽ ഞാൻ സാധുവും സുശീലനു
മാണ്. ലൌകികവ്യാപാരങ്ങൾ വിട്ട നി
ങ്ങളെപ്പോലെ വനവാസം ചെയ്യാൻ എ
നിക്കു ശക്തിയില്ല. വർത്തമാനസ്ഥിതിയെ
വെടിയുന്നത് എനിക്ക് അശക്യവുമാണ്.
അതിനാൽ എന്നെ ഈ നിലയിൽ ആക്കി
വിട്ട ദൈവം എനിക്കു മാപ്പുതരുമെന്ന വി
ശ്വസിക്കുന്നു. എങ്കിലും എന്റെ സങ്കടങ്ങ
ളെല്ലാം ശ്രദ്ധവെച്ചു കേട്ട മഹാത്മാക്കളുടെ
പുണ്യവചനങ്ങളാൽ എന്റെ മനസ്സിനെ
സങ്കടാകുലചിന്തകളിൽനിന്ന് അല്പ
നേരമെങ്കിലും വിമോചിപ്പിപ്പിൻ വിമലരൂപ
രേ! ഞാൻ കൊണ്ടുവന്നിട്ടുള്ള സമ്മാനപ
ദാർത്ഥങ്ങളെ സ്വീകരിപ്പിൻ. നിങ്ങളുടെ
ജ്ഞാനവൈഭവത്തിനും ഹൃദയവൈശിഷ്ട്യ
ത്തിനും കപ്പമായി നൽകുന്ന ഈ സാധന
ങ്ങളെ ത്യജിച്ച് എന്നെ അധിക്ഷേപിക്കരു
തേ.'

ഇതിനെ പറയുമ്പോഴേയ്ക്കും രാജ
ചിഹ്നമായും അതിഭംഗിയിൽ പണിചെയ്യ
പ്പെട്ടിട്ടുള്ളതുമായ അനവധിസാമാനങ്ങളെ
യും പലമാതിരിയിലുള്ള തൈലങ്ങളെയും ഭ
ക്ഷണപദാർത്ഥങ്ങളെയും വഹിച്ചുകൊണ്ടു
നിന്നിരുന്ന അടിമകൾ അവയെ തങ്ങളു
ടെ തലകളിൽ നിന്നിറക്കി മഹർഷിയുടെ
പാദത്തിങ്കൽ നിരത്തിവെച്ചു. ഇതെല്ലാം
കണ്ടപ്പോൾ പ്രകാശമാനമായ ഒരു ചിരി
യ പുഞ്ചിരിയോടുകൂടി ഋഷി പറഞ്ഞു 'പ
ണവും മറ്റുംകൊടുത്തു സേവകരെക്കൂടി ഈ
വനത്തിൽ പാർക്കുന്ന പക്ഷികളെ ഒ
ന്നുകൂടി നല്ലവണ്ണം പാടിപ്പാൻ ആരെക്കൊ
ണ്ടാണ സാധിക്കുന്നത്? അത്ര അസാദ്ധ്യ
മായി വിചാരിക്കുന്നപക്ഷം എന്തിനാണ്
എന്നെ ആ പക്ഷികളെക്കാൾ ശ്രേഷ്ഠനാ
യി ഗണിക്കുന്നത്? ഭക്ഷിപ്പാനോ പാനം
ചെയ്യാനോ ഉപയുക്തമല്ലാത്ത വസ്തുക്ക
ളെ ഞാനെന്തിനാണ നിങ്ങളുടെ പക്കൽ
നിന്ന സ്വീകരിക്കുന്നത്? എനിക്കു യാ
തൊരു പ്രയോജനവുമില്ലാത്ത ഒരു സാധ
നത്തെ ഞാനെന്തിനാണ കൈക്കൊള്ളു
ന്നത്. ഗുണപ്രദമല്ലാത്ത പദാർത്ഥങ്ങളെ
കൈവശംവെച്ച് ഇതുവരെ സ്വൈരമായി
രുന്ന എന്റെ മനസ്സിനെ ഞാനെന്തിനാ
ണ് വെറുതെ വ്യാമോഹിപ്പിക്കുന്നത്. ഈ
നിർജ്ജനവനത്തിൽ ക്രയവിക്രയംചെയ്യാൻ
പാടില്ലാത്ത യാതൊരു സാധനവും സ്വീ
കരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എ
നിക്കാകട്ടെ നാനാഭാഗങ്ങളിലും ദൈവം
ഫലമൂലാദികളെ ശേഖരിച്ചുതന്നിരിക്കുന്നു.
അവയെ സ്വൈരമായി എടുത്ത് ഞാൻ ഭ
ക്ഷിക്കുന്നു. ദൈവമാകട്ടെ, കനകത്തിന
യാതൊരു കൈമാറ്റം ചെയ്യുന്നില്ല. നേ
രെ മറിച്ച് അർഹാനർഹം സ്വീകാരശക്തനാ
നം ആയ സകലജനങ്ങൾക്കും വ്യത്യാസം
കൂടാതെ അദ്ദേഹം ഉൽകൃഷ്ടമായ ജ്ഞാന
ത്തെ പ്രദാനംചെയ്യുന്നു. ജനിച്ചപ്പോൾ ഉ
ടുത്തിരുന്ന വസ്ത്രംതന്നെയാണ് ഞാൻ ഇ
പ്പോഴും ധരിച്ചുവരുന്നത്. വായുവിനെ
ഞാൻ സ്വൈരമായി ശ്വസിക്കുന്നു. വിശ
പ്പിന്റെ സഹജമായ സ്വാദോടുകൂടിയാണ
ഞാൻ ഭക്ഷിക്കുന്നത്. അതിനാൽ ഞാൻ
ഭക്ഷിക്കുന്ന പദാർത്ഥങ്ങൾക്ക മധുവിനെക്കാ
ൾ അധികം മധുരമുണ്ടാകുന്നു. സ്വതവെ
സ്വച്ഛമായിരുന്നെങ്കിൽ എന്തിനാണ്
ഈ അപ്പങ്ങൾ നിങ്ങൾ അഗ്നിയിൽ സൃ
ഷ്ടിപ്പിച്ചത്? എന്റെ ഭക്ഷണപദാർത്ഥങ്ങ
ളെ ഞാൻ ശിക്ഷയും തീയിൽ കാണിക്കു

വാൻ സമ്മതിക്കയില്ല. കാവുള്ളവർ ഭക്ഷിച്ച മാംസശകലങ്ങളെ വീണ്ടും ഭക്ഷിക്കയായിരിക്കും അതിലും ഭേദമായിട്ടുള്ളത്. അതിനാൽ ഈ വേവിച്ച അപ്പങ്ങൾ എടുത്തുകൊണ്ടു പോകുവിൻ. എങ്കിലും നിങ്ങൾ കൊണ്ടുവന്നിട്ടുള്ള യാതൊരു സാധനവും ഞാൻ സ്വീകരിച്ചില്ലെന്നുള്ള ആക്ഷേപത്തെ ഒഴിവാക്കുന്നതിനുമാത്രമായി ഇതാ ഞാൻ ഈ എണ്ണയെ കൈക്കൊള്ളുന്നു" എന്നുപറഞ്ഞു മഹർഷി അവിടെനിന്നും എഴുന്നീറ്റു വൃക്ഷസമൂഹങ്ങളുടെ ഇടയിൽ പ്രവേശിച്ചു. അവിടെ ഒരു ദിക്കിൽ ഒരു ചുള്ളിവിറകുകൾ പെറുക്കിക്കൂട്ടി അതിൽ തീയുംവെച്ചു" അലക്സാണ്ടരുടെ നേരെനോക്കി, 'ബ്രാഹ്മണർ സത്യവും ക്ഷമയുമാണ്. അവർ എപ്പോഴും അനുഭവിക്കുകയുംചെയ്യും. എന്തുകൊണ്ടെന്നാൽ അവർ ആഗ്രഹിക്കുന്നതെല്ലാം അവർക്ക് അനായാസസിദ്ധമാകുന്നു.' എന്നുപറഞ്ഞു എണ്ണയെടുത്തു തീയിലൊഴിച്ചു" അഗ്നി തിരുമായി ജ്വലിച്ചുതുടങ്ങിയപ്പോൾ നല്ല സാധനങ്ങൾ എല്ലാം നൽകുന്നവനും അനശ്വരമൂർത്തിയുമായ ഭഗവാനോടു തനിക്കു സിദ്ധിപ്പാനില്ലാതെ നൽകിട്ടുള്ള വരങ്ങൾക്കായി വന്ദിച്ചുകൊണ്ടു ഒരു സ്തോത്രം ചൊല്ലി.

ഇതെല്ലാം കാണുകയും കേൾക്കുകയും ചെയ്തുകൊണ്ടിരുന്ന അലക്സാണ്ടർചക്രവർത്തി വിസ്മയഭരിതനായി കുറെ നേരം അവിടെത്തന്നെ നിന്നുപോയി. അനന്തരം ദണ്ഡി സ്വീകരിക്കാത്ത സാധനങ്ങളെ എടുക്കിക്കൊണ്ടുപോകുവാനാജ്ഞാപിക്കുകയും പിന്നെയും പല പല സദുപദേശങ്ങളെ ദണ്ഡിയുടെ മുഖത്തിൽനിന്നു ഗ്രഹിക്കുകയും ചെയ്തു. ഒടുവിൽ, ബ്രാഹ്മണർ തന്നെപ്പോലെയുള്ളവരെന്നും അല്ലാതെ ജാതിഭ്രഷ്ടന്മായി ഗ്രീക്കുകാരുടെ വേഷംധരിച്ചു നടക്കുന്ന കലാനിസ്സിനെപ്പോലെയുള്ളവരല്ലെന്നും നന്നും ബോധമായി ധരിപ്പിച്ചതിനുശേഷമേ ദണ്ഡിമഹർഷി അലക്സാണ്ടർചക്രവർത്തിയെ തിരിയെ അയച്ചുള്ളൂ.

കെ. ഗോവിന്ദൻനമ്പ്യാർ ബി. എ. ബി എൽ.

കംസവധം

(തുടർച്ച)

ഉച്ചൽകോപാഗ്നിജ്വലിക്കയുംതദനുസഹ
    ഗോപുരദ്വാരി നേരെ
കല്ലിച്ചുൽപന്നശോഭം വലിയ കരിവരം
    ബദ്ധമാം വാരണേന്ദ്രം
ഇല്ലം കൈകേകരാനെ കല്യാണപിള്ളരുലനിയു
    ബാധ ഭൂമൗ നിരോധി. (വൽ
ലിപ്പാളമാന്യേ ചിലം പാർത്തവന്നാപതി ■
    പ്രാപ്തികാലം മഹാത്മാ
സംസാരം മറുകരെ‍ാന്നാവനിലിടെ നില്ക്കു.
    ചിച്ചുനേരെം തദംഗം

സംസാരോച്ഛേദി കോപ്പിട്ടതിനെച്ചൊല്ലുന്നോ
        പൎയ്യുഷ്ണനൈനേറിയെത്താൻ   (ൽ
സംസാരി കംസനിപ്പോൾ തങ്ങളെ കൊ-
        ന്നൊട്ടും ശ്രമശാലീ
കംസാരിപ്പേർ തന്മാരകമലരിലോ-
        ഷ്ഠീടിനാനെന്നനൂനം
എന്നിവണ്ണമൊരു കംസഭൂപതിനിയോഗ-
        മമ്പിനൊടന്നവം
നന്ദനന്ദവചനങ്ങൾ കേട്ടവിലമാദി-
        ഭോജപൊല്ലുപാലകാർ,
ചന്ദമാന നവനീതഗോരസദധീനി
        ചയങ്ങൾകൊണ്ടുചെ-
ന്നന്നാധിപനപായനങ്ങളുമെടുപ്പി-
        നിന്നധികമിങ്ങിനെ.
നാളെയുണ്ടുമധുരാപുരീഗമനമെന്നു
        കേട്ട ബാലപ്പുന്നയം.
മോളമേന്തുമൊരു ഗോപവൃന്ദമിതുവിധാച-
        നാഴികിലയെകരികാം
മുളമാൻ കചങ്ങളൊരനുഗതിവന്ന
        വന്ന മട്ടോലനം
നിശ്ചിതിബാഷ്പധാരയൊരു പരിതപസ്ഥി-
        താ വ്രജവധൂജനാഃ
സ്വാദരാംഗസമ്പദൈ കളിക്കുമളവോർത്ത്
        മേനി നിതികാർത്തി-
അണ്ണിൽനിന്നകമൂരാകിലപ്പൊഴുതുടനെ
        വെന്തുമാകന്നെന്നാൻ   (ന
എന്നുചൊല്ലതിഭയമാം വേദനത്താനെന്നാ
        ടിക്കിലെഴുന്നിതാ.
മെന്നുചൊല്ലി നിജമാടിപ്പതിരായ
        ഹൂം മാ തുടങ്ങിനാർ.
ഉണ്ണിനിന്നുമാവാത്ത കേട്ട വിറതിട്ടി
        വൻപിണിയൊടമ്പര-
ന്നൊരുഭവന്ന സൎവ്വചതുഷ്ടയം പ്രസ്ഥി
        കൊണ്ടുപുണയാം വിലയോ.

മിഴ്പ്പൂരാഷമിതു കാണമൊ തിട്ടതിടനെ
        ചാടമൊതകണ്ണുനീർ
പുഷ്പചാപനഗതി നീളുതന്നിഴിയിൽ നിമ-
        ഗ്ഗുടി(നന)നിരസാ
നന്ദനൂനഗമനപ്രസംഗമുപകണ്ണു-
        കണ്ണുപുതയം തദാ
വെന്തുവെണ്ണപിടയും പുരസ്ഥികളുമന്ന
        മെന്തു പറയാവതോ.
ഹന്ത കാചന തങ്ങിനാൾ വഴിതടത്തു
        കാല്യപ്രചാചത്തിനാ-
മുന്താരായതിനൊന്നു നല്പതിതി കാചി
        ചിനതകൾ തുടങ്ങിനാർ.
        കസ്തൂരീമണ്ഡനം കാചിൽ
        ത്രിണ്ണുന കചായാഃ കൃതം,
        മെണ്ണിലും വലിതന്ത്രിയാ
        മൊചാല്ലുപായകണ്ണാൻ.
        കാചിന്മതകല്യാമം
        കാമിനീകുലസംഭവം
        പരിമളമെ ചിരം ബാല.
        തമാലം ധ്യാതമായവാ.
കല്യാണാവാസ! ദാമോദര! മുരഹരതേ-
        നപ്പുരകെതച്ചുരിക്കം
ചൊല്ലേറും ഗോപസ്ത്രീകളിലുമിടം തേവ-
        ധ്യാത്മകൊണ്ടാതാലോകം,
എല്ലാവരും കൂടിവല്ലാണങ്ങുടനഗതികൾ വാ
        വിട്ടുകേണന്തിരിക്ക   (തെ
മെല്ലെ മാൎത്താണ്ഡബിംബൊദയമുദയഗി
        രൌ കാണായ്വന്നു തങ്ങി.
അഥ വിരാതായാം വിഭാവൎയ്യാം മാംഗളിക
ശ്രീ ഗ തൂൎയ്യഘോഷഗീതാദ്ധ്യയനാദിനാഥി
സംഭവിതയാത്രാകൌതുകമോദമാന ഗോ
പജനസമൎദ്ദവാക്കണനാപി ദയിതവിയോ
ഗസന്താപ്യമാനവല്ലവചപല്ലവാക്ഷീഗൽഗ
ളതനിഷ്ഠൂതിതങ്ങളമുഖലാലപനാദിനാദ
വിധുരസകലസംസാരന്യുന്നുമനാവിക

ശകടചക്രനിന്ദ്യോഷമെന്നാപി സ്വഗപ്പി
യോഗജാതിതമെളളമയോദാമതിരോദിന്യാമിവ,
ശ്രുമമാദിസ്യാം. ദേവോപി ദേവകീനന്ദ
നോ നിവൃത്തിതപ്രശതനാനിയമോ. മൈവ
ദിവിയമംഗേളാശസിന്ദ്യാ യമോദയാ കൃ
തസ്പന്ദ്യയനോ. ബലമെന്നെ സാകമക്രൂ,
രഭവോഷ്യ തദാതപസമീതവിയോഗ
ശോകാതിരേകാന്തകസ്ത്വം മോമാദ്യവതീ-
ഷ്ട്രിസൃസ്യരമുളലകന്നമ്മാ സ്യന്ദനാരൂഢോ
ശ്ലൂരന്യനന്ദിമെനകാരുണ്യമാർത്തിതകൂട-
ക്കവിദമ്പരപൃവ്ശതിമാനീതവിമ്പമ്പിതം വി
ഹിതകാര്യോപമായാസ്യാമീതി ഇയോ
പി സംപ്രേഷണവചനൈരാശ്വാസയന്നാ
ത്മാത്രികശോപമുനാശീതചരിതപ്രചയഃ
പാദാ വാണമമുരാ മധുരാം പ്രതിപ്രത
സ്ഥേ.

ചൊൽക്കൊള്ളും തെരുക്കുന്ന കൊടിമരവുമി-
ട്ടോ. തിരോമിതമത്രേ (അ
വിതോരരിച്ച്യാട്ടി പൊലീതിന്ന ചൊട്ടി
തിങ്കളും പൊയ്യാതന്നു. (പടലം
ഉൽക്കണ്ഠം പൂണ്ടിരിക്കുന്നു മുരളീപൂശിമന
കേണ നിശ്ശീകരെന്നു.
അക്രൂരം താലപന്ത്യാ ഖിവിപ്പൂരം നിജാ
നേവ ഗോപ്യോ നിവാസാൻ.

കുരങ്ങുകൾപ്പെരുത്തൂതെന്നും വിലയെപ്പോട്ട് തുന്നാം.
വാരി കൂടുന്ന നേരം
വിസ്തൃതമായ നിജാംഗം കളിയോട്ടു നടി-
കാട്ടി കല്ലാട്ടമാരം (ല
തസ്മിന്നേവ സ്വരൂപം പുനരിവർക്കുനാനാം
മൈക്കൂണ്ണുവം ഉൾച്ചിന്താ.
നിസ്സാമ്യ പ്രാപ്യ ശോഭാമിന്ദുലിന്നവൂടവാ-
ട്ടുന്നാദേശം മിനാനാ.
അപ്പോളുന്നതമുഖപ്രവേശമലിക
യാചിക്കമൃതെന്നോ.
ടിപ്പോളുല്ല നിരത്യകംസൂടനാ-
യാസ്യൈഫമെന്നിങ്ങിനെ
ഉൾപ്രീത്യാ പരിമോദ്യ താം വിമനസം
മെല്ലെന്നയച്ചനിശം
തസ്മിന്നേവ സമീതവാനപവനേ
രാധേശ സമ്മോദ്ഗ്രസമം.
കൂടിക്കൊണ്ടു പ്രഭാതേ ചിരസഖികളുമായ്
കൂത്താണേപ്രസാദ്യാ
ഗാലേയാപ്യാനനം പ്രണാമം നിലസഹിതം
ലോകിതം വാസുദേവം (വാ
ഹാടെ വെൺമാളികാഗ്രങ്ങളിൽ നല്ലുറ്റ
ത്തല്യ ചാരലകവാതിൽ
കൂടെ പാർത്തും പുരസ്ത്രീജനപരവശതാ
വിളമ്പം വാഴുമല്ലുൻ.

(തുടരും).

വാങ്നിയമനം



മാനസികമായ ഒരു ശക്തിയെ വെളിയിൽ ഉപയോഗിക്കുന്നതിന്, അതായത്, ആ ശക്തി, ശബ്ദരൂപത്തിലാണ് നമുക്കു അനുഭവിക്കുന്നത് എന്നു പ്രത്യേകം ആലോചിക്കേണ്ടതാണ്. നമ്മുടെ വിചാരങ്ങളെ അന്യോന്യം അറിയിക്കുക, ഒട്ടു പ്രസിദ്ധിപ്പിക്കുക, മുതലായി, ലോകത്തിൽ നടക്കുന്നതിനു വേണ്ടുന്ന കാര്യങ്ങളെ നിറവേറ്റുന്നതിനു വേണ്ടിയാണ് സംസാരിക്കുന്നതിനുള്ള ശക്തിയെ ദൈവം നമുക്കു തന്നിരിക്കുന്നത്. കാരുണ്യശാലിയായ ഈശ്വരന്റെ മനസ്സിൽനിന്ന് ആവശ്യനിവൃത്തിമാത്രമല്ല, നമ്മുടെ ജീവിതാവ

സമ്പാദ്യമെന്നും സന്തോഷത്തെയും തൃപ്തി യെയും ലഭിക്കാവുന്നതാകുന്നു. സംഭാഷ ണംകൊണ്ടുള്ള ദ്രവ്യലാഭം അത്യാവശ്യമില്ല ത്തതാണെങ്കിലും മററുള്ളവരുടെ സ ന്തോഷത്തിന്നായും ഉപയോഗിക്കാം. സമ ജീവികളുമായി ഇടപെട്ടു ഔന്നത്യത്തെയും നി കൃഷ്ടതയെയും അന്യോന്യം പങ്കു കൊള്ളു ന്നതുകൊണ്ടു ജനങ്ങളുടെ ഇടയിൽ അനു രാഗത്തെയും സ്നേഹത്തെയും വർദ്ധിപ്പിക്കാ വുന്നതിന്നു പുറമെ, സൽഗുണവർദ്ധനം സമുദായബന്ധത്തിന്നും ഇടവരുന്നു. സംഭാ ഷണത്തിന്നുവേണ്ടി അധികം സമയം ചി ലവാക്കാതെയും പരിശ്രമഭംഗത്തെയും സംസാരിക്കുന്ന പക്ഷം നമ്മുടെ സന്തോഷ ത്തിന്നാണ് ഈ ശക്തിയെ തന്നിരിക്കുന്ന ത് എന്നു വിചാരിക്കാവുന്നതാണ്. നമ ൾ സന്തോഷിക്കുന്നതുകൊണ്ടു ദൈവത്തി ന്ന് അപ്രീതിയുണ്ടാകുമെന്നു ഭയപ്പെടുന്ന വർക്ക് അദ്ദേഹത്തിന്റെ ഇങ്ങിനെയുള്ളതിനെ പ്പറ്റിയുള്ള അഭിപ്രായം എത്രയോ അനു കൂലമാണ്. മേൽപറഞ്ഞവിധമുള്ള സം ഭാഷണംകൊണ്ടു പറയത്തക്ക ഗുണമൊ ന്നും ഉണ്ടാകയില്ലെങ്കിലും, പലപ്പോഴും ന മ്മുടെ ദയയെയും സൽസ്വഭാവത്തെയും ഉപയോഗിക്കുന്നതിന്നിട കിട്ടുന്നു. സൽസം ഭാഷണംകൊണ്ട് ഉപയോഗവും സമ്പ്രാപ്തി യും ഉണ്ടാകുന്നതുപോലെതന്നെ ദുർഭാഷ ണം, തങ്ങളുടെ ശോഭിക്കും, ശ്രേയസ്സിന്നും വിഘ്നം വരുത്തുന്നു. വാക്കുകളുടെ ബാഹു ല്യംകൊണ്ടു കാര്യാദികൾക്ക് എത്രയോ ത ടസ്ഥം നേരിടുന്നു. ചിലർ സാധാരണ ഉ പയോഗിക്കുന്ന വാക്കുകളുടെ നാലിലൊരം ശംകൊണ്ടു നമുക്കു നമ്മുടെ ഉദ്ദിഷ്ടകാര്യ ത്തെ എളുപ്പത്തിൽ സാധിക്കാം. അന്യോ ന്യം കണ്ടെത്തുമ്പോഴും, അന്യന്മാരുടെ ഗൃ ഹത്തിൽ പോകുമ്പോഴുമുള്ള സംഭാഷണ ത്തെപ്പറ്റിയാണ് അധികം ശ്രദ്ധ വെ ക്കേണ്ടത്. ഇവക സമയങ്ങളിലാണ് ജ നങ്ങൾ പലപ്പോഴും തങ്ങളുടെ അറിവി ന്നെയും മാനത്തെയും വിടുന്നത്.

മേൽപറഞ്ഞപ്രകാരമുള്ള അവസര ങ്ങളിൽ ചോദിക്കാതിരിക്കുന്നതിന്ന് ഞാൻ പറ യുന്ന സംഗതികളെ ഓർമ്മവെച്ചാൽ മതി. മൌനം ഭജിക്കുക, പല കാര്യത്തെപ്പറ്റി സംസാരിക്കുക, അന്യരുടെ ഗുണദോഷത്തെ പറയുക മുതലായ സംഗതികളാണ് സാ ധാരണ സംഭാഷണത്തിനുള്ള വിഷയ ങ്ങൾ. ഈ വക സന്ദർഭത്തിൽ, നിഷ്പ ക്ഷമായും ശ്രോതാക്കൾക്ക് ഹിതമായും സം സാരിക്കുന്നതിനാണ മനസ്സുവെക്കേണ്ട ത്. ഇതു സാധിക്കുന്നതെങ്ങിനെയാണെ ന്നാലോചിക്കുക.

അറിവുള്ളവരെന്നു സംസാരിക്കുന്ന തിന്നും മിണ്ടാതിരിക്കുന്നതിന്നും പ്രത്യേക സമയങ്ങളുണ്ട്. ഒട്ടും പറഞ്ഞ സംഗതി യെപ്പറ്റി ധരിച്ചിട്ടില്ലാത്തവർ അനേകമു ണ്ട്. ഈ വക ആളുകൾക്ക് മററുള്ളവരെ അറിയിക്കേണ്ട സംഗതികൾ യാതൊന്നു മില്ലെന്ന് അവരുടെ സംഭാഷണരീതിയിൽ നിന്നു നമുക്കറിയാം. വാക്കുപയോഗിക്കേണ്ട തിന്നുള്ള ഭാവും താല്പര്യംകൊണ്ടുമാത്രമാ ണ് അവർ സംസാരിക്കുന്നത്. ഇങ്ങി ക്കാർ ഒരു പ്രത്യേകശക്തിയും, ഒരോ വിഷ യത്തെപ്പറ്റി അസാമാന്യമായ ജ്ഞാ നവും ഇല്ലാത്ത ഘട്ടത്തിൽ, പലപ്പോ ഴും തങ്ങളുടെ നാമത്തിന്നുമാത്രമായി ശ്ര മിക്കുന്നു. ഓരോ കാര്യങ്ങൾ പരസ്യമായ് പറയുന്നതു തങ്ങൾക്ക് ഗുണമാകുമോ എ ന്ന് അവർ ഒരിക്കലും ആലോചിക്കാ ത്, ആത്മാർത്ഥപ്പെടുത്തുക ഒരു സംഗതിയാ ണ്. സാധാരണജനങ്ങളാൽ ദുഷിപ്പി ക്കുന്നു എന്നു വിചാരിക്കപ്പെടുന്നവരാണെന്നിവ

നിരപരാധികളും, മിക്കവാറും മൌനം ധരിക്കുന്നവരുമായ മറ്റു ചില ആളുകളുടെ സഹവാസത്തെക്കൂടി ഇവർ ആഗ്രഹിക്കുന്നതാണ്. തങ്ങളെക്കാൾ വയസ്സുകൊണ്ടൊ, അറിവുകൊണ്ടൊ മീതെയായിരിക്കുന്നവർ, തങ്ങൾക്ക് ഗ്രാഹ്യമില്ലാത്തതുംകൊണ്ടു പങ്കുകൊള്ളുന്നതിന്ന തരമില്ലാത്ത വിഷയങ്ങളെ സംസാരിക്കുമ്പോൾ, തങ്ങളുടെ മുമ്പാകെ ഇവർ മിണ്ടാതിരിക്കേണ്ടതാണ്. പക്ഷേ ഈ വകക്കാർ സ്വന്തം വർത്തമാനം പറയുന്നതിനല്ലാതെ, അന്യന്മാരുടെ സംഭാഷണം കേൾക്കുന്നതിന്നിഷ്ടമില്ല. ഈ വകക്കാർ ഒരു സ്ഥലത്തു ചെല്ലുന്നത് അന്യന്മാരുടെ സംഭാഷണം കേൾക്കുന്നതിന്നല്ല. ഇവർ യാതൊരർത്ഥമോ, ഉപയോഗമോ ഇല്ലാത്ത കാര്യങ്ങളെപ്പറ്റി സംസാരിച്ചു സമയം വ്യർത്ഥമായി കളയുന്നു. മനസ്സിന്റെ ഭാരത്തെ ചുരുക്കുന്നതിന്നും, ബുദ്ധിമുട്ടുകളേയും വ്യസനങ്ങളേയും മാറ്റുന്നതിന്നും, സംഭാഷണം ഒരു വിശ്രമമായി വിചാരിക്കുന്ന ഘട്ടത്തിൽ, അത് അധികവും രസിപ്പിക്കുന്നതായിരിക്കണം. അസംബന്ധം പുലമ്പുന്ന ഒരുവന്റെ സംഭാഷണം കേൾക്കുന്നതിനേക്കാൾ, നമ്മുടെ ജോലികളും കഷ്ടപ്പാടുകളും സഹിക്കുന്നത് എത്രയോ എളുപ്പമാണ്. സഹജീവികൾക്ക് ഈ വിധം ഉപദ്രവം ചെയ്യുന്നവർ ഒരുപ്രകാരത്തിൽ കുറ്റക്കാരാകുന്നു. മറ്റൊരുവന്റെ വായടക്കുന്നതിന്ന സമ്മതിക്കയില്ലെന്നു മാത്രമല്ല, ഒരയാൾ തന്റെ സംഭാഷണംകൊണ്ട് അന്യനെ കഷ്ടപ്പെടുത്തുകയും ചെയ്യുന്നു.

ഈ വക സംഗതികൾ നിസ്സാരമാണെന്നു ചിലർ വിചാരിക്കുമായിരിക്കാം. എങ്കിലും ഒരു ഗുണവാൻ പരോപദ്രവത്തെ കഴിയുന്നതു ചുരുക്കേണ്ടതിന്ന യത്നിക്കേണ്ടതാണ്. ഈ സംഗതികൾ നമ്മുടെ ശ്രദ്ധക്കു വിഷയീഭവിക്കത്തക്ക ഗൌരവമുള്ളതല്ലെന്നു വിചാരിക്കുന്നതുകൊണ്ടാണ ലോകത്തിൽ അകൃത്യങ്ങൾ ഇത്ര ധാരാളമാകുന്നത്. മനുഷ്യർ തങ്ങളുടെ വാക്കുകളെ വേണ്ടവിധം ഭരിക്കാതിരുന്നാൽ, തങ്ങൾ അറിഞ്ഞിട്ടും അറിയാതെയും പാപമാർഗ്ഗത്തിൽ പ്രവേശിക്കുകയോ ഗൂഢമായി വെക്കേണ്ട സംഗതികൾ പുറത്താക്കുകയോ ചെയ്യുന്നതാണ്. അതിയായ സംഭാഷണം നമ്മുടെ വില കുറക്കുന്നു എന്നതുമാത്രമല്ല സ്നേഹിതന്മാർ അതിഭാഷണക്കാരുടെ ആഗമനത്തെ ഭയപ്പെടുകകൂടി ചെയ്യുന്നു. മറ്റുള്ളവർ അറിഞ്ഞാൽകൊള്ളാമെന്നു വിചാരിക്കുന്ന സംഗതികൾകൂടി, അശ്രദ്ധമായി ഇത്തരക്കാരുടെ വായിൽനിന്നു പുറപ്പെട്ടു എങ്കിൽതന്നെ അതിനെ അവർ ഗണ്യമാക്കുകയില്ല. ഒരുവനെ മറ്റുള്ളവരെ ഗ്രഹിപ്പിക്കേണ്ട സംഗതികളില്ലാത്തപ്പോഴും, അഥവാ, തങ്ങൾക്കു പറയുവാനുള്ളതിനെ മനസ്സിൽതന്നെവെക്കുന്നത് ഉത്തമമായ അവസരത്തിലും മിണ്ടാതിരിക്കുന്നതു ശ്രേയസ്കരമാണ്. ഒരു വിഡ്ഢി വഴിയിൽ സഞ്ചരിക്കുമ്പോൾ കൂടി തന്റെ സ്വഭാവത്തെ ജനങ്ങളെ അറിയിക്കുന്നു. വാക്കുകളുടെ ബാഹുല്യമുള്ളേടത്തു പാപവും കടന്നുകൂടുന്നു.

പലകാര്യത്തെപ്പറ്റിയുള്ള സംഭാഷണത്തെക്കുറിച്ചാണ് ഇനി പറയുവാൻപോകുന്നത്. ഈ സംഭാഷണം അധികം ഒരുമേൽ അരുതാത്ത വിധമായിരിക്കണമെന്നു തന്നെയല്ലാ ഇതിന്നുവേണ്ടി അധികം സമയം ചിലവാക്കുകയും അരുത്. നമ്മുടെ സംഭാഷണം, ഒരുവൻ വിശ്വസിക്കുന്ന മതത്തെയോ, സൽഗുണത്തെയോ ദുഷിക്കുന്നതായിരിക്കരുത്. ആഭാസമായ സംഭാഷണം, മനസ്സിൽ ദുർവിചാരത്തിന്നിടയാക്കു

നാളുകൊണ്ട് നാം അതിനെ ഉപേക്ഷിക്കണം. നമ്മുടെ സംഭാഷണം പരോപദ്രവകരമായിരിക്കരുത്. നാം ഒട്ടും മനസ്സുവെക്കാതെ പുറപ്പെടുവിക്കുന്ന ചില വാക്കുകൾ മറ്റൊരുവന്റെ ജീവാവസാനംവരെ ക്ലേശിപ്പിക്കുന്നു. ഇങ്ങിനെയാക പാതകങ്ങളുകൊണ്ടു നാം സംസാരിക്കുന്നത് എല്ലായ്പോഴും സാരവത്തും, ഗാംഭീര്യത്തോടുകൂടിയതുമായ വിഷയങ്ങളെപ്പറ്റിമാത്രമായിരിക്കണമെന്ന് ആരും ശഠിക്കരുത്. ഒരു ഗുണവാൻ മറ്റുള്ളവരെ രസിപ്പിക്കുമ്പോഴും, തന്റെ മനസ്സിനു വിശ്രമംകൊടുക്കുമ്പോഴും സരസവിഷയത്തെ സംസാരിപ്പാൻ ശ്രമിക്കേണം.

മറ്റുള്ളവരുടെ സംഗതി, അന്യരുടെ ഇടപാടുകളെയും ഗുണദോഷത്തെയും പറ്റിയുള്ള സംഭാഷണമാണ്. ഇതുവക സംഭാഷണം പലപ്പോഴും അതിരുകവിഞ്ഞുപോകുന്നതിനെളുപ്പമാകുന്നതുകൊണ്ട് ഇത് ഒട്ടും നിസ്സാരവിഷയമല്ല. ഒന്നാമത് അന്യന്റെ കാര്യത്തെപ്പറ്റി അധികം സംസാരിക്കുന്നത് ആപൽക്കരമാണ്. മനുഷ്യരുടെ പല ഉദ്ദേശത്തോടുകൂടിയ പ്രവൃത്തികളെയും, മമതാസ്ഥിതികളെയും, ഒരോ ധാരണകളെയും ആലോചിക്കയാണെങ്കിൽ നമുക്ക് ഒന്നുകൊണ്ടും നിശ്ചയമായിരിപ്പാൻ തരമില്ലെന്നു മനസ്സിലാകും. മനുഷ്യന്റെ സ്വഭാവത്തെപ്പറ്റി ശരിയായ അറിവു നമുക്കുണ്ടായിരിപ്പാൻ തരമില്ലാത്തതിനാൽ, അയാളുടെ ഗുണദോഷത്തെ, നാം ഒട്ടും ശ്രദ്ധവെക്കാതെ പരസ്യമായി പറയുന്നതുകൊണ്ടു പല ദോഷത്തിനും ഇടയുണ്ട്. പ്രവൃത്തിയുടെ ഗുണദോഷത്തെ ആലോചിക്കാതെ നമ്മൾ ഉച്ചംപറയുമ്പോൾ ആ പ്രവൃത്തിചെയ്യുന്നവനായി പരിചയമില്ലാത്തവർ അയാളെപ്പറ്റി ചീത്തയായഭിപ്രായമുണ്ടാക്കുന്നു. മനുഷ്യരുടെ ഇടയിൽ ഐശ്വര്യത്തെയും, അറിവിനെയും ധനത്തെയുംപറ്റി, മാത്സര്യമുള്ളതുകൊണ്ട് ഒരുവന്റെ. സ്വല്പംചില വീഴ്ചകളെ മറ്റുള്ളവർ മഹാപാതകങ്ങളായി ഗണിക്കുന്നു. പക്ഷപാതംകൂടാതെ ഈ സംഗതിയെപ്പറ്റി സംസാരിക്കുവാൻ സാധിക്കാത്തതുകൊണ്ട് അന്യന്മാരുടെ ഗുണദോഷത്തെപ്പറ്റി സംസാരിക്കുന്നതിനുള്ള അവസരത്തെ കുറയ്ക്കുന്നതിനു നാം ശ്രമിക്കേണ്ടതാണ്. എങ്കിലും സകലജനങ്ങളുടെയും സ്വഭാവത്തെ സന്ദർഭംകൊണ്ടറിവാൻ സാധിക്കാത്തതിനാൽ, ഗുണവാന്മാരെയും ദോഷികളെയും, നിഷ്പക്ഷപാതമായി അറിയിക്കുന്നതുകൊണ്ട്, ഈ സംഗതി, തീരെ തള്ളിക്കളയുന്നതിനും തരമില്ല. അതുകൊണ്ട് ഒരുവനെ കാരണംകൂടാതെ സ്തുതിക്കുകയോ നിന്ദിക്കുകയോ ചെയ്യാതെ, നല്ല അറിവുള്ളിടത്തോളം യാഥാർത്ഥ്യമാത്രമേ പുറത്തുപറയാവൂ. നല്ലവരെയും ദുർജ്ജനങ്ങളെയും അറിഞ്ഞിരിക്കുന്നത് ഒരുവന്നത്യാവശ്യമാണ്. ഏതാണ്ടിക്കരു പരിചയപ്പെടാത്തതായ ചില മനുഷ്യർ മറ്റൊരുവന്റെ സ്വല്പമായ ദുഷ്കൃത്യത്തെ വലിപ്പിച്ചു പറഞ്ഞു സന്തോഷിക്കുന്നു. ഇതുവക ആളെ ഭയപ്പെട്ട് നമ്മുടെ കൃത്യത്തെ ചെയ്യാതിരിക്കരുത്. കുസ്തുതിക്കാനുള്ള ഭയംകൊണ്ടു സത്യത്തെ മറച്ചുവെക്കുകയോ, സമ്മതിക്കാതിരിക്കുകയോ ചെയ്യരുത്. അങ്ങ് പറയുവാൻപോകുന്ന ഒരു കാര്യങ്ങളെ ഓർത്തുവെച്ചാൽ മേൽപറഞ്ഞ ദോഷത്തെ തടുക്കാം.

ഒന്നാമത് തെളിവില്ലാത്ത ഗുണത്തെയോ, ദോഷത്തെയോ പറ്റി ഒരു ശ്രുതി പുറപ്പെട്ടാൽ അതുപോലെ ചീത്തയാകുന്ന വേറെയും തെളിവില്ലാത്ത ഗുണത്തെ പ്ര

ദുന്നതുകൊണ്ട് അയാൾക്ക് യാതൊരു ദോഷവും നേരിടുന്നതല്ല. നേരെ മറിച്ച്, കാരണമില്ലാത്ത ദൂഷ്യത്തെ അയാളുടെമേൽ ചുമത്തുന്നപക്ഷം അയാൾക്ക് വലിയ അപമാനത്തിന്നിടയാകുന്നതുകൊണ്ടു് അയാൾ നമ്മെ പ്രതികാരം ചെയ്യുന്നതിന്നു തരംനോക്കുന്നു. എന്നാൽ കാരണമില്ലാത്ത ഗുണത്തെ പറയുകയാണെങ്കിൽ നമ്മെ യാതൊന്നും മറച്ചുവെക്കേണ്ട ആവശ്യമില്ല. ഇതാണ് അവതമ്മിലുള്ള വ്യത്യാസം.

ഒരാൾക്ക് ഒരു ഗുണവാൻ സഹജീവികളോടു അനുകമ്പയുള്ളവനായിരിക്കണം. അയാൾ കഴിയുന്നതും മറ്റുള്ളവരുടെ ഗുണത്തെ മാത്രമേ സംസാരിക്കാവൂ. ചില പ്രത്യേകാവസരത്തിലല്ലാതെ, സത്യമാണെന്നുള്ള ഏകകാരണംകൊണ്ട് അയാൾ അന്യന്റെ ദൂഷ്യം പറയരുത്. കല്പിച്ചുകൂട്ടി ചെയ്യുന്ന ചില ദുരാചാരപ്രവൃത്തികൾ, അന്യന്മാർക്കുപകർന്നുകിട്ടുവാനുള്ള സമ്പർക്കം, വിശ്വാസവഞ്ചനകൾ ഇതിനുള്ള വിഷയത്തിൽ ഒരു സാധുവിനെ അപകടത്തിൽ പെടുത്താതെ സൂക്ഷിക്കേണ്ടതാവശ്യം മുതലായ കാരണങ്ങൾ ഉണ്ടെങ്കിൽ അന്യന്റെ ദൂഷ്യം പറയുന്നതു നമ്മുടെ ചുമതലയാണ്. ലോകത്തിൽ ഗുണവാൻ എന്നു വിളിക്കപ്പെടുന്ന ഒരുവൻ മറ്റുരയില്ലാത്ത ഒരു നീചനാണെന്നു നമുക്കറിവുണ്ടെങ്കിൽ അയാളുടെ സ്വഭാവസ്ഥിതിയെ പൊതുജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുന്നതു് ഒരു വലിയ ഗുണമാണ്.

മിതഭാഷിയാകുന്നതിനുള്ള സമയത്തെ അറിയുകയും, ഏഷണികൂട്ടുന്ന സ്വഭാവത്തെയും, മറ്റുള്ളവരുടെ ഗുണങ്ങളെ അനുകരിക്കുന്നതിനുള്ള തിടുക്കത്തെയും കഴിയുന്നതും കളയുകയും ചെയ്യുന്നവനെ ഭാഗിന്റെ മരണത്തിന്നു ഭയമേകില്ല. ഒരു മഹാന്റെ ഉപദേശത്തെക്കൂടി പറഞ്ഞ് ഈ ഉപന്യാസം അവസാനിപ്പിക്കാം.

'മറ്റുള്ളവരുടെ സംഭാഷണത്തെ ശ്രദ്ധവെച്ചു കേൾക്കുക. നമുക്ക് ഉത്തരം അറിയാമെങ്കിൽ പറയുക, അല്ലെങ്കിൽ മിണ്ടാതിരിക്കുക. മാനവും അപമാനവും നേടുന്നതു സംഭാഷണം കൊണ്ടാണ്. ഏഷണം ചെയ്യുന്നവരെ സകലരും വെറുക്കുന്നു. കഠിനവാക്കു പറയുന്നവർ അനേകം ആളുകൾക്കു സമാധാനക്കേടിനിട വരുത്തിട്ടുണ്ട്. വാക്കുകളെ വേണ്ടവിധം ഉപയോഗിക്കാത്തതുകൊണ്ടു പലരും അധഃപതനത്തിന്നു ഇരയായിട്ടുണ്ട്. നിങ്ങൾക്കറിവുണ്ടാകണമെന്നാഗ്രഹമുണ്ടെങ്കിൽ മറ്റുള്ളവർ പറയുന്നതിനെ മനസ്സിരുത്തി കേൾക്കുക.'

മിസ്സ്. ഏ. എൻ. പി

മഹാമഹിമശ്രീ കൊച്ചിവലിയതമ്പുരാൻ തിരുമനസ്സിലെ തിരുമുമ്പാകെ സമർപ്പിച്ച

മംഗളപത്രങ്ങൾ

സ്വസ്തി ശ്രീമാടഭൂപാലക തവ ഗുണശീ-
ത്തോയകല്ലോലമാലാ
വർത്തിക്കും തെരുതെരെയൊപ്പമാവതല്ലോ-
ശ്രുക്കൾക്കാതർപ്രശംസാ
നിത്യം പാടുന്ന സൽപ്പിഭാഷിതകവി-
ശ്ലോക ചിത്രപ്രസിദ്ധാം
ചിത്തേ വാഴ്ത്തിപ്പുകഴ്ത്തുന്നോരകവികളുടെ ദു-
ർഭാഗ്യമാവും ഗുണം തേ. ൧

ആദിത്യാദ്യാകാശത്തിൽ ചില രൂപ-
ത്തോർപണ്ടു ഉപാലരെ.
കോടീനാം ഗുണമസ്സുമൊന്നിവകളും
ചൊന്നേ തോല്പിച്ചുപോൽ
മോദാൽ കന്നരയാകയും സല്ഗുണൗ-
ഘംകൊണ്ടു വിരാജതേ.
സേവിച്ചി നിൽക്കുമവൻ മഹാമതി ലോ-
കോകൻ മതിമണാരൈ ൨

പാണ്ഡ്യർന്ത്യം തദനുക്ഷിതിപതിധരണീ-
വേണ്ടായാണ്ടതിലെല്ലാം
ചൂതിൽത്തന്നെ ശ്രീകാമനാറികളുമിന്ദ്, സ-
ദാചാരമെല്ലാമടുപ്പിൽ
വെള്ളം കുന്തവിട്ടും സ്തുതലക ജയി-
പ്പുഷ്പേഷം കലിതുല്യം.
കാന്തൻ കാൽ ചിരകാന്തിക്കു സേവനി-
ളക്കമാസ്വർഗ്ഗമെടോ. ൩

ഭീതിശ്രീശക്തിവിദ്യാപ്രണയിനികടാക്ഷ-
മുത്തൊറ വർമ്മം തപസ്യാ-
പ്യാതിക്ഷിപ്രതമമായേലും ഇന്ദ്രനുമിതിലി-
വർക്കൽ കടത്തികലാതി
ഭാ ജന്മം വാക്യമില്ലാതിപദം പദവിധി
ഗോളങ്ങൾ പൂകുന്ന ദീനം.
ത്രാതാക്കൾ പൂർവ്വമോപേക്ഷയിലംഭക്തനാ-
സ്ഥാന തെളമറാണോപോലെ. ൪

മാവേലിക്കര നീലകണ്ഠൻനമ്പൂരി

ശ്രീമാടക്ഷോണീപാലോത്തമകലവിജയ-
സ്സംഭമാത്രം നിതാന്തം
പൂതാതിൽ പൂർവ്വപുണ്യപ്പൂരത്ത പടലം-
ഞ്ഞോത പൂപ്പന്തലെല്ലാം
സീമാതീതപ്രമാദത്തൊടു പകലിരവും
പുഷ്ടവേദാലയത്തിൽ
ക്ഷേമാധിക്യം ജനങ്ങൾക്കരുളിയരുളുമാ-
ധ്യോതി ചൊരിനെട്ടു നമ്മെ. ൫

തൊണ്ടാട്ടിക്കൊണ്ടെടുത്തിടിനാഗജനമനോ-
മംഗളാതാംബുജാതം
തിണ്ണാരിടും മധിപ്രശമിതതമസ്സം
പാരിജാതപ്രസൂനം
തണ്ടാർമാതിന്റെ കേളീമണിഗൃഹവിമലം-
ഖ്യാതമാതംഗസിംഹം
വണ്ടാർപൂവേണി ശൂരസൂതവല വിജയി-
ക്കുന്ന മാടാവനീശൻ. ൬

ശൃംഖലാബന്ധം

അജ്ഞാക്കം ക്ഷേമദിവസ്സു ചോത്തപാകരിലു-
യോജ്ജിക്കുക്കും മട്ടു കണ്ടോ
തിക്കൽ ചേയ്യ നൽകി നിന്നെ മനോരഥങ്ങളു
ജനീക്ഷാചക്രവർത്തി
ചിന്താക്കണം പാദുകമേധിപ്പതഞ്ഞരലും
മെയ്ന്നടർ തോള കല്ലി-
മൃദ്ദംവിക്കപ്പട്ടു വിരാൾ വിരിമെടി സ്വത-
ന്ത്രം ഇന്ദ്ര വർദ്ധനലക്ഷ്യ. ൭

ഛത്രബന്ധം

ഇന്താളു കണ്ടു കൊണ്ടു മ-
12 1
ഴവാപ്പിനിപ്പും പദാ-
2 3
ജിതാരിയി മഹീശ്വരം-
4
ശ വർദ്ധമാനെ നിർമ്മലൻ
5 6
കൃതാന്തമന്ത്രിണാമിദം
7
ജനങ്ങൾ കാൽ മജിക്കയ-
8 9
ജിതാസിതാക്ഷി നിട്ടി ഞെ.
10 11
ന്ദുമിക്രമൻ ഇണക്കണം. ൮
13

പത്മബന്ധം

ഇതിയേതിയതിപ്രീതി
ഭീതി നീതിഷ്ഠതിൽ ക്ഷതി
പതിയാതിക്ഷിതിപതി
ഗതിയേതിപ്പതിക്ഷ്മതി ൯

ശ്രേയോധ്യമോ 'ദ്യുമ്മണോദ്യ'
ന്നിമിനാസ്താധവാതിധി
സിദ്ധക്രം 'ഇതവാരെ' വ-
ക്ഷേമക്കോന്ന മംഗളം. ൧൦

കുലത്തൂർ ജാനകിരാമൻനമ്പൂതിരിപ്പാട്.

ശങ്കരവിജയം

(ഭാഷാഗാനം)

മേല്പറഞ്ഞ പുസ്തകത്തിന്റെ പ്രസാധകനും 'ജസ്റ്റിസ് ശങ്കരൻനായർ വായനശാല'യുടെ സിക്രട്ടറിയും ആയ മിസ്റ്റർ വി. കെ. എം. മന്നാടിയാർ അഭിപ്രായത്തിന്നായി എനിക്കയച്ചുതന്ന അതിന്റെ ഒരു പ്രതി കയ്യിൽ കിട്ടിയ ഉടനെ [illegible] പുസ്തകത്തിലെ വിഷയപ്രവേശിക്കുന്നതുവരെയുള്ള ഭാഗങ്ങളെ, സശ്രദ്ധം വായിച്ചുനോക്കിയതിൽ കേരളീയരായ നമുക്ക് ഏറ്റവും അഭിമാനിക്കത്തക്കതായ രണ്ടു സംഗതികളെ കണ്ടെത്തുകയും, അവയെപ്പററി വളരെ ആഹ്ലാദിക്കയും ചെയ്തു. ആധുനികപ്രത്യക്ഷശാസ്ത്രജ്ഞന്മാരുടെ ക്ലേശകരമായ പരിശോധനത്തിൽ കുലുക്കം കൂടാതെ നില്പാൻ യോഗ്യതയോടു കൂടിയ അദ്വൈതതത്വത്തെ സ്ഥാപിച്ചിട്ടുള്ള മഹാനും ലോകഗുരുവും സാക്ഷാൽ പരമശിവന്റെ അവതാരവും ആയ ശ്രീശങ്കരാചാര്യസ്വാമികൾ നമ്മെപ്പോലെ ഒരു കേരളീയനായിരുന്നു, സമുദ്രം പാനം ചെയ്ത അഗസ്ത്യമഹർഷി തങ്ങളുടെ മുത്തപ്പനാണെന്നു പറഞ്ഞു [illegible] അഭിമാനിക്കുന്നതുപോലെ നർമ്മദാതീരത്തു ഗുരുസന്നിധിയിൽ പാർത്തിരുന്ന കാലത്ത് അതിവർഷം നിമിത്തമുണ്ടായ വലിയ ജലപ്രവാഹത്തെ മുഴുവൻ കമണ്ഡലുവിനകത്താക്കി ഭീതിസ്ഥാനരായ സാധുജനങ്ങളെ രക്ഷിച്ച മഹായോഗിയായ സ്വാമികൾ കാലടിക്കുന്നിൽ ഇല്ലത്തെ നമ്മുടെ ശങ്കരൻ നമ്പൂതിരിയാണ് എന്ന സത്യം വെളിവാക്കുന്നതാണ്(?), ഉള്ളതാണ് നമ്മുടെ അഭിമാനത്തിന്ന വിഷയമായിട്ടുള്ള അപൂർവ്വ സംഗതികളിൽ(?) [illegible] വിവിധവ്യത്യാസങ്ങളായ(?)

[illegible] പലവിധത്തിലും അതിഗൗരവമേറിയ(?) [illegible] കൊണ്ടു തന്നെയിരിക്കുന്ന മാന്യപുരുഷനും, ഇന്ത്യയിൽ എന്നല്ല യൂറോപ്പിലും കൂടി സർവ്വസമ്മതനും മദ്രാസ് സംസ്ഥാനത്തിലെ സകലനീതിന്യായങ്ങളെയും നടത്തുന്നതിൽ സർവ്വാധിപത്യം വഹിക്കുന്ന മദ്രാസ് ഹൈക്കോട്ടിലെ ഒരു ന്യായാധിപനും, ആയ ജസ്റ്റിസ് ശങ്കരൻനായർ അവർകൾ നമ്മുടെ ചേറ്റൂർ ശങ്കരൻ നായരാണ് എന്നുള്ള സ്മരണ(?) ഒന്നാമതായ അഭിമാനഹേതു. ഇക്കാലത്തു പലമാർഗ്ഗങ്ങളിൽകൂടി കയറി ഉന്നതസ്ഥാനങ്ങളിലെത്തിട്ടുള്ളവരെ പ്രത്യേകമായും ആയ ഇംഗ്ലീഷ് പഠിപ്പ് [illegible] നേടിയിട്ടുള്ള കേരളീയന്മാരുടെ പലവിധത്തിലുള്ള ഉദ്യോഗങ്ങളെക്കൊണ്ടുമാത്രമേ കേരളഭാഷക്കഭിവൃദ്ധിയുണ്ടാവുകയുള്ളൂ എന്നാണ് എല്ലാവർക്കും ബോധമുള്ള സംഗതിയാകുന്നു. ആ വഴിക്കല്ലാതെ [illegible] അന്ധകാരത്തിൽ കിടക്കുന്ന നമ്മുടെ ജനസമുദായത്തിനെ [illegible] വെളിച്ചം കണ്ടെത്തുവാൻ [illegible] നിർവ്വാഹമില്ലെന്നുള്ളതും സിദ്ധമാണ്. അങ്ങിനെയല്ലാതാണെങ്കിലും ഇംഗ്ലീഷ് പഠിച്ച കേരളീയരായിട്ടുള്ള [illegible] ഇംഗ്ലീഷ് വിദ്യയിൽ പ്രാവീണ്യമുള്ള വിദ്വാന്മാരെ കണ്ടിട്ടു പലപ്പോഴും എനിക്കു വ്യസനം തോന്നാറുണ്ട്. എന്നാൽ ആ കൂട്ടത്തിൽ [illegible] അനുഗ്രഹം സ[illegible] [illegible] ആയ ജസ്റ്റിസ് ശങ്കരൻനായർ അവർകളുടെ പേര് ഒരു കേരളഭാഷാവായനശാലയോടു യോജിപ്പിക്കുവാനിടയായിരിക്കുന്ന സംഗതി വളരെ ഉത്സാഹത്തെയും സന്തോ

ഷത്തേയും ഉണ്ടാക്കിത്തീർക്കുന്നുണ്ട്. ഇതരന്മാർക്ക് അതൊരു പാഠമായിത്തീരുന്നുമാണ്.

ഇതിനെ ഭാഷാ ശങ്കരസ്മാരകമായിരിക്കുന്ന ഈ കൃതിയെ യാതൊരു പ്രതിഫലവും ഇച്ഛിക്കാതെ കേവലം ലോകോപകാരത്തിനായികൊണ്ടുമാത്രം 'ജസ്റ്റിസ്' ശങ്കരൻനായർവായനശാല'ക്കായി ഭാഷാന്തരപ്പെടുത്തികൊടുത്ത, മിസ്റ്റർ ശാരദമേനവന്റെ ഔദാര്യം എത്രയും ശ്ലാഘനീയം തന്നെ. ഈ പുസ്തകം പുറത്തു കൊണ്ടുവരുന്നതിന്നായി മിസ്റ്റർ വി. കെ. എം. മന്നാടിയാർ വേണ്ടതിലധികം അദ്ധ്വാനിച്ചിട്ടുണ്ടെന്ന ഞാൻ നേരിട്ടറിയുന്നതിനാൽ അദ്ദേഹത്തെപ്പറ്റി പ്രത്യേകമായി പ്രശംസിക്കാതിരിപ്പാൻ നിവൃത്തിയില്ല.

ഇനി ഈ ഗ്രന്ഥത്തെപ്പറ്റി കുറച്ചൊന്നു പറഞ്ഞുകൊള്ളട്ടെ. പുരാണരീതിയെ അനുസരിച്ചു തന്നെയാണ് ഇതിന്റെ പോക്ക്. അസുരാംശമായി പിറന്നിട്ടുള്ള ദുഷ്ടന്മാരുടെ ഭാരം സഹിക്കവാൻ വയ്യാതെ ഭൂമിദേവി ബ്രഹ്മാവിന്റെ അടുക്കൽ ചെന്നാവലാതി പറയുന്നതും, അനന്തരം അവിടെ ബ്രഹ്മാവു ഭൂമിദേവിയേയും കൊണ്ടു വൈകുണ്ഠത്തിൽ പോകുന്നതും, ബ്രഹ്മാവും വിഷ്ണുവും ദേവന്മാരും ഭൂമിദേവിയും കൂടി കൈലാസത്തിലേക്ക് പോകുന്നതും, വിഷ്ണുവിന്റെ അപേക്ഷയിൽ ബ്രഹ്മാവും ശിവനും ദേവന്മാരും കൂടി വൈകുണ്ഠത്തിലേക്ക് കൊള്ളുന്നതും മറ്റുമായ പുരാണരീതിയെ അനുസരിച്ചുകൊണ്ടു നാരദമഹർഷി അസുരന്മാരാലും അധർമ്മികളാലും അന്യ ജനങ്ങളെക്കൊണ്ടു ഭൂലോകം അധോഗതിയെ പ്രാപിക്കുന്നുവെന്ന പരിതാപങ്ങളോടുകൂടി ബ്രഹ്മാവിനെച്ചെന്നു കാണുന്നതും 'ഈ ആപത്തിനെ തീർപ്പാനാവില്ല ന മാലിപ്പോൾ' എന്നുപറഞ്ഞു ബ്രഹ്മാവും നാരദനും കൂടി കൈലാസത്തിൽ ചെല്ലുന്നതും മറ്റുമായിട്ടാണ് ഇതിൽ ശിവാവതാരത്തിനുള്ള വഴികൊണ്ടു വന്നിട്ടുള്ളത്. ആദ്യത്തെ നാലദ്ധ്യായം 'ശങ്കരവിജയവിലാസം' എന്ന ഗ്രന്ഥത്തിൽനിന്നും, ശേഷം ഭാഗവും വിദ്യാരണ്യസ്വാമികളുടെ 'ശങ്കരവിജയം' എന്ന ഗ്രന്ഥത്തിൽനിന്നും എടുത്തു കൂട്ടിച്ചേർത്തിട്ടാണ മിസ്റ്റർ ശാരദമേനവൻ രചനപ്പെടുത്തിട്ടുള്ളത്. ആ രണ്ടു ഗ്രന്ഥങ്ങളുടേയും കർത്താക്കന്മാർ മഹാകവികളാണെന്ന് അതാതു ഭാഗങ്ങളെക്കൊണ്ടുതന്നെ വെളിപ്പെടുന്നുണ്ട്. ഉപാഖ്യാനങ്ങൾ അവർ കോർത്തിണക്കിയിരിക്കുന്നു. ഓരോ പ്രദേശങ്ങളുടെ വർണ്ണനകളും അതിമനോഹരമായിരിക്കുന്നുണ്ട്. പലതും ലോകത്തെപ്പോലെ സന്യാസിയുടെ ദൃഷ്ടികൊണ്ടു കാണുന്നത് എന്നു മാത്രം. അതും രസമുള്ളതായിത്തന്നെയാണ്, തോന്നിയത്. ഗ്രന്ഥങ്ങളായ രസങ്ങളെ പിന്നെയും പിന്നെയും പറഞ്ഞിട്ടുള്ള കാര്യങ്ങളെ വിട്ട് ഇതിലേക്ക് പ്രവേശിക്കുന്നവർക്ക് സന്തോഷജനകമായ ഒരു പുതുമയും അതിൽ വിശേഷമായ ഒരു സ്വാദും തോന്നാതിരിക്കയില്ല. ഇതിലെ ഒന്നാമദ്ധ്യായത്തിൽ കേരളത്തെപ്പറ്റി ചെയ്തിട്ടുള്ള അതിമനോഹരമായ വർണ്ണന നമുക്കഭിമാനിപ്പാൻ വകയുള്ളതുതന്നെ.

പ്രവൃത്തിമാർഗ്ഗത്തേയും നിവൃത്തിമാർഗ്ഗത്തേയും സമമായി ഒത്തിപ്പിച്ചുകൊണ്ടു പോയിട്ടുള്ള ആചാര്യസിദ്ധാന്തത്തെ ഈ ഗ്രന്ഥത്തിൽ കഥാരൂപേണ വിശദമാക്കീട്ടുള്ളതും വളരെ ഭംഗിയായിരിക്കുന്നു. കമാലപെട്ടതും ആചാര്യസ്വാമികളുമായിട്ടുള്ള കൂടിക്കാഴ്ച, 'മണ്ഡനമിശ്രൻ സ്വാമികളോട് വാദത്തിൽ തോറ്റതിന്റെ ശേഷം ഭൈമി

നിശബ്ദിയെ ധ്യാനിച്ചു പ്രത്യക്ഷമാക്കിട്ട് അവർ തമ്മിൽ ഉണ്ടായ സംഭാഷണം മുതലായ രംഗങ്ങളും മേല്പറഞ്ഞ വിഷയത്തെ വെളിപ്പെടുത്തുകയാകുന്നു.

ഭാരതസമയത്ത് ആരും തടുക്കുവാൻ വയ്യാത്ത ശക്തികളാകുന്ന ബ്രഹ്മാസ്ത്രങ്ങളുമായി സ്വാമികൾ പ്രയോഗിക്കുന്ന ഇവ അസ്ത്രം ഒരു സമരത്തിലൂടെ ത ഴുക്കായ പരിക്കേറ്റുകിടക്കുമ്പോൾ മറ്റൊരു നാടിനെ ആക്രമിക്കുന്ന സംഗതി ഇവിടുന്ന വെളിപ്പാടായി അറിവാൻ സാധിക്കുന്നതാണ്. ശരീരത്തിലുള്ള നാഡികളുടെ ചലനങ്ങളെ കണ്ടിരിക്കുന്നവരായ തങ്ങളെ മുഴുവനും ശാസ്ത്രത്തിൽ ലേശംപോലും കുറയാതെ. സ്വാമികളുടെ ശാസ്ത്രങ്ങളിൽ ഇതുവരെയുള്ളവരെ പൂർവ്വപക്ഷങ്ങളെ സമാധാനത്തോടെ വഴിയിൽ തന്നെ കണ്ടുകൂടി താനേതന്നെ പുറപ്പെടുവിച്ചിട്ടുണ്ട് മറ്റൊരു ഗ്രന്ഥവുമുണ്ടായിട്ടുള്ളത് എന്നത് ഒരു വാദമായ ശാസ്ത്രം ആരും ചെയ്തിട്ടുള്ളതല്ലാതെ അതിനുവേണ്ടി വായിക്കുന്നതിനായിട്ടുള്ള വാക്കുകളൊന്നും ഗ്രന്ഥത്തിൽനിന്ന പുറപ്പെടുകയില്ല. ഭാഗവതത്തിൽ 'കേവിൽ പണ്ഡിത ന്മാരുള്ള (ചിലർ പണ്ഡിതന്മാർ ഉണ്ടായിരുന്നതായി പറയുന്നു) എന്നൊരു പറഞ്ഞിരിക്കുന്നതാണ്. മണ്ഡനമിശ്രനും ആചാര്യസ്വാമികളും തമ്മിൽ ആദ്യമായി കണ്ട സമയത്ത് അന്യോന്യമുണ്ടായ വാക്കുവാദത്തിൽ ചിലതെല്ലാം സ്വാമികളും ചോദ്യമായി വിദ്യാരണ്യസ്വാമികൾ വർണ്ണിച്ചിട്ടുണ്ട്. എന്നാൽ ഇത് 'ഗുരുത്തിലൊന്നായ നാലി' എന്ന ന്യായപ്രകാരം മണ്ഡനമിശ്രന്റെ അദ്ധ്യക്ഷപദം കേവലം കല്പിതമായിരുന്നു വിചാരിക്കാനിടയാകുന്നതാണെന്നോ വിചാരിപ്പാൻ തരമുള്ളൂ. ഈ സംഗതിയെപ്പറ്റി ഇതുവരെ പറയുവാൻ കാരണമെന്തെന്നാൽ, ആനന്ദഗിരിയുടെ 'ശങ്കരവിജയം' എന്ന ഗ്രന്ഥത്തിൽ സ്വാമികൾ ഇതേമാതിരി നാമങ്ങളോടെ 'ഗുരു, ഗുരുതമ, ഗുരുതമ' എന്നൊക്കെ പ്രയോഗിച്ചതായി കാണുന്നുണ്ട്. അതിനു പകരം ആരാധനയെന്ന തോന്നുന്നില്ല. ഉപ്പുസമ ആ കാപാലികൻ സാധുമേധം കൃത്യ സ്വാമികളുടെ അടുക്കൽ സമീപിച്ചുവെങ്കിലും സമയം ഒന്നാകുന്ന തരത്തിൽ തെറ്റുന്ന അതിലുള്ള ദുഃഖം അന്ദ്രഹത്തെ ബാധിക്കയും പ്രതിഷേധം സാരമായിരുന്ന എങ്കിലും തെളിഞ്ഞുകൂടി തലയെടുത്തുകൊണ്ടുപോകുവാൻ വിട്ടുകൊടുക്കാൻ അരുതാത്ത സന്ദർഭത്തിൽ അതിനു സാധിക്കാതില്ലാ യ്കയാലും വരാവുന്ന ആപത്തുകളും നന്നായി ഉദ്ധരിച്ചെടുത്തുവരുന്നു.

സ്വാമികളുടെ നാലു പ്രധാനശിഷ്യരിൽ ഒരാളായ പത്മപാദാചാര്യരുടെ ചരിത്രവും ഒരു ഗ്രന്ഥം ചുറ്റുമുള്ള സംഗതിയും വായിച്ചാൽ അവരുടെ തമ്മിൽ അഭിപ്രായഭിന്നതയ്ക്കുള്ള കാരണം വിശദമായി കാണുന്നു. എന്നാൽ ചരിത്രഭാഗമായിട്ടുള്ളത് എന്ന ചരിത്രകാരന്മാർതന്നെ തീർച്ചയാക്കട്ടെ.

ശങ്കരവിജയത്തിൽ പതിനാറാമധ്യായം മുതൽക്കൊട്ടു പലേടങ്ങളിലും സ്വാമികൾ ചെയ്ത ആചാര്യത്വമായി നടിച്ചത് തെളിയ പല വർണ്ണിച്ചിട്ടുണ്ടെങ്കിലും ചരിത്രോപാഖ്യാനത്തിൽ കാണുന്ന മണ്ഡനമിശ്രനോടുള്ള വാദത്തെയാണ് വിദ്യാരണ്യസ്വാമികൾ ഏററവുമധികം പ്രധാനമായി ഗണിച്ചിട്ടുള്ളതും ഏററവുമധികം വിസ്തരിച്ചിട്ടുള്ളതും. കർമ്മമീമാംസയിലും

[illegible]

[illegible] —

[illegible]

ഉടനെ [illegible] —

[illegible]

[illegible] ഉള്ളതാണ് എന്നു [illegible] വ്യക്തമാകുന്നതല്ലേ. [illegible] സ്ഥാപിക്കുന്നതിന്നു പുറപ്പെട്ടിട്ടുള്ള [illegible] ഉണ്ടെന്നറിയുന്നില്ല.

[illegible]

ഇതിനെയാണ് [illegible] ഇവിടെനിന്നെടുത്തിട്ടുള്ള ഭാഗം [illegible]. അദ്വൈതസിദ്ധാന്തവും ദ്വൈ[illegible] സിദ്ധാന്തവും എന്നല്ല മറ്റുള്ള സകലസിദ്ധാന്തങ്ങളും കടുകട്ടിയായിട്ടുള്ളവർക്കു മാത്രമേ [illegible] മനസ്സിലാവുകയുള്ളു. എങ്കിലും ആ വക ഭാഗങ്ങളെയെല്ലാം [illegible] സുഗമമായി [illegible] തോന്നുന്നില്ല. ഇനി [illegible] പോരാ എന്നു തോന്നുന്നെങ്കിൽ ആ വിഷയത്തിന്റെ [illegible] എന്നല്ലാതെ [illegible] സ്വാതന്ത്ര്യം [illegible] നിമിത്തം ആ വക ഭാഗങ്ങളുടെ [illegible] പോരെന്ന തോന്നിയതി[illegible] വേദാന്തവിഷയത്തിൽ എന്റെ [illegible] അവർക്കളുടെ [illegible] വ്യാഖ്യാനം എഴുതിച്ചിട്ടുള്ളത്. വേദാന്തശാസ്ത്രത്തിൽ [illegible]

ത്ര്യവും ജൈമിനിസിദ്ധാന്തത്തിന്റെ സാമാന്യജ്ഞാനവും സമ്പാദിച്ചിട്ടുള്ള ബാഹ്യസ്ഥിതിയുടെ വ്യുൽപ്പത്തിയും കൂടി ചേരുമ്പോൾ തല്ലക്ഷ്യജ്ഞാനസുഖങ്ങൾക്ക് അവയെല്ലാം സുവ്യക്തമായി ഭവിക്കുന്നതാണ്.

വിവിധശാസ്ത്രനിഷ്ണാതപുരാണാദികളെക്കൊണ്ടു പരിപുഷ്ടിയെ പ്രാപിച്ചിരിക്കുന്ന ഗീർവ്വാണാദിഭാഷകളിൽനിന്നു വളരെ താണനിലയിലിരിക്കുന്ന നമ്മുടെ കേരളഭാഷയിലേക്ക് ഒരു ഗ്രന്ഥം തർജ്ജമ ചെയ്യുക എന്നതിന്റെ വൈഷമ്യം അനുഭവിച്ചവർക്കുതന്നെ അറിഞ്ഞുകൂടു. അങ്ങിനെയാണെങ്കിലും മഹാദുർഘടങ്ങളായ ചില ഭാഗങ്ങളെ ഇദ്ദേഹം ഭാഷപ്പെടുത്തിയിട്ടുള്ളതിനെ വായിച്ചുനോക്കുന്ന സമയത്ത് അത് എല്ലാവർക്കും സരസമായ സംസ്കൃതമാണ് എന്നു തോന്നിപ്പോകും. ഇദ്ദേഹത്തിന്റെ പ്രയോഗചാതുര്യമത്രത്തോളമുണ്ട്. ഒരു വിഷയത്തിലുള്ള പദത്തിന്റെ പര്യായങ്ങളും ഒരുത്തന്നെയാകുന്നു.

'ഭാമതീടീക', 'ചതുസ്സൂത്രി' എന്നീ ഗ്രന്ഥങ്ങളെ ഭാഷപ്പെടുത്തിയിട്ടുള്ളതും വളരെ ഭംഗിയായിരിക്കുന്നുവെന്നു വിശേഷിച്ചും എടുത്തുപറയാതിരിപ്പാൻ നിവൃത്തിയില്ല. ഈ ഗ്രന്ഥം മൂലത്തോടുകൂടി നോക്കുവാൻ എനിക്കു തരംവന്നില്ല. എങ്കിലും തർജ്ജമ വായിച്ചതിൽ ഒന്നുരണ്ടേടത്തിലും ഒരു തെറ്റുള്ളതായി തോന്നാത്തതിനാൽ അതു മൂലത്തോടു വളരെ യോജിക്കുന്നതെന്നു ബലമായി ഊഹിക്കുന്നു.

കെ. എം.

ആഗ്രയിലെ താജ്മഹാൾ



ഭൂലോകത്തിലുള്ള വിസ്മയകരങ്ങളായ കാഴ്ചകളിലൊന്നായി ഗണിച്ചുവരുന്ന 'താജ്മഹാൾ' എന്ന കെട്ടിടത്തിന്റെ ഒരു ഛായാപടം ഈ ലക്കത്തിൽ ചേർത്തിട്ടുള്ളതിനാൽ അതിനെപ്പറ്റി ചുരുങ്ങിയ ഒരു വിവരണം കൂടി ഈയവസരത്തിൽ വായനക്കാർക്കു രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു. വെളുത്ത മാർബിൾകല്ലുകൊണ്ടു നിർമ്മിക്കപ്പെട്ടിട്ടുള്ള ഈ കെട്ടിടം ആഗ്രാനഗരത്തിന്റെ തെക്കുഭാഗത്തായി യമുനാതീരത്തെ അലങ്കരിച്ചുകൊണ്ടിരിക്കുന്നു. താജ്മഹാൾ ആഗ്രാനഗരത്തിൽ വസിച്ചുവന്നിരുന്ന ഷാജഹാൻചക്രവർത്തി തന്റെ പ്രിയതമയായ മുംതാസ്മഹാൾ (രാജധാനിയിൽ അര്യമന്ത) ചക്രവർത്തിനിയുടെ സ്മാരകമായി പണിചെയ്യിച്ചതാണ്. ഷാജഹാൻ ചക്രവർത്തിക്കു ശില്പങ്ങളിലുണ്ടായിരുന്ന അഭിനിവേശം പ്രസിദ്ധമാകുന്നു. ഈ ചക്രവർത്തിയുടെ കാലത്താണ് ആഗ്രയിലെ പ്രധാനപ്പെട്ട പല കെട്ടിടങ്ങളും പണിചെയ്യിച്ചിട്ടുള്ളത്. താജ്മഹാളിന്റെ അത്ഭുതകരമായ ശില്പവിലാസംനിമിത്തം അതിനെ മാർബിൾകൊണ്ടുള്ള മനോരാജ്യ

സൃഷ്ടിയെന്നു വ്യവഹരിച്ചുവരുന്നു. ഇതു ഗംഭീരമായ ഒരു ശില്പ സാമാന്യങ്ങൾക്ക് മ നസ്സുകളുടേതിന്നും കൂടി അതഃപരമാണെ ന്നു പൌരസ്ത്യന്മാരും പാശ്ചാത്യന്മാരും ഒ രുപോലെ സമ്മതിച്ചിരിക്കുന്നു.

മുംതാസ്മഹാൽബീഗത്തിന്റെ ശ്മശാ നം ഈ താജ്മഹാൽ കെട്ടിടത്തിന്റെ മദ്ധ്യ ത്തിലാണു സ്ഥാപിച്ചിട്ടുള്ളത്. അതിന്നു തൊട്ടുതന്നെ ഷാജഹാൻ ചക്രവർത്തിയുടെ ശ വശരീരവും സ്ഥാപിക്കപ്പെട്ടിരിക്കുന്നു. മ ദ്ധ്യമണ്ഡപം 156 അടി ചുറ്റളവുള്ളതും, തോരണങ്ങളും വിചിത്രമായ പുഷ്പ മാതിരികളെക്കൊണ്ടു മനോഹരങ്ങളായ ചി ത്രപ്പണികളുള്ളതുമാകുന്നു. മദ്ധ്യമണ്ഡപത്തി ന്നു ചുറ്റും പലവിധം കൊത്തുപണികളോടുകൂടിയ ഒരു വിചിത്രമായ തറയുമാണ്. ഈ അറ യുടെ ഭിത്തികളിലുള്ള സ്ഫടികജാലങ്ങളും വള രെ ഭംഗിയുള്ളവയാകുന്നു. അവയുടെ ഒരു ഭാഗങ്ങളിലും ഓരിപ്പിച്ചിട്ടുള്ള ഒരു കെട്ടിട ങ്ങളിലൊന്നും ഒരു കണ്ണാടിപ്പതിപ്പായി ഉപയോഗിച്ചുവരുന്നു. ഏതുഭാഗത്തുനിന്നും ഉപരിഭാഗത്ത് ഉദിക്കുന്ന സൂര്യന്റെ വെളിച്ചം മനോഹരതയും ഗാംഭീര്യവും കൊണ്ടു നമ്മുടെ വിസ്മയം ജനിപ്പിക്കാതിരിക്കയില്ല. കെട്ടിടത്തിന്റെ ഭാഗങ്ങളിൽ കാണപ്പെടുന്ന കൊത്തുപണികളാൽ മുഴുവനും കാണുന്ന പച്ചനിറമായ ഉ ദ്യാനങ്ങളുടേയും, ജലാശയങ്ങളുടേയും ആ ഗ്രാഗ്രാമത്തിന്റേയും കാഴ്ച വളരെ മനോ ഹരമായി തോന്നുന്നതാണ്.

ഷാജഹാൻ ചക്രവർത്തിനി ചരമ ഗതിയെ പ്രാപിക്കുമ്പോൾ അവരുടെ സ്മാരക മായി ഇങ്ങിനെയൊരു മാർബിൾ സൌധം പ ണികഴിപ്പിക്കാൻ ചക്രവർത്തിയോടപേ ക്ഷിക്കയാൽ പ്രേമഭരിതനായ അത്യുദാരമന സ്സായിരുന്ന ഷാജഹാൻ, ചക്രവർത്തിനിയുടെ മരണശേഷം ഇരുപതുകൊല്ലം കൊണ്ട് താജ്മഹാൽ നിർമ്മിച്ചതാണെന്നു പറഞ്ഞുവരുന്നു. ടാ ജ്മഹാലിന്റെ പണി പൂർത്തിയാവാൻ ഒരു പതിനാറുകൊല്ലത്തോളം വേണ്ടിവന്നിട്ടു ണ്ട്. മഹമ്മദീയശില്പത്തിന്റെ വിശേഷ ബുദ്ധിയായി വിളങ്ങുന്ന താജ്മഹാൽ ഭാര തം സമ്പാദിച്ചിട്ടുള്ള കീർത്തിക്കു പുറമേ ഭാവിയിൽ ദേശാന്തരങ്ങളിലുള്ളവരും ദ്രവ്യ ത്തെ വലിയ കെട്ടിടങ്ങളും കൊട്ടാരങ്ങളും മറ്റും പ ണിയിക്കുന്നതിൽ വളരെ സഹായിക്കു മെന്നു വിചാരിക്കുന്നു. ഇന്ത്യയിലെ വിശേ ഷപ്പെട്ട കെട്ടിടങ്ങളും മറ്റും പല കൊട്ടാര ങ്ങളും ക്ഷേത്രങ്ങളും മറ്റും ശില്പവിദ്യയു ടെ സമ്പാദികളാകുന്നു. അവയുടെ ശില്പ ചാതുര്യത്തെപ്പോലെ ഇവയുടെ ഗാംഭീര്യ ത്തിന്നും പ്രശംസനീയമായ ഈ താജ്മഹാൽ സമ്പാദിക്കപ്പെട്ടതി ന് ഏറ്റവും സമർത്ഥന്മാരായ ശില്പികൾ മുഴു വൻ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഒരു നഗരത്തിന്റെ ന ടുവിൽ വലിയ ഉദ്യാനങ്ങൾക്കുള്ളിലാ ണു ആ ഭംഗിയുള്ള മന്ദിരം നിലകൊള്ളുന്നത്. ആ സൌധത്തിലെ കീർത്തിയുണ്ടാക്കുന്നു. പ്രതിവർഷം ടൂർ കാണാൻ ആഗ്രയിൽ വരുന്ന ജനങ്ങളുടെ ഇത്ര ഭംഗിയുള്ള കാഴ്ച പോലും സാധിക്കുന്നതല്ല. ഹിന്ദുസ്ഥാന ത്തിലെ താജ്മഹാൽ മനോഹരമായ കാണാനായിട്ടാണ് ഹിന്ദുസ്ഥാനത്തു ദൂരദിക്കിൽ നിന്നു വരുന്നതാണ്.

ഞങ്ങളുടെ വായനശാല

ഭാഷാരഘുവംശം (പ്രസാധ— കണ്ണൂർ നാരായണമേനോനവർകൾ ബി. വി. ബുക്കുഡിപ്പോ, തിരുവനന്തപുരം.)

ഒരു ഭാഷയിലുള്ള ഗ്രന്ഥത്തെ മറെറാരു ഭാഷയിലേക്ക് കോട്ടംകൂടാതെ പകരുന്ന കാര്യം ഏറ്റവും പ്രയാസമായിട്ടുള്ളതാണ്. മൂലഭാഷക്ക് പ്രകൃതി അധികമായും പകരുന്ന ഭാഷക്ക് കുറഞ്ഞും വരുന്ന തോതനുസരിച്ച് ഭാഷാന്തരീകരണത്തിനുള്ള പ്രയാസവും വർദ്ധിക്കുന്നു. പദ്യത്തിനു പദ്യമായി ഭാഷാന്തരം ചെയ്യേണമെന്നു വരുമ്പോൾ ഈ വൈഷമ്യം ഒന്നിരട്ടിക്കും. ശബ്ദശൈലിയിലുംകൂടി ദീക്ഷിച്ചുകൊണ്ടുതന്നെ കഥ പറയേണ്ടതില്ലല്ലോ. കാളിദാസന്റെ കാവ്യങ്ങളിൽവെച്ചു പ്രഥമഗണനീയമായ രഘുവംശത്തെ മൂലത്തിനു പ്രകൃതിയും ശബ്ദത്തിനു ശ്രാവ്യതയും വരുത്തി മലയാളത്തിലേക്കു തർജ്ജമചെയ്തിട്ടുള്ള മഹാകവിയെ ഞങ്ങൾ സർവ്വാത്മനാ ശ്ലാഘിക്കുന്നു. ഭാഷാശുദ്ധി പ്രസ്തുതകവിയുടെ കാവ്യങ്ങളിൽ സാർവ്വത്രികമായി കാണുന്ന ഒരു പ്രത്യേകലക്ഷണമാണ്. ഭാഷാരാമായണത്തിന്റെ ശബ്ദകൗശല്യം നിലനിർത്തുവാൻ ശ്ലോകഭംഗം വരാതെ ഭാഷയും അനുകരിച്ചിട്ടില്ലാത്ത കവിവരൻ കാളിദാസന്റെ യമകങ്ങൾക്ക് പ്രതിരൂപമായി ഭാഷാന്തരത്തിലും യമകങ്ങളെ പ്രയോഗിക്കുന്നതിൽ കാണിച്ചിട്ടുള്ള വാസനാബലം ഞങ്ങളെ വിസ്മയിപ്പിക്കുന്നു. സൂക്ഷ്മദൃഷ്ട്യാ പരിശോധിക്കുന്നവർക്ക് മൂലത്തോടു ന്യൂനം തികയായിട്ടില്ലെന്നു തോന്നുന്ന ചില ഭാഗങ്ങൾ രഘുവംശത്തിലും കാണുന്നതാണ്. 'തേജസാം ഹി ന വയഃ സമീക്ഷ്യതേ' എന്നതിന്റെ ഗൗരവം 'ഉദയിച്ചു ശൈലിയിൽ വയസ്സു നോക്കുമോ' എന്ന ഭാഷാന്തരത്തിനു വന്നിട്ടില്ല. 'ഉഷ്ണത്വ'ത്തിന്റെ പുനസ്സ്ഥാനം കളഞ്ഞതു പരിഹാസ്യമായി ഞങ്ങൾക്കു വിചാരിപ്പാനുള്ളൂ. ഇതിനെപ്പോലെ ചില ന്യൂനാതിരേകങ്ങൾ പറയാമെങ്കിലും സരസമായ ഒരു മഹാകാവ്യത്തെ അനുപാരിമുഖ്യം അംഗീകരിച്ചുകൂടാതെ ഭാഷാന്തരം ചെയ്യാനുള്ള പ്രയാസങ്ങളോർക്കുമ്പോൾ ഇവ ഏറ്റവും ക്ഷന്തവ്യങ്ങളാണ്.

ഉദയഭാനു— (നോവൽ. ഒന്നും രണ്ടും ഭാഗങ്ങൾ— പ്രസാധകൻ കെ. രാമകൃഷ്ണപിള്ള അവർകൾ.)

തൂലികകൊണ്ടു ചിത്രമെഴുതുന്നവനാണു കവി. ഈ പുതിയ ആഖ്യായിക വിചിത്രമായ ഒരു ചിത്രശാലകൊണ്ടു ഇതിന്റെ നിർമ്മാതാവ് ഒരു വിശിഷ്ടകവിയാണ്. ചില പാത്രങ്ങൾക്ക് പുരാണപ്രസിദ്ധമായ ഉദ്യോഗനാമധേയങ്ങൾ കൊടുത്ത് അവരുടെ വിജാതീയവ്യാപാരങ്ങളെ വർണ്ണിക്കുന്ന ഈ കൃതിയുടെ 'രീതിയും ഔദ്ധത്യവും' അസാധാരണമായി കാണുന്നു. പാത്രങ്ങൾ ജീവൽപ്രതിനിധികളോടുകൂടിയവരാണെന്നു വിചാരിപ്പാനുള്ള ലക്ഷ്യങ്ങൾ പലതുമുണ്ട്. പാത്രങ്ങളുടെ സംഭാഷണരീതി യാതൊരു കഥാകൃത്തുക്കളുടെ ശൈലി മനസ്സിലാകാത്തവർക്ക് പ്രയാസമായും തോന്നും. കാലദേശാദിപരിച്ഛേദമില്ലാത്ത അനുസ്വാദ്യങ്ങളായ കാവ്യഖണ്ഡങ്ങൾ ശാശ്വതമായിരിക്കുകയില്ലല്ലോ. അങ്ങിനെയുള്ള കാവ്യങ്ങളിലാണു സൽകവികൾ പരിശ്രമിക്കേണ്ടതെന്നും നിർമ്മാതാവായ ഗ്രന്ഥകാരനെ അറിയിച്ചുകൊള്ളുന്നു. ഭാഷാവിഷയത്തിൽ കുശാഗ്രമായി നിരൂപിക്കുന്ന രാമകൃഷ്ണപിള്ള അവർകളാൽ പ്രസാധിതമായ ഈ ഗ്രന്ഥത്തിൽ ഭാഷാദോഷങ്ങൾ കാണുന്നതു പ്രസാധകനു തിരുത്തുവാനുള്ള അധികാരം കിട്ടാത്തതുകൊണ്ടു വന്നതായിരിക്കാം. 'പ്രകൃതിയുടെ ഭംഗികളുകൾ' കൊണ്ടുവരുവാൻ പ്രയത്നം. 'പ്രസംഗത്തെ രുചിക്കുക' സഹൃദയന്മാർക്കു രുചിക്കയില്ല.

जातिः ।

(अनुवृत्तः)

एवं चास्मन्मतस्य सर्वथा प्रमाणभूते वेदे कुत्राप्याधुनिकत्वव्यवह्रियमाणरीत्या जात्याचाराणामुल्लेखाज्जातिर्मतस्याङ्गमिति न स्थापयितुं शक्यम् । तस्मादस्मन्मतस्य न कदापि बाधा करिष्यत इति प्रतिश्रुतवद्भिरध्यक्षलोकसभाध्याधिकारिभिरनावश्यकादेव प्रसार्य विनैवास्मन्मतस्थानां नानाविधजातिनियमानां निषेधस्तदनुष्ठाने विधिकल्पनं च सुकरमेव । तथापि कालगुणत उचितो व्याख्यो वैधर्म्यस्तु विनयः; कुत इति चेत्, जातेर्मताङ्गताभावेऽपि परम्परागतदेशाचारानेकरूढसमुदायिकनियमत्वमस्त्येव । स च नियमः समाः सहस्रोत्तराः प्रवर्तमान आस्ते । हिन्दुजनसमुदायाचारः समस्तोऽपि तज्जातिकृत एवाद्यापि चलति । अतस्तदन्यथाकरणाय परमाधिकारधुरीणा अपि हूणाः सम्प्रताद्यौदासीन्येन । जनसमुदायमनुकूलान् कैश्चित्तैर्विनियमान् परिष्कर्तुं नीतिकल्पने किमपि शीलकर्म यत् प्रकाश्यते तस्मिन् नियमा मतसंबद्धा इति बुध्यैवेति प्रतिभाति । सा बुद्धिर्न वास्तवीति प्रतिपादितमेव । हिन्दुदेशेऽखिलसर्वजनानां केषांचिदसवर्णजनानामपि जातिबद्धेतराचाराणां हूणाधिकारिभिरनिषेधः केवलं सामाजिकरीत्याप्रयुक्त एव भवितुमर्हति ।

अस्मद्देशे नातिप्राचीनकाले अनेकजातिभिरावर्जश्रोऽकृतानां मानुषवर्गाणां परस्परसंसर्गवशात् शरीरवर्णभेदप्रयुक्तमतभेदाद्भवदिति युक्ततुल्यदर्शनेन बौद्धोऽनुभूयते । श्वेतवर्णस्य वर्णस्य कृष्णवर्णेन सह शाश्वतिको विरोधोऽभूत् । तयोराकस्मिके समागमे प्रथमः स्वोत्कर्षं स्थापयितुं द्वितीयं नियमेन स्वसमुदायाद् बहिष्करोत् । प्राक्कालिकैरार्यैः शूद्रान् प्रत्ययं सहजो विद्वेषः प्रकाशि ।

संस्कृतभाषया व्यवहरतश्चाप्यार्येभ्यः प्रागयं हिन्दुदेशः पौराणिकद्राविडमिलजनैराकुलोऽभूत् । क्रमादार्यैरिमे पराभूता उत्तरहिन्दुस्थानान्निष्कासिता दक्षिणहिन्दुस्थाने तत्रतत्र वासमकुर्वन् । अद्यापि द्रविडभाषाजन्यास्तु कर्णाटकेरळादिदक्षिणदेशभाषा अशेषा अप्युत्तरदेशभाषाभ्यः संस्कृतजन्याभ्यः प्राकृतपालिमहाराष्ट्रीहिन्दुस्थानिवङ्गाल्यादिभ्योऽत्यन्तविलक्षणा एव लक्ष्यन्ते । पश्चादार्यैरागतस्य वासः प्रारम्भ तदा तेषामितरेषामादिमजनानां च महदाकृतिवैलक्षण्यमासीत् ; तदद्यापि सूक्ष्मग्राहिभिः सुग्रहमेव । यद्यपि पूर्वोक्तसूक्तव्यतिरिक्तहृग्रन्थेषु क्वापि शूद्रशब्दो न श्रूयते, तथाप्यार्यविरुद्धा एते जनास्तत्रतत्र दस्यव इत्याकुश्यन्ते । यथा, " सनाजिगानुत सूर्यं सनान, इन्द्रः सनान पुरुभोजसं गां, हिरण्ययमुत भोगं सनान, हत्वी दस्यून् प्रार्यं वर्णमावत्" इति । इन्द्रोऽश्वादीन् ददौ; दस्यून् हत्वार्यवर्णं प्रारक्षदित्यर्थः । अत्र प्रयुक्तो वर्णशब्दः शुक्लादिवाची बहुशोऽन्यत्रोपलभ्यते । यथा, "कृष्णं च वर्णमरुणं च सन्धुः ," " श्यावावर्णं भरते आमिनाने, " सुचन्द्रं वर्णं दधिरे सुपेशसं , " तवस्यं द्वर्णेन जातं सदृशी, " " प्रेमं वर्णमतिरच्छुक्रमासां," "कृशाद्भिर्वर्णैरभिरामनस्या, " " समानं वर्णमभिशुम्भमाना"

इत्यादिषु। अतोऽनुमीयते, प्रथमं शुक्लादिवाचक एव वर्णशब्दः क्रमेण ब्राह्मणादिवाचित्वमपि पर्यवंसादिति। महाभारते ब्राह्मणक्षत्रियवैश्यशूद्राणां क्रमेण श्वेतरक्तपीतकृष्णा वर्णा इत्युक्तिरर्वाचीनकाले चातुर्वर्ण्यव्यावर्णनायेति बोध्यम्। वर्णशब्दो यदा प्रथमं जातिवाचको वेदे प्रयुक्तस्तदार्यानार्यभेदेन द्वावेव वर्णावभूताम्। तत्रानार्यजातिः कदाचित् 'कृष्णात्वक्' इत्येवोच्यते। यथा, "इन्द्रः समत्सु यजमानमार्यं, प्रावद्विश्वेषु शतमूतिराजिषु, स्वर्मीळ्हेष्वाजिषु, मनवे शासदव्रतान्, त्वचं कृष्णामरन्धयत्, दक्षन्न विश्वं ततृषाणमोषति, न्यर्शसानमोषति" इति। इन्द्रो युधि यजमानमार्यं रक्षितवान्, मन्वर्थमव्रतान्छासितवान्, कृष्णां त्वचं जितवानिति तात्पर्यम्। अत्र 'कृष्णा त्वचं' इत्यनेनार्यपरिपन्थिन्यनार्यजातिरेव विवक्षितेति स्पष्टं प्रतीयते। जेतृणामार्यवर्णानामेतन्नार्यवर्णेषु विद्वेषः कीदृगासीदित्येतदनया प्रार्थनयावगम्यते। "इन्द्रासोमा तपतं रक्ष उब्जतं, न्यर्पयतं वृषणा तमोवृधः, परा शृणीतमचितो न्योषतं, हतं नुदेथां नि शिशीतमत्रिणः। इन्द्रासोमा समघशंसमभ्यघं, तपुर्ययस्तु चरुरग्निवाँ इव, ब्रह्मद्विषे क्रव्यादे घोरचक्षसे, द्वेषो धत्तमनवायं किमीदिने। इन्द्रासोमा दुष्कृतो वव्रे अन्तरनारम्भणे तमसि प्रविध्यतं, यतः पुनरेकश्चनोदयत्, तद्वामस्तु सहसे मन्युमच्छवः"। विस्तरभयादर्थो नोच्यते। आदिमकाले वीजरक्तभेदजनितशरीरवर्णवैलक्षण्यात् प्रवृत्तोऽप्यमार्यानार्यविभागः क्रमादर्वाचीनकाले त्रैवर्णिकशूद्रविषयको जातः। श्रेष्ठपर्याय आर्यशब्दोऽर्यः स्वामिवैश्ययोरिति निपातितादर्यशब्दान्निष्पन्न इत्याहुः। एतेऽर्या एव प्राचुर्येण प्राक्तनजनसमुदायघटका अभूवन्; अत एव तस्मान्नो निष्पन्न आर्यशब्दः क्रमात्त्रिधा विभागं प्राप्तवतां त्रैवर्णिकानां साधारणनामतया वेदे प्रयुज्यते। प्राथमिकेभ्योऽर्येभ्यस्त्रैवर्णिकानां पृथग्विभागः कथमुद्भूत इति मन्त्रब्राह्मणेतिहासपुराणादिभ्यो ज्ञातुं शक्यते। कृषीवलपशुपालवृत्तयोऽर्या एव प्रथममासन्; अत एव विश इति तन्नाम सामान्येन मानुषाणामभिधत्ते। ततः क्रमात्तेषां जीविकाविषयकविवादप्रसङ्गात् कलहेषु जायमानेषु तन्निर्बहणाय प्रवृत्ता बलवत्तराः केऽपि पूर्ववृत्तिमुज्झित्वा पृथग्भूय योधवृत्तिमाललम्बिरे। तन्नेतारो वेदे राजान इत्युच्यन्ते। विशां पतिरित्यस्य राजपर्यायतायामिदमेव मूलम्। प्राक्तनपारसीकभाषायां 'विश्पैति' इत्याधुनिकलिथुवानिकभाषायां 'वैस्पतिस्' इति चेदमेव पदं राजवाचकमस्ति। एवं क्षत्रवर्णे पृथग्भूते क्रमेण पुनर्देवताकोपजनितानावृष्ट्यादिदोषपरिहारार्थं तत्प्रसादनमप्यावश्यकमभूत्। हिन्दुदेश इव देवतार्चनश्रद्धा न क्वापि निसर्गसिद्धा चिरात्प्रसिद्धा। आरोग्यैश्वर्यपुत्रमित्रगोधनादीनि सकलान्यपि देवताप्रसादलभ्यान्येव प्राग्भवन्; अन्यान्येतत्प्राणाभीष्टप्रार्थनारूपेभ्यो विविधवेदमन्त्रेभ्य उन्नेयम्। देवताप्रसादादेव जय्याः शत्रवः; तत एव कृषिसमृद्धिः। सर्वं देवतायत्तं, सा प्रार्थिता साहाय्यं करोतीत्यादयोऽर्थाः "इमं मे वरुण श्रुधी हवमद्या च मृळय, त्वामवस्युराचके, त्वं विश्वस्य मेधिर दिवश्च ग्मश्च राजसि स यामनि प्रति श्रुधि" इत्यादिमन्त्रगणेभ्यः ऋषीणामभिमता एवाभवन्। एवंविधाभिप्रायस्य प्रायः प्रचारकाले प्रागेव पुरोहितैः श्रोत्रियैः किमपि वैलक्षण्यातिशायि प्राबल्यमालम्ब्यत।

अमीभिश्च प्रायः स्वार्थमात्रप्रवणैः सर्वमतसिद्धान्तविरुद्धमाचरितम् । दैवतायाः सान्निध्यं स्वयमनुभवन् मनुष्यः पुत्रो मातुरिवोपसर्पणाय भूयः स्पृहयतीति हि सर्वमतानां चेतनाधमनी । एते पुनः पुरोहिताः स्वसाहाय्यं विनान्यजनैर्यजनं दैवतानुग्रहसम्पादनं च न शक्यमिति प्रख्यापितवन्त । राज्ञामपि पुरोहितश्रोत्रियपुरोधानप्रवृत्तैवोत्कर्षो चाधिकृत्य वेदे । यथा, "स इत् क्षेति सुधित ओकसि स्वे, तस्मा इळा पिन्वते विश्वदानीं, तस्मै विशः स्वयमेव नमन्ते, यस्मिन् ब्रह्मा राजनि पूर्व एति । अप्रतीतो जयति सं धनानि, प्रतिजन्यान्युत या सजन्या अवस्यवे यो वरिवः कृणोति, ब्रह्मणे राजा तमवन्ति देवाः" इति ॥ पुरोधसां ब्राह्मणानामेतत् प्राधान्यं प्राथमिकश्रौतमन्त्रसङ्कलनात् प्रागेवात्र प्रतिष्ठामलभतेति प्रतिभाति । पुनः स्वोत्कर्षस्थापकमपि मन्त्रसमुदयं त एव कुलपरम्परया पर्यरक्षन् । पुरोहितकृतदेवताप्रार्थनाभिः समरे राजानो जयं प्रापुरित्येतत् "एवेन्नुकं दाशराज्ञे सुदासं प्रावदिन्द्रो ब्रह्मणा वो वसिष्ठाः", "विश्वामित्रस्य रक्षति, ब्रह्मेदं भारतं जनं" इत्यादिमन्त्रेभ्यः स्पष्टमनुमीयते । किं त्वेते जयादिप्रदा मन्त्रा नान्यैरुच्चारितव्याः, पुरोधस एव तदुपदेशाधिकारिणः, तदुच्चारणे स्वल्पीयोऽपि स्वरादिव्यत्यासजन्यं स्खलितं देवताकोपमुद्दीपयेदितीमे जनमनांसि बोधमजनयन् । एवमेते जनानामध्यापकाः सकलयजनादिकर्मनिर्वाहका राज्ञां मता मन्त्रिणश्चाभवन् । अत्यन्ततया विश्वासपात्रैः पृथग्जनैरिमे निग्रहानुग्रहशक्ता इति निर्णीतम् । प्राञ्चः पुरोहिता न केवलमनुग्रहं किं तु निग्रहमपि शापादिरूपं कुर्वन्त इत्येतद्वक्ष्यमाणमन्त्रेभ्यः स्फुटमवगम्यते । "न तद्दिवा न पृथिव्यानुमन्ये, न यज्ञेन नोतशमीभिराभिः, उब्जन्तु तं सुभ्वः पर्वतासो, निहीयतामतियाजस्य यष्टा । अतियाजो मरुतोमन्यते नो, ब्रह्म वा यः क्रियमाणं निनित्सात्, तपूंषि तस्मै वृजिनानि सन्तु, ब्रह्मद्विषमभि तं शोचतु द्यौः किमङ्ग त्वा ब्रह्मणः सोमगोपां किमङ्ग त्वाहुरभिशस्तिपां नः, किमङ्ग नः पश्यसि निद्यमानान्, ब्रह्मद्विषे तपुषिं हेतिमस्य" इति । किं त्वेते प्राचीनाचार्या न राजकीयाधिकाराय स्पृहयामासुः । शतपथब्राह्मणे ह्येवं दृश्यते "राज्ञ एव राजसूयं राजा वै राजसूयेनेष्ट्वा भवति न वै ब्राह्मणो राज्यायालमवरं वै राजसूयं परं वाजपेयं" इति । राज्यरक्षणानि तैः क्षत्रियत्राकृतानि; अथापि स्वीयं पुरोहिताधिकारमेते निपुणमगोपायन्त । राजन्यैर्ब्राह्मणानां वन्दनीयत्वस्याभ्युपगमात् पूर्वमेते परस्परं चिरमकलहायन्त । राजानः स्वयं मन्त्रद्रष्टारो वेदे दृश्यन्ते । तैरध्यगम्यत राजर्षित्वप्रतिष्ठा । गायत्र्यादिमन्त्रद्रष्टा क्षत्रियोऽपि राजर्षिर्विश्वामित्रो वसिष्ठेन बहुस्पर्द्धैस्तपोभिर्लब्धब्रह्मर्षिभावः प्रख्याततपोवीर्यैर्गुणैर्ब्राह्मणैरात्मान्वयतयाङ्गीकृतोऽभूत् । विदेहराजो ब्राह्मणेषु केषुचित् ब्राह्मणेभ्योऽपि ब्रह्मवित्तमः प्रदर्शितः; सोऽपि याज्ञवल्क्येन ब्रह्मात्मैक्यसिद्धान्तमध्यापितस्समेवमाह 'ददामि तुभ्यं भगवन् विदेहाननुसारमानं तव शिष्यतायै' इति ॥

(शिष्टमग्रे)

केरळवर्मा, सि. एस्. ऐ.

മംഗളോദയം

വരിസംഖ്യ
തപാൽകൂലി ഉൾപ്പെടെ

കൊല്ലത്തേക്കു മുൻകൂർ	ക 2-8-0
അറുമാസത്തേക്കു ,,	ക 1-8-0
ഒരു പ്രതിക്ക്	ക 0-4-0

വി. പി. കമ്മീഷൻ പുറമെ

പരസ്യക്കൂലി

വരി ഒന്നിന്	0-1-0

സ്ഥിരപരസ്യങ്ങൾക്ക പ്രത്യേകനിരക്കു നിശ്ചയിക്കപ്പെടും.

വരിസംഖ്യ ബാക്കി വെച്ചിട്ടുള്ളവർ, അവരവർ കുടിശ്ശിക സംഖ്യ ഉടനെ തീർത്തു തരേണ്ടതാണ്.

മാസികാസംബന്ധമായി വരിക്കാർ എഴുതുന്ന എഴുത്തുകളിൽ അവരവർക്കു വരുന്ന മാസികയുടെ മേൽവിലാസത്തിലുള്ള നമ്പരുകൂടി കുറിപ്പാൻ ഉടൻ മറുപടി അയപ്പാൻ എളുപ്പമുണ്ട്. മാസിക ക്രമമായി കിട്ടാതിരുന്നാൽ പതിനഞ്ചുദിവസത്തിനകം അറിവു തരേണ്ടതാകുന്നു.

മാനേജർ

മംഗളോദയം കമ്പനി

ക്ലിപ്ത, തൃശ്ശിവപേരൂർ

ഡയറക്ടർമാർ

1 രാജകീയശ്രീ കൊച്ചി 11-ാംകൂർ രാമവർമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ട്
2 ബ്രഹ്മശ്രീ എ. കെ. ടി. കെ. എം. കുഞ്ചുനാരായണൻ നമ്പൂതിരിപ്പാട് ചെയർമാൻ
3 ,, എ. കെ. ടി. കെ. എം. നാരായണൻ നമ്പൂതിരിപ്പാട് ,,
4 ,, വടക്കേടത്ത് ... നമ്പൂതിരിപ്പാട് ,,
5 ,, സി. ടി. ... നമ്പൂതിരിപ്പാട് ,,
6 ,, കുറൂർ ... നമ്പൂതിരിപ്പാട് ,,
7 ,, ടി. കെ. എം. ... ,,
8 ,, ... ,,
9 മി. ... ,,

മലയാളഭാഷാഭിവൃദ്ധിയേയും പൊതുജനയോഗക്ഷേമത്തേയും മുൻനിറുത്തി, ... ക വീതം ... ഷെയറിൽകൂടി ... ക മൂലധനമായി ഏർപ്പെടുത്തിയിട്ടുള്ളതാകുന്നു ഈ കമ്പനി. ഈ കമ്പനിയിലേക്ക വളരെ കാലമായി ഉണ്ടായിട്ടുള്ള ... മലയാളം ഇംഗ്ലീഷ്, സംസ്കൃതം, തമിഴ് മുതലായ ഭാഷകളിലും ... പുസ്തകങ്ങളിലുള്ള ... വ്യക്തിയാലും ... നടത്തിക്കൊണ്ടുപോരുന്നതാണ്.

ഉടമസ്ഥന്മാരിൽ ഒരാളായ ബ്രഹ്മശ്രീ എ. കെ. ടി. കെ. എം. ... നമ്പൂതിരിപ്പാടവർകളുടെ ... പ്രസിദ്ധം ചെയ്തിരുന്ന മംഗളോദയം മാസികയും കമ്പനിയിൽനിന്നും ഏറ്റെടുത്തിരിക്കുന്നു. ... ഈ മാസിക മേലിൽ പൂർവ്വാധികം ... ശ്രമം ചെയ്യുന്നതാണ്.

കമ്പനിവക ... ടി. കമ്പനി മാനേജർക്ക് ... അയച്ചുകൊടുക്കേണ്ടതാണ്. ... ബാക്കിയുള്ള ...

മാനേജർ

൧൦൮൯ കുംഭം

മംഗളോദയം

സാഹിത്യം മുതലായ
വിശിഷ്ടവിഷയങ്ങളെ പ്രതിപാദിക്കുന്ന
മാസപത്രിക

പുസ്തകം ൬
ലക്കം ൬

വിഷയങ്ങൾ

കേരളകല്പദ്രുമം അച്ചുക്കൂടം
മംഗളോദയം കമ്പനിക്കുവേണ്ടി
തൃശ്ശിവപേരൂർ.

വരിസംഖ്യ
൨—൮—൦

മംഗളോദയം

൧൦൮൭

പുസ്തകം ൫	കന്നിമാസം	ലക്കം ൨

മംഗളം

സമ്പത്തിന്നേറെനന്നായൊരുവഴിയെന്നത്രേ തോന്നീതൊഴിലുകളേറി
വമ്പത്തംചേർത്തുമന്നിൽത്തൊഴിലുകളുപലംഭിച്ചുമിത്രങ്ങളെല്ലാം
കമ്പത്തെക്കൈവെടിഞ്ഞീയടിയിലിയലുംഘോരപാപങ്ങൾനീങ്ങി
നിമ്പത്തിന്നായിമന്നിൽക്കരുണയൊടനുഗ്രഹിപ്പിച്ചിടട്ടെ.

അകലൂർ ശങ്കരൻനമ്പൂതിരിപ്പാട്.

തിരുവനന്തപുരം



ചന്ദ്രവംശരാജാക്കന്മാരുടെ രാജധാനിസ്ഥാനമായ ദില്ലീപട്ടണത്തിൽവെച്ചു ഭാരതചക്രവർത്തിയുടെ കിരീടധാരണമഹോത്സവം കൊണ്ടാടുന്നതിനു വേണ്ട ഒരുക്കങ്ങൾ തുടങ്ങിയതിനോടുകൂടി തിരുവിതാംകൂർ സംസ്ഥാനത്തിന്റെ തലസ്ഥാനത്തുവെച്ചു മുറജപവും ആരംഭിച്ചു. വഞ്ചിരാജവംശം ചന്ദ്രവംശപരമ്പരയിൽ സംബന്ധിച്ചതാണെന്നു പണ്ഡിതന്മാർക്ക് അഭിപ്രായമുള്ള സ്ഥിതിക്ക് ദില്ലിയിലും തിരുവനന്തപുരത്തും ഏക കാലത്തു ആഘോഷിക്കപ്പെട്ടിട്ടാണെങ്കിലും ആഘോഷങ്ങൾക്കു ഹേതുവായത് ഏകവസ്തുകമായിരിക്കുന്നു. കിരീടധാരണം പ്രമാണിച്ചു പ്രകൃതവശാൽ ദില്ലീനഗരിയുടെ പൂർവ്വചരിത്രവും തൽസംബന്ധമായ ഐതിഹ്യങ്ങളും അനേകം പ്രസംഗങ്ങൾക്കു വിഷയീഭവിച്ചിരിക്കുന്നു. 'ഋഷികന്യ പിന്നെയും ഋഷികന്യയാകുന്നു,' എന്നു പണ്ടത്തെ പറയുംപോലെ 'ഡൽഹി' വീണ്ടും ഭാരതവർഷത്തിന്റെ രാജധാനിയായി പരിണമിക്കയും ചെയ്തിരിക്കുന്നു. ഈ അവസരത്തിൽ വഞ്ചിരാജവംശരാജധാനിയായ തിരുവനന്തപുരത്തിന്റെ കഥ കേവലം അപ്രകൃതമോ നീരസമോ ആകയില്ലെന്നു വിശ്വസിക്കുന്നു.

വേദവ്യാസൻ മുതൽ ഏകദേശം ആധുനികന്മാരെന്നു വിചാരിക്കാവുന്ന [illegible], ജഗന്നാഥപണ്ഡിതൻ ഇത്യാദി കവിവരർ വരെയുള്ളവർ [illegible] തന്നെ വർണ്ണിച്ചിട്ടുണ്ട്.

'[illegible]
[illegible]
[illegible]
[illegible]'

ഇത്യാദി [illegible] കാണുക. ഈ [illegible] തിരുവനന്തപുരവും [illegible] അല്ല.

'[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]'

ഇത്യാദി ആധുനികസംസ്കൃതസൂക്തികൾക്കു പുറമേ ഭാഷാസാഹിത്യത്തിൽതന്നെ തിരുവനന്തപുരം വേണ്ടുവോളം പ്രതിഫലിച്ചിട്ടുണ്ട്. '[illegible]' [illegible] സന്ദേശത്തിൽ [illegible] ചന്ദ്രന്റെ ശ്ലോകങ്ങൾകൊണ്ടു [illegible] വർണ്ണിച്ചിട്ടുള്ളത് ഇതാണിതാനും സുപ്രസിദ്ധവും ആണല്ലോ. തിരുവനന്തപുരം [illegible] സ്വഭാവിച്ചു [illegible] വർണ്ണിച്ചിട്ടുള്ളതായിക്കാണുന്നു. എങ്ങനെയെന്നാൽ:—

'[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]'

ഇവിടെ [illegible] വർണ്ണിച്ചിട്ടുള്ളതു [illegible] ചിലർ [illegible]. [illegible] തിരുവനന്തപുരത്തു പാർത്തു അവിടെയുള്ള അനേകവിശേഷങ്ങളെക്കുറിച്ചു ശ്ലോകങ്ങൾ [illegible] ഉണ്ടാക്കിയിട്ടുണ്ട്.

'[illegible]
[illegible]
[illegible]
[illegible]'

എന്നും മറ്റുമുള്ള ശ്ലോകങ്ങൾ നോക്കുക.

കൊല്ലം 905 മുതൽ 933 വരെ നാടുവാണിരുന്ന മാർത്താണ്ഡവർമ്മ [illegible] അനിഴംതിരുനാൾ [illegible] കാലത്തു [illegible] കവികളും തിരുവനന്തപുരത്തു പാർത്തിരുന്നതായി പ്രത്യക്ഷപ്പെടുന്നു. ഈ കൂട്ടത്തിൽ [illegible] കുഞ്ചൻനമ്പിയാർ, [illegible], രാമപുരത്തുവാര്യർ മുതലായവർ.

'[illegible]' [illegible] രാമപുരത്തുവാര്യരുടെ [illegible] തിരുവനന്തപുരത്തെ വർണ്ണിച്ചുകൊണ്ടാണ്.

'[illegible]
[illegible] (
[illegible]
[illegible]
[illegible]
[illegible]' ([illegible]

എന്നു പാൎശ്വകൎത്താവായ കവി പറയുന്നു. ഒ
രായിരത്തിലും ഉദ്ദേശം സ്ഥലത്തെക്കായിരുന്ന ഒ
രാരായിരത്തെപ്പറ്റി,

'മാൎത്താണ്ഡമഹീപതീന്ദ്രൻവെടുത
ന്ന ഇരിക്കുന്ന മഹാലോകമെന്നതായാലിവ
ളുടെയെന്നൊ' എന്നും പ്രശംസിക്കുന്നു. ന
മ്പിയാരുടെ തുള്ളൽപ്പാട്ടുകളുടെ കൂട്ടത്തിൽ
പ്രദോഷമാഹാത്മ്യം, രുക്മിണീസ്വയംവരം,
സഭാപ്രവേശം, ഘോഷയാത്ര, ഹരിണീസ്വയംവരം,
കിൎമ്മീരവധം മുതലായി അനേകമുള്ള
തിൽ തിരുവനന്തപുരത്തു വെച്ചു മഹാരാജാ
വിന്റെയും മന്ത്രിമാരുടെയും പ്രോത്സാഹ
നത്താൽ എഴുതിയിട്ടുള്ളതായി അവ
യിൽനിന്നു കാണുന്നു.

'പാൎത്താലുള്ളിലനന്തമാൎത്താണ്ഡക്ഷിതി
(ന്ദ്രന്റെ
മാൎത്താണ്ഡവൎമ്മവരരെല്ലാംമാൎത്താണ്ഡനന്ദിപ്പൂ
എൻ കൃഷ്ണഗീതയിലും (ഉം.'
'ചന്ദ്രാംശുകുലോത്തമൻ കലശേഖരന്റെപ്പുത
(രാജ്യം
മടിയിലകിയവനിനകളുമേലിരുന്നിനാരുയം
(പരമാത്മാവെ
സമിതാവിലധൎമ്മകൎമ്മസ്വാമിയലാത്തു ത
(ചെമ്പകശ്ശേരി
സകലദിക്കുകലശലമിലേമോരാമരാമായനു
(വൃന്ദാവൻ
വിക്രമാതിശയത്തിൽകൊണ്ടടിമപ്പാതിരാജ്യ
(മങ്ങനെ
ആക്രമിച്ചുമനകവൈപരിപാലനായമരോ
(സവം
ശത്രുവാകസമന്തമാക്കിവരുത്തിവാണരുളി
(ടിനാൻ
ഐശ്വൎയ്യമഹാപ്രതാപവാരിധിമ്മയ്യന്നിധി
(ചാരുതാം.'

എന്നു സമരപ്രബന്ധത്തിലും പറഞ്ഞിരിക്കു
ന്നതുകൊണ്ട് അക്കാലത്തെ സമ്പൂൎണ്ണമായ

ളായ തെക്കുംകൂർ, വടക്കുംകൂർ, ദേശിങ്ങനാ
ട്, ചെമ്പകശ്ശേരി മുതലായവയെ മഹാ
രാജാവ് ആക്രമിച്ച സംഗതിയും സമൎത്ഥ
ന്മാരായ എട്ടുവീട്ടിൽ പിള്ളമാർ മാടമ്പിമാർ
ഇവരുടെ സമാപ്തി വരുത്തിയതും മറ്റും ന
മ്പിയാർ ഭംഗിയായി സൂചിപ്പിക്കുന്നു. ശു
കസന്ദേശകൎത്താവായ ലക്ഷ്മീദാസൻനമ്പൂ
രിയുടെ വൎണ്ണനയിലും തിരുവനന്തപുരം ല
ക്ഷീകരിച്ചിട്ടുള്ളതായി കാണുന്നു. മധ്വാചാ
ൎയ്യനും അനന്തരെ ശ്രേഷ്ഠമാരമാദ്ധ്യസ്ഥനാ
യിരുന്ന ശങ്കരാചാൎയ്യനും തമ്മിൽ തിരുവ
നന്തപുരത്തു വാദപ്രതിവാദങ്ങൾ നടന്നി
രുന്നതായും അതിൽ മധ്വാചാൎയ്യർ ശങ്കരാ
ചാൎയ്യരെ വിജയിപ്പിച്ചിട്ടുള്ളതായും വി
ദ്വാന്മാർ പറയുന്നു.

തിരുവിതാംകൂർസംസ്ഥാനത്തിന്റെ
ആദിമരാജധാനികൾ ശ്രീവാഴുംകോടും
ശ്രീപത്മനാഭപുരവും ആയിരുന്നു. ശ്രീവാഴും
കോട് എന്നാൽ ഇപ്പോഴത്തെ തിരുവാം
കോട് എന്ന പട്ടണവും ശ്രീപത്മനാഭപുരം
പത്മനാഭപുരവും ആകുന്നു. ഇവയുടെ പ്രാ
ധാന്യം കുറഞ്ഞതിൽപിന്നെയാണ തിരു
വനന്തപുരം രാജധാനിയായിത്തീൎന്നത്. അ
ന്നത്തെതിരുവിതാംകൂർരാജ്യം തന്നെ ചി
റയിൻകീഴിനു തെക്കുവശം മാത്രമായിരുന്ന
തും പ്രസ്താവയോഗ്യമാകുന്നു. തിരുവിതാം
കോട്ടുകാർ പഴയ കാലത്തു പടിഞ്ഞാറെ
കൊല്ലം രാജ്യത്ത് അടുത്തുള്ള ദേശിങ്ങനാട്ടാ
യിരുന്നു. കൊല്ലത്തു ജയസിംഹൻ എന്ന
പേരായി ഒരു ചോളരാജാവ് ആധിപത്യം വ
ഹിച്ചിരുന്നു. അതിനാലത്രേ കൊല്ലത്തിനു ജയ
സിംഹനാട് അഥവാ ദേശിങ്ങനാട് എന്ന
പേരു സിദ്ധിച്ചത്. കൊല്ലത്തും തിരുവന
ന്തപുരത്തും ഒരു കാലത്തു ചോളരാജാക്ക
ന്മാർ ആധിപത്യം നടത്തിയിരുന്നതായി
കന്യാകുമാരി മുതലായ ക്ഷേത്രങ്ങളിലെ ശി

ലാലിഖിതങ്ങൾകൊണ്ടു തെളിയിക്കപ്പെട്ടിരിക്കുന്നു. മാർത്താണ്ഡവർമ്മമഹാരാജാവിന്റെ മുമ്പുള്ള തിരുവിതാംകൂർചരിത്രം അവ്യക്തവും അനുമാനഗോചരവും ആണെങ്കിലും ആ മഹാരാജാവിനു മുമ്പും വഞ്ചിരാജവംശം തിരുവനന്തപുരത്തു തന്നെ പാർത്തിരുന്നു. കൊല്ലവർഷം 800-ാമാണ്ടിനു മുമ്പു ഇട[illegible] ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ കോയ്മ എട്ടരയോഗത്തിലേയ്ക്കു കിട്ടിയിട്ടുള്ളതായും നാട്ടിലെ പ്രാധാന്യം എട്ടുവീട്ടിൽ പിള്ളമാർക്കു ലഭിച്ചിട്ടുണ്ടായിരുന്നതായും കാണുന്നു. എട്ടരയോഗമെന്നാൽ ക്ഷേത്രാധികാരികളായ എട്ടുപോറ്റിമാരുടേയും വേണാട്ടധിപതിയുടേയും യോഗമെന്നർത്ഥമാകുന്നു. ഇതിൽ രാജാവു അരയോഗക്കാരൻമാത്രമേ ആയിരുന്നുള്ളു. 800-ാമാണ്ടിനു രാജാവായിരുന്ന ആദിത്യവർമ്മമഹാരാജാവിന്റെ കാലത്തു പത്മനാഭസ്വാമിക്കോവിൽ നടത്തുന്നതായിരുന്ന രാജ്യോദ്യമത്തിൽ പോറ്റിമാരുടേയും മാടമ്പിസ്വാധീനത്താൽ തീ വെച്ചുമുടിക്കുന്ന രാജകൊട്ടാരം കിള്ളിയാറ്റിന്റെ സമീപമുള്ള പുത്തൻകോട്ട എന്ന സ്ഥലത്തു മാറ്റിപ്പാർക്കയും അവിടെവെച്ചു ആദിത്യവർമ്മരാജാവിനെ പോറ്റിമാർ ചതിച്ചു വിഷം കൊടുത്തു പായപ്പെടുത്തുകയും ചെയ്തു. അനന്തരം രാജകുടുംബത്തിൽ ഉമയമ്മറാണിയും അവരുടെ ആറുകുട്ടികളും മാത്രമേ അവശേഷിച്ചിരുന്നുള്ളു. 852-ാമാണ്ട് ഉമയമ്മറാണിയുടെ രാജ്യഭാരം തുടങ്ങി. അവരുടേയും വാസസ്ഥലം പുത്തൻകോട്ടയിലായിരുന്നു. ആ കാലത്താണ റാണിയുടെ അഞ്ചുകുട്ടികളെ ശത്രുക്കൾ ചതിയായി ആക്രമിച്ചു കല്ലിപ്പാലകുളത്തിൽ കൊണ്ടുപോയിമുക്കിക്കൊന്നത്. ചതിയൻ പോറ്റിമാരുടേയും മാടമ്പിമാരുടേയും സ്വാതന്ത്ര്യം അധികം നാൾ നിലനിന്നില്ല. കി[illegible]ങ്ങളിലെ [illegible] സംഭവിച്ചു ശേഷം റാണി നെടുമങ്ങാട്ടേയ്ക്കു മാറിതാമസിച്ചു. ആ വേളയിൽ 856-ാമാണ്ടു മഹ[illegible]ത്തിന്റെ നായകരായ മുഗളന്മാർ ആക്രമിച്ചു. യോഗക്കാരും അവരുടെ പക്ഷക്കാരും പലായനപരായണന്മാരായി പലിഞ്ഞു. മുഗളന്മാർ ഇടവാവരെയുള്ള ദേശത്തെ സ്വാധീനപ്പെടുത്തി. മഹാറാണിയുടെ അധികാരം തിരുവനന്തപുരത്തുമാത്രം വളരെ വിധത്തിൽ ചുരുങ്ങിപ്പോയിരുന്നു. സ്ത്രീകൾക്കു ശത്രുക്കളായും പല്ലക്കുകളും മറ്റും മുഗളന്മാർ നടപ്പാക്കിയ പരിഷ്കാരങ്ങളാണ്. മുഗളന്മാർ കേരളവർമ്മരാജാവിനാൽ പരാജിതന്മാരായി നാടുവിട്ടുപോയി. അതിനുശേഷമാകുന്നു മാർത്താണ്ഡവർമ്മമഹാരാജാവിന്റെ രാജ്യഭാരവും ആധുനികതിരുവിതാംകൂറിന്റെ ഉത്ഭവവും ആരംഭിച്ചത്. ആ ചരിത്രം പ്രസിദ്ധമാകയാൽ ഇവിടെ പ്രതിപാദിക്കണമെന്നു വിചാരിക്കുന്നില്ല.

തിരുവനന്തപുരത്തിന്റെ രാജകീയമഹത്ത്വം ഗണ്യമല്ല. പുറമെ മറ്റുചില വിശേഷമായി അനന്തശയനമെന്ന മാഹാത്മ്യഭൂമിയുമാകുന്നു. ശ്രീപത്മനാഭപ്രതിഷ്ഠ ഏതുകാലത്തിൽ ആരാൽ നടന്നു എന്നറിവാൻ മാർഗ്ഗം കാണുന്നില്ല. കൊല്ലം 225-ാമാണ്ടു ചെല്ലൂരി ക്ഷേത്രം നിർമ്മിച്ചതാണെന്നു കഴിച്ചിട്ടുള്ളതായി ശിലാലിഖിതങ്ങളിൽ കാണുന്നു. ശ്രീപത്മനാഭക്ഷേത്രം ഗോകർണ്ണക്ഷേത്രം മുതലായവയെപ്പോലെ പ്രാചീനമല്ലെന്നു മഹാഭാരതത്തിൽ ബലഭദ്രതീർത്ഥയാത്രയിൽ

"ചിത്രാംഗദാമഥകരാ
ഗോകർണ്ണമിതിരാഗത:"

എന്നു കാണുന്നതുകൊണ്ടും തിരുവനന്തപുരത്തെപ്പറ്റി യാതൊന്നും പറഞ്ഞു കാണാത്തതുകൊണ്ടും ഊഹിക്കാമെന്നു [illegible]

ന്നതു. വരാഹപുരാണത്തിലും തിരുവനന്തപുരം വർണ്ണിക്കപ്പെട്ടിട്ടുണ്ട്. വരാഹപുരാണം [illegible]-ാമദ്ധ്യായത്തിൽ

'സ്യാനന്തശയനേ വിപ്രാഃ
ശ്രീമദ്ഗ്രാമ്യേ പദ്മകേ
ഉത്തരേ തു സമുദ്രസ്യ
മലയസ്യ തു ദക്ഷിണേ
തത്ര തിഷ്ഠതി വസുധേ
മൂർത്തിഃ പീഠശിലാശ്രിതഃ.'

ഇങ്ങനെ തുടങ്ങുന്ന വർണ്ണന കാണുക. ഇതിൽ സുവർണ്ണപത്മം, സമുദ്രമദ്ധ്യസ്ഥിതമായ മഹാവൃക്ഷം, ചക്രാങ്കിതമായ മഹാമത്സ്യം മുതലായി അനേകസംഗതികൾ തിരുവനന്തപുരത്തുള്ളതായി വർണ്ണിക്കപ്പെട്ടിരിക്കുന്നുവെങ്കിലും അനന്തശയനത്തെപ്പററി യാതൊന്നും പറയുന്നില്ലെന്നതാണാശ്ചര്യം. തിരുവനന്തപുരത്തിനു ഭാഗ്യമോ എന്ന നാമാന്തരം പ്രയോഗിച്ചിട്ടുള്ളതായി കാണുകയും ചെയ്യുന്നു. ഇതുകൊണ്ടും അനന്തശയനപ്രതിഷ്ഠ വളരെ പ്രാചീനമല്ലെന്നു തെളിയുന്നു. സർ, ടി. മാധവരായർ മുതൽപേരുടെ ഉത്സാഹത്തിന്മേൽ അച്ചടിപ്പിച്ചിട്ടുള്ള അനന്തശയനമാഹാത്മ്യമെന്ന ഗ്രന്ഥത്തിൽ അനന്തശയനപ്രതിഷ്ഠയുടെ ഉല്പത്തി താഴെ പ്രസ്താവിക്കുന്നവിധം പറഞ്ഞിരിക്കുന്നു. ഭാർഗ്ഗവക്ഷേത്രത്തിൽ പണ്ടു അനേകം മഹർഷിമാരും സന്ന്യാസിമാരും വന്നുചേർന്നു ഭഗവൽധ്യാനപരായണന്മാരായി വസിച്ചുവന്നു. ആ കൂട്ടത്തിൽ ദിവാകരൻ എന്ന പേരായി ഇരുന്നുകൊണ്ടായി ഒരു മഹാതേജസ്വിയായ ബ്രാഹ്മണൻകൂടിയുണ്ടായിരുന്നു. ഭഗവാനെ പ്രത്യക്ഷീകരിപ്പാൻ അച്ചുനാളികൾ യോഗി തപസ്സിരുന്നപ്പോൾ ഒരു ദിവസം

'സർവ്വലക്ഷണസമ്പന്നഃ
കോമളാംഗോതിസുന്ദരഃ
മധുരഃ കളഭാഷീ ച
സ്മിതവക്ത്രോജ്ജ്വലോചനഃ
ഘനശ്യാമഃ പല്ലവാംഘ്രി
മധുരാധരശോഭിതഃ.'

ഇങ്ങനെ ഒരു ബാലൻ വിപ്രേന്ദ്രന്റെ അടുക്കൽ വന്നു. അതികോമളനായ ബാലന്റെ ദിവ്യസുന്ദരമായ ആകൃതിയുടെ ആകർഷണത്തിനാൽ യോഗി പരവശനായി ഭവിച്ചു. ബാലനെ ലാളനം ചെയ്തു ദിവാകരൻ വശീകരിച്ചും സ്വയം വശീഭവിച്ചും വസിച്ചുവരുമ്പോൾ ഒരു ദിവസം പൂജാമദ്ധ്യേ പ്രസ്തുതബാലൻ സാളഗ്രാമം എടുത്തു എറിഞ്ഞുകളഞ്ഞതിനാൽ യോഗി ഏറെ കോപിതനായി പറയാൻ തുടങ്ങിയതിൽവെച്ചു നീരസപ്പെട്ടു കുട്ടി ക്ഷേത്രത്തെ വിട്ടുപിരിഞ്ഞു പുറപ്പെട്ടു. ബാലന്റെ വിയോഗവേദന സഹിക്കവഹിയാതെ ദിവാകരൻ സാന്ത്വനവചനങ്ങളും പറഞ്ഞുകൊണ്ടു പിന്നാലെ ചെന്നുവെങ്കിലും ആ വക ശ്രമങ്ങളെ അനാദരിച്ചു കുട്ടി ഒരു വലിയ വൃക്ഷത്തിന്റെ പോടിൽ കയറി ഒളിച്ചുകളഞ്ഞു. ഖിന്നനായ ദിവാകരൻ പിന്നെ വിലപിച്ചും സ്തുതിച്ചും വളരെ ഒക്കെ പറകയുണ്ടായി. അനന്തരം ആ വൃക്ഷം തകർന്നു വീണു. യതിയാവട്ടെ കണ്ണടച്ചിരുന്നു ധ്യാനിച്ചു. കണ്ണു തുറന്നു നോക്കിയപ്പോൾ മഹാവൃക്ഷം സാക്ഷാൽ മഹാവിഷ്ണുതന്നെയായി പ്രത്യക്ഷീഭവിച്ചു.

'ത്രിയോജനോച്ഛ്രിതാകാര-
ശ്ശയാനശ്ശംഖചക്രധൃക്
ശേഷാശനാഭ്യുദിതഃ
സകിരീടശിരോഭ്യസി
ചക്രതീർത്ഥം രോമതീർത്ഥം
സ്ഥിതിസ്തു ഗുപ്തയസ്യ ച.'

ഇപ്രകാരം വിശ്വരൂപിയായ ഭഗവദ്രൂപം ദിവാകരയതിയുടെ പ്രാർത്ഥനാനുരൂപമായി അദ്ദേഹത്തിന്റെ അച്ചുനാളു തികഞ്ഞതായ

ഗ്രാമസ്വരൂപത്തെ പ്രാപിച്ചു. അനന്തരം വരം വരിക്കുന്നതിന്ന് അനുജ്ഞ ലഭിച്ച ദിവാകരൻ അനന്തരൂപത്തിൽ ഭഗവാനെ തനിക്കു പൂജിക്കണമെന്നു പറകയാൽ അദ്ദേഹം തന്നെ അനന്തരൂപത്തിൽ പ്രതിഷ്ഠിച്ചു അർച്ചിച്ചുകൊള്ളുവാൻ അനുവദിച്ചും ദിവാകരൻ തുളുനാടനാകയാൽ തുളുനാട്ടുകാർക്കുതന്നെ ഇക്കാലം അനന്തശയനത്തിൽ ഭഗവൽപൂജയ്ക്ക് അധികാരമിരിക്കുന്നു എന്നരുളിച്ചെയ്തും

> 'നാസ്ത്യമൊച്ചകാന്യത്ര
> തൌളവാഗ്വേദവൽപ്രിയാഃ
> തുളുവാദ്യൈരേവാർച്ചിതോഹംവൈ
> മൂർത്തിമന്തൌദേവിതു
> മാതൃസേവകാനാം
> സ്വധാമോക്ഷതിമോസ്തിച'

എന്നു വരം കൊടുത്തും ഭഗവാൻ അന്തർദ്ധാനംചെയ്തു.

ഇങ്ങനെയാകുന്നു അനന്തശയനപ്രതിഷ്ഠ ഉണ്ടായതെന്നു പൌരാണികന്മാർ പറയുന്നു. തിരുവനന്തപുരത്തു പൂജാധികാരികൾ മുമ്പിനാലെ പോറ്റിമാരാണെന്നുള്ളതു വാസ്തവംതന്നെ. തിരുവനന്തപുരത്തുള്ള ക്ഷേത്രം ഇപ്പോൾകാണുന്ന സ്ഥിതിയിൽ ആദ്യം ആക്കിയതു മാർത്താണ്ഡവർമ്മമഹാരാജാവാണെന്നുള്ള സംഗതി മുമ്പുതന്നെ പ്രസ്താവിച്ചുവല്ലോ. പ്രസിദ്ധമായ ഒററക്കല്ലുമണ്ഡപം തിരുമലക്കുന്നിൽനിന്നും കൊടിമരത്തിനുള്ള തടി കളച്ചൽ എന്ന സ്ഥലത്തുനിന്നും കൊണ്ടുവന്നിട്ടുള്ളതാകുന്നു. ഗോപുരത്തിന്റെ പണി രാമവർമ്മമഹാരാജാവിന്റെ കാലത്താണ സമാപ്തമായത്. ശീവേലിപ്പുരയും മാർത്താണ്ഡവർമ്മമഹാരാജാവിന്റെ കാലത്തുതന്നെ ഉണ്ടാക്കിയതാണ്. പണ്ടു തിരുവനന്തപുരം കോട്ട വെറും മണ്ണുകൊണ്ടായിരുന്നു. മാററി കല്ലുകൊണ്ടു കെട്ടിയതും അദ്ദേഹംതന്നെയാണ്. ഇവയെ എല്ലാം പററി

> 'ഒററക്കല്ലിങ്ങൊടിവന്നമുഖമണ്ഡപംചെയ്വിച്ചു
> മൊരൊന്നിതിൽപലംനൂറ്ക്കായതകൊണ്ടേ
> (മരി
> കറമാതിരികളെപ്പുതുക്കെത്തുറവുംതില-
> മുറത്തുള്ളമണ്ഡപവുമമ്പലംനാലും (ശ
> ചുററിനകത്തുംപുറത്തുംശാലിശിലകളുംഭ
> ഗോപുരവേദികയുംപൊന്നിൻകൊടിമരവും
> ആരാത്തിലനന്തരിമതംചെപ്പാക്കിക്കളഞ്ഞൂതാ
> (തപീഠം
> പററിയോരപക്ഷികോട്ടപലിപ്പുരവും (രജ
> ഭദ്രദീപശിലയാനിർമ്മിതമാംശീവേലിപ്പു
> ഇത്ഥമാദിമാനാനാമഠങ്ങളും.'

എന്നു രാമപുരത്തു വാര്യർ വർണ്ണിക്കുന്നു.

പത്മനാഭപ്രതിഷ്ഠയെപ്പററിയുള്ള ഐതിഹ്യങ്ങൾ മിസ്റ്റർ നാഗമയ്യാ എഴുതിയ 'സ്റ്റേറ്റ് മാന്വൽ' എന്ന ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. തിരുവനന്തപുരത്തിന്റെ പണ്ടുള്ള പേര് അനന്തൻകാട് എന്നാകയായിരുന്നുവത്രെ. പട്ടണത്തിന്റെ ഒരു ഭാഗത്തിനു ഇപ്പോൾ അനന്തൻകോട് എന്നു പേര കാണുന്നതു പഴയ പേരിന്റെ ഉച്ഛിഷ്ടമാണെന്നു ചിലർ പറയുന്നു. ഒരു കാലത്തു പ്രസ്തുത ദേശം അധികഭാഗവും കാടായിരുന്നിരിക്കാൻ വഴിയുണ്ട്. തിരുവനന്തപുരത്തു പൂർവ്വകാലം മുതൽ സ്ഥിരപ്രതിഷ്ഠിച്ചിട്ടുള്ള കുടുംബങ്ങൾ തന്നെ ചുരുക്കം. രാജധാനി എന്ന അവസ്ഥകൊണ്ടു പല നാട്ടിൽനിന്നും പല കുടുംബക്കാരെ പട്ടണം ആകർഷിച്ചിട്ടുള്ളതായി കാണുന്നു. ടിപ്പുവിന്റെ പടയോട്ടക്കാലത്തു ഉത്തരകേരളത്തിൽനിന്നു തിരുവനന്തപുരത്ത് അഭയം പ്രാപിച്ച അനേകകുടുംബങ്ങൾ ഇപ്പോഴുമുണ്ട്. തിരുവനന്തപുരത്തിന്റെ ഇപ്പോ

ത്തെ പ്രശസ്തിയുള്ള ദൃശ്യകാവ്യങ്ങളും കാഴ്ച ബംഗ്ലാവ്, വങ്കത്രബംഗ്ലാവ്, ഒന്നാംഗ്രേഡ്‌കാളേജ്, ലാകാളേജ്, ബാലികാപാഠശാലകൾ, ഹൈക്കോർട്ടു ഇത്യാദികളാണ്. എല്ലാംകൊണ്ടും സൗന്ദര്യശാലിയായി പശ്ചിമാംബോധിയിൽ പ്രതിഫലിതയായിക്കാണുന്നതാണ തിരുവനന്തപുരമെന്ന മനുഷ്യസമാജത്തിലെ ഉൽപ്രേക്ഷണം ഏറ്റവും ഉചിതമാകുന്നു. 'പത്മനാഭന്റെ പുരിപോറ്റിട്ടു പിറന്നൊരായ പുത്രിയെന്നപോലേ പരിലസിച്ചീടുന്നു' എന്ന വാക്കും വസ്തുതയോളം യുക്തമായിരിക്കുന്നു. മാർത്താണ്ഡവർമ്മമഹാരാജാവു തിരുവിതാംകൂർ രാജ്യം ശ്രീപത്മനാഭസ്വാമിക്കു തൃപ്പടിദാനമായി കൊടുത്തിട്ടുള്ളതാകയാൽ പത്മനാഭസ്വാമിയെ ഒരു പരിയ ഭക്തിയോടും പരിപാലിക്കേണ്ടിയിരിക്കുന്നു.

> 'പ്രപഞ്ചസ്രഷ്ടാവു ലയം ചമച്ചി-
> ട്ടതിൽ പ്രവേശിച്ചതുപോലെ ദേവൻ
> സ്വപാദമൂലാശ്രിതലോകപാല
> പ്രപാലിതാത്മാവു കനാശ്രയാമേ.'

എന്ന പ്രാർത്ഥനയോടുകൂടി ഈ ചെറിയ പ്രസംഗത്തെ ഉപസംഹരിക്കുന്നു.

പി. കെ. നാരായണപിള്ള, ബി. ഏ., ബി. എൽ.

പാശ്ചാത്യദർശനം

(സാക്രട്ടീസ്സിനു മുമ്പ്)

ദർശനം എന്നതിനു തത്വശാസ്ത്രമൊന്നും എന്നാണു പ്രസിദ്ധമായ അർത്ഥം. എന്നാൽ, ഈ വാക്കിന്റെ ശരിയായ അർത്ഥമിപ്പോൾ താൽപര്യം കാട്ട് എന്നാകുന്നു. പാശ്ചാത്യത്തിൽ 'കാട്ട്' എന്നതാണ 'തത്വജ്ഞാനസമ്പ്രദായ'മായി രൂപിണമിച്ചതെന്ന് ചരിത്രത്തിൽനിന്നു തെളിയുന്നുണ്ട്. ഇന്ത്യാരാജ്യത്തിലെ പഴമക്കാരായ ഋഷീശ്വരന്മാർ ലോകബന്ധത്തിൽ നിന്നു വിരമിച്ചു, വനങ്ങളിലും ഗുഹകളിലും ഇരുന്നു, ധ്യാനനിരോധം ചെയ്തു അനേകനാൾ കൊണ്ടു കണ്ടുപിടിച്ച തത്വജ്ഞാനത്തിലുമുള്ള ഇന്നത്തെ തത്വശാസ്ത്രം അതിപ്രാചീനമായ ആ കാലത്ത്, ഇന്ത്യയും പാശ്ചാത്യമായിട്ട് ആവർ കണ്ടെത്തിയ 'കാട്ട്' കൊണ്ടാണ്, ഈജിപ്തുകാർ ജ്ഞാനത്തിന്റെ ഉത്ഭവസ്ഥാനം പടിഞ്ഞാറൻനാട്ടിലെ കല്ലിൽപ്രദേശമല്ല, കിഴക്കൻകരയിലെ പർവ്വതനിരകളാണെന്നു വിശ്വസിക്കുവാനിടയായത്. എന്നാൽ കിഴക്കുനിന്നുദിച്ചു സൂര്യൻ പടിഞ്ഞാറു പോയി അസ്തമിക്കുന്നതുപോലെ, കാലക്രമത്തിൽ കിഴക്കൻകാറ്റു അടിച്ചുതുടങ്ങിയ ഉണർച്ചയിൽ പടിഞ്ഞാറൻനാട്ടിലെ പണ്ഡിതന്മാർ കണ്ണു തുറന്നു നോക്കിയപ്പോൾ കണ്ട കാട്ടാണ് 'പാശ്ചാത്യദർശനം' ആയിത്തീർന്നത്. ഇന്ത്യയിലെ തത്വജ്ഞാനികൾ ഗുഹകളിലിരുന്നാണ് മനോനാട്ടിൽ പരതിയതെങ്കിൽ പാശ്ചാത്യരാജ്യത്തിലെ ജ്ഞാനികൾ തെരുവീഥികളിൽ നിന്നാണ് ഉപദേശിച്ചതെന്നൊരു വ്യത്യാസമുണ്ട്. എന്തായാലും, ഈ വ

ശിക്ക് ഇപ്പോഴത്തെ ലോകത്തിലുള്ള ഉൽക്കൎഷത്തിന്നു പൌരസ്ത്യരെന്നും പാശ്ചാത്യരെന്നും രണ്ടു വലിയ വിഭാഗങ്ങളായി വന്നുചേൎന്നു. അതിൽ പൌരസ്ത്യദൎശനം വളരെ വിഭാഗങ്ങളായും അവാന്തരഭേദങ്ങളോടുകൂടി ശാഖോപശാഖകളായി പടൎന്നുപിടിച്ചു, ഇപ്പോൾ ഉൾക്കൂടിയ ഒരു കാടായിരിക്കുന്നതിനാൽ അതിനുള്ളിൽ കടക്കുവാൻ വലിയ കരുത്തും ആയുധസാമഗ്രിയും ഉള്ളവൎക്കേ സാധിക്കയുള്ളു. പാശ്ചാത്യദൎശനവും അനേകം വഴികളായി പിരിഞ്ഞിട്ടുണ്ടെങ്കിലും അതിന്റെ ശാഖകൾ പടൎന്ന ലതാപ്രായമായ ഒരു വള്ളിക്കുടിലുമാത്രമാകയാൽ ചുരുങ്ങിയ മട്ടിൽ അതിലൊന്നു കടന്നു നോക്കട്ടെ.

ഏകദേശം മൂവായിരം വൎഷത്തിനു മുമ്പു പാശ്ചാത്യലോകം അതിന്റെ ദീൎഘനിദ്രയിൽനിന്ന് ഉണൎന്നിരുന്നില്ല. അതിന്നു ശേഷമാണ് അവരിൽ ചില തത്വശാസ്ത്രജ്ഞന്മാർ ഉത്ഭവിച്ചത്. ആദ്യം ഇവ്വിഷയമായിപ്പരിശ്രമിപ്പാൻ തുടങ്ങിയവർ കിഴക്കൻ ഗ്രീക്കുകാരാകുന്നു. അതിനാൽ പാശ്ചാത്യദൎശനത്തിനു ഗ്രീക്കുകാലമെന്നും, പിന്നീടു റോമർകാരുടെ പരിഗ്രഹം നിമിത്തം റോമർകാലമെന്നും, അടുത്ത കാലത്ത് ആധുനികന്മാരുടെ വഴിക്ക് ആധുനികകാലമെന്നും മുഖ്യമായി മൂന്നു വിഭാഗങ്ങൾ ഉണ്ടായിത്തീൎന്നു. ഗ്രീക്കുകാരിൽ കവിപാദന്മാരുടെ കാലത്തിനിപ്പുറം സാക്രട്ടീസ്സ് എന്ന മഹാൻ ഉത്ഭവിച്ചു. ആ വഴിക്കു ഗ്രീക്കുകാലത്തിൽതന്നെ സാക്രട്ടീസ്സിനു മുമ്പെന്നും, സാക്രട്ടീസ്സിന്റെ കാലമെന്നും, അതിന്നു പിമ്പിലെന്നും മൂന്നു വിഭാഗം വേണ്ടിവന്നു. ഈ വിഭാഗം ദൎശനത്തിനു മാത്രമല്ല എല്ലാ പാശ്ചാത്യവിജ്ഞാനത്തിന്നും സംബന്ധിക്കുന്നതാകുന്നു.

ഇതിൽ ആദ്യത്തെ വിഭാഗത്തെ എടുത്തു നോക്കുമ്പോൾ, പാശ്ചാത്യരിൽ കിഴക്കൻ ഗ്രീക്കുകാരാണ് ഒന്നാമത്തെ താത്വികന്മാരെന്നു കാണാം. അവരിലെ 'മിലേഷ്യസ്' എന്ന ദിക്കിൽ 'തെയിൽസ്' എന്നൊരാളുണ്ടായിരുന്നു. ആ വിദ്വാൻ ഗ്രീക്കിലെ ഏഴു ബുദ്ധിമാന്മാരിൽ ഒരാളായി ഗണിക്കപ്പെട്ടു വരുന്നു. അദ്ദേഹം, എല്ലാ വസ്തുക്കളുടെയും പ്രകൃതി എന്തായിരിക്കുന്നു എന്നു നിരൂപണം ചെയ്തു. അതിന്റെ ഫലമായിട്ടു ജലമാണ് ആ പ്രകൃതി എന്നു തീൎച്ചപ്പെടുത്തി.[1] അദ്ദേഹത്തിന്റെ പക്ഷത്തിൽ, ഭൂമി വെള്ളത്തിന്റെ മീതെ പൊങ്ങിയ വിധത്തിലാണ് നില്ക്കുന്നത്. ഇതിന്നു ജലപ്രകൃതിപക്ഷം ഉത്ഭവിച്ചപ്പോഴത്തെ മിലേഷ്യസ്സിൽതന്നെ 'അനാക്സിമണ്ടർ' എന്നൊരു വിദ്വാൻ ജനിച്ചു. അദ്ദേഹം സിദ്ധാന്തിച്ചതു, നിയതഗുണമായ ജലാദിപദാൎത്ഥത്തിൽനിന്നല്ല നിൎഗ്ഗുണമായ ഒരു അനന്തതത്വത്തിൽനിന്നാണ് ഈ ലോകത്തിന്റെ ഉത്പത്തി എന്നു വിചാരിക്കേൻ പാടിയുള്ളതാണ്. അനിയതവും അനേകവും ആയ ഗുണങ്ങളോടുകൂടിയ ഒരു അവ്യക്തവസ്തു ഉണ്ടെന്നും, അതിൽ നിന്നാണ് ശീതോഷ്ണാദികൾ ഉണ്ടായതെന്നുമാണ് ആ മതത്തിന്റെ അഭിപ്രായം.[2] ഉൽപത്തിസ്ഥാനമായ ഈ അവ്യക്തത്തിൽതന്നെ എല്ലാം പിന്നീടു ലയിക്കയാണ്. ഇതിനു, അനാക്സിമണ്ടരുടെ അവ്യക്തമി

---

1 ഈ സിദ്ധാന്തം ഉപനിഷത്തിലുള്ള ആപശ്ശാസ്ത്രീയ പ്രക്രിയ അനുസരിച്ചിരിക്കുന്നു.

2 ഈ പക്ഷവും സാംഖ്യന്മാരുടെ മതത്തിന്നു ഭാഗങ്ങളിൽ സമമായിരിക്കുന്നു. അവ്യക്തമായുള്ള ആ സത്വരജസ്തമോഗുണങ്ങളോടുകൂടിയ പ്രകൃതി 'അവ്യക്തം' എന്ന നാമവും ഒത്തിരിക്കുന്നു.

ചാരം പ്രബലപ്പെട്ടപ്പോഴേക്കു ചില വാദ
പ്രതിവാദങ്ങൾ ഉത്ഭവിച്ചു. അവരിൽ
ഒന്നു പ്രമാണി 'അനാക്സിമെനീസ്' എ
ന്ന പണ്ഡിതനാണു്. ചരിത്രാതീതമായ ലോ
കത്തിനു നിയതത്തുന്നതായിത്തന്നെ ഒരു മൂ
ലം ഉണ്ടായിരിക്കണമെന്നാൾ ലോകപ്രകൃ
തി വായുവാണെന്നു് ആ വിദ്വാൻ തീർച്ച
പ്പെടുത്തി.1 ഇതിനെത്തു് കുറച്ചുകാലം കഴി
ഞ്ഞപ്പോൾ 'ഡിയോജിനീസ്' എന്ന ഒരു
മഹാ ദാർശനികൻ അവതരിച്ചു. അദ്ദേ
ഹം, തന്റെ മുൻഗാമികളുടെ മതമെല്ലാം
ഖണ്ഡിച്ചു് ഒരു മാതിരി പരിണാമവാദ
ത്തെ പ്രതിഷ്ഠിച്ചു. ആദിമമായ ഒരു വസ്തു
വിന്റെ പരിണാമമാണു ലോകമെന്നും,
പുതുതായ ഒരു ദ്രവ്യത്തിന്റെ ഉൽപത്തി
യെ സ്വീകരിക്കേണ്ടതില്ലെന്നും ആണു് ആ
വിദ്വാന്റെ ആശയം.2 ഇദ്ദേഹത്തിന്റെ
പൂർവന്മാരായ തെയിൽസ് മുതലായവർ
ആത്മാനാത്മഭേദം അറിവുള്ളവരായിരുന്നില്ല.
ഇദ്ദേഹത്തിനു് ആ ജ്ഞാനം ഉണ്ടായിരു
ന്നു. പക്ഷെ, ഇദ്ദേഹവും ആത്മാവിന്റെ
സത്ഭാവത്തെ സ്വീകരിച്ചില്ല.3 ജ്ഞാനം
എന്നതു ചേതനാത്മകമാണു്. അതിനെ
പ്രാണനോടു ചേർത്തു നിർത്തുവാൻ ശക്തിയി
ല്ല. അതിനാൽ പ്രാണസ്വരൂപനായ വായു
തന്നെയാണു് ലോകത്തിന്റെ ജീവൻ.
ജ്ഞാനത്തിന്നും ഉദ്ഭവം അതുതന്നെ. വാ
യുവിന്റെ ഘനത്വം, ദ്രവത്വം മുതലായ
ഗുണങ്ങൾ നിമിത്തം ലോകം ഉത്ഭവിക്കു
ന്നു. നാം പാർക്കുന്ന ഭൂമിയും നാം കാണുന്ന
നക്ഷത്രങ്ങളും വായുവിന്റെ ഘനപരിണാമ
ങ്ങളാകുന്നു. ഭൂമിയിൽനിന്നു പൊങ്ങുന്ന
ആവി നക്ഷത്രങ്ങളുടെ പോഷകദ്രവ്യമാ
യി ഭവിക്കുന്നു. ഇപ്രകാരമാണു് ഡിയോജി
നീസ്സിന്റെ സിദ്ധാന്തം. ഈ വക മതാഭി
പ്രായങ്ങൾ പാശ്ചാത്യദർശനചരിത്രത്തിൽ
ആദ്യം അനേകം കൊല്ലത്തോളം നിലവി
ലിരുന്നിരുന്നു.

ഇങ്ങിനെ പല സിദ്ധാന്തങ്ങളും പുറ
പ്പെട്ടതിനു ശേഷം, ഉദ്ദേശം 2500 കൊ
ല്ലംമുമ്പു 'സാമോസ്' എന്ന നഗരത്തിൽ
'പിത്താഗോറസ്' എന്നൊരു വിജ്ഞാന
വാദി ഉണ്ടായി. ഇദ്ദേഹത്തെ പ്രകൃതിപ
ക്ഷക്കാരൻ എന്നു പറഞ്ഞുകൂടാ. പ്രത്യുത,
ഒരുവക ആദർശവാദിയായിരുന്നു. ജോനി
യാ, ഫിനീഷ്യാ, ഈജിപ്തു് എന്നിങ്ങി
നെ പല ദിക്കുകളിൽ സഞ്ചരിച്ചതിനു
ശേഷം ഈ വിദ്വാൻ ഇറ്റലിയിലെ ഗ്രീക്ക
കോളനികളിൽ താമസം തുടങ്ങി. ഇദ്ദേഹം
നല്ല ഗണിതജ്ഞനായിരുന്നതിനാൽ, ഗ
ണിതത്തിൽ മുഖ്യമായ സംഖ്യാവിഭാഗ
ത്തിലാണു് ലോകത്തിന്റെ തത്വം നില
നിൽക്കുന്നതെന്നു വിശ്വസിച്ചു വന്നു. സം
ഖ്യകൾ ഗണിതശാസ്ത്രത്തിന്റെ മൂലമായ
തുകൊണ്ടും, പ്രകൃതിയിലുള്ള വസ്തുക്കളിൽ
അവയുടെ അനുപാതമുള്ളതായിക്കാണുന്ന
തുകൊണ്ടുമാണു് ഈ പക്ഷം ഉത്ഭവിച്ചതെ
ന്നു തോന്നുന്നു. അദ്വിതീയമായ ഒരു വസ്തു
വാണു് ഈശ്വരൻ.1 സകലവിശേഷങ്ങളു
ടെയും ഉൽപത്തി അതിൽനിന്നാണു്-
അതിന്റെ സത്ഭാവം സ്വയമാകുന്നു. എ
ന്നാൽ ഭൂതങ്ങൾക്കു സ്വയം ഉണ്ടെന്നു
പറഞ്ഞുകൂടാ എന്നാണു് ഈ സിദ്ധാന്തത്തി

1. ഇതു ഛാന്ദോഗ്യശ്രുതിയുടെ ഛായയല്ലേ?
2. സാംഖ്യന്മാരുടെ പരിണാമവാദം നോക്കുക.
3. ലോകായതദർശനം (നാസ്തികവാദം)

1 'ഏകമേവാദ്വിതീയം' എന്ന ഉപനിഷദ്വാക്യത്തോടു് ഇതു സാമ്യം വഹിക്കുന്നു.

ൻെറ മതവും ഈ പക്ഷത്തെ "അവലംബിച്ചുകൊണ്ടുതന്നെ 'സിനോഫേനിസം' ആദ്ദേഹത്തിൻെറ ശിഷ്യനായ പാർമനിഡിസ്സും അഭിപ്രായപ്പെട്ടു. ഇതിനുശേഷം, പാർമനിഡിസ്സിൻെറ ശിഷ്യനായി 'മെല്ലിസ്സസ്സ്" എന്നൊരു വിദ്വാൻ ഉത്ഭവിച്ചു. ഇദ്ദേഹം പരിണാമവാദത്തിനു വിരോധിയായിരുന്നു. ഏകമായും അഖണ്ഡമായും നിരാകാരമായും ഒരു് സത്വസ്സു ഉണ്ടെന്നും, അതാണു തത്വമെന്നും, അനേകമായിത്തോന്നുന്നതു് ഇന്ദ്രിയജന്യമായുള്ള ഭ്രമമാണെന്നും ആ വിദ്വാൻ സിദ്ധാന്തിച്ചു. അതിനു പിന്നീട്, 'എലിയാ' എന്ന ദിക്കിൽ 'ജിനോ' എന്ന് ഒരു വിദ്വാൻ പ്രസിദ്ധനായിത്തീൎന്നു. അദ്ദേഹം പ്രതിവാദികളിൽ വെച്ചു് മികച്ച പണ്ഡിതനായിരുന്നു. തൻെറ എതിരഭിപ്രായക്കാരോടു് കല്പിതം സമ്മതമായ ഒരു മതത്തെ ജിനോ സമാപിക്കുമ്പോൾ പുറപ്പെട്ടു: "നാനാത്വ പ്രപഞ്ചത്തിൻെറ അസ്തിത്വം, പിന്നീടു ഭൂതങ്ങളുടെ സൽഭാവം, അനന്തരം അവയുടെ ഗതി ഈ മൂന്നു സംഗതികളെ സ്വീകരിക്കുന്നതായാൽ വ്യാഘാതത്വം എന്നൊരു ദോഷം വന്നുചേരും. നാനാത്വം വാസ്തവമാണെന്നു വിചാരിക്കുന്നപക്ഷം, ഒരേ വസ്തു തന്നെ പരിച്ഛിന്നമായും അപരിച്ഛിന്നമായും ഇരിക്കേണ്ടിവരുന്നു. വസ്തുക്കൾക്കു് ഒരു സംഖ്യ കല്പിക്കേണ്ടിവരുന്നതുകൊണ്ടു പരിച്ഛിന്നത്വം സമ്മതിക്കേണ്ടിവരും, അസംഖ്യം അംശങ്ങളുടെ സമ്മേളനത്താൽ അപരിച്ഛിന്നത്വവും. ഇതു വലിയ വിരോധമല്ലേ? ഇനി ഭൂതസൽഭാവത്തെ നോക്കുക. ഭൂതങ്ങളുടെ സൽഭാവം വാസ്തവമാണെന്നിരിക്കിലും, ആ ഭാവം സ്ഥലത്തിൽനിന്നു സ്ഥലോൽപത്തിയോ, അതോ മനമെ കറിപ്പാർ? അത്യന്തം അംഗീകരിക്കുന്നതായാൽ കാരണത്തിൽ നിന്നു കാൎയ്യമുണ്ടാവുന്നില്ല എന്നും ക്രമം മാത്രം. സദ്രൂപ്യം സമമാകുമ്പോൾ കാൎയ്യകാരണങ്ങൾക്കു ഭേദമില്ലാത്തതുകൊണ്ടു തന്നെ. രണ്ടും പക്ഷത്തിൽ, അസംഭാവ്യമായ അനവസ്ഥാദോഷത്തിൻെറ പ്രസക്തികൊണ്ടു്, ആസത്വത്തിൽ നിന്നു സത്തയുടെ ഉൽപത്തി എന്ന ആശയം സങ്കല്പിക്കപ്പെടേണ്ടിവരും.* ഇതിനെ തന്നെ, ഗതി (ചലനം) യും ഒരു വസ്തുവെപ്പോലെ കാണാം. ഒരു ബാണം പാഞ്ഞുകൊണ്ടിരിക്കുന്നു എന്നു വെക്കുക. എന്നാൽ അതും ആ ഗമനക്രിയയിൽ, ആകാശത്തിലെ അനേകം സ്ഥലങ്ങളിൽ വ്യാപിച്ചിരിക്കുന്നില്ലേ എന്നു മാത്രമല്ല, ഗമനക്രിയയുടെ ആധികരണം തന്നെ ആകാശമല്ലേ? ആകാശമില്ലെങ്കിൽ ഗമനവും ഇല്ല. എന്നാൽ ഗമനാധികരണമായ ആകാശം അസിദ്ധമായിരുന്നു. അതിനൊരാധികരണം ഇല്ലാത്തതുകൊണ്ടു തന്നെ. ഇനി ആകാശാധികരണമായി മറ്റൊരാകാശത്തെ കല്പിക്കുന്നതായാൽ അനവസ്ഥാദോഷത്തിലേക്ക് ചെന്നു ചാടും. അനാധാരമായ ഒരു വസ്തുവിനെ ഉൽപ്രേക്ഷിക്കാൻ തന്നെ തരമില്ലല്ലോ. ഇതിനെ നോക്കുമ്പോൾ വാസ്തവത്തിൽ വസ്തുവിഭാഗം തന്നെ നിഷ്ഫലമാണ്. പക്ഷത്തിലാണു വിഭാഗമെന്നു പറയുന്നതു, അതിലൊട്ടും വസ്തുതയൊന്നില്ല." ഇതാണ ജിനോവിൻെറ അഭിപ്രായമെന്നും ഇതു ഭിന്നതകളുടെ അന്തഃകരണത്തോടു് ഏകദേശം സമമായും, വളരെ ഭിന്നമായും ഇരിക്കുന്നു.

ഇപ്രകാരം പ്രകൃതിവാദികളായും അദ്വൈതവാദികളായും പല ദാൎശനികന്മാരും ...

---

* സാംഖ്യന്മാരുടെയും വൈശേഷികന്മാരുടെയും സൽകാൎയ്യവാദത്തെ ആലോചിച്ചുനോക്കുക.

അഭിവൃദ്ധി പാശ്ചാത്യദർശനത്തെ ഇളക്കിമറിക്കുന്ന കാലത്ത്, ഉഭയവാദികളെന്നോ ദ്വൈതവാദികളെന്നോ പറയാവുന്നവരായി ചില കൂട്ടർ ഉണ്ടായിവന്നു. ആ വകക്കാരുടെ തലവൻ 'ഹിരാക്ലീറ്റസ്' ആയിരുന്നു. ആ വിദ്വാൻ, ലോകം പരിവർത്തനനിയമത്തിനു കീഴ്പെട്ട് ഭാവാഭാവസ്വരൂപമായിട്ടാണു നില്ക്കുന്നതെന്നു പ്രദേശിക്കുവാൻ തുടങ്ങി. സൂക്ഷ്മമായി നോക്കുമ്പോൾ ലോകം മുഴുവൻ അന്യോന്യവിരോധമാണെന്നു, ഇന്ദ്രിയജന്യമായ ജ്ഞാനം അനിശ്ചിതവും അവിശ്വാസ്യവും ആണെന്നുമാകുന്നു ഈ പക്ഷത്തിന്റെ ചുരുക്കം. ഈ അഭിപ്രായം വാദവിഷയമായിട്ടിരിക്കുമ്പോൾ 'സിസിലി' എന്ന ദിക്കിൽ 'എമ്പെഡൊക്ലിസ്' എന്നൊരാൾ ജനിച്ചു. അനന്തമായ ഈ ലോകത്തിന്റെ നിയാമകമായി ഒരു ശക്തി ഉണ്ടെന്നും, ദ്രവ്യത്തിനു അസ്തിത്വം സമ്മതിക്കണമെന്നും, ലോകം നിത്യവും ദ്രവ്യമയവുമാണെന്നും അയാൾ സ്ഥാപിച്ചു. ഇതിന്റെ അടുത്ത ഘട്ടം പരമാണുവാദത്തിലേക്ക് പ്രവേശിച്ചു. പരമാണുവാദികളിൽ പ്രധാനി ല്യൂസിപ്പസ് എന്നാളാണ്. ഈ മനുഷ്യന്റെ സിദ്ധാന്തങ്ങൾ ഗ്രന്ഥരൂപേണ ഇല്ലാത്തതിനാൽ, അദ്ദേഹത്തിന്റെ ശിഷ്യനായ ഡിമോക്രിട്ടസ്സിന്റെ മതം തന്നെയാണു ഇവരുടേയും എന്നു വിചാരിക്കയേ നിവൃത്തിയുള്ളൂ. ഡിമോക്രിട്ടസ് അത്യധ്വാനവും അധികച്ചിലവും സഹിച്ച്, അക്കാലത്ത് അറിയപ്പെട്ടിരുന്ന അനേകം രാജ്യങ്ങളിൽ സഞ്ചരിക്കയും അവിടങ്ങളിൽനിന്നു കിട്ടിയ അറിവുകളുമായി തന്റെ നാട്ടിൽ വന്നു പ്രസിദ്ധി നേടുകയും ചെയ്തു. പാശ്ചാത്യദർശനത്തിൽ പരമാണുവാദത്തിനു വ്യവസ്ഥ വരുത്തിയ ഈ പുരുഷന്റെ മതം ആയി ചേർന്നു:— എല്ലാ ദ്രവ്യങ്ങളും അവിഭാജ്യങ്ങളായ സൂക്ഷ്മപരമാണുക്കളുടെ സംഘടനമാകുന്നു. അവയെ വേർതിരിക്കുവാൻ കഴിയുന്നതുമല്ല. അനന്തമായ ആകാശം ലോകമെങ്ങും നിറഞ്ഞു നിലനില്ക്കുന്നു. ശൂന്യമായ ഈ ആകാശത്തിലാണ് എല്ലാ ജഗങ്ങളും സ്ഥിതിചെയ്യുന്നത്. അക്ഷരങ്ങളെക്കൊണ്ടു പുസ്തകമെന്നപോലെ, ജഗത്തു പരമാണുക്കളെക്കൊണ്ടു സംഘടിതമാകുന്നു. പരമാണുക്കൾക്ക് ഗുണഭേദമായി ഒരു ഭേദവും ഇല്ല. വലിപ്പംകൊണ്ടും ആകൃതികൊണ്ടും പരസ്പരവ്യത്യാസം ഉണ്ടുതാനും. ലോകം പരിവർത്തനപ്രകൃതിയാണെന്നു സ്ഥാപിക്കുവാൻ ഈ കൂട്ടർ ശൂന്യമായ ആകാശത്തെ കല്പിച്ചു, സംയോഗം വിയോഗം എന്ന അവസ്ഥകളെക്കൊണ്ട് എല്ലാം പരമാണുക്കളിൽനിന്നുണ്ടാകയും അവയിൽത്തന്നെ ലയിക്കയും ചെയ്യുന്നുവെന്നു സിദ്ധാന്തിക്കുന്നു. ഈ അവസ്ഥകൾ ഒക്കെയും നിയതിസിദ്ധമാണത്രേ! ഡിമോക്രിട്ടസിന്റെ കാലം മുതൽ ദർശനം എന്നത് ഒരു ധനാഗമമാർഗ്ഗമായിത്തീർന്നു. ഡിമോക്രിട്ടസ്, അറിവിനുവേണ്ടി അനേകം ചിലവുകൾ ചെയ്തു. എന്നാൽ ചിലവ് വരവിന്റെ മൂലമാണെന്നു ധനതത്ത്വം അറിയുന്നവരായ അദ്ദേഹത്തിന്റെ പിൻഗാമികൾ, ശമ്പളം വാങ്ങി ശാസ്ത്രം പഠിപ്പിക്കുവാൻ പുറപ്പെട്ടു. ശമ്പളക്കാരായ ആ വക ശാസ്ത്രജ്ഞന്മാരിൽവെച്ചു പ്രധാനി പ്രോട്ടാഗറസ് എന്നാളായിരുന്നു. ഇദ്ദേഹം ഡിമോക്രിട്ടസിന്റെ ഒരു സ്നേഹിതനാണ്. 'നാം കാണുന്ന ലോകമെല്ലാം പരിവർത്തനശീലം തന്നെ. ഇന്ദ്രിയങ്ങൾക്ക് പ്രത്യക്ഷമാനങ്ങളെ സൃഷ്ടിക്കുവാനല്ലാതെ ശക്തിയില്ല. മനസ്സും ഇന്ദ്രിയഗോചരമാകുന്നു. എന്നാൽ അതീന്ദ്രിയമായിട്ട് ഒന്നും ഇല്ലെന്നു പറയത്തക്കതാം. ഇ

ന്ദ്രിയജന്യമായ ജ്ഞാനം മിത്ഥ്യയായിരിക്കും. എന്തെന്നാൽ, ഒരാൾക്കു ബോദ്ധ്യമുള്ളതായി തോന്നുന്ന വസ്തു ഏതെങ്കിലും കാരണത്താൽ മറ്റൊരാൾക്കു മറിച്ചുതോന്നുന്നു. ഒരുവനു നല്ലതു മറ്റൊരുവനു ചീത്തയായിത്തീരുന്നു: അതിനാൽ ഇന്ദ്രിയഭേദമല്ലാതെ വസ്തുക്കൾക്കു സാമാന്യമായി ഒരു രൂപം കല്പിച്ചുകൂടാ. ശാസ്ത്രവും മിക്കതും മിത്ഥ്യാവാദമാകുന്നു. അതുകൊണ്ടു ശാസ്ത്രീയമായ വാദപ്രതിവാദംവിട്ടു് ന്യായം, നീതി മുതലായവയിൽ ജനങ്ങൾ പരിശ്രമിക്കേണ്ടതാണ്.' ഇപ്രകാരമാണ പ്രോട്ടാഗറാസ് സിദ്ധാന്തിച്ചതു്.

പ്രോട്ടാഗറസ്സിന്റെ കാലത്തു തന്നെയാണ പ്രസിദ്ധനായ സാക്രട്ടീസ് അവതരിച്ചതു്. അഥെൻസ് നഗരത്തിലെ തെരുവീഥികളിൽ അലഞ്ഞുനടന്നു്, വഴിയിൽ കാണുന്നവരോടു ശാസ്ത്രതത്വങ്ങളെപ്പററി വാദിച്ചു് ഇദ്ദേഹം തന്റെ ചിന്തകളെ ജനങ്ങൾക്കുപദേശിച്ചു. ഈ മഹാനാവന്റെ നടപ്പു പരിശുദ്ധമാകയാൽ 'വിനയത്തിൽ സാക്രട്ടീസ്സിനെയനുകരിക്ക ശാന്തിയോടു' എന്നുള്ള ഉപദേശവാക്യം പ്രസിദ്ധമായിത്തീന്നു. ബുദ്ധിശക്തി, ധൈര്യം, സൌന്ദര്യം എന്നിവയാൽ സാക്രട്ടീസ്സു ചെയ്ത പ്രവൃത്തികളും അദ്ദേഹം പ്രാപിച്ച ഗതിയും ഇന്നുള്ളവർ പ്രശംസിച്ചു വരുന്നു.

കെ. വി. എം.

ഒരു തെററായ ധാരണ



ടെററിസ് എന്ന പട്ടണത്തിന്റെ കൊട്ടയുടെ ആകാശം മുട്ടിനില്ക്കുന്നതായി കാണപ്പെടുന്ന അതിന്മേൽ കൊടുങ്കാററു വീശുമ്പോൾ, വലിയ പാറകളും കത്തിയൊലിക്കുന്ന ജലപ്രവാഹങ്ങളും പ്രകൃതിയുടെ ഭയങ്കരമായ മറെറാ ആഘോഷങ്ങളും മാത്രമാണ ഉഴറിക്കൂടിപ്പോകുന്ന ഒരു വഴിപോക്കന്റെ ദൃഷ്ടിക്കു വിഷയമായി ഭവിക്കുന്നതു്. മനുഷ്യദ്വേഷിയായ അസ്സുറാർ ജനസംസർഗ്ഗമെല്ലാം ഉപേക്ഷിച്ചു മനുഷ്യരുടെ പ്രവൃത്തികളിൽ വെറുപ്പോടുകൂടി ഭയങ്കരമായ ഈ പട്ടണത്തിലാണ താമസിച്ചിരുന്നതു്.

തന്റെ ചെറുപ്പകാലം മുഴുവനും അസ്സുറാർ ജനങ്ങളുടെ ഇടയിലാണ കഴിച്ചുകൂട്ടിയതു്. അവൻ അവരുടെ വിനോദങ്ങളിലെല്ലാം പങ്കുകൊള്ളുകയും തന്റെ സഹജീവികളെ ഏററവും നിവ്യാജമായി സ്നേഹിക്കുകയും ചെയ്തിരുന്നു. പ്രകൃത്യാ വളരെ ഔദാര്യവാനായ അസ്സുറാർ തന്റെ സമ്പത്തു മുഴുവനും സാധുക്കളുടെ കഷ്ടപ്പാടുകളെ നീക്കം ചെയ്യുന്നതിന്നു ഉപയോഗിച്ചു. യാചകന്മാരിൽ ഒരാളെങ്കിലും അവന്റെ വീട്ടിൽനിന്നു വെറും കയ്യോടെ മടങ്ങിപ്പോയിട്ടില്ല. വഴിനടന്നു ക്ഷീണിച്ചു ഒരു വഴിപോക്കനെങ്കിലും ഒററവും വിശ്രമം കൂടാതെ അവന്റെ പടിക്കൽകൂടി കടന്നുപോയിട്ടില്ല. തന്റെ സ്വത്തെല്ലാം പോയി സാധുക്കൾക്കു ഉപകാരം ചെയ്യാനുള്ള ശക്തി ഇല്ലാതായപ്പോൾ മാത്രമേ അയാൾ തന്റെ നല്ല പ്രവൃത്തികളിൽനിന്നു പിൻവലിച്ചുള്ളു.

ഇപ്രകാരം ജനോപകാരത്തിനുവേണ്ടി സ്വന്തമെല്ലാം ചിലവഴിച്ച തന്റെ നേരെ, താൻ പണ്ടു സഹായിച്ചവരെല്ലാം നന്ദിയുള്ളവരായിരിക്കുമെന്നും, ഈ ഘട്ടത്തിൽ അവർ തന്നെ സഹായിക്കുമെന്നും ദൃഢമായി വിശ്വസിച്ചു അദ്ദേഹം തന്നെ സഹായിച്ചാൽ കൊള്ളാമെന്ന് അവരോട് അപേക്ഷിച്ചു. അവരെല്ലാവരും അദ്ദേഹത്തിന്റെ സ്ഥിതിയെപ്പററി വളരെ സഹതാപിച്ചു പറഞ്ഞു. കാരണവന്മാർ നാളെ വരൂ, നാളെ വരൂ എന്ന് അദ്ദേഹത്തോടു പറഞ്ഞു. പിറ്റേന്നാൾ ചെന്നപ്പോൾ മററന്നാൾ വരൂ എന്നായി. അന്നു ചെന്നപ്പോൾ 'എന്താണെടോ ദിവസേന വന്നു ശല്യപ്പെടുത്തുന്നത്? നിങ്ങൾക്കു നിങ്ങളുടെ കാര്യം മാത്രമേ വിചാരിക്കാനുള്ളൂ. ഞങ്ങൾക്കു പല ജോലിത്തിരക്കുകളും ഉണ്ട്' എന്ന് അവരിൽ ചിലരൊക്കെ പറഞ്ഞു. അദ്ദേഹം തങ്ങളുടെ അടുക്കൽ വരുന്നതുതന്നെ അവർക്കു കഷ്ടമായി തോന്നിത്തുടങ്ങി. അദ്ദേഹത്തിന് മനുഷ്യരെപ്പററി ധാരണയായിരുന്ന അഭിപ്രായങ്ങളെല്ലാം ക്ഷണത്തിൽ മാറിപ്പോയി. അന്ന് അവന്റെ ശങ്കകൾക്കു വിഷയമാകാതിരുന്ന അനേകം ദോഷങ്ങളും അവൻ മനുഷ്യരുടെ ഇടയിൽ കണ്ടുതുടങ്ങി. നന്ദികേട്, സ്വാർത്ഥത, കപടം, വിശ്വാസവഞ്ചന മുതലായ ദുർഗ്ഗുണങ്ങളോടുകൂടിയ മനുഷ്യരെ അല്ലാതെ അവൻ കണ്ടില്ല. അതുനിമിത്തം അവന്നു മനുഷ്യരുടെ നേരെ അതിയായ വെറുപ്പു തോന്നി. ഈ ദുഷ്ടന്മാരുടെ ഇടയിൽ ഒരു നിമിഷംപോലും താമസിക്കുന്നതു നന്നല്ലെന്നു തീർച്ചയാക്കി. അവൻ ശൂന്യവും ഭയങ്കരവുമായ ഈ പ്രദേശത്തു വന്നു താമസം തുടങ്ങി. മനുഷ്യരുടെ നേരെ പകയില്ലാതെയും തന്റെ പരിപൂർണ്ണമായുള്ള സ്വാതന്ത്ര്യവും അനുഭവിച്ചുകൊണ്ടും അവൻ ആ പർവ്വതത്തിൽ താമസിച്ചു.

കാട്ടു, മഴയിൽ, കാററു മുതലായതിന്റെ ഉഗ്രതയിൽനിന്നു രക്ഷപ്രാപിക്കാനായി അവന്ന് ഒരു ഗുഹമാത്രമാണ് ഉണ്ടായിരുന്നത്. പർവ്വതത്തിന്റെ പാർശ്വഭാഗങ്ങളിൽനിന്നു വളരെ പണിപ്പെട്ടു ശേഖരിച്ച ഫലമൂലങ്ങൾമാത്രമായിരുന്നു അവന്റെ ഭക്ഷണപദാർത്ഥങ്ങൾ. ഉയരംകൂടി കിടക്കുന്ന ചോലകളിൽനിന്നു പിടിച്ചു കൊണ്ടുവന്ന വെള്ളമാണ് അവൻ കുടിച്ചിരുന്നത്. ഇപ്രകാരം ജനസമൂഹത്തെ വിട്ടുപിരിഞ്ഞ് ഏകനായി ധ്യാനനിഷ്ഠനായും തന്റെ സഹജീവികളുടെ ആശ്രയം കൂടാതെതന്നെ തനിക്കു ജീവിച്ചിരിപ്പാൻ കഴിഞ്ഞുവല്ലോ എന്നു ചിലപ്പോൾ സന്തോഷിച്ചുകൊണ്ടും അവൻ അവിടെ താമസിച്ചു.

ആ പർവ്വതത്തിന്റെ അടിവാരത്തിൽ സ്ഫടികതുല്യമായ വെള്ളത്തോടുകൂടിയ ഒരു വലിയ തടാകം ഉണ്ടായിരുന്നു. മനോഹരമായ ആ പർവ്വതത്തിന്റെ മിക്ക ഭാഗങ്ങളും തടാകത്തിൽ പ്രതിബിംബിച്ചു കാണപ്പെട്ടിരുന്നു. അദ്ദേഹം ചിലപ്പോൾ പർവ്വതത്തിന്റെ മുകളിൽ നിന്ന് ഇറങ്ങി, ഒരു വലിയ കണ്ണാടിപോലെ ശോഭിക്കുന്ന ഈ തടാകത്തിന്റെ കരയോടുള്ള തീരങ്ങളിൽ ചെന്നിരുന്ന് ഉൽക്കണ്ഠയോടുകൂടി തടാകത്തിലെ വെള്ളത്തെ നോക്കിക്കൊണ്ടിരിക്കയും പലപ്പോഴും താഴെ പറയുംപ്രകാരം ഉച്ചരിക്കുകയും ചെയ്തിരുന്നു. 'ഹാ! പ്രകൃതിയുടെ ഭംഗി അത്ഭുതംതന്നെ. പ്രകൃതിയുടെ ഏററവും മനോഹരമായ സ്ഥലങ്ങൾകൂടി കാട്ടുക് എത്ര ഭംഗിയുള്ളതായിരിക്കുന്നു. ഏതാൻ അധോഭാഗത്തു കിടക്ക

ന്ന സമതിപ്പായ ഭൂമിയും, ആകാശം മുട്ടി നില്ക്കുന്ന വലിയ കൊടുമുടികളോടുകൂടിയ ആ ഗൌരീശങ്കരപർവ്വതവും തമ്മിലുള്ള വ്യത്യാസം എത്ര ഭംഗിയിൽ കാണപ്പെടുന്നു? എന്നാൽ ഈ സ്ഥലങ്ങളെക്കൊണ്ടുള്ള പ്രയോജനം അവയുടെ ഭംഗിയെക്കാൾ എത്രയോ അധികമായിട്ടുള്ളതാണ്. ഇവിടങ്ങളിൽനിന്ന് അനേകം നദികൾ ഉത്ഭവിച്ചു പല രാജ്യങ്ങളിൽകൂടി പ്രവഹിക്കുകയും അവ പോകുന്ന ദിക്കുകളിലെല്ലാം ജനങ്ങൾക്ക ക്ഷേമവും ധാന്യസമ്പത്തും സസ്യസമൃദ്ധിയും ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നു. ഈ പ്രപഞ്ചത്തിൽ മനുഷ്യനൊഴിച്ചു ബാക്കിയുള്ള എല്ലാ വസ്തുക്കൾക്കും ഭംഗി, സത്യ, വിവേകം മുതലായ ഗുണങ്ങൾ ഉള്ളതാകുന്നു. ഈശ്വരസൃഷ്ടിയിൽ മനുഷ്യൻ മാത്രമേ ദോഷകരമായിട്ടുള്ളൂ. പ്രപഞ്ചസൃഷ്ടിയിൽ ദൈവം നീചനായ മനുഷ്യനെ ഉൾപ്പെടുത്തേണ്ടതില്ലായിരുന്നു. കൊടുങ്കാറ്റുകളും ചുഴലിക്കാറ്റുകളും കൂടി ഉപയോഗമുള്ളവയാണ്. എന്നാൽ നീചനും കൃതഘ്നനുമായ മനുഷ്യൻ സർവ്വത്ര മലിനമായ പ്രകൃതിക്ക് ഒരു ദൂഷണമായി തീർന്നിരിക്കുന്നു. സൃഷ്ടികർത്താവിന്റെ ബുദ്ധിവൈഭവത്തിനു മാലിന്യം ഉണ്ടാക്കിത്തീർക്കുന്ന ദുർഗ്ഗുണങ്ങളോടുകൂടിയ ആ നീചവർഗ്ഗത്തിൽ ഞാൻ ജനിച്ചുവല്ലോ. മനുഷ്യർ മിക്ക ദോഷരഹിതരായിരുന്ന എങ്കിൽ പ്രപഞ്ചത്തിൽ മുഴുവനും ഏകരൂപതയും ഐകമത്യവും വ്യവസ്ഥയും ഉണ്ടായിരുന്നേനെ. പരിശുദ്ധസ്വരൂപനായ ജഗദീശ്വരന്റെ സൃഷ്ടിയായ ജീവികളെല്ലാം സന്മാർഗ്ഗാനുസാരികളായിരിക്കണമല്ലോ. ഈശ്വരാ! അവിടുന്ന് നിർഭാഗ്യനായ എന്നെ എന്തിനാണ് അവിടുത്തെ മായാമോഹത്തിലിട്ട് ഇങ്ങിനെ വലപ്പിക്കുന്നത്?"

ആ തടാകത്തിൽ ചാടി മരിച്ചു ഉടനെതന്നെ തന്റെ സംശയനിവൃത്തിയും ദുഃഖശാന്തിയും വരുത്തിക്കളയാം എന്നുവെച്ച് അവൻ അപ്രകാരം ചെയ്വാൻ തുടങ്ങുമ്പോഴേക്ക് ഒരു ദിവ്യസ്വരൂപം വെള്ളത്തിന്റെ മീതെ നടന്ന് അവൻ നിന്നിരുന്ന കരക്ക് അടുത്തുവരുന്നതു കണ്ടു. തീരെ വിചാരിക്കാതെയുള്ള ആ ദിവ്യസ്വരൂപത്തിന്റെ വരവ് അവന്റെ ഹൃദയത്തെ പെട്ടെന്നു ഇളക്കി. അവൻ തന്റെ കൃത്യത്തിൽനിന്നു വിരമിച്ച് അല്പം ആലോചനാമഗ്നനായി നിന്നു. പ്രശാന്തഗംഭീരമായ ആ സ്വരൂപം ഒരു ദിവ്യപുരുഷന്റേതായിരിക്കണമെന്ന് അവനു തോന്നി.

ആ ദിവ്യപുരുഷൻ ഇങ്ങിനെ പറഞ്ഞു. 'മനുഷ്യനാകെ! നീ നിന്റെ സ്വയസൃഷ്ടിത്വത്തിൽനിന്നു വിരമിച്ചാലും. നിന്റെ നിരാശയും സത്യസന്ധതയും കഷ്ടപ്പാടുകളും കണ്ടു ജഗൽപിതാവായ 'അള്ളാ' നിന്നെ ആശ്വസിപ്പിക്കാനായി എന്നെ അയച്ചിരിക്കുന്നു. നീ എന്റെ കൈ പിടിച്ചുകൊൾക. ഞാൻ നിന്നെ കൂട്ടിക്കൊണ്ടു പോകുന്ന ദിക്കിലെല്ലാം നീ ശബ്ദം കൂടാതെ എന്റെ പിന്നാലെ പോരിക. ഞാൻ വിശ്വാസത്തിന്റെ അധിഷ്ഠാനദേവതയാണ്. മതാന്ധരായ സകല നിരീശ്വരന്മാരും വിരോധികളായവരെ പിന്നെയും നല്ലവഴിക്കു തന്നെ തിരിക്കാൻ വേണ്ടിയാണു പുണ്യാത്മാവായ മഹമ്മദ്നബി എന്നെ നിയോഗിച്ചിട്ടുള്ളത്. എന്റെ പിന്നാലെ വന്നാൽ ഞാൻ നിന്റെ സംശയങ്ങളെല്ലാം തീർത്തുതരാം.'

മനുഷ്യൻ ഉടനെ തടാകത്തിലിറങ്ങി. ആ ദിവ്യപുരുഷൻ അവനെ വെള്ളത്തിന്റെ മീതെ കൂടി നടത്തിക്കൊണ്ടുപോയി. ഏകദേശം തടാകത്തിന്റെ നടുവിൽ

എത്തിയപ്പോൾ അവർ രണ്ടുപേരും കൂടി മുങ്ങിത്തുടങ്ങി. വളരെ കാലം ഇങ്ങനെ അവർ വെള്ളത്തിന്റെ അടിയിൽ കൂടി താണു പോയി. തന്റെ ജീവകാലം അവസാനിച്ചു എന്നുതന്നെ അബ്ദുന്നാർ നിശ്ചയം തീർച്ചയാക്കി. അല്പസമയം അവൻ മാത്രമേ ആ ദിവ്യപുരുഷന്റെ കൂടെ വെള്ളത്തിന്റെ അടിയിലുള്ള വേറെ ഒരു ലോകത്തിൽ എത്തിച്ചേർന്നു. അതിനുമുമ്പ് ആ ലോകത്തിൽ മനുഷ്യരിൽ ആരുംതന്നെ പോയിട്ടുണ്ടായിരുന്നില്ല. കാല്പുറവു താൻ ഭൂമിയിൽ കണ്ട സൂര്യനോടുപോലെയുള്ള സൂര്യനെയും പ്രസന്നമായ ആകാശത്തെയും അതിന്റെ അധോഭാഗത്തു നല്ല പച്ചനിറത്തിലുള്ള സസ്യങ്ങളുടെ സമൃദ്ധിയെയും അവിടെ കണ്ടപ്പോൾ അവന്റെ അത്ഭുതം പറഞ്ഞറിയിക്കാൻ വയ്യാത്തതാണ്.

ആ ദിവ്യപുരുഷൻ പറഞ്ഞു. 'നിന്റെ ആശ്ചര്യമാണ് ഞാൻ സ്പഷ്ടമായി കാണുന്നത്. എന്നാൽ അല്പനേരംകൂടി ക്ഷമിക്ക. ഞാൻ നിന്നെ കണ്ട സമയത്തു നിന്നെ ബാധിച്ചിരുന്ന സംശയത്തിൽ ഒരു ഭാഗത്തു ഭവാനായ നമ്മുടെ മഹമ്മദ് നബിയെയും ബാധിക്കയുണ്ടായി. അദ്ദേഹത്തിന്റെ സംശയനിവൃത്തിക്കുവേണ്ടി അല്ലാഹുവിന്റെ ആജ്ഞപ്രകാരവും അദ്ദേഹത്തിന്റെ ആഗ്രഹത്താലും അള്ളാ ഈ ലോകത്തെ സൃഷ്ടിച്ചതാണ്. ഈ ലോകവാസികളുടെ സ്വഭാവം നിന്റെ അഭിപ്രായത്തോടു യോജിച്ചിരിക്കുന്നതാണ്. അവരിൽ ഒരു ദോഷമെങ്കിലും കാണില്ലെന്നു ഖണ്ഡിച്ചു പറയാം. യാതൊരു ദോഷവും ചെയ്യാത്ത ജനങ്ങളാണ് ഈ ലോകത്തിൽ വസിക്കുന്നത്. നീ ജനിച്ചു വളർന്ന ഭൂമിയും ഈ ലോകവും തമ്മിലുള്ള മുഖ്യമായ വ്യത്യാസം ഇതുതന്നെയാണ്. ബാക്കിയുള്ള സംഗതികളിലെല്ലാം നിന്റെ ഭൂമിയും ഈ ലോകവും തമ്മിൽ സാമ്യമുണ്ട്. നീ കരച്ചു മുമ്പു വിട്ടുവന്ന ഭൂമിയെക്കാൾ ഈ ലോകത്തെയാണ് നീ അധികം ഇഷ്ടപ്പെടുന്നത് എങ്കിൽ നിന്റെ ബാക്കിയുള്ള ജീവകാലം ഇവിടെ കഴിച്ചുകൂട്ടാനായി ഞാൻ നിനക്ക് അനുവാദം തരാം. എന്നാൽ നിന്റെ സംശയനിവൃത്തി വരുത്താനും ഈ ലോകവാസികളുമായി നിനക്ക് നല്ലവണ്ണം പരിചയമുണ്ടാക്കിത്തരുവാനും വേണ്ടി ഞാൻ കുറെ നേരം കൂടി നിന്റെ കൂടെ വരാം.'

അബ്ദുന്നാർ ആനന്ദഭരിതനായി അവൻ പറഞ്ഞപ്രകാരം ഉച്ചരിച്ചു. 'ഹോ! എത്ര മനോഹരമായ ഒരു ലോകം! പാപരഹിതന്മാരും വിവേകികളുമായ ജനങ്ങൾ! എന്റെ ആപേക്ഷകൾ കണ്ടാണ് എന്റെമേൽ പ്രസാദിച്ചു പടച്ചോനായിരിക്കണം. നമ്മുടെ ഇതിലധികം ഒരു ഭാഗ്യവും സുഖവും സന്തോഷവും എനിക്ക് വരാനില്ല. ജനസമുദായത്തിൽ നാനാവിധമായ കഷ്ടപ്പാടുകൾ ഉണ്ടാക്കിത്തീർക്കുന്നതായ കൃതഘ്നത, അനീതി, ചതി, ക്രൂരത മുതലായ യാതൊരു ദുർഗ്ഗുണങ്ങളുമില്ലാത്ത ജനങ്ങളുടെ ഇടയിൽ അനേകകോടി സംവത്സരം ജീവിച്ചിരുന്നാൽ കൂടി എനിക്കു തൃപ്തിയാവുന്നതല്ല.'

'ഈ ലോകത്തെപ്പറ്റി നീ പ്രശംസിച്ചതു മതി. നിന്റെ ചുറ്റുമുള്ള വസ്തുക്കളെയും ആളുകളുടെ ചേഷ്ടകളെയും കണ്ടിട്ട് നീ നല്ലവണ്ണം പര്യാലോചന ചെയ്തതിന്റെ ശേഷം നിന്റെ മനസ്സിൽ തോന്നിയ അഭിപ്രായം എന്നോടു പറയണം. നിനക്ക് എവിടെയെല്ലാം പോകണമെന്നുണ്ടെങ്കിൽ അവിടെയൊക്കെ ഞാനും നിന്റെ കൂടെ വരാം. നിനക്ക് വേണ്ട ഉപദേശങ്ങളും തരാം' എന്ന് ആ ദിവ്യപുരുഷൻ പറഞ്ഞു

പിന്നെ കുറെനേരം അവർ ഒരു പോലെ മനസ്സിലെ മൌനമായി സഞ്ചരിച്ചു. അസ്സുരനാർക്കെല്ലാം ഉണ്ടായ ആശ്ചര്യത്തിന് അവസാനമുണ്ടായില്ല. കാട്ടുനേരത്തിനുള്ളിൽ അവരുടെ ആശ്ചര്യം നിലച്ച് അവരുടെ മനസ്സു പൂർവ്വസ്ഥിതിയിലായപ്പോൾ താൻ വിട്ടുവന്ന ലോകവും ഭൂമിയുടെ അന്തർഗതമുള്ള ലോകവും തമ്മിൽ കാഴ്ചയിൽ വളരെ സാമ്യമുള്ളതായി അവനു തോന്നി. എങ്കിലും ഒരു ലോകം ഭൂമിയേക്കാൾ അധികം കാട്ടുപിടിച്ചു കിടക്കുന്നതായി അവൻ കണ്ടു.

'ഇവിടെ ഞാൻ കാട്ടുമൃഗങ്ങളേയും അവയ്ക്ക് ഇരയായി കല്പിക്കപ്പെട്ടിട്ടുള്ള മറ്റു മൃഗങ്ങളേയും കാണുന്നു'. നാം വിട്ടുവന്ന ഭൂമിയിലുള്ള മൃഗങ്ങളും ഇവയെപ്പോലെ തന്നെയാണ്. പുണ്യശീലനായ മഹത്തായിബിയെ ഉപദേശിപ്പാൻ എനിയ്ക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു എങ്കിൽ അന്യജന്തുക്കളെ കൊന്നുതിന്നുന്ന ഹിംസ്രമൃഗങ്ങളെ സൃഷ്ടിച്ച് ഈ ലോകത്തിന് ഒരു ദൂഷണമുണ്ടാക്കിത്തീർക്കുവാൻ സമ്മതിക്കില്ലായിരുന്നു' എന്ന അസ്സുരനാർ പറഞ്ഞു. 'നിങ്ങളുടെ സാധുഗുണങ്ങൾക്കുള്ള ഒരു ദൃഷ്ടാന്തം തന്നെ. എന്നാൽ മൃഗങ്ങളെ സംബന്ധിച്ചേടത്തോളം ഈ ലോകവും നിങ്ങളുടെ ഭൂമിയും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല. അതിനുള്ള കാരണവും സ്പഷ്ടമായിട്ടുള്ളതാണല്ലോ. മൃഗങ്ങൾ സസ്യങ്ങളും ഫലമൂലാദികളും മാത്രം ഭക്ഷിച്ചു തമ്മിൽ തമ്മിൽ ഭക്ഷിക്കാതെ ഇരുന്നിരുന്നു എങ്കിൽ ഭൂമിയിൽ ഇത്ര അധികം ജന്തുക്കൾക്കു ജീവിച്ചിരിപ്പാൻ വഴിയുണ്ടാവില്ലായിരുന്നു. അന്യോന്യം ഭക്ഷിച്ച് ഉപജീവിക്കുന്നതുകൊണ്ടു നാനാജാതിമൃഗങ്ങളുടെയും സംഖ്യ ചുരുങ്ങുന്നതിനു പകരം എത്രയോ അധികമായി വർദ്ധിക്കുന്നു. നമ്മുടെ ജനങ്ങൾ അധിവസിക്കുന്ന സ്ഥലത്തിലേക്ക് പോയി അവിടെ നിന്നു ഇവിടുള്ളതിൽ എന്തെല്ലാമാണെന്നു നോക്കുക' എന്ന് ഒരു ദിവ്യപുരുഷൻ പറഞ്ഞു.

അവർ ഉടനെ കാട്ടുപ്രദേശങ്ങളുടെ അതിർത്തി വിട്ട് ഓമനരൂപികളായ ജനങ്ങൾ താമസിക്കുന്ന ദിക്കിലെത്തി. ഇത്ര നിർമ്മലമായ ജനങ്ങളുടെ സംസർഗ്ഗംകൊണ്ടു തനിക്ക് ഉണ്ടാകാവുന്ന സുഖങ്ങളെ തന്റെ മനസ്സിൽ മുൻകൂട്ടി ആലോചിച്ചു അസ്സുരനാർ സന്തോഷിച്ചുതുടങ്ങി. എന്നാൽ കാട്ടിന്റെ അതിർത്തി വിട്ടു അല്പം ദൂരം പോകുമ്പോഴേക്കു കൂട്ടം അല്പകാർ ഒരാളെ പിന്തുടരുന്നതും അവൻ അവരെ ഭയപ്പെട്ടു വിറച്ചുംകൊണ്ടു ഓടിപ്പോകുന്നതും അവർ കണ്ടു. 'ഈ പാവം, ഇവൻ എന്തിനാണ് ഇങ്ങനെ ഓടിപ്പോകുന്നത്. ഈ ആളുകളിൽ നിന്ന് ഇവന് എന്താണ് ഭയപ്പെടേണ്ടത്?' എന്ന് അസ്സുരനാർ ഉച്ചത്തിൽ പറഞ്ഞു. അസ്സുരനാർ പറഞ്ഞ് അവസാനിക്കുമ്പോഴേക്ക് ഒരു നായ്ക്കൂട്ടം വേറെ ഒരാളെ പിന്തുടരുന്നതും അവൻ അവയിൽ നിന്നു രക്ഷപ്പെടാൻവേണ്ടി അതിവേഗത്തിൽ ഓടിപ്പോകുന്നതും അവർ കണ്ടു. അസ്സുരനാർ തന്റെ കൂടെയുള്ള ദിവ്യപുരുഷനോട് ഇങ്ങനെ പറഞ്ഞു. 'ഇവരുടെ പ്രവൃത്തി വളരെ ആശ്ചര്യകരമായിരിക്കുന്നുവല്ലോ. ഇത്ര അസാധാരണമായ പ്രവൃത്തിയുടെ കാരണം എന്താണെന്ന് എനിക്കു മനസ്സിലാവുന്നില്ല'. ദിവ്യപുരുഷൻ ഇങ്ങനെ പറഞ്ഞു 'ഈ രാജ്യത്തിലുള്ള മൃഗങ്ങൾക്ക് കുറെ കാലമായിട്ട് വളരെ ശക്തി കൂടിയിരിക്കുന്നു. ഇവയെ കൊല്ലുവാൻ ചതിയോ മറ്റോ ഉപയോഗിക്കുന്നത് അന്യായമാണെന്നു ഈ രാജ്യവാസികൾ അഭിപ്രായപ്പെട്ടിരുന്നതുകൊണ്ടു അവ ക്രമേണ വർദ്ധിച്ചു

ഭരിക്കയും ഇപ്രകാരം കൂടെക്കൂടെ അവ നി രുപദ്രവികളായ അയൽവാസിജനങ്ങളെ ഉപദ്രവിക്കുകയും ചെയ്യുന്നു.' 'എന്നാൽ അവരെയെല്ലാം തീർച്ചയായും നശിപ്പിച്ചു കളയേണ്ടതായിരുന്നു. അതിനെ ചെയ്യാ ത്തതിനെ കാരണമെന്തു നാം പറയുന്നത്?' എന്ന് ഗുരുനാഥൻ ചോദിച്ചു. 'കാട്ടു മനു ഷ്യർ സാധുമൃഗങ്ങളുടെ നേരെ നിർദ്ദയ മായി പ്രവർത്തിയ്ക്കുന്ന ഇപ്രകാരം എവിടെ [illegible] നിർദ്ദയന്മാരായ നിങ്ങൾ ഈ കാ ട്ടു ജനത്തിൽ ഗണിക്കാമോ?' എന്ന് ഒരു ശിഷ്യപ്രധാനൻ പുഞ്ചിരിയോടുകൂടി സ മാധാനം ചൊല്ലി. 'എന്നാൽ ഞാനിതിനെ ഞാൻ സമ്മതിക്കുന്നു. മനുഷ്യർ ഇതിൽ സുഖമായി താമസിക്കുന്നുണ്ടെങ്കിൽ തിര്യക് ജന്തുക്കളെ ഉപദ്രവിക്കാതെയും അവയുടെ നേരെ അന്യായം പ്രവൃത്തിക്കാതെയും കഴി യുന്നതല്ലെന്ന് എനിക്ക് ഇപ്രകാരം ബോ ദ്ധ്യം വന്നിരിക്കുന്നു. എന്നാൽ വിവേകമു ള്ളവരായ മൃഗങ്ങളുടെ നേരെ മനുഷ്യർ ആചരിക്കുന്ന ക്രൂരതപ്പറ്റി പര്യാലോച ന ചെയ്യുക തന്നെ. ഈ രാജ്യത്തിലുള്ള മനു ഷ്യർ തമ്മിൽ തമ്മിൽ എങ്ങിനെയാണ് സഹവസിച്ചുപോരുന്നത് എന്നു നമുക്ക ആലോചിക്കണം ഓർമ്മിക്ക.' എന്ന് ഗുരുനാഥൻ ഉത്തരം പറഞ്ഞു.

(തുടരും)

കെ. കണ്ണുണ്ണിനായർ ബി. എ., ബി. എൽ.

കംസവധം

(തുടർച്ച)

ബാല ബാലാരവിന്ദവദന കമലാസനാദ്യമായ
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

(ചോദ്യ

കഷ്ടം വിരോധമൊരു ചൊന്നതെന്താണ

(കൊണ്ടു

കേട്ടിരിന്നാൻ കമനികാമിനി കേശവോകക
[illegible]
[illegible]

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

മെല്ലെ കപോലഭുവി പാണിതലേന താങ്ങി.
കല്യാണവക്ത്രമലരൊന്നു കുനിഞ്ഞുതാവു.
ഇതളിൽ [illegible] [illegible]
[illegible] [illegible]
[illegible] നിലവഴ്.
[illegible] [illegible]
[illegible] പുണർന്നും [illegible] ചിലകി.
[illegible]
[illegible] [illegible] പൂലരെ [illegible]
[illegible]
[illegible] [illegible]
[illegible] ലക്ഷ്മീ.
[illegible] [illegible] [illegible]
[illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible] (ഫ.
[illegible]
[illegible] [illegible]
[illegible] [illegible] [illegible]
(തരി.
[illegible] [illegible]
[illegible]
[illegible] [illegible]
[illegible] [illegible] [illegible]
[illegible]
[illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible]
[illegible] [illegible] ചില [illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible] [illegible]
[illegible] [illegible] [illegible]

[illegible] [illegible]
[illegible] [illegible]
[illegible] [illegible] [illegible] തല [illegible]
[illegible] [illegible]
[illegible] [illegible] [illegible] [illegible]
[illegible] [illegible]
[illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible] (ഗവ.
[illegible] [illegible] [illegible] [illegible]
[illegible] [illegible]
[illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible] [illegible] ധീമാൻ.
[illegible]
[illegible] (അ
[illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible] [illegible]
[illegible]
[illegible] [illegible] [illegible] [illegible]
[illegible] [illegible] [illegible]
[illegible]
[illegible]
[illegible]
[illegible] [illegible]
[illegible] [illegible] [illegible] [illegible]
[illegible]
[illegible] [illegible] [illegible]
[illegible] [illegible]

[illegible]

(തുടരും)

വിധി-കാലം-യോഗം

മനുഷ്യന്റെ ഹൃദയം വിവേകപൂർവ്വം കൃഷി ചെയ്യപ്പെടുന്നതോ, അല്ലെങ്കിൽ തനിയെ മുളയ്ക്കുന്ന ചെടികളും കൊടികളും പടർന്നു പന്തലിച്ചു കിടക്കുന്നതോ ആയ ഒരു തോട്ടത്തിനു സമമാണ്. അതിനെ കൃഷി ചെയ്താലും ഇല്ലെങ്കിലും അതിൽ ഏതെങ്കിലും ചിലതു മുളച്ച് ഏതെങ്കിലും ഫലത്തെ ഉളവാക്കാതിരിക്കയില്ല. അതിൽ ഉപയോഗമുള്ള വിത്തുകൾ വിതയ്ക്കാഞ്ഞാൽ നിരുപയോഗകരങ്ങളും അഹിതകരങ്ങളുമായ കളകൾ തിക്കിത്തിരക്കി വളർന്നു തുടങ്ങും.



ഒരു തോട്ടക്കാരൻ തന്റെ വയലിലുള്ള കളകളെ നശിപ്പിച്ച് അവിടെ തനിക്കുപയോഗമുള്ള ഫലങ്ങളും പുഷ്പങ്ങളും വിളയിക്കുന്ന മരങ്ങളും ചെടികളും നട്ടുവളർത്തുന്നതുപോലെ, മനുഷ്യൻ, അശുദ്ധങ്ങളും അനാവശ്യങ്ങളും വിനാശകങ്ങളുമായ വിചാരങ്ങളെ വിട്ടുകളഞ്ഞ് പരിശുദ്ധങ്ങളായ ശുഭവിചാരങ്ങളെ ഹൃദയത്തിൽ കൃഷിചെയ്ത് പോഷിപ്പിക്കുന്നതിനു അധികാരിയാണ്. ഈ അധികാരത്തെ വിവേകപൂർവ്വം വിനിയോഗിച്ചുതുടങ്ങിയാൽ തന്റെ ഹൃദയത്തിന്റേയും ജീവിതത്തിന്റേയും അധിപതി താൻതന്നെയല്ലാതെ മറ്റാരുമല്ലെന്നു മനുഷ്യൻ അവസാനമായെങ്കിലും അറിഞ്ഞുതുടങ്ങും. അവൻ വിചാരനിയമങ്ങളെ തന്നെത്താൻ കണ്ടുതുടങ്ങും. എന്നുമാത്രമല്ല, തന്റെ വിചാരവും, തന്റെ നടത്തയും, വിധി, കാലം, യോഗം എന്നിവയേയും എങ്ങനെ പ്രവർത്തിപ്പിക്കുന്നുവെന്നും അവയോട് എങ്ങനെ സംബന്ധിച്ചിരിക്കുന്നുവെന്നും ആ മനുഷ്യൻ നാൾക്കുനാൾ വളരുന്ന ശുദ്ധതയോടുകൂടി അനുഭവപ്പെടുന്നതാണ്.

നടത്ത, വിചാരലോകത്തിൽനിന്നു ഉദ്ഭവിച്ച് സ്ഥിതിയേയും കാലത്തെയും [illegible]

[illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible]. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible].

[illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ജീവിതത്തിൽ "യദൃച്ഛകൾ" [illegible] [illegible] [illegible] [illegible] [illegible] [illegible].

[illegible] [illegible].

[illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible].

അധികം സാമീപ്യമുള്ളതോ അധികം പ്രിയപ്പെട്ടതോ [illegible] ഉല്പാദിപ്പിക്കുന്നു. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible]

ഉയിപ്പാനോ കൊണ്ടുവരാനോ മനുഷ്യൻ സ്വ യത്നമൊന്നും ചെയ്യാതെ ലോകപരിചയ ത്തെ പരിഷ്കരിക്കുകയാണ് ചെയ്യുന്നത്.

മനുഷ്യൻ, തന്റെ ഹൃദയത്തിൽ ഇട വിടാതെ വളർത്തിക്കൊണ്ടിരിക്കുന്ന വിചാര ങ്ങൾ, ആഗ്രഹങ്ങൾ, പ്രാർത്ഥനകൾ എ ന്നിവയെ — അസൂയയും മനസ്സിനെയും ചേർന്ന വിചാരങ്ങളെന്ന കുറച്ചൊന്നുമാ ത്രം ചിന്തിച്ചും വളർച്ചയെ പരിശ്രമങ്ങളെ ന്ന പാരമ്പര്യങ്ങളോ — പിന്നാലെനിന്ന് കട്ടിൽ അവരെല്ലാം പാപങ്ങളെ അവരെ സംഗമിപ്പിക്കുന്നു.

അവൻ പാപങ്ങളിലോ അഗാധ മിയിലോ ചെന്നെത്തുന്നത് വിധിയുടെയോ കാലത്തിന്റെയോ നിർബ്ബന്ധത്താൽ മാത്രം. നിഷ്ഠുരവിചാരങ്ങളും മാത്സര്യങ്ങളും മാണ് അവനെ അവിടെ എത്തിച്ചേർക്കു ന്നത്. ഒരു നിർമ്മലഹൃദയൻ കാമക്രോധാദി കളിലകപ്പെട്ട് അധഃപതിക്കുന്നതിനു കാരണം അവന്റെ ശക്തിക്കുറവല്ല. അവ കാമങ്ങളെ സം ബന്ധിച്ച വിചാരങ്ങൾ ഏറെ നാൾ അവ ന്റെ ഹൃദയത്തിൽ സ്വാധീനം ചെലുത്തിക്കൊണ്ടി രിക്കുന്നതിൽനിന്ന് കാലം കഴിയുന്തോ റും വിചാരാനുരൂപമായ ഫലത്തെ വെ ളിപ്പെടുത്തുകയാണ് ചെയ്യുന്നത്. കാലം മനുഷ്യനെ സൃഷ്ടിക്കുന്നില്ല. അത് അവ നെ അവനു വെളിപ്പെടുത്തുക മാത്രമാണ് ചെയ്യുന്നത്. ദുഷ്ടവിചാരങ്ങളിൽ ഇളകി മറി ഞ്ഞ് വിഹരിക്കുന്നത് ദുരാഗ്രഹങ്ങളുടെ കൂട്ടത്തോടു കൂടി നല്ല നടത്തകളിൽ കയറി നന്മ അനു ഭവിക്കുന്നത് പരിശുദ്ധവിചാരങ്ങളുടെ യും സുഖം ശരിക്കും സംഭവിക്കുന്നത ല്ല. അതിനാൽ മനുഷ്യൻ തന്റെ വിചാര ലോകത്തിന്റെ കർത്താവും അധിപതിയുമാ ണെന്ന മനസ്സിലാക്കി തന്റെ പരിതസ്ഥിതിക ളെ ഇഷ്ടാനുസരണം സൃഷ്ടിക്കുന്നതിനും പ

രിഷ്കരിക്കുന്നതിനും അധികാരിയുമാണ്. മ നുഷ്യൻ, പൂർവ്വാപരബന്ധമനുസരിച്ച് ജനിച്ചു വളർന്ന് വിചിത്രപദ്ധതിയിൽക്കൂടി സഞ്ച രിക്കുമ്പോൾ ചെയ്യുന്ന കാര്യങ്ങൾ അടിയിൽനി ന്നുണ്ടാകുന്ന ദുഃഖം, മാധുര്യം, ബാല്യം, യൗവനം എന്നിവയെ വേണ്ടപോലെ പ്ര തിഫലിക്കുന്ന സ്ഥിതികളെ വെളിപ്പെ ടുത്തുന്ന കാലയോഗങ്ങളെ ആകർഷിച്ചു കൊണ്ടുതന്നെയിരിക്കും.

താൻ ഇഷ്ടപ്പെടുന്നതിനെയെല്ലാം സ്വാധീനപ്പെടുത്തുന്നതിനു മനുഷ്യനു ശ ക്തിയുണ്ടെന്നു കരുതണ്ട. എന്നാൽ താൻ എത്രമാത്രം താദാത്മ്യത്തെ പ്രാ പിച്ചിരിക്കുന്നുവോ അതിനെയും അതിനെ പിന്തുടർന്ന മാറ്റങ്ങളെയും പ്രാപിക്കുന്നതി ന മാത്രമേ മനുഷ്യൻ ശക്തനാകയുള്ളു. ചില ഘട്ടങ്ങളിൽ മനുഷ്യനു വേണ്ടുന്നവയോ കുന്ന അതിലാഭങ്ങളും മനോരാജ്യങ്ങളും പോരാതെയും അവന്റെ മനസ്സുകൾക്കു അ ധികരിക്കുന്നതായിട്ടാണ് തോന്നുന്നത്. അവ ന്റെ ഹൃദയത്തിൽ സ്വാധീനം ഉറപ്പിച്ചിരി ക്കുന്ന വിചാരങ്ങളും അഭിലാഷങ്ങളും മാത്ര മേ പുഷ്ടിയോടുകൂടി വളരുകയുള്ളൂ. നാം ആഗ്രഹിക്കുന്നതിനെ തരുന്ന ദൈവം ന മ്മിൽ തന്നെയുണ്ട്. ആ ദൈവം നമ്മു ടെ ആത്മാവാണ്. മനുഷ്യന്റെ ആഗ്ര ഹങ്ങളും പ്രാർത്ഥനകളും അവന്റെ വിചാ രങ്ങളോടും കർമ്മങ്ങളോടും യോജിച്ചിരിക്കുന്ന തെങ്കിലേ ഫലപ്രാപ്തങ്ങളാകയുള്ളൂ.

ഈ സ്ഥിതിയെ സാധാരണത്തിൽ നോക്കിയാൽ മനുഷ്യനു മോക്ഷം യഥാർത്ഥത്തി ലും തന്നെ മാത്രം പരിഷ്കരിക്കുന്നതിനു ശ്രമിക്കുന്നില്ലായ്കയാലാണ് അവന്റെ മോ ക്ഷം വ്യർത്ഥമായിത്തീരുന്നത്. ദുഃഖങ്ങളു ടെ പ്രതിബന്ധങ്ങളെയും ലോകത്തിലൊന്നും ബാ ധപ്പെടാത്ത മനുഷ്യൻ മാത്രമേ താൻ പ്രവേശി

ച്ചിരിക്കുന്ന കർമ്മത്തിൽനിന്ന് മരിച്ചാലും പിന്മാറാതിരിക്കയുള്ളൂ. ഈ വാസ്തവം ലൌകികമായും പാരത്രികമായുമുള്ള എല്ലാ പരിശ്രമങ്ങളേയും സംബന്ധിച്ചും, ധനസമ്പാദനത്തെ പ്രധാനപുരുഷാർത്ഥമായി അംഗീകരിച്ചവൻ കൂടി [illegible] തയ്യാറാവേണ്ടിയിരിക്കുന്നു. [illegible] ഉത്സവവും വലുപ്പവുമുള്ള ഉൽകൃഷ്ടജീവിതത്തെ കാംക്ഷിക്കുന്നവനു എത്രമാത്രം കഷ്ടപ്പെടേണ്ടതാണ്.

ഇതാ, ഒരു മനുഷ്യൻ കഠിനമായ രോ[illegible] [illegible] അവന് തന്റെ [illegible] സൌകര്യങ്ങളും വൃദ്ധി[illegible]ണമെന്ന് ആഗ്രഹമുണ്ട്. എന്നിട്ടും അവൻ അതിനൊത്തവണ്ണം പ്രയത്നിക്കുന്നതിൽ വിമുഖനായിത്തീർന്നിരിക്കുന്നു. [illegible] തനിക്കു കിട്ടുന്ന ലാഭവും [illegible] വെച്ച് [illegible] അവൻ [illegible] ക്കുന്നു. ഈ മനുഷ്യൻ [illegible] വിതത്തിന് [illegible] ഇനിയും [illegible] ല്ല. അവൻ [illegible] നിന്ന് [illegible] [illegible], [illegible], [illegible] സംബന്ധിച്ച വിചാരങ്ങളെ [illegible] [illegible] [illegible] [illegible] [illegible] [illegible]ന്നിരിക്കുന്നു.

ഇതാ, [illegible] [illegible] ധനികൻ [illegible] വലയുന്നു. അവൻ ആ വ്യാധിയിൽനിന്ന് വിമുക്ത[illegible] [illegible] [illegible] [illegible] [illegible] [illegible] [illegible]ത്താനാണ്. [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ഇനിയും [illegible] [illegible] [illegible] [illegible] [illegible] [illegible] ഇനിയും [illegible].

ഇതാ, [illegible]

[illegible] തന്നെ [illegible] [illegible] [illegible] അവൻ [illegible] [illegible] അവൻ തന്നെ [illegible] [illegible], അവൻ [illegible] ഞാൻ ഈ [illegible] [illegible] [illegible] ഉദാഹരിച്ചത്. ഇത്തരം [illegible] [illegible] [illegible] [illegible] പ്രകാശിപ്പിച്ചിട്ടുള്ളതാണ്. [illegible]

ല്ലം അറിവിലെ ആവശ്യമില്ല. ഇത്രയും പറഞ്ഞതിൽനിന്നുതന്നെ വായനക്കാർ മനസ്സുകൊണ്ടു വിചാരിക്കയും ചെയ്യുന്നവരെയും തങ്ങളുടെ മനസ്സിലും ജീവിതത്തിലും വിചാരങ്ങളും പ്രവൃത്തിക്കുന്ന ക്രമത്തെ എളുപ്പത്തിൽ കണ്ടുപിടിപ്പാൻ കഴിയും.

കന്നത്തു ജനാർദ്ദനമേനോൻ

പാശുപതപ്രയാണം



കാശ്മീരരാജാവിന്റെ രാജധാനിയിൽ നിന്നു് ഏകദേശം അറുപതു നാഴിക വടക്കായിട്ടു പാശുപതം എന്നൊരു മഹാക്ഷേത്രമുണ്ടു്. ആ ക്ഷേത്രത്തിനു പാശുപതം എന്ന പേര സിദ്ധിച്ചതു് അവിടെയുള്ള പ്രതിഷ്ഠ പാശുപതാസ്ത്രം അർജ്ജുനനു കൊടുത്ത ശിവനാണെന്നാണു്. ആ പ്രദേശം മുഴുവനും ഹിമാലയപർവ്വതമാണെന്നു പറയേണ്ടതില്ലല്ലോ. ആ ക്ഷേത്രത്തിൽ ദർശനത്തിനായി പോകുന്നവർ പോകേണ്ട വഴി പലപ്പോഴും മനുഷ്യസഹായംകൂടാതെ നിവൃത്തിയില്ല. വഴിയിൽ പല ദുർഘടങ്ങളുമുണ്ടാകാം. ചിലപ്പോൾ സ്ത്രീകൾ മറ്റും സഹായം അത്യാവശ്യമാണു്. സാധാരണയായി പാശുപതത്തെ ദർശനത്തിനു പോകുന്നവർ കാശ്മീരത്തുചെന്നു താമസിക്കയാണു പതിവു്. ചിലപ്പോൾ കൂട്ടരെ കിട്ടുവാൻ രണ്ടോ മൂന്നോ മാസം താമസിക്കേണ്ടിവരുന്നതാണു്.

കൂട്ടരെ കിട്ടിയാൽ പിന്നെ മഹാരാജാവിനെ അറിയിക്കയാണു വേണ്ടതു്. മഹാരാജാവു പരിവാരങ്ങളെ ആറും കൂട്ടത്തിലിരുന്നു എന്നു ചോദിക്കയും പോകുന്നവർക്കു വേണ്ടുന്ന കമ്പിളി, കുപ്പായം, തൊപ്പി മുതലായ ഉടുപ്പുകൾ കൊടുക്കയും ചെയ്യും. പോകുന്നവരെ ദേവപരിശോധിപ്പിക്കയാണു പതിവുണ്ടു്. രണ്ടോ മൂന്നോ ദിവസം പോകുന്നവരെ സുഖമായി സൽക്കരിച്ചു താമസിപ്പിച്ചു നല്ലദിവസത്തിൽ യാത്രയയക്കുകയും ചെയ്യും.

യാത്രക്കാർ പുറപ്പെട്ടന്നു പുറമേ എല്ലാവരും കൂടി സന്തോഷമായിരിക്കും. ഇവർ മടങ്ങി തിരിയെ എത്തുന്നതിന്നു മുമ്പു മഹാരാജാവു് നേരത്തെ ദിവസം ആഹാരം കഴിക്കുക പതിവില്ല. ചിലപ്പോൾ വഴിമദ്ധ്യത്തിൽ യാത്രക്കാർ മരിച്ചുപോയതുകൂടി കേട്ടിട്ടുണ്ടെങ്കിലും ആരും തിരികെ വരാതെ കണ്ടിട്ടില്ല. പ്രാണഹാനിക്കിടയാകാവുന്ന ഈ പ്രയാണത്തിനു വളരെ വൈരാഗ്യമുള്ളവർ മാത്രമേ പുറപ്പെടുകയുള്ളു. ഒരു കൊല്ലത്തിലും ഇരുപത്തിൽ അധികം ആളുകൾ പോവുകയുണ്ടായിട്ടില്ലെന്നാണു കേൾവി.

പോകുന്ന വഴി വളരെ ദുർഘടമാണു്. മനുഷ്യന്റെ ശക്തികൊണ്ടു് ആളെ അന്വേഷിക്കുന്നതും അറിവാനുംകൂടി കഴികയില്ല. വഴിക്കു രണ്ടോ മൂന്നോ പുഴകൾ കടപ്പാനുണ്ടു്.

ഈ പുഴകൾ മഞ്ഞുകട്ടികൊണ്ടു നിറഞ്ഞിരി രിക്കും. കടന്നുപോകുമ്പോൾ ആളുകൾക്കുണ്ടാകുന്ന അസഹ്യത അനുഭവിച്ചവർക്കു മാത്രമെ അറിവാൻ പാടുള്ളു. ഇതിനെ പത്തുനാഴികയോളം ചെല്ലുമ്പോൾ പോകുന്ന വഴിയിൽനിന്നു നാലുമൈലു പടിഞ്ഞാറായിട്ടു മരതകമയമായി ഒരു പാറ കാണാം. അതിന്റെ മുകളിലുള്ള വിഗ്രഹം കണ്ടാൽ സാക്ഷാൽ ഹനൂമാൻ എഴുന്നെള്ളിയിരിക്കുയാണെന്നു ശങ്കിച്ചുപോകും. വിഗ്രഹം മനോഹരം ഉയരമുള്ളതാണ്. ഒരു കയ്യിൽ ഗദയും മറ്റതു താമരയും ഇതിനൊരാൺ ധ്യാനം. ഹനൂമാന്റെ നിറവും മഞ്ഞളിന്റെ തന്നെയാണ്. മാർഗ്ഗത്തിന്റെ രുചിയിൽ ചെന്നു വന്ദിച്ചുകഴിഞ്ഞാൽ തൊപ്പിയും കുപ്പായവും വസ്ത്രങ്ങളും എല്ലാം ഉപേക്ഷിക്കണം. ബ്രാഹ്മണനാണെങ്കിൽ പൂണൂന്നൽമാത്രം ഉപേക്ഷിക്കേണ്ട. അവിടെ നിന്നുള്ള യാത്ര അവധൂതനായിട്ടാണ്. തണുപ്പാണെങ്കിൽ സഹിക്കവയ്യാ. കണ്ണും കാണുകയില്ല. ഇതിനെ ബുദ്ധിമുട്ടി ഹിമാലയത്തിലുള്ള പ്രദേശത്തിൽകൂടെ കടന്നുപോകണം. പോകുന്നവർ കൈകോർത്തുപിടിച്ചു നടക്കുകയാണ പതിവ്. ഇതിനൊക്കെയെല്ലാം ബുദ്ധിമുട്ടി പകൽ ഒരു മൂന്നു മണിയാകുമ്പോൾ സാക്ഷാൽ പുണ്യസ്ഥലമെത്തും. ആ ക്ഷേത്രത്തിന്റെ സ്വഭാവം പറയേണ്ടതുള്ള ക്ഷേത്രത്തിന്റെ മാതിരിയാണ്. ക്ഷേത്രം കണ്ടാൽ മഞ്ഞുകൊണ്ടുണ്ടാക്കിയതാണെന്നുതോന്നും.

അവിടെച്ചെന്നാൽ സ്വാമിയെ ദർശനം ചെയ്യേണമെന്നില്ല. വലിയമ്പലത്തിൽ ചെന്നിട്ട പരമേശ്വരനേയും ശ്രീപാർവ്വതിയേയും ധ്യാനിച്ചുകയാണ വേണ്ടത്. ധ്യാനത്തിന്റെ സമ്പ്രദായം മുമ്പേ പോയി പരിചയിച്ചിട്ടുള്ള ആളുകൾ ഉപദേശിക്കുന്നതാണ്. ഒന്നോ രണ്ടോ നാഴിക ധ്യാനം കഴിഞ്ഞാൽ പാർവ്വതീപരമേശ്വരന്മാർ പരന്തിന്റെയോ, പ്രാവിന്റെയോ, മൈലിന്റെയോ സ്വരൂപത്തിൽ ശ്രീകോവിലിൽനിന്നു പറന്നുവന്നു ധ്യാനക്കാരുടെ മുമ്പിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്ന് ഒടുവിൽ ശ്രീകോവിലിലേക്ക തന്നെ പോകും. ഇതിനെന്റെ പക്ഷികളുടെ സ്വരൂപത്തിൽ വരുന്ന പാർവ്വതിയും പരമേശ്വരനും ആണെത്രെ. ഞാൻതന്നെ ഒരു തവണ പ്രാവായിട്ടും ഒന്നാമത്തെ തവണ പരുന്തായിട്ടും കണ്ടിട്ടുണ്ടായി പറയുന്നു. ഇത് ഒരു അതിശയോക്തിയാണെന്നു പറവാനില്ല. ഇക്കാലത്തിൽ കഴിഞ്ഞുവരുന്ന നമ്മുടെ കൂട്ടക്കാർ ധാരാളം കണ്ടിട്ടുള്ളതാണല്ലൊ.

പക്ഷികൾ പോയാൽ ഉടനെ ധ്യാനത്തിൽനിന്നു വിരമിച്ചു പുറപ്പെടാം. അപ്പോൾ ജന്മസാഫല്യം വന്നുവെന്നു തോന്നിപ്പോകും. ഇങ്ങിനെയുള്ള യാത്രയുടെ കഥയുടെളുടെ അധികം വിഷമമാണ്. എന്നാൽ ഹനൂമാന്റെ മുമ്പിൽ എത്തിയാൽ മുമ്പ് ഉപേക്ഷിച്ചിട്ടുള്ള സാധനങ്ങളെ സ്വീകരിക്കാവുന്നതുകൊണ്ട് അല്പം ആശ്വാസമാകുന്നു. നാലഞ്ചു നാഴിക കഴിയുമ്പോഴേക്ക് ആദിത്യൻ അസ്തമിക്കും. കഠിനമായ തണുപ്പ് ഭയങ്കരമായ ഇരുട്ടും കൂടിയ സമയത്തു ഈ മടക്കത്തിൽ കടക്കാത്തവരാരേയുമില്ല. എന്നാൽ ചിലർ ജീവനോടെ വരാറുണ്ട്. എന്നാൽ മടങ്ങി വരുമ്പോൾ മരിക്കുന്നവർക്ക സദ്ഗതി കിട്ടുമെന്നാണ വിശ്വാസം.

ഏകദേശം പത്തുമണിയോടുകൂടി കാട്ടിലൂടെ തിരികെ എത്തും. രാജധാനിയിൽ രണ്ടുനാഴികയോളം ഇരുന്നിട്ടു വന്ന് തിരികെകൊണ്ടുപോയി രാജസന്നിധിയിൽ എത്തിക്കും. രാജാവു വളരെ ഉപചാരങ്ങളും ശുശ്രൂഷകളും ചെയ്തു സുഖമാക്കും

ടെ ചികിത്സകളും അടങ്ങിയ വിദ്യയത്രേ താണ്. ഈ പുണ്യസ്ഥലത്തേക്ക് ആളുക ളെ ആകർഷിക്കുന്നത് ഒരു വിശിഷ്ടകർമ്മമായി ട്ടാണ് മഹാരാജാവു വിചാരിക്കുന്നത്. കല ശ്രേയസ്സിനുപകരിക്കും വിധം ... നടത്തിട്ടുണ്ടെന്നു പറഞ്ഞു ഇന്നാട്ടിൽ പ്രശം സിക്കാറുള്ളതുപോലെ ആ നാട്ടുകാർ പാ ശുപതത്തേക്ക് അനേകം പ്രാവശ്യം ആ ളുകളെ അയച്ചിട്ടുണ്ടെന്നു പറഞ്ഞു മഹാരാ ജാവിനെ സ്തുതിക്കുക പതിവാണ്.

കുടലാറ്റുപുറത്തു കരുണാകരൻനമ്പൂതിരിപ്പാട്

ലഘുപാണിനീയം*

ഒരു കേവലശാസ്ത്രജ്ഞൻ ശാസ്ത്രത്തി ന്റെ പരിപുഷ്ടിയെ മാത്രം വിചാരിച്ചു കൊണ്ടായിരിക്കുന്നു. എന്നാൽ ലോക ത്തിന്റെ ഉപയോഗമാണ് ശാസ്ത്രപരിപു ഷ്ടിയുടെ മാനദണ്ഡമെന്ന് ഇന്നാട്ടിൽ അ റിയുന്നവരുമുണ്ട്. ലോകത്തിന്റെ പ്ര യോജനത്തെക്കാൾ തങ്ങളുടെ പ്രജ്ഞാശ ക്തിയെ വിനിയോഗിപ്പാനുള്ള അവസരമു ണ്ട് ഇക്കാലത്ത് പ്രിയതരമായിരിക്കുക. ഇവർ ശാസ്ത്രീയങ്ങളായ വസ്തുക്കളെ കൈവ ശപ്പെടുത്ത് അവയോടൊന്നിച്ചു മ നോരാജ്യത്തിൽ താമസിച്ചു കാലം കഴിക്കു ന്നവരാണ്. ബാഹ്യലോകത്തിന്റെ ഗതിഭേ ദം അവരെ ബാധിക്കുന്നതല്ല. ശാസ്ത്രജ്ഞ ന്മാരായ ലൗകികന്മാരുടെ സ്ഥിതി ഇതി ൽനിന്നു തീരെ വ്യത്യാസപ്പെട്ടതാണ്. അവർ ലോകത്തെ പ്രധാനമായും ശാസ്ത്ര ങ്ങളെ ലോകവ്യവഹാരത്തിനുപകരിക്കുന്ന സാമഗ്രികളായും ഗണിച്ചുവരുന്നു. ലോകോ പകാരത്തിനു പ്രതിബന്ധമായി വർത്ത ക്കുന്ന ദോഷങ്ങളും അവയുടെ പരിഹാരങ്ങളെ യും, ഇവരുടെ ദൃഷ്ടിയിൽ പെടുന്നതുപോ ലെ ശാസ്ത്രജ്ഞക്കൂട്ടരുടെ ദൃഷ്ടിയിൽ പെടു കയില്ല. പ്രസ്തുതപുസ്തകത്തിന്റെ പിതാ വ് താനൊരു പറഞ്ഞ അക്കൂട്ടത്തിൽ മാത്രം ക യാണെന്ന് ഓർത്താൽ ഈ ലഘുപാണി നീയമെന്ന സംസ്കൃതവ്യാകരണഗ്രന്ഥം വി ശദമാകയിരിക്കുന്നു.

'ഉത്തമമായാലും അധമമായാലും' പ്ര ചാരം കാണുന്ന ഭാഷയെ പഠിച്ചു സ്വാധീന മാക്കുവാൻ വ്യാകരണസഹായം കൂടാതെ കഴികയില്ല. എന്നാൽ സംസ്കൃതം പഠിക്കു വാൻ പുറപ്പെടുന്ന ഉള്ളതും വിദ്യാർത്ഥികളി ൽതന്നെ വ്യാകരണമൊന്നും നോക്കാൻ ഇ ടയില്ലാത്തവരും, അഥവാ ഇനി അതുകൊണ്ട് ത ന്നെ ഫലം സിദ്ധിക്കുന്നവരും വളരെ ദു ർല്ലഭമാണ്. ഈ വൈഷമ്യത്തിനും വൈ ഫല്യത്തിനുമുള്ള മുഖ്യകാരണം പാണിനി യുടെ 'സൂത്രപ്പണി'യിലുള്ള ഗ്രഥനവും, 'അനാകാംക്ഷിതാത്' എന്ന സൂത്രത്തെ മ റ്റൊരു പ്രകരണത്തിലേക്കു പാകമാക്കുവാ നായി 'അനാകാംക്ഷ+അ+ത+ഇത്' (1) എന്നു മുറിച്ചു 'ക്താദയഃ' (വ്യാഖ്യാ

* ലി. വി. രാഘവൻപിള്ള, തിരുവനന്തപു രം; വില 2 ക.

(1) 'അപ്പൂപ്പമിതി സ്ഥാനേ' എന്ന സൂത്ര ത്തിലെ ഭാഷ്യം നോക്കുക.

ക്ഷർ) മുതലായവരുടെ കൈകണക്കിന്റെ കാരിന്ദ്യവും തന്നെയാണ്. ഇതിനെ ലൊകോപകാരം കരുതുകിടക്കുന്ന 'പാണിനീയകാന്താര'ത്തിൽ മന്ദബുദ്ധികൾക്കു പ്രവേശിപ്പാനുള്ള മാർഗ്ഗമായിട്ടാണ ശ്രീ രാജരാജവർമ്മനിർമ്മിതമായ ലഘുപാണിനീയം. വളരെക്കാലമായി സംസ്കൃതാദ്ധ്യാപനത്തിൽ പരിശ്രമിച്ചുവരുന്ന അവിടുന്ന വിദ്യാർത്ഥികളുടെ ശബ്ദബോധത്തിന്നനുകൂലമാകുന്ന മാർഗ്ഗങ്ങളെ അനുഭവംകൊണ്ടറിഞ്ഞിട്ടുണ്ടായിരിക്കുമല്ലോ. അതുകൊണ്ട് അവിടുത്തെ ഈ വ്യാഖ്യാനരീതി വിദ്യാർത്ഥികൾക്കു രചിക്കുമെന്ന തന്നെയാണ വിചാരിക്കേണ്ടത്. സൂത്രങ്ങളെ ഉദ്ധരിച്ചു കൊണ്ടുവരുന്നതിന്ന മുമ്പായി, പ്രതിപാദിപ്പാൻ പോകുന്ന വിഷയത്തിന്റെ സംക്ഷേപത്തോടും ഉദാഹരണങ്ങളോടും കൂടി സ്പഷ്ടമായി എഴുതിച്ചേർത്തിട്ടുള്ള വിവരണങ്ങളും ഈ വൃത്തിയുടെ മെച്ചങ്ങളിലൊന്നാണ്. അതു വിദ്യാർത്ഥികൾക്കെന്നല്ല ശാസ്ത്രജ്ഞന്മാരായ പണ്ഡിതന്മാൎക്കും ഉപകരിക്കുമെന്ന ഞങ്ങൾ വിശ്വാസത്തോടെ അഭിപ്രായപ്പെടുന്നു.

പുതിയ വ്യാകരണങ്ങളുടെ പ്രസ്ഥാനത്തെ അനുസരിച്ചുകൊണ്ടാണ ലഘുപാണിനീയത്തിലും വിഷയവിഭാഗം ചെയ്തിരിക്കുന്നത്. അഷ്ടാദ്ധ്യായിയിലെ പ്രമേയത്തെ ശിക്ഷാകാണ്ഡം, പരിനിഷ്ഠാകാണ്ഡം, നിഷ്പന്നകാണ്ഡം, സൂക്ഷ്മകാണ്ഡം എന്നിങ്ങനെ നാലായി വിഭജിച്ചിട്ടുള്ളതിൽ ഗ്രന്ഥകർത്താവു കാണിച്ചിട്ടുള്ള മനോധൎമ്മം, അവാന്തരപ്രകരണങ്ങളിലെ വിഷയനിരൂപണം ക്രമപ്പെടുത്തുന്നതിലും കൂടി പ്രദർശിപ്പിച്ചിരുന്നാൽ ഇപ്പുസ്തകം ഇതിലധികം നന്നാകുമായിരുന്നു. സൂത്രക്രമമായാണ പിണഞ്ഞുകിടക്കുന്ന വിഷയത്തിൽ ഇത്രത്തോളമെങ്കിലും ക്രമം വരുത്തിയതു പ്രശംസനീയം തന്നെയാണ്. പലേടങ്ങളിലും പാണിനീയസൂത്രക്രമത്തെ അനുസരിച്ചു നിൎദ്ദേശമായി പ്രക്രിയ കാണിച്ചിട്ടുള്ളതുകൊണ്ടു ലക്ഷ്യം കാണാതെ ലക്ഷണം ധരിപ്പാനുള്ള ക്ലേശം ഇപ്പോഴും ഏറെക്കുറെ നിലനില്ക്കുന്നുണ്ട്. വരുവാൻ പോകുന്ന പ്രക്രിയകളെ സിദ്ധവൽകരിച്ചുകൊണ്ടുള്ള ഉദാഹരണങ്ങളും അധികമായിട്ടുണ്ട്. ഈ സംഗതികൾ വിദ്യാർത്ഥികളുടെ ശബ്ദബോധത്തിന്ന പ്രതിബന്ധമായി തീരുന്നതുമാണ്. ഈ അംശത്തിൽ ഗ്രന്ഥകൎത്താവു കുറെക്കൂടി ശ്രദ്ധവെച്ചിരുന്നുവെങ്കിൽ ഇപ്പുസ്തകം 'പ്രാരംഭണസാമഗ്ര്യവിരഹാൽ ഗുണിനാം പരാങ്മുഖീ വിശേഷജ്ഞപ്രവൃത്തിഃ' എന്ന വാക്യത്തിന്ന ഒരു പ്രത്യുദാഹരണമായി തീരുമായിരുന്നു.


പാണിനീയത്തിൽനിന്ന നാലിലൊരംശത്തെ സാധിപ്പാനുള്ള സൂത്രങ്ങളെ തിരഞ്ഞെടുത്തു നിൎമ്മിച്ച ലഘുപാണിനീയത്തിലും 'അണോഽപ്രഗൃഹ്യസ്യാനുനാസികഃ' ഇത്യാദികളായ അനാവശ്യകസൂത്രങ്ങൾ ഒന്നല്ലിൽ പതിവുപോലെ ഒന്നും താഴമായി കരിയാതെ കൂടിട്ടുണ്ട്. ഏതിലും അധികം ഉപയോഗമുള്ള സൂത്രങ്ങൾക്കാണ തിരഞ്ഞെടുപ്പിൽ പ്രാധാന്യം നല്കിട്ടുള്ളത്. ക്രമഭംഗം വിട്ടു ലൌകികപ്രധാനമായി പുറപ്പെട്ടിട്ടുള്ള ഈ പുതിയ പുസ്തകത്തിൽ ശാസ്ത്രജ്ഞന്മാർക്ക പല ദൂഷ്യങ്ങളുമുണ്ടാവാം. വിഷയത്തിന്ന പരിപൂൎത്തി വന്നിട്ടില്ലെന്നുള്ള ശങ്കയും ജനിച്ചേക്കാമെന്നതിന്നെല്ലാം ഗ്രന്ഥകൎത്താവിന്റെ സമാധാനം ഇങ്ങിനെയാണ്.

'മന്ദേ വൈയാകരണാധിരാജ്യപദവീ
സിംഹാസനാധിഷ്ഠിതാം
ദൃഷ്ട്വാ ധർമ്മമതി പാണിനിം സ വിധിയ
കഷ്ടം സമാരോഹതു

സിദ്ധ്യന്തം ലഘുസൂത്രജാലമുടനെ
വ്യാഖ്യാതിനാസീനത,
പ്രൈനാണസെവിതുമൊന്നുകനു ബിംബത്തു
ഒെസ്വപരം മറ്റൊന്നൊരാ.

മൂലപുസ്തകത്തിൽ ചേൎത്തിട്ടില്ലാത്ത അച്ചടിപ്പിഴകൾക്കു പുറമെ ഗ്രന്ഥകൎത്താവിൻെറ അനവധാനതയാലൊ 'വസ്തുവിൻെറ അത്യൎജ്ജിതത്വ'ത്താലൊ വന്നുപോയിട്ടുള്ള ചില സ്ഖലിതങ്ങളും അടുത്ത പതിപ്പിൽ നീക്കംചെയ്തു കാണുമാറാകേണ്ടിയിരിക്കുന്നു. അദ്ദേഹത്തിൻെറ പ്രയത്നങ്ങളുടെ കൂട്ടത്തിൽ 'ഉദാഹരിച്ചത്'ത്തെയും കണക്കാക്കിട്ടുള്ള സ്ഥിതിക്ക് 'നാമ്ശബ്ദ' എന്ന സൂത്രത്തിൻെറ ഉപന്യാസനംതന്നെ അനാവശ്യമായിരിക്കുന്നു. ഈ അംശത്തിൽ സൂത്രവാക്യങ്ങളുടെ സ്ഥാനവും വന്നുപോയിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. 'നോമ ന്ന' എന്നതിൻെറ ഉദാഹരണത്തിൽ 'അല്ലരി' എന്നുകൂടി ചേൎത്തിട്ടുള്ളതു പ്രാമാദികമാവാനെ തരമുള്ളൂ. 'നാമ്രൂപപ്രദേശങ്ങൾ' എന്ന സൂത്രത്തിലെ 'ക്ലിഷ്ടം' എന്ന ക്രിയാപദം വ്യാകരണഗ്രന്ഥത്തിലാകയാൽ പ്രത്യേകിച്ചും അക്ഷന്തവ്യമാണ്. ഈ വക ചില്ലറസ്ഖലിതങ്ങളെ ചൂണ്ടിക്കാണിക്കുന്നതു ഗ്രന്ഥകൎത്താവിൻെറ പ്രയത്നത്തിൽ പങ്കുകൊള്ളുവാനുള്ള കൌതുകംകൊണ്ടല്ലാതെ ദോഷൈകദൃക്കുകൊണ്ടാണെന്നു വായനക്കാർ തെററിദ്ധരിക്കയില്ലെന്നാണു ഞങ്ങളുടെ വിശ്വാസം. ശാസ്ത്രീയമണിയങ്ങളായ അസംഖ്യം കാൎയ്യങ്ങളെ ഉദ്ദേശിച്ചിട്ടും സാഹിത്യപ്രണയംകൊണ്ടു ഈ വക ഗ്രന്ഥങ്ങളെ നിൎമ്മിച്ചു ലോകോപകാരം ചെയ്യുന്ന ഗ്രന്ഥകൎത്താവിനു വിജയാശംസ ചെയ്തുകൊണ്ടു സംക്ഷിപ്തമായ ഈ നിരൂപണം അവസാനിപ്പിച്ചുകൊള്ളുന്നു.

മറിമായം



കൃത്രിമപുഷ്പങ്ങൾ കൺകൾക്കും കാഴ്ചയ്ക്കുമാത്രം ഉപയോഗിക്കുന്നവയാണെങ്കിൽ അതിനെപ്പററി ഒരു അഭിപ്രായഭേദത്തിനിടയില്ല. അത് മനോഹരികളല്ലാത്ത വല്ല വസ്തുക്കളുടെയും മോടിക്കു ശോഭാവിശേഷമായിട്ടുള്ളതാകയാൽ പ്രയോഗിക്കുന്നവർ വിശേഷിപ്പിച്ച ദോഷശീലരാവാൻ തരമില്ലല്ലൊ. ദീപട്ടികൊണ്ടുള്ള ചെപ്പു മുതൽ കണ്ടിക്കുവരുന്നത്, ഒരോ കൂട്ടർ കുറി കൊണ്ടു തട്ടിപ്പറിക്കാനായാൽ അതിലും വിസ്മയജനകമായൊന്നുമില്ല. എന്നാൽ, കൃത്രിമസാധനം പുഷ്പ ആകൃതിയും പ്രകൃതിയുമൊപ്പിച്ച്, മറവുള്ളവൎക്ക് സംശയത്തിനിടകൊടുക്കാതെ, സന്ദൎഭാനുരൂപമായി ചെയ്തുമാറി, മറിമായംകൊണ്ട് ധനസമ്പാദനം ചെയ്യുന്നതു ഒരു ശീലമായി സ്വീകരിച്ചിട്ടുള്ള ഒരു വകക്കാരുണ്ട്. ഇവരുടെ ആസ്ഥാനഭൂതമായ മനോധൎമ്മവിലാസത്തെ ഒരു പ്രകാരത്തിൽ മാത്രമാണിപ്പോൾ നിവൃത്തി കാണുന്നുള്ളു: "കള്ളനെ കള്ളൻെറ ഉള്ളറിയുക" എന്ന പറയുന്ന കൂട്ടർ ഇവരാണ്. കോപ്പിയുള്ള വേഷം, ധാടിയോടുകൂടിയ വാക്ക്, പ്രസന്നമായ മുഖഭാവം ഇവകൊണ്ടു

[illegible] തിരുവാൻ ഒരു പ്രത്യേകവാസന മറിമായക്കാരനു സുലഭമാണ്. ഇവന്റെ മായാവിലാസങ്ങളിൽ "എന്റെ", "നിന്റെ" എന്നുള്ള വസ്തുക്കളുടെ അവകാശനിയമമൊന്നും പാസ്സാക്കിട്ടില്ല. മാവു [illegible] തിക്കിലുള്ളതെങ്കിൽ അത് ഇസ്ലാമിക ബോധകവുമല്ല. അന്യന്റെ ധനത്തെ പിടിച്ചടക്കുന്നത് അന്യായമാണെന്നും ദോഷമാണെന്നും നമുക്ക് തോന്നാമെങ്കിലും മറിമായക്കാരന് അതൊരു നേരമ്പോക്കാണ്, ഇപ്പോഴും ചിലപ്പോൾ [illegible] അഥവാ, 'കൈപ്പിഴ'യോ ആണെന്നും സമാധാനപ്പെടും. ഇങ്ങിനെയുള്ള പെരുവള്ളന്മാരുടെ കൂട്ടത്തിൽപ്പെട്ടിട്ടുള്ളവർ പലരുണ്ട്. 'ഇസ്ലാമിയ'യിലെ അലാവുദ്ദീൻ സബീജുഖ്'ഖി എന്ന [illegible] ആ സമർത്ഥനായ മായാവിനെ പരിചയിച്ചിരിക്കും.

വലിയ പട്ടണങ്ങളിൽ, തിരക്കേറിയ [illegible], നാടകശാലകളിൽ, ഇവരെല്ലാമാണ് മറിമായക്കാരെ സാധാരണയായി കാണാറുള്ളത്. പുരാണികളായ [illegible] അവരുടെ [illegible], അതിലുള്ളതിൽ ഉയർന്ന ഉദ്യോഗസ്ഥന്മാരെ ആക്ഷേപിച്ചു ഇവരെ കണ്ടാൽ [illegible] അന്യായമായി [illegible] അവരോടു [illegible] ചിത്രങ്ങളും [illegible] യില്ല. ഇതിന് [illegible] സായ്വ് [illegible] ചില [illegible] അവരെ [illegible]. ഇവ [illegible] കഥകളുണ്ട്. അവയിൽ ചിലതു [illegible] മനസ്സിലാക്കാൻ വിചാരിക്കുന്നു.

ഒരിക്കൽ ഒരാൾ ഒരു വലിയ പട്ടണത്തിൽ ചെന്ന് നഗരിക്ക് പ്രധാനമായി കച്ചവടം നടക്കുന്ന സ്ഥലത്ത് ഒരു വലിയ കച്ചവടമാളിക എടുത്താരം മാസങ്ങൾക്കുള്ള വാടകക്കു വാങ്ങിച്ചു. താൻ ഒരു വലിയ വ്യാപാരിയാണെന്നും തന്റെ സ്വദേശത്തിൽ നടക്കുന്ന കച്ചവടത്തിന്റെ ഒരു ശാഖ പട്ടണത്തിൽ ഇവിടെ സ്ഥാപിപ്പാൻ വിചാരിക്കുന്നുവെന്നും മറ്റും പീടികയുടെ ഉടമസ്ഥനെ പറഞ്ഞു ധരിപ്പിച്ചു. സ്ഥലം പരിശോധിച്ചതിൽ, തന്റെ കച്ചവടത്തിന്റെ സ്ഥിതിക്കു മാളികയുടെ താഴത്തെ മുറിയിൽ നിന്നുതന്നെ മുകളിൽ പ്രവേശിക്കുന്നതിനു സൗകര്യമുണ്ടാവാൻ തക്കവണ്ണം ഒരു കോണി വെട്ടി വെക്കുന്നത് ആവശ്യമാണെന്നും, അതിനു വേണ്ടിവരുന്ന ചിലവു വാടകയിൽ വകയാക്കിത്തരാമെന്നും, തൽക്കാലം താൻതന്നെ കയ്യിൽ നിന്നു ചിലവു ചെയ്തുകൊള്ളാമെന്നും നമ്മുടെ വ്യാപാരി അഭിപ്രായപ്പെട്ടു. മുകളിലുള്ള കച്ചവടത്തിനു അപ്പോഴത്തേയ്ക്കു കോണി കാര്യക്കാരനായിരുന്നതിനാൽ കച്ചവടക്കാരന്റെ ആവശ്യം ന്യായമാണെന്നു തോന്നി ഉടമസ്ഥൻ അതിനു സമ്മതിച്ചു. കോണി പണി തീർന്നു. എന്നാൽ, മുകളിലെ മുറിയിലേക്കു കോണി എത്തിയ സ്ഥലത്തുതന്നെ നേരെ മുമ്പിലായി ഒരു കടയുണ്ട്. കോണിക്കുള്ളിലുള്ള വാതിലിന്റെ നേരെ നോക്കിയാൽ, കേൾപ്പാനൊത്ത വിധത്തിൽ, ചോട്ടിൽ നിന്നു മുകളിലേക്കു ഒരു പ്രവേശനമുണ്ടെന്ന് ആർക്കുംതന്നെ മനസ്സിലാകയില്ല. കുറെ ദിവസം കഴിഞ്ഞു. സംശയിക്കാൻ സ്ഥാനമൊന്നും കൊടുക്കാതെ കച്ചവടം ഇതിനും ആരംഭിച്ചിട്ടില്ല [illegible]. [illegible] ആ കോണി സ്ഥാപിച്ചിട്ടുള്ള [illegible] മുറിയുടെ വാതിൽ സാധാരണയായി തുറക്കപ്പെട്ടില്ല. ഒരു ദിവസം ഈ വ്യാപാരി നല്ല ഒരു വഴിയിൽക്കൂടി അവിടെയുള്ള

[illegible] ഉണ്ണികൃഷ്ണ[illegible] അടുക്കൽ ചെന്ന് തനിക്ക് അമ്പതിനായിരം ഉറുപ്പികയുടെ ബാങ്ക്നോട്ട് ചെലവായിട്ട് മാറികിട്ടിയാൽ കൊള്ളാമെന്നും അതിന് ന്യായമായ വട്ടം [illegible] പറഞ്ഞു. അന്ന നാലുമണിക്ക്, സന്ധ്യയാ[illegible] കൂടി ഉണ്ണികൃഷ്ണൻ തന്റെ വാസസ്ഥലമായ മുൻ വിവരിച്ച മാളികയിൽ എത്തികൊള്ളാമെന്ന പറകയാൽ നമ്മുടെ വ്യാപാരി മടങ്ങിപ്പോരികയും ചെയ്തു. കൃത്യം [illegible] മണിക്ക് ഉണ്ണികൃഷ്ണന്റെ ആളും പണവും കൊണ്ടു വരമരായി. സംഖ്യ മുഴുവനും എണ്ണി തിട്ടപ്പെടുത്തി കച്ചവടക്കാരെ ബോദ്ധ്യംവരുത്തി. ആയാളും മുതൽ [illegible] ഒരു സഞ്ചിയിൽ ഇട്ടുകെട്ടി, [illegible] വെച്ച്, [illegible] ബാങ്ക് നോട്ടുകളെ[illegible] മേൽവിവരിച്ച [illegible] കടന്ന്, കോണിവഴി താഴെ [illegible] അവിടെ [illegible] ഒരു [illegible] വണ്ടിയിൽകയറി പാഞ്ഞു പോകയും ചെയ്തു. പണം കൊടുവന്നാൾ [illegible] മാത്രം ചെയ്തില്ല ഇല്ലാത്തതിനാൽ [illegible] കയ്യൂക്കുള്ള കാര്യം മനസ്സിലാക്കിയ [illegible] എന്തിനെന്നുള്ള കാര്യം കച്ചവടക്കാരൻ [illegible] ഓർത്തില്ല. ഉണ്ണികൃഷ്ണൻ അ[illegible] മാത്രം ശേഷിച്ചു.

[illegible] ഒരു സായ്‌വ് വെച്ച് [illegible] ഒരു സ്ത്രീക്ക് [illegible] അടുത്തു വന്നു, [illegible] മനുഷ്യൻ [illegible] സ്ത്രീ, [illegible] ഒരു സഞ്ചി അടുത്തുള്ള [illegible] അല്പം കഴിഞ്ഞു നോക്കിയപ്പോൾ സഞ്ചി അവിടെ കാണ്മാനില്ല. സ്ത്രീ വലിയ പരിഭ്രമത്തിലായി. സഞ്ചിയിൽ നടക്കേണ്ട കാര്യങ്ങളിൽ മാത്രം വല്ലതെ [illegible] ശ്രദ്ധ പതിച്ചിരിക്കുന്ന അടുത്തുള്ള മനുഷ്യൻ, ഈ സ്ത്രീയുടെ പെട്ടെന്നുണ്ടായ പരിഭ്രമത്തിന്റെ കാരണം ചോദിച്ചു. തന്റെ പ്രേമഭാജനമായ ഭർത്താവിന്റെ [illegible] നിർമ്മിച്ചിട്ടുള്ള ആ സഞ്ചി കാണാതായതിൽ ഉണ്ടായ [illegible] വ്യസനം അവൾ ആയാളെ അറിയിച്ചു. യഥാർത്ഥത്തിൽ സഞ്ചി മോഷ്ടിച്ച നമ്മുടെ [illegible], ആ സ്ത്രീയുടെ വ്യസനത്തിൽ [illegible] അവളെ സമാധാനപ്പെടുത്തുവാൻ ശ്രമിച്ചു. ഇദ്ദേഹത്തിന്റെ മധുരമായ വചനം [illegible] സ്നേഹവും കണ്ടു സ്ത്രീക്ക് ആയാളോടു വാത്സല്യത്തിൽ വളരെ [illegible] തോന്നി. അടുത്തുള്ള ഒരു ഹോട്ടലിൽ ചില [illegible] സ്ത്രീകളെ [illegible] പോയിരിക്കുന്ന തന്റെ ഭർത്താവിന്റെ അടുക്കലേക്കു [illegible] ആ [illegible] ചില പ്രതിബന്ധങ്ങൾ ഉള്ളതിനാൽ തനിക്കിപ്പോൾ സ്നേഹപൂർവ്വമുള്ള ഈ ക്ഷണം സ്വീകരിപ്പാൻ [illegible] [illegible] വ്യസനിക്കുന്നു എന്നും, അടുത്തൊരു ദിവസം വന്നു കണ്ടു കൊള്ളാമെന്നും പറഞ്ഞ് ആ സ്ത്രീയുടെ വാസസ്ഥലവും മറ്റും വിവരമായി ചോദിച്ചു മനസ്സിലാക്കി ഇരുവരും പിരിഞ്ഞു പോകയും ചെയ്തു. സ്ത്രീ ഹോട്ടലിൽ തന്റെ ഭർത്താവിന്റെ അടുക്കലേയ്ക്കാണ് പോയതെന്ന മനസ്സിലായ ഉടനെ കപടക്കാരനായ ആ മനുഷ്യൻ ആ സ്ത്രീയുടെ [illegible] വെച്ച്, [illegible] വിളിച്ച്, "നിന്റെ യജമാനസ്ത്രീ ഇന്ന ഹോട്ടലിൽ ഉണ്ട്; അവിടെ, കതിയതിലധികം [illegible] യാത്രക്കാരായി വന്നു

ിരുന്നാൽ ഇവിടെ ബാക്കിയുള്ള വെള്ളിക്കിണ്ണങ്ങളും മററും തന്നയപ്പാൻ പറഞ്ഞിരിയ്ക്കുന്നു” എന്നറിയിച്ചു. ഗൃഹസൂക്ഷിപ്പുകാരൻ ആരെന്നു അറിയാത്തതിനാൽ സാധനങ്ങൾ കൊടുക്കുന്നതിനു മടിയ്ക്കുന്നതിനെക്കണ്ട് നമ്മുടെ വിദ്വാൻ ഒരു [illegible] എടുത്ത്, “ഇത് നിങ്ങൾക്ക് യജമാനസ്ത്രീ അയാളുമായി തന്നയച്ചതാണ്. ഇതിൽ അവരുടെ [illegible] ഛായ വെച്ചിട്ടുണ്ട്.” എന്നും മററും കുറെ പരിഭവത്തോടെ പറഞ്ഞു. ഗൃഹസൂക്ഷിപ്പുകാരൻ ലജ്ജിതനായി ഒന്നും പറയാതെ ഉടനെ വില പിടിച്ച ആ സാമാനങ്ങളെല്ലാം എടുത്തു കൊടുത്തു. ആയാളും ഒരു പുഞ്ചിരിയോടുകൂടി അവിടം വിട്ടു തന്റെ വഴിയ്ക്ക് പോകയും ചെയ്തു. പിന്നത്തെ കഥ പറയണമോ?

ഒരു ദിവസം ഒരു മാസ്റ്റർ ബജാറയിൽ നിന്നു വലിയ ഒരു തുകയുടെ ചെക്ക മാറി ഒരു വണ്ടി പിടിച്ച് തന്റെ വീട്ടിലേയ്ക്കു പോകയായിരുന്നു. തനിയ്ക്ക് [illegible] സ്വഭാവവും മററും ആദ്യം വണ്ടിക്കാരനോട് പറഞ്ഞിട്ടുണ്ടായിരുന്നുവെങ്കിലും കുറെ ചെന്നപ്പോൾ ആയാൾ ഒന്നു മയങ്ങിപ്പോകയാൽ, വണ്ടി ഒരു ദിക്കിൽ നിർത്തി അകത്തിരിയ്ക്കുന്ന ആളോടു വിവരം ചോദിപ്പാനായി ഇറങ്ങി വന്നു നോക്കി. കഷ്ടം! വണ്ടിയിലിരിയ്ക്കുന്ന ആൾ ചത്തു കിടക്കുന്നു. വണ്ടിക്കാരൻ ഭയപ്പെട്ടു നിലവിളിച്ചു. എന്തിനു പറയുന്നു! നിമിഷനേരത്തിനുള്ളിൽ നാലുപുറവും ആൾ നിറഞ്ഞു. പെട്ടെന്നു ഉചിതമായ വസ്ത്രങ്ങൾ ധരിച്ച രസികനായ ഒരു യുവാവ്, ആൾക്കൂട്ടത്തിൽ കൂടി തിക്കിത്തിരക്കി വന്ന്, “അയ്യോ! എന്റെ അച്ഛനാണല്ലോ. എന്റെ ഏററവും പ്രിയപ്പെട്ട സ്നേഹമായ അച്ഛനാണേ.” എന്നിങ്ങിനെ ഉച്ചത്തിലായ സ്വരത്തിൽ വിലപിച്ചുകൊണ്ടും, വണ്ടിയ്ക്കുള്ളിൽ ചാടി വീണ്, പ്രേതത്തിന്മേൽ അവിടവിടെയായി പൊടിയുന്ന ചുംബിയ്ക്കുകയും മാറത്തടിച്ചു നിലവിളിയ്ക്കുകയും ചെയ്തു. കണ്ടുനിന്നവരെല്ലാം ദുഃഖിതരായി. ആ യുവാവിനു നേരിട്ട പിതൃവിയോഗത്തിൽ വ്യസനിച്ചു പലരും സാന്ത്വനവാക്കുകളാൽ ആയാളെ ആശ്വസിപ്പിച്ചു. ഏകദേശം ഒരു അരമണിക്കൂർ നേരം ഇങ്ങിനെ കഴിഞ്ഞു. തങ്ങളുടെ മകനായിരുന്നവൻ മടിയിൽ തലവെച്ചു വലംതിരിച്ചു മട്ടിൽ വണ്ടിയോട്ടാൻ കല്പന കൊടുത്തു. കുറെ ദൂരം ചെന്നപ്പോൾ ആൾ [illegible] കാണാത്ത ഒരു സ്ഥലത്ത് വെച്ച് ആയാൾ പെട്ടെന്ന് വണ്ടിയിൽ നിന്നു ഇറങ്ങി മറെറാരു മാർഗ്ഗമായി പോകയും ചെയ്തു. സാധു വണ്ടിക്കാരൻ നോക്കുമ്പോൾ മകനെവിടെ? ഉടുത്ത വസ്ത്രം മാത്രം ശേഷിച്ച ഒരു പ്രേതം വണ്ടിയിൽ കിടപ്പുണ്ട്. ആയാളുടെ പണസഞ്ചിയുമില്ല, സ്വർണ്ണഗഡിയാരവുമില്ല, ഒന്നുമില്ല. സമർത്ഥനായ ആ മകൻ പറിച്ച കാര്യം എന്തിനെന്ന് [illegible] കേട്ടുവോ?

മനോഹരമായ വിധത്തിൽ വസ്ത്രധാരണം ചെയ്ത്, ഇരുട്ടത്തിലെയോ പുതിയ വണ്ടിയിൽ കയറി, ഒരിക്കൽ, ഒരു സ്ത്രീ ഒ[illegible] ഡോക്ടറുടെ അടുക്കൽ ചെന്നു, തന്റെ ഭർത്താവിനു ചെറുതായൊരു മുതൽക്കുഴിഞ്ഞിട്ടു ചിത്തഭ്രമം പിടിച്ചുപോയെന്നും, കഴിയുമെങ്കിൽ ആയാളെ ചികിത്സിച്ചു ഭേദം വരുത്തിയാൽ കൊള്ളാമെന്നും പറഞ്ഞു. ഡോക്ടർ രോഗിയുടെ സ്ഥിതി സ്വന്തമായി ചോദിച്ചറിഞ്ഞതിൽ, ആയാൾ ഒരു രത്നവ്യാപാരിയായിരുന്നുവെന്നും ആ സ്ത്രീയുടെ [illegible] മുതൽ [illegible] ലിച്ചു പോയ്പ്പോയതിനാലെന്നും [illegible] ഇന്നാൽ ‘അവളെവിടെ, പണമെവിടെ!’ എന്നു ഉരുവിട്ടുകൊണ്ടിരിയ്ക്കയാണെന്നും [illegible]

വെന്നും മനസ്സിലായി. ഡോക്ടർ തന്നാൽ കഴിയുന്നതു പരിശ്രമിച്ചു നോക്കാമെന്ന സമ്മതിച്ചതിനാൽ, ഭർത്താവിനെ കൂട്ടിക്കൊണ്ടു വരാമെന്നു പറഞ്ഞ ആ സ്ത്രീ അവിടെനിന്നും പുറപ്പെട്ടു. ആ പട്ടണത്തിലുള്ള ഒരു വലിയ രത്നവ്യാപാരിയുടെ ഷാപ്പിൽ ചെന്നു കയറി. വളരെ അധികം പണം വിലയുള്ള ആഭരണങ്ങളും വാങ്ങി. ബില്ലുകൊടുത്തു ഒരാളെ കൂടെ അയച്ചാൽ സംഖ്യ മുഴുവനും ഇപ്പോൾത്തന്നെ കൊടുത്തയയ്ക്കാമെന്നു പറകയാൽ, രത്നവ്യാപാരി സന്തോഷത്തോടുകൂടി സമ്മതിച്ചു തന്റെ ശമ്പളക്കാരിൽ ഒരാളെ ആ സ്ത്രീയോടൊന്നിച്ചയച്ചു. സ്ത്രീയാകട്ടെ, മുൻപറഞ്ഞ ഡോക്ടരുടെ ഭവനത്തിന്റെ മുമ്പിൽ വണ്ടി എത്തിയപ്പോൾ, അവിടെ ഇറങ്ങി, സാമാനങ്ങളെടുത്ത്, 'ഉറുപ്പിക ഇതാ കൊണ്ടുവരാം' എന്നു പറഞ്ഞു ശമ്പളക്കാരനെ പുറമെ നിർത്തി അകത്തേക്കു കടന്നുപോയി. ഡോക്ടരെ കണ്ടു. ഭർത്താവു വന്നിട്ടുണ്ടെന്നു പറഞ്ഞു. ഉടനെതന്നെ 'ഹാ! ഞാനൊന്നു മറന്നു. ഭ്രാന്തിളകുന്ന സമയങ്ങളിൽ അദ്ദേഹത്തിന്റെ ഡയറി കണ്ടാൽകൂടെ ദേഷ്യം. അത് ഉടനെ എടുത്തുകൊണ്ടുവരാം. നിങ്ങൾ ദയവുചെയ്ത് അദ്ദേഹത്തെ അകത്തുകൊണ്ടുവന്ന്, പരിശോധിക്കുക' എന്നു പറഞ്ഞ് മറ്റൊരു വാതിൽക്കൂടി പുറത്തു കടന്നുപോകയും ചെയ്തു. ഡോക്ടർ രോഗിയെ പരിശോധിപ്പാൻ വേണ്ട ചട്ടവട്ടങ്ങളും ചെയ്തു പുറത്തു വന്നപ്പോൾ രത്നവ്യാപാരിയുടെ ശമ്പളക്കാരൻ "അവളെവിടെ. പണമെവിടെ" എന്നു ചോദിക്കുന്നതാണ് കേട്ടത്. 'സാധു! ഭ്രാന്തിളകി'. എന്നു പറഞ്ഞ് ഡോക്ടർ ഉടനെതന്നെ "അവളിപ്പോൾ വരും. പണവും കിട്ടും" എന്നു നല്ല വാക്ക പറഞ്ഞ് അകത്തു കൊണ്ടുപോയി മയക്കൊടുക്കുവാനുള്ള ശ്രമമായി. പിന്നത്തെ കഥ പറയാനുണ്ടോ? ഡയറിയെടുപ്പാൻ പോയവളെ പിന്നെ കാണ്മാൻ സാധിച്ചിട്ടില്ല.

ഒരിക്കൽ ഒരു ചെറുപ്പക്കാരൻ വഴിയാത്രക്കാരനാണെന്നുള്ള ഭാവത്തിൽ നാട്ടുപുറത്തുള്ള ധനവാനായ ഒരു ജന്മിയുടെ മാളികയിൽ കയറിച്ചെന്ന്, 'കയ്യിൽ പണമധികമുള്ളതിനാൽ, രാത്രി സഞ്ചരിപ്പാൻ ഭയമുണ്ടെന്നും, അതിനാൽ ദയവുചെയ്ത്, ഇന്നു രാത്രി തന്നെ ഇവിടെ താമസിപ്പിക്കണ'മെന്നും പറഞ്ഞു. ഗൃഹനാഥൻ സമ്മതിച്ചു. വഴിയാത്രക്കാരൻ, തന്റെ കൈപ്പെട്ടി വീട്ടുടമസ്ഥന്റെ വശത്തുതന്നെ സൂക്ഷിപ്പാനേല്പിച്ചു. രാത്രി എല്ലാവരും ഭക്ഷണത്തിനിരിക്കുമ്പോൾ വഴിയാത്രക്കാരനായി വന്നവൻ, അത്യൈശ്വര്യം കാണിച്ചു സംസാരിക്കുന്നതിനിടയിൽ, മനുഷ്യരെ ഗാഢനിദ്രയിൽപ്പെടുത്തുന്ന ഒരു സിദ്ധൗഷധമവരുടെ ഭക്ഷണങ്ങളിൽ ഇട്ടു. പുകിപ്പാറത്താൽ അവരെല്ലാവരും ഭക്ഷണം കഴിഞ്ഞ ഉടനെ ഉറക്കത്തിനായി അവരവരുടെ മുറിയിൽ പ്രവേശിച്ചു. വഴിയാത്രക്കാരൻ തൽക്ഷണം ജന്മിയുടെ താക്കോൽക്കൂട്ടം കരസ്ഥമാക്കി. അർദ്ധരാത്രിയിൽ, ജന്മിയുടെ പണപ്പെട്ടി തുറന്നു നോക്കിയപ്പോൾ അതിൽ ൫൦,൦൦൦ ക.യുടെ ബാങ്ക്നോട്ടുകൾ ഇരിക്കുന്നതു കണ്ടു. അതിന്റെ നമ്പ്ര് കുറിച്ചെടുത്തു താക്കോൽക്കൂട്ടം പൂർവ്വസ്ഥിതിയിൽ തന്നെ വെച്ചു കിടന്നുറങ്ങുകയും ചെയ്തു. പ്രഭാതത്തിൽ ഉണർന്ന, ജന്മിയോടു തന്റെ കൈപ്പെട്ടി വാങ്ങിയാത്ര പറഞ്ഞു, എന്തോ ഒരു സാധനം എടുപ്പാനെന്നുള്ള ഭാവത്തിൽ അവിടെ വെച്ചുതന്നെ പെട്ടി തുറന്നു, 'ഹാ! ദൈവമേ!

എന്നാൽ അദ്ധ്യക്ഷനായിരം ഉൾപ്പടിക വിദ്യ ശ്ലാലാ വാദങ്ങളുകളും ഇതിൽ കാണാനില്ലെന്നു് എന്നു പറഞ്ഞു പോരുമെട്ടി. ഉടനെ കൊല്ലീസ്സിൽ അറിവുകൊടുത്തു. കൊല്ലീസ്സുദ്യോഗസ്ഥന്മാർ വന്നു പരിശോധന നടത്തി. നോട്ടിന്റെ നമ്പ്ര് നിശ്ചയമുണ്ടോ എന്നു ചോദിച്ചു. ഉണ്ടെന്നു പറഞ്ഞു്, നമ്പ്രുകളും കുറിച്ചിട്ടുള്ള കടലാസ് അവർ വശം ഏല്പിച്ചു. ഇതിനിടയിൽ വഴിയാത്രക്കാരൻ ഇതിലെ അന്നായാണ് താൻ സംശയിക്കുന്നതെന്നു് സൂചിപ്പിച്ചും വന്നു. കൊല്ലീസ്സുകാർ ഇവരുടെ പണപ്പെട്ടി പരിശോധിച്ചപ്പോഴും, നോട്ടുകളുടെ നമ്പ്ര് ഉത്തരം, ഇവരുടെ പക്കൽ. മറ്റധികം അധികം അറിയാതെ കഴിയുന്നതിനുവേണ്ടി ഉടനെ തൊട്ടടുത്തു വഴിയാത്രക്കാരനെ കൊടുത്തു് അയാളെ അർഹനാം സഹായനായ്പ്പറ്റി നല്ലവണ്ണം പറഞ്ഞയയ്ക്കുകയും ചെയ്തു.

കെ. പി. ഐ.

जातिः ।

(अनुवृत्तः)

यथा यथा ब्राह्मणानामभ्यवर्द्धत गौरवं तथा तथा स्वाधिकाररक्षाश्रद्धापि भूयसी । स्वप्राधान्यं स्थापयद्भिरमीभिः क्षत्रवैश्ययोः कुलानि संकोचयितुमपि यत्नो व्यतन्यत । आर्येषु यैः पुनस्तेषां नियमा नानुसृताः ते त्ववैदिकत्वं स्वीकारं प्राप्ता इति निराकृताः । प्रायशोऽन्येषां वर्णानां भार्याभिरभ्यवन् किं त्विमे नाभ्युपागच्छन् ब्राह्मणाधीनवर्त्तनम् । व्रात्यैरप्यार्यजात्यन्तर्भावं पुनरभीप्सुभिः प्रायश्चित्तविधानेन ब्राह्मण्यं प्रत्यपद्यत । आर्यवर्णपृथग्भूता ये ते प्राथमिका विशः शूद्रा इत्यन्वमन्यन्त ब्राह्मणाधीनवृत्तयः । येऽन्ये जना ब्राह्मणानामनुवृत्तिं न चक्रिरे चातुर्वर्ण्यबहिर्भूतांस्तान् दस्यूनस्मरन्मनुः । "मुखबाहूरुपज्जानां या लोके जातयो बहिः । म्लेच्छवाचश्चार्यवाचः सर्वे ते दस्यवः स्मृताः" इति । एवमस्मत्पुरोहितैः प्रवर्त्तितोऽयं जातिनियमो नैकेनाह्ना प्रतिष्ठां प्राप्तः । मन्त्रब्राह्मणेतिहासपुराणेष्वार्याणामादिमजनानां चान्योन्यमसवर्णजन्यस्य चिरं प्रवर्त्तमानस्य जन्यस्य निदर्शनान्युपलभ्यन्ते । आर्येष्वप्याद्ययोर्ब्राह्मणक्षत्रिययोः परस्परमुत्कृष्टाधिकारलाभाय कलहाः प्रचण्डाः प्रावर्त्तन्त । चिराय त्रैवर्णिकैरनार्यचरमवर्णव्यतिरेकेणार्यत्वमविशेषेणान्वभावि । यद्यप्यब्राह्मणक्षत्रियवैश्या एवार्या इति स्पष्टमुक्तं ब्राह्मणेषु । तेषां द्विजन्मतामपि केचिद् दृश्यते । पुराणानामनेकभागेषु सृष्टिक्रमकथने प्रथमा मनुष्यजातिरेकैव वर्ण्यते, या कर्मभेदात् पुनर्वैविध्यमाप । बृहदारण्यक एवमुच्यते । "ब्रह्म वा इदमग्र आसीदेकमेव तदेकं सन्न व्यभवत् । तच्छ्रेयोरूपमत्यसृजत क्षत्रं यान्येतानि देवत्रा क्षत्राणीन्द्रो वरुणः सोमो रुद्रः पर्जन्यो यमो मृत्युरीशान इति । स नैव व्यभवत् स विशमसृजत यान्येतानि देवजातानि गणश आख्यायन्ते वसवो रुद्रा आदित्या विश्वे देवा मरुत इति । स नैव व्यभवत् स शौद्रं

तंसमसृजत पूषणमियं वै पूषेयं हीदं सर्वं पुष्यति यदिदं किं च" इति । अत्र हि देवानामपि चातुर्वर्ण्यविभागः कल्पितो दृश्यते । एवं मनुष्येषु श्रोत्रियाणां ब्राह्मणानां देवत्वमपि ब्राह्मणाविर्भावकालेऽभ्युपगतमभूदिति प्रतिभाति । यदिदं पठ्यते शतपथब्राह्मणे— "द्वया वै देवाः; देवा अहैव देवाः, अथ ये ब्राह्मणाः शुश्रुवांसोऽनूचानास्ते मनुष्यदेवाः, तेषां द्वेधा विभक्त एव यज्ञः; आहुतय एव देवानां, दक्षिणा मनुष्यदेवानां ब्राह्मणानां शुश्रुवुषामनूचानानां; आहुतिभिरेव देवान् प्रीणाति, दक्षिणाभिर्मनुष्यदेवान् ब्राह्मणाञ्छुश्रुवुषोऽनूचानान्; त एनमुभये देवाः प्रीताः सुधायां दधति" इति । अथापि यथावसरं ब्राह्मणाः स्वजातेरपि निकृष्टां क्षत्रियजातिमुररीचक्रिरे । यदेवमाम्नायते— "तस्मात् क्षत्रात् परं नास्ति, तस्मात् ब्राह्मणः क्षत्रियमधस्तादुपास्ते राजसूये क्षत्र एव तद्यशो दधाति" इति । राजसूयाभिषेकेनासन्द्यां स्थितेन राज्ञा मन्त्रितो ब्रह्मन्निति ऋत्विक् पुनस्तं प्रत्याह त्वं राजन् ब्रह्मासीति; तदेतदभिधीयते क्षत्र एव तद्यशो दधातीति"। चिरायैवं ब्राह्मणक्षत्रिययोः स्वीयोत्कर्षस्थापनाय बलवत्युत्पनीपद्यमाने कलहे ब्राह्मणैरेवान्ते जेतृभिरभावि; क्षत्रियवंशाः समूलघातं जघ्निरे; तेषु ये केऽपि शिष्टा ब्रह्मवर्चसबलाद्विशिष्टाधिकारभाजो ब्राह्मणवंशेष्वन्तरभाव्यन्तेत्येतत् पौराणिकीषु कथासु स्पष्टमवगम्यते । अन्ते ब्राह्मणजातेरेतादृशमुत्कर्षं स्थापितवान् भगवान् भर्गशिष्यो भार्गवरामाख्यः सप्तकृत्वो भुवमक्षत्रियां विधाय समन्तपञ्चकाख्यरुधिरह्रदे भृगून् संतर्प्य यज्ञे भुवमपि काश्यपाय प्रदाय न्यस्तशस्त्रो महेन्द्रगिरौ तपस्तन्वन्नद्याप्यास्ते । हरेरवतारेण रेणुकेयेन येन शूर्पक्षेपणमात्रात्समुत्थितोऽयं केरलदेशः । अस्य च भार्गवक्षेत्रसंज्ञा प्रसिद्धा । "ब्रह्मक्षत्रं जनपदमथ स्फीतमालक्ष्य चैषा दर्पादर्शी हतत्रपदेऽतिन्द्यमस्य बाह्वोः" इति शुकसंदेशे । यद्वा ब्राह्मणजातिरेव क्षत्रं क्षत्रियजातिर्वेति हि तदर्थः । अत एवात्र कैश्चिद् ब्राह्मणैरपि केरलीयैः क्षात्रधर्मः शस्त्राभ्यासादिरद्याप्याचर्यते ।

श्रीपरशुरामेण कृतं क्षत्रजातेरुन्मूलनं हि पूर्वप्रसङ्गोपसंहारे प्रास्तावि । तत्र तदानीन्तनक्षत्रियाणां क्रूरकर्मप्रयोजितमित्येतदितिहासपुराणादिभ्यः सम्यगवगम्यते । कृतवीर्याख्यस्य राज्ञो याज्यान्वयेन तत्पुरोहिता भृगवो निरवधिकधनधान्यसमृद्धिमन्तोऽभूवन् । तस्मिंश्च लोकान्तरं गते तद्वंश्यैः कैश्चिद्धनार्थिभिः राजन्यैर्भृगूणां द्रविणपुष्टिमपेक्ष्यार्थार्थं ते प्रार्थ्यन्ते स्म । ते च भृगवः केचन निजधनमवनिगर्भे निगूहितवन्तः; अन्ये राजन्येभ्यो बिभ्यतो विप्रेभ्योऽर्पितवन्तः; कतिचन पुनस्तेभ्य एव राजन्येभ्यः केभ्यश्चन यावदावश्यकं तावद्विश्राणितवन्तः । तदानीं च भृगुभिर्भूगर्भे स्थापितं स्वापतेयमधिजिगमिषुणा केनचित् भुवं खनता राजन्येन कस्यचिद् भृगोरगारे निगूढो निधिरासादितः । तत्र संमिलिताः क्षत्रियाः रोषभीषणमवधीनभिगम्य धनलोभाविष्टा गर्भगतानर्भकानप्यनपहाय भृगून् अशेषान् नामावशेषानकार्षुः । तत्र काचन गर्भिणी भृगुवधूः स्वभ्रूणं समगोपयत् । क्षत्रियैश्च तद्वार्तामाकर्ण्य यत्नस्तद्वधाय बहुधा व्यधायि । स तु पोतो जातमात्रः स्वतेजसा तान् सचक्षुषोऽन्धीचकार । ते च ततस्तन्मातरं याचितवन्तो निजान्ध्यनिवृत्तिम् । सा त्वबोचत् 'अर्भकोऽद्भुतोऽयमौर्वः सर्वे वदन्तः प्रविष्टा वेदाः

एतत्कृतं भवद्दान्ध्यं नान्येनापनेतुं शक्यं" इति। अथौर्वस्तेषामन्धतामपनीय पितृलोकस्थैर्गुरुभिर्निवारितस्तैरनिर्यातनाद्विरराम। तत्तु भार्गवेष्वभवद्भार्गवरामात्, यस्य पितामह ऋचीको भृगुवंशोद्भूतः, यस्य तु पितुर्माता सत्यवती कन्याकुब्जेश्वरस्य गाधिराजस्य दुहिता कुशिकक्षत्रवंशोद्भूता। एवं च परशुरामः स्वजनको जमदग्निरिव पितृकुलक्रमाद् भृगुवंश्यो ब्राह्मणः, मातृकुलक्रमात्तु कुशिकवंश्यः क्षत्रियः। परशुरामस्य मातापि रेणुका रेणुनामकस्य राज्ञः पुत्री क्षत्रियान्वयजातैवेति प्रतिभाति। क्षत्रियान् समूलघातं हत्वा ब्राह्मणानविशसन्नामैनं प्रसूतवत्येव कुशिकवंशेऽजनि विश्वविख्यातो विश्वामित्रः, यस्तस्यैव गाधिराजस्य पुत्रो यत्पुत्रीं सत्यवतीं जमदग्नेर्मातरमुदवोढ भार्गव ऋचीकः। जात्या क्षत्रियोऽपि विश्वामित्रस्तपसा ब्राह्मण्यमधिगतवानिति पौराणिकी कथा सर्वविदितैव। अथापि यादृशेन तीव्रतपसा ब्रह्मर्षिभूयमधिजगाम गाधिनन्दनस्तादृशमनन्यसुकरं यथा प्रतीयेत तथा तद्वर्णयन् व्यासादयः। तदिदं तु वेदे न क्वापि प्रतिपादितमस्ति; अपि तु कुशिकानां भरतानां वा नेता विश्वामित्रस्त्रित्सूनां नेता च वसिष्ठः पिजवनसूनोः सुदासस्य राज्ञः पौरोहित्यपदावाप्त्यर्थमकलहायेतामित्येतावदेव। इयं च कथा महाभारतादिषु बहुश उपलभ्यते। सुदासो नामेक्ष्वाकुवंश्यो राजा; विश्वामित्रस्तत्पौरोहित्याय स्पृहयामास; स तु वसिष्ठमेव वरं मेने। अथ कदाचिदाखेटगतः सुदासो वसिष्ठस्य पुत्रशते ज्येष्ठं शक्तिमधिमार्गमागच्छन्तमवेक्ष्य स्ववर्त्मनो निवर्तितुमेनं न्ययुङ्क्त; शक्तिस्तु सप्रश्रयमेवमुक्तवान्— 'मार्गोऽयं मामको राजन्, शाश्वतीयं व्यवस्थितिः। ब्राह्मणेभ्यः प्रदातव्यो मार्गः सर्वत्र राजभिः' इति। वक्ष्यमाणमर्वाक्कालिकं ब्रह्मवैवर्तवचनमत्यस्यापि शक्तिर्नाद्य तदेवाकल्पयत्, यथा, 'उपाध्यायं च विप्रं च देवताप्रतिमामपि, नमस्कुर्यान्न यो वीक्ष्य स भूमौ जायते क्रिमिः' इति। एवमुक्ते दण्डः कीदृगभविष्यदिति न विद्मः। यथा प्रागुक्तमुक्तवन्तु सुरुष्टश्च शक्तिमभिजघान कशया सुदासः; शप्तश्च तेन कल्माषो भवेति। तत्र सन्निहितो विश्वामित्रोऽवसरज्ञः सुदासस्याभयं प्रदाय वसिष्ठे गाढं रूढवैरस्तत्पुत्रं शक्तिमेव स्वदत्तशापस्य प्रथमफलभोक्तारमचीकरत्। अन्येऽपि वासिष्ठाः सर्वे सुदासेनाखादिषत। पुत्रशोकार्तो वसिष्ठः शक्तोऽपि शापानुग्रहणे शत्रुभवनं नेतुं कौशिकवंशं केवलमात्मानं नाशयितुमयतिष्ट; असकृदसंसृष्टमुपाहितयत्नोऽपि विफलोद्यमः स्वाश्रममागच्छन् पुत्रस्य शक्तेः पत्नीमन्तर्वत्नीमभिवेक्ष्य कुलतन्तोरविच्छेदादाश्वस्तचित्तोऽभूत्। अथ सा सुतं पराशरमसूत; तमपि खादितुमुपक्रान्तं सुदासं वसिष्ठो ब्रह्मशाब्दिकाच्छापादमोचयत्, ऊरीचकार च यथापुरं तत्पौरोहित्यम्। ततः प्रभृति ब्राह्मणाननुरुन्धानोऽपि सुदासो ब्राह्मणप्रातिकूल्यात् क्षत्रियस्य प्रचण्डदण्डाधिगमे दृष्टान्ततया तत्र तत्र प्रतिपाद्यते॥

(शिष्यते)

केरलवर्मा, सि. एस्. ऐ.

മംഗളോദയം

[illegible]

മംഗളോദയം കമ്പനി

[illegible]

1 [illegible]

2 ബ്രഹ്മശ്രീ [illegible]

3 ,, [illegible]

4 ,, [illegible]

5 ,, [illegible]

6 ,, [illegible]

7 ,, [illegible]

8 ,, [illegible]

9 [illegible]

[illegible]

[illegible]

കമ്പനിയിൽ [illegible]

൧൦൮൭ മീനം

മംഗളോദയം

സാഹിത്യം മുതലായ
വിശിഷ്ടവിഷയങ്ങളെ പ്രതിപാദിക്കുന്ന
മാസിക

പുസ്തകം 4
ലക്കം 5

വിഷയങ്ങൾ

കേരളകല്പദ്രുമം അച്ചുകൂടം
മംഗളോദയം കമ്പനി, ക്ലിപ്തം
തൃശ്ശിവപേരൂർ.

വിലസംഖ്യ
0—8—0

മംഗളോദയം

[illegible]

പുസ്തകം ൪ | മീനമാസം | ലക്കം ൯

മംഗളം

[illegible]
അംഗീകൃത്യ വഹിപ്പതിന്നു ലക്ഷ്മിതാം [illegible]
[illegible]
[illegible]

[illegible]

കവിത.



ചില മനുഷ്യർ സ്വഭാവമായ പ്രകൃതികൾക്കു [illegible] സ്വന്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പ്രകൃതി എന്താണെന്നു വിവരിച്ചു മറ്റൊരാളെ മനസ്സിലാക്കാൻ ശ്രമിച്ചു നോക്കുക. അതു കേവലം അസാദ്ധ്യമാണെന്ന് [illegible] [illegible] വഴിപ്പിച്ചിട്ടുണ്ട്. ഈ നിയമങ്ങളും [illegible] ഉണ്ടായിട്ടും പ്രകൃതിയില്ലാത്ത [illegible] വളരെ കാണാം. നേരെമറിച്ച് [illegible] പ്രത്യേകം [illegible] ഉണ്ടായിരുന്നാൽപോലും [illegible] ഒരു പ്രകൃതിയുള്ളവരായിട്ടു വളരെ പേരുണ്ട്. കാണുന്നവരുടെ മനസ്സിനെ ആകർഷിച്ച് അവർക്കു സന്തോഷം ജനിപ്പിക്കുന്നതായി, വിവരിക്കാൻ അസാദ്ധ്യമായ ഒരു ചൈതന്യവിശേഷമാണു പ്രകൃതി.

കവിതയും ഇതുപോലെ തന്നെയാണ്. കവിത ഇന്നതാണെന്നു മനസ്സിലാക്കാൻ സഹൃദയന്മാർക്കൊക്കെ എളുപ്പമാണെങ്കിലും, അതെന്താണെന്നു ശരിയായി വിവരി

ക്കാൻ പണ്ഡിതന്മാർക്കുപോലും സുസാധ്യമല്ല. ഏതായാലും കവിത, കലാവിദ്യകളിൽ ഒന്നാണെന്നു നമുക്കെല്ലാം അറിയാം. എന്താണ് കലാവിദ്യ? അനുകരണമാണ് കലാവിദ്യയെന്ന് 'അരിസ്റ്റോട്ടൽ' പറഞ്ഞിരിക്കുന്നു. പ്രകൃതിയെ അനുകരിക്കുകയാണ കലാവിദ്യ ചെയ്യുന്നത്. ഇങ്ങിനെ പറഞ്ഞതുകൊണ്ടായില്ല. കുറെ വിവരിക്കണം. വിവരിക്കുവാൻ എളുപ്പമാകണം. ഏറ്റവും സാധാരണമായുള്ള ഒരു കലാവിദ്യയെ നാം ഉദാഹരണമായി എടുക്കുക. ചിത്രമെഴുത്താകട്ടെ.

ചിത്രകാരന്മാർ ഒരു സുന്ദരിയുടെ രൂപം വരച്ചുണ്ടാക്കുന്നുവെന്നു വിചാരിക്കുക. പ്രകൃതിയിൽ നാം കാണുന്ന സുന്ദരികളുടെ അവയവങ്ങളുടെ ആകൃതിയും മറ്റുമാണ് ആ രൂപത്തിന്റെ മാതൃകയായി അവർ ഭാവിക്കുന്നത്. അല്ല മാത്രമൊ അല്ല. പ്രകൃതിയിൽ ഒരു ദിക്കിലും സൌന്ദര്യം സമ്പൂർണ്ണമായിരിക്കയില്ല. അപ്പോൾ, പ്രകൃതിയിൽ കാണുന്ന ദോഷങ്ങളൊക്കെ നീക്കി സൌഭാഗ്യവത്താക്കി സമ്പൂർണ്ണസൌന്ദര്യം നൽകിക്കൊണ്ടാണ ചിത്രകാരൻ സ്ത്രീയുടെ രൂപം വരക്കുന്നത്. ആ സ്ഥിതിയിൽ കലാവിദ്യ പ്രകൃതിയെ വെറുതെ അനുകരിക്കു മാത്രമല്ല ചെയ്യുന്നതെന്നും ഒരു സാധനം പ്രകൃതിയിൽ ഏതൊരു സമ്പൂർണ്ണാവസ്ഥയിൽ എത്താനായിരിക്കും ശ്രമിക്കുന്നതെന്നുള്ളതിനെ ഭാവനകൊണ്ടു കണ്ടറിഞ്ഞു, അതിന്റെ കുറവും ഫലവും നീക്കത്തി പ്രകൃതിയിൽ അതിന് ഒരിക്കലും പ്രാപിക്കാൻ സംഗതിവരാത്ത സാധിക്കാത്തതായി, ഏറ്റവും പരിപൂർണ്ണമായ ഒരു ആകൃതി അതിനു നൽകി പ്രത്യക്ഷപ്പെടുത്തുകയാണ ചെയ്യുന്നതെന്നും വരുന്നു. ഇങ്ങിനെയുള്ള പരിപൂർണ്ണമായ ഒരു സമ്പൂർണ്ണാവസ്ഥയെ അതിനു നൽകുന്നതിൽ പ്രകൃതിയിലുള്ള നിയമങ്ങളെത്തന്നെ അനുസരിക്കുകയും ചെയ്യുന്നു. അങ്ങിനെ ചെയ്യാതിരിക്കുമ്പോഴാണ് ഒരു ചെറിയ കുട്ടിക്കാരന്റെ ചിത്രത്തിൽ 'വ്യാഘ്രമുഖസിംഹവക്ത്രനൊരിരിക്കുന്നു' എന്നെല്ലാം കാണാൻ സംഗതിയാകുന്നത്. ശരിയായ ഭാവനാശക്തിയുള്ള ചിത്രകാരൻ പ്രകൃതിയെ അനുകരിക്കുമ്പോൾ അതിലെ മാറുള്ള ഓരോ സംഗതികളുടെ ചേർച്ചകൊണ്ടോ, ഉപാദാനംകൊണ്ടോ, ഭിന്നഭാവംകൊണ്ടോ, വന്നു കൂടിയിരിക്കുന്ന ദോഷങ്ങളെയും കുറവുകളെയും നീക്കുക മാത്രമാണ് ചെയ്യുന്നത്. അതുകൊണ്ടാണ പുലി മുഖമുള്ള സിംഹത്തെയോ സമ്പൂർണ്ണമായ വികാസത്തിനു ഹാനി തട്ടിയതായ ആയ പുഷ്പങ്ങളെ ചിത്രങ്ങളിലൊന്നും കാണാത്തത്.

ഇപ്രകാരം, 'കലാവിദ്യ പ്രകൃതിയെ അനുകരിക്കുകയാണ ചെയ്യുന്നത്' എന്നതിനു, നമ്മുടെ ഭാവനാശക്തികൊണ്ടു വരുത്താൻ സാധിക്കുന്ന സർവ്വവിധമുന്നതമായുള്ള സമ്പൂർണ്ണസ്ഥിതിയിൽ അതിനെ പ്രത്യക്ഷപ്പെടുത്തുകയാണ ചെയ്യുന്നതെന്നാണ് അർത്ഥമെന്നു വ്യക്തമാണല്ലൊ. പ്രകൃതിയിൽ കാണുന്നവയെ ഇങ്ങിനെയുള്ള സമ്പൂർണ്ണസ്ഥിതിയിൽ വരുത്തുകയാകുന്നു, സംഗീതം, ചിത്രമെഴുത്ത്, എന്നിവയെപ്പോലെ കവിതയും ചെയ്യുന്നത്.

എന്നാൽ, എന്താണ് ഈ സമ്പൂർണ്ണതയുടെ ലക്ഷണം? അതു നാം എങ്ങിനെ കണ്ടറിയും? കലാവിദ്യകൊണ്ടു സൃഷ്ടിക്കപ്പെട്ട ഒരു സാധനത്തെ കാണുമ്പോൾ, നമുക്കുണ്ടാകുന്ന മനോവികാരമാണ് അതിന്റെ മാനദണ്ഡം. ഏതുവിധമുള്ള മനോവികാരമാണ നമുക്കുണ്ടാകുന്നത്? നമ്മുടെ മനസ്സിൽ സന്തോഷം ജനിക്കുന്നു. അ

ന്തോഷം പലവിധത്തിലുണ്ട്. വല്ലതെ പണം കിട്ടിയാൽ ഒരുവൻ സന്തോഷിയ്ക്കും, പരീക്ഷയിൽ ജയിച്ചാലും സന്തോഷമുണ്ടാകും. നല്ല ഭക്ഷണം കിട്ടിയാൽ വേറൊരു മാതിരി സന്തോഷമായി. ഇതിന്റെ പല സംഗതികളെക്കൊണ്ടും സന്തോഷമുണ്ടാകുന്നതും ആ സന്തോഷങ്ങൾ സ്വഭാവത്തിൽ വ്യത്യാസമുള്ളതുമാകുന്നു. കലാവിദ്യകൊണ്ടു നമുക്ക് അനുഭവമാകുന്ന സന്തോഷമാകട്ടെ, അത്യന്തം സൌന്ദര്യമുള്ള ഒരു വസ്തുവിനാൽ പ്രദാനം ചെയ്യപ്പെടുന്ന സന്തോഷമാകുന്നു.

നാം വല്ലതും വായിക്കുമ്പോൾ, അതിൽനിന്ന്, ഏറ്റവും സൌന്ദര്യമുള്ള ഒരു വസ്തുവിനാൽ നൽകപ്പെടുന്ന സന്തോഷമെന്ന മനോവികാരം സിദ്ധിച്ചുവെങ്കിൽ അതിൽ കവിതയുണ്ടെന്നും മറ്റു വല്ല വികാരവും ആണ് ഉണ്ടാകുന്നതെങ്കിൽ അതിൽ കവിത ഇല്ലെന്നും തീർച്ചപ്പെടുത്താം. എന്നാൽ വായിക്കുന്ന ആൾക്ക് ആ വിധം സൌന്ദര്യത്തെ കണ്ടറിയുന്നതിനുള്ള സഹൃദയത്വവും വാസനയും ഉണ്ടായിരിക്കണമെന്നുള്ളത് അത്യാവശ്യമാണെന്ന വിശേഷിച്ചു പറയേണ്ടതില്ലല്ലോ. ഇങ്ങിനെയുള്ള സന്തോഷത്തെ ജനിപ്പിക്കുന്ന ഏതൊരു കൃതിയും കവിതയാകയാൽ അതു ഛന്ദസ്സോടെ അലങ്കരിച്ചെഴുതിയതോ, വെറും ഗദ്യത്തിൽ എഴുതിയതോ എന്ന വ്യത്യാസമില്ല. കവിതയെന്നതു ഗദ്യത്തിന്റെ വിപരീതാർത്ഥത്തിലുള്ള വാക്കല്ലെന്നും, ശാസ്ത്രം എന്നതാണ് കവിതയിൽനിന്നു വ്യത്യാസപ്പെട്ടതെന്നും ഗദ്യപദ്യത്തിൽനിന്നുതന്നെ വേർതിരിച്ചറിയപ്പെടേണ്ടതെന്നും 'കോളറിജ്'* എന്ന ആംഗ്ലേയ തത്ത്വവിദ്വാൻ പറയുന്നു. ശാസ്ത്രത്തിന്റെ ശരിയായ ഉദ്ദേശം ചില തത്വങ്ങളെ ഗ്രഹിച്ചു ജനങ്ങളെ അറിയിക്കുകയാകുന്നു; കവിതയുടെ ഉദ്ദേശം ജനങ്ങൾക്കു സന്തോഷത്തെ പ്രദാനം ചെയ്യുകയാകുന്നു, എന്ന് അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. 'മനസ്സിന് ഏറ്റവും ആശ്വാസജനകങ്ങളായ സംഗതികളെ പറയുന്നവനാണ് കവിശ്രേഷ്ഠൻ' എന്നു കീറ്റ്സ് പറഞ്ഞിരിക്കുന്നു. സരസ്വതിയുടെ മനോഹരമായ ലോകത്തിൽ ചിന്താകുലതയെ നശിപ്പിച്ചു സന്തോഷം ജനിപ്പിക്കേണ്ടതിനായിട്ടാണത്രേ.

ഏതുതരം അനേകങ്ങളായും നമുക്കു സന്തോഷജനകങ്ങളാകുന്നുവെന്ന് അറിയുവാൻ എഴുതിയതു വായിച്ചപ്പോൾ, 'വികടകവി' എന്ന തന്നെത്താൻ അഭിധാനം ചെയ്തു കൊണ്ടു പലരിലും 'ഭിക്ഷാംദേഹി'യായി സഞ്ചരിക്കുന്ന സന്ന്യാസിയായ ഒരു ചാക്യാരാണ് എനിക്ക് ഓർമ്മ വന്നത്. തിരുമുമ്പിലാണ്ടും അതിന്റെ എഴുത്തിൽ ശ്ലേഷിക്കുന്നതും കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ, അതെയേ വിനോദമായി കരുതാറുള്ള നാം, ഈ പദ്യം അവനെ അനുകരിച്ചു വായകൊണ്ടു ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുമ്പോൾ, വളരെ രസിച്ചു ചിരിക്കുന്നു. പട്ടികൾ കരയുന്നതു കേൾക്കുമ്പോൾ കോപിക്കുന്ന നാം 'വികടകവി' പട്ടിയെപ്പോലെ കരയുമ്പോൾ ചിരിക്കുന്നു—കടൽ നോവുന്നതുവരെ ചിരിക്കുന്നു.

എന്നാൽ കവിതയിലെ അനേകങ്ങളെക്കൊണ്ടു നമുക്കുണ്ടാകുന്നതും ഉണ്ടാകേണ്ടതും ഈ വിധം വെറും സന്തോഷമല്ല. അതു വായനക്കാരുടെ അറിവു വർദ്ധിപ്പിച്ചു ആത്മാവിനെ തന്നെ ഉണർത്തി ഒരു പരമാനന്ദം ജനിപ്പിക്കണം. 'അനേകങ്ങളെ

* Coleridge

കം" എന്നി പ്രയോഗത്തിലെ [illegible] ളായ ശ്ലോകങ്ങളും ആസ്വദിച്ചു രസിച്ചു കൊണ്ടിരുന്ന പണ്ഡിതന്മാർ "[illegible] ഭം" വായിച്ചപ്പോൾ ആനന്ദത്തിൽ മുങ്ങി [illegible] ഉള്ളതെന്നു തോന്നിപ്പോയിരിക്കാം. [illegible] ശംസാപാത്രങ്ങളിൽ ഏറ്റവും ഉത്തമമായ താണ് ഇത്.

മനുഷ്യരുടെ അറിവു വർദ്ധിപ്പിക്കുക മാത്രമല്ല, വായിക്കുന്നവരെക്കൊണ്ടു [illegible] ഉണ്ടാക്കുക [illegible] കവി ചെയ്യേണ്ടത് എന്നു [illegible]. [illegible] കവിതയിൽ നാം പ്രതി [illegible] പ്രത്യേകമാണ്.

[illegible] ശ്രീകൃഷ്ണന്റെ,

'[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]'

[illegible]! ഇത് ഏറ്റവും [illegible] ഉത്തമ [illegible]. ഈ വക ചിത്രങ്ങളും നിർമ്മിക്കാൻ കവികൾ പല ഉപായങ്ങളും പ്രവൃത്തിച്ചുകാണുന്നു. [illegible] ഉപായങ്ങൾകൊണ്ട് [illegible] എന്ന പേർ. [illegible] അനേക [illegible] കവികൾ [illegible] ചിത്രങ്ങളെ നിർമ്മിക്കുന്നു. [illegible] ഏറ്റവും [illegible] വർണ്ണിക്കുന്നു.

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

എ. ആർ. [illegible] ഉപയോഗിച്ചി ട്ടുണ്ട്.

[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

[illegible] ഉപയോഗിച്ചു [illegible] ഒരു [illegible] നിർമ്മിക്കാമെന്നുള്ളതിന്, കവി [illegible]

ത്രകാരന്മാരെ അപേക്ഷിച്ചുള്ള ഒരു സൗക
ര്യാതിശയമാണ്. ഒരു ദീപശിഖയുടെ ചു
റ്റും മഞ്ഞ വണ്ടുവന്നു ചേർന്നിട്ടുകൊണ്ടു പാറക്ക
ന്നതിന്റെ ചിത്രം [illegible] കമ്പനോ
[illegible] അവർകൾ എഴുതീട്ടുള്ളതു നോക്കുക.

[illegible]

അലങ്കാരങ്ങൾ അളവറ്റ് അതിലധികം
ഉപയോഗിച്ചു ചിത്രത്തെ മോടിപ്പെടുത്തുന്ന
ചില കവികളും ഇല്ലാതെയില്ല. ഇവരിൽ
ചിലർ അതിശയോക്തിക്ക് അതിരില്ലാ
തെ കല്പിച്ചു ചന്ദ്രനെ പിടിച്ചു വലിയ
സൗധങ്ങളുടെ [illegible] ക
ടി കടത്തി അവിടെയുള്ള വിളക്കിന്റെ പ
കരമാണ് അതിനെ കത്തിപിടിപ്പിക്കുന്നു.
ലളിതമായ സമ്മിശ്രമായ ചില അതിശ
യോക്തി ചിലപ്പോൾ കവിതയ്ക്കു അത്യന്ത
മനോഹരമായ ഭൂഷണമായിത്തീരാറുണ്ട്.
ചെറുശ്ശേരി നമ്പൂരി, "ശീതരശ്മികൾ [illegible]
[illegible]" കാലത്തെ വർണ്ണിക്കുമ്പോൾ,

'[illegible]
[illegible]'

എന്ന ഭാഗത്തു നോക്കുക.

നമുക്കു കാണാനും തൊടാനും കഴിയു
ന്ന സാധനങ്ങൾ മാത്രമേ ചിത്രകാരന്മാർ
ക്കു വിഷയമാകുന്നുള്ളുവെങ്കിലും മന
സ്സിന്റെ ചേഷ്ടകളെയും മനോവികാരങ്ങ
ളെയും, 'എന്നല്ല, എല്ലാ അമൂർത്തവസ്തുക്ക
ളെയും കവി മൂർത്തീകരിച്ചു ചിത്രീകരിക്കുന്നു.
അതുകൊണ്ടാണ് "ചിത്രത്തിന്റെ വിഷയം
പരിമിതമായിരിക്കെ കവിതയുടെ വിഷ
യം വ്യാപകമാകുന്നു" എന്നു പറയുന്നത്.

ഷേക്സ്പിയർ "കാരുണ്യ"ത്തെ വർണ്ണി
ച്ചു ഇംഗ്ലീഷിൽ എഴുതീട്ടുള്ളത് കേശവപി
ള്ള അവർകളുടെ കാരുണ്യംകൊണ്ടു മല
യാളത്തിൽ വായിക്കാൻ നമ്മൾക്കു സംഗ
തി വന്നിട്ടുണ്ടല്ലോ.

[illegible]

ഇത്യാദിശ്ലോകങ്ങൾ കാരുണ്യത്തിന്റെ
ഒരു ശരിയായ ചിത്രമാണെന്നു നമുക്കു തോ
ന്നുകകൊണ്ട് അതു വായിക്കുമ്പോൾ "ശ
രിതന്നെ" എന്നു 'തലകുലുക്കി' സമ്മതിച്ചു
കൊണ്ടു നാം സന്തോഷിക്കുന്നു.

സഭകളിൽചെന്നു ചേരാൻ ഇടയായിട്ടു
ള്ളവർക്കൊക്കെ വസ്ത്രാഡംബരം എത്ര മേൽ
ബഹുമാനിക്കപ്പെടുമെന്നറിയാം. ആ ഒരു
പരമാർത്ഥത്തെ വ്യക്തമാക്കാൻ ഒരു കവി,

'വസ്ത്രമാനാദ്യ [illegible]'

എന്നു പറഞ്ഞുകൊള്ളുമ്പോൾ അതിന്റെ
യാഥാർത്ഥ്യം നമുക്കു പൂർവ്വാധികം ബോദ്ധ്യ
മാകയും അതിൽനിന്നു ഒരു [illegible] ആന
ന്ദവും സിദ്ധിക്കുകയും ചെയ്യുന്നു. എ
ന്നാൽ,

'[illegible]
[illegible]'

എന്നുള്ളതു സദ്ഗുണങ്ങളും പലപ്പോഴും പ
ല്ലവരും പറഞ്ഞിരിക്കുന്നിടയുള്ള ഒരു പര
മാർത്ഥമാണെങ്കിലും അതു വായിച്ചാൽ നാം
ഒരു വികാരവും നമ്മുടെ മനസ്സിലുണ്ടാകു
ന്നില്ല. അതുകൊണ്ട് അതിൽ കവിതയി
ല്ലെന്നു നാം പറയുന്നു.

'[illegible]
[illegible]
[illegible]'

[illegible]
[illegible]
[illegible]
[illegible]
[illegible]
കരയാതിരി'

ഇങ്ങിനെ [illegible] ആക്ഷേപി ച്ചിക്കാൻ പറയുന്നതിൽ ഉപയോഗിച്ച "കരയാതിരി" എന്ന പദം അതിലെ കവിത്വം എത്രമേൽ പുഷ്ടി വരുത്തിയിരിക്കുന്നുവെന്ന സഹൃദയന്മാരെല്ലാം മനസ്സിലാക്കുന്നതാണ്.

"ഇന്ദുലേഖ"യിലെ [illegible] വർണ്ണന, "ശാരദ"യിൽ [illegible] കുറിച്ചുള്ള പ്രസ്താവന, [illegible] ഗദ്യത്തിൽ എഴുതുന്ന കവിതകളും [illegible] ദൃഷ്ടാന്തങ്ങളാകുന്നു.

കവിതയുടെ ഉദ്ദേശം മനുഷ്യഹൃദയത്തിൽ ഒരു [illegible] എന്ന [illegible] നിന്ന്, [illegible] വല്ല സംഭവത്തെയോ [illegible] വല്ല കാഴ്ചയെയോ വിവരിച്ചുകൊണ്ട് [illegible] കവിതയുണ്ടെന്ന പറയാമോ, എന്നൊരു ചോദ്യം ഉൽഭവിക്കുന്നു. [illegible] സംഭവങ്ങളെ [illegible] വല്ലതുമോ [illegible] വായിക്കുകയും കാണുകയും [illegible] നമുക്ക [illegible] ആർദ്രമായിരിക്കുന്നു [illegible] എന്നാലും [illegible] വായിച്ചു [illegible] എത്രയുണ്ട്. [illegible] കൊണ്ടു [illegible] വിവരണം വായിക്കുമ്പോൾ നമുക്ക [illegible]. [illegible]

ങ്കിൽ അഭിമന്യുവിന്റെ യുദ്ധത്തെപ്പറ്റി ഒന്നും വായിക്കയില്ല.

'[illegible]
[illegible]'

എന്നു വായിക്കുമ്പോഴും "ആശ്ചര്യ കൃത്യം" എന്നു പറഞ്ഞു നാം ഭ്രമിക്കുന്നെങ്കിലും ഒരു സങ്കടം ഒരു സംഭവത്തെപ്പറ്റി [illegible] അതിന്റെ വിവരണത്തിലടങ്ങിയ കവിതയെപ്പറ്റി നമുക്ക് പ്രീതിയുണ്ടാകുന്നതെന്നും ഓർമ്മിക്കണം. "[illegible] വായിച്ചാൽ ഒന്നും [illegible]" എന്നൊരു കവിതയെക്കുറിച്ചു പറഞ്ഞാൽ, അതു [illegible] വിവരിച്ചിരിക്കുന്നതാണ് [illegible] അധികവും, കവിതകളും [illegible] ഒരു സംഭവങ്ങളിൽ [illegible] പ്രതികാരവും, [illegible] ചില [illegible] ചില സംഗതികളെ [illegible] കൊണ്ടാണ്. [illegible] വിവരണം ഒന്നും വായിക്കയില്ല. [illegible] കവിത [illegible] പ്രീതി [illegible] അവർ [illegible] "[illegible]" [illegible] അവൻ എത്ര പ്രസിദ്ധ [illegible] എന്തിനു നിന്നെ [illegible] കൊണ്ടിരുന്നു [illegible] അവന്റെ [illegible] ചില [illegible] കവി [illegible] അതാണ് അതിലെ കവിത്വ [illegible] രഹസ്യം.

കവിതകളെപ്പറ്റി [illegible]

കാരിൽ ആനന്ദവും സൌഭാഗ്യവും ഉദിപ്പിക്കേണ്ടതാണെന്നാശിക്കുകയാണെങ്കിൽ, കവിതയിലെ ഭാഷാരീതി എളുപ്പത്തിൽ മനസ്സിലാകത്തക്കവിധം ലളിതമായിരിക്കണമെന്ന പിന്നെ വിശേഷിച്ചു പറയേണ്ടതില്ല. ഭാവുകന്മാർ മനസ്സിലാകാനാണ് നാം എഴുതുന്നത്. നമ്മുടെ സാമർത്ഥ്യവും പാണ്ഡിത്യവും കാണിക്കാനല്ല. സ്വഭാവം, ബുദ്ധിശക്തി, മനോധർമ്മം എന്നിവകൊണ്ട് കവികൾ തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നതുപോലെ അവരുടെ ഭാഷാരീതിയും വ്യത്യാസപ്പെടും. ചിലർ കഠിനങ്ങളും അപ്രയുക്തങ്ങളും ആയ സംസ്കൃതപദങ്ങളെ ഉപയോഗിക്കാൻ ഇഷ്ടപ്പെടുന്നതുപോലെ ചിലർ സാധാരണ നടപ്പുള്ള വാക്കുകളെയും മറ്റു ചിലർ എങ്ങാനും മൂലയിൽ കിടക്കുന്ന പഴയ വാക്കുകളെയും കവിതയിൽ ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു. ചെറിയ വാക്യങ്ങളെ ചിലർ എഴുതുന്നു. ചിലർ വലിയ വലിയ വാചകങ്ങളെ ഉപയോഗിക്കുന്നു. ചിലർ ഉപാധ്യായന്മാരെപ്പോലെ പ്രസംഗിക്കുന്നു. ചിലർ സ്നേഹിതന്മാരെപ്പോലെ സംസാരിക്കുന്നു. സന്ദർഭംപോൽ ഇവയിൽ പല രീതികളും കവിതയിൽ ആവശ്യപ്പെട്ടേക്കാമെന്നിരുന്നാലും സാമാന്യമായി പറയുമ്പോൾ, വായനക്കാർക്കു ക്ലേശംകൂടാതെ അർത്ഥം മനസ്സിലാകുന്ന രീതിയാകുന്നു ഉത്തമരീതി. ഈ രീതിക്കാണല്ലോ വൈയാകരണന്മാർ "ലളിത"യെന്നു പേർ പറയുന്നതു. ചെറിയ ചെറിയ വാക്കുകൾ ഉപയോഗിക്കുന്നതുകൊണ്ടോ, കഠിനസംസ്കൃതപദങ്ങളെ കേവലം ഉപേക്ഷിക്കുന്നതുകൊണ്ടോ, രീതി ലളിതമായി വരുന്നതല്ല. സാമാന്യം വ്യുല്പന്നന്മാരായവർ സംഭാഷണത്തിൽ ഉപയോഗിക്കുന്ന വാക്കുകളെ ശ്രദ്ധയോടുകൂടി, ഒരു രീതിയിൽ ഉപയോഗിക്കയാണ വേണ്ടത്. എന്നാൽ സംഭാഷണത്തിൽ ശ്രോതാക്കൾക്ക് അർത്ഥം മനസ്സിലാകാൻ വേണ്ടി ഉപയോഗിക്കുന്ന അംഗ്യം മുതലായ ഉപായങ്ങളുടെ ഗുണവുംകൂടി ഉണ്ടാകത്തക്ക "ചൊടി"കളും വാക്യങ്ങളിൽ ഉപയോഗിക്കേണ്ടതാണ്. ഈ ചൊടികളെ കളും ഭാഷയുടെ വ്യുൽപത്തിവികാസത്തിനെ പലതരത്തിലും അനുസരിച്ചു അവയവങ്ങളെന്നും മറ്റാരാലും വിവരിക്കാൻ സാധിക്കാത്തതുമാകുന്നു. നല്ല കവിതകൾ അനേകം വായിച്ചു ഈ ചൊടികളും കണ്ടുപിടിച്ചു മനസ്സിലാക്കിക്കൊള്ളേണ്ടതാകുന്നു. ഭാഷാശുദ്ധിയെ പ്രത്യേകം പരിപാലിച്ചുകൊള്ളുകയും വേണം. അന്യഭാഷകളിലെ ശബ്ദങ്ങളെ സംഭാഷണത്തിൽ ഉപയോഗിക്കുന്ന വഴിക്ക് ഭാഗങ്ങളെ ലോപിച്ചും ചേർത്തും അർത്ഥം മാറിയും ദുഷിച്ചുപോയ ആകൃതിയിലുള്ള പദങ്ങളെ ഉപയോഗിക്കുന്നതുകൊണ്ടു മാത്രമല്ല ഭാഷാശുദ്ധിക്കു ഭംഗം വരുന്നത്. ഇതരഭാഷകളിലെ ശൈലികളെ തർജ്ജമചെയ്തു ഉപയോഗിക്കുന്നതുകൊണ്ടും ഭാഷാശുദ്ധി കെട്ടുപോകുന്നു. ഇംഗ്ലീഷുഭാഷയുമായി അധികം ഇടപെട്ടുവരുന്ന മാതൃഭാഷയെ വിസ്മരിച്ചു തുടങ്ങിയ ചിലർ ഇക്കാര്യത്തിൽ അത്ര ശ്രദ്ധിക്കാറില്ല.— ഒരുത്തൻ "എടുക്ക"യാണ ചെയ്യുന്നത്. അവരിൽ ചിലർ ഒരുപടി കൂടി കടന്നു കല്പിച്ചുകൊണ്ടു "നടത്തിക്കൊട്ടു"വും ഉണ്ട്.

ഉപയോഗമില്ലാതായിത്തീർന്ന പഴകിയ വാക്കുകളെയും വർജ്ജിക്കേണ്ടതാണെങ്കിലും പദ്യത്തിൽ അവയെ ശ്ലാഘ്യമായിട്ടെങ്കിലും ഉപയോഗിക്കാമിവയെ. "വാക്കുകൾ നാണ്യംപോലെയാണ്" എന്നു ഹൊറേസിറ് എന്ന വിദ്വാൻ പറഞ്ഞിരിക്കുന്നു. ഉ

പ്രയോഗത്തിലില്ലാതായിത്തീർന്നു വല്ല കാര്യങ്ങളുമായിട്ടും സൂക്ഷിക്കാനേ കൊള്ളുകയുള്ളു ഇടപാടിനു പറ്റുകയില്ല. എന്നതും സ്വീകരിക്കേണമെങ്കിൽ ഇക്കാലത്തു നടപ്പുള്ളതാകണമെന്നു കാണിപ്പാനു ഒരു മതത്തിലെൽ ഉണ്ടായിരിക്കണം.

കവിതകൊണ്ടുണ്ടാകേണ്ടുന്ന മനോവികാസം എന്നതു് നാമിങ്ങനെയുള്ള അനുഭവമാണെന്നു കണ്ടുവല്ലോ. ഈ അനുഭവമുണ്ടാകുന്ന പല സംഗതികളിൽ ഒന്നു അർത്ഥത്തെ വാക്കുകളും അവയെ ക്രമപ്പെടുത്തുന്ന രീതിയും കൊണ്ടുള്ള ശ്രവണസുഖമാണു്. അതും കൊണ്ടു ധരിക്കേണ്ടതായ പ്രവൃത്തികളും വികാരങ്ങളും അനുകൂലമായ ശബ്ദസ്വരൂപമുള്ള വാക്കുകളെ അവയുടെ സ്വഭാവരീതിയിൽ ക്രമപ്പെടുത്തി വാക്യങ്ങളെ ഘടിപ്പിക്കുന്നതുകൊണ്ടാണു് ഈ സംഗീതസ്വഭാവം ഉണ്ടാകുന്നതു്.

വളരെ ശോഭിച്ചുകൊണ്ടു തന്റെ ശത്രുവിനെ അടിക്കാൻ വടിയെടുത്തു പുറപ്പെട്ടുപോയതിനെ വിവരിക്കേമ്പോൾ "അവൻ ചാടി എഴുന്നേറ്റു, വടിയെടുത്തു, ഇറങ്ങിപ്പോയി," എന്നോ മറ്റോ പറയുകയല്ലാതെ, "അവൻ തന്റെ ആസനത്തിൽനിന്നു ധടിതി ഉത്ഥാനം ചെയ്തു ദീർഘമായുള്ള ഒരു വടി എടുക്കുകയും തന്റെ ശത്രുവിനെ കാണേണമെന്നു ബദ്ധപ്പെട്ടു നടന്നുപോകയും ചെയ്തു" എന്നു പറഞ്ഞാൽ വായനക്കാർക്കു പ്രവൃത്തിയുടെ വേഗം സിദ്ധിക്കയില്ല. ഭീമസേനൻ കല്യാണസൗഗന്ധികത്തിനു പുറപ്പെട്ടുപോകുന്ന വിവരണത്തിൽ,

> [illegible]
> [illegible]


പുറപ്പെട്ടുപോയി, എന്നു കഞ്ചൻനമ്പ്യാർ പറഞ്ഞതിൽ ശബ്ദങ്ങളുടെ സ്വാഭാവ്യമുള്ള യോജിപ്പു നോക്കുവിൻ.

യഥാർത്ഥത്തിലുള്ള വസ്തുക്കളും പ്രവൃത്തികൾ ചിത്രങ്ങളെപ്പോലെ കൃത്രിമവസ്തുക്കളും ഉണ്ടാക്കാനും സമ്പാദിക്കാനും ശ്രമിക്കുന്നതു മനുഷ്യരുടെ സ്വഭാവമാണു്. അതുകൊണ്ടു ശബ്ദസംസ്കാരങ്ങളെക്കൊണ്ടു ശബ്ദങ്ങളുടെ സ്വഭാവത്തെ വളരെ കല്പിക്കുന്നതു കാണാൻ സംഗതിവരുന്നതു്. കവിതയുണ്ടാകേണ്ടതായി മേൽപറഞ്ഞ ശ്രവണസുഖം സന്ദർഭങ്ങൾക്കുതക്കതായ വാക്കുകളെക്കൊണ്ടു അവയെ ക്രമപ്പെടുത്തുന്നതുകൊണ്ടും സാധിക്കാൻ ശ്രമിച്ചിട്ടില്ലാത്തവരായ നിരർത്ഥങ്ങളെക്കൊണ്ടു പലവിധപ്രാസങ്ങളും കുത്തിച്ചെലുത്തി കൃത്രിമമായ സംഗീതസ്വഭാവം സൃഷ്ടിക്കുന്നു. ഒരു ആസ്വാദി? ഇങ്ങനെ പറയുന്ന "കിലുകിലുങ്ങി ശബ്ദിക്കുന്ന അർത്ഥമില്ലാത്ത വാക്കുകളും കഴിയുന്നതും ഉപയോഗിച്ചുകൊണ്ടിരിക്ക, എന്നാൽ വെറും ശബ്ദമാത്രങ്ങളുടെ കൂട്ടൽ അർത്ഥവൈചിത്ര്യത്തെ പോരായ്ക്ക തട്ടുമ്പോൾ പൊട്ടി തകരും." ശബ്ദമാത്രത്തിൽ മാത്രം രസിക്കുന്നവരുടെ കവിത ചിത്രങ്ങളെപ്പോലെ മനോഹരങ്ങളായ പലവിധ വർണ്ണങ്ങളോടുകൂടിയതാണെങ്കിലും ജീവനും ചൈതന്യവുമില്ലാത്ത ചിത്രങ്ങളോടുകൂടിയതാണു്. ശരിയായ വിധത്തിൽ പ്രകൃതിയെ യഥാർത്ഥത്തിൽ അനുകരിക്കാൻ സാധിക്കാത്തവർ അതിശയോക്തി പ്രയോഗിക്കുംപോലെയാണു് കവിതയിൽ സംഗീതസ്വഭാവം വരുത്താൻ സാധിക്കാത്തവർ ഈവിധം വിദ്യകൾ ഉപയോഗിക്കുന്നതു്.

> [illegible]
> [illegible]
> [illegible]
> [illegible]

[illegible]

വിധി കാലം-യോഗം



കാലങ്ങൾ [illegible]

[illegible]

വിഷയങ്ങളിൽ യോഗ്യനായിരിക്കും; അതേസമയത്തന്നെ അവൻ കഷ്ടാവസ്ഥയിൽ [illegible] പോറ്റുന്നവനായിരിക്കുകയും ചെയ്യാം. [illegible] ചില കാര്യങ്ങളിൽ അയോഗ്യനായിരിക്കുക; എന്നിട്ടും അവൻ ധാരാളം പണം നേടുന്നവനാവാം. ഇവരിൽ മനുഷ്യൻ തനിക്കുള്ള ഒരു യോഗ്യതയാലല്ലാതെ കഷ്ടപ്പെടുന്നതും [illegible] തനിക്കുള്ള ഒരു അയോഗ്യതയാലാണ പണം [illegible] സാധാരണയായി [illegible] ണ്ട്. ഒരു വിഷയത്തിൽ യോഗ്യനായിരിക്കുന്നവൻ മറ്റെല്ലാ വിഷയങ്ങളിലും യോഗ്യനായിരിക്കണമെന്നും ഒരു വിഷയത്തിൽ അയോഗ്യനായിരിക്കുന്നവൻ മറ്റെല്ലാ വിഷയങ്ങളിലും അയോഗ്യൻ തന്നെയായിരിക്കണമെന്നാണ് ഇവരുടെ ധാരണ. ഈ തെറ്റായ ധാരണയും [illegible] വിശ്വാസവും [illegible] നിലനില്ക്കുന്നത്. ഒരു അയോഗ്യൻ [illegible] സദ്ഗുണങ്ങളുടെ [illegible]. ഒരു 'യോഗ്യൻ' [illegible] സദ്ഗുണങ്ങളോടുകൂടിയവനായിരിക്കും. ഒരു 'യോഗ്യൻ' തനിക്കുള്ള യോഗ്യതയോടെ [illegible] വിചാരങ്ങളിൽനിന്നും [illegible] നിന്നും [illegible] തനിക്കുള്ള അയോഗ്യതയായ വിചാരങ്ങളിൽനിന്നും [illegible] അനുഭവിക്കുന്നു. ഈ [illegible] ഒരു 'അയോഗ്യൻ' [illegible] അനുഭവിക്കുന്നത്.

മനുഷ്യൻ, തന്റെ സദ്ഗുണങ്ങളാ [illegible] തനിക്ക് [illegible] [illegible] കാണുമ്പോൾ [illegible] [illegible]ന്നു. സദ്ഗുണങ്ങളെയും [illegible] ഒരുപോലെ കാണുന്നു [illegible] [illegible] സ്ഥിതിക്കു [illegible] [illegible] കഴികയില്ല. [illegible], തന്റെ [illegible] [illegible] [illegible] [illegible] [illegible]. [illegible] ഒരു [illegible] [illegible] [illegible]—[illegible] ലക്ഷിക്കില്ല [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] തന്റെ [illegible] [illegible] [illegible] [illegible] [illegible] [illegible]. [illegible].

[illegible] [illegible] [illegible] ചിന്തകളിൽനിന്ന് [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible]. [illegible] [illegible] [illegible] [illegible] [illegible], [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

ചാരങ്ങളെ മാററുന്നതായാൽ അതിനനു
സരിച്ച് ആ ബാഹ്യങ്ങളും മാറുവാൻ തുടർ
ന്നുകയും മാറിക്കൊണ്ടു വരുന്നതു കാണാം.
ഈ വാസ്തവതത്ത്വത്തിനുള്ള തെളിവുകൾ
എല്ലാ മനുഷ്യരിലുമുണ്ട്. [illegible]
[illegible] വ്യക്തിപൂർവ്വമായ വകതി
[illegible] ഈ തത്വം പുസ്തകത്തിൽ കണ്ടു
പിടിപ്പാനുള്ളതാണ്. അവൻ തന്റെ വി
ചാരങ്ങളെ [illegible]
സൂക്ഷ്മമായ ശ്രദ്ധയോടുകൂടി കണ്ടുപിടിക്കാവു
ന്നതാകുന്നു. മനുഷ്യർ വിചാരങ്ങളെ ഏതൊ
ത്തിൽ ഉറപ്പിച്ചുവെക്കുന്നു എന്നു കരുതുന്നത്
വിപുലമായതൊന്നുമല്ല മുമ്പിൽ അത് സം
ഭവിക്കുന്നു. വിചാരങ്ങൾ ഒന്നിൽ പരിചയ
ങ്ങളായി തീരുന്നു; പരിചയം ഫലമായി മാ
റുന്നു. ദുരാചാരങ്ങളായ വിചാരങ്ങൾ
മദ്യപാനം, കാമം എന്നീ പരിചയങ്ങളാ
യി തീരുന്നു. ഈ പരിചയങ്ങൾ ദാരിദ്ര്യം വ്യാ
ധി തുടങ്ങിയ ഫലങ്ങളായി മാറുന്നു. എല്ലാ
വക അശുദ്ധവിചാരങ്ങളും [illegible]
യും വ്യാകുലത്തെയുമുണ്ടാക്കുന്ന പരിചയങ്ങ
ളായി തീർന്നു പിന്നെ ആപത്കരങ്ങളും ദുഃ
ഖപ്രദങ്ങളുമായ ഫലങ്ങളെ ഉണ്ടാക്കുന്നു.
ഭയം, സംശയം, അസ്ഥിരത എന്നിവയെ
പ്പററിയ വിചാരങ്ങൾ [illegible],
[illegible], ചഞ്ചലബുദ്ധി, എന്നീ
പരിചയങ്ങളായി തീരുന്നു; ആ പരിചയങ്ങൾ
അപജയം, ദാരിദ്ര്യം, പരാധീനത
എന്നീ ഫലങ്ങളായി മാറുന്നു. മടിയും,
ദുർബുദ്ധി, എന്നിവയെപ്പററിയ വിചാര
ങ്ങൾ അന്യരെക്കുററപ്പെടുത്തൽ, ചതി
വ് എന്നീ പരിചയങ്ങളായിത്തീരുന്നു.
ആ പരിചയങ്ങൾ [illegible], ബന്ധനം
മുതലായ ഫലങ്ങളായി പരിണമിക്കുന്നു.
എല്ലാവിധ സ്വാർത്ഥവിചാരങ്ങളും തന്നെ
[illegible] പരിചയങ്ങളായും പി

ന്നീട് ദുഃഖകാരണങ്ങളായ ഫലങ്ങളെയുമുണ്ടാക്കുന്നു.
എന്നാൽ സൽവിചാരങ്ങളെല്ലാം ആർദ്രത, കാ
രുണ്യം എന്നീ പരിചയങ്ങളായി മാറി മ
നോഹരവും ആനന്ദകരവുമായ ഫലങ്ങളെ
യുണ്ടാക്കുന്നു. പരിശുദ്ധവിചാരങ്ങൾ മിത
ഭോജിത്വം, സ്വാധീനത എന്നീ പരിചയങ്ങ
ളായി തീരുന്നു. ഈ പരിചയങ്ങൾ ശാന്തി, സ
മാധാനം എന്നീ ഫലങ്ങളായി മാറുന്നു.
ധൈര്യം, സ്വാവലംബനം, എന്നിവ
യെ സംബന്ധിച്ച വിചാരങ്ങൾ പൗരു
ഷോചിതങ്ങളായ പരിചയങ്ങളായി തീർന്ന്
വിജയം, സമ്പത്ത്, സ്വാധീനത എന്നീ
ഫലങ്ങളായി മാറുന്നു. ഉത്സാഹകരങ്ങളാ
യ വിചാരങ്ങൾ പരിശ്രമശീലത്തെ വ
ളർത്തി സുഖത്തെ ഉല്ലാസിപ്പിക്കുന്നു. കാരുണ്യം
സ്വാർത്ഥത്യാഗം, ക്ഷമ എന്നിവയെ സം
ബന്ധിച്ച വിചാരങ്ങൾ [illegible]
[illegible]
ക എന്നീ ഫലങ്ങളായി തീരുന്നു. ഈ പരി
ചയങ്ങൾ ഐശ്വര്യം, ഉന്നതി മുതലായ ഫ
ലങ്ങളായി മാറുന്നു.

ഒരുവൻ തന്റെ ദുർവിചാരങ്ങളെ
നീക്കിക്കളയട്ടെ; ഉടൻ ലോകമുഴുവനും അ
വനിൽ പ്രിയത്തോടുകൂടി അവനെ സഹാ
യിപ്പാനായി മുന്നിട്ടുവരും. ഒരുവൻ തനി
ക്കുള്ള അശക്തി, വ്യാധി എന്നിവയെപ്പ
ററിയ എല്ലാവിചാരങ്ങളെയും ദൂരത്തിൽ ക
ളയട്ടെ; എന്നാൽ ലോകത്തിലെ ഉത്കൃ
ഷ്ടങ്ങളായ എല്ലാ സാമഗ്രികളും അവന്റെ
കാൽക്കീഴിൽ കിടക്കുന്നതു കാണാം. ഒരുവൻ
സദ്വിചാരങ്ങളോടു പരിചയിച്ചു തുട
ങ്ങട്ടെ; [illegible] താ
ന്ന ദുർഭാഗ്യം ഉടൻ അവനിൽ നിന്നു പി
ന്മാറുന്നതാണ്. ലോകം നിങ്ങളുടെ
ഹൃദയത്തിൽ അപ്പോഴപ്പോൾ മാറിക്കൊണ്ടി
രുന്ന വിവിധ ചിത്രങ്ങളുടെ പ്രതിച്ഛാ

ളുന്ന കണ്ണാടിയാണ്. ലോകം നിമിഷം പ്രതി നടത്തിക്കാട്ടിത്തരുന്ന പലതരം ദിവ്യമായ സ്വപ്നം ചലിപ്പിക്കുന്നില്ലെങ്കിൽ അന്ന നിങ്ങളുടെ വിചാരങ്ങൾക്ക ഇഷ്ടങ്ങളായ ചിത്രങ്ങളാകുന്നു.

കുന്നത്തു ജനാർദ്ദനമേനോൻ

ഒരു തെററായ ധാരണ

(ഈജിപ്ത്)

അവർ രണ്ടുപേരും കൂടി കുറെ നേരം ഒരു മാളികയിൽ കൂടി മൌനമായി നടന്നു പോയി. എന്നിട്ട് ഒരു പ്രദേശത്തിലെ ഒരു വിശേഷപ്പെട്ട കെട്ടിടങ്ങളെല്ലാം, അ ങ്ങളെല്ലാം ശില്പവിദ്യാനൈപുണ്യം ചിത്രത്തിൽ കാണിക്കുന്ന ചുവരുകളെല്ലാം കാണാനെത്തുമ്പോൾ അസ്സീറിയരുടെ ആശ്ചര്യം ഒന്നുകൂടി വർദ്ധിച്ചു. അസ്സീറിയരുടെ ആശ്ചര്യഭാവം കണ്ടു ദേവദൂതൻ പറഞ്ഞു: "ഈ പുതിയ ലോകത്തിലെ നിവാസികൾ ആദ്ധ്യാത്മികത്തിനു ലോകത്തിലെ പഴയ സമ്പ്രദായങ്ങളിലാണ് അവർ പരിചയം ഉണ്ടാക്കിയിട്ടുള്ളത്. അവരുടെ ശില്പചാതുര്യം ഒന്നാന്തരമാണെങ്കിലും അവരുടെ പൂർവ്വന്മാർ കാണിച്ചിട്ടുള്ളതുപോലെ താമസിക്കാൻ വേണ്ടിയുള്ള മന്ദിരമല്ല നിർമ്മിക്കുന്നതാണ്. അവരുടെ ദൈവഭക്തിയെയും കാണിക്കുന്ന ക്ഷേത്രങ്ങളും ദർശിപ്പിക്കത്തക്കതായ വലിയ കെട്ടിടങ്ങളൊന്നും അവർ പണിയിക്കാറില്ല. അവർ വീടുകൾ പണിയുന്നത് കേവലം സുഖവാസത്തിനുമാത്രമാണ്. ആദ്ധ്യാത്മികത്തിനു വേണ്ടിയല്ല". "ഈ സ്ഥലത്ത് ഇവരുടെ പക്കൽ നല്ല ശില്പികളും, ചിത്രമെഴുത്തുകാരും, പ്രതിമ നിർമ്മിക്കുന്നവരും ഉണ്ടെന്നു തീർച്ചയായി. എന്നാൽ ഈ ശില്പവിദ്യകൾ അത്യാവശ്യങ്ങളല്ലാ ത്തതുകൊണ്ട് അവരതൊന്നും ചെയ്യുന്നില്ലെങ്കിലും ഒരു വിധം കഴിച്ചുകൂട്ടും. ദൈവത്തിന്നായി വിശേഷമായ ആലയം ഉണ്ടാക്കുന്നതിനും ഒന്നാമത് ഇവരുടെ ഇടയിൽ വെച്ച് ഏററവും വിവേകികളും ജ്ഞാനികളുമായ ആളുകളായി എന്തെങ്കിലും പരിചയമുള്ള കലികളായാൽ കൊള്ളാം. വിശിഷ്ടപുരുഷന്മാരായിട്ടുള്ള സംഭാഷണം പോലെ അനുഭവത്തെക്കൊടുക്കുന്ന വസ്തുക്കളിൽ ഇല്ല. ജ്ഞാനസമ്പാദനത്തിൽ എനിക്കുള്ള ആസക്തി പറഞ്ഞറിയിക്കാൻ പ്രയാസമാണ്" എന്ന് അസ്സീറിയൻ പറഞ്ഞു. "എന്താണു ജ്ഞാനമെന്നു നീ പറയുന്നത്? ഈ ലോകത്തിൽ ജ്ഞാനികൾ ഇവിടെ ജ്ഞാനികളില്ല. അതിന് ആവശ്യവുമില്ല. യഥാർത്ഥജ്ഞാനമെന്നുള്ള നമ്മുടെ സ്വന്തം മുറകളെയും അന്യന്മാർ നമ്മുടെ നേരെ അനുവർത്തിക്കേണ്ട മുറകളെയും പ്രതിപാദിക്കുന്ന ഒരു വിദ്യമാത്രമാണ്. ഇങ്ങിനെയുള്ള ജ്ഞാനംകൊണ്ട് ഇവിടെ എന്തു പ്രയോജനമാണുള്ളത്? ഇവിടെയുള്ളവരെല്ലാം തങ്ങളുടെ കൃത്യങ്ങളെ സ്വഭാവേന തന്നെ അറിയുന്നു. ശരിയായി അനുഷ്ഠിക്കുകയും ആ പ്രകാരം മററുള്ളവരും അവരുടെ കൃത്യങ്ങൾ ചെയ്യുമെന്നു വിശ്വസിക്കുകയും ചെയ്യുന്നു. ജ്ഞാനത്തിനു ദിക്കില്ലാതായ ഒരു ലോകമായതിനാൽ ഇന്ത്യക്കാരായ വിചാരകന്മാർ നിർമ്മലന്മാരല്ലാതെ മററുള്ള ആരുമില്ല. പക്ഷേ അവരുടെ സ

സന്തോഷത്തിൻ്റെ സങ്കേതമായ, വിഷയസുഖ മല്ലെങ്കിൽ പോലും ദുഃഖത്തിൽ നിന്ന് ഉത്ഭവിക്കുന്നതാകകൊണ്ട്, ഈ രാജ്യത്തിലുള്ളവർ അതിനെ പോലും മാനിച്ചിട്ടില്ല" എന്നു ദേവദൂതൻ പറഞ്ഞു. "ഇതെല്ലാം ശരിയായിരിക്കാം. തങ്ങളുടെ സഹജീവികളുമായിട്ടുള്ള സംസർഗ്ഗസമ്പാദനത്തിൽ വൈമുഖ്യത്തോടുകൂടിയും ഏകാന്തവാസത്തിൽ താല്പര്യമുള്ളവരായിട്ടാണ് ഈ ലോകവാസികൾ കാണപ്പെടുന്നത്. ഓരോ കുടുംബക്കാർ അയൽകുടുംബക്കാരുമായി ഇടപഴകാതെ തങ്ങളുടെ വീട്ടിനുള്ളിൽ തന്നെ കാലംകഴിച്ചു പോരുന്നു" എന്ന് മനുഷ്യൻ പറഞ്ഞു. "ശരി എന്നാലും ശരിയായിട്ടുള്ളതാണ്. ഈ ലോകത്തിൽ സമുദായവ്യവസ്ഥകളൊന്നുമില്ല. അതിനാവശ്യവുമില്ല. ജനങ്ങൾ തമ്മിൽ തമ്മിലുള്ള ബന്ധമോ ഒരുമിച്ചുകൂടി സ്നേഹമോ ആണ് സമുദായത്തിൻ്റെ മൂലകാരണം. ഈ ലോകത്തിലുള്ളവർ എന്നാലും സ്വാശ്രയികളായിട്ടുള്ളതുകൊണ്ട് അവർ തമ്മിൽ തമ്മിൽ ആശ്രയപ്പെടേണ്ട ആവശ്യമില്ല. പിന്നെ ഇവിടെയുള്ളവരെല്ലാം മഹാപണ്ഡിതന്മാരായുള്ളതുകൊണ്ട് കാവ്യങ്ങളുടെ സ്വാദനുഭവത്തിന് ഇവർക്ക് അന്യന്മാരുടെ ആവശ്യമില്ല" എന്നു ദേവദൂതൻ പറഞ്ഞു. "ശരി എങ്ങിനെയായാലും എനിക്ക് ഇവിടെ കാലംകഴിച്ചുകൂട്ടുന്നതായിരുന്നു സാധിക്കും ഈ ലോകത്തിൽ കലാവിദ്യകളോ, ഭക്ഷണമോ, സ്നേഹമോ ഇല്ലാതെ സാധിക്കും എനിക്ക് ബുദ്ധിമാനായ കവിയോ ഗായകനോ എങ്കിലും കിട്ടിയാൽ ഞാൻ തൃപ്തിപ്പെട്ടുകൊള്ളാം. അവരുടെ അനുഗ്രഹത്തോടുകൂടി എനിക്ക് അവരുമായി അവരോടുകൂടി തമ്മിൽ പറഞ്ഞു കൊണ്ടിരിക്കുവാൻ സാധിക്കുമോ? ആ കവികളൊക്കെ

കാണെല്ലോ" എന്ന് മനുഷ്യൻ പറഞ്ഞു. "ഇതു തന്നെ കൊണ്ട് എന്താണ് പ്രയോജനം? മനോസമ്പാദനത്തിനോ, കൊള്ളയെന്നുവെച്ചാലോ അവരുടെ മനോവൃത്തി പ്രായമെന്നോ ദേവന്മാരെ മനുഷ്യർ തമ്മിൽ സംസാരിക്കുന്നത്. ഇതിൽ മടുപ്പുള്ള ഉദ്ദേശമോ വല്ലതും ചിന്തയാകയുള്ളതുകൊണ്ട് ഈ ലോകത്തിൽ ഒരാൾക്ക് മറ്റൊരാൾ ഇവിടെ ഇല്ലാത്തതുകൊണ്ട് അതിനൊപ്പം ഒരു ശബ്ദം ഉണ്ടാവാനില്ലല്ലോ" എന്നു ദേവദൂതൻ പറഞ്ഞു.

"എന്നു നിലയിലും ഈ രാജ്യവാസികൾ കൃതാർത്ഥന്മാരായിരിക്കുന്നതെന്നതിനു സംശയമില്ല. എന്തെന്നാൽ അവരവർക്കുള്ള സ്വത്തുക്കൾ കൊണ്ട് അവർ തൃപ്തിപ്പെടുന്നു. മറ്റൊരാളുടെയോ അയൽക്കാരുടെയോ വേണ്ടതിലധികം ധനം നേടുവാൻ അവർ ഉത്സാഹിക്കുന്നില്ല. അതുകൊണ്ട് അവരുടെ മേൽ പാർത്തായി വസിക്കുന്നവരെ ഭരിക്കേണ്ട ആവശ്യമില്ലാതെ ചിലപ്പോൾ ഇവർക്ക് ധാരാളം അവസരം ഉണ്ട്" എന്ന് മനുഷ്യൻ പറഞ്ഞു. ദൈവമാക്കുന്നതിൻ്റെ ഉപായമെന്ന വഴിയരികെ കിടന്നിരുന്ന ഒരു നിർഭാഗ്യനിയുടെ വിലാപങ്ങൾ ആണ് കേൾക്കുന്നത്. ആ ദുഃഖത്തിൽ തൻ്റെ എല്ലാവരും ദയനീയമായ സ്ഥിതിയെ കണ്ട് അവരോടുകൂടി പറ്റിപ്പിടിച്ചിരുന്നു. മനുഷ്യൻ ഉടനെ അവനെ സഹായിക്കാനായി ഒരുങ്ങിയപ്പോൾ ദേവൻ ക്ഷണനേരം കൊണ്ട് അതിനെ തടഞ്ഞു. ഒന്നും സംസാരിക്കാതെ മിണ്ടാതിരുന്ന ആ വലിയ കഷ്ടത്തിൽ അകപ്പെട്ടവനെ അവനിങ്ങനെ എത്രയും തന്നെ" എന്ന് മനുഷ്യൻ ചോദിച്ചു. "നിങ്ങൾ ഒരുമിച്ചുപോയ്ക്കൊള്ളു

[illegible] അത്യാവശ്യമായ [illegible] ഉള്ളവരെ [illegible] ഞങ്ങളുടെ [illegible] ഉപയോഗിക്കാതെ [illegible] ഒരു [illegible] ഒരു [illegible]". എന്ന് [illegible] ഇങ്ങനെ പറഞ്ഞു. "നമ്മുടെ അത്യാവശ്യങ്ങളെ [illegible] ഹാ! ഈ പറഞ്ഞതു ഞാൻ ഒരു നി[illegible] പറഞ്ഞ [illegible] ഞാൻ കണ്ടില്ല. ഈ [illegible] ഉപകാരം ചെയ്യുന്നു [illegible] ഇവിടെ [illegible] ഇല്ല. എങ്കിലും ഇവർ [illegible] ഒരു [illegible] ഉണ്ട്. [illegible] ഞാൻ [illegible]" എന്ന് [illegible] പറഞ്ഞു. "[illegible] ഈ [illegible]

[illegible] ഇപ്രകാരം പറഞ്ഞു. "ആശ്ചര്യം ത[illegible] ഞാൻ വന്നുചേർന്നത്? [illegible] എന്ന ഒരു [illegible] ഞാൻ ഇവിടെ കാണുന്നില്ല. ഈ [illegible] ഇവർക്ക് [illegible] ഇവിടെ കാണപ്പെടുന്നില്ല. [illegible] ഞാൻ [illegible] ഞാൻ [illegible]

[illegible]

കംസവധം

(തുടർച്ച)

[illegible]

[illegible]

ശോഭൻ വേർപാറിഞ്ഞതാണു വീഴുന്നപോലെ തടിച്ചുള്ള കൽത്തറകളിലുള്ളു വിരിച്ചിട്ടിരുന്നാൽ. കലിതക ഭംഗമപ്പോളുണ്ടാക്കുന്ന തിരമാലകൾ കൊണ്ടുണ്ടും പറിപ്പുമ്പോലെ കൊട്ടുന്ന ഗുണഗ്രാകാകകം പോറെട്ടത്തിട്ടു മോതാനോതനാക്കും കൊന്നുകോനെ വഴിച്ചുവെച്ചുമാറൻ വലങ്ങളിൽ വെച്ചുള ഇത്തപ്പുരാണ്ടുകെ ഗഭാവിഭാഗത്തു വാതാസ്ഥിതിചിത്രകാളിമിക്കർ പരിപൂർണ്ണം കണ്ണിലെ കന്നകപ്പൂകാരമാതയം ചേർന്ന പൊല്ലാത്തതായി തുല്യതയി നകുലത്തെഴുന്നള്ളി നില്ക്കുവിടയോ ഇത്തരത്തിലുള്ള മാതൃപ്പ്രവാഹങ്ങളെല്ലാം മുഴുവനായി ഒന്നാകെ ചു ചേരുന്ന ഉപാലകന്മാരെയും വേദാനന്ദ മാധുര്യസാരമായിരുന്നതിനാൽ സമനോ പാദമേ വീഴിച്ചു വെച്ചൻ മാമതെയും മാവാവേവകാമാത്യദ്ദ്വേത്യ സമം പ്രാണവോനാസമിതം കംസമനോത്തരാനും ഖിന്ന വന്നൂദേശ്യ തോന്നുന്ന സമന്താനന്തിക ഒന്ന നമ്മളിതോപാലകന്മാരെയും തൃ കണ്ടിട്ടിരുന്നാർ.

മല്ലാനാമശനിർനൃണാം നരവരഃ
സ്ത്രീണാം സ്മരോ മൂർത്തിമാൻ
ഗോപാനാം സ്വജനോസതാം ക്ഷിതിഭുജാം
ശാസ്താ സ്വപിത്രോഃ ശിശുഃ
മൃത്യുർഭോജപതേർവിരാഡവിദുഷാം
തത്ത്വം പരം യോഗിനാം
വൃഷ്ണീനാം പരദേവതേതി വിദിതോ
രംഗം ഗതഃ സാഗ്രജഃ.

(തുടരും)

സാഹിത്യകാലനിർണ്ണയം

(കോൾബ്രൂക്കിന്റെ അഭിപ്രായം)

കോൾബ്രൂക്ക് എന്ന പാശ്ചാത്യപണ്ഡിതനെപ്പറ്റി കേട്ടിട്ടില്ലാത്തവർ പഠിപ്പുള്ള ഇന്ത്യക്കാരിൽ അധികം ഉണ്ടായിരിക്കയില്ല. ഹിന്ദുക്കൾ വളരെ രഹസ്യമായി വെച്ചിരുന്ന വേദത്തെ പാശ്ചാത്യഭാഷയിൽ പരിഭാഷപ്പെടുത്തിയതിനാൽ പടിഞ്ഞാറൻനാട്ടിലെ പണ്ഡിതലോകത്തിൽ അദ്ദേഹം പ്രസിദ്ധനായിത്തീർന്നു. പാശ്ചാത്യഭാഷ്യാദം നമ്മുടെ നാട്ടിൽ പ്രബലപ്പെട്ടിരിക്കുന്ന ഇക്കാലത്തു പാശ്ചാത്യപണ്ഡിതന്മാർക്കും വേദത്തെപ്പറ്റി അല്പമെങ്കിലും അറിയുന്നതു കോൾബ്രൂക്കിന്റെ ഗ്രന്ഥങ്ങളിൽനിന്നു മാത്രമാണ്. ഈ ഒരു സംഗതികൊണ്ടുതന്നെ അദ്ദേഹത്തോടു ഹിന്ദുക്കൾ എത്രത്തോളം കടപ്പെട്ടിരിക്കേണ്ടതാണ്. ഇതിനുംപുറമെ, സംസ്കൃതസാഹിത്യത്തിലെ എല്ലാ വിഭാഗങ്ങളിലുമുള്ള പ്രാചീനഗ്രന്ഥങ്ങളെ മുഴുവൻ പര്യാലോചിച്ച് അവയെപ്പറ്റി അനേകം വിശേഷങ്ങളെഴുതി അദ്ദേഹം പ്രസിദ്ധപ്പെടുത്തിട്ടുണ്ട്. ആ വക വിശേഷങ്ങളിൽനിന്നു മാത്രമാണ്, സംസ്കൃതസാഹിത്യത്തിലുള്ള ഗ്രന്ഥസമുദായത്തെപ്പറ്റി ചരിത്രരീതിയിൽ നമുക്കു കുറച്ചെങ്കി



ല്യം അറിവാനിടയായത്. പ്രാചീനകാലത്തിലെ സംസ്കൃതകവികൾ ഉത്തമലേഖം വെക്കാതെ എഴുതിവെച്ചിട്ടുള്ള ഗ്രന്ഥങ്ങളെ പരിശോധിച്ച്, മറ്റും കവികളുടെ ഗ്രന്ഥത്തിൽനിന്നെടുത്തിട്ടുള്ള ഉദ്ധരണശ്ലോകങ്ങളെയും മറ്റും എടുത്ത് കവികളിൽ വിദ്വത്സമ്മതനായ ഒരു കാലനിർണ്ണയം ചെയ്യാൻ കേഷ്ട്മുള്ളർ ചെയ്തിട്ടുള്ള പരിശ്രമം വാദപ്രതിവാദമാകുന്നു. പുരാതനം കഴിയുന്നതായാൽ കേഷ്ട്മുള്ളരുടെ കാലനിർണ്ണയത്തിനു പിന്നീടും സംസ്കൃതസാഹിത്യചരിത്രത്തെപ്പറ്റി ഗ്രന്ഥങ്ങളെഴുതിയിട്ടുള്ള പണ്ഡിതന്മാരും ഒരു കാര്യമായിട്ടാണ് ആ മഹാനുഭാവന്റെതായിരുന്നത്. ഈ വിഷയത്തിൽ മാക്‌ഡൊനാൾഡ് മുതലായ പല പാശ്ചാത്യപണ്ഡിതന്മാരും ഭാരതചന്ദ്രൻ മുതലായ പൌരസ്ത്യപണ്ഡിതന്മാരും വിസ്തരിച്ചിട്ടുണ്ടാവുന്നവരെല്ലാം, അവരുടെയെല്ലാം പരിചയം കേഷ്ട്മുള്ളരുടെ പാണ്ഡിത്യം വഴിക്ക് സിദ്ധിച്ചതാണ്.

കേഷ്ട്മുള്ളരുടെ ഗ്രന്ഥങ്ങളിൽനിന്ന്, സാഹിത്യചരിത്രത്തെപ്പറ്റി പലതും അറിയുന്നുണ്ട്. വിക്രമാദിത്യമഹാരാജാവിന്റെ കാലം മുതല്ക്കുണ്ടായിട്ടുള്ള സംസ്കൃതകവികളുടെയും അവരുണ്ടാക്കിയിട്ടുള്ള ഗ്രന്ഥങ്ങളുടെയും കാലം ആ വകഗ്രന്ഥങ്ങളിൽനിന്നറിയാവുന്നതാണ്. വിക്രമാദിത്യന്റെ കാലം നിർണ്ണയിക്കുന്നതിനു "വിക്രമാബ്ദം" എന്ന പേരിൽ നടപ്പുള്ള സംവത്സരത്തെ പ്രമാണമാക്കിയതു നാം വിചാരിക്കുന്നില്ല. വിക്രമാബ്ദത്തിലും ക്രിസ്ത്വബ്ദത്തിലും ഇന്നത്തെ തീയതികൾ കഴിഞ്ഞിട്ടുള്ള സംവത്സരങ്ങളെ താരതമ്യപ്പെടുത്തിനോക്കിയാൽ, ക്രിസ്തുവർഷത്തിന് ൫൭ സംവത്സരം മുമ്പാണ വിക്രമാദിത്യൻ ജീവിച്ചിരുന്നതെന്നു കാണാം. പക്ഷെ, കേഷ്ട്മുള്ളരും മറ്റു പാശ്ചാത്യവിദ്വാന്മാരും ഇതു സമ്മതിക്കുന്നില്ല. വിക്രമാബ്ദത്തിന്റെ ആരംഭം, സംസ്കൃതസാഹിത്യപ്രസിദ്ധനായ വിക്രമാദിത്യമഹാരാജാവിന്റെ പാരമ്പര്യവഴിക്കല്ലെന്നും ആ സംവത്സരത്തിനു കാരണഭൂതനായ വിക്രമൻ ക്രിസ്തുവിനുമുമ്പു ജീവിച്ചിരുന്ന ഒരു വിക്രമരാജാവായിരിക്കണമെന്നുമാണ് അവരുടെ സിദ്ധാന്തം. ഈ സിദ്ധാന്തത്തെ ആസ്പദമാക്കിക്കൊണ്ട് കേഷ്ട്മുള്ളർ ചെയ്തിട്ടുള്ള കാലനിർണ്ണയത്തിലെ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു:—

ക്രി. അ. (A. D.) 550

വിക്രമാദിത്യൻ, തെക്കുകിഴക്കൻ ഉജ്ജയിനിയിലെ രാജാവ്.

ക്രി. അ. (A. D.) 531—579

പേർഷ്യരാജാവ്, തന്റെ രാജധാനിയിലെ രാജവൈദ്യനായ "ബാർസൊയി" എന്ന വിദ്വാനെ, പഞ്ചതന്ത്രം തർജ്ജമചെയ്യുന്നതിനായി ഇന്ത്യയിലേക്കയച്ചു (1)

ക്രി. അ. (A. D.) 544

കൊറൂർയുദ്ധം. അതിൽവെച്ച് വിക്രമാദിത്യൻ ശ്ലേച്ഛന്മാരെ പരാജയപ്പെടുത്തി. ഈ യുദ്ധത്തിൽതന്നെ തന്റെ വിജയത്തിന്റെ ചിഹ്നമായി, മുമ്പുനടപ്പുണ്ടായിരുന്ന വിക്രമാബ്ദത്തെ "വിക്രമസംവത്സരം" എന്ന പേരിൽ നടപ്പാക്കി.

സിദ്ധസേനൻ എന്ന ജൈനാചാര്യ

---

(1) "ബാർസൊയി" [illegible] — [illegible] 'പഞ്ചതന്ത്രം' [illegible] [illegible]. ഈ [illegible] [illegible] വിക്കു.

നൻ ഇതിൽ വിക്രമാദിത്യനെ സഹായിച്ചു.

കാശ്മീരരാജാവായ മാതൃഗുപ്തനും ഭർത്തൃമെണ്ഠൻ (i) എന്ന കവിയും വിക്രമാദിത്യന്റെ സമകാലീനന്മാരാണ്.

കാളിദാസൻ ദിങ്നാഗന്റെയും, അസംഗന്റെ, വസുബന്ധു എന്ന രണ്ടു ബൌദ്ധ ഗ്രന്ഥകാരന്മാരുടെയും സമകാലികനാണ്.

634-ലെ ശാസനത്തിൽ കാളിദാസനെയും ഭാരവിയെയും പറ്റി പറഞ്ഞിരിക്കുന്നു.

6-ാം നൂറ്റാണ്ടിലുണ്ടായ ദണ്ഡി കാളിദാസന്റെ സേതുകാവ്യ(സേതുബന്ധമായിരിക്കാം)ത്തെ പ്രശംസിച്ചിരിക്കുന്നു.

കാളിദാസൻ മാസങ്ങളുടെയും രാശികളുടെയും പേരുകളെ എടുത്തു പറഞ്ഞിട്ടുണ്ട്.

ക്രി. അ. (A. D.) 587

വരാഹമിഹിരൻ മരിച്ചു. ഇദ്ദേഹം 476-ൽ ഉണ്ടായ ആര്യഭടന്റെ മതം പ്രസ്താവിച്ചിരിക്കുന്നു. 505-ൽ ഉണ്ടായ രോമകസിദ്ധാന്തം, പൌലസ്. അല്. യവനൻ ഉണ്ടാക്കിയ പൌലിശസിദ്ധാന്തം, വസിഷ്ഠന്റെ വാസിഷ്ഠസിദ്ധാന്തം, പൈതാമഹസിദ്ധാന്തം എന്നിവയുടെ പേരും ഉല്ലേഖിച്ചിരിക്കുന്നു.

ക്രി. അ. (A. D.) 561-566

അഭിധർമ്മകോശം ചീനഭാഷയിൽ പരിഭാഷപ്പെടുത്തി.

ക്രി. അ. (A. D.) 598

ജ്യോതിഷികനായ ബ്രഹ്മഗുപ്തൻ ജനിച്ചു.

ദിങ്നാഗന്റെ മതത്തെ ഉദ്യോതകരൻ (ന്യായവാർത്തികകർത്താ) ഖണ്ഡിച്ചു. ഉദ്യോതകരനെ സുബന്ധു (വാസവദത്താകർത്താ)വും സുബന്ധുവിനെ ബാണഭട്ടനും പ്രശംസിച്ചിരിക്കുന്നു.

ക്രി. അ. (A. D.) 550-560

ശിലാദിത്യൻ എന്നും പ്രതാപശീലൻ എന്നും പേരുള്ള പ്രഭാകരവർദ്ധനൻ (മാളവരാജാവ്.) ഇദ്ദേഹത്തിന്റെ സഭയിലെ വിദ്വാന്മാർ മാധവഗുപ്തൻ, ആമകൻ, സുഷേണൻ എന്നിവർ.

പ്രഭാകരവർദ്ധനന്റെ ജ്യേഷ്ഠപുത്രൻ രാജ്യവർദ്ധനനാണ്. ഇദ്ദേഹം മാളവരാജാവിനെ ജയിച്ചു. ഗൌഡരാജാവായ ഗുപ്തനാലോ, കർണ്ണസുവർണ്ണരാജാവായ ശശാങ്കനാലോ ഇദ്ദേഹം കൊല്ലപ്പെട്ടു.

ക്രി. അ. (A. D.) 610-650

ശിലാദിത്യൻ എന്ന ഹർഷവർദ്ധനൻ പ്രഭാകരവർദ്ധനന്റെ കനിഷ്ഠപുത്രൻ. ഇദ്ദേഹത്തിന്റെ സഹോദരിയായ രാജ്യശ്രീയെ ഗ്രഹവർമ്മാവിന് കൊടുത്തിരുന്നു. രാജ്യശ്രീയുടെ ഭർത്താവിനെ മാളവത്തിലെ രാജാവ് നിഗ്രഹിച്ചു. ഹർഷന് "ഭാണ്ഡി"എന്നൊരു മന്ത്രി ഉണ്ടായിരുന്നു. ഇദ്ദേഹവും പ്രാഗ്ജ്യോതിഷത്തിലെ രാജകുമാരനായ ഭാസ്കരവർമ്മാവും തമ്മിൽ സ്നേഹമായി മഹാരാഷ്ട്രരാജാവായ പുലകേശിയോട് യുദ്ധം നടന്നു. ഇദ്ദേഹം ചീനസഞ്ചാരിയായ ഹ്യൂയൻസാങ്ങിന്റെ സമകാലീനൻ (629-645) ആകുന്നു.

കാദംബരി, ഹർഷചരിതം ഇവയുടെ പ്രണേതാവായ ബാണൻ.

വാസവദത്താകർത്താവായ സുബന്ധു

(i) "ഹയഗ്രീവവധ"പ്രണേതാവായ മെണ്ഠൻ കവി, വിക്രമാദിത്യനാൽ ബഹുമാനിക്കപ്പെട്ടതായും പിന്നീട് പ്രവരസേനനാൽ ബഹുമാനിക്കപ്പെട്ടതായും മാതൃഗുപ്തന്റെ ആശ്രിതനായിരുന്നതായും.

(രാജതരംഗിണി, അ- 3)

ഹർഷചരിതം, കാദംബരി, ചണ്ഡീശതകം, ഇവയുടെ കർത്താവായ ബാണൻ.

മയൂരൻ, ഭക്താമരസ്തോത്രകാരനായ മാനതുംഗൻ, നാരായണൻ, ആദ്ധ്യന്മാർ.

ഹർഷചക്രവർത്തി മരിച്ചു. (650) കാശികാകാരനായ ജയാദിത്യനും മരിച്ചു. (660)

ക്രി. അ. (A. D) 660

ബ്രഹ്മഗുപ്തൻ ജനിച്ചു.

ഇക്കാണിച്ചിട്ടുള്ള കാലനിർണ്ണയത്തിൽ ഇനിയും അല്പാല്പം സംശയങ്ങളുള്ളതായി പറഞ്ഞിരിക്കുന്നു. വിക്രമാദിത്യന്റെ കാലം അപ്രാചീനമായിപ്പറഞ്ഞതിൽ മാതൃകം പോലെ സ്വീകരിക്കാതെ അതു കാലത്തെ അപ്രാചീനതം ഇതിൽ സമ്മതിക്കാതെ കഴിയുന്നതല്ല. ഈ വ്യതിയാനം, പാശ്ചാത്യർ പ്രാചീനതയെ ആദരിക്കാത്തതുകൊണ്ടു വന്നതായിരിക്കാം.

മിത്രഗോഷ്ഠി.

പരേതനായ ബഹുമാനപ്പെട്ട

വി. കൃഷ്ണസ്വാമി അയ്യർ

സി. എസ്സ്. ഐ.

അല്പകാലത്തിനുള്ളിൽ അനല്പമായ സമ്പത്തും അനന്യസാധാരണമായ യശസ്സും സമ്പാദിച്ചു യൂറോപ്യന്മാരുടെ ബഹുമാനത്തിനെന്നപോലെ ഭാരതീയന്മാരുടെ ആദരവിനും വിഷയമായിത്തീർന്ന ഈ



പുരുഷസിംഹം ഇക്കഴിഞ്ഞ ഡിസംബർ 28-ാംനു തന്റെ 48-ാമത്തെ വയസ്സിൽ ഇഹലോകവാസം വെടിയുക നിമിത്തം ഇന്ത്യക്കാർക്കു വന്നിട്ടുള്ള നഷ്ടം ഒരു കാലത്തും തീരാവുന്നതല്ല. അഗാധമായ ബുദ്ധിയും, വിശാലമായ ഹൃദയവും, നിഷ്കളങ്കമായ പ്രകൃതിയും ഒത്തുകൂടിയ ഈ മഹാപുരുഷനെ ഇത്ര വേഗം അപഹരിച്ചുകൊണ്ടുപോയ ഹതവിധിയുടെ ദുശ്ചേഷ്ടിതം കഠിനത്തിലും കഠിനമായിട്ടുള്ളതാണ്. ഉത്സാഹമായ ഈ ദേഹം ഇത്ര പെട്ടെന്നു വിട്ടതിനെ ന്ന് ഇന്ത്യക്കാരുടെ സൌഭാഗ്യപരിമിതിയെ വിചാരിച്ചിട്ടില്ല. എന്നാൽ അപ്രതിഹതമായി പ്രവഹിക്കുന്ന കാലഗതിയെ തടുത്തുനിർത്തുവാൻ മനുഷ്യർക്കാർക്കും ശക്തിയില്ലല്ലോ. അദ്ദേഹത്തിന്റെ ജീവിതം ഇന്ത്യക്കാർക്കു സ്വാഭിമാനം വർദ്ധിപ്പിക്കുന്നതും അവരിൽ ലയിച്ചുകിടക്കുന്ന ശക്തികളെ ഉൽബോധിപ്പിക്കുന്നതുമാകയാൽ അത് അവരുടെ ഹൃദയത്തിൽ പതിഞ്ഞുകിടക്കേണ്ടതാണെന്നു നിസ്സംശയമായി പറയാം.

മഹാശയന്മാരായ പുരുഷകേസരികളുടെ വിളനിലമായ തഞ്ചാവൂർജില്ലയിലുൾപ്പെട്ട തിരുവിടമരുതൂർ എന്ന ഗ്രാമമാണ് കൃഷ്ണസ്വാമിഅയ്യരുടെ ജന്മഭൂമി. അദ്ദേഹത്തിന്റെ ജനനം 1863-ാമാണ്ടിലാണ്. ആദ്യകാലത്തെ വിദ്യാഭ്യാസം തഞ്ചാവൂർ, കുംഭകോണം എന്നീ സ്ഥലങ്ങളിലെ വിദ്യാലയങ്ങളിലായിരുന്നു. പിന്നീട് അദ്ദേഹം മ

മിദ്രാശി പ്രസിഡൻസി കോളേജിൽ ചേൎന്ന് ബി.എ ക്ക് പഠിക്കുകയും പതിനെട്ടാമത്തെ വയസ്സിൽ ബി. എ. പാസ്സാവുകയും ചെയ്തു. 21-ാമത്തെ വയസ്സിൽ ബി. എൽ പരീക്ഷയിലും ജയിച്ചു. മദിരാശി ഹൈക്കോൎട്ടിൽ ഒരു വക്കീലാവുകയും ചെയ്തു

വക്കീൽ പ്രവൃത്തിയിൽ വിജയം നേടുവാൻ ആദ്യത്തിൽ പല പ്രതിബന്ധങ്ങളും പൊരുതിക്കയറുന്നതിനുള്ള സന്ദർഭങ്ങളും ഇദ്ദേഹത്തിന്നുണ്ടായിരുന്നെങ്കിലും ‘‘സാധികസ്ഥിരോ ഭവേദ്ഭാഗ്യാനിബദ്ധതേ’’ എന്ന ന്യായത്തെ അനുസരിച്ച് കാലംകൊണ്ട് ഇദ്ദേഹത്തിന്റെ യഥാൎത്ഥമായ യോഗ്യതയെ ജനങ്ങൾ അറിഞ്ഞുതുടങ്ങുകയും ആ യോഗ്യതക്കനുരൂപമായ പദവി ഇദ്ദേഹത്തിന്നു കിട്ടുകയും ചെയ്തു. കൃഷ്ണസ്വാമി അയ്യർ ഹൈക്കോൎട്ടുവക്കീൽമാരുടെ ഒരു നായകനായിതീൎന്നു. ‘മനുഷ്യന്മാരുടെ ബുദ്ധിശക്തിയും, നേട്ടത്തിന്റെ വാഗ്വിലാസവും’ കൂടിയ ദേഹമാണ കൃഷ്ണസ്വാമി അയ്യരെന്ന് ഒരു മഹാശയൻ പറഞ്ഞിട്ടുള്ളതു വളരെ ശരിയായിട്ടുള്ളതാണ്. എതിരാളി അവിതൎക്കിതമായി കൊണ്ടുവരുന്ന വാദങ്ങളെപ്പോലും പെട്ടെന്നു ഖണ്ഡിപ്പാനുള്ള പ്രതിഭയും സാമൎത്ഥ്യവും അദ്ദേഹത്തിന്നൊന്നു വേറെതന്നെയാണ്. താൻ പിടിച്ച ഭാഗം സാധിപ്പാനുള്ള ന്യായങ്ങളെ മുഴുവൻ അതാതിന്റെ ക്രമപ്പെടുത്തി ശ്രോതാക്കന്മാരുടെ മനസ്സിൽ പതിയത്തക്കവണ്ണം പ്രകടിപ്പാൻ അദ്ദേഹത്തിന്നുണ്ടായിരുന്ന പാടവവും അനിതരസാധാരണമാണ്. എല്ലാ കാൎയ്യങ്ങളിലും അതിയായ ശുഷ്കാന്തി അദ്ദേഹത്തിന്നു സ്വതസ്സിദ്ധമായിരുന്നു. പരോൽകൎഷാസഹിഷ്ണുക്കളായ ചില പുരോഭാഗികൾ അദ്ദേഹത്തിന്റെ ശുഷ്കാന്തിയെ ധാൎഷ്ട്യമാണെന്നു പലപ്പോഴും വ്യാഖ്യാനിക്കാറുണ്ടായിരുന്നു. എങ്കിലും മറ്റുള്ളവരെ മാത്രം പ്രമാണിച്ച് ചെയ്യേണ്ടതു ചെയ്യാതിരിക്കുന്ന ഭീരുത്വം അദ്ദേഹത്തിന്നില്ലായിരുന്നു; അദ്ദേഹം മറ്റുള്ളവരുടെ നിന്ദാപ്രശംസകൾക്കു വലിയ വിലയൊന്നും വെച്ചിരുന്നില്ല. വക്കീലിന്റെ നിലയിൽ അദ്ദേഹം വളരെ സമ്പത്തും ഖ്യാതിയും സമ്പാദിച്ചിട്ടുണ്ട്.

എന്നാൽ ഇപ്രകാരമുള്ള സംഗതികൾ കൊണ്ടല്ല കൃഷ്ണസ്വാമി അയ്യർ പൊതുജനങ്ങളുടെ പ്രീതിക്കും ബഹുമാനത്തിന്നും കൃതജ്ഞതക്കും പാത്രമായിത്തീൎന്നത്. കൃഷ്ണസ്വാമി അയ്യരോളമോ അതിലധികമോ പണം നേടീട്ടുള്ള ‘നിധിശ്രീ’കളിൽ കണ്ടുകാണാൻ പോലുമില്ലാത്ത പല ഗുണങ്ങളും ആ മഹാശയന്റെ സ്വാഭാവികങ്ങളായിരുന്നു. അവയിൽവെച്ച് പ്രധാനമായിട്ടുള്ളതാണ് അദ്ദേഹത്തിന്റെ ഔദാൎയ്യം. ‘ഉദാരചരിതാനാം തു വസുധൈവ കുടുംബകം’ എന്ന വചനം ഔദാൎയ്യലക്ഷണത്തെ പ്രവൃത്തികൊണ്ടു പ്രത്യക്ഷമാക്കീട്ടുള്ളവരിൽ പ്രഥമഗണനീയനാണ് ഈ മഹാപുരുഷൻ. സ്വപ്രയത്നംകൊണ്ടു സമ്പാദിച്ചിട്ടുള്ള ധനത്തിൽ നിന്നു ഒരു ലക്ഷത്തിലധികം ഉറുപ്പിക ധൎമ്മകാൎയ്യങ്ങൾക്കു മാറ്റമായി പൊതുജനങ്ങൾക്കു നീക്കിവെപ്പാനുള്ള ധൈൎയ്യവും ഔദാൎയ്യവും കൃഷ്ണസ്വാമി അയ്യരെപ്പോലെയുള്ള അപൂൎവ്വപുരുഷന്മാൎക്കേ ഉണ്ടാകയുള്ളൂ. സ്വാതന്ത്ര്യവും, സാധുക്കളിൽ അനുകമ്പയും അദ്ദേഹത്തിന്റെ പ്രവൃത്തികളിലെല്ലാം വ്യാപിച്ചുകാണുന്നതാണ്. അസത്യത്തിലുള്ള കഠിനമായ വിദ്വേഷം അദ്ദേഹത്തിന്നു സഹജമായിരുന്നു. ഈ ഗുണമാണ്, യാതൊരു പ്രതിഫലേച്ഛയുംകൂടാതെ ‘പൊതുജനങ്ങളെ പാപ്പരായിതീൎത്ത’ ആൎബത്ത്നോട്ട് കേസിൽ വ്യവഹാരം നടത്തുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ആ പ്രവൃത്തി

ഖം അദ്ദേഹത്തിന്റെ യശസ്സു നാട്ടിലൊക്കെ പരക്കുകയും ജനങ്ങളുടെ ബഹുമാനം അതിശയിക്കുകയും ചെയ്തു.

വക്കീൽപ്രവൃത്തിയെ പൂർണ്ണമായിട്ടല്ല, വൃത്തിയർത്ഥമായിട്ടാണ് അദ്ദേഹം കണക്കാക്കിയിരുന്നത്, അല്ലെങ്കിൽ ഇന്ത്യാരാജ്യത്തിന്റെ ശ്രേയസ്സിന്നു വേണ്ടപ്പെട്ട അനേകം ഏർപ്പാടുകളിൽ കയ്യുകെട്ടി പ്രവർത്തിപ്പെടുവാൻ അദ്ദേഹത്തിന്നു മനസ്സും സമയവും ഉണ്ടാകയില്ലായിരുന്നു. മാതൃമഹാസഭയുടെ ശ്രേയസ്സിന്നായി അദ്ദേഹം വളരെ ക്ലേശം പ്രയത്നിച്ചിട്ടുണ്ട്. മതിരാശിക്കാരുടെ പ്രാതിനിധ്യം വഹിച്ച് അദ്ദേഹം പല തവണയും മഹാസഭയിൽ ഹാജരാവുകയും പ്രധാനപ്പെട്ട വിഷയങ്ങളെപ്പറ്റി ഉജ്ജ്വലങ്ങളായ പ്രസംഗങ്ങൾ ചെയ്യുകയുണ്ടായിട്ടുണ്ട്. ആരുടേയും മുഖംനോക്കാതെ അദ്ദേഹം ഉള്ളതുപറയുന്ന അഭിപ്രായങ്ങൾ ചില അവസരങ്ങളിൽ അവിനീതബുദ്ധികളായ ചില ചെറുപ്പക്കാരുടെ വൈരസ്യത്തിന്നു കാരണമായിട്ടില്ലെന്നില്ല. എങ്കിലും അദ്ദേഹത്തിന്റെ നിഷ്പക്ഷതയെ അവരും അഭിനന്ദിക്കയേ ചെയ്തിട്ടുള്ളൂ. നാട്ടുകാരുടെ വ്യവസായാഭിവൃദ്ധിയിലും അദ്ദേഹം ശ്രദ്ധവെച്ചിരുന്നു. ഇപ്പോൾ നല്ല നിലയിൽ നടന്നുവരുന്ന ഇന്ത്യൻബാങ്കിന്റെ പ്രവർത്തകനും അദ്ദേഹംതന്നെയാണ്.

വിദ്യാഭ്യാസകാര്യത്തിൽ കൃഷ്ണസ്വാമി അയ്യർ ചെയ്തിട്ടുള്ള പരിശ്രമം ചില്ലറയല്ല. പത്തുകൊല്ലത്തോളം കാലം അദ്ദേഹം സർവ്വകലാശാലയിലെയും പഠിപ്പുസംഘത്തിലെയും മറ്റും അംഗമായിരുന്നിട്ടുണ്ട്. എന്നാൽ അദ്ദേഹം ഒരു വക സംഘങ്ങളിൽ കേവലം മാത്രമല്ലതാനും. എല്ലാവിഷയങ്ങളിലും ഒരുപോലെ പാണ്ഡിത്യമുണ്ടായിരുന്നുകൊണ്ട് അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ എല്ലാവരും ആദരിച്ചിരുന്നു. അദ്ദേഹം ഒരു പ്രാവശ്യം സർവ്വകലാശാലയുടെ പ്രതിനിധിയായി നിയമനിർമ്മാണസഭയിലേക്കു തിരഞ്ഞെടുക്കപ്പെടുകയും, അവിടെയും പല സംഗതികളിലും തന്റെ അസാമാന്യമായ ബുദ്ധിവൈഭവത്തെ പ്രകാശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ സ്വന്തപരിശ്രമത്താൽ മൈലാപ്പൂരിൽ സ്ഥാപിച്ചിട്ടുള്ള സംസ്കൃതകോളേജും, വൈദ്യപാഠശാലയും അദ്ദേഹത്തിന്റെ സ്മരണയെ എന്നെന്നും നിലനിർത്തുന്നതാണ്. പാശ്ചാത്യവിദ്യാഭ്യാസത്തിന്റെ പരിപൂർത്തിവന്നിട്ടുള്ള അദ്ദേഹത്തിന്നു സംസ്കൃതവിദ്യയിലും വളരെ പ്രതിപത്തിയുണ്ടായിരുന്നു. സംസ്കൃതവിദ്യാഭ്യാസംകൊണ്ടുണ്ടാകുന്ന ഗുണങ്ങളെ അദ്ദേഹം അനുഭവിച്ചറിഞ്ഞിരുന്നതിനാൽ അതിനെ അറിയാതെ വെറുക്കുന്ന പാതിപ്പരിഷ്കാരികളുടെ ബോധം അദ്ദേഹത്തെ ബാധിച്ചിരുന്നില്ല. സർവ്വകലാശാല വകയായി 1911-ാമതു കൊല്ലത്തിലുണ്ടായ ഉപദേശപ്രസംഗം വായിച്ചാൽ അദ്ദേഹത്തിന്നു സംസ്കൃതസാഹിത്യത്തിലുണ്ടായിരുന്ന നൈപുണ്യം ഏറക്കുറെ അറിയാവുന്നതാണ്. സംസ്കൃതവിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധിക്കായി മദിരാശി സർവ്വകലാശാലക്കാർ അടുത്തകാലത്തു ചെയ്തിട്ടുള്ള ഏർപ്പാടുകളുടെ ജീവനും കൃഷ്ണസ്വാമിഅയ്യർതന്നെയാണ്.

ഇന്ത്യക്കാരെല്ലാവരും അസത്യം പറയുന്നവരാണെന്നു പരക്കെ ആക്ഷേപിച്ച പരേതനായ ഒരു രാജപ്രതിനിധിയുടെ വചനത്തെ ഖണ്ഡിപ്പാനായി നമ്മുടെ പുരാണേതിഹാസങ്ങളിലുള്ള ഉത്തമപുരുഷചരിതങ്ങളെ എടുത്തു കാണിച്ചു ഇന്ത്യക്കാരുടെ സദാചാരനിഷ്ഠയെ വെളിപ്പെടുത്തുവാനും ഈ മഹാശയൻ തന്നെയാണ് പ

ഭാഷയ്ക്കുമായി തീർന്നതു്. 'ആര്യചരിത'മെന്ന പുസ്തകം അദ്ദേഹത്തെ പാണ്ഡിത്യം വഴിയായി അറിയിച്ചതാകുന്നു. കൃഷ്ണസ്വാമി അയ്യർ ഇന്ത്യയുടെ പൌരാണികചരിത്രത്തെപ്പറ്റി എത്രമാത്രം അന്വേഷണങ്ങൾ ചെയ്തിരുന്നു എന്നു ഇതിൽനിന്നു തെളിയുന്നതാണല്ലോ. വൈദികമായ ഹിന്ദുമതത്തിൽ അദ്ദേഹത്തിനു അചഞ്ചലമായ വിശ്വാസവും പ്രതിപത്തിയുമുണ്ടായിരുന്നു.


അസാധാരണനായിട്ടുള്ള ഈ മതിമാന്റെ യോഗ്യതകളെ ഗവർമ്മേണ്ടിൽനിന്നും വേണ്ടപോലെ അറിയുകയും അഭിനന്ദിക്കുകയും ചെയ്തുവരികയാൽ ഇന്ത്യക്കാർക്കു കിട്ടാവുന്ന അത്യുന്നതങ്ങളായ പദവികളിലെല്ലാം അദ്ദേഹത്തിനു ലഭ്യമായി. 1909-ൽ അദ്ദേഹം മദിരാശിഹൈക്കോട്ടിലെ ഒരു ജഡ്ജിയായി നിയമിക്കപ്പെട്ടു. ആ സ്ഥാനത്തിലും അദ്ദേഹം അസാധാരണമായി പ്രകാശിച്ചു. എന്നാൽ അധികകാലം അദ്ദേഹത്തിന് ആ സ്ഥാനം വഹിപ്പാൻ സംഗതിവന്നില്ല. ഒരു കൊല്ലം കഴിയുമ്പോഴേക്ക ഗവർണ്ണരുടെ ആലോചനാസഭയിലെ ഇന്ത്യൻസാമാജികസ്ഥാനം ഒഴിവാകുകയും കൃഷ്ണസ്വാമിഅയ്യർ ആ സ്ഥാനം ലഭിക്കുകയും ചെയ്തു. ആലോചനാസഭാസാമാജികന്റെ നിലയിൽ നാട്ടുകാർക്കു ഗുണകരങ്ങളായ പല കാര്യങ്ങളും ചെയ്യുവാൻ കിട്ടിയിരുന്ന ശുഭാവസരം ഇത്ര ക്ഷണികമായി പോയതു നാട്ടുകാരുടെ ഭാഗ്യദോഷമെന്നേ പറവാനുള്ളൂ. സാമാജികനായിരുന്നകാലത്തു ഗവർണ്ണരുടെയും മറ്റു സഭാംഗങ്ങളുടെയും തൃപ്തിയും ബഹുമാനവും സമ്പാദിപ്പാൻ അദ്ദേഹത്തിനു പ്രയാസമുണ്ടായിട്ടില്ല.

കൃഷ്ണസ്വാമി അയ്യർ അധികം കീർത്തി കിട്ടുവാൻ വേണ്ടി പ്രയത്നിക്കുന്നവരുടെ കൂട്ടത്തിലല്ലായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ ഗുണഗണങ്ങളെയും ജനോപകാരശീലത്തെയും അഭിനന്ദിച്ചു ഗവർമ്മേണ്ടിൽനിന്ന് കൈസർ 'കേസരിഹിന്ദ്' മെഡൽ സമ്മാനിക്കയും, ജോർജ്ജു ചക്രവർത്തിതിരുമനസ്സുകൊണ്ട് ഡൽഹിപട്ടാഭിഷേകമഹോത്സവത്തിൽ വെച്ചു സി. എസ്. ഐ. എന്ന ബിരുദം കല്പിച്ചുകൊടുക്കയും ചെയ്തിട്ടുണ്ട്. ഡർബാറിനായി ഡൽഹിയിലേക്ക പോയ ഈ മഹാശയന്ന പെട്ടെന്നുണ്ടായ ജ്വരസന്നിപാതത്താൽ ഡർബാറാഘോഷത്തിൽ ഹാജരാവാൻ സാധിക്കാതെയും ഉടനെ മദിരാശിയിലേക്ക മടങ്ങേണ്ടതായും വന്നു. സ്വഗൃഹത്തിലെത്തി പത്തുദിവസം കഴിയുമ്പോഴേക്ക മരണഗതിയും വന്നുചേർന്നു. ഇത്ര ഗുണവാനായ പുരുഷന്റെ മരണം അകാലമരണമായിരുന്നതാണല്ലോ.

> ഏകഋതുവസന്താഗമേഷു
> സഹ്യവാസ്യസന്താപ്പെണ്ണ
> യസ്സ്ലിയോർകൈചാപിൽകുല
> ഹിമകാലസ്ഥിതാപി

എന്നാണല്ലോ കവി പറയുന്നത്. ഈ മഹാശയനെസ്സംബന്ധിച്ചേടത്തോളം 'ഹിമകാലസ്ഥിത'യാണെന്നല്ല സമാധാനത്തിനുകൂടി നിവൃത്തിയില്ലാതായിപ്പോയി.

ഭീമസിംഹന്റെ പുത്രി



സമയം അതിഭയങ്കരമായ അർദ്ധരാത്രിയുടെ കാലത്തിൽ കറുത്തിരുണ്ട മേഘങ്ങളെക്കൊണ്ടു നക്ഷത്രങ്ങളും യാതൊന്നും കാണ്മാൻപോലുമില്ല. നിശീഥിനിയാകുന്ന രാക്ഷസിയുടെ ഭയങ്കരമായ അട്ടഹാസമോ എന്നു തോന്നുംപോലെ ഇടിമുഴങ്ങുന്നതു കേൾപ്പാനുണ്ട്. മേഘങ്ങളുടെ ഇടയിൽക്കൂടി പ്രകാശിക്കുന്ന മിന്നൽപിണരുകളല്ലാതെ നിബിഡമായ അന്ധകാരത്തിനു യാതൊരു വിച്ഛേദവും വരുത്തിയില്ല. മഴ ധാരമുറിയാതെ പെയ്യുന്നുണ്ട്. ഗംഗാനദിയുടെ ഉൽപത്തിസ്ഥാനമായ ഹരിദ്വാരത്തിന്നരികെ ഹിമാലയതാഴ്‌വാരത്തിൽ 'സിദ്ധവനം' എന്ന സ്ഥലത്തുള്ള തന്റെ ആശ്രമത്തിൽ നിത്യാനുഷ്ഠാനങ്ങളും എല്ലാം കഴിഞ്ഞു പുരാണഗ്രന്ഥങ്ങളും നോക്കിയിരിക്കുന്ന സനാതനമഹർഷിയുടെ ശ്രവണത്തെ അതിദീനമായ ഒരു വിലാപസ്വരം ആകർഷിച്ചു. സമീപമുള്ള കാട്ടിൽ നിന്നു ചെന്നായ്ക്കൾ നിലവിളിക്കുന്നതോ അല്ലെങ്കിൽ കാറ്റിൽ വൃക്ഷങ്ങൾ ഉലയുന്നതോ ആയിരിക്കുമെന്നു കരുതി ആദ്യം അല്പം ഗൗനിക്കാതെ ഇരുന്നു. പിന്നെ വ്യക്തമായി മഹർഷിക്കു ആ ആർത്തനാദം കേൾക്കാറായി. "ഈശ്വര! അർദ്ധരാത്രി സമയത്ത് അതിഭയങ്കരമായ ഈ കാട്ടിൽ കാറ്റും മഴയും സഹിച്ചു ഞാൻ എന്തിനായിട്ടാണിരിക്കുന്നതു? ഈ ഭയങ്കരമായ സ്ഥലത്തു യാതൊരു സഹായവും കൂടാതെ മേലാത്തു നാട്ടിന്ന വല്ല ദുഷ്ടമൃഗങ്ങൾക്കോ ഇരയായി തീരേണമെന്നോ ആണോ എന്റെ വിധി? എന്നാൽ അങ്ങിനെ തന്നെ. മരണം മാത്രമാണ് എനിക്കു നല്ലതു". മഹർഷിയുടെ സംശയങ്ങളെല്ലാം തീർന്നു. ഉടനെ ഗ്രന്ഥങ്ങളെല്ലാം താഴെ കെട്ടിവെച്ചു തന്റെ പലാശദണ്ഡും സമീപത്തിൽ വെച്ചിരുന്നതിൽ നിന്നു കാട്ടിലുള്ള ഒരു വിധം വൃക്ഷത്തിന്റെ കൊമ്പു കത്തിക്കൊണ്ടിരിക്കുന്നതും എടുത്തു പുറത്തേക്കിറങ്ങി കാട്ടിലേക്കു തിരിച്ചു. ഒരു വൃക്ഷച്ചുവട്ടിൽ വെള്ളവസ്ത്രം ധരിച്ചിരിക്കുന്ന ഒരു സ്ത്രീയെ മഹർഷിക്കു കാണാറായി. സമീപത്തിൽ ചെന്നു അല്പം ഉറക്കെയായി മഹർഷി പറഞ്ഞു: "പുത്രീ! ഭയപ്പെടേണ്ടതില്ല. നിന്റെ സങ്കടസ്ഥാനം ഞാൻ കാണിച്ചു തരാം." സമാധാനവാക്കുകൾ കേട്ടു സ്ത്രീ തല ഉയർത്തിനോക്കി. കഠിനമായ ദുഃഖവും ആ തരുണിയുടെ മുഖത്തിന്റെ സൗന്ദര്യശോഭയെ വർദ്ധിപ്പിക്കുന്നതേയുള്ളൂ. തലമുടി മുഴുവൻ ജടയായി പിരിച്ചിട്ട ദേഹം ആസകലം ഭസ്മം പൂശി കാഷായവസ്ത്രവും പലാശദണ്ഡും ധരിച്ചിരിക്കുന്ന ആ സിദ്ധനെ കണ്ടു ഭയപ്പെട്ടു പറഞ്ഞു. "പ്രഭോ! അങ്ങ് ആരാകുന്നു എന്നു ഞാൻ അറിയുന്നില്ല. എങ്കിലും ഞാൻ വിശ്വാസത്തോടെ അങ്ങയുടെ പിന്നാലെ വരാം. ഏകാകിനി ആയി കാട്ടിൽ കിടന്നലയുന്ന ഒരു സ്ത്രീയെ രക്ഷിച്ചതിനു് അങ്ങേക്കു പ്രത്യുപകാരം ഈശ്വരൻ ചെയ്യട്ടെ; എന്നാൽ സാധിക്കുന്നതല്ല." "വത്സേ! ഭയപ്പെട്ടിട്ടു എന്റെ കൂടെ വരൂ! സർവ്വശക്തനായ ഈശ്വരൻ അനുഗ്രഹിക്കുന്നപക്ഷം നിന്റെ ദുഃഖം ഉടനെ ശമിക്കും. എന്റെ ആശ്രമത്തിൽ നിന്നു

എല്ലാ ആപത്തുകളിൽനിന്നും രക്ഷ പ്രാപിക്കുന്നതാണ്. ഞാൻ നിന്നെ എന്റെ പുത്രിയെന്നപോലെ സ്നേഹിച്ചുകൊള്ളാം. വേഗത്തിൽ വരൂ!" സ്ത്രീ എഴുന്നീറ്റു മഹർഷിയുടെ പിന്നാലെ ആശ്രമത്തിലേക്ക പോയി.

അവിടെ എത്തി അവളുടെ ഭക്ഷണത്തിനും ഉറക്കത്തിനും വേണ്ടുന്ന ഏർപ്പാടുകളെല്ലാം ശിഷ്യന്മാരെ ഏല്പിച്ച് മഹർഷി തന്റെ ഗ്രന്ഥങ്ങളെ വീണ്ടും നോക്കിയുംകൊണ്ടിരുന്നു. എങ്കിലും മാരണത്തെ ദിവസം പതിവുപോലെ മഹാഭാഷ്യത്തിലോ വ്യാസന്റെ സൂത്രങ്ങളിലോ അദ്ദേഹത്തിന്റെ മനസ്സു നിന്നില്ല. താൻ അറിയാതെ തന്നെ പല ആലോചനകളും അദ്ദേഹത്തിന്റെ മനസ്സിൽ കടന്നുകൂടി. ആ സ്ത്രീയുടെ പൂർവവൃത്താന്തം അറിവാൻ അതിയായ ഉൽകണ്ഠ ഉണ്ടായി. അല്പനേരം കഴിഞ്ഞശേഷം ശിഷ്യനെ സമീപം വിളിച്ച് "ആ സ്ത്രീ എന്തു ചെയ്യുന്നു, ഭക്ഷണംകഴിച്ചുവോ" എന്നു ചോദിച്ചു. "ഭക്ഷണം യാതൊന്നും വേണ്ട. ആരുംകൂടാതെ ഒരു സ്ഥലത്തു കിടന്നാൽ മതി", എന്നാണ പറഞ്ഞത്. അതിനു വേണ്ടതെല്ലാം ചെയ്തിട്ടുണ്ട്. "ആകട്ടെ നീ പോയി ഉറങ്ങിക്കോ നേരം അസമയമായിട്ടുണ്ട്." ശിഷ്യൻ നമസ്കരിച്ച് അകത്തേക്ക പോയി. തന്റെ ഗുരുനാഥൻ എവിടുന്നാണ് ഈ സ്ത്രീയെ കൂട്ടിക്കൊണ്ടുവന്നതെന്നും അവൾ ആരാണെന്നും മറ്റുമുള്ള ആലോചനകൾ ശിഷ്യന്റെ മനസ്സിലുണ്ട്. മഹർഷി പിന്നെയും ആലോചനയിൽ തന്നെയിരുന്നു. അല്പനേരം കഴിഞ്ഞശേഷം ഒരു ദീർഘനിശ്വാസത്തോടുകൂടി ഗ്രന്ഥങ്ങളെല്ലാം അതാതിന്റെ സ്ഥാനത്തു കെട്ടിവെച്ച് ഉറങ്ങുവാൻ പോകയും ചെയ്തു. ആ ദീർഘനിശ്വാസത്തിന്റെ കാരണമെന്തായിരിക്കണം. ആ സ്ത്രീയെ കണ്ടതിൽ ഈ അല്പനേരത്തിനുള്ളിൽ ഇത്ര ഗൗരവമായ ഒരു ആലോചന ആ സിദ്ധന്റെ മനസ്സിൽ കടന്നുകൂടി ഇപ്രകാരം ഇദ്ദേഹത്തിന്റെ മനസ്സിനെ ഇളക്കുവാൻ കാരണമെന്താണ്? യൌവനയായ അദ്ദേഹത്തിന്ന് ആകൃഷ്ടിതയായ ഒരു സ്ത്രീയുടെ രൂപത്തിൽ സഹതാപം തോന്നുന്നതിൽ ആശ്ചര്യപ്പെടുവാനില്ല. എങ്കിലും ലോകത്തിൽ സുഖവും ദുഃഖവും എന്നും മനശ്ശാന്തിയില്ലെന്നും സൂക്ഷ്മം ആലോചിച്ചാൽ ഇവിടെ മനുഷ്യർക്കുണ്ടാവുന്ന സന്തോഷത്തിനും സന്താപത്തിനും യാതൊരു വിലയില്ലെന്നും അവയെല്ലാം യഥാർത്ഥത്തിൽ പൂർവജന്മകർമ്മങ്ങളുടെ ശക്തികൊണ്ടു മനുഷ്യന്റെ മനസ്സിൽ തോന്നുന്ന വ്യാപാരങ്ങൾ മാത്രമാണെന്നും അറിയുന്ന ഈ മഹാത്മാവിന്ന് ഇത്ര വലുതായ ഒരു വ്യസനമെങ്ങിനെയുണ്ടായി? അഥവാ ഈശ്വരന്റെ വിലാസങ്ങൾ ആരു കണ്ടറിയും?

പ്രഭാതത്തിൽ കുളിച്ചു സന്ധ്യാവന്ദനങ്ങളെല്ലാം കഴിഞ്ഞശേഷം മഹർഷി ശിഷ്യനെ വിളിച്ച് "വിരോധമില്ലെങ്കിൽ എനിക്ക് ഒന്നു കാണുവാൻ ആഗ്രഹമുണ്ടെന്ന് ആ സ്ത്രീയോടു ചെന്നു പറയുക" എന്ന് ആജ്ഞാപിച്ചു. ശിഷ്യൻ പോയി തിരിയെ വന്നു ഗുരുവിനെ ആ സ്ത്രീ കാത്തിരിക്കുന്നുണ്ട് എന്നറിയിച്ചു. ശിഷ്യനോടു വഴികാണിപ്പാൻ പറഞ്ഞു മഹർഷി ശിഷ്യന്റെ പിന്നാലെ ആ സ്ത്രീയുടെ മുമ്പിൽ എത്തി. മഹർഷിയെ കണ്ടപ്പോൾ അവൾ വേഗം എഴുന്നീറ്റു യഥാവിധി ഉപചാരങ്ങളെല്ലാം ചെയ്തു. "പ്രഭോ! ഒരു ഇല്ലാത്ത ഒരു സ്ത്രീയെ ആപത്തിൽ നിന്നു രക്ഷിച്ച മഹാത്മാവ് ആരാണെന്നറിവാൻ എനിക്ക ആഗ്രഹമുണ്ട്. വിരോധമില്ലെങ്കിൽ അങ്ങു ആരാണെന്നു എന്നോട് പറയണം. ക്ഷീണംകൊണ്ടും കഠിനമായ ദുഃഖംകൊണ്ടും, എന്നെ രക്ഷിച്ച മഹാനോടു വേണ്ടതുപോലെ കൃതജ്ഞത കാണിപ്പാൻ എനിക്കിന്നലെ സാധിച്ചില്ല."

"ഞാൻ ഈ കാട്ടിൽ തപസ്സു ചെയ്യുന്ന ഒരു സന്യാസിയാണ്. ഇവിടെ വന്നിട്ടു നാലഞ്ചു കൊല്ലമായി. എന്റെ കൂടെ ചില ശിഷ്യന്മാരും ഉണ്ട്. നിനക്ക എന്നാൽ കഴിയുന്ന ഉപകാരമെല്ലാം ചെയ്തു തരുവാൻ ഞാൻ ഒരുക്കമാണ്. നിന്റെ വ്യസനകാര

ന്നമെന്താണെന്നു് വിരോധമില്ലെങ്കിൽ എ
ന്നോടു പറയാം."

സ്ത്രീ:— "ഞാൻ രാജസ്ഥാനത്തിലെ രാജപുത്രരാജാക്കന്മാരിൽ പ്രസിദ്ധപ്പെട്ട ഭീമപുരിയിലെ ഭീമസിംഹനെന്ന രാജാവിൻെറ ഏകസന്താനമാണു്. ചെറുപ്പത്തിൽ തന്നെ മാതാവു കാലഗതിയെ പ്രാപിച്ചു. അതുകൊണ്ടു വിശേഷിച്ചും ഞാൻ അച്ഛൻെറ പ്രേമഭാജനമായി തന്നെ വളൎന്നു. എനിക്കു ഏകദേശം പന്ത്രണ്ടു വയസ്സു കാലത്തു അച്ഛൻെറ രാജ്യം ശത്രുക്കൾ ആക്രമിച്ചു. എങ്കിലും നേരിട്ടു യുദ്ധം ചെയ്തു രാജ്യം കൈവശപ്പെടുത്തുവാൻ അവൎക്കു കഴിഞ്ഞില്ല. യുദ്ധം അവസാനിപ്പിക്കണമെന്നു അവർ എൻെറ അച്ഛനായ ഭീമസിംഹനോടു അപേക്ഷിച്ചു. വളരെ ദിവസമായി ഭയങ്കരമായ യുദ്ധംചെയ്തു സേനാനായകന്മാരുടെയും സൈന്യങ്ങളുടെയും അവസ്ഥതികണ്ടു ഇനി യുദ്ധം മതിയാക്കുന്നതു നല്ലതെന്നു തോന്നി അച്ഛനും സന്ധിക്കു സമ്മതിച്ചു. പിന്നെ ചില ദിവസമായി ശത്രുവിൻെറ ചെയ്തെന്നുള്ള ആക്രമത്തെ ശങ്കിച്ചു നിദ്രയില്ലാതെ കഴിച്ചിരുന്ന സൈന്യങ്ങളും എൻെറ അച്ഛനായ രാജാവും രാത്രി മനസ്സമാധാനത്തോടു കൂടി ഉറങ്ങുമ്പോൾ ശത്രുക്കൾ രാജധാനിയെ വളഞ്ഞു ഉള്ളിലേക്കു പ്രവേശിച്ചുതുടങ്ങിയെന്നും അറിഞ്ഞുള്ളു. രാജധാനിയിലെ ഒരുദ്യോഗസ്ഥൻെറ സഹായത്തോടു കൂടിയാണു് അവർ ഈ ചതിപ്രവൃത്തി ചെയ്തതെന്നു പിന്നെ അറിഞ്ഞു. ശത്രുക്കളുടെ സന്നാഹവും അവരുടെ പരിശ്രമവും ഒരുപോലെ വൎദ്ധിച്ചു. കൂട്ടിയിട്ടിരിക്കുന്ന നരികളെ കാട്ടാളർ ആയുധംകൊണ്ടു കുത്തികൊല്ലുമ്പോലെ എൻെറ അച്ഛനെയും സൈനികന്മാരെയും അവർ വധിച്ചു. ഞാൻ കുട്ടിയായിരുന്നുവെങ്കിലും അന്നു കഴിഞ്ഞ കഥയെല്ലാം ഇപ്പോഴും എനിക്കു നല്ല ഓൎമ്മയുണ്ടു്. ധീരന്മാരായ യോദ്ധാക്കൾ മുറിവേറ്റു രക്തം സഹിച്ചു് ഒരു തുള്ളിവെള്ളം കിട്ടാതെ ദയനീയമായി നിലവിളിക്കുന്നതും ശത്രുക്കൾ സന്തോഷംകൊണ്ടുള്ളതിൽ ആൎത്തുവിളിക്കുന്ന ശബ്ദവും എല്ലാം എനിക്കിപ്പോഴും എൻെറ ചെവിയിൽ കേൾക്കുന്നുവെന്നു തോന്നുന്നു. എന്തായാലും എൻെറ കഥ പറഞ്ഞവസാനിപ്പിക്കട്ടെ. എന്നെ ആ തിരക്കിൽ നിന്നു അച്ഛൻെറ സൈന്യത്തിലുള്ള ഒരു യോദ്ധാവ് എടുത്തു പുറത്തേക്കു കൊണ്ടുവന്നു. പിന്നെയുള്ള കഥയൊന്നും എനിക്കു ഓൎമ്മയില്ല. ഞാൻ മോഹാലസ്യപ്പെട്ടു പോയിട്ടുണ്ടായിരിക്കണം." യുവതി സംസാരം നിൎത്തി ദീൎഘനിശ്വാസത്തോടു കൂടി സന്യാസിയുടെ മുഖത്തേക്കു നോക്കി. "എൻെറ ശൈശവംമുതൽക്കുതന്നെ ഞാൻ ദുഃഖം അനുഭവിപ്പാൻ തുടങ്ങിയിരിക്കുന്നു എന്നു എൻെറ ചരിത്രം മുഴുവൻ കേൾക്കുമ്പോൾ താങ്കൾക്കു മനസ്സിലാവും. അന്നു ഞാൻ അനുഭവിച്ച കഷ്ടപ്പാടുകൾ ആലോചിച്ചാൽ ഇപ്പോഴും എൻെറ മനസ്സിൽ കണക്കില്ലാത്ത ഭയവും വ്യസനവും തോന്നുന്നു. എൻെറ ചരിത്രം മുഴുവൻ ഞാൻ പറഞ്ഞവസാനിപ്പിക്കട്ടെ. എന്നെ രക്ഷിച്ച ആൾ എന്നെ ഉദയപുരത്തിലെ രാജാവിൻെറ സമീപത്തിൽ എത്തിച്ചു. രണ്ടുനാലു കൊല്ലത്തോളം ഞാൻ ആ രാജധാനിയിലെ അന്തഃപുരത്തിൽ സുഖമായി കഴിച്ചു. ഉദയസിംഹൻെറ പട്ടമഹിഷി എന്നെ ഒരു സഹോദരിയെപ്പോലെ സ്നേഹിച്ചു രക്ഷിച്ചു. ഏകദേശം പതിനേഴു വയസ്സായപ്പോൾ എൻെറ ഭൎത്താവായ പ്രതാപസിംഹൻ എന്നെ വിവാഹം കഴിച്ചു. ഇദ്ദേഹം ഉദയസിംഹൻെറ സേനാനായകന്മാരിൽവെച്ചു പ്രസിദ്ധനായ ഒരു യോദ്ധാവാണു്, ഒരു കൊല്ലം സുഖമായി

ഞാൻ മന്ദിരത്തിൽ താമസിച്ചു. ആ കാലത്താണു മുഗൾചക്രവർത്തിയായ അക്ബർ രാജസ്ഥാനത്തെ ആക്രമിച്ചതു്. രാജസ്ഥാനത്തിലെ രാജാക്കന്മാരെല്ലാം ഈ ആക്രമണത്തെ എതിർത്തു. അനേകം പേർ തോററുപോയി. ചിലർ ഇന്നും എതിർത്തുവരുന്നു. പാരതന്ത്ര്യത്തെ സമ്മതിക്കാതെ സിദ്ധാന്തമായി ചക്രവർത്തിയുടെ സൈന്യങ്ങളെ എതിർത്ത രാജാക്കന്മാരിൽ പ്രധാനപ്പെട്ടവൻ ഉദയസിംഹനായിരുന്നു. ചക്രവർത്തിയുടെ സൈന്യത്തിന്റെ പ്രധാനഭാഗം ഹൂമാംബോൾ എന്ന സേനാധിപന്റെ കീഴിൽ ഉദയപുരത്തെ ആക്രമിച്ചു. പ്രതാപസിംഹനും അദ്ദേഹത്തിന്റെ കീഴിലുള്ള ഒരു ചെറിയ സൈന്യവും ഈ വമ്പിച്ച സേനയോടു് എതിർക്കേണ്ടി വന്നു. സംഖ്യയിൽ മുഗൾസൈന്യത്തിനാധിക്യമുണ്ടാകകൊണ്ടു പ്രതാപസിംഹന്റെ സൈന്യം ക്ഷണത്തിൽ നശിച്ചു തുടങ്ങി. ജീവനോടുകൂടി എന്റെ ഭർത്താവു് ഇരിക്കുന്നകാലം അദ്ദേഹം ശത്രുവിനു കീഴടങ്ങുന്നതല്ലായിരുന്നു. ഒടുവിൽ അദ്ദേഹത്തിനു കഠിനമായ ഒരു മുറിവേററു. യുദ്ധം അവസാനമായി, ചക്രവർത്തിയുടെ സൈന്യം ക്ഷണത്തിൽ ഞങ്ങളുടെ സൈന്യത്തെ കീഴടക്കി. പ്രതാപസിംഹനെ യുദ്ധത്തിൽ തടവുകാരനായി പിടിക്കയോ അദ്ദേഹം യുദ്ധത്തിൽ മരിക്കയോ ചെയ്തതെന്നു എനിക്കു നിശ്ചയമില്ല. യുദ്ധം കഴിഞ്ഞതിന്റെ ശേഷം ഹൂമാംബോൾ സേനാനായകന്മാരുമായി ഞങ്ങളുടെ ഭവനത്തെ ആക്രമിച്ചു. ഗൃഹത്തിൽ ആയുധം ധരിച്ച ഒരു രാജപുത്രയോധാവും ഉണ്ടായിരുന്നില്ല. ഏകാകിനിയായിരിക്കുന്ന എന്നെ സ്വാധീനപ്പെടുത്താൻ പല ശ്രമങ്ങളും അയാൾ ചെയ്തു നോക്കി. ഒരു രാജപുത്രയോദ്ധാവിന്റെ പുത്രിയും രാജപുത്രയോദ്ധാവിന്റെ ഭാര്യയും ആയ എനിക്കു മാനഹാനിയേക്കാൾ മരണം എത്രയോ യോഗ്യമാണെന്നതിനു സംശയം ഇല്ലാതെ എന്നെ വധിച്ചുകൊള്ളണമെന്നും ഞാൻ അവനോടു പറഞ്ഞു. "എന്റെ ഭർത്താവിനെ നിങ്ങൾ കൊന്നു. ഉദയസിംഹൻ ജീവിച്ചിരിക്കുന്നുണ്ടോ എന്നുള്ള കാര്യം തന്നെ സംശയമാണു്. എനിക്കിനി ഒരു ശരണം ലോകത്തിലാരുമില്ല. ആ സ്ഥിതിയിൽ നിങ്ങളുടെ കൃതജ്ഞത നിങ്ങൾ കാണിക്കാറുള്ളതോ. മരണത്തിൽ എനിക്കു ഭയമില്ല. മഹാഭാഗ്യവാന്മാരായ അനേകം രാജപുത്രയോദ്ധാക്കളെ നശിപ്പിച്ച നിങ്ങളുടെ കയ്യിനു് ഒരു അനാഥയായ സ്ത്രീയുടെ വധം ഇത്ര പ്രയാസമായ കാര്യമോ?" എന്നു ഞാൻ അയാളോടു ഈർഷ്യയോടെ പറഞ്ഞതിനു "നിന്റെ ഭർത്താവു മരിച്ചിട്ടില്ല. കഠിനമായി മുറിപെട്ടിട്ടേയുള്ളു. നീ എന്റെ അപേക്ഷയെ സ്വീകരിക്കാത്തപക്ഷം പ്രതാപസിംഹന്റെ മരണം നിശ്ചയം തന്നെ. ഹൂമാംബോറിന്റെ ശ്രേഷ്ഠതയെ ധിക്കരിച്ച് ഇതുവരെ ഒരു സ്ത്രീയും നിരസിച്ചിട്ടില്ല. അത്രയുമായി അപ്രകാരം നീ ചെയ്യുന്നതായാൽ അതിന്റെ ഫലം അനുഭവിക്കേണ്ടിവരും. ഇതുവരെ താനേപക്ഷേ എന്നോടു ഹൂമാംബോൾ ചെയ്തിട്ടില്ല. എന്റെ അസാമാന്യമായ ധൈര്യവും പരാക്രമവും കണ്ടിട്ടു കൂടി നിന്റെ ഭർത്താവു സ്വന്തമനസ്സാലെ എനിക്കു കീഴടങ്ങിയില്ല. എങ്കിലും ഹൂമാംബോറിന്റെ ഭാഗ്യം ഈ യുദ്ധത്തിൽ അദ്ദേഹത്തെ നിഗ്രഹിച്ചതു്. പ്രതാപസിംഹനെ ഞാൻ തന്നെയാണു് മുറിവേല്പിച്ചതു്. എന്റെ നിശ്ചയം നിനക്കറിയിച്ചുതന്നു. ഇനി നിന്റെ ഹിതംപോലെ ചെയ്യാം. നിന്റെ തീർച്ച എന്താണെന്നറിവാൻ ഞാൻ നാളെ രാവിലെ ഇവിടെ വരും." ഇങ്ങിനെ പറഞ്ഞു് അയാൾ വിശേഷപ്പെട്ട ഭൃത്യന്മാരിൽ ഒന്നുരണ്ടുപേരെ ആ ഗൃഹത്തിൽ കാവൽക്കാരാക്കി അവരോടു എന്നെ ഭദ്രമായി സൂക്ഷിച്ചുകൊള്ളുവാൻ പറഞ്ഞു് ആ നിഷ്ഠൂരൻ എന്റെ മുമ്പിൽ നിന്നിറങ്ങിപ്പോയി.

(തുടരും)

പി. പി.

जातिः ।

(अनुबन्धः)

जन्मना राजन्येनापि विश्वामित्रेण ब्राह्मण्यं कथमप्यगम्यतेति प्रतिपादयितुं विचित्राख्यानाः कथाः पुराणेषु वर्ण्यन्ते । प्रथमं तावद्वसिष्ठस्य कामदुघां होमधेनुमपाकरत विश्वामित्रः; अन्ते विप्रत्वाभिलाषोऽपि वत्सरसहस्राण्यनुष्ठाय गरिष्ठं तपश्चर्यामलभत ब्राह्मण्यमित्यादि ।

स्मृतिकारो मनुरपि वैवस्वतो राजन्य एव । 'इमं विवस्वते योगं' इत्यत्र 'विवस्वते सूर्याय, सर्वेषां क्षत्रियाणामादिभूताय' इति मधुसूदनादिभिर्व्याख्यातत्वात् । तस्य स्वधर्मातिक्रान्तं धर्मशास्त्राध्यापनं समर्थयितुं मीमांसकैः कुशलबुद्ध्युपन्यासपुरःसरं महान् यत्न आस्थितः । अजातशत्रुः काशिराजो राजन्योऽपि बालाकेः पुत्राद्गार्ग्यादपि ब्रह्मविच्छ्रेष्ठोऽभूदिति कृत्वा गार्ग्यस्तच्छिष्यतामाश्रितवानिति कथा कौषीतकिब्राह्मणोपनिषद्युपलभ्यते । शतपथब्राह्मणेऽपि दृप्तबालाकिं गार्ग्यमुद्दिश्यैषा कथैव वर्णिता । पञ्चालानां राजा प्रवाहणजैवालिः श्वेतकेतुमारुणेयं तत्पितरं च प्रश्नोक्त्या पराजित्य ब्राह्मणैः कदाप्यविदितवतान् क्षत्रियैरेव विदितान् सिद्धान्तानेतौ श्रावितवानिति कथा छान्दोग्योपनिषद्यपि दृश्यते । विदेहराजस्य जनकस्यापि ब्रह्मवित्त्वं याज्ञवल्क्येनैवाभ्युपगतं; तथा च शतपथब्राह्मणे जनकस्य ब्राह्मण्यावाप्तिः स्पष्टमुक्ता । एवं क्षत्रियाणामपि ज्ञानविशेषात् केषाञ्चिदध्यापनाधिकारः सिद्ध इत्युपनिषद्भ्य एवावगम्यते । कालक्रमेण तु राजन्येषु योधवृत्तिमेवावलम्ब्य ज्ञानसंपादनपराङ्मुखेषु जातेषु ब्राह्मणैरेवात्मसात्कारिषत सर्वेऽप्यधिकाराः । सम्यक् स्थापिते च सङ्करैस्तेषामितरजातिभ्य आरभ्य पुनस्तस्य भङ्गो मा प्रसाङ्क्षीदिति प्रेक्षावद्भिस्तैर्जातिनियमेषु पूर्वापेक्षया बहवो निर्बन्धाः प्रावर्त्यन्त । न केवलमार्यजातीनां शूद्रजातेश्चान्योन्यसङ्करो न्यषेधि अपि तु आर्यजातिष्वपि त्रिषु परस्परपरिणयप्रतिषेधो ब्राह्मणानां स्वोत्कर्षस्थापनार्थमावश्यकोऽभूत् ।

एतादृशैर्वेदाननुविद्धैरर्वाचीनकाले मन्वादिभिः प्रवर्तितैर्ब्राह्मणोत्कर्षपर्यवसायिभिर्जात्याचारनियमैर्विविधैरितरनिर्बन्धैश्च निगळितस्वातन्त्र्या निगळ्यमाना जनाः प्राक्तनकाल एव तानुल्लिलङ्घयिषवोऽभूवन्निति एतद्वत्सरसहस्रद्वितयात् पूर्वं हिन्दुदेशे सर्वत्र प्रतिष्ठां प्राप्तवतो बौद्धमतस्य प्रचारादुन्नेयम् । एतन्मतप्रवर्तको बुद्धोऽपि विश्वामित्रवज्जनकवच्च क्षत्रवंशोद्भूतो राजा सन्नपि विप्रवत् प्रवक्तृत्वमङ्गीकृतवानिति कुमारिलभट्टाचार्यैरुक्तम् । यथा, 'स्वधर्मातिरेकेण च क्षत्रियेण सता प्रवक्तृत्वप्रतिग्रहौ प्रतिपन्नौ' इति । अन्यत्रापि ।

അഭിനിവേശമുണ്ട്. ജോൎജ്ജ് ചക്രവൎത്തിയെ
പ്പോലെ ബ്രിട്ടീഷുസാമ്രാജ്യത്തിന്മേൽ ഇത്ര

അഭിനിവേശവും താല്പൎയ്യവുമുള്ള ഒരു രാജാ
വ് ഉണ്ടായിട്ടില്ലെന്നത് തീൎച്ചയാണ്. കോ
ളനികളുടെയും ഉപരാജ്യങ്ങളുടെയും മറ്റും
ആധിപത്യമുള്ള ബ്രിട്ടീഷ് സിംഹാസന
ത്തെ അലങ്കരിച്ചിരുന്ന ഒരു രാജാവും ഇ
തിന്റെ തന്റെ സാമ്രാജ്യം മുഴുവനും ചുറ്റി
ക്കണ്ട് പരിചയിച്ചിട്ടില്ല. മഹാരാജാവിന്റെ
കോളനികളെ സംബന്ധിച്ചുള്ള പരിചയം
വളരെ അധികമാണ്. അവയെ സംബന്ധി
ച്ചു വല്ലവരും വന്നാൽ കണ്ടു പരിചയി
ച്ചതു കൊണ്ട് അവരെ സകാൎയ്യം തീൎച്ചയാക്കാ
ൻ തനിക്കു കഴിയും. ബ്രിട്ടീഷ് രാജ്യഭാഗി
ലെ എല്ലാ വകുപ്പുകളേയും വിവരിപ്പാൻ ഇവി
ടെ സമയമില്ല. എന്നാൽ എന്തായാ
ലും ജോൎജ്ജ് ചക്രവൎത്തി തലമ
നായിരിക്കുന്നവോ ആ ഏൎപ്പാടിനൊക്കു
ഗിക്കുന്ന പരിപൂൎത്തിയായും യോഗ്യതയുമുള്ള
ഒരു ലോകത്തിലില്ലെന്ന തീൎച്ചയാണ്. ആ
ഭരണാധികാരിയാണ് അവിടെ ഇന്നും. ആ
ഭരണമേൽക്കുന്നതിനു മുമ്പിലുണ്ടായിട്ടുള്ള വിചാരം അറിയുമാണ്
മഹാരാജാവു സ്വകാൎയ്യ ഗുണങ്ങളിലുള്ളവരാ
കയാൽ തന്റെ പ്രവൃത്തികൾ മറ്റൊരാളും പ്ര
ചാരമുള്ളവരായിത്തീരണമെന്ന് നിൎബ്ബന്ധ
മാണ് അവിടുന്നു ഒരു കാൎയ്യത്തെയും ഒരിക്കലും ഇ
തായിൽ കഴിച്ചുകൂട്ടുകയില്ല. ഇതു യോഗ്യതാ
വിശേഷമായാ ഒരു രാജകുമാരനെ കിട്ടുന്ന
തു ഇന്ത്യക്കാൎക്കു വലിയ ഭാഗ്യമല്ലയോ.

തോലപ്പുറത്ത് നാരായണനമ്പി

ഇതിഹാസപ്രസിദ്ധമായ ക്ഷേത്രങ്ങളെപ്പറ്റിയുള്ള

ചില ചൈതിഹ്യങ്ങൾ

ശ്രീ പരശുരാമനാൽ ലോകരക്ഷയ്ക്കും
പ്രതിഷ്ഠിക്കപ്പെട്ട ൧൦൮ ക്ഷേത്രങ്ങളിൽ ഒന്നാ
ണ് ഇരിങ്ങാലക്കുടക്ഷേത്രം. ഇപ്പോൾ അ
തിന്റെ അവകാശികൾ ചില നമ്പൂതിരി
മാർ ചേൎന്നുണ്ടു. ഇപ്പോഴും ഈ സമ്പ്രദാ
യമാണ്. ഈ ക്ഷേത്രം കൊച്ചിക്ക്

തിൽവെച്ച് ഏറ്റവും സുപ്രസിദ്ധമായ ഇരിങ്ങാലക്കുട എന്ന ദേശത്തിൽ "കുലീപിനി" എന്ന തീർത്ഥത്തിന്റെ തീരത്തിങ്കലാണ് ഇരിക്കുന്നത്. (കുലീപിനി എന്ന പേരായ ഒരു മഹർഷി ഈ സ്ഥലത്ത് വന്നിരുന്നു ഏറെക്കാലം തപസ്സു ചെയ്യുകയും ആശ്രമത്തിന്റെ പേരിനെ നിലനിർത്തുവാനായി പരകാലത്തിങ്കൽ ഇതിനെ ഒരു തീർത്ഥം നിർമ്മിക്കുകയും ചെയ്തിട്ടുള്ളതാണ്) ഇവിടെ പ്രതിഷ്ഠിക്കപ്പെട്ട ബിംബത്തിന് നാലു കൈകളും ഉണ്ട്. അതിൽ ഇടത്തു കൈകളിൽ ശംഖചക്രങ്ങളും വലത്തുകൈകളിൽ ഗദയും അക്ഷമാലയും ആണ്. പിന്നെ ശ്രീവത്സം, കൌസ്തുഭം കിരീടം മുതലായതുകളും ഉണ്ട്. ഇതെല്ലാംകൊണ്ടും മഹാവിഷ്ണു എന്നുള്ള ശങ്കക്ക് അവകാശമുണ്ടെങ്കിലും ഇപ്പോൾ ഒരുമാതിരി തീരുമാനിച്ചിട്ടുള്ളത് "ഭരതമൂർത്തി"യുടെതാണെന്നാണ്. ശ്രീരാമസ്വാമി താതാജ്ഞയാ വനവാസത്തിനു പോയി ചിത്രകൂടത്തിങ്കൽ വസിക്കുന്ന അവസരത്തിൽ നാട്ടിലേക്ക് തിരിച്ചുകൊണ്ടുപോവാനായി സഹോദരനായ ഭരതൻ പരിവാരസമേതനായി ചെന്നു എന്നും ശ്രീരാമസ്വാമി നിശ്ചിതകാലം കഴിഞ്ഞല്ലാതെ നാട്ടിലേക്ക് മടങ്ങുകയില്ലെന്നു ശപഥം ചെയ്തു തന്റെ മെതിയടികളെ കൊടുത്തു സഹോദരനായ ഭരതനെ തിരിയെ അയച്ചു എന്നും പുരാണാദികളിൽ പ്രസിദ്ധമാണല്ലോ. ഭരതൻ ശ്രീരാമനാൽ കൊടുക്കപ്പെട്ട ആ മെതിയടികളെ സ്വരാജധാനിയിൽ കൊണ്ടുവന്ന് സിംഹാസനത്തിങ്കൽവെച്ചു ശ്രീരാമസ്വാമിയാണെന്നു സങ്കല്പിച്ചു പൂജിച്ചു രാജ്യപരിപാലനം ചെയ്തിരുന്ന ഭാവമാണത്രെ ഇവിടെ പ്രതിഷ്ഠാസമയത്തുള്ള ഭാവനാ. ഭരതൻ ശ്രീരാമപാദുകകളെ പൂജിച്ചുകൊണ്ടിരിക്കുമ്പോൾ പൂജാസാമഗ്രികളെ ശേഖരിച്ചു കൊടുത്തിരുന്നവർക്ക് വിശേഷാൽ പ്രതിഫലമൊന്നും കൊടുത്തിരുന്നില്ല. കാരണം, രാജ്യാധികാരി ശ്രീരാമനാകയാൽ അവിടുത്തെ അനുവാദംകൂടാതെ സ്വാതന്ത്ര്യങ്ങൾ ചിലവു ചെയ്യുന്നത് യുക്തമല്ലെന്നുള്ള വിചാരം കൊണ്ടായിരുന്നുവത്രെ. എന്നാൽ ഒരു അനുഗ്രഹം മാത്രം അവർക്കു കൊടുത്തിരുന്നു. അതായത്:— "നിങ്ങളെല്ലാവരും കലിയുഗത്തിങ്കൽ [illegible] ജനിക്കുവിൻ! ഞാൻ "കുലീപിനി" തീർത്ഥക്കരയിൽ വസിക്കുന്ന കാലത്ത് നിങ്ങൾ എന്നെക്കാണ്മാൻ വന്നാൽ, എന്നെക്കാണ്മാൻ വരുന്ന ആളുകൾ [illegible] നിങ്ങൾക്ക് ഇതിന്റെ പ്രതിഫലം തന്നുകൊള്ളും" എന്നായിരുന്നു. ഇതുകൊണ്ടാണ് ഇവിടെ അമ്പലവാസികൾക്ക് "[illegible] പുത്തൻ കൊട്ടകൾ" എന്ന വഴിപാട് വളരെ പ്രധാനമായിട്ടുള്ളത്. ഇതിനെയുള്ള ഐതിഹ്യത്തെ പ്രമാണിച്ചിട്ടോ എന്തോ "[illegible] പുത്തൻ കൊട്ടകൾ" എന്ന വഴിപാട് ഈശ്വരപ്രീതിക്കു വളരെ ശ്രേഷ്ഠമാണെന്നു ജനങ്ങൾ വിശ്വസിച്ചു വരികയും അതിലേക്കായി യഥാശക്തി ദ്രവ്യം ചിലവിടുകയും ചെയ്യുന്നുണ്ട്. കൊച്ചിരാജകുടുംബത്തിൽനിന്നും ഈ വഴിപാട് പലപ്പോഴും ഇവിടെ വെച്ച് നടത്തീട്ടുണ്ട്. കാശിയിൽ വെച്ച് നാടുനീങ്ങിയ ചാലിയത്ത് വലിയച്ചൻ കാശിക്കായി പോകുമ്പോഴും [illegible] ത്തിൽ ചിലവിനും ഉറുപ്പിക [illegible] വഴിപാടിനായി ഇവിടെ ചിലവു ചെയ്തിട്ടുണ്ട്. അമ്പലവാസി വർഗ്ഗത്തിൽപെട്ട എത്ര പേരും ഈ വഴിപാട് യാചിക്കാവുന്നതാണ്. ഇതിന്റെ ഒരു സംഖ്യയാണു നാലുകൊണ്ട് അവർ അവിടെ [illegible]

* [illegible] (൩൦ പു)

ചെയ്യണമെന്നില്ല. ചെയ്യുന്നതിനിടക്കായി [illegible] അധികം സന്തോഷമാണെന്നു. [illegible] ഇങ്ങിനെ [illegible] പാഞ്ഞുപോയ [illegible] അതിനുള്ള പ്രതിഫലം ദേവസ്വത്തിൽ നിന്ന കൊടുക്കുന്നതാണ്. ഇങ്ങിനെയും [illegible] [illegible] [illegible] [illegible]. ഇനി [illegible] [illegible] [illegible] സംബന്ധിച്ചുള്ള ചില [illegible] പറയാം. പണ്ട് "[illegible] [illegible]" എന്ന [illegible] [illegible] [illegible] [illegible] ഒരു ദിവസം [illegible] [illegible] "[illegible] [illegible] സമീപമുള്ള [illegible] ശ്രീരാമ[illegible] [illegible] നാലു വിഗ്രഹം [illegible] [illegible] ശ്രീരാമവിഗ്രഹം [illegible] [illegible] [illegible] [illegible] [illegible] പ്രതിഷ്ഠിക്കുവാൻ [illegible] ചെയ്യണമെന്നും" [illegible] [illegible] വന്ന [illegible] [illegible]. [illegible] [illegible] [illegible] നാലുഭാഗവും നോക്കി. [illegible] കണ്ടില്ല. അപ്പോൾ [illegible] [illegible] ചെയ്തിരിക്കുന്നു. എന്തായാലും [illegible] പരീക്ഷിക്കണമെന്ന [illegible] [illegible] [illegible] കൂടെ [illegible] പുറപ്പെട്ടു. [illegible] [illegible] [illegible] നാലുവിഗ്രഹവും [illegible] [illegible] [illegible] [illegible] [illegible] പ്രസ്താവിക്കയും ഇ വിവരം [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ചെയ്തു. പിന്നെ [illegible] [illegible] [illegible] വിഗ്രഹങ്ങളെ

[illegible] പ്രതിഷ്ഠിക്കയും [illegible] [illegible] [illegible] [illegible] ചെയ്തു. [illegible] [illegible] [illegible] [illegible] [illegible] ഈ [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ഈ വിഗ്രഹം [illegible] [illegible] പ്രതിഷ്ഠിതമായ വിഗ്രഹം മാറി ഈ വിഗ്രഹം പ്രതിഷ്ഠിക്കയും ചെയ്തു. [illegible] [illegible] വിഗ്രഹം [illegible] [illegible] [illegible]. ഈ വിഗ്രഹം [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] ചെയ്തു. [illegible] [illegible] [illegible]. പിന്നെ [illegible] [illegible] [illegible] ദിവസം [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] "[illegible]" എന്നൊരു [illegible] [illegible] ചെയ്തു. ([illegible] [illegible] [illegible] [illegible].) [illegible]:— [illegible] വിഗ്രഹത്തിന്റെ [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] [illegible] വിഗ്രഹത്തിന്റെ [illegible] [illegible] [illegible] എന്തിനാണ് [illegible] എന്ന [illegible], യോഗക്കാരിൽ പ്രധാനിയായ [illegible] [illegible] [illegible] [illegible] [illegible] പ്രകാരം [illegible] [illegible] [illegible] [illegible]. [illegible] [illegible] ഇവിടെ [illegible] [illegible] [illegible] [illegible] [illegible]

തിസമന്മാരായ ചില ബ്രാഹ്മണർ ബിംബത്തിന്റെ അടുക്കൽ ചെന്നു ഉന്നതമായ വിശേഷമായ ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിൽ എവിടെനിന്നെന്നറിയാതെ ഒരു രത്നം ബിംബത്തിന്മേലുള്ള തേജസ്സിനോടു ഐക്യം പ്രാപിച്ചുപോയി. അതുമൂലമാണ് "കൂടൽമാണിക്യം" എന്നപേരുണ്ടായത് എന്നാണ്. രത്നം മടക്കിക്കൊടുക്കുവാൻ സാധിക്കാതെ വന്നതിനാൽ കായംകുളം രാജാവിനു ക്ഷേത്രത്തിന്റെ പ്രധാനാവകാശപ്പെട്ടുകൊണ്ടുള്ള കാര്യങ്ങളും രാജാവിനു ക്ഷേത്രത്തിന്റെ മേൽക്കോയ്മസ്ഥാനം കിട്ടിയതുമുതൽ യോഗക്കാരുടെ ഭരണത്തിനോടുകൂടെ ക്ഷേത്രകാര്യങ്ങളെ അന്വേഷിക്കുന്നതിനു "തനിച്ചുടയകയ്മൾ" എന്നസ്ഥാനപ്പേരും കൊടുത്ത് പ്രതിനിധിയായി ഒരാളെ ഏർപ്പെടുത്തിവെച്ചിരുന്നു. ഈ ആളും രാജപ്രതിനിധി എന്നപോലെ ദേവപ്രതിനിധിയുമാണ്. ബ്രാഹ്മണർ മന്ത്രതന്ത്രവിധികൾ ചെയ്താണ് ഇദ്ദേഹത്തെ ദേവപ്രതിനിധിയായി വാഴിക്കുന്നത്. ഈ കാര്യത്തിനു 'അവരോധം' എന്നാണ് പേർ പറഞ്ഞുവരുന്നത്. "തനിച്ചുടയകയ്മൾ" എന്നുള്ളതു ലോപിച്ചു ഇപ്പോൾ 'തച്ചുടയകയ്മൾ' എന്നായതാണ്. തച്ചുടയകയ്മളുടെ നടപടിയെപ്പറ്റിയും മറ്റും അനേകം നിയമങ്ങളുണ്ട്. ഈ നിയമങ്ങളെ ലംഘിക്കുന്നതായാൽ "സ്ഥാനഭ്രംശം" എന്ന ശിക്ഷയും അനുഭവിക്കേണ്ടിവരുമത്രേ. സ്ഥാനഭ്രംശം കല്പിച്ചിട്ടുള്ള കയ്മൾക്ക് ഇരിക്കേണ്ടതായ സ്ഥലം ഇരിങ്ങാലക്കുടനിന്നും ഉദ്ദേശം ഏഴുനാഴിക കിഴക്കുവടക്കായി "പോട്ടയിൽ" എന്ന പ്രദേശമാണ്. തച്ചുടയകയ്മളുടെ സ്വകാര്യധനത്തിൽ പൂർവസമ്പ്രദായമായ അവകാശം പോയിരിപ്പു. തച്ചുടയകയ്മളുടെ അവകാശി, ദേവനും ദേവന്റെ അവകാശി തച്ചുടയകയ്മളും ആയിത്തീരുകയാണ് അവരോധക്രിയയുടെ ക്രമം. ഇങ്ങനെ തച്ചുടയകയ്മളെ വാഴിക്കുന്ന ഒരു അവസരത്തിൽ യോഗക്കാരുടെ എന്തോ ചില പ്രവൃത്തികളാൽ യോഗപ്രധാനിയായ അയിരൂർ കോവിലകം രാജാവിനു രസിക്കാതെ വന്നു. അതു നിമിത്തം ചില വഴക്കുകൾ സംഭവിക്കുകയും അയിരൂർ രാജാവ് ആ യോഗത്തിൽനിന്നു പിരിയുകയുംചെയ്തു. ആ അവകാശമാണ് പെരുമ്പടപ്പു സ്വരൂപത്തിലേക്കു സിദ്ധിച്ചിട്ടുള്ളത്. കായംകുളം രാജ്യം പിടിച്ചു തിരുവനന്തപുരം രാജാവു (മാർത്താണ്ഡവർമ്മ) ഒരുമിച്ചുച്ചേർത്തതോടുകൂടി, ഈ ക്ഷേത്രത്തിന്റെ അവകാശവും അവിടേക്കു സിദ്ധിച്ചു. (തിരുവനന്തപുരം രാജവംശത്തിനു "തൃപ്പാപ്പൂർ സ്വരൂപം" എന്നും കൊച്ചിരാജവംശത്തിനു "പെരുമ്പടപ്പ് സ്വരൂപം" എന്നുംപേരുള്ളതാകുന്നു.) തിരുവനന്തപുരത്തേക്ക് അവകാശം സിദ്ധിച്ചതുമുതൽ അവിടുന്നു യോഗക്കാരുടെ അനുമതിയോടുകൂടി തച്ചുടയകയ്മളെ അവരോധിക്കപതിവായി. ഇങ്ങനെ അവരോധിച്ചുവരുന്ന ഒരു കയ്മളുടെ കാലത്ത് വിഗ്രഹം ഒരു ചില ദോഷലക്ഷണങ്ങളുണ്ടായി. ഇപ്പോൾ കാണുന്ന ബിംബം അക്കാലത്തു പ്രതിഷ്ഠിച്ചതാണത്രേ. ബിംബം മാറിക്കലശം കഴിഞ്ഞ് പഴയ ബിംബത്തിൽനിന്നു പുതിയ ബിംബത്തിലേക്കു ആവാഹിച്ചാൽ പിന്നെ പഴയബിംബം അടുത്തുള്ള തീർത്ഥത്തിൽ ഇടുകപതിവായിരുന്നു. ഈ പതിവനുസരിച്ച് മേൽപറഞ്ഞ കലശകാലത്തിലും ബിംബം തീർത്ഥത്തിലിടുകയുണ്ടായി. ആ വെള്ളത്തിൽ താഴാതെ പൊന്തിക്കിടക്കുന്നതായിക്കണ്ടു എല്ലാവരും അതു തെളിഞ്ഞുകണ്ടു. 'ആവാഹനം' ശരിയാകാത്തതിനാലാണ് ബിം

---

* ഇതു കേരളോല്പത്തിയിൽ വേറൊരുവിധത്തിലും കാണുന്നു. (സം - പ)

ണം വെള്ളത്തിൽ താഴത്തെന്നു തിച്ചു
പ്പെടുത്തി ഒന്നാമത്തെ പഴയബിംബത്തിൽ
നിന്ന പുതിയബിംബത്തിലേക്ക ആവാഹി
ച്ചു. അതിൽപിന്നെ പഴയ ബിംബം വെ
ള്ളത്തിൽ താഴ്ത്തുകയുംചെയ്തു. ഈ വർത്തമാനം
പരക്കെ ജനങ്ങൾ അറിഞ്ഞതിനാൽ അന്നു
തന്നെ പ്രതിഷ്ഠാചകനായ ബ്രാഹ്മണൻ സ
ർവ്വരാലും പരിഹാസ്യനായിത്തീൎന്നു. അന്നുരാ
ത്രിയിൽ അദ്ദേഹം പലവിധമായ ചിന്തക
ളാൽ ആക്രാന്തനായി ശയിച്ചും കൊണ്ടു
"വടക്കുഭാഗത്തിൻെറ തെക്കേവശം മുതൽ
ഒരു ദിവസം രാവിലെ കളിച്ചുവന്ന അമ്പ
ലത്തിനകത്തു മേൽക്കൂരയിൽ കടന്നു വാതി
ലടച്ചു, നാം പ്രതിഷ്ഠിച്ചതു ശരിയായിട്ടല്ലെ
ന്നതിലേക്ക തക്കതായ വല്ല ദൃഷ്ടാന്തവും ക
ണ്ടെങ്കിലല്ലാതെ ഈ വാതിൽ തുറക്കരുത
ല്ലെന്ന മനസ്സിൽ ഉറപ്പിച്ചു" ഇങ്ങനെ
ധ്യാനിച്ചും കൊണ്ടിരുന്നു. നടതുറക്കേണ്ടുന്ന
സമയമായപ്പോഴും തന്ത്രിയെ കാണായ്കയാ
ൽ എല്ലാവരും അന്വേഷിച്ചു. കണ്ടില്ല. ഒടുക്കം
അറച്ചിയിൽ നടതുറക്കാതെ തിച്ചപ്പെടു
ത്തി. ഉടനെ നോക്കിയപ്പോൾ കണ്ട കാഴ്ച
"ഹാ! എന്താശ്ചൎയ്യം!" ശ്രീ കോവി
ലിനകത്തു മുഴുവനും അതിവിശേഷമായ മ
ഷ തന്നെയും തിളങ്ങികൊണ്ടിരിക്കുന്നു. ഈ
വിവരങ്ങളെല്ലാം "ഗതാഗതിക" ന്യായേന
അറിഞ്ഞു വന്നുകൂടിയ ജനങ്ങൾക്ക സംഖ്യ
യുണ്ടായിരുന്നില്ല. ഇവരുടെ തിക്കും, തിരക്കും
ഘോഷവും കേട്ടു തന്ത്രിയായ ബ്രാഹ്മണൻ
എന്തോ ഒരു വിശേഷമുണ്ടെന്നു നിശ്ചയി
ച്ചു വാതിൽ തുറന്നു, ഉപവാസം കൊണ്ടുള്ള
ക്ഷീണത്തെ വകവെക്കാതെ അന്തിഭാഗ
ത്തിൽ വന്നുനോക്കിയപ്പോൾ "ഇവിടെ ദേവ
ബിംബത്തിനുണ്ടായിരുന്ന കാന്തിപ്പൊലി
ഈ ബിംബത്തിന്മേൽ പ്രതിഫലിച്ചു ഭക്ത
യാണ്" എന്നു കണ്ടതിനാൽ നിശ്ചയിച്ചു വി
ശാലമായ മേൽ മാടത്തുകൂടെ സാഷ്ടാംഗമായി
നമസ്കരിച്ചു. തൽക്ഷണം ആ പ്രഭ കാണ
താവുകയും ചെയ്തു. ഇത് കണ്ടുനിന്നിരുന്നവ
രെല്ലാം അദ്ദേഹത്തിൻെറ ആവാഹനം അ
തിവിശേഷമായിട്ടാണെന്നു സ്തുതിക്കുകയും വി
ശ്വസിക്കുകയും ചെയ്തു.

ഈ വിവരങ്ങളൊക്കെ അമ്പലവാസികളും
പ്രായമുള്ളവരുമായ പലരിൽനിന്നും അ
റിയിലായിട്ടുള്ളതാകയാൽ ഇതിൻെറ "സം
ഭവ്യാസംഭവ്യ വിവേചനമാകട്ടെ" വായന
ക്കാരിൽ സമൎപ്പിച്ചു കൊള്ളുന്നു.

വി. കെ. പിള്ള

ഭീമസിംഹൻെറ പുത്രി.

(തുടൎച്ച)

ബ്രാഹ്മണൻ മുൻപ്രസ്താവിച്ച വിധം
പറഞ്ഞപ്പോഴേക്ക പ്രതാപസിംഹൻ അ
ക്ഷമനായി. "നിങ്ങളുടെ ഗുരുനാഥൻ എ
ത്ര ഭാഗ്യമേറിയ രാജാവായിരുന്നു! അദ്ദേഹ
ത്തിൻെറ സന്താനത്തിൻെറ ഗതിയെന്താ
ണ്? അദ്ദേഹത്തെ കണ്ടിച്ചു ഇപ്പോൾ ആരാ
ണ്? ഇപ്പോൾ എവിടെ?" എന്നെല്ലാം ക
ൽ നിമിഷത്തിൽതന്നെ ചോദിച്ചുകഴിഞ്ഞു.

ബ്രാഹ്മണൻ—ഇവിടുന്ന് എനിക്ക
ഒപ്പു തരണം. ഈ സംഗതികളെല്ലാം അ
റിഞ്ഞിരിക്കുന്നുണ്ടെങ്കിലും ഇത്രമാത്രം അങ്ങ
യോട് പറവാൻ എനിക്ക ഗുരുനാഥൻെറ
കല്പനയുണ്ട്. എനിക്ക് അദ്ദേഹത്തിൻെറ
അഭിമാനവും ഐശ്വൎയ്യത്തിലും ആസക്തി

പ്പാൻ പാടുള്ളതല്ല. അതിനിവിടന്ന് എന്തൊന്നു നിർബ്ബന്ധിക്കയും ചെയ്യരുത്. 'കാവ്യശിവാസവും കൂടി കഴയായിരിക്കണം. ഇവിടത്തെ സംശയങ്ങളെല്ലാം അദ്ദേഹം വന്നു ഉടനെ തീർത്തുകൊള്ളും.' പ്രതാപസിംഹൻ അതിന്റെ ജിജ്ഞാസയെ ഒരുവിധം അടക്കി നിർത്തി. നാരായണത്തിന്റെ മനസ്സിൽ വലുതായ ഒരു സംശയം അങ്കുരിച്ചു. എങ്കിലും ആലോചിച്ചു നോക്കിയപ്പോൾ അതു കേവലം അസംഭാവ്യമെന്ന് അദ്ദേഹത്തിനു തോന്നി. ഇങ്ങിനെ ഏതാനം ദിവസങ്ങളും ആഴ്ചകളും കഴിഞ്ഞു. പ്രതാപസിംഹൻ പ്രഭാതം മുതൽ അസ്തമനംവരെ ആ സന്യാസി ഇന്നു വരുമെന്നു തീർച്ചപ്പെടുത്തിയും അസ്തമനമായാൽ 'നാളെ നിശ്ചയമായി എത്തും' എന്നു സമാധാനിച്ചും ദിവസം കഴിച്ചുവന്നു. ഏകദേശം ഒരുമാസം കഴിഞ്ഞപ്പോൾ ഒരു ദിവസം മധ്യാഹ്നത്തിൽ ദൂരയാത്രകൊണ്ടു ക്ഷീണിച്ചു വശായ കുതിരയെ നടത്തിക്കൊണ്ട് അദ്ദേഹം ആ ചെറിയ വനത്തിന്റെ മുമ്പിലെത്തി. വന്നപ്പോൾ ബ്രാഹ്മണനും പ്രതാപസിംഹനും ഉമ്മറത്തു തന്നെയുണ്ട്. ബ്രാഹ്മണൻ ക്ഷണത്തിൽ ചെന്നു ഭൂമിയിൽ നമസ്കരിച്ചു എങ്കിലും പ്രതാപസിംഹൻ അദ്ദേഹം ആരെന്ന് അറിയാതെ ആശ്ചര്യപ്പെട്ടു മേൽപ്പെട്ടു മിഴിച്ചുനിന്നു. പ്രഥമദൃഷ്ടിയിൽതന്നെ ധീരനും അത്യുൽകൃഷ്ടനുമാണെന്നു തോന്നുന്ന ഒരു രാജപുത്രകുമാരനെയാണ് താൻ മുമ്പിൽ കണ്ടത്.

സന്യാസി— 'എന്താണ് പ്രതാപസിംഹ! നിന്റെ അഭിപ്രായത്തിൽ എനിക്ക പോണിയുടെ വേഷം തന്നെയാണോ ഉചിതം? നീ എനിക്ക സ്വാഗതവുംകൂടി പറയുന്നില്ലല്ലോ.' ലേശം ഗർവ്വില്ലാത്ത ഈ വാക്കുകളും മനസ്സിനെ വശീകരിക്കുന്ന മന്ദഹാസവും വിനയസ്വഭാവവും അദ്ദേഹത്തിന്റെ ഗാംഭീര്യത്തിനു ശക്തി വർദ്ധിപ്പിക്കുന്നതേയുള്ളൂ.

പ്രതാപമഹാരാജാവായ അവിടേക്ക് ഏതു വേഷവും ഉചിതംതന്നെ. എന്നാൽ അങ്ങ് ആരാണെന്ന് എനിക്കറിവാനാഗ്രഹമുണ്ട്. എന്നെ വിരോധമില്ലെങ്കിൽ അതു മനസ്സിലാക്കിത്തരണം.

'കുളിച്ചു ഭക്ഷണം വല്ലതും കഴിച്ചശേഷം പറയാം. വിശന്നിരിക്കുമ്പോൾ വെയിലിൽ ദൂരയാത്ര ചെയ്യുന്നത് ഒട്ടും സുഖകരമായ അനുഭവമല്ല' എന്നു പറഞ്ഞു സന്യാസിയും ശിഷ്യനും അകത്തേക്കു പോയി. സായാഹ്നകാലത്ത് ആ സന്യാസി പ്രതാപസിംഹനെയും ശിഷ്യനെയും സമീപം വിളിച്ചു വീട്ടിന്റെ മുറ്റത്തുള്ള ഒരു ആൽമരത്തിന്റെ ചുവട്ടിലിരുത്തി താനും ഇരുന്നശേഷം അവന്റെ പൂർവ്വചരിത്രവും താൻ പോയ കാര്യവും പറയുവാൻ തുടങ്ങി. 'നീ ആരാണെന്നു മുമ്പ് എന്നോടു ചോദിച്ച ചോദ്യംതന്നെ നിന്റെ മാതാവായ ഒരു അപ്സരസ്സും എന്നോടു ചോദിക്കയുണ്ടായി. ഞാൻ ആ കാട്ടിൽ തപസ്സു ചെയ്യുന്ന ഒരു സന്യാസിയാണെന്ന് അവളോടു പറഞ്ഞു. നിന്നോട് എന്റെ ശിഷ്യൻ ഞാൻ ഒരു രാജപുത്രരാജാവാണെന്നും പറഞ്ഞിട്ടുണ്ടായിരിക്കാം. ഇതുരണ്ടും സത്യംതന്നെയാണ്. എങ്കിലും മുഴുവൻ വസ്തുത ഇതല്ല. നിന്റെ അച്ഛനായ ഭീമസിംഹനാണ് ഞാൻ. എന്റെ കുട്ടിയെ ശത്രുക്കളിൽനിന്നു, എന്നെ ഭയങ്കരമായ ഒരു മരണത്തിൽനിന്നും രക്ഷിച്ച വിശ്വസ്തനായ ജയസിംഹനാണ് എന്റെ ശിഷ്യനായ ഈ ബ്രാഹ്മണൻ. 'ഇപ്പോൾ നിന്റെ സംശയങ്ങളെല്ലാം തീർന്നുവെന്നു ഞാൻ വിചാരിക്കുന്നു.'

പ്രതാ—ഇത്രയും വീരന്റെ ചരിത്രം എന്റെ മനസ്സിലായപ്പോൾ ഈ സംശയം എന്റെ മനസ്സിൽ തോന്നി. എങ്കിലും ഭീമസിംഹൻ യുദ്ധത്തിൽ മരിച്ചു വീരനായ ഒരു യോദ്ധാവിന്റെ യശസ്സും സൽഗതിയും ലഭിച്ചു എന്നായിരുന്നു എന്റെ പൂർണ്ണമായ വിശ്വാസം. മൂന്നുമാസം മുമ്പ് ഇവിടുന്നു കാട്ടിൽ സന്യാസിയായി ജീവിച്ചിരിക്കുന്നുണ്ടെന്ന് ഒരുവൻ എന്നോടു പറഞ്ഞിരുന്നുവെങ്കിൽ അതു വിശ്വാസയോഗ്യമല്ലെന്നുവെച്ചു ഞാൻ തള്ളിക്കളയുമായിരുന്നു. അതുകൊണ്ട് എന്റെ സംശയം അസംബന്ധമെന്നു ഞാൻ തീർച്ചപ്പെടുത്തിയതിൽ എന്താണ് അത്ഭുതം. ഭീമസിംഹൻ താനിവിടുത്തെ ജീവനെ രക്ഷിച്ചവനാണെന്ന് എന്നോടു പറഞ്ഞതുമില്ല.

ഭീമ—അതിൽ നിനക്ക് അത്ഭുതത്തിന് അശേഷം അവകാശമില്ല. ലോകത്തിൽ യോഗ്യതയുള്ളവന്റെ ലക്ഷണം ആത്മപ്രശംസ ഇല്ലായ്മ തന്നെയാണ്.

പ്രതാ—അതു ശരിതന്നെയാണ്. എന്നാൽ ഇവിടുന്ന് എനിക്ക് ചെയ്തിട്ടുള്ള ഉപകാരത്തിന് പ്രത്യുപകാരം ചെയ്വാൻ സാധിക്കുന്നില്ല. അങ്ങയുടെ ദയകൊണ്ടു മാത്രമാണ് ഞാൻ ഇപ്പോൾ ഈ സ്ഥിതിയിലായത്. പരാക്രമശാലിയായ ഭീമസിംഹന് ഒരു നിസ്സാരനായ യോദ്ധാവിനാൽ എന്തു പ്രത്യുപകാരമാണ് ചെയ്വാൻ കഴിയുന്നത്?

ഭീമ—പ്രത്യുപകാരത്തിന്റെ കാര്യത്തെപ്പററി നീ യാതൊന്നും പറയേണ്ടതില്ല. നിനക്കു വല്ല ഗുണവും ഞാൻ ചെയ്തിട്ടുണ്ടെന്നു തോന്നുന്നുവെങ്കിൽ അതു കേവലം എന്റെ പുത്രിയോടുള്ള സ്നേഹംകൊണ്ടു നിനക്കു കിട്ടിയതാണ്. അതിദീർഘമായ വിരഹത്തിനുശേഷം ദയനീയമായ അവസ്ഥയിൽ എന്റെ കുട്ടിയെ കണ്ട രാത്രിയിൽ എന്തെല്ലാം വികാരങ്ങളാണ് എന്റെ മനസ്സിലുദിച്ചത് എന്ന് എനിക്കു പറവാൻ സാധിക്കയില്ല. രാജ്യവും ധനവും ശത്രുക്കൾ എന്നെ പരാജിതനാക്കി പിടിച്ചടക്കിയല്ലോ എന്നുള്ള ദൈന്യത്തെക്കാൾ അധികമായി എന്റെ ഏകപുത്രിയുടെ കഥയെന്തായെന്നറിവാൻ സാധിക്കാത്ത വ്യസനമാണ് എനിക്കുണ്ടായത്. ഈ ശോകാന്ധ്യംകൊണ്ട് അതും ഇപ്പോൾ തീർന്നു. എന്റെ പുത്രി അവൾ ജനിച്ച വംശത്തിന്റെ പ്രാഭവത്തിന്നനുസരിച്ചും ധീരനായ ഒരു ക്ഷത്രിയയോദ്ധാവിന്റെ ഭാര്യയുടെ യോഗ്യതക്കനുസരിച്ചും തന്റെ കർത്തവ്യകർമ്മമനുഷ്ഠിച്ചു വെന്നറിയുന്നതിൽ എനിക്ക് അസാമാന്യമായ സന്തോഷമുണ്ട്. അതിരിക്കട്ടെ. ഞാൻ ഇവിടുന്നു പോയ ശേഷമുള്ള കാര്യങ്ങൾ കേൾക്കുക:—നേരെ ഡൽഹിയിലേക്കാണ് ഞാൻ പോയത്. നാലു ദിവസംകൊണ്ട് അവിടെ എത്തി. ചക്രവർത്തിക്കു വളരെ വിശ്വാസമുള്ള രാജാ തോഡർമാൾ എന്ന മന്ത്രിയെ കണ്ടു. അദ്ദേഹത്തിന്നു നിന്നെ പരിചയമുണ്ടായിരിക്കും. അതുകൊണ്ടു ഞാൻ വിശേഷിച്ചു യാതൊന്നും പറയേണ്ടതില്ല. നല്ല നീതിമാനും രാജ്യകാര്യങ്ങൾ നടത്തുന്നതിൽ അതിസമർത്ഥനുമാണെന്നാണ് എനിക്കു തോന്നിയത്. അദ്ദേഹത്തോടു ഞാൻ എന്റെ പൂർവകഥയും നിന്നെ ബന്ധനത്തിൽനിന്നു വിടുവിച്ചതും വിസ്തരിച്ചു പറഞ്ഞു. 'നിങ്ങൾ അതിസാഹസമായ കാര്യമാണ് ചെയ്തത്. രാജകല്പനപ്രകാരം ബന്ധനത്തിലിരിക്കുന്ന ഒരു തടവുകാരനെ വിടുവിക്കുന്നത് അല്പമായ കുററമല്ല. ഏതായാലും നിങ്ങൾ അറിയിച്ച സംഗതികളെല്ലാം ചക്രവർത്തിയെ ബോധിപ്പിച്ചു

കൊള്ളാം. അദ്ദേഹത്തിൻെറ മറുവടി എന്തായിരിക്കുമെന്ന് എനിക്ക് ഇപ്പോൾ പറവാൻ സാധിക്കയില്ല.' പതിനൊന്നു ദിവസത്തോളം ഞാൻ ഡൽഹിയിൽതന്നെ താമസിച്ചു. എന്നതിൻെറ ശേഷം എനിക്ക ചക്രവർത്തിയുടെ മുമ്പാകെ ഹാജരാവാനുള്ള കല്പന കിട്ടി. ഞാൻ നിശ്ചിതസമയത്ത് അദ്ദേഹത്തിൻെറ ആസ്ഥാനമണ്ഡപത്തിലെത്തി. വളരെ ഔദാര്യത്തോടും സന്തോഷത്തോടും കൂടിയാണ് അദ്ദേഹം എന്നെ എതിരേററത്. ഹിന്ദുസ്ഥാനത്തിലുള്ള അസംഖ്യം ലക്ഷം പ്രജകൾക്ക് അദ്ദേഹത്തെക്കുറിച്ചുള്ള ബഹുമാനവും ഭക്തിയും ശത്രുരാജാക്കന്മാരുടെ ഭയവും ഒട്ടും അസ്ഥാനത്തിലല്ലെന്ന് എനിക്ക ചക്രവർത്തിയെ കണ്ട ഉടനെ തോന്നി. ഉചിതപ്രകാരം ഞാനദ്ദേഹത്തെ വന്ദിച്ച ശേഷം അദ്ദേഹം 'നിങ്ങൾ അസാധാരണമായ ഒരു കുററമാണ് ചെയ്തത്. നമ്മുടെ കല്പനയെ ലംഘിച്ച് പ്രവൃത്തിച്ചതുകൊണ്ടു രാജദ്രോഹകരമായി ചെയ്തവനായിട്ടേ നിങ്ങളെ വിചാരിപ്പാൻ തരമുള്ളൂ.

ഞാൻ—'മഹാപരാക്രമിയായ ചക്രവർത്തി! ക്ഷമിക്കണം. ഞാൻ ഇവിടത്തെ ആധിപത്യത്തിൻകീഴിലുള്ള ഒരു രാജാവോ ആശ്രിതനായുള്ള ഒരു രാജാവിൻെറ പ്രജയോ, അല്ല. എൻെറ ബന്ധുവായ ഒരു രാജാവിനെ ഇവിടുന്ന തടവിലിട്ടു. അദ്ദേഹത്തെ അവിടെനിന്ന മോചിപ്പിപ്പാൻ ഞാൻ ഉത്സാഹിച്ചു. ദൈവാനുഗ്രഹംകൊണ്ടു സാധിക്കയും ചെയ്തു. ഇതിൽ ഞാനെങ്ങിനെയാണ് രാജദ്രോഹകാരിയാകുന്നത്. പ്രതാപസിംഹനെ ഞാനുപകാരനല്ല. തൻെറ സ്വാമിക്കുവേണ്ടി ധൈര്യത്തോടുകൂടി ജീവനുംകൂടി വിലവെക്കാതെ ശ്രമം ചെയ്യുന്നത് ഒരു കുററമാണോ?' അത്തെപ്പോലെയുള്ള ഒരു യോദ്ധാവും ചക്രവർത്തിക്ക ഒരിക്കലും പോരായ്കയില്ല.'

ചക്ര—അതിരിക്കട്ടെ, 'ഞാൻ ഈ അക്രമം സഹിക്കാത്തതായാൽ എന്തുപ്രകാരമാണ് നിങ്ങൾ എന്നോട് അതിന് കൃതജ്ഞത കാണിക്കുക?

ഞാൻ—ആജീവനാന്തം ഞാനും എൻെറ കാലശേഷം പ്രതാപസിംഹനും ഇവിടത്തെ ബന്ധുക്കളായിരിക്കുന്നതാണെന്ന് ഞാൻ പ്രതിജ്ഞ ചെയ്യുന്നു. ചക്ഷേ ഭീമപുരിയിലെ രാജാക്കന്മാർ ഇതുവരെ ശത്രുക്കൾക്കു കീഴടങ്ങി കപ്പംകൊടുക്കുക പതിവുണ്ടായിട്ടില്ല. അതിന് ഇപ്പോൾ ഇവിടുന്ന നിർബന്ധിക്കുന്നതായാൽ അതിനെ ചെയ്പാൻ ഞാൻ ഒരുക്കമല്ലെന്നു ചക്രവർത്തിയെ വ്യസനപൂർവ്വം അറിയിച്ചുകൊള്ളുന്നു.

ച—നിങ്ങൾ ശത്രുരാജാവിനെ കീഴടക്കി രാജ്യം തിരികെ ലഭിപ്പാൻ ഉത്സാഹിച്ചു വരുന്നുണ്ടോ?

ഞാൻ—ഗോപ്യമായ രാജ്യകാര്യങ്ങളെപ്പററി അന്യന്മാരെന്നു തീർച്ചയില്ലാത്ത രാജാക്കന്മാരോട് യാതൊരു രാജ്യതന്ത്രകാര്യവും ഇന്നേവരെ പറഞ്ഞതായറിയുന്നില്ല. അതുകൊണ്ട് എന്നെ ബന്ധുവായി സ്വീകരിപ്പാനോ ശത്രുവായി വെപ്പാനോ ഇവിടുന്ന് തീർച്ചപ്പെടുത്തുന്നതായിരുന്നാൽ, എന്നാൽ ഞാൻ ചോദ്യത്തിന്നുത്തരം പറയാം.

ചക്ര—നമ്മുടെ തീർച്ച നാളെ അറിയിച്ചുകൊള്ളാം. 'നാളെ മദ്ധ്യാഹ്നത്തിൽ നിങ്ങൾ ഇവിടെ ഹാജരാവുമെന്ന വിശ്വസിക്കുന്നു.' ചക്രവർത്തിയോടു സമ്മതം വാങ്ങിച്ചു ഞാൻ അദ്ദേഹത്തിൻെറ സന്നിധാനത്തിൽനിന്ന പോന്നു. ചക്രവർത്തിയുടെ തീർച്ച എനിക്ക ഗുണമായിരിക്കുമെന്ന്

എന്നു ഞാൻ നിശ്ചയിച്ചു. 'എന്റെ ശത്രുവായ ഭീമപുരിയെ ഇപ്പോൾ ജയിച്ചവനാ രാജാവു ചക്രവർത്തിയുമായി ഐക്യമാണ്. അദ്ദേഹത്തെ കീഴടക്കുന്നതിന് ശക്തിമത്തായ യുദ്ധവും വലുതായ സൈന്യവും ദ്രവ്യവും വേണ്ടിവരും. ഭീമപുരിയിലെ ഒരു ശത്രുവിനെയും തന്റെ പ്രയത്നം യാതൊന്നും കൂടാതെ രാജ്യമൊഴിച്ചു നായി ആ സ്ഥാനത്തു പ്രബലനായ ഒരു സ്നേഹിതനെ രാജാവായി കിട്ടുന്നതു ചക്രവർത്തിക്കു അല്പമായ ലാഭമല്ല. പിന്നെ രാജസ്ഥാനത്തിലെ പല പ്രബലന്മാരും രാജാക്കന്മാരും എന്റെ സ്നേഹിതന്മാരാണെന്ന ഞാൻ മന്ത്രിയോടും അല്പം സൂചിപ്പിച്ചിട്ടുണ്ട്. അതു അദ്ദേഹം ചക്രവർത്തിയെ ധരിപ്പിച്ചിട്ടുണ്ടെന്ന് ചക്രവർത്തിയുടെ ചോദ്യംകൊണ്ടു എനിക്ക് മനസ്സിലായി. ഈ പലവിധ ആലോചനകളോടുകൂടിയാണ് ഞാൻ രാജസദസ്സിൽനിന്നിറങ്ങിപ്പോന്നതു.

പിറ്റേദിവസം ചക്രവർത്തിയുടെ തീർച്ച ഇതാണെന്ന് എനിക്കറിവു കിട്ടി. പിന്നെ അടവിൽനിന്ന വിരമിച്ചതിന് യാതൊരു പ്രതികാരവും ചെയ്യുന്നതല്ലെന്നും ഭീമപുരിയെ മറ്റൊരു രാജാവിന്റെയും അവരുടെ സ്വന്തമായ അധികാരികളുടെയും രാജ്യത്തെയോ സ്വാതന്ത്ര്യത്തെയോ ആക്രമിക്കുന്നതല്ലെന്നും ചക്രവർത്തി വാഗ്ദത്തം ചെയ്തു. അദ്ദേഹത്തിന്റെ ശത്രുക്കളെ ഞാൻ സഹായിക്കുന്നതല്ലെന്നും സ്വന്തമായ ഒരു യുദ്ധത്തിൽ അദ്ദേഹം ഏർപ്പെടുന്നതായാൽ സൈന്യംകൊണ്ടും ദ്രവ്യംകൊണ്ടും അവനവനാലാവുന്ന സഹായങ്ങൾ ചെയ്യാമെന്നും ഞാനും പ്രതിജ്ഞ ചെയ്തു. ഏറ്റവുംവിധം സാമർത്ഥ്യത്തോടും ഭീമപുരിയിലെ രാജാവിന് യോഗ്യമായ ഒരു കമ്പടിയോടുംകൂടി അദ്ദേഹം എന്നെ രാജസ്ഥാനത്തിലേക്കയച്ചു.

സ്വദേശത്തിൽവെച്ചു തന്നെ പ്രത്യേകം കളോടുകൂടെത്തന്നെ ഞാൻ ഭീമസിംഹനെ രാജസ്ഥാനത്തിലേക്കയച്ചിരുന്നു. ഞാൻ ഭീമപുരിയിലെ രാജാവായിരിക്കുന്ന കാലത്തു എന്റെ സ്നേഹിതന്മാരായിരുന്ന രാജാക്കന്മാരെ ചെന്നു കണ്ടു ഞാൻ ജീവിച്ചിരിക്കുന്നുണ്ടെന്നും ശത്രുവിനോടു പ്രതികാരം ചെയ്വാൻ ആലോചിക്കുന്നുണ്ടെന്നും അവരെ സ്വകാര്യമായി അറിയിപ്പാനുള്ള അധികാരത്തോടുകൂടിയാണ് അവനെ പറഞ്ഞയച്ചതു. ശത്രുവിനെ കീഴടക്കുന്നതിനു വേണ്ടുന്ന സഹായങ്ങൾക്ക് ഞാൻ അവരോടു അപേക്ഷിച്ചു. രാജ്യം തിരികെ ലഭിച്ചാൽ അവർ എനിക്കുവേണ്ടി ചെയ്തിട്ടുള്ള യുദ്ധത്തിന്റെ ചിലവു എന്റെ ശത്രുവിന്റെ ഖജനാവിൽനിന്നും ചോരാതെ വന്നാലു രാജാവു ഉടനെ കൊടുക്കുന്നതായിരിക്കും ഞാൻ കൊടുത്തുകൊള്ളാമെന്നും വാഗ്ദത്തം ചെയ്തു. മിക്കവരും എന്റെ അപേക്ഷയെ സന്തോഷത്തോടു കൂടി സ്വീകരിച്ചു.

ഞാൻ രാജസ്ഥാനത്തിലെത്തി ചക്രവർത്തിയുടെ അകമ്പടിയെ തിരിച്ചയച്ചു. എന്റെ സ്നേഹിതന്മാരോടുകൂടി വേണ്ട ആലോചനകളെല്ലാം ചെയ്തു സാമാന്യം വലുതായ ഒരു സൈന്യത്തെ ശേഖരിച്ചു ഭീമപുരിയെ ആക്രമിക്കുവാനുള്ള അവസരവും കാത്തിരുന്നു. ശത്രുവിന് ഞങ്ങളുടെ പ്രവൃത്തികളൊന്നും അറിയാൻ പാടില്ലാത്തവിധം അവ അത്ര ഗോപ്യമായിരുന്നു. ചക്രവർത്തിയുമായുള്ള യുദ്ധങ്ങളെക്കൊണ്ടു ക്ഷീണിച്ചു സൈന്യബലത്തോടും ദ്രവ്യത്തോടും കൂടിയ ഒരു ശത്രുവിനെ കീഴടക്കുവാൻ അധികം പ്രയാസമുണ്ടെന്നു ഞാൻ വിചാരിച്ചില്ല.

(തുടരും)

പി. പി.

തെങ്കൈലാസനാഥോദയം

[illegible]

[illegible]

രവിസ്വരൂപോ രവിവർമ്മനാമധേയഃ.
ആ വിദ്വത്പ്രവര[illegible]
[illegible]
സാവിത്രവംശ[illegible]
ശ്രീവീരകേരള ഇതി ക്ഷിതിപാലചന്ദ്രഃ.

അത്ര[illegible] [illegible] നിസ്തുല[illegible] [illegible] ചതുരധി [illegible] വിക്ര [illegible] [illegible] [illegible] [illegible] ചതുർ [illegible] രാജ. [illegible] ചതുരപാര ചതുരണ [illegible] [illegible] പാലയൻ പുത്ര[illegible] പുര [illegible] ചിരായ [illegible] തൽക്കാല [illegible]

പ്രാകാശ്യ[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
പ്രാദുഃ[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

ശ്രീരാമവർമ്മാഭിധോ
[illegible]
[illegible]
[illegible]
[illegible]
സംപ്രാപ്യ[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible] വീരകേരള
ഇതി പ്രതീതോ നൃപഃ.
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
വീരാണാംമണി വീരകേരളനൃപൻ
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]

(തുടരും)

ഭാഷാഗദ്യസാഹിത്യം.

കലാവിദ്യകളിൽ പ്രഥമസ്ഥാനം അർഹിക്കുന്നതു സാഹിത്യമാകുന്നു, എന്നു ആധുനികപാശ്ചാത്യകലാസ്വാദകന്മാർക്ക് ഏകാഭിപ്രായമായ ഒരു സിദ്ധാന്തമാണ്. അതിന്റെ ഉദ്ദേശമെന്നു പറയത്തക്ക അതിന്റെ പ്രാധാന്യം തികച്ചും ഊഹഗോചരമായിത്തീരുന്നതാണല്ലോ. ഇങ്ങിനെയുള്ള സാഹിത്യത്തിനു, വിഷയപ്രതിപാദനരീതി പാർത്താലും 'വേദം', 'ശാസ്ത്രം', 'കാവ്യം' എന്നിങ്ങിനെ മൂന്നു പ്രധാനവിഭാഗങ്ങളുണ്ട്. രീതിയെ, അഥവാ പദവിന്യാസക്രമത്തെ അനുസരിച്ചു നോക്കുന്നതായാൽ സാഹിത്യത്തിനു 'ഗദ്യം', 'പദ്യം' എന്നിങ്ങിനെ രണ്ടു വിഭാഗങ്ങൾ മാത്രമേ ഉള്ളൂ.

കൃത്യാകൃത്യോപദേശമാണ് വേദശാസ്ത്രകാവ്യങ്ങളുടെ ഏകോദ്ദേശമെങ്കിലും, ഇതിന്റെയും ഗതി മൂന്നു വഴിക്കാണ്. പ്രതാപരുദ്രീയത്തിൽനിന്നും താഴെ എടുത്തു കാണിക്കുന്ന ഒരു ശ്ലോകത്താൽ ഇതു വെളിവാകുന്നതാണ്.

'വേദാൽപ്രഭുസമ്മിതാദധിഗതം
ശബ്ദപ്രധാനാച്ചിരം
അർത്ഥപ്രവണാൽപുരാണവചനാ
ദിഷ്ടംസുഹൃത്സമ്മിതാൽ
കാന്താസമ്മിതയായയാസരസതാ
മാപാദ്യകാവ്യശ്രിയാ
കർത്തവ്യേകുതുകീബുധോവിരചിത
സ്തസ്യൈസ്പൃഹാംകുർമ്മഹേ.'

ഉപദേശങ്ങളെ ഒരു രാജാജ്ഞയെന്നപോലെ വിധിക്കുന്നതു വേദം. ഒരു സുഹൃത്തെന്നപോലെ ഉപദേശരൂപേണ അവയെ സ്വീകരിക്കുന്നതു ശാസ്ത്രം. വാങ്മാധുര്യംകൊണ്ടു അനുനയപൂർവ്വം വശത്തിസാമർത്ഥ്യത്തിൽക്കൂടെ മനുഷ്യരെ ഒരു പ്രിയതമയെന്നപോലെ നയിക്കുന്നതു കാവ്യം. ഇവ ഇപ്രകാരം ഭിന്നമാർഗ്ഗങ്ങളായിട്ടാണ് പ്രവർത്തിക്കുന്നതെങ്കിലും എല്ലാറ്റിന്റെയും ലക്ഷ്യം ഒന്നുതന്നെയാണ്. എന്നാൽ കാവ്യത്തിന്റെ പ്രവൃത്തി പ്രാബല്യം മറ്റു രണ്ടിന്റേതിനേയും അധികരിച്ചാണല്ലോ വർത്തിക്കാറുള്ളത്. അതിനാൽ കാവ്യമാണ് നമ്മുടെ പ്രത്യേക മുഖ്യമായി വിചാരിക്കേണ്ടതു.

'വാക്യം രസാത്മകം കാവ്യം' എന്ന പ്രമാണപ്രകാരം ശൃംഗാരാദിരസപുഷ്ടിയുള്ള ഏതു സാഹിത്യഗ്രന്ഥവും കാവ്യമാകുന്നു. ഭാരതം, രാമായണം, ഇന്ദുലേഖ മുതലായവയെല്ലാം കാവ്യങ്ങൾതന്നെ. ഛന്ദസ്സോ രീതിയോ അലങ്കാരമോ അനുസരിച്ചല്ലാ കാവ്യനിർണ്ണയം, രസമാണ് കാവ്യത്തിന്റെ ജീവനെന്നു മേൽ പറഞ്ഞതിൽ നിന്നും വ്യക്തമാകുന്നുണ്ടല്ലോ. അതിനാൽ രസപ്രധാനങ്ങളായ ഗദ്യഗ്രന്ഥങ്ങളെ കാവ്യപേടകത്തിൽ ചേർത്തതിനെപ്പറ്റിക്കുറിച്ചു വിസ്തരിക്കയും വേണം.

'കോൽത്തേനൊലുന്നമൊഴിമാരൊരുചന്ദ്രികനെ
നൂപുരമാലികനിന്നപോലെ
ചേർത്തീടണംവിശേഷിച്ചുപന്തിയിലൊരലം-
കാരമെന്നാലുമതെന്നം
പെട്ടെന്നുചിന്തിക്കില്ലയുമൊന്നിലുമെങ്കിലും
ഞാനെന്നുമെന്നിരുവനെ

ജീൎണ്ണോദ്ധൃതിമേകംശിവംശിവകവിതാ
രീതിരെവെങ്ങുമത്രെ.'

എന്നുംമറ്റും കുഞ്ചൻനമ്പ്യാർ തുടങ്ങിയുള്ളവർ പറഞ്ഞിട്ടുണ്ടെങ്കിലും പദ്യമെഴുത്തിന്ന നല്ല ഗദ്യമെഴുത്തിനേക്കാൾ അധികം പ്രയാസമുണ്ടെന്ന തോന്നുന്നില്ല. 'കുറിപ്പുമായം മുതലു' നടക്കുന്ന 'ബോംബ്' നല്ല ഗദ്യമെഴുത്തിന്ന ഉൾപ്പെടുത്തിനോക്കിയാൽ ഇക്കാൎയ്യത്തിന്റെ വാസ്തവം.

ചില സന്ദൎഭങ്ങളിൽ പദ്യത്തേക്കാൾ അധികമായ ഒരു പ്രാബല്യം ഗദ്യത്തിന്ന കണ്ടുവരുന്നുണ്ട്. ആദ്ധ്യാത്മികമായും ശാസ്ത്രീയമായും മറ്റു ഗൌരവമേറിയ വിധത്തിലുമുള്ള വിഷയങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നതിന്നു ഗദ്യമായിരിക്കും അധികം ഉപയുക്തം. എന്തെന്നാൽ:—അത്യഗാധങ്ങളായ ആദ്ധ്യാത്മികതത്വങ്ങളെ വിവരിക്കുന്ന ഉപനിഷത്തുകൾ മുതലായവകളിൽ ഗദ്യത്തിനാണ് പ്രാമുഖ്യം കാണുന്നത്. നാനാശാസ്ത്രഭണ്ഡാകാരമായ സംസ്കൃതസാഹിത്യസമുച്ചയത്തിൽ മിക്കതും ശാസ്ത്രങ്ങൾ ഗദ്യമയങ്ങളാണെന്നുള്ള വാസ്തവവും മേൽപറഞ്ഞ സംഗതിയെ പിൻതാങ്ങുന്നു.

ഒരു ഭാഷയുടെ വയസ്സിനെ കുറിക്കുന്നവയാണ് ആ ഭാഷയിലെ ഗദ്യഗ്രന്ഥങ്ങളെന്ന കാൎയ്യം ഇവിടെ സ്മരണീയമാകുന്നു. പദ്യാധിക്യവും ഗദ്യദൌർലഭ്യവും എങ്ങു ഭാഷയിൽ കാണുന്നുവോ ആ ഭാഷ തന്റെ ശൈശവം വിട്ടിട്ട് അധികം കാലമായിട്ടില്ലെന്നു നമുക്കു ശരിയായി ഊഹിക്കാം. ഇതിന്നുള്ള കാരണം മറ്റുള്ളതാൽ ഇങ്ങിനെയാണ് പറയുന്നത്:—പദ്യമെന്നത് ആഹ്ലാദത്തിന്റെയും മനസ്സമാധാനത്തിന്റെയും ഒരു ബാഹിസ്രൂപമാണ്. അതിനാൽ പദ്യരചനയുടെ ആരംഭം മനസ്സമാധാനമാണ്. ആദികാലങ്ങളിൽ മദ്ധ്യകാലങ്ങളിലെന്നപോലെയുള്ള യുദ്ധവും കലഹവും മറ്റും വളരെക്കുറവായിരുന്നതിനാൽ ജനസാമാന്യത്തിന്ന മനസ്സമാധാനത്തിന്നനുകൂലകമായിരുന്നു. അപ്പോൾ ആദ്ധ്യാത്മികങ്ങളെക്കുറിച്ചും മറ്റും സംഗീതാലാപസംകീൎണ്ണങ്ങളായ സാഹിത്യശകലങ്ങൾ അവരുടെ വക്ത്രങ്ങളിൽനിന്നു സ്ഖലിച്ചുതുടങ്ങി. സ്മരണാർഹ നിസ്സ്വാസങ്ങളായ ഈ പദ്യങ്ങളെ ശ്രോതാക്കൾ എഴുത്തിൽ ഗ്രഹിക്കയും പാഠകവും ചെയ്തിരുന്നവരത്രെ. ഇങ്ങിനെ പ്രശസ്തങ്ങളായിരുന്ന പ്രാഥമികകാലങ്ങളിൽ പദ്യപ്രചാരത്തിന്ന പ്രാബല്യം ഉപസ്ഥിതി കൂടിവന്നു. പദ്യസാഹിത്യത്തിന്നുള്ള നിദാനം ഇതാണ്.

ഗദ്യഗ്രന്ഥങ്ങളുടെ സംഖ്യ നോക്കി ഭാഷയുടെ പ്രായം പരിഗണിക്കാമെന്ന സൂചിപ്പിച്ചുവല്ലോ. ഈ നിയമമനുസരിച്ച് മലയാളഭാഷയുടെ സ്ഥിതിയൊട്ടു മനസ്സിരുത്തിപ്പരിശോധിച്ചു നോക്കുന്നതായാൽ അതിന്റെ ശൈശവാവസ്ഥ ഇനിയും വിട്ടിട്ടില്ലെന്ന തെളിയുന്നതാണ്. മലയാളഭാഷയിൽ ഇപ്പോഴുള്ള സകല ഗ്രന്ഥങ്ങളും കൂടിയാൽ ഒരു വലിയ 'താരാവലി' പൂർത്തിയാക്കുവാൻ മതിയാകുമോ എന്ന സംശയമാണ്. അവയിൽതന്നെ, പുരാണഗ്രന്ഥങ്ങളും അവയെ സംബന്ധിക്കുന്ന പദ്യകാവ്യങ്ങളും കഴിച്ചു നിൎത്തുന്നതായാൽ ശേഷമുള്ള ഗ്രന്ഥങ്ങളുടെ സംഖ്യ, ഏതാണ്ടുള്ള സകല മകമിടികളെയും സന്തോഷിപ്പിക്കാൻ മതിയാകുന്നതാണ് എന്ന നിസ്സംശയം പറയാം. കണക്കെടുപ്പത്തക്ക പാഠശാലകളിൽ ഗദ്യപുസ്തകങ്ങളാക്ക പകരം കഥകളിക്കുള്ള പാഠപുസ്തകങ്ങളായി നിയമിക്കേണ്ടി വന്നു

'ന്യൂസ്കമ്മിററി'ക്കാർ മലയാളഗദ്യസാഹി ത്യമെല്ലാം പ്രത്യേകിച്ചും അറിയുമാറാ യിരുന്നു.

മുൻപ്രസ്താവിച്ചപോലെ, മലയാളഭാ ഷയിൽ ആദ്യകാലങ്ങളിൽ പദ്യഗ്രന്ഥങ്ങ ളും ഒട്ടിക്കിടയായി വളർന്നുവന്നു. ക്രിസ്തീയ താല്പര്യങ്ങളെ പരിഷ്കരിക്കുന്നതിനായിട്ടു മാത്രമായി കേരളത്തെ അധിവസിച്ച പരദേശികൾ വ്യാകരണസൂത്രം, താരാ ൻപാട്ട മുതലായവ നിർമ്മിച്ചു. പിന്നീട്, അ ച്ചോളി ഒതേനൻ മുതലായ വീരപുരുഷന്മാ രെപ്പററിയുള്ള പാട്ടുകളും, പാനകളും, നിഴ ൽക്കുത്തിപ്പാട്ട മുതലായവയും ക്രമേണ വ ളർന്നു. അപ്പോഴൊന്നും ഗദ്യസാഹിത്യം മ ലയാളഭാഷയിൽ കണികാണാൻ പോലു മുണ്ടായിരുന്നില്ല. എഴുത്തുകുത്തുകളും മ ററും പണ്ടുതന്നെ ഉണ്ടായിരുന്നതിനാൽ ഒരുതരം ഗദ്യവും അന്നുതന്നെ നടപ്പുണ്ടാ യിരുന്നിരിക്കാമെങ്കിലും 'യഥാർത്ഥഗദ്യസാ ഹിത്യം അന്നു മലയാളത്തിലില്ലായിരുന്നു. 'ചിറക്കൽ, തലശ്ശേരി, കോഴിക്കോട്, കൊ ച്ചി, തിരുവിതാംകൂർ ഇവിടങ്ങളിലെ ഗ്ര ന്ഥവരികളെഴുതുവാൻ തുടങ്ങിയതുവരെ ഗദ്യഗ്രന്ഥങ്ങൾ യാതൊന്നുമുണ്ടായിരുന്ന തായി തോന്നുന്നില്ല.' 'ഗദ്യരീതിയിലുള്ള ക വനം മലയാളത്തിലുണ്ടായതു കേരളൻസാ ദൃതിപ്പാട്ട അദ്ധ്യാത്മന്റെ കാലത്തു മാത്ര മാണ്.' ഇപ്രകാരത്തെ ഗദ്യം ഇപ്പോഴും സാ ധാരണ നടപ്പുള്ള ഗദ്യംപോലെയല്ല. ചി ല പ്രത്യേകമാത്രകളോടും പ്രാസാനുപ്രാ സാദികളോടും സംസ്കൃതബാഹുല്യത്തോടും കൂടി, രീതിയിൽ ഇപ്പോഴത്തെ പദ്യങ്ങളുള്ള വിനോദ് ഏകദേശം സാമ്യമുള്ള ഒരുവിധം ഗദ്യമാണ് അത്. മഹിഷമംഗലം, പുനം മുതലായ നമ്പൂതിരിമാരുടെ ചമ്പുപ്രബ ന്ധങ്ങളിൽ കണ്ടുവരുന്ന ഗദ്യമാണ് മേൽ വിവരിച്ചതെന്നറിയുമ്പോൾ ആധുനികഗ ദ്യത്തിനുള്ളതും തീർച്ചയായും ഒരു ഭേദമുണ്ടെന്ന താണ്. പ്രാസാദികൾ കൂടാതെ ഗദ്യസം ഭാഷണങ്ങളും മററും അവർ എഴുതിയിരു ന്നു. ഒന്നിലും ഗദ്യരീതി ഒന്നുതന്നെ. 'ഭ ഗവതീസ്വയംവരം ഗദ്യത്തിൽനിന്നും ഉ ദാഹരണത്തിനായി ഭാഗം താഴെ ചേ ർക്കുന്നു:—

"പ്രതിദിനമതിലിയലും ബാല്യം കഴി ഞ്ഞോരു മതിമുഖിമണികളുടെ പരിഭൂതമാസി തം പുതിയതിലോലു കണ്ടകളെപ്പോലിരുന്നു, സമയിൽമാലം സപാദികാരണം, മനോഭവ മികവും മനസിന്നിരുന്നു, കുചഭാരസമുദ്ഗമം ഗതികളും, നാളീകരാജിതലോചനയാം അ നാളി പാളികളിൽ കതിരുകളിൽ കരു ക, ദൈനിവസികൾ നാളിനു നാളായ് പ്രീതി തുടങ്ങി, സ്ത്രീതാമോദം തരുണീമണിയുടെ താരുണ്യമാനസികവിഭ്രമവശിനയ, കനമൊ ഴിഞ്ഞിലയാമെന്നാൽ ധനധാന്യാദിസ മൃദ്ധിവെച്ചു, മാതൃപ്രീതിന മാർദ്ദവസ്ഥിതി പാലിക്കുമെന്നുമൊമ്പതാം തിങ്കളിനാകാതി കലൻമാളികളിൽ മംഗലമൂർത്തി മനോഹരി സൗഭഗിതാദിമുനിപുണിതതയണി, മംഗ ളാതിരേകനാലിവും അങ്ങോട്ടിനകമിരി ഗിരിധാരികളെന്നു പോലിവിടെവരു ന്നവം".

ഈക്കാലത്തു ബ്രാഹ്മണികളും ഭദ്രകാളീ ക്ഷേത്രങ്ങളിൽ പാടിവരുന്ന മാതിരിയിലു ള്ള ഈ ഗദ്യം മഹാഭാരതം ഗദ്യമാക്കി ക ണക്കാക്കുക വയ്യുന്നു, എന്നാൽ ഇത് പ ദ്യഗദ്യങ്ങളുടെ സമ്മേളനമാണെന്നു മേൽ കാണിച്ചതിൽ നിന്നും വ്യക്തമാകുന്ന ല്ലോ. അതിനാൽ അപ്പോഴും ഗദ്യസാ ഹിത്യം പിറന്നിട്ടില്ലെന്നുതന്നെ പറയേ ണ്ടി വന്നിരിക്കുന്നു.

ഇങ്ങിനെ കുറേക്കാലം കഴിഞ്ഞപ്പോ

ത്ഭുക്കമാണ് "കാദംബരി"യുടെ ആവിർഭാവം. മുൻ കാണിച്ച ഗദ്യത്തിൽ നിന്നും രീതിയിലും ഭാഷയിലും എത്രയോ ഭിന്നാവസ്ഥയിലിരിക്കുന്ന 'കാദംബരി'യിലെ വാചകങ്ങൾ വായിച്ചു നോക്കുന്നതായാൽ മലയാളത്തിൽ യഥാർത്ഥ ഗദ്യരചനയുള്ള പ്രഥമഗ്രന്ഥം ഇത് തന്നെയാണെന്ന് പറയുന്നതിൽ ഒരു പക്ഷഭേദമാകയില്ല.

അതിൽ പിന്നെ ഇന്ദുലേഖ, ശാരദ, മാർത്താണ്ഡവർമ്മ, അക്ബർ മുതലായി ചില ഗദ്യ ഗ്രന്ഥങ്ങൾ മലയാള ഭാഷയിൽ ക്രമേണ വർദ്ധിച്ചു വന്നിട്ടുണ്ട്.

പുതുമോടിയിൽ ജനങ്ങൾക്ക് അനുഗ്രഹം കണ്ടു കൂടുക പതിവാണല്ലോ. ആ പ്രകാരം കുറെയിടയ്ക്കു ഭാഷാഭിമാനികളുടെ മനസ്സും ശ്രമങ്ങളും ഗദ്യകാവ്യത്തിലേക്ക് തിരിഞ്ഞതിന്റെ ഫലമായിട്ട് ഇപ്പോൾ ഭാഷയിൽ കുറെയെങ്കിലും ഗദ്യഗ്രന്ഥങ്ങളുണ്ടായിക്കഴിഞ്ഞു. ഗദ്യമെഴുത്ത് സർവ്വസാധാരണമാകുന്നതിനാൽ വെളിച്ചവും പുതുമോടിയിലുള്ള അനുഗ്രഹമാകുന്ന ഇടിവെട്ടും മിക്കവരുടെയും മനസ്സിൽ തട്ടി. തൽഫലങ്ങളായ ഗദ്യ ഗ്രന്ഥങ്ങൾ എല്ലാം വിസ്തൃത ഭൂമിയിൽ നിന്നുണ്ടാകുന്ന വെള്ളപ്പൊക്കങ്ങളോ, അല്ല പടലങ്ങളിലുണ്ടാകുന്ന ശിലീന്ധ്രങ്ങളോ എന്ന ഇനിയും തീർച്ചയാക്കാറായിട്ടില്ല.

അതുകൊണ്ടു കൂണുകളേയും വെള്ളപ്പൊക്കങ്ങളേയും തിരിച്ചറിയാനുള്ള മാർഗ്ഗമാണ് ഇനി നോക്കേണ്ടതു. അതായതു സാഹിത്യ വിമർശനത്തെ ഒന്നു വിവരിക്കുക തന്നെ.

വിഷം പോലെ സർവ്വദേശങ്ങളിലും പ്രചരിച്ചു ജനമനസ്സുകളെ മലിനപ്പെടുത്തുന്ന ദുർഗ്രന്ഥങ്ങളെ ഉന്മൂലനാശം ചെയ്യാനും, ഭാഷകളെ പരിഷ്കരണത്തിനുതകുന്ന സദ്ഗ്രന്ഥങ്ങളെ പ്രചരിപ്പിക്കുവാനും സാഹിത്യ വിമർശനം അത്യന്താപേക്ഷിതമാകുന്നുവെന്നുള്ള സംഗതി ഇതിന്റെ പ്രാധാന്യത്തെ സ്പഷ്ടീകരിക്കുന്നുണ്ടല്ലോ. ഗദ്യമെഴുതുന്നതിൽ പ്രത്യേകം മാത്ര വെക്കേണ്ടതായ വിഷയങ്ങളിലേക്കു കൂടി ആ സാഹിത്യ വിമർശനം വ്യാപരിക്കേണ്ടതു.

ഗദ്യം കാവ്യശാഖയിൽ പെട്ടതാകയാൽ കാവ്യ ഗുണങ്ങളിൽ മിക്കവയും ഗദ്യത്തിനു യോജിക്കുന്നവയാണ്, സന്ദർഭാനുകമായ വിധത്തിൽ ഗുണാലങ്കാരപ്രയോഗം ചെയ്യുകയാണ് ഗദ്യഗ്രന്ഥങ്ങളുടെയും ഉദ്ദേശം. അതിനു ഒന്നാമതായി വേണ്ടതു തന്മയത്വമാണ്. ഗ്രന്ഥകർത്താവ് വിചാരിക്കുന്ന മാതിരിയിൽ തന്നെ വായനക്കാരെക്കൊണ്ടും വിചാരിപ്പിക്കുവാൻ സാധിക്കേണ്ടുന്ന ഗുണമാണ് 'തന്മയത്വം' എന്നു പറയുന്നത്. "തന്മയത്വമാണ് കാവ്യത്തിന്റെ ജീവൻ" എന്നും 'രസാത്മകമായ വാക്യമാണ് കാവ്യം' എന്നും മറ്റും വിദ്വാന്മാർ പറഞ്ഞിരിക്കെ, തന്മയത്വത്തിന്റെ ശ്രേഷ്ഠത സ്പഷ്ടമാണെന്നും തെളിയുന്നു. അതിനാൽ രസപുഷ്ടിയുള്ള വഴികളാലോചിച്ചാൽ നല്ല ഗദ്യത്തിന്റെ ജീവൻ ഗ്രഹിക്കാമെന്നും സാധിക്കുന്നു. പ്രശസ്തവിഷയങ്ങളെ അർത്ഥം അറിഞ്ഞു പ്രയോഗിച്ചാൽ തന്മയത്വം പകർന്നും വരുന്നതാണ്. ഇതുമാത്രമല്ല. 'ഭിന്നരുചിർഹി ലോകഃ' എന്ന പ്രമാണപ്രകാരം, ഗദ്യമെഴുത്തിനെപ്പറ്റി ഗുണദോഷനിരൂപണം ചെയ്യുമ്പോൾ, രുചിഭേദമനുസരിച്ച് മാത്രാജനങ്ങൾക്കും മാത്രാഭിപ്രായം ജനിക്കുന്നതാകയാൽ, ഇന്ന ഗദ്യം നല്ലതാണോ, ഇന്നതു ചീത്തയാണോ എന്നു തീർച്ചപ്പെടുത്തുവാൻ എത്രയും എളുപ്പത്തിൽ കഴിയുന്നതല്ല. എങ്കിലും ഗദ്യമെഴുത്തിനു സാമാന്യേന സ്വീകരണീയങ്ങളായ ചില ഗുണങ്ങളെ മാത്രം പറയുവാൻ കഴിയുന്നതാകയാൽ അവയെ ഇനി വിവരിക്കാം.

ഗദ്യരചനാരീതി എഴുത്തുകാരന്റെ സ്വഭാവത്തെ ആശ്രയിച്ചിരിക്കും. സ്വഭാവേന മിതഭാഷികളും, വാചാലന്മാർ ഇങ്ങിനെ രണ്ടുതരക്കാരാണ് മനുഷ്യർ. അവരുടെ സ്വഭാവം അവർ എഴുതുന്ന ഗദ്യത്തിൽ പ്രതിഫലിച്ചു കാണാം. രണ്ടു രീതികൾക്കും തമ്മിലും വളരെ വ്യത്യാസമുണ്ടാക്കിയിരിക്കും. തങ്ങൾ ഉപയോഗിക്കുന്ന വാക്കുകൾ പുഷ്ടമായിരിക്കും. കൂടാതെ ആദ്യന്തം കാര്യകാരണസംബന്ധത്തെ യഥാക്രമം വെളിവാക്കിയും, വിഷയപദ്ധതിയിൽനിന്നു തെറ്റാതെയും എഴുതുന്നവരാന്മാർ സ്വഭാവേന മിതഭാഷികളായിരിക്കും. മേൽപറഞ്ഞ കാര്യങ്ങൾ, ശാസ്ത്രീയമായും ആധ്യാത്മികമായും മറ്റും ഗൌരവമേറിയ വിഷയങ്ങളെപ്പറ്റി എഴുതുമ്പോൾ ആവശ്യങ്ങളാകയാൽ, മിതഭാഷികളുടെ രീതി ഈ വിഷയങ്ങൾക്കാണ് ഉപയുക്തമായിത്തീരുന്നത്. വാചാലന്മാരുടെ രീതിക്ക് ഇപ്രകാരമുള്ള നിബന്ധനകളൊന്നുമില്ല. വേണ്ടടത്തും വേണ്ടാത്തേടത്തും ഒക്കെ കൂടാതെ വിശേഷണങ്ങൾ കോരി വാരിച്ചൊരിഞ്ഞ് ഗ്രന്ഥം വളരെ തടിച്ചു നീട്ടുമെങ്കിലും അവർക്കു കണ്ണഞ്ചിക്കുന്ന ചൊല്ലുന്ന വശ്യവാക്കുകളായ വാചാലന്മാരുടെ ഗദ്യരീതിയാണ്, ഉത്സവം, നഗരം, യാത്ര മുതലായവയെ വർണ്ണിക്കുന്നതിനാകുന്നു ആവശ്യമായി വരുന്നത്. രണ്ടു ഭിന്നവിഷയങ്ങൾക്കും ഒരേ രീതിയും ക്രമേണ ഉപയുക്തമല്ല എന്ന മാത്രമല്ല, രീതികളെ പരസ്പരം മാറ്റുവാനും പാടുള്ളതല്ല.

രാഗപ്രദർശിതചിത്തവൃത്തികളെ വർണ്ണിക്കേണ്ടത് അവസരോചിതമായ പദങ്ങളെ പ്രയോഗിച്ചു തന്മയത്വം വരുത്തുക; സന്ദർഭോചിതങ്ങളായ ശബ്ദാലങ്കാരാദികൾ ഉപയോഗിക്കുക; വായനക്കാരെ രുചിപ്പിക്കത്തക്കവണ്ണം തുടക്കം മുതൽ ഒടുക്കംവരെ വാചകഘടനകൾക്ക് ഒഴുക്കുണ്ടാക്കിത്തീർക്കുക; വാചകങ്ങളുടെ രണ്ടു തലയ്ക്കലും ഇടക്കും ശരിയാക്കുക; അത്യാവശ്യത്തിനും കാര്യകാരണസംബന്ധവും നിലനിർത്തുവാൻ വേണ്ടി, കടലാസിലെഴുതുന്നതിനു മുമ്പുതന്നെ വിഷയവിവേചനം ചെയ്തു മനസ്സിലാക്കിയിരിക്കുക; ഇത്യാദികളായ നിയമങ്ങളനുസരിച്ച്, നല്ല മലയാളികൾ സംസാരിക്കുന്ന രീതിയിൽ മനസ്സിലത്തി ഗദ്യമെഴുതുന്നതായാൽ അതു നന്നാകാതിരിക്കയില്ലെന്നാണ് ഗദ്യകർമ്മജ്ഞന്മാർ പറയുന്നത്. മലയാളത്തിൽ വിദ്വാന്മാരെന്ന കീർത്തിയും പ്രസിദ്ധിയും സമ്പാദിച്ചിട്ടുള്ള പണ്ഡിതന്മാരും മലയാളാധ്യാപകന്മാരും മറ്റും സംസാരിക്കുമ്പോൾ ഇംഗ്ലീഷ് മുതലായ ഇതരഭാഷകളിലുള്ള പദങ്ങളെ മലയാളപദങ്ങളോടു കൂട്ടികലർത്തി അവയെ സ്വീകരിക്കുന്ന ശിഷ്യാദികൾക്ക് ഒരു ദുശ്ശീലം പഠിപ്പിക്കുന്നതായി ഇപ്പോൾ പലപ്പോഴും കണ്ടുവരുന്നതിനാൽ, ഗദ്യരചനാസ്വഭാവമായ അവരുടെ സംഭാഷണരീതിയെ അനുസരിച്ചെഴുതരുതെന്നുകൂടി ഈ അവസരത്തിൽ എല്ലാവരും ഓർമ്മവെക്കേണ്ടതാണ്.

ഭാഷാഗദ്യത്തിന്റെ ചെറുകുറ്റപ്പാടില്ലു ഒന്നാമതായുണ്ട്. എന്നാൽ അന്യഭാഷാസമ്പർക്കംകൊണ്ടു ദുഷിക്കുവാൻ അധികം വഴിയില്ലാതിരിക്കുന്ന മല്ലികയെഭാഷാരീതിയാണ് അനുകരണീയമായിട്ടുള്ളതെന്ന വിദ്വജ്ജനാഭിപ്രായപ്പെടുന്നു.

ആഖ്യായികകൾ തുടങ്ങിയ കാവ്യങ്ങളിലെ പാത്രങ്ങളെ വർണ്ണിക്കേണ്ടതാണ് പിന്നെ നിശ്ചയിക്കേണ്ടത്. ഓരോ പാത്രങ്ങളുടെ സ്വഭാവം നോക്കാതെ പറയാതെ അവരെക്കൊണ്ടു നടത്തി

കുന്ന ക്രിയകളിൽനിന്നും വായനക്കാർക്കു് ഊഹിപ്പാൻ വിട്ടുകൊടുത്ത് ഉദ്ദിഷ്ടകാര്യം സാധിക്കുന്നതിനാണ് പാണ്ഡിത്യമെന്നു പറയേണ്ടതു്. ഇതാണ് കാവ്യത്തിന്റെ മർമ്മം. ഗ്രന്ഥകാരന്റെ കല്പനാശക്തിയേയും വൈദഗ്ദ്ധ്യത്തേയും വിളിച്ചുപറയുന്നതും ഇതാണ്. ദുഷ്പാത്രങ്ങളെ നിന്ദിപ്പാനും സൽപാത്രങ്ങളെ അനുകരിപ്പാനും വായനക്കാരെ പ്രേരിപ്പിക്കുന്ന ശക്തിയും ഇതുതന്നെയാണ്. ഈ ജാലം ലോകപരിചയംകൊണ്ടുണ്ടാകുന്ന ജ്ഞാനത്തിന്റെ ഫലമാകുന്നു. ഇന്ദുലേഖ ഒന്നു വായിച്ചാൽ 'സൂരിനമ്പൂതിരിപ്പാടി'നേയോ 'പഞ്ചുമേനോൻ'നേയോ അനുകരിപ്പാൻ നോക്കുന്നവർ ആരുമുണ്ടാകുന്നതല്ലല്ലോ.

ഇനി വേണ്ടതു ഭാഷാഗദ്യഗ്രന്ഥങ്ങളുടെ വിഷയങ്ങളെ വിധിക്കയാണ്. പുരാണങ്ങളും അവയെ സംബന്ധിക്കുന്ന ഗ്രന്ഥങ്ങളും മലയാളഭാഷയിൽ ധാരാളമായിക്കഴിഞ്ഞു. പൌരാണികന്മാരുടെ ഭാഷ ഞങ്ങളെ വളരെ ആളുകളുടെ മനസ്സിൽനിന്നും നീക്കിക്കളയുന്നതിനും അന്യഭാഷാമനസ്സിനെ സംസ്കരിക്കുന്നതിനും ഈ വക ഗ്രന്ഥങ്ങൾ ഇതുവരെ പ്രയോജനമായതും കാണാനില്ലാത്തതിനാൽ കാവ്യതരങ്ങളുള്ള ഗ്രന്ഥങ്ങൾ ഇവയിലധികം നന്നായി ഇനിയും എഴുതാവുന്നതാണ്. അതിനു, വിഷയങ്ങളൊന്നു മാറി നോക്കിയാലോ എന്നൊരു ശങ്ക.

ആധുനികകാലങ്ങളിൽ ലോകത്തിന്റെ പലേ ഭാഗങ്ങളിലും നവീനങ്ങളായ പലേ പരിഷ്കാരങ്ങളും നടന്നുവരുന്നുണ്ട്. ശാസ്ത്രവിദ്യയിലും പ്രയോഗരൂപത്തിലും ഇവയുടെ ഒന്നാം ആവശ്യമാണു്. അതിനാൽ അവയുടെ ഗതിയനുസരിച്ചു കേരളഭാഷയേയും നയിക്കേണ്ടതാകുന്നു. കച്ചവടം, കൈത്തൊഴിൽ, രാജ്യഭരണകാര്യങ്ങൾ, യാത്ര, ചരിത്രം, മഹാന്മാരുടെ ചരിത്രം, നവീനയന്ത്രവിവരണങ്ങൾ, ശാസ്ത്രകാര്യങ്ങൾ, നല്ല ആഖ്യായികകൾ ഇവയായിരിക്കണം മേലാലെഴുതുന്ന ഗദ്യഗ്രന്ഥങ്ങളുടെ വിഷയങ്ങളെന്നു ഭാഷാഭിമാനികൾ പ്രത്യേകം ഓർക്കേണ്ടതാണ്. ഇവകൊണ്ടു ദാരിദ്ര്യനിവാരണം, സാമുദായികപരിഷ്കാരം, സ്വാതന്ത്ര്യസ്നേഹം, സ്വാഭിമാനം, അന്യവിചാരസഹിഷ്ണുത മുതലായ അനേകഗുണങ്ങൾ സിദ്ധിക്കുന്നതാകയാലും, ഇക്കാലത്തു കേരളീയരുടെ അഭിവൃദ്ധിക്ക് ആവശ്യമായിരിക്കകൊണ്ടും, ഗ്രന്ഥവിഷയങ്ങൾ മുൻപ്രസ്താവിച്ചവ തന്നെയായിരുന്നാൽ കൂടുതലും ജനസാമാന്യോപകാരപ്രദമാകുമെന്നു സമ്മതിക്കാം.

ഗദ്യസാഹിത്യത്തെ സംബന്ധിച്ചിടത്തോളം ബംഗാളി, ഹിന്ദിക്കു കടപ്പെട്ടിരിക്കുന്നവരെന്നു സുപ്രസിദ്ധമാണല്ലോ. ഇനിയും അപ്രകാരംതന്നെ ഹിന്ദിയെ ആശ്രയിക്കുന്നതായാൽ വളരെ ഗുണം കിട്ടുവാൻ വഴിയുണ്ടെന്നു കാണുന്നു. അതിനാൽ ആംഗ്ലേയഭാഷയെ മലയാളത്തിലേക്കു 'ഇറക്കുമതി' ചെയ്യുന്നതിനുള്ള പ്രധാനമാർഗ്ഗമായ പരിഭാഷാക്രമത്തെ കുറിച്ചും അല്പം ആലോചിക്കേണ്ടത് ആവശ്യമാകുന്നു.

പരിഭാഷപ്പെടുത്തുമ്പോൾ മൂലഗ്രന്ഥത്തിന്റെ യോഗ്യതായോഗ്യതകളെപ്പറ്റി നല്ലവണ്ണം പര്യാലോചിക്കണം. വായനക്കാരിൽ ഉത്തമന്മാരുടെ മാനസികാഭിവൃദ്ധിക്കുതകുന്ന മട്ടിലുള്ള പുസ്തകങ്ങൾ വേണം പരിഭാഷപ്പെടുത്തുവാൻ. വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ തർജ്ജമകളായ 'ശാകുന്തളം', 'അമരുകശതകം' ഇവ രണ്ടിൽവെച്ച് ആദ്യത്തേതി

ന്റെ 'പ്രചാരാധിക്യം മൂലഗ്രന്ഥത്തിനുപ
ണ്ടത്തിന്റെ പ്രാധാന്യം പ്രത്യക്ഷീകരിപ്പി
ക്കുന്നതല്ലേ. 'സരോജിനീവിലാസം,' ഒ
സാമൂഹിക, ചന്ദ്രക്കാന്താമെതാവതിയും, എ
ന്നീ ഗദ്യപരിഭാഷകളെ ഒന്നു താരതമ്യ
പ്പെടുത്തി നോക്കേണ്ടതുമാണ്. പരിഭാഷാ
രീതിയിലെ താരതമ്യം വരുത്തുന്നതിനു കാ
ലദേശഭാഷാഭേദങ്ങളനുസരിച്ചു ശബ്ദരൂപാ
ദികൾക്കും ഒട്ടും വ്യത്യാസമുണ്ടാകാനൊക്കു
കിന്നത്, ആദ്യം പറഞ്ഞ മൂന്നു തർജ്ജമക
ളോ, ഷേക്സ്പിയർ മഹാകവിയുടെ 'Mid-summer nights Dream' എന്ന നാടക
ത്തിന്റെ ഭാഷാന്തരമായ 'വാസന്തികാ
സ്വപ്നമോ' മതിയായ ഉദാഹരണങ്ങളാ
ണല്ലോ.

പിന്നെ നോക്കേണ്ടുന്നതു സംഭാഷണ
ങ്ങൾ കഴിയുന്നതും 'ഉപയോഗിക്കേണ്ടതെന്നു
താണ്. "മലയാളത്തിലെവിടെയാണ് മഹ
ഷി"[13] എന്നു ചോദിക്കുന്ന പലരെയും ഞാ
ൻ കണ്ടിട്ടുണ്ട്. അതിനെ ചോദിക്കുന്നത്
അവരുടെ അജ്ഞാനമോ പരിചയക്കു
റവോ ആയിരിക്കണം. "അങ്ങനാട്ടി
ട്ട് അങ്കമാലിക്കടവി, കയ്യതില ഇടക്കട
ത്ത്, മുനകടത്ത്, മുനയിൽ കതിരവ
നൂരു തെളിയിപ്പിച്ച്, നിരുകിൽനാലുപടി
ക്കൂർ, അടുക്കലിൽ കളരിക്കപ്പുറത്തേറി
ഞ്ഞമായാറിപ്പവർ, അവരുടെ വലത്തെ
ട്ടുവശം വെട്ടിക്കണ്ടാൽ, വെട്ടിയത്
മുഴുവനും പാലക്കാട്ടേക്കിട്ടു ഇട്ടുന്നിടത്തെ
... വെള്ളിക്കോൽക്ക് തക്കിക്കണ്ടാൽ,
കൂട്ടി ... കിഴക്കാനിക്കണ്ടുതെങ്കിൽ
വെട്ടിപ്പുളി വെട്ടല്ല, കത്തിയല്ല, കത്തല്ല, മ
ലനാട്ടിൽനിന്നും ഇളനാട്ടിലേക്ക് പോക
ണ്ടാന്നല്ല, ഇളനാട്ടിൽനിന്നും മലനാട്ടിൽ
കയറ്റുന്നല്ല, വല്ല പാട്ടുകയറ്റുമെന്നും
ചൊല്ലുവേണ്ട."[13] എന്നിങ്ങിനെ സംക്ഷേപി
ക്കാരുടെ കറിപ്പട്ടകം മുതലായവയിൽ പ
ച്ചമലയാളത്തിൽത്തന്നെ ആവശ്യത്തിനും
സംസ്കൃതത്തിലും തെളിഞ്ഞിരിക്കുന്ന ഗദ്യങ്ങ
ൾകണ്ടാൽ മലയാളത്തിൽ വാക്കില്ലെന്നു ഇല്ല
യോ എന്നറിയാറാകും. തക്കതായ പദങ്ങ
ളും, പാരിഭാഷ്യങ്ങളും ഇല്ലാത്ത വരേണ്ട
ത്തോ, ശബ്ദമെങ്കിട്ടിട്ടു അതിവ്യക്തിയായ
ഹോതിപ്പുകളുടുക്കതെ നിവൃത്തിയില്ലാതെ ഉ
ഴിക്കുന്നിടത്തോ, മാത്രം ഉതഭേദങ്ങളെ അനു
ഷ്ഠിക്കേണ്ടതാവും. അതുതന്നെ കഴിയുന്നതും
സമ്പ്രദായമായ ആകരമായ ഭാഷാഭിമാ
നികൾ മാർഗ്ഗമായാൽ പഴയ മലയാള
ഭാഷയുടെ പുനരുദ്ധാരണം തന്നെ നിക്ക
ളുപ സാധിക്കുമെന്നു പറയാം. ശൈലിയു
നിയമങ്ങളെല്ലാം ഗദ്യരചനാരീതിയെക്കുറി
ച്ചു പറഞ്ഞതെല്ലാം വിവരിച്ചുവന്നതിൽ നി
വർത്തനപ്പുസ്തകം, മാസികകൾ, സമാജ
ങ്ങൾ മുതലായവയാൽ ഭാഷാഗദ്യസാഹി
ത്യത്തിനു സിദ്ധിച്ചിട്ടുള്ള ഗുണങ്ങൾ, ... വ
ന്നിരിക്കുന്നതെന്നോ. രസികരഞ്ജിനി, വിദ്യാ
വിനോദിനി, ഭാഷാപോഷിണി മുതലായ മാ
സികകളും ചെയ്തുവന്നിട്ടുള്ള ഗദ്യമാ
ലിക മുതലായ ഭാഗങ്ങളും ഗദ്യസാഹിത്യപോഷ
ണത്തിലേക്കു കൂട്ടിയതിൽ ഇത്രയേറെ വിക
സിച്ചത് എന്താണെന്നറിയാമല്ലോ.

ഇനി മലയാളഭാഷയിൽ കഴിച്ചുകൂടാ
ത്തതായ ഒരു ഗ്രന്ഥമുണ്ടെങ്കിൽ അതു ഒരു
സാഹിത്യവിലക്ഷണഗ്രന്ഥമാണ്. ശാസ്ത്ര
ഗ്രന്ഥങ്ങൾ, സാങ്കേതികപദനിഘണ്ടു, ഒരു
നല്ല ഭാഷാചരിത്രം ഇവയും ഭാഷയ്ക്കു ആവ
ശ്യമാകുന്നു. വിദ്യാലയ ... ഭാഷാപോ
ഷണതല്പരന്മാരായവരുടെ ശ്രദ്ധ ഈ വി
ഷയത്തിലേക്കു തിരിഞ്ഞാൽ കേരളീയർക്കു
തെളിയെ കൃതാർത്ഥരാകാം. അതി
ന്നായി താരതമ്യ ചരിത്രത്തിനായി ...
ഡസനം ഗ്രന്ഥങ്ങൾ ഉപയോഗിച്ച്,

ഇംഗ്ലീഷു ഭാഷാപദങ്ങളെ കൂട്ടിക്കലർത്തുന്ന തിനു പകരം കഴിയുന്നതും ഉത്കൃഷ്ടങ്ങളായ പ്രാചീനമലയാളപദങ്ങളെ സ്വീകരിച്ചു ജനസാമാന്യത്തിന്റെ മനസ്സമാധാനത്തിന്നുതകുന്ന വിഷയങ്ങളെപ്പററി വിശിഷ്ടങ്ങളായ ഗദ്യഗ്രന്ഥങ്ങളെഴുതി ഭാഷയ്ക്കു ഇപ്പോഴുള്ള ന്യൂനതകളെ പരിഹരിപ്പാൻ ഭാഷാഭിമാനികളായ മഹാന്മാർ ശ്രമിച്ചു തന്നെ വികസിപ്പിച്ചു സമ്പാദിച്ചും, പാഠകന്മാർ ഉപയോഗിച്ചു ചിരകാലം നിലനില്ക്കുവാൻ ഉപകരിച്ചുവെന്ന 'സോമശേഖര'യിൽ പറഞ്ഞിരിക്കുന്നപ്രകാരം, "ചലിയരകായി അപ്പുമാർത്തിമനസ്സിനോടും, വള്ളത്തോൾ നാരായണമേനോൻ അവർകളുടെയും" അനുകരിപ്പാൻ ചിലർ മാത്രം ബുദ്ധി ഗദ്യസാഹിത്യസമ്പ്രദായം പരിശോധിച്ചു പഠിക്കുവാൻ മറ്റുള്ള സഹായികളെന്നു വിശേഷിച്ചും, ഇപ്രകാരം ശൈശവാവസ്ഥയിലിരിക്കുന്ന മലയാളഗദ്യസാഹിത്യത്തിനു ഉപയുക്തമായിരിക്കുന്ന പ്രധാനം ചെയ്യാൻ "ശബ്ദബ്രഹ്മ"മെന്ന സർവ്വപ്രാകൃതിയും തൽക്കാലം ഈ ഉപന്യാസത്തെ ഉപസംഹരിക്കട്ടെ.

പി. ശങ്കരൻനമ്പ്യാർ

പൂരം

ലോകത്തിലുള്ള പലവസ്തുക്കളേയും തെളിച്ചു കാണിക്കുന്നതിനാണ് 'പ്രദർശന'മെന്നു പറയുന്നത്. പരിഷ്കൃതരാജ്യങ്ങളിൽ ഇംഗ്ലണ്ടിൽ നടപ്പിൽ വരുത്തിയുള്ള പലപ്രദർശ



നങ്ങളും ഉള്ളതുപോലെതന്നെ പൌരസ്ത്യന്മാരുടെ ഇടയിലും പ്രദർശനങ്ങളായിരുന്നു. അതിൽ കനകാദിപ്രദർശനം, കൈത്തൊഴിൽ പ്രദർശനം, സ്ത്രീജനപ്രദർശനം, എന്നുവേണ്ട, സകലവിധ പ്രദർശനങ്ങളും ഉൾപ്പെട്ടിരുന്നു. ഇതിലൊന്നുള്ള പ്രദർശനമായാണ് "പൂര"മെന്നു വ്യവഹരിക്കുന്നതു. സർവ്വജനസ്വഭാവ ഉന്നപ്രഭാവങ്ങളെ ചേർത്തിരിപ്പുകാണിക്കുന്നതായ ഈ പ്രദർശനത്തെ 'സംസാരപ്രദർശന'മെന്നു കൂടി അഭിധാനം ചെയ്യുന്നതിൽ യുക്തിഭംഗമുണ്ടാവാനിടയുണ്ടെന്നു തോന്നുന്നില്ല.

നടപ്പ്, ഉടുപ്പ്, വെടിപ്പ് മുതലായി പലവിധത്തിൽ തിരിച്ചുകിടക്കുന്ന നാനാജാതിമതസ്ഥരുടെ സ്വഭാവത്തെ തെളിച്ചു കാണുന്നതിനും ലോകസൃഷ്ടിയിൽപ്പെട്ട വസ്തുക്കളിൽ പ്രധാനപ്പെട്ട ഈ വസ്തുക്കളുടെ ഗുണദോഷങ്ങളെ പ്രത്യേകം കണ്ടറിഞ്ഞ് താരതമ്യവിവേചനം ചെയ്തു ത്യാജ്യങ്ങളും ഗ്രാഹ്യങ്ങളും ഇന്നതിന്നവയെന്നു നിശ്ചയിച്ച് അറിയുന്നതിനും ഇത്ര സൌകര്യമുള്ള മറ്റൊരു വേദിയെ ഞാനറിയുകയില്ലെന്നു മാത്രമല്ല, പലരേയും സ്നേഹിതന്മാരെ സമ്പാദിക്കുന്നതിനും പഴയ സ്നേഹിതന്മാരെ പുതുക്കുന്നതിനും ഇത്ര നല്ല ഒരവസരം ഉണ്ടാവുമെന്നു തോന്നുന്നില്ല.

പണ്ഡിതപാമരന്മാർ ഒരുപോലെ രസിപ്പിച്ചുകൊണ്ടു ലോകത്തെ പാഠത്തെ ഉപ

'പണ്ഡിതപാമരന്മാരെ ഒരുപോലെ രസിപ്പിച്ചുകൊണ്ടു ലോകതത്ത്വത്തെ ഉപദേശിക്കുക' എന്നതാകുന്നു ഉദ്ദേശം. കൂത്തിൽ ചാക്യാരുടെ പ്രബന്ധത്തിൽ അദ്ദേഹം അഭിനയിക്കുക ചെയ്യുന്ന കവിതകളിലെ ശ്ലോകങ്ങൾ ദൃഷ്ടാന്തങ്ങളോടുകൂടിയ അവയുടെ ഉദ്ദേശ്യം ഇതുതന്നെയാണെന്ന് സ്പഷ്ടമാവും.

കരിമരുന്നുകളിൽ വെച്ച് ഏറ്റവും വലിയതും ശബ്ദമേറിയതും കാഴ്ച ഭംഗിയുള്ളതുമായ കൊമ്പന്മാരുടെ കാഴ്ചയായ മാലപ്പടക്കം, വെൺതിരികൾ, അമിട്ട്, ഓലപ്പടക്കം മുതലായ ആയുധങ്ങളോടു കൂടെ അണിയണിയായി നിരത്തി നിർത്തിവെച്ചുണ്ടാകുന്ന ഭംഗി സഹൃദയഹൃദയങ്ങൾക്കതിനിഷ്ടമായതിന്നു സംശയമില്ലല്ലോ. ബാലവൃദ്ധന്മാരായ ഇത്രയും വലിയ ജനങ്ങൾ ഭയരഹിതരായ (ഒരപകടം സംബന്ധിച്ചുമാത്രം) ഒരു നിശ്ചയത്തോടെ ഒത്തുകൂടി അവരവർ ആഗ്രഹപ്രകാരം വിടർന്നുള്ള കാഴ്ചയോടെ "മിഴിമിഴി തമ്മിൽ ചേർന്നു കൂടുകയോ" എന്നുള്ള അപൂർവ്വതയിന്നു നല്ല ഒരു ദൃഷ്ടാന്തമാകുന്നു.

'ധർമ്മാർത്ഥകാമമോക്ഷ' സാധകമായ മനുഷ്യജീവിതത്തിന്റെ ഉത്തമസാധകമായ ദേവവിശ്വാസത്തെ നിലനിർത്തുന്നതായ ഈശ്വരഭക്തിപ്രചരണമാണ് "പൂര"ത്തിന്റെ പ്രധാനാംഗം. ഇതുകൊണ്ട് പൂരസാധനങ്ങളും ഇതിന്നുതന്നെ വേറെ പറയേണ്ടതില്ലല്ലോ.

പല നാടുകളിൽ നിന്നും എഴുന്നെള്ളിച്ചുവരുന്ന അണിയായി നിരത്തിവെച്ചിട്ടുള്ള ആനസമൂഹങ്ങളുടെ കാഴ്ച ആരുടെ ഹൃദയത്തെ ആകർഷിക്കയില്ല? പൂരത്തിന്റെ പ്രധാനാംഗങ്ങളിൽ ഒന്നായി ഗണിച്ചുവരുന്ന 'വെടിക്കെട്ട്' പ്രശംസയ്ക്കർഹമായ എത്രയും സമ്പ്രദായപ്രകാരമാണല്ലോ. ഇതിന്നുപുറമെ അതിൽനിന്നു സാധാരണയുണ്ടാകുന്ന അപായങ്ങൾ നിമിത്തം പാശ്ചാത്യരുടെ ഭരണത്തിൽപോലും തദ്വിഷയകം വരെ നിലനില്ക്കുന്ന ഉത്സവങ്ങളിലെ ഏതിനെ വർണ്ണിക്കാൻ? എന്നതാണ് പ്രകൃതിയിൽ അപ്രത്യക്ഷങ്ങളായ വസ്തുക്കളെ എല്ലാവർക്കും ഒരുപോലെ സ്വഭാവികമായ നിലയിൽ നിർമ്മിക്കുന്നതിലുള്ള വൈദഗ്ദ്ധ്യം മനുഷ്യർക്കുണ്ടെന്നും പ്രത്യക്ഷപ്പെടുത്തുന്നത്.

ഇതിന്നുപുറമെ, സംഗീതരസികന്മാർ സംഗീതം, വാദ്യരസികന്മാർ വാദ്യം, മേളക്കൊഴുപ്പ് ആദിയായവയിലും, ഭക്ഷണപ്രിയന്മാർ ഭക്ഷ്യങ്ങളും "മിഠായി"കൂടെ ഏതാനും ആളുകൾ സ്വാദേറിയതും അതിപ്രിയമായവയും, പൂരക്കാർ ഭക്തിയോടെ പരിപൂർണ്ണമാക്കപ്പെടുന്നവയും, തമിഴർ കമ്പോളങ്ങളിൽ പലതരം കാഴ്ചകളാണെന്നുള്ള ഉൽക്കണ്ഠയെ ജനിപ്പിക്കുന്നതുകൊണ്ട് 'കണ്ടോളം' എന്ന് പറയപ്പെടുന്നവയും ആയ വസ്തുക്കൾ എത്രയോ. ഇതിന്നു പുറമെ, ഇതെല്ലാംകൂടി കൂട്ടിച്ചേർത്ത് സകലജനങ്ങൾക്കും അവരവരുടെ മനസ്സമാധാനം കണ്ടും കേട്ടും അനുഭവിച്ചും, ആനന്ദിക്കാനുള്ള സൗകര്യം പൂരത്തിൽ ഉണ്ടായിരിക്കും.

ഈ വക എല്ലാംകൊണ്ടും പൂരത്തിന്റെ ശരിയായ, വേറെ ഒരു പ്രതിരൂപം ലോകത്തിൽ ഇല്ലെന്നുള്ളത് നിഷ്പക്ഷപാതം ആലോചിക്കുന്നതായാൽ എല്ലാ സഹൃദയന്മാരും മനസ്സുകൊണ്ടെങ്കിലും സമ്മതിക്കാതിരിക്കയില്ല. അവയുകളിൽ കാലദേശങ്ങളെയും

പ്രത്യേകം വിമർശിക്കുന്നതായാൽ ദീർഘമാ യ കാലം ഉപന്യാസമായിത്തീരുമെന്നതി കൊണ്ടു ഇതിലധികം ഇപ്പോൾ വിസ്ത രിക്കുന്നില്ല.

ഇപ്രകാരം സംസ്കൃതസാഹിത്യത്തെ പുഷ്ടിപ്പെടുത്തി വരുന്നതിനുവേണ്ടി വാൻ സകല ചരാചരനിയന്താവായ ജഗ ദീശ്വരൻ അനുഗ്രഹിക്കട്ടെ.

ചമ്പകക്കോട്ട കൃഷ്ണൻകർത്താവ്

---

*ഒരു തിരുവെഴുത്ത്

ഞങ്ങൾ സമർപ്പിച്ച മംഗളപത്രത്തെ പ്രീതിയോടെ സ്വീകരിക്കുകയും സന്തോഷി ക്കുകയും ചെയ്യുന്നു. ദിവസത്തോറും ഇ തിനു മുമ്പാകെ മറുപടി എഴുതുവാൻ സാധി ക്കാത്തതിനാൽ ഖേദിച്ചു വ്യസനിക്കുന്നു.

ഇങ്ങനെയുള്ള മഹാശയൻ സ്വാമി കളായ നമ്മുടെ ജനങ്ങളുടെ പ്രാ ർത്ഥനയും മറ്റും വഴിക്കു തൃപ്തിയില്ല. വ ലിയ ബുദ്ധിമുട്ടുകൾക്കു കൂടാതെ തമ്പി രു നാട്ടിലെത്തുവാനായ കാര്യങ്ങളിൽ ചെയ്യു മെന്നും മംഗളമായിരുന്ന കഴിച്ചുകൂട്ടി യുമായി തിരികെ എത്തിയ സമയം ഉ ള്ള ഉത്സവത്തിലുള്ള സന്തോഷത്തെയും സാ ധിക്കുകയും ഏറ്റവും പ്രകാശിക്കുന്നതാ യ ഈ മംഗളപത്രത്തെ സമർപ്പിച്ചതുകൊ ണ്ട് എനിക്കുണ്ടായ സന്തോഷമാണിതി ന്നു.

തൃശ്ശൂർ, 1087-ാമാണ്ട് കന്നിമാസം 8-ാംതീയതി കോവിലകത്തു നിന്നും.

(ഇളയതമ്പുരാൻ.)

जातिः।

(अनुबन्धः)

यद्यपि चातुर्वर्ण्यविभागो हिन्दुभिरेवाऽऽदृतस्तथाऽपि सन्त्येव विवाहादिविषयका निर्बन्धा यौरोपवाणामपीति ह्युपसंहारि पूर्वः प्रबन्धः। तत्र तावद्धिन्दुदेशीयाया यौरोपदेशीयायाश्च जातिविवेचनप्रक्रियाया इयानितरेतरस्मा विशेषः। पूर्वा श्रुतिस्मृत्याद्युपबृंहिता लौकिकनियमाचरणतयाऽभेदेनानुवर्तिता, परा तु परम्पराप्राप्ततत्तज्जनसमुदायाभिमानमात्राधिष्ठाना लौकिकाभिप्रायगौरवानुसारेण यथायथं भेद्या च। केचिदत्र जातिव्यवस्थाया एतादृशानुष्ठ-

---

*കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട് ചമ്പകക്കോട്ട കൃഷ്ണൻകർത്താവിനയച്ചത്.

लङ्घनीयवैदिकनियमत्वेन हिन्दुदेशे प्रख्यापनं ब्राह्मणकुलप्रतारणमात्रत्वादश्रद्धेयमभिदधते । अन्तर्भूतानामेवाऽत्र जातिप्रयोजितेषु तत्तन्नियमेषु समुदायिकानामावश्यकानामाचारभेदानामनुल्लङ्घनेनैव जातेर्वैदिकनियमत्वं प्रख्यापयेयमिति तदाशयः । प्रयोजनेच्छया ब्राह्मणैः प्रवर्तितानां जात्याचाराणां वैदिकनियमत्वनिदानं गौरवं प्रदीयते । कथं तर्हि मन्वादयो धर्मशास्त्रप्रणेतारो जातिव्यवस्था यथावत्‌ प्राख्यापयन्निति चेत् प्रतिवक्तव्या तावदिदमनुयुज्यते । किं सर्वा अपि मनुना प्रख्यापिता व्यवस्था ब्राह्मणैरद्यानुष्ठीयन्ते ? प्रतिदिनमिह स्वल्पैरेवोल्लङ्घ्यन्ते सहस्रशस्ताः । निषिद्ध एव हि मनुना शूद्रान्नप्रतिग्रहः । अद्य तु ब्राह्मणो न केवलं शूद्रादपि तु जात्या ततोऽपि निकृष्टाय जनाद्भिक्षमाद्रत एव । नीचजन्मनोऽपि धनिनोऽग्रे श्रोत्रियाग्रेसरोऽपि तात्कालिकलाभमालक्ष्य कृताञ्जलिपुटः प्रह्वतां प्रकटयति । यद्यपि "सहासनमभिप्रेप्सुरुत्कृष्टस्यापकृष्टजः । कट्यां कृताङ्को निर्वास्यः स्फिचं वास्यावकर्तयेत्" इत्यादिसूत्रेण मनुना ब्राह्मणेन सहैकासिकामभिलषतश्शूद्रस्य तत्तादृग्दण्ड आम्नायते तथाप्यद्य ब्राह्मणः स्वयमेवापणतो म्लेच्छेन वणिजा साकमेकमेव कटमसंशयं प्रकटमध्यास्ते । वस्तुतस्तु जातिभेदान् कथमप्यनुल्लङ्घनीयान् पश्यन्तो ब्राह्मणाश्चक्षुरुन्मील्य तेषु तेषु जनपदेषु नगरेषु ग्रामेषु गृहेषु चाद्यप्रवर्तमानांस्तांस्तानाचारान् निरूप्य पूर्वाचारानुशासनेन कियदेवे विसंवदन्तीति यदि मुहूर्तमात्रं पर्यालोचयेयुस्तदैव जातिप्रयुक्तनिर्बन्धाः कालभेदान्निःशिथिलीभवन्त्येवेति स्फुटं प्रतिभायात् । कलिकातादिषु नगरवरेषु धर्मसभान्यसमाजान्तराणां चाध्यक्षाः प्रायश्शूद्रास्वर्णीयानुगताः कायस्थाश्च ब्राह्मणाः । धर्मराज्येऽत्रैव पूर्वं बहवः प्रसिद्धास्सचिवाश्शूद्रा आसन् । अद्यापि ब्राह्मणसमुदाये भूयान् भागोऽन्येषां भृत्यभूयमालम्ब्य जीविकां निर्वहन्ति । औत्तरादेषु बहवो महीसुराः सुरागोमांसविक्रयादिविविधहेयव्यवसायैरुपजीवन्ति । मनुना निषिद्धानि जातिभ्रंशकराणि विविधानि कृत्यान्याचरन्तोऽपि ब्राह्मणा न समुदायाद् बहिष्क्रियन्ते । मानवधर्मसंहितया युगान्तराचारा एव विधीयन्ते कलियुगाचाराणां व्यवस्था तु पराशरस्मृत्यनुकारीति ब्राह्मणैरेव कैश्चिन्मनुना कल्पितानां नियमानां कलावप्रामाण्यमभ्युपगम्यत एव । यौरोप्यजनैः बहुशः संसर्गादधुना खलु कलिकातामुम्बामद्रादिनगरवासिनां हिन्दुजनानां मध्ये जातिसम्बन्धनियमाः क्रमात् प्रशामतां प्राप्नुवन्ति । तेषां नियमानामन्याय्यताप्रतिपादनेन तदनादरणाय जनान् प्रोत्साहयितुं कैश्चित् क्रिस्तुमतप्रवर्तकैः क्रियमाणात् संरम्भादपि न तावदीदृक्फलमुत्पद्यते । अस्मज्जनपदेऽप्यस्मिन् यौरोप्याधिष्ठितेषु तत्तन्नगरेषु जातिप्रयुक्तनिर्बन्धानां शनैश्शनैरनवधार्यमाण एव शिथिलीभावस्तावदुपलभ्यते भूयान् । यदा हिन्दुदेशे स्त्रीणां सम्प्रति दयनीयतमा स्थितिः परिष्कृतिं नीयते, यदा विद्याभ्यासादिना तासां स्वाधिकारस्य गरिम्णो बोधस्समुज्जायते, यदा प्रेमधर्ममहिम्ना पुरुषानप्यध्यापयितुं ताभिः प्रभूयते, तदाऽमी जातिनियमाः कथं भवेयुरिति द्रष्टव्यं । क्रिस्तुमतप्रचारणाय प्रयतमानैः बहुभिः यौरोप्यैः जातिभेदस्याप्युन्मूलनाय इत्थमुत्सर्गेणाध्यवसायः क्रियते । तेष्वेव केचित् प्रेक्षावन्तस्त्वेवमाहुः जनानामवस्थाभेदकृतं तारतम्यं तदनुरूपाश्च गुणाः प-

था या लोके सर्वत्रापि विद्यन्ते तथैवास्तु नाम जातिभेदप्रयुक्तमपि तारतम्यं; जातिभेदे समुन्मूलित एव जनसमुदाये परिष्काराभिवृद्धिः स्यादिति वादो न युक्तिसहः इति युक्तं चेत्, यतो यौरोप्यदेशेष्वपि सन्त्येव सर्वजनसम्मतास्ते ते सामुदायिकाचारभेदा जातिभेदवद्देवास्मद्देशे । न च ते कथञ्चन परिष्कारं प्रतिबध्नन्ति । राज्याधिकारिभिः नियमप्रयत्नेनया जात्याचाराणां निषेधः कर्तव्य इत्यपि केचिद्वदन्ति । तदिदमत्यन्तानुचितमेव स्यात् । अस्मद्गृहेषु जातिधर्मानुरोधेन विद्यमानायाः कालक्षेपरीतेरसदाचारानुसारिणो विवाहक्रमस्याऽस्मदीश्वराराधनसम्प्रदायस्याऽन्यासामप्यस्मन्मर्यादानां निषेधो निरवद्यनीतिनिरतैः भारतमहाराज्याधिकारिभिर्नाऽऽरभ्येत कदाचिदपि । अहम्मतिमन्थिला महम्मदीयाः कियतः कालात् प्रागेतन्महाराज्यस्यैकदेशाधिपत्यमधिगत्याऽपि सम्प्रत्यपेतराज्या वर्तन्त इति यतस्य निमित्तं तेषामस्मज्जातिधर्मनिर्मूलने जातसंरम्भा एव । किं किं न कष्टं मन्यथापि तदा केरळीयैर्जनैर्निष्करुणानिरङ्कुशतुरुष्ककदर्थ्यमानैः । यदि तदात्वे धर्मराज्याधिपतिना कुलशेखरमहाराजेन वर्णाश्रमधर्मसंरक्षणप्रतिभुवा नाऽऽभावि तदा भार्गवक्षेत्रमिदं कथमभविष्यदिति न शक्यते वक्तुं । यद्यपि तत्तादृश्यानुकूलता न कदाप्याधुनिकभारताधिकारिभिरार्जयेत् तथापि केषाञ्चिदन्यास्यानामाचाराणां निषेधं कुर्वत एव ते । स्त्रीणां "भर्तृभिस्सह चितारोपणं तैर्न्यषेधि । यदा स्त्रियः स्वयमेव पतिव्रताधर्ममनुरुन्धाना बन्धुभिर्निवारिता अपि भर्तृनन्वमुमूर्षवस्तदा तादृशाचारस्य निषेधो नाऽस्थानिकस्यकल्पनयाऽभिमतोऽभूत् । यदा तु भर्तृदायादैस्तदीयधनसम्पादनलोभात्तदुद्देश्यमेव मार्गैः स्त्रियो निर्बन्धेन चिताग्नावारोपितास्तदा तदारुण आचारोऽवश्यनिषेध्य एवाऽऽसीत् । एवं स्वकीयराज्यतन्त्रव्यवस्थापितनीतिविरोधेनैव भारतीयराज्यभारधुरीणैरन्यास्यानामन्येषामपि जात्याचाराणां निषेधः करणीयः । हिन्दुदेशीयासु स्वप्रजासु यदि कश्चित् जनो हीनजातिरिति कृत्वाऽन्यैः कदर्थ्यते तदा राज्याधिकारिभिः प्रदेयमेव तस्याऽभयं । पूर्वकाले हि श्वपचैः सलोकीषु चरद्भिः स्वसामीप्यज्ञापनाय काचन घण्टा हस्ते नेयेति निर्बन्धोऽभूत् । यद्युत्तमति पदान्तरे तत्स्थितिप्रसक्तौ ब्राह्मणैः सचेलस्नानमाचरणीयमासीत् । शूद्रोऽपि श्वपचस्य समीपागमनं न सम्मन्यते । एवमत्यन्तानिकृष्टतया गणितोऽपि श्वपच इतरजनविशेषमेव राज्याधिकारिभिः न संरक्षितश्चेत्तस्य का पुनर्गतिः ? यस्मिन् विषये राज्याधिकारिभिरौदासीन्यमाश्रयेत तर्हि निष्पक्षपातं सर्वजनरक्षणाय प्रभुणा तत्त्वीतिरप्यरिहतैव स्यात् । अत एव सत्रापि धर्मराज्ये भारतीयमहाराज्यप्रवर्त्यमानतत्परिष्कारप्रकारान् सम्यगनुकुर्वाणे महाराजनियोगादखिलजनोपयोगोपचितेषु राजपथेषु हीनजनानां साधारणं गतागतमनुमन्यते । अथाऽपि हीनजातयः प्रायोऽत्र स्वयमेव दूरीभूयोत्कृष्टजातीनां प्रदिशन्त्येव मार्गं ॥

(शिष्टमेव)

केरळवर्मा, सि. एस्. ऐ.

മംഗളോദയം

വരിസംഖ്യ

അഞ്ചൽക്കൂലി അടക്കം

ഒരു കൊല്ലത്തേയ്ക്കു മുൻകൂർ		ക 2-8-0
ആറുമാസത്തേയ്ക്കു	,,	ക 1-6-0
ഒരു പ്രതിക്ക്	,,	0-4-0

വി. പി. കമീഷൻ പുറമെ.

പരസ്യക്കൂലി

വരി ഒന്നുക്ക്	0-3-0

സ്ഥിരപരസ്യങ്ങൾക്കു പ്രത്യേകനിരക്കു നിശ്ചയിക്കപ്പെടും.

വരിസംഖ്യ ബാക്കി വെച്ചിട്ടുള്ളവർ, അവരവർ അടക്കേണ്ട സംഖ്യ ഉടനെ തീർത്തു തരേണ്ടതാണ്.

മാസിക സംബന്ധമായി വരിക്കാർ എഴുതുന്ന കത്തുകളിൽ അവരവർക്കു വരുന്ന മാസികയുടെ മേൽവിലാസത്തിലുള്ള നമ്പ്രുകൂടി കുറിപ്പാൻ ഉടൻ മറവി വെയ്പ്പാൻ ഏർപ്പെടുന്നു. മാസിക ക്രമമായി കിട്ടാതിരുന്നാൽ 15 ദിവസത്തിനകം അറിവു തരേണ്ടതാകുന്നു.

മാനേജർ.

മംഗളോദയം കമ്പനി

ലിമിറ്റഡ്, തൃശ്ശിവപേരൂർ.

ഡയറക്ടർമാർ

1 മഹാമഹിമശ്രീ കൊച്ചി 11-ാംകൂർ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ട്
2 ബ്രഹ്മശ്രീ എ. കെ. ടി. കെ. എം. ചെറിയ നാരായണൻ നമ്പൂതിരിപ്പാട് അവർകൾ
3 ,, വടക്കിനിയേടത്തു കിരാങ്ങാട്ടു മനയ്ക്കൽ ശ്രീധരൻ നാരായണൻ നമ്പൂതിരിപ്പാട്
4 ,, സി. ടി. അവണങ്ങാട്ടു നി[illegible]ഞ്ഞൻ ഭട്ടതിരിപ്പാട് ,,
5 ,, കൂർ ദാമോദരൻ നമ്പൂതിരിപ്പാട് ,,
6 ,, ടി. ഐ. എം. കൈമാരത്ത നമ്പൂതിരി ,,
7 ,, പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ ,,
8 മ. രാ. രാ. ചങ്ങരംകോത കൃഷ്ണൻ കർത്താവ് ,,
9 ,, ഡാക്ടർ ടി. സി. കൃഷ്ണമേനോൻ ,,

മലയാളഭാഷാഭിവൃദ്ധിയേയും പൊതുജനോപയോഗത്തേയും മുൻനിർത്തി, ഷെയർ 1-ക്കു 10ക വീതം 8000 ഷെയറിൽകൂടി 80000 ക. മൂലധനമായി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ കമ്പനി. ഈ കമ്പനിയിലേക്കു വളരെ കാലമായി ഉത്തമരീതിയിൽ നടത്തപ്പെട്ടുവരുന്ന കല്പദ്രുമം അച്ചുക്കൂടം വിലയ്ക്കുവാങ്ങിയിരിക്കുന്നു. മേലാൽ ഇവിടെ ഇംഗ്ലീഷ്, ദേവനാഗരി, തമിഴ് എന്നീ ഭാഷകളിലും കൂടി എല്ലാ തരത്തിലുമുള്ള അച്ചടിവേലകളും ആവശ്യക്കാരുടെ തൃപ്തിയാകുംപ്രകാരം നടത്തിക്കൊടുക്കുന്നതാണ്.

എല്ലാ ഒരുക്കങ്ങളും തികഞ്ഞതിന്റെ ശേഷം ഞങ്ങൾ ഭീമപുരിയെ ആക്രമിച്ചു. സൈന്യങ്ങളുടെ നായകത്വം ഞാൻ തന്നെയാണ് വഹിച്ചതു. ഏകദേശം പതിനഞ്ചു ദിവസത്തോളം ഭയങ്കരമായ യുദ്ധം നടന്നു. ശത്രുവിന്റെ സൈന്യം സാമാന്യം മുഴുവൻ നശിച്ചു. ധീരനായ അദ്ദേഹം അപജയവും സഹിച്ചു ജീവിച്ചിരിക്കുന്നതിനെക്കാൾ മൃത്യു നല്ലതെന്നു കരുതി ആയുധപാണിയായി ഞങ്ങളുടെ മദ്ധ്യത്തിലേക്കു പ്രവേശിച്ചു. ഞങ്ങളുടെ സൈന്യത്തെ വല്ലാതെ നശിപ്പിക്കുവാൻ തുടങ്ങി. ഒടുവിൽ ഞാൻ തന്നെ അദ്ദേഹത്തോടു നേരിട്ടു യുദ്ധം ആരംഭിച്ചു. അദ്ദേഹം പരാജിതനായുവെന്നു എനിക്കു ഏകദേശം തീർച്ചവന്നപ്പോൾ കീഴടങ്ങിയാൽ ജീവനെ രക്ഷിക്കാമെന്നു ഞാൻ പ്രതിജ്ഞചെയ്തു. "ഇതുവരെ യാതൊരു യോദ്ധാവിനും താൻ കീഴടങ്ങീട്ടില്ലെന്നും ജീവനോടിരിക്കുന്ന കാലം അങ്ങിനെ ചെയ്യാൻ ഭാവമില്ലെന്നും കോപത്തോടുകൂടി എന്നോടു മറുപടി പറഞ്ഞു". എനിക്കു യുദ്ധം മറ്റൊരു വിധത്തിൽ സമാപിക്കുവാൻ നിവൃത്തിയില്ലാതെയായി. ധീരനായ ഒരു യോദ്ധാവിന്റെ രക്തം കൊണ്ടു എന്റെ ഖഡ്ഗം അന്നു അശുദ്ധമായി; യുദ്ധവും സമാപിച്ചു. ഞങ്ങൾ ഭീമപുരിയിൽ പ്രവേശിച്ചു. മഹാ പരാക്രമികളും യോഗ്യന്മാരുമായ എന്റെ പൂർവ്വികന്മാർ അലങ്കരിച്ച സിംഹാസനത്തെ ഞാൻ ആരോഹണം ചെയ്തു. ബന്ധുരാജാക്കന്മാരെ യഥാവിധി സൽക്കരിച്ചു ബഹുമതിയോടും കൂടി അവരവരുടെ രാജ്യങ്ങളിലേക്കു തിരിച്ചയച്ചു. പിന്നെ എന്റെ സൈന്യത്തിൽ ഒരു നായകത്വം വഹിച്ചു വിശ്വസ്തനായ ഒരു യോദ്ധാവിനെ മന്ത്രിസ്ഥാനത്തിൽ നിയമിച്ചു. യുദ്ധംകൊണ്ടു കേടു, ആയുധശാല മുതലാ

യവച്ചു വന്നിട്ടുള്ള സ്നേഹിതൻ തീൎത്തു രാ
ജ്യകാൎയ്യങ്ങളെല്ലാം ഭരിക്കും. സൎവ്വാധികാ
രപ്പെട്ടുത്തിയതെന്തിന് എന്റെ മകൾക്കും നി
ന്നോടും കാണണമെന്ന ആഗ്രഹംകൊണ്ടു
ഞാൻ ഇങ്ങോട്ടു പോന്നു. കൂടെ അകമ്പ
ടി വേണ്ടെന്നു ഞാൻ നിശ്ചയപ്പെടുത്തി.

പ്രതാപസിംഹൻ:— ഇവിടുന്ന് എ
ന്നെ വലിയ വൈഷമ്യസ്ഥിതിയിലാക്കി
യിരിക്കയാണ്. ഉദയപുരം രാജാവിന്റെ
സൈന്യത്തിലുള്ള ഒരു യോദ്ധാവിനെ അ
ങ്ങയുടെ ബന്ധുവായിരിപ്പാൻ അയച്ചിട്ടു
ണ്ടെന്നു ഇപ്പോൾ ആ സ്ഥാനത്തെ സ്വീക
രിച്ചു എന്നു സമ്മതിക്കയും ചെയ്തു. ഈ
സ്ഥിതിക്കു ഞാനെന്താണു ചെയ്യേണ്ടതു.
എന്റെ ചെറുപ്പത്തിൽ ജീവനെ രക്ഷിപ്പ
തം ആയ മഹാത്മാവിനെ ശത്രുവായി ക
ണ്ടുകൊണ്ടോ എന്റെ സ്വാമിയെ ഉപേക്ഷി
ച്ചു ശത്രുപക്ഷത്തിൽ ചേൎന്നുകൊണ്ടോ ചെല്ലാൻ
എനിക്കു തരമില്ല.

ഭീമ:— നിന്റെ ഈ സംശയം അനാ
വശ്യമാണു. ഉദയസിംഹനു ഇനി ഉദയപു
രത്തെ രാജാവായിരിക്കാൻ കഴിയുമെന്നു
എനിക്കു തോന്നുന്നില്ല. അവൻ കിരീടമേ
റ്റില്ല എന്നു അവന്റെ ശപഥം മിത്ഥ്യയാ
കാതിരിക്കേണ്ടതല്ലോ എന്ന നിശ്ചയം
കൊണ്ടുമാത്രമാണ് അദ്ദേഹം കിരീടമേ
റ്റതു. അദ്ദേഹം ജീവിച്ചിരിക്കുമോ
എന്ന കാൎയ്യം തന്നെ സംശയമാണു. നി
ന്റെ സംസാരത്തിൽ നിന്നു ഞാൻ മുഗ
ൾചക്രവൎത്തിയുമായി സഖ്യമായുള്ള കാൎയ്യ
ങ്ങളിലേക്കായി പോയി എന്ന അഭിപ്രാ
യം നിനക്കുണ്ടെന്നു എനിക്കു തോന്നുന്നു.
ഞാൻ അദ്ദേഹത്തിന്റെ ആധിപത്യത്തെ
സ്വീകരിച്ചിട്ടില്ല. അതുപോലെയുള്ള ഒരു
സ്വാതന്ത്ര്യരാജ്യത്തിന്റെ ബന്ധുവായി സ്വീ
കരിക്കുന്ന നിലയിൽ എന്നെയും അദ്ദേഹം
സ്വീകരിച്ചു എന്നു മാത്രമേയുള്ളൂ. നമ്മുടെ
സമീപത്തിലുള്ള പ്രബലനായ ഒരു രാജാ
വിനെ ശത്രുവാക്കി വെക്കുന്നതു നമുക്കു ഒ
രിക്കലും ക്ഷേമമായി ഭവിക്കയില്ല. സ്വാ
തന്ത്ര്യം ഉപേക്ഷിക്കാതെ മുഗൾചക്രവൎത്തി
യെ ബന്ധുവായി വിചാരിപ്പാൻ കഴിയു
മെങ്കിൽ അതു ചെയ്യുന്നതാണ് ഭീമപുര
ത്തിലെ രാജ്യത്തിന്നും പ്രജകൾക്കും നല്ലതു
ആയിത്തീരുന്നതു. അല്പം ആലോചിച്ചാൽ
ഞാൻ പറയുന്ന കാൎയ്യങ്ങൾ എല്ലാം ശരി
യാണെന്നു നിനക്കു തോന്നും. പ്രതാപ
സിംഹൻ ഒന്നും മിണ്ടാതെ നിന്നു. കാൎയ്യ
ങ്ങൾ ഇപ്രകാരം കലാശിച്ചുവല്ലോ എന്ന
വ്യസനം അദ്ദേഹത്തിനുണ്ടായിരുന്നു.

ഭീമ:— ജയസിംഹ! സിംഹാസനത്തി
ലേക്കു പോകുവാനുള്ള ഒരുക്കങ്ങളെല്ലാം ചെ
യ്തുകൊള്ളണം. പക്ഷെ ഒരു സന്യാസിയു
ടെ ആശ്രമത്തിൽ വരുന്നതിന്നു പ്രതാപ
സിംഹനു വിരോധമുണ്ടായിരിക്കയില്ല. അ
ടുത്ത ഒരു ആശ്രമത്തിൽ ഇപ്പോൾ
ആ പ്രദേശത്തിനടുത്തല്ലോ. പ്രതാപസിംഹ
നു തന്റെ ചെറുപ്പത്തിലെ വാക്കുകളുടെ
ആശയം മനസ്സിലായി. തന്റെ സ്വപ്നത്തെ
തിന്ന് മറുപടി യാതൊന്നുമുണ്ടായില്ല.
ചിരിച്ചുകൊണ്ടു ഭീമസിംഹനും അകത്തെ
ക്കു പോയി. അല്പനേരം കഴിഞ്ഞു ഉടനെ
തന്നെ സന്യാസിയുടെ വേഷത്തിൽ ഭീമസിം
ഹനും ജയസിംഹനും പ്രതാപസിംഹന്റെ
സമീപത്തിലെത്തി. ഭീമ:— ഈ നാടകത്തി
ൽ എന്റെ അവസാനത്തെ രംഗപ്രവേശമാ
ണിതു. സിംഹാസനത്തിന് ഈ വേഷമാ
ണ് എന്റെ അഭിപ്രായത്തിൽ ഉചിതം.
"മഹാപ്രഭുക്കളെത്തിരിത്തനോനായിരിക്കട്ടെ
ഇഷ്ടം" എന്നുപറഞ്ഞു സിംഹാസനത്തിലേക്കുള്ള
യാത്ര ആരംഭിച്ചു. ഭീമസിംഹൻ അവിടെ
നിന്നു പോയിട്ടു ഏകദേശം മൂന്നുമാസ

ണ്ടായിരിക്കണം. പോരെങ്കിലും ഒരു പ്രബല യവനരാജ സൈന്യങ്ങളോടുകൂടി ഇങ്ങോട്ടേക്കു പുറപ്പെട്ടിട്ടുണ്ട് എന്നുംകൂടി കേട്ടിട്ടുണ്ടല്ലോ. എട്ടുപത്തു ദിവസം കൊണ്ടു ഫത്തേപുരത്തിൽ അവരെത്തി സമീപമുള്ള ഒരു ബ്രാഹ്മണ ഗൃഹത്തിൽനിന്ന ഭക്ഷണം കഴിച്ചു ഭീമസിംഹൻ പോകുന്ന മാർഗ്ഗമായ ആശ്രമത്തിലേക്ക് പുറപ്പെട്ടു.

സന്യാസി ആശ്രമത്തിൽനിന്നു പോയതിന്റെ പിറ്റേദിവസം എവിടെയായിരുന്നെന്നും പോയിരിക്കുന്നതെന്നു തന്റെ പ്രധാനശിഷ്യന്മാരോടു ചോദിച്ചു. ശിഷ്യന്മാർ തീർത്ഥം പോയിരിക്കയാണെന്നല്ലാതെ സ്വാമി കഴിഞ്ഞതെല്ലാതെ മടങ്ങിവരികയില്ലെന്നും അവർ സമാധാനം പറഞ്ഞു. "ഒരു രാജ്യങ്ങളിൽ ആസ്ഥാനത്തിനു തന്റെ വല്ല ഉപദേശവും കാരണമായ ആവശ്യമുണ്ടായിരിക്കും. അഥവാ അദ്ദേഹത്തെപോലെയുള്ള ഒരു ത്യാഗിക്കു സ്വന്തമായി ഒരു ഉദ്ദേശം എന്നില്ലെന്നുള്ള തെറ്റിയില്ലല്ലോ. ഒരു സമയം ഉടനെ മടങ്ങി എത്തുമായിരിക്കാം" എന്നു അവരും ആലോചിച്ചു സമാധാനിച്ചു.

ഭീമസിംഹൻ ആശ്രമത്തിന്റെ പടിക്കലെത്തി. അവിടെ ഉണ്ടായിരുന്ന ആശ്രമത്തിന്റെ ചില ശിഷ്യന്മാർ എഴുന്നേറ്റു അഭിവാദ്യം ചെയ്തു. ഭീമസിംഹൻ പ്രതാപസിംഹനെ ചൂണ്ടിക്കാണിച്ചു "ഇദ്ദേഹത്തിനു തന്റെ പ്രഭു ഇരിക്കുന്ന സ്ഥലം കാണിച്ചുകൊടുക്കുക" എന്നു അവരിൽ ഒരുവനോടു ആജ്ഞാപിച്ചു.

"ആ ദേവി ആശ്രമത്തിന്റെ പിൻഭാഗത്തുള്ള ഉദ്യാനത്തിലിരിക്കുന്നുണ്ട്. കുറെ മുമ്പു അപ്പുറമായിട്ട് പൂപ്പറിക്കാൻ പോയതാണെന്നു തോന്നുന്നു" "പ്രതാപസിംഹനോടായിട്ട് ശിഷ്യൻ "എന്റെ കൂടെ വരാം" പ്രതാപസിംഹൻ ശിഷ്യന്റെ പിന്നാലെ പോയി ഉദ്യാനത്തിന്റെ സമീപത്തിലെത്തിയപ്പോൾ "ഇതാ ഇവിടെ എത്തുവാനേ കാണുന്നുള്ളൂ—ഇവിടത്തെ പോലെ യോഗ്യനായ ഒരു അതിഥിയെ പരിചരിക്കുവാൻ ഞാനാവശ്യമില്ല. അതുകൊണ്ട് ഞാൻ ഗുരുവിന്റെ സമീപത്തിലേക്ക് തിരിച്ചുപോകുന്നു" എന്നു പറഞ്ഞ് ശിഷ്യൻ തന്റെ വഴിക്കു പോയി. പ്രതാപസിംഹൻ ഉദ്യാനത്തിലേക്കു കടന്നു. വലുതായ ഒരു വൃക്ഷത്തിന്റെ നിഴലിൽ വിചാരമഗ്നയായി, ബ്രഹ്മാവു എല്ലാ വിശിഷ്ടവസ്തുക്കളുടെയും സാരാംശത്തെ എടുത്ത് സൃഷ്ടിച്ചതുപോലെയുള്ളതും ഈ അവനിയിൽ കേവലം ഒന്നേ എന്നു പ്രഥമദൃഷ്ടിയിൽ തന്നെ തോന്നിക്കുന്നതും ആയ വദനചന്ദ്രനെ കൈകൊണ്ടു താങ്ങിക്കൊണ്ടു തന്റെ ഒരു കല്ലിന്മേൽ ഇരിക്കയായിരുന്നു. പൂക്കൾ നിറച്ചുള്ള ഒരു ചെറിയ കൂട അവളുടെ കാലിന്റെ സമീപത്തിലിരിക്കുന്നുണ്ട്. പ്രതാപസിംഹൻ അത്ഭുതം, ആനന്ദം ഈ വികാരങ്ങളെക്കൊണ്ടു പരവശനായി മന്ത്രമുഗ്ദ്ധനെപ്പോലെ അല്പനേരം അവളെ നോക്കിക്കൊണ്ടുനിന്നു. ദീർഘമായ വിരഹം കഴിഞ്ഞശേഷം തന്റെ മാതുലയെ താൻ സ്വപ്നത്തിൽ കാണുകയോ എന്നു അദ്ദേഹം സംശയിച്ചു. തന്നെ ആരും കണ്ടിട്ടില്ലെന്നു തീർച്ചയായി. ശബ്ദമുണ്ടാക്കാതെ സമീപം ചെന്ന് പതുക്കെ കൈ ചുമലിൽ വെച്ചു. തൽക്ഷണം ഞെട്ടി തിരിഞ്ഞുനോക്കി മന്ദഹാസത്തോടുകൂടി സമീപം നില്ക്കുന്ന അവന്റെ മുഖം തന്നെയാണ് അവൾ കണ്ടതു. സന്തോഷമോ, ലജ്ജയോ, ഉൽക്കണ്ഠയോ, ആശ്ചര്യമോ ആ യുവതിയുടെ മുഖത്തെ ആ സമയത്തിൽ അധികം മനോഹരമാക്കിയതെന്നു പ

റവാൻ പ്രയാസം. പരിഭ്രമിച്ചുകൊണ്ട് 'ഇ വിടുന്നിപ്പോൾ എവിടെ നിന്നാണ വരു ന്നതു? ഇവിടെ എങ്ങിനെയെത്തി?' എ ന്നു ചോദിച്ചു.

പ്രതാ—ദേവി, ചോദ്യം വളരെ ഉചി തംതന്നെ. വളരെ ദിവസമായി വിട്ടുപി രിഞ്ഞ് മരണത്തിൽ നിന്നു രക്ഷപ്പെട്ടു വ ന്ന ഭർത്താവിനോടു 'നീ എന്തിനാണ വ ന്നതു?' എന്ന ഭാര്യയുടെ ആദ്യമായ കു ശലം കേമംതന്നെ. എങ്കിലും ദേവിയുടെ ചോദ്യത്തിന്നു ഞാൻ ഉത്തരം പറവാൻ നോക്കാം. ഞാൻ ഇവിടെ വരുവാനുള്ള കാരണം ദേവി തന്നെയാണ്'.

മതാ—ഞാൻ ഇവിടെയുണ്ടെന്നു അങ്ങ എങ്ങിനെ അറിഞ്ഞു എന്നാണ ഞാൻ ചോദിച്ചതു. ചെറ്റെന്നു കണ്ടതുകൊണ്ടു ള്ള അത്ഭുതംകൊണ്ടു ചോദ്യം ശരിയല്ലാ തെ വരുവാനും ഇവിടത്തെ പരിചയത്തി നാം സംഗതിയായി.

പ്രതാ—ഞാൻ ഇവിടെ അപ്പോഴേ മായി വന്നു നില്ക്കുന്നു. മതാപ്രഭയുടെ മ ന്ദസ്മ വേറെ മാർഗ്ഗത്തിൽ പ്രവേശിച്ചതി ന്നു ഞാൻ ഉത്തരവാദിയല്ല. അതുകൊ ണ്ടാണ എന്റെ കാര്യമാനും എന്റെ കാൽ വെച്ചമാറാം കേൾപ്പാനും സംഗതി വരാ ഞ്ഞതു. ഇത്ര ദീൎഘമായ ആലോചന എ ന്തായിരുന്നു.

മതാ—ഇവിടത്തെ ശകാരം വളരെ നന്നായി. ഈ പ്രദേശത്തു മനുഷ്യരുടെ സഞ്ചാരമുണ്ടാവുമെന്നു ഞാൻ ശങ്കിക്കേ ണ്ട ആവശ്യമില്ല. അതുകൊണ്ടാണ ഞാ ൻ ശബ്ദമൊന്നും കേൾക്കാതിരുന്നതു. അ ല്ലാതെ വിശേഷിച്ച ആലോചനകളൊന്നു മുണ്ടായിട്ടല്ല.

പ്രതാ—ദേവി ഇത്ര സിദ്ധാന്തമായി ഞാൻ പറയുന്നതിനെ നിഷേധിക്കുന്ന പ ക്ഷം ഞാൻ ഒരു ഉപായം പറയാം. ദേവി യുടെ ആലോചനകൾക്കു വിഷയീഭൂതൻ ഞാൻ തന്നെയായിരുന്നു. 'അല്ല' എന്ന തോടുകൂടി ദുഃഖം തട്ടിയതല്ലാതെ യാ തൊരു സമാധാനവും ഇതിന്നു മതാപ്രഭ ക്കു പറവാനുണ്ടായില്ല.

മതാ—എന്റെ ചോദ്യത്തിന്നു സ മാധാനം പറയാത്തതെന്താണ. മരണ ത്തിൽനിന്നു രക്ഷപ്പെട്ടുവെന്നു ഇവിടുന്നു പറഞ്ഞുവല്ലൊ. ഭയപ്പെട്ടു ദീനനായോ?

പ്രതാ—ദേവിയെ ആപത്തിൽ നി ന്നു രക്ഷിച്ചു ആ മഹാത്മാവു തന്നെ. അ ദ്ദേഹം ഇതാ ഇങ്ങോട്ടു തന്നെ വരുന്നു. 'ദേവി! നോക്കു' ഭീമസിംഹൻ അവരുടെ സമീപമെത്തി. മതാപ്രഭ ലജ്ജയോടുകൂ ടി വന്ദിച്ചുനിന്നു.

മതാ—എന്നോടു ഒരവസരങ്ങളിലായി വ ലുതായ ദയ കാണിച്ചു വന്ന എന്റെ ക ണ്ണാതിൽ ഇത്ര വൈമനസ്യം എന്താണ്? സന്യാസിയാണെങ്കിലും ഭവാനോടു ഞ ങ്ങൾക്കുപൂർവ്വമായ സ്വാഗതം ചെയ്വാൻ ഭാഗ്യം സൂചകമല്ലയോ?

ഭീമ—നിന്നെ കാണ്മാൻ ആഗ്രഹ മില്ലായ്കയല്ല. എന്റെ സന്നിധാനം അ സ്ഥാനത്തിലായിവരുമോ എന്ന ശങ്ക മാ ത്രമാണ ഞാൻ ഇങ്ങോട്ടു വരാതിരിപ്പാനു ള്ള കാരണം.

പ്രതാ—ദേവി; ഇവിടെ സന്യാസി യും മറ്റുമില്ല. ദേവിയുടെ അച്ഛനായ ഭീമസിംഹനാണിതു. ആ ബന്ധത്തിന്നുചി തമായി വന്ദിക്കയാണ് ശരി. ഭർത്താവി ന്റെ സന്നിധാനത്തെ മാനിക്കുന്നവരാ യ്കകളൊടും കൂടി ആലിംഗനം ചെയ്യുന്ന പുത്രിയുടെ കണ്ണുനീരും തുടച്ച് ഭീമസിംഹ ൻ സ്നേഹംകൊണ്ടു ഗൽഗദമായിരിക്കുന്ന സ്വരത്തിൽ പറയുന്നു. "പുത്രി! പ്രതാപ

സിംഹൻ പറഞ്ഞതു വാസ്തവമാണ്. ഈ
ഭൈരവാനുഗ്രഹംകൊണ്ടു യോഗ്യനും ജന
രൂപനും ആയ മകനോടൊരുമിച്ചു നിന്നെ
കാണ്മാനുള്ള യോഗം എനിക്കുണ്ടായി;
എന്റെ കൃതകൃത്യം നിവൃത്തിച്ചു കഴിഞ്ഞു.
ഇനി എന്റെ പ്രേമഭാജനമായ പുത്രിയെ
യും തത്തുല്യമായി എനിക്ക് സ്നേഹമുള്ള
നിങ്ങൾ രണ്ടാളുംകൂടി നമ്മുടെ പുരാതന
മായ സിംഹാസനത്തെ അലങ്കരിക്കണം എ
ന്നറിഞ്ഞു എന്റെ ജീവശേഷം ജഗദീശ്വര
നെ ഭജിച്ചു തന്നെ കഴിക്കേണമെന്നേ എ
നിക്ക് താല്പര്യമുള്ളു.

പ്രതാ—ഇവിടുന്ന് ഇപ്രകാരം പറ
യരുതു. മീനസിംഹൻ ഉള്ളപ്പോൾ അന്യൻ
ആ സിംഹാസനത്തിന് അലങ്കാരമായി
ഭവിക്കയില്ല.

മീന—പ്രതാപസിംഹാ! നീ ഞാൻ
പറയുന്നതു ശ്രദ്ധയോടുകൂടി കേൾക്കുക.
പ്രായാധിക്യത്തോടും സകല വിധദുഃഖങ്ങ
ളോടും കൂടി ഇരിക്കുന്ന കാലത്താണ് എ
നിക്ക് വലുതായ ആപത്ത് സംഭവിച്ചതു.
വളരെ കാലംകൊണ്ടു എന്റെ മനസ്സിനെ
ആ വക വിഷയസുഖങ്ങളിൽ നിന്ന് നി
വൃത്തിപ്പിക്കുവാൻ എനിക്കു സാധിച്ചു. ഒരു
പുത്രയെ കുറിച്ചുള്ള വ്യസനം മാത്രമേ എ
നിക്ക് പിന്നീടുണ്ടായിരുന്നുള്ളു. ഒരു പിതാ
വു തന്റെ പുത്രിയുടെ നന്മക്ക് വേണ്ടി
ചെയ്യേണ്ടതായ കൃത്യങ്ങ
ളും അവൾക്കുവേണ്ടി ചെയ്‌വാൻ എനിക്കു
സാധിച്ചില്ലല്ലോ എന്നുള്ള സന്താപം
എനിക്കു അധികമായുണ്ടായിരുന്നു. ഇ
പ്പോൾ അതും തീർന്നു. ലൌകികജനങ്ങൾ
ആത്യന്തികമെന്നു കരുതി ഇച്ഛയോടുകൂടി
അനുഭവിച്ചു വരുന്ന വിഷയസുഖങ്ങളു
ം അവ സംബന്ധിച്ചുണ്ടാവുന്ന ദുഃഖങ്ങ
ളും ഞാൻ അനുഭവിച്ചു. സുഖത്തിലാ
ഗ്രഹവും ദുഃഖത്തിൽ ദ്വേഷവുമില്ലാതെ സ
ന്തോഷത്തിലും സന്താപത്തിലും ഭേദമെ
ന്നിയേ വാസനകളെ പോലെ തള്ളാതെ ആ
നന്ദം വരാൻ അതിലെന്നിനി മനസ്സി
നെ സമാധാനമാക്കിയാലുണ്ടാവുന്ന ആ
നിർവ്യാജമായ സുഖവും ഞാൻ അനുഭവി
ച്ചു. ഇപ്പോൾ എനിക്ക് ശാന്തമായ ഈശ്വ
രഭജനം സാധനമായ പല യോഗ്യ
ന്മാരുടെ സംസർഗ്ഗംകൊണ്ടുണ്ടാവുന്ന മന
സ്തൃപ്തിയോടുകൂടി കാലം കഴിക്കേണമെ
ന്നേ ആഗ്രഹമുള്ളു. മീനപുരിയിലെ ജന
ങ്ങൾ ഇനി എന്നെ രാജാവെന്നു വിളിപ്പാ
ൻ ഇടവരികയില്ല. ഞാനാകട്ടെ ഉണ്ടാക്കി
വാഴിച്ചു ഈ ഭയങ്കരമായ ഒരു യുദ്ധം
ഞാൻ നടത്തിയതു സ്വാതന്ത്ര്യത്തിനു വേണ്ടി
യല്ല. അതുകൊണ്ടു നീ എന്റെ അവകാശ
പ്രകാരം മീനപുരിയിലെ പ്രജകളുടെ രക്ഷ
യ്ക്കും സ്നേഹത്തിനും പാത്രമാക
വാൻ തക്കവണ്ണം ഭരിച്ച് എന്റെ പുത്രി
യുമായി സുഖമായിരിക്കണം. എന്നാൽ
ഞാൻ ഈ പ്രാവശ്യം നിങ്ങളുടെ കൂടെ വ
രാം. നിങ്ങളെ രണ്ടാളെയും മീനപുരിയിലെ
രാജാവും രാജ്ഞിയുമായി അഭിഷേകം ചെയ്യുന്ന
തു ഞാൻ കണ്ടിട്ടു പോകുന്നതാണ്. പ്രതാപ
സിംഹന്റെ വിവാഹമഹോത്സവം ഒന്നിച്ചു തന്നെ
പ്രജകളുടെ സന്തോഷകരമാക്കട്ടെ. മീനസിംഹ
ന്റെ നിശ്ചയത്തിനു ഭേദം വരുത്തിയി
ല്ല. നാലഞ്ചു ദിവസം മുഹൂർത്തത്തിൽ താമ
സിച്ചു ശേഷം എല്ലാവരും മീനപുരിയിലേക്ക
പുറപ്പെട്ടു. അല്പദിവസത്തിനുള്ളിൽ അവി
ടെ എത്തി, പ്രജകളുടെ ആഹ്ലാദസൂചക
ങ്ങളായ പലവിധ അലങ്കാരങ്ങളോടുകൂടി
പ്രതാപസിംഹന്റെയും രത്നപ്രഭയുടെയും അ
ഭിഷേകം കഴിഞ്ഞു. സ്നേഹസൂചകങ്ങളാ
യ സന്ദേശവാക്യങ്ങളുംകൊണ്ടു വന്ന ച
ക്രവർത്തിയുടെ ദൂതൻ അഭിഷേകസഭയെ

അലങ്കരിച്ചിരുന്നു. മന്ത്രപ്രഭയെ ഉപദ്രവിപ്പാൻ ശ്രമിച്ച ദുഷ്ടാത്മാവാൻ എന്ന ഒരു നീചൻ രാജദ്രോഹകുറ്റത്തിന്ന കഠിനശിക്ഷ അനുഭവിപ്പാൻ വിധിച്ചിരിക്കുന്നവെന്ന ഇദ്ദേഹം മുമ്പെ പുതിയരാജാവും രാജ്ഞിയും അറിഞ്ഞു. ഭീമസിംഹന്റെ ആവശ്യപ്രകാരം ജയസിംഹനെ സേനാധിപതിയാക്കി രാജാവു നിയമിപ്പാൻ അനുവദിച്ചു. എന്നാൽ ജയസിംഹൻ തന്റെ ഗുരുവിനെ വിട്ടു പിരിയുന്നതല്ലെന്ന തീർച്ചയായി രാജാവിനെ അറിയിച്ചു.

അഭിഷേകകോലാഹലങ്ങളെല്ലാം കഴിഞ്ഞു. ബന്ധുവാദ്ധ്യക്കന്മാരെല്ലാം ഉചിതമായി ഉപചരിച്ചു അവരവരുടെ രാജ്യങ്ങളിലേക്കയച്ചു. ഒരുദിവസം സായാഹ്നസമയത്ത് പ്രതാപസിംഹനും മന്ത്രപ്രഭയും കൂടി രാജധാനിയിലെ വിശേഷമായ ഉദ്യാനത്തിലിരിക്കുമ്പോൾ ഭീമസിംഹൻ അവരോടു യാത്ര പറവാനായി അവിടെ ചെന്നു. മന്ത്രപ്രഭയുടെ നേത്രങ്ങളിൽ അശ്രുക്കൾ നിറഞ്ഞു. ഭീമസിംഹൻ പുത്രിയെ പിടിച്ചു തന്റെ സമീപത്തിലേക്കണച്ചു പറയുന്നു.

നീ എന്റെ മനസ്സിനെ അലട്ടേണ്ട ? കുഞ്ഞെ. നിന്നെ പിരിയുന്നതിൽ എനിക്ക കഠിനമായ ദുഃഖമുണ്ടു. എങ്കിലും എനിക്ക എന്റെ കർത്തവ്യകർമ്മത്തെ നിറവേറ്റിക്കാന കഴികയില്ല. എനിക്ക പ്രായം അതിക്രമിച്ചുതുടങ്ങി. പുത്രനായി കിട്ടേണ്ടിയതെല്ലാം സാധാരണയോടു കൂടിയ പ്രജകൾക്ക തൃപ്തികരമായവണ്ണവും ഭരിപ്പാൻ ഞാൻ ഇപ്പോൾ ശക്തനല്ല. ഇനി ലൌകികസുഖങ്ങളിൽ നിന്ന മനസ്സിനെ നിവൃത്തിപ്പിച്ചു ഈശ്വരചിന്തയോടുകൂടി കാലക്ഷേപം ചെയ്യണ്ടതു എന്റെ ധർമ്മം. അതിനെ നിങ്ങൾ എനിക്ക അനുവാദം തരണം. "നിങ്ങൾക്ക എല്ലാവിധത്തേയും സുഖവും ഉണ്ടാവുകയും നിങ്ങൾ ഈശ്വരൻ രക്ഷിക്കയും ചെയ്യട്ടെ" എന്നുപറഞ്ഞ് പുത്രനോടുകൂടിയിരിക്കുന്ന നിന്നെ നിന്റെ മാതൃസ്ഥാനത്തിൽ വന്നുകണ്ടുകൊള്ളാമെന്ന പറഞ്ഞ ആശ്രമത്തിൽ വെച്ചു ഞാൻ നിന്നോട പറഞ്ഞതൊക്കെയും പൂർണ്ണമായി അവസരം വന്നാൽ എന്റെ ഒരു വാഗ്ദത്തത്തെ സഫലീകരിച്ചുകൊള്ളാം. "നിങ്ങൾ രണ്ടു പേരും ദീർഘകാലം സുഖമായിരിപ്പാൻ ഈശ്വരൻ സംഗതിവരുത്തട്ടെ." ഇത്രയും പറഞ്ഞു കരഞ്ഞുകൊണ്ടു തന്നെ ആലിംഗനം ചെയ്യുന്ന പുത്രിയുടെ സമീപത്തിൽ നിന്നു ഒരു വിധത്തിൽ വിട്ടു പോന്നു പിന്നീട താൻ സ്വസ്ഥാനത്തിലേക്ക തിരിച്ചു പോകയും ചെയ്തു.

വി. പി. (മദ്ര)

ഞങ്ങളുടെ വായനശാല

ജോർജ് പട്ടാഭിഷേകം

ഈ പുസ്തകം ഇതിന്റെ പ്രസാധകന്മാരായ കേരളപത്രികാ മാനേജർ മിസ്റ്റർ, കെ. ചാത്തുണ്ണി ചെറിയ കണ്ടിരാമമേനോൻ ഞങ്ങളുടെ അഭിപ്രായത്തിന്നായി അയച്ചു തന്നിട്ടുള്ളതാണ്. ഇതിൽ വാച്യവിഷയം രണ്ടായി ഭാഗിച്ചു ചേർത്തിട്ടുള്ളതിൽ ആദ്യത്തെ ഭാഗംകൊണ്ട് പട്ടാഭിഷേക സംബന്ധമായുള്ള ആലോചനാകളും, മേക്ക

ട്ടും, ചക്രവർത്തിയുടെ ഇന്ത്യയിലേക്കായ എഴുന്നെള്ളത്തു, ഡൽഹിയിൽ വെച്ചുണ്ടായ നാനാവിധം ഏർപ്പാടുകളും, അതിനെ തുടർന്ന സ്മാരകമായ മററു സംഗതികളും വിവരിച്ചിട്ടുണ്ട്. രണ്ടാം ഭാഗത്തിൽ പ്രത്യേകം പട്ടാഭിഷേകസംബന്ധിച്ചു മലയാളജില്ലയിൽ ഉണ്ടായ ആഘോഷങ്ങളുമാണ്.

ഈ ഉത്സവം പ്രമാണിച്ചു, മലയാളജില്ലയുടെ തലസ്ഥാനമായ കോഴിക്കോട്ടു നടന്ന സംഗതികളെ സവിസ്തരം വിവരിച്ചതിന്നു ശേഷം മററോരോ നഗരങ്ങളിൽ നടന്ന, ആഘോഷങ്ങളെപ്പററി ചിലരുടെ ഓരോ റിപ്പോർട്ടുകളും ചേർത്തിട്ടുണ്ട്. പിന്നെ, അത്ഭുതപൂർവമായ ഈ കിരീടധാരണാഘോഷത്തെ കൊണ്ടാടിയ ഗ്രാമങ്ങളുടെയും, അറിഞ്ഞെടത്തോളം, അതിനായി പരിശ്രമിച്ച മാന്യന്മാരുടെയും പേരും വിവരവും ഒരു ചാർട്ടു ഗ്രന്ഥവിഷയം ഭൂഷിപ്പിക്കുന്നു. വിശേഷാവസരങ്ങളെ കുറിക്കുന്ന ചിത്രങ്ങളും ഛായാപടങ്ങളും ഇതിൽ യഥോചിതം ചേർത്തിട്ടുണ്ട്. കിരീടധാരണാനന്തരം ചക്രവർത്തിയുടെ ഇന്ത്യയിലേക്കായ എഴുന്നെള്ളത്തോടുകൂടെ തന്നെ മലയാളഭാഷയിൽ ഇത്രയും ചിത്രങ്ങളോടു കൂടെ ഒരു പുസ്തകം പുറപ്പെട്ടതു് ഇതാദ്യമായിട്ടാണെന്നു തോന്നുന്നു. എന്തായാലും പട്ടാഭിഷേകം സംബന്ധിച്ചു മലയാള ഭാഷാഗ്രന്ഥഭാഗത്തിൽ വന്നു ചേർന്നിട്ടുള്ള അനേകം പുസ്തകങ്ങളിൽ പ്രസ്തുത പുസ്തകം സർവ്വഥാ പ്രാധാന്യത്തെ അർഹിക്കുന്നതെന്നാണ് ഞങ്ങളുടെ അഭിപ്രായം.

പ്രസാധകൻ മലബാർ ഡിപ്യൂട്ടി കലക്ടർ.സി.എ.ഇന്നിസ്സ് സായ്പ് അവർകളാണ്. സംഗ്രഹിച്ചിട്ടുള്ളതും കോഴിക്കോട്ടു വിദ്യാവിലാസം അച്ചുക്കൂടത്തിൽ മംഗളമായി അടിപ്പിച്ചിട്ടുള്ളതുമായ ഈ പുസ്തകം ൧ കണ്ണ. വിലക്കു കേരള പത്രിക മാനേജരോടപേക്ഷിച്ചാൽ കിട്ടുന്നതാണ്.

ഡൽഹി പട്ടാഭിഷേകം

ഇതു കേരളസഞ്ചാരിയിൽനിന്നു ഉദ്ധരിച്ചിട്ടുള്ളതാകയാൽ ഇതിലുള്ള വിഷയങ്ങളുടെ ഗുണദോഷ വിവേചനം ആവശ്യമെന്നു തോന്നുന്നില്ല. ഇതു നിത്യപാരായണത്തിനു ഉപയുക്തമാകത്തവിധം പുസ്തകമാക്കിത്തീർത്ത, കേരളസഞ്ചാരിപത്രാധിപർ അവർകളുടെ ഉദ്യമം ശ്ലാഘനീയം തന്നെ.

അഭിപ്രായത്തിന്നു അയച്ചു തരപ്പെട്ട മററു പുസ്തകങ്ങളുടെ അഭിപ്രായം സ്ഥലച്ചുരുക്കത്താൽ ഇത്തവണ ചേർക്കാൻ സാധിക്കാത്തതാണ്

जातिः ।

(अनुवादः)

ब्राह्मणास्तु केचिन्मार्गे गच्छन्तो कैवर्त-शैलिकादिनिकृष्टजनानामनभ्याशमिच्छन्तो नाभिमन्यन्त एव । यथा समीपागतस्य श्वपचस्याऽशुचित्वमस्मान्याधेतेति मन्यन्ते तथा सन्नि-

द्विजानामस्माकं बलीयस्या शुचित्वया सोऽपि कुतो न पावनीक्रियेतेति वाचोयुक्तिः पण्डितमण्डलमण्डनायितेन केनापि भूसुरापसदेन सुहृदुपन्यासीति श्रुतम् । एतादृशाभिप्रायः क्षोदक्षमो वेति श्रोत्रियैरेव व्यवस्थापनीयम् । सर्वत्रापि राजमार्गेषु सर्वेषामपि स्वैरसञ्चारो न्याय्यतयाऽनुमन्तव्य इत्येव प्रायस्सुधियामाधुनिकानामभिप्रायः । भारतीयमहाराज्यभारधौरेयाणामिदानीमेतद्देशीयैस्सह क्रियमाणेषु सर्वेष्वपि व्यवहारेषु जातिविचारो न कदाप्यभ्युपगम्यते । राज्यसम्बद्धेषु तत्तदुद्योगेषु प्रविष्टानां जातिभेदकृतं कमपि विशेषं न ते सम्मन्यन्ते । जात्योत्कृष्टोऽपि ब्राह्मणः स्वाधिकारसदृशं कर्म येन केनापि सह करोत्येव । सेनासमवेतैर्भिन्नजातीयैरपि जनैर्न केवलं समरभुवि सममेव योद्धव्यमपि तु शिबिरोपविष्टैस्तैश्शयनाभ्यवहारादिकमपि सममेव कर्तव्यमिति निर्बन्धोऽस्ति । येषामेतन्नाभिमतं तैर्न सेनायां समवेतव्यम् । एवमातुरशालासु विद्यालयेषु कारागारेष्वन्येष्वपि राजकीयाधिकारस्थानेषु स्थलेषु जातिविवेचनं न क्रियते । राजकीयभृतिं भुञ्जानेन भिषजा द्विजातिनापि मरणकारणपरीक्षार्थं श्वपचशवस्याप्यवश्यं निर्भेदनं कदाचित् करणीयं स्यात् । तदानीमस्पृश्यस्पर्शनाज्जुगुप्समानोऽसौ स्वाधिकाराच्च्यावितं निष्कास्येत । उत्तरदेशेषु बहवो ब्राह्मणागदङ्कारा राजकीयचिकित्सालयेषु लब्धाधिकारा निर्विशङ्कमीदृशकर्माणि विदधते । पूर्वं मद्रनगर्यां सकलकलापाठशालाया उपक्रमकाले श्वपचजातीयानां केषाञ्चिद् बालानां तदधिकृतजनैस्तत्र प्रवेशः प्रादीयत । तदानीमितरेष्वध्येतृषु चत्वारिंशद् बालाः पाठशालामुत्सृज्य निर्जग्मुः । अधिकारिभिस्तान् निर्बन्ध्य प्रत्यानेतुं न कश्चित् प्रयत्नो व्यधीयत । तदुत्तरदिने तेष्वेव त्रिंशन्निर्गताः प्रत्यागत्य पुनरपि तत्र प्रवेशं प्रार्थयाञ्चक्रिरे । एवमवशिष्टैरपि विरलैर्बालैः क्रमादागत्य तत्रैव विद्यालये तेषामेव श्वपचजातीयानां बालानां सहाध्यायिभिर्बभूवे । ततः प्रभृत्येव यावदाब्राह्मणमाचण्डालमखिलजातीयैरपि बालैरेकविष्टरनिविष्टैरेव तत्र विद्याभ्यासः क्रियते । महाराज्याधिकारिणामभेदेन निश्चयेनैव तावदेतत् फलमलम्भि । अथ खलु धूमशकटेन सञ्चरमाणानां नानाजातीयानां जनानां तत्र प्रत्येकं स्थानानि नैव प्रदीयन्ते । ब्राह्मणः श्वपचो वा यो यद्द्रव्यं प्रयच्छति स तदनुरूपं स्थानमध्यासितुं शक्नुयात् । प्रथमं धूमशकटे प्रवर्तिते ब्राह्मणानां तदधिरोहणे बलीयस्यासीद्विचिकित्सा । तथापि तद्यात्रासौकर्यातिशयात् पुनः क्रमेण तया शिथिलीबभूवे । ततः कियत्कालपर्यन्तमुत्कृष्टजातीनां स्त्रीणामयुक्ता धूमशकटयात्रेति प्रायोऽभिप्रायोऽभूत् । सोऽपि क्रमादस्तमयात् । इदानीमसंशयमग्रजन्मभिस्स्त्रीभिः पुम्भिरपि न केवलं धूमशकटे यात्रा, किन्तु तत्र स्थित्वाभ्यवहारोऽपि क्रियत एव । तदिदं विजृम्भितं कालेयकालेनेत्यतोऽन्यत् किं वा ब्रूमः ? यदि काचन शूद्रा स्त्रीधर्मिणी देयद्रव्यं दत्वा शकटे किञ्चित् स्थानमध्यास्ते तदा तेनैव कार्योपघाताशङ्किनोऽपि श्रोत्रियस्य प्रार्थनया नैव बहिष्क्रियेत सा शकटाधिकारिभिः ॥

(शिष्यते)

केरळवर्मा, सि. एस्. ऐ.

വാക്യതത്വം

അധ്യേതാക്കൾക്കു പരിചിതമാണ്. പഠിപ്പാനുള്ള വിഷയങ്ങളോ അസംഖ്യം. ഗ്രന്ഥങ്ങളായിട്ടുള്ളവ നോക്കി പഠിച്ചാൽ എളുപ്പത്തിൽ ഫലമുണ്ടാവില്ല. പരീക്ഷയ്ക്കു വേണ്ടതെല്ലാം പഠിച്ചുകഴിഞ്ഞാകുന്ന ബുദ്ധിമുട്ടു ഈ ചെറിയ പുസ്തകം വായിച്ചാൽ സിദ്ധിക്കും. വെറുതെ കളിക്കണം. ഇതിലെ സംസ്കൃതവാചകങ്ങൾ വളരെ സുഗമങ്ങളാണ്.

വില അണ 6; കാലിക്കോബയന്റ് 12അ.

രസികരഞ്ജിനി

ഈ മാസികയുടെ താഴെ നമ്പ്ര ചേർന്ന ലക്കങ്ങൾ ഇവിടെ വില്പാനുണ്ട്. അഞ്ചാറു [illegible] ലക്കം ഒന്നിന്ന വില രണ്ടണമാത്രം. തപാൽകൂലി പുറമെ.

താഴെ കാണുന്ന മേൽവിലാസത്തിൽ അപേക്ഷപ്പെട്ടാൽ വി.പി.ആയി [illegible] ന്നതാണ്.

പുസ്തകം 1	ലക്കങ്ങൾ 2, 3, 4, 6, 7.
പുസ്തകം 2	2, 3, 4, 5, 6, 7, 8, 9, 10, 11, 12.
പുസ്തകം 3	3, 4, 7, 8, 12.
പുസ്തകം 4	എല്ലാലക്കങ്ങളും
പുസ്തകം 5	1, 2, 3, 4.

സ്കൂൾ പുസ്തകങ്ങൾ.

നീതിമാല 1-ാം ഭാഗം 0-1-2 ടി 2-ാം ഭാഗം 0-1-10.

കൊച്ചിഭൂമിശാസ്ത്രം 0-3-9

മേൽവിലാസം—മാനേജർ, മംഗളോദയം കമ്പനി ലിമിറ്റഡ്, തൃശ്ശിവപേരൂർ

അറിയിപ്പ്

'മംഗളോദയം' മാസികയുടെ വരിപ്പണം പിരിപ്പാനും മറ്റുമായി കമ്പനി വക ഏജണ്ടായി നിശ്ചയിച്ചിരുന്ന കോതകുറിശ്ശി ടി. എസ്. സുബ്രഹ്മണ്യയ്യർ ഏജണ്ട് സ്ഥാനത്തിൽ നിന്നൊഴിഞ്ഞിരിക്കുന്നു. തൽസ്ഥാനം എൻ. വെങ്കിടസുബ്രഹ്മണ്യയ്യരെ കമ്പനി ഏജണ്ടായി നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ടു വരിസംഖ്യ, ബാക്കിവക പണം മുതലായവ പുതിയ ഏജണ്ടിന്റെ പക്കൽ കൊടുക്കേണ്ടതാണെന്നു എല്ലാവരെയും അറിയിച്ചുകൊള്ളുന്നു.

മാനേജർ, മംഗളോദയം കമ്പനി, ലിമിറ്റഡ്. തൃശ്ശിവപേരൂർ

മംഗളോദയം

വരിസംഖ്യ

തപാൽകൂലി സഹിതം

ഒരു കൊല്ലത്തേയ്ക്കു മുൻകൂർ		ക 2-8-0
ആറുമാസത്തേയ്ക്കു	,,	ക 1-6-0
ഒറ്റപ്രതിക്ക്	,,	ക 0-4-6

വി. പി. കമീഷൻ പുറമെ.

പരസ്യക്കൂലി

വരി ഒന്നുക്ക് 0-8-0

സ്ഥിരപരസ്യങ്ങൾക്ക പ്രത്യേകനിരക്ക നിശ്ചയിക്കപ്പെടും.

വരിസംഖ്യ ബാക്കി വെച്ചിട്ടുള്ളവർ, അവരവർ അടക്കേണ്ട സംഖ്യ ഉടനെ തീർത്തു രശീതി വാങ്ങേണ്ടതാണ്.

മാസിക സംബന്ധമായി വരിക്കാർ എഴുതുന്ന കത്തുകളിൽ അവരവർക്ക വരുന്ന മാസികയുടെ മേൽവിലാസത്തിലുള്ള നമ്പ്രകൂടി കുറിച്ചാൽ ഉടൻ മറുവടി അയപ്പാൻ എളുപ്പമുണ്ട്. മാസിക ക്രമമായി കിട്ടാതിരുന്നാൽ 15 ദിവസത്തിനകം അറിവു തരേണ്ടതാകുന്നു.

മാനേജർ.

മംഗളോദയം കമ്പനി

ക്ലിപ്തം, തൃശ്ശിവപേരൂർ.

ഡയറക്ടർമാർ

1 മഹാമഹിമശ്രീ കൊച്ചി 11-ാംകൂർ രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്
2 ബ്രഹ്മശ്രീ എ. കെ. ടി. കെ. എം. ചെറിയ നാരായണൻനമ്പൂതിരിപ്പാട അവർകൾ
3 ,, വടക്കിനിയേടത്തു കിടങ്ങൂര് നെല്ലൂൽ ശ്രീധരൻ നാരായണൻനമ്പൂതിരിപ്പാട്
4 ,, സി. ടി. താഴത്തിക്കാട്ടു നീലകണ്ഠൻ ഭട്ടതിരിപ്പാട് ,,
5 ,, കരൂർ ദാമോദരൻ നമ്പൂതിരിപ്പാട് ,,
6 ,, ടി. ഐ. എം. പൊറാമത്തൻ നമ്പൂതിരി ,,
7 ,, പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മ ,,
8 രാ. രാ. പാലക്കോട്ട കുഞ്ഞൻകർത്താവ് ,,
9 ,, ഡാക്ടർ ടി. സി. കൃഷ്ണമേനോൻ ,,

മലയാളഭാഷാഭിവൃദ്ധിയേയും പൊതുജനയോഗക്ഷേമത്തേയും മുൻനിറുത്തി, ഷെയർ ഒന്നുക്ക പത്തുറുപ്പിക വീതം ൩,൦൦൦ ഷെയറിൽകൂടി ൩൦,൦൦൦ ക. മൂലധനമായി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ കമ്പനി. ഈ കമ്പനിയിലേക്ക വളരെ കാലമായി ഉത്തമരീതിയിൽ നടത്തപ്പെട്ടിരുന്ന കല്പദ്രുമം അച്ചുകൂടം തീറുവാങ്ങിയിരിക്കുന്നു. മേലാൽ ഇവിടെ ഇംഗ്ലീഷ്, ദേവനാഗരി, തമിഴ് എന്നീ അക്ഷരങ്ങളിലും കൂടി എല്ലാത്തരത്തിലുമുള്ള അച്ചടിവേലകളും ആദായനിരക്കിൽ വൃത്തിയായും ക്ലിപ്തത്തിനും നടത്തിക്കൊടുക്കുന്നതാണ്.

ഇതിനുപുറമെ ദേശമംഗലത്തുനിന്ന ബ്രഹ്മശ്രീ എ. കെ. ടി. കെ. എം. ചെറിയ നാരായണൻ നമ്പൂതിരിപ്പാടവർകളുടെ ഉടമസ്ഥതയിൽ പ്രസിദ്ധം ചെയ്തിരുന്ന മംഗളോദയംമാസികയും കമ്പനിയിൽ നിന്ന ഏറ്റെടുത്തിരിക്കുന്നു. ഗ്രാഹ്യങ്ങളായ പല വിഷയങ്ങളേയും പ്രതിപാദിക്കുന്ന ഈ മാസിക മേലിൽ പൂർവ്വാധികം പരിഷ്കൃതരീതിയിൽ നടത്തുന്നതിന്ന ശ്രമം ചെയ്യുന്നുണ്ട്.

കമ്പനിയിൽ ഷെയർ ചേരുവാൻ ആഗ്രഹിക്കുന്നവർ ടി. കമ്പനി മാനേജർക്ക് അറിയിച്ചാൽ ഫാറവും നിയമാവലിയും അയച്ചുകൊടുക്കുന്നതാണ്. അല്പം ഷെയറുകൾ മാത്രമെ ബാക്കി ഉള്ളൂ.

മാനേജർ

൧൦൯൨ കൎക്കടകം
മംഗളോദയം

പുസ്തകം ൪
ലക്കം 9

സാഹിത്യം മുതലായ
വിശിഷ്ടവിഷയങ്ങളെ പ്രതിപാദിക്കുന്ന
ഒരു മാസിക

വിഷയങ്ങൾ

കേരളകല്പദ്രുമം അച്ചുകൂടം
മംഗളോദയം കമ്പനി, ലിമിറ്റഡ്,
തൃശ്ശിവപേരൂർ

വരിസംഖ്യ
൨—൮—൦

മംഗളോദയം

ഫാലം

പുസ്തകം ൯	കർക്കടകമാസം	ലക്കം ൧൦

മംഗളം.

ഭൈസാഹംവാസ് ദൈവികൃതാദിഗ്വിധിവൈനാനാലിൽനിന്നപ്പെട്ട-
ഭ്രോമുസ്ഥകാണ്ഡാനാബാവുംതവകചപ്പുള്ള ചരിത്രങ്ങളെച്ചിന്തിച്ചുതീർപ്പാൻ
പ്രാരംഭിച്ചിട്ടു,മായാശക്തിയിൽ 'ശക്തിമഹാകളു'ദ്ദത്തിന്ദ്രതാപ-
മുള്ളാരയ്യോ!പിതാവൊരൊന്ദുഗംഗാതിരേത്തിസ്ഥാപിനാവട്ടാതമെ!

വള്ളത്തോൾ നാരായണമേനോൻ.

മണിപ്രവാളശാകുന്തളം*

സുപ്രസിദ്ധമായ രഘുവംശകാവ്യം കാളിദാസമഹാകവി തന്റെ



ഭോജസദസ്സിൽ വായിച്ചുകേൾപ്പിച്ചുകൊണ്ടിരുന്നപ്പോൾ 'നിബദ്ധത [illegible] ഗന്ധമിത്തിർമ്മ്യഃ സരിതോ ഗജൈരിവ' എന്ന ശ്ലോകാർദ്ധത്തിലെ 'സരിതോ' എന്ന ശബ്ദപ്രയോഗം കേട്ട് സദസ്യന്മാരായ പണ്ഡിതപ്രവരന്മാരിൽ ചിലരെല്ലാം നെറ്റിചുളിച്ചതായും, തദവസരത്തിൽ അംശം പാരാണത ശബ്ദം മാത്രം വേണ്ടപ്പോൾ ഒരെപ്പെട്ട ഇളയതാണുള്ള മാതം സദസ്യന്മാരിൽ തന്നെ കാളിദാസർ സമർപ്പിച്ചതായും, താഴെ പറയുംപ്രകാരം മാറ്റിയിട്ട് ചൊല്ലാൻ അവർ ചോദ്യ ക്രമം മാറിയത്തിൽ പര്യവസാനിച്ചതായും ഒരു ഐതിഹ്യം കേട്ടിട്ടുണ്ട്.

'സരിതഃ' എന്ന പദത്തിനു പകരം 'തടിന്യഃ' എന്ന പദമാണ് ഉപയോഗിച്ചുനോക്കിയത്. ഈ പ്രയോഗം ശ്രവണമാത്രത്തിൽ പൂർവ്വാധികം സുഖപ്പെട്ടവെങ്കിലും, 'മനോവിഷാദ'ത്തിന് ഹേ

* ഇതു കേരളവർമ്മ വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ 'മണിപ്രവാളശാകുന്തള'ത്തിനു എഴുതി ചേർത്ത പുതിയ മുഖവുരയാകുന്നു.

ഉള്ളതായ നവീനവേഗത്തിന്റെ സ്വന്തം തടിനീഗമനത്തിൽ നിന്നു് ഉണ്ടാവുന്നില്ലെന്നു കണ്ടിട്ടു്, 'പ്രവാഹനിരോധനത്താൽക്ഷുഗണ്ഡാ വസ്തുസ്പൃഷ്ടിനത്ത ഗജ ഉത്തമകൾ' എന്നു് ഉത്തരോക്ത ഭൂഷണം ഉദാഹരിക്കുന്നു. അപ്പോൾ മഹാപാകത്തിന്റെ കാരണമായ പ്രവാഹപ്രതിരോധത്തിന്റെ ദ്യോതകവും വനഗജഗാംഭീര്യത്തിന്റെ ഉൽബോധകവും ആയ 'ഭിത്തി'ക്കു ഭംഗം വന്നതുകൊണ്ടു് ആ കെട്ടുപാടു പോകുന്നതിനായി പൂർവ്വാർദ്ധത്തിലും കൈവെക്കേണ്ടിവന്നു. ഞങ്ങിനെ പരമ്പരയാ വന്ന ന്യൂനതകൾ പരിഹരിച്ചു പോന്നപ്പോൾ 'വാഗർത്ഥാവിവ' എന്ന ആദിമശ്ലോകം വരെ മേലെപ്പൂത്തി കരശ്ലോകങ്ങൾ കൂട്ടിച്ചേർത്തിട്ടും സാക്ഷാത്തായ ദോഷലേശത്തിന്റെ ശുദ്ധി കാണ്മാനില്ലാതെ കൂട്ടുവാൻ സമസ്യകൾ സാധിച്ചില്ല. ഈ ഘട്ടം വന്നപ്പോൾ "ഞാൻ നിങ്ങളുടെ ദാസ്യഭാവം; ഇതു് എന്റെ തല്ലുവാക്കം" എന്നാണത്രെ കാളിദാസൻ മറുപടി പറഞ്ഞതു്.

ഈ ഐതിഹ്യത്തിന്റെ യാഥാർത്ഥ്യം എന്തായിരുന്നാലും, നിർമ്മലമായ സൂത്രത്തിൽ ചേർത്തുകോർത്തിരിക്കുന്ന സ്ഫടികകണികകളെപ്പോലെയാണു് കാളിദാസകൃതികളിൽ സുലളിതപദങ്ങൾ സൂക്ഷ്മാർത്ഥങ്ങളോടു് കൂട്ടിയിണക്കിട്ടുള്ളതെന്നും, ശബ്ദവും വീചിയും പോലെയാകുന്ന ഇവയിലുള്ള ബന്ധത്തിന്റെ അന്യോന്യം ശബ്ദബന്ധായിരിക്കുന്നതെന്നും ഉള്ള സാരം പ്രകൃതകഥയിൽ നിന്നു ഗ്രാഹ്യമായി ഭവിക്കുന്നു.

ഇത്രയും അന്തസ്സാരം കാളിദാസകൃതികളിൽ ഒരു ദ്രാവ്യകാവ്യത്തിനെങ്കിൽ, കവിശ്രേഷ്ഠനായ പരിപാകസമ്പന്നകാവ്യമെ പ്രാപിച്ചതിനുശേഷം ഉണ്ടാക്കിയിരിക്കു സാധാരണ ദൃശ്യകാവ്യങ്ങളെക്കാൾ കാളിദാസനുടെ ശാകുന്തളം എത്രയോ പടി മേലെയായിരിക്കുന്നു പ്രതിഷ്ഠിതമായിരിക്കുന്നതു്!

സർവ്വസംപത്സമൃദ്ധവും കലീനവും ആയ ശൈലിയിലാണിരിക്കുന്ന സംഭാഷണങ്ങളെക്കൊണ്ടാണു് ഈ നാടകത്തെ ശോഭയുറ്റതാക്കുന്നതു. ഇതിനെ വായിക്കുമ്പോൾ കണ്ണും കേട്ടും കടം വായിച്ചു കാലം കഴിക്കുന്ന കൈകളിൽ ആ ഭാഗത്തെ സ്വീകരിക്കുവാൻ സാധിക്കാ എത്രത്തോളമുണ്ടാവോ! "സമ്പൂർണ്ണ സമ്പന്നലാവണ്യപ്രേക്ഷ" ഇവിടെ 'ശകുന്തളായാണ്ണും' 'ശകുന്തളാപ്രേക്ഷ്യം' എന്നീ രണ്ടുത്തിലും കൂടിയുള്ള 'സമൂലലാവണ്യം' എന്ന ശ്ലേഷവക്രോക്തിപ്രയോഗം "പദാർത്ഥങ്ങൾ പരമ്പരം ഒന്നിച്ചു" എന്നോ മറ്റോ പറ്റുന്ന മലയാളത്തിൽ പകർത്തുവാൻ ശ്രമിച്ചാൽ ശാകുന്തളത്തിന്റെ പരമ്പരം കാണുന്നതല്ല.

ദ്വിതീയപരിശോധനം മഹാകാവ്യം കേട്ടുമ്പോൾ ഗീർവ്വാണഭാഷയെ കേരളഭാഷകൾ വശപ്പെടുത്തുവാൻ ഭാഷാകവി വിചാരിച്ചാൽ കൂടി വഴിപോലെ സാധിക്കുന്ന കാര്യം സംശയത്തിലാണു്. വിശേഷിച്ചു്, ഭാഷക്കുണ്ടാകുന്ന ലാളിത്യം സംസ്കൃതത്തിനുള്ളതുപോലെ മലയാളത്തിനുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഭാഷാന്തരീകരണവിഷയത്തിൽ അധികാരിഭേദമനുസരിച്ചു് ശ്ലോകങ്ങളുടെ പ്രാധാന്യം തിരിക്കാനും കഴിഞ്ഞിട്ടില്ലാത്ത ശാകുന്തളംപോലെ ഉൽകൃഷ്ടമായൊരു നാടകം ഭാഷ പകർത്തുമ്പോൾ ശ്ലോകം പകരാതിരിക്കേണ്ടതാണെങ്കിൽ സംസ്കൃതംപോലെ കൂടാതെ സാധിക്കുമെന്നു തോന്നുന്നില്ല. ആസ്വാദകന്മാരായവരെ കേരളീയരിൽ പ്രായേണ (1) സംസ്കൃതം കൊണ്ടു ക

(1) ഇക്കാലത്തുള്ളവർ സംസ്കൃതം ശ്രദ്ധിക്കുന്നതേയില്ല.

ണിക മാലിന്യം സംഭവിക്കേണ്ടതിന്' ശക്തി കണ്ടയോതെങ്കിൽ സാമ്യാസാമ്യവിചാരത്തിൽ നിന്നു മാത്രമേ അതിനൊരു സമാധാനം കിട്ടുകയുള്ളൂ. അതിസൂക്ഷ്മമാണെങ്കിലും പരിഷ്കൃതരുടെ ക്ലിഷ്ടതകളായാൽ ശാകുന്തളത്തിന്റെ രസം മുഴുവനും അനുഭവിപ്പാൻ സാമർത്ഥ്യമുള്ളവരോട്' പച്ചഭാഷയിൽ സമാധാനം പറവാൻ സാധിക്കയില്ലെങ്കിലും മഹാകവിവചനം പ്രമാണിച്ച് "വയം തത്ത്വാന്വേഷാന്മധുകര ഹതാസ്ത്വം ഖലു കൃതീ" എന്നുമാത്രം പറയാവുന്നതാണ്.

കേരളഭാഷാശാകുന്തളത്തിൽ പരം ശാകുന്തളത്തിനു യോജിക്കുന്നതല്ലെന്നുള്ള താല്പര്യത്തിൽ 'ഭാഷാശാകുന്തളം' (ഭാഷയിലെ ശാകുന്തളം) എന്ന നാമകരണം ചെയ്തതിനെ 'ഭാഷാനാടകശാകുന്തളം' എന്ന് അന്യഥാ ധരിക്കാനിട വന്നതുകൊണ്ടായിരിക്കാം കാരുണ്യനിധിയായ കേരളകാളിദാസൻ ഭാഷാശാകുന്തളത്തെ സ്വീകരിച്ച് 'മണിപ്രവാളശാകുന്തളം' എന്ന നാമധേയത്തോടുകൂടി വീണ്ടും അവതരിപ്പിച്ചിട്ടുള്ളത്. ആധുനികകേരളീയരുടെ ഇടയിൽ മണിപ്രവാളസമ്പ്രദായത്തെപ്പറ്റി വിസംവാദമുണ്ടായ ഒരു പുതിയ നാമകരണത്തിൽ നിന്ന്, ഗ്രന്ഥകർത്താവിന്റെ ഉദ്ദേശം തെറ്റിദ്ധരിപ്പാൻ ന്യായമോ അവകാശമോ ഉള്ളതായി കാണുന്നില്ല.

ചമൽക്കാരത്തോടുകൂടിയ ഭാഷാസംസ്കൃതയോഗമാകുന്നു മണിപ്രവാളം എന്നും, സംസ്കൃതപ്രാതിപദികം വിഭക്തിയോടുകൂടാതെയായാൽ ഭാഷാപ്രതീതിയാണ് അധികം ഉണ്ടാവുന്നതെന്നും അതുകൊണ്ട് വിഭക്തിപ്രത്യയത്തോടുകൂടിയ സംസ്കൃതമേ സംസ്കൃതമാവുള്ളൂ എന്നും 'ലീലാതിലകം' എന്ന പ്രാചീനഗ്രന്ഥം സപ്രമാണം സിദ്ധാന്തിച്ചിരിക്കുന്നു. ഈ സിദ്ധാന്തത്തെ അനുസരിച്ച് പ്രാചീനഗ്രന്ഥങ്ങളും സുലഭങ്ങളാണ്.

"പാലോടു തുല്യത പിറന്നൊലിയിലുള്ളൊരിക്ഷു-
ശാലേയ മന്ദമൊഴുകുന്നതിലിട്ട ചാരു
കോലുന്നസൂക്ഷ്മകമനോജ്ജ്വലമായ വാചാ-
മൂലം തെളിഞ്ഞു മകരോചിതസ്വ തോന്നവേ
(ണം."

ഈ ശ്ലോകത്തിലെ പദപ്രയോഗങ്ങൾ പരിശോധിച്ചു നോക്കുന്നതായാൽ പ്രാചീനമണിപ്രവാളത്തെ നല്ലപോലെ വെളിപ്പെടുത്തുന്നതാണ്. 'പാലോടു തുല്യത' ഇത്യാദിപദങ്ങൾ വിഭക്തിയില്ലാത്ത മലയാളപദങ്ങളായിട്ടും വിഭക്ത്യന്തങ്ങളായ സമ്മിശ്ര സംസ്കൃതപദങ്ങളായിട്ടും ഗണിക്കപ്പെടാവുന്നതുകൊണ്ട് വിശേഷണവിശേഷ്യങ്ങൾക്ക് വിഭക്തിസാമ്യം വരുത്തിയിരിക്കുകയാണെന്നും, ഭാഷാസംസ്കൃതപദങ്ങളെ കൂട്ടിച്ചേർത്തുകൊണ്ട് സമാസിക്കാമെന്നും, മണിക്കും പ്രവാളത്തിനും സമാസത്തിൽ സമാനനിയമമില്ലെന്നും, ഭാഷയിൽ അല്പപ്രാസവും ദ്വിധീകരണങ്ങളും സ്വീകരിക്കാവുന്നതാണെന്നും ദ്യോതിപ്പിച്ചിരിക്കുന്നു. 'തെളിഞ്ഞു തോന്നവേണം' എന്നത് പച്ചമലയാളം. 'മകരോചിതസ്വ' എന്നത് വിഭക്ത്യന്തസംസ്കൃതം. "ഒരേ ചരടിന്മേൽ കോർത്തിരിക്കുന്ന മാണിക്യവും പവിഴവും ഒരുമാതിരി നിറത്തോടുകൂടിയതാകകൊണ്ട് വേർതിരിച്ചറിയുന്നതല്ല." പദമൊക്കെക്കൂടി ലയിക്കാവുന്ന വിധത്തിൽ തെളിവുള്ള ഭാഷാപദങ്ങളോടു സുകുമാരങ്ങളായ സംസ്കൃതപദങ്ങളെ യോജിപ്പിക്കുന്നതായാൽ സംസ്കൃതം മുഴച്ചുനിൽക്കുന്നതല്ല. "മാണിക്യത്തിനും മുത്തിനും അകത്തു പ്രവാളത്തിനും നിറത്തിനും അകത്തു യോഗംകൊണ്ട് ഈ മാറ്റി വരുന്നതല്ല".

ശാസംസ്കൃതപദങ്ങൾക്ക് സംസ്കൃതപ്രത്യയം ചേർക്കാതിരിപ്പതൊ ചേർക്കാതെ വരുമ്പോഴാണ് 'നെല്ലും മോരും ചേർന്നതുപോലെ' എന്നു വ്യവഹരിക്കുന്നത്.

മേൽ വിവരിച്ച ലക്ഷണങ്ങൾ പൂർത്തിയായിട്ടുള്ള മണിപ്രവാളത്തെ ഉത്തമമെന്നു പ്രാചീനകേരളീയന്മാർ പരിഗണിച്ചുവന്നിരുന്നു. കാലാന്തരത്തിൽ എല്ലാറ്റിനും പരിവർത്തനമുണ്ടാവുന്നതുപോലെ മണിപ്രവാളസംജ്ഞയ്ക്കും അർത്ഥപരിണാമം വന്നുകൂടി; ലക്ഷണങ്ങളും ശിഥിലങ്ങളായി. സംജ്ഞയുടെ സൂക്ഷ്മതത്ത്വം ഗതാനുഗതികത്വം കൊണ്ട് ആലോചനാവിഷയമല്ലാതായിത്തീർന്നപ്പോൾ ലക്ഷണങ്ങൾ മാറ്റപ്പെടുകയും, ക്രമേണ മണിപ്രവാളത്തിന്റെ വ്യവസ്ഥ തകരുകയും ചെയ്തു.

ഉണ്ണുനീലിസന്ദേശത്തിൽ വിശേഷണവിശേഷ്യങ്ങളായ മലയാളപദങ്ങൾക്കു തന്നെ വിഭക്തിപ്രത്യയം വരുത്തിക്കാണുന്നുണ്ട്.

"കണ്ടം വണ്ടിൻനിരകളെയൊനേ—
കെകന്നിതോട്ട തിങ്കൾ—
ഇണ്ടം ചാർത്തും പദനൊ വക്ഷോ—
തിന്നമെയ്പ്പാതിയോനേ
കണ്ടും മാരപ്പൂതനനുമനേ—
ക്കമ്പിപായാക്കിയോനേ—
കണ്ടേ പോവാൻ തരമവിടെ നീ—
കണ്ടിയൂർ തമ്പിരാനേ".

രാമകഥാവലീയത്തിൽ പദങ്ങളിലും മലയാളപ്രത്യയവും സംസ്കൃതപ്രത്യയവും കൂട്ടിച്ചേർത്ത് വിഭക്തിസാമ്യം സമ്പാദിച്ചിരിക്കുന്നു.

"ഉലിലോകംഗിരികൊണ്ടേ പുളകമയോടയമേ
കാന്താചാരം ഇരലോകനാൽ
നാലാഴിക്കട്ട ചുറ്റും ഭരണിയമ്മ ഭൂഴ്വർ
വാണോകെ വാണരിയമ്മ"

ഈ കൃതികളിൽ പ്രാചീനമണിപ്രവാളത്തെത്തന്നെയാണ് അനുവാദപൂർവം അവലംബിച്ചിട്ടുള്ളത്. പിന്നീടുള്ള കൃതികളിൽ വിഭക്തിപ്രത്യയത്തെയും മണിപ്രവാളസംഭവും ബന്ധിച്ച് കാണുന്നുണ്ടെങ്കിലും, വിഭക്ത്യന്തങ്ങളായ സംസ്കൃതപദങ്ങളുടെ പ്രയോഗം അപ്രധാനീകരിച്ചിട്ടില്ല. നാടോടിമലയാളപദങ്ങളെക്കൊണ്ട് നാട്ടുരസിപ്പിക്കുവാൻ സന്നദ്ധനായി പുറപ്പെട്ട ചെറുശ്ശേരി തന്നെ,

"കമലാകരമരന്ദലോളിതമ—
കുഴൽതന്നിണകരിവോ—
ടമരാവലിവിലൊമയോടയ
തൊഴുതിടിനസമയേ
വിവിധാഗമവചസാമപി—
തൊഴുമുഖിനാരാവാൻ
വിധുശേഖരനപദൃശച—
മധുനുതനവിധേ"

എന്ന ഇടങ്ങളിലുള്ള പ്രയോഗങ്ങൾ അദ്ദേഹത്തിന്റെ കവിതയുടെ മദ്ധ്യത്തിൽ കടന്നുകൂടിയിട്ടുണ്ട്. ഗംഭീരാശയനായ ഇലമെഴുത്തച്ഛൻ,

"ഭവ സചിവനാരഥി—
ഹര ഭവാദിയന്ദൂരമേ
ദോസാന്റ്റി കോസലേന്ദ്രസ്യ
രാമസ്യതാൻ"

എന്ന ഭഗവാനിമാസനായവൻ തൽക്ഷണം സംശയിച്ചിട്ടില്ല. സരസകവിയായ കുഞ്ചൻനമ്പ്യാർതന്നെ, "ഭൃങ്ഗങ്ങൾ............മുലകനം മുകനാർ" എന്നത് 'മണിപ്രവാള'ത്തിൽ ചേർക്കുവാൻ മടിച്ചിട്ടില്ല. കുഞ്ചൻനമ്പ്യാരുടെ പാണ്ഡിത്യവും, ഉണ്ണായിവാര്യരുടെ ഉൽകൃഷ്ടങ്ങളായ കഥകളിക്കഥകളുടെ പാരവശ്യവും, വെണ്മണി മഹൻനമ്പൂതിരി "ഗതി വിദ്യാർത്ഥമായമേഘകേസനാനോ" എ

ന്ന് അവലംബമായതാണെന്ന ആസ്വാദകർക്കുള്ള
ളും, കാലതാമസമാണതങ്ങൾക്കുള്ളിൽ ഉദ്ധ
കേരളപാണിനീയം വരുത്തുന്ന വികലതി
പ്പ്രായത്തവും മണിപ്രവാളസമ്പ്രദായനി
ർണ്ണയത്തിൽ സാധകമോ ബാധകമോ ആ
യി കരുതിക്കൂടാ.

മലയാളകൃതികളായി കരുതിയാൽ ആ
ദികാലത്തുള്ള ഗ്രന്ഥപാരമ്പര്യം വഴിക്കുവ
ന്നു പരിശോധിച്ചു നോക്കുന്നതായാൽ ഭാഷ
യുടേതുപോലെ മണിപ്രവാളത്തിന്റെ രീ
തിക്കും ഏതെങ്കിലും വ്യവസ്ഥയില്ലാത്തതാ
ണു കാണുന്നത്. സർവ്വതോമുഖമായ ഒരു
സമ്പ്രദായം സ്ഥിരപ്പെടുന്നതുവരെ ഗ്രന്ഥ
താരതമ്യം നോക്കി മണിപ്രവാളരീതി വ്യ
വസ്ഥപ്പെടുത്തുവാനേ നിവൃത്തിയുള്ളു.

"പ്രതികൂലതാമുപഗതേ ഹി വിധൗ
വിഫലത്വമേതി ബഹുസാധനതാ"

ഇത്യാദിയായി സംസ്കൃതത്തിൽ പലേട
ത്തും പ്രയോഗിച്ചുവരുന്ന വികലതിരസ്ക
രണ വികലതിപ്രത്യയം ഉപയോഗിക്കാ
തെ തർജ്ജമ ചെയ്യുന്നതിനും ആനയെ
പിടിച്ചു ആളുകളിലാക്കുന്നതിനും ഉണ്ടാ
കാവുന്ന വൈഷമ്യത്തിലെന്തന്തരമാണു
ള്ളത്? വൈഷമ്യം കാണുന്ന ഗ്രന്ഥങ്ങ
ളുടെ തർജ്ജമയിൽ മലയാളത്തിനു
പ്രാധാന്യം കൊടുക്കാമെങ്കിലും, ശാകുന്തള
ശ്ലോകത്തിനു ഹാനിവരാതെ തർജ്ജമക
ളാക്കിവരുന്ന മണിപ്രവാളരീതിയിൽ പ്രാ
ചീനത്വമുണ്ടെങ്കിൽ അതു് അപരിഹാ
ര്യമെന്നേ ഗണിച്ചുകൂടൂ.

സാധാരണ നാടകങ്ങൾ എടുത്തു
നോക്കുന്നതുപോലെ ശാകുന്തളനാടകം
എടുത്തുനോക്കുന്നതു മഹാസാഹസങ്ങ
ളിലൊന്നായിരിക്കും. രസങ്ങളുടെ ആനുഗു
ണ്യം, ആശയങ്ങളുടെ അനന്യസാധാരണത്വം,
ചേരുവയുടെ സൌകര്യം, വ്യംഗ്യത്തി
ന്റെ മാഹാത്മ്യം മുതലായ ഗുണങ്ങളു
ടെ വൈശിഷ്ട്യത്തിലുള്ള പ്രത്യയസൈ
ദ്ധ്യം കവിക്കുള്ളതുകൊണ്ടല്ലേ നാടകാരം
ഭത്തിൽ ആത്മപ്രശംസക്ക് അവകാശമില്ലാ
തായി ചോദ്യത്തിനു ശങ്കിക്കേണ്ടിയിരി
ക്കുന്നു.

വീരാദികളായ അംഗരസങ്ങളെ യ
ഥാവസരം കഥാവസ്ഥയിൽ സന്ദർഭോചിത
വർണ്ണനം സംഘടിപ്പിച്ചു അംഗിയായ ശൃംഗാ
രരസവല്ലി പടർന്നിരിക്കുന്നതിന്റെ
അംഗിയിലേക്കും പുഷ്പമഞ്ജരികളിൽ ലതകളാൽ
പ്രശോഭിതമായ വസന്തത്തിന്റെ ഒരു
ഭംഗംപോലെ വർണ്ണനക്കു കേവലം അവിഭ
ക്തമാകുന്നു. "ഏതാണോ കഥ കേട്ടു തൊട്ട
കിൽ" ഇവിടെ വ്യഞ്ജിക്കുന്ന വീരരസം
നായകന്റെ ഗുണവർണ്ണനം വഴിയായി
നായികാനുരാഗയോഗ്യതയേയും നായക
ന്റെ സംഗമസൌകര്യത്തേയും ഉണ്ടാക്കി
ക്കൊണ്ട് ഏതുപ്രകാരം അംഗിയായ ശൃംഗാ
രരസത്തെ പോഷിപ്പിക്കുന്നുവോ അപ്രകാ
രംതന്നെ നാലാമങ്കത്തിലെ കരുണാദ്യ
നായികയുടെ അംഗനാവസ്ഥയെ പ്ര
തിഫലിപ്പിച്ചുകൊണ്ടു വിപ്രലംഭത്തിന്റെ
തീവ്രതയെ പോഷിപ്പിക്കുന്നു. 'ചാലവേ വ
ലിയ സിംഹി തന്നുടെ' ഇത്യാദിയുടങ്ങ
ളിൽ സ്ഫുരിക്കുന്ന വിസ്മയം കരുണവിഷയ
കമായ സ്നേഹത്തേയും വാത്സല്യത്തേയും
അങ്കുരിപ്പിച്ചുകൊണ്ട് പ്രലീനമായി കിടക്കു
ന്ന രതിയെ വീണ്ടും ഉണർത്തുന്നുവെന്നു
ള്ളതു. ഹാസ്യപ്രധാനനായ വിദൂഷക
ന്റെ വ്യാപാരം ഗുണകഥനാദികളെക്കൊ
ണ്ടു ശൃംഗാരത്തിനു പരിപോഷത്തേയും,
അയാളുടെ യഥാർത്ഥതത്ത്വാഹിത്യം സം
ഭോഗസൌകര്യത്തെയെന്നപോലെ വിപ്ര
ലംഭത്തിനായ കാരണാന്തരത്തെയും ജ
നിപ്പിക്കുന്നതിനാൽ ഹാസ്യവും ശൃംഗാ
രത്തിനു സഹായിയായി പരിണമിക്കുന്നു.

നായകന്റെ 'ശകുന്തളയോടുള്ള വചനം' എന്ന കവിവചനം ദുഷ്യന്തൻ കാര്യമാത്രമായിട്ടു വിശ്വസിച്ചില്ലായിരുന്നുവെങ്കിൽ ശകുന്തളാസമാഗമത്തിൽ മൌനം അവലംബിക്കയില്ലായിരുന്നു. മാധവ്യന്റെ ഉപദേശാഭ്യാസത്തിൽ ദ്യോതിക്കുന്ന ശൃംഗാരം രാജാവിന്റെ വീഴ്ചയെ ഉദ്ദീപിപ്പിച്ചു മേല കാര്യം നടത്തുവാൻ ശക്തിയുണ്ടാക്കിത്തീർത്തു ശകുന്തളാസമാഗമത്തിനു വഴികാണിച്ചുകൊണ്ടു സംഭോഗശൃംഗാരത്തിനു പോഷകമായി തീരുന്നു. നിരസ്ത്രയായ ആ മുഖവർ കൊണ്ടുവന്ന ക്ഷോഭിതമായ വിപ്രലംഭത്തെ ഉത്തേജിപ്പിക്കുന്നതു. ദുർവ്വാസസ്സിന്റെ ശാപം കഥാവസ്തുവിന്റെ നാടകീയവേഗമാകുന്നു.

"പുതിനാമിപ്പാതി മോഹം മുഴുകിയെതമവ
ളൂട്ടിപ്പതുമായി-
ച്ചൂറിക്കെട്ടിപ്പിണഞ്ഞുള്ളളകപരവശത-
ങ്ങയവാനകന്നാൽ
പാടിത്തളരുന്ന കൂട്ടിൽ കവികുലം കട-
കൊള്ളും മടങ്ങുംമാറെ
കാറിക്കൊപ്പം ഉറിഞ്ഞൽ കരിവെണ്ണതി-
രയണിഞ്ഞ നാഭികിൽ"

ഇവിടെ ദ്യോതിപ്പിച്ചിരിക്കുന്ന ശോകരസം നായകന്റെ ക്ഷതിയെയും കല്പാവിശേഷത്തെയും ഉല്ലാസിപ്പിച്ചുകൊണ്ടു നായികാനായകസമാഗമത്തിനു ഹേതുഭൂതമായി തീരുന്നു.

ആറാമങ്കത്തിലെ 'സംഭോഗാവസരങ്ങളിൽ' എന്ന പദ്യം വായിക്കുമ്പോൾ 'ശാപാന്തം വേണമെന്നാം' എന്നതിന്റെ പ്രതിബിംബമാണെന്നും, ഭാഗത്തിന്റെ നാശം തന്നെ തോന്നിയ ഈ ഹൃദയത്തിൽ മിനമായി കിടന്നിരുന്ന ശകുന്തളാസ്മരണത്തോടുകൂടി വികാസത്തെ പ്രാപിച്ചതായി കവി വർണ്ണിച്ചിരിക്കുന്നവെന്നും ഓർക്കുമ്പോൾ ആയത്തെ ശ്രമിച്ച് ഭാഗത്തെപ്പറ്റി വിസ്മരിക്കുന്നതു് ആരായാലും വശ്യമാകുന്നു. കാളിദാസന്റെ മഹാനാടകങ്ങളും ഭാരതീയകവികളുടെപോലെ എന്ന മാത്രമേ പറയുവാനുള്ളൂ. മെമ്പ കിന്നുമാത്രം വ്യാഖ്യാനങ്ങളും വ്യാഖ്യാതാക്കന്മാർ ചമച്ചിട്ടുണ്ടെന്നും ചെയ്യുകയിന്നതുകൊണ്ടു് വ്യാഖ്യാനത്തിനോ പാഠകന്മാരുടെ പദ്ധതി പൂർത്തിയാകുന്നില്ലെന്നു ഗത്യന്തരമൊന്നും കാണുന്നില്ല.

സൂത്രധാരൻ വേദാന്തസ്തുതികളുയർത്തുന്ന മംഗളശ്ലോകം, നാന്ദി വിളക്കും എന്ന വ്യത്യയത്തോടെ നടി പാടുന്നതി(1) ജലംആദി വിശേഷതമാ എന്ന അർത്ഥത്തിൽ രാജാ പ്രപഞ്ചത്തെ സൃഷ്ടിപ്പിക്കുന്ന പൂതന്മാർ, മോഹനാനം, ആകാശത്തിൽ (2) ഇന്ദ്രിയങ്ങൾ, നൂതൻ ശരീരത്തെ പ്രവർത്തിപ്പിക്കുന്ന പ്രാണൻ, ഭൂമി, സംസാരദിലാഭം, മൈതാനസ്ഥാനത്ത് ജലാശയം പരമേശ്വരൻ, കലാപതി പാലകരും, ശകുന്തളയ്ക്കു പരമപാവനമായി അനുഭവിക്കപ്പെടുന്ന ആത്മവിദ്യ, മനസ്സിനു പ്രിയം ചമയാൻ മൊഴിമുത്തികൾ, വിദൂഷകൻ ആഹാരകാര്യം എന്നിങ്ങനെ നാടകപാത്രങ്ങളിലും, വിവാഹം ആത്മവിദ്യാലാഭം, വിസ്മരണം വിഷയാദിബാധകൊണ്ടു് ആത്മാവിന്റെ അപഭ്രംശപ്പെടൽ, കശ്യപാശ്രമത്തിൽവെച്ചു ശകുന്തളയ്ക്കു സത്സംഗമാകാം ആത്മവിദ്യയുടെ പുനർലാഭം എന്നിങ്ങനെ ഇതിവൃത്തത്തിലും ആദ്ധ്യാത്മി

(1) ആറും എന്ന സംഖ്യകൊണ്ടു ... അർത്ഥം ധ്വനിപ്പിച്ചിരിക്കുന്നു. 'ആറും രാജ്ഞാനി' എന്നതും.

(2) ഇന്ദ്രിയങ്ങൾ ജ്ഞാനേന്ദ്രിയങ്ങൾ (കർമ്മേന്ദ്രിയങ്ങൾ)

കരായ താല്പൎയ്യത്തെ അനുഭവിപ്പിച്ചുകൊണ്ടു ലോകസംഗ്രഹത്തിൽ നമ്മളെല്ലാവരും വ്യാപൃതരായിരിക്കണമെന്ന തത്വം ഉൾക്കൊള്ളുന്ന നാടകത്തിൽ മഹാകവി കാണിച്ചിട്ടുള്ള ലോകത്തെ അനുഗ്രഹിച്ചിരിക്കുന്നതിൽ പൂൎണ്ണത്വത്തിന്റെ പരമകാഷ്ഠയും പ്രതിഷ്ഠിതമായിരിക്കുന്നു.

കേരളവാസികളുടെ മനസ്സിൽ എന്നിക്കെന്നെയാവിർഭവിക്കുന്ന ആവേശത്തിന്റെ ആധിക്യം നിമിത്തം സാഹിത്യലോകത്തിൽ കടന്നു വല്ല ധാൎഷ്ട്യവും ഞാൻ കാണിച്ചിട്ടുണ്ടെങ്കിൽ അതുകൊണ്ടുള്ള സങ്കോചത്തിനു എതിരായിട്ടു സന്തോഷത്തോടുകൂടിയുള്ള ചാരിതാൎത്ഥ്യവും എനിക്കു സിദ്ധിച്ചിട്ടുണ്ടു എന്നാൽ മഹാശയനായ കേരളകാളിദാസന്റെ കൃതിയിൽ കൈവെച്ചിട്ടുള്ളതായ സങ്കോചംപോലെതന്നെ സങ്കോചവും അദ്ദേഹത്തിന്റെ ഇഷ്ടത്തെ അനുസരിക്കുന്നതിലുള്ള ചാരിതാൎത്ഥ്യംപോലെയുള്ള ചാരിതാൎത്ഥ്യവും ഇതിനുമുമ്പു ഞാൻ അനുഭവിച്ചിട്ടില്ല; മേലാൽ അനുഭവിക്കുന്നതുമല്ല. കേരളകാളിദാസന്റെ ഒരു കൃതിയെ അവതരിപ്പിക്കുക എന്ന സാഹസകൃത്യത്തിൽ പൂൎവ്വപാദനായ അദ്ദേഹത്തിന്റെ നിൎവ്വ്യാജകൃപ മാത്രമേ ശരണീകരണീയമായിട്ടുള്ളു.

ശുഭം.

കുമാരമന്ദിരം 17—11—87	പ്രസാധകൻ ചെപ്പൂർത്തമ്പുരാൻ

ചരിത്രാന്വേഷണം

അതിശയോക്തിയോടും അലങ്കാരപ്രയോഗത്തോടും എഴുതിവെച്ച പദ്യസമൂഹങ്ങളിൽ ലയിച്ചുകിടക്കുന്ന നമ്മുടെ ചരിത്രത്തെ പാലും വെള്ളവും വേൎതിരിക്കുവാൻ സാമൎത്ഥ്യമുള്ള ഹംസങ്ങളെപ്പോലെ പ്രകൃതിയാൽ വാസനപ്പെട്ടവരോടുകൂടിയവർ



പോലും ഉണ്ടാകുന്നതുവരെ അറിവാൻ സാധിക്കാത്ത അന്ധകാരത്തോടെ ഇരിപ്പാനല്ലേ തരമുള്ളൂ.

ലങ്കക്കാരുടെയും, ഇംഗ്ലീഷുകമ്പനിക്കാരുടെയും, റിക്കാൎട്ടുകളും ദേശാടനം ചെയ്തിട്ടുള്ള വിദേശികളായ ചിലരുടെ ലേഖനവും മാത്രമാണ് ഇപ്പോഴത്തെ ചരിത്രാന്വേഷികൾക്കു ആധാരമായി ഉതകിട്ടുള്ളത്. ഈ വക റിക്കാൎട്ടുകളിൽ നിന്നു നമ്മുടെ ചരിത്രത്തെ ഗ്രഹിക്കയെന്നത്, വലിയതു ചെറുതായും, ചെറിയതു വലുതായും കാണിക്കുന്ന ഭൂതക്കണ്ണാടികളിൽകൂടി നമ്മുടെ ചരിത്രത്തെ വായിക്കുക എന്ന മട്ടിലെയുള്ളൂ. നമ്മുടെ ശരിയായ ചരിത്രത്തെ കാണിക്കുന്നവയായ റിക്കാൎട്ടുകൾ മിക്കതും അഗ്നിബാധയാലും, കലാപങ്ങളാലും, ചിതലിന്റെ ബാധയാലും നശിച്ചുപോയിരിക്കുന്നു. എന്നാൽ അവല്പാടെ വല്ലതും ശേഷിച്ചുണ്ടെങ്കിൽ അവ ചില ശിലാലേഖകളും താമ്രശാസനങ്ങളും മാത്രമാണ്. ഈവക റിക്കാൎട്ടുകൾ പരിശോധിച്ചു ചരിത്രസംബന്ധമായ അവിടുന്നും ഇവിടുന്നും എടുത്തു കൂട്ടിച്ചേൎത്തു ഒരു ചരി

ത്രം എഴുതിയുണ്ടാക്കുവാൻ തക്കവണ്ണം പരിശ്രമശാലികളായവരും കാണ്മാനില്ല. നമ്മുടെ ഇടയിൽ ഇദ്ദേഹം പ്രചാരമുള്ള ഗ്രന്ഥങ്ങളിൽ ചരിത്രസംബന്ധമായ ഗ്രന്ഥങ്ങൾ ഭാവിയിൽ ജീവിതത്തിന് ഉണ്ടാകുമോ എന്ന കാര്യം സംശയമാണ്. ഉണ്ടെങ്കിൽതന്നെ അവയിൽ അധികവും വിദേശരാജ്യചരിത്രവുമായിരിക്കും. ഇന്ത്യക്കാർക്ക് സ്വാതന്ത്ര്യസ്ഥാനം കൈവരാതെയായിട്ടുള്ള പ്രധാനകാരണങ്ങളിൽ അവരുടെ ചരിത്രത്തെപ്പറ്റി അവർക്ക് നല്ല ബോധമില്ലായ്മയും, വിദേശരാജ്യചരിത്രം വായിച്ച് "വിദേശിഭ്രമം" എന്ന ഒരു രോഗം അധികമായുണ്ടായതുമാണെന്ന ഒരു യോഗ്യൻ കുറച്ചുകാലംമുമ്പ് അഭിപ്രായപ്പെട്ടതിൽ വളരെ ന്യായമുണ്ടെന്നാണ് തോന്നുന്നത്. അതോ അങ്ങിനെയായിരിക്കട്ടെ.

ചിതറിച്ചിതറിക്കിടക്കുന്ന രേഖാവസ്തുക്കളെ ശേഖരിച്ച് ഘടിപ്പിച്ചും പ്രത്യക്ഷമായി കിടക്കുന്ന തെളിവുകൾ കണ്ടറിഞ്ഞു കഴിയുന്നതും മാറും ചരിത്രവിവരങ്ങൾ ശേഖരിപ്പാൻ "ആർക്കിയോളജിക്കൽ" എന്ന ഒരു ഡിപ്പാർട്ടുമെന്റ് മിക്ക ഗവൺമെന്റുകളും ഇന്ത്യയിൽ സ്ഥാപിച്ചിട്ടുണ്ട്. അവർ ശേഖരിക്കുന്ന തെളിവുകൾ പരിശോധിപ്പാനാകട്ടെ, അവർ കഴിയുന്ന അന്വേഷണങ്ങൾ ചെയ്തുകൊടുപ്പാനാകട്ടെ അധികം ആളുകൾ ഉത്സാഹിച്ചുകാണാത്തതിൽ വ്യസനിക്കേണ്ടിവന്നിരിക്കുന്നു. കഴിഞ്ഞകൊല്ലത്തെ തിരുവിതാംകൂർ ഭരണറിപ്പോർട്ടിൽ അവിടെ സ്ഥാപിച്ചിട്ടുള്ള ഡിപ്പാർട്ടുമെന്റിന്റെ പ്രവൃത്തിയെപ്പറ്റി അല്പം പ്രസ്താവിച്ചുകാണുന്നുണ്ട്. അവിടത്തെ ഗവൺമെന്റ് ആർക്കിയോളജിക്കൽ ഗ്രന്ഥാവലി എന്ന പേരോടുകൂടി ആറു നമ്പ്ര ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും തിരുവിതാംകൂർ, തിരുനെൽവേലി, കൊച്ചി, ഇവിടങ്ങളിലെല്ലാംകൂടി 85 പ്രദേശങ്ങൾ, പ്രത്യേകം ഏർപ്പെടുത്തിയ ഉദ്യോഗസ്ഥൻ സന്ദർശിക്കയും 105 ശിലാരേഖകൾ സമ്പാദിക്കയും പകർപ്പെടുത്തിട്ടുള്ളതായി 87. താമ്രശാസനങ്ങൾ പരിശോധിക്കയും ചെയ്തിരിക്കുന്നുവെന്നും തിരുവിതാംകൂറിലുള്ള പൌരാണികവസ്തുക്കളുടെ ഒരു ലിസ്റ്റ് സമ്പാദനത്തിന് തയ്യാറാക്കിട്ടുണ്ടെന്നും കാണുമാണ് പ്രസ്താവിച്ചിട്ടുള്ളത്.

കൊച്ചിസ്റ്റേറ്റിലും ഈ വിഷയത്തിൽ ഗവേഷണം ചെയ്യാതിരുന്നില്ല. പക്ഷെ ഈ വകക്കായി ഒരു പ്രത്യേകഡിപ്പാർട്ടുമെന്റ് ഏർപ്പെടുത്തുന്നതിനുപകരം മറ്റൊരു ഡിപ്പാർട്ടുമെന്റുകാരിൽ ചരിത്രാന്വേഷണഭാരവും കൂടെ ഏല്പിച്ചിരിക്കയാണ്.

തിരുവിതാംകൂറിൽ പ്രസിദ്ധം ചെയ്ത ഗ്രന്ഥാവലിയാകട്ടെ, കൊച്ചിഗവൺമെന്റുദ്യോഗസ്ഥന്മാർ ശേഖരിച്ച തെളിവുകളാകട്ടെ ഈ ലേഖനം എഴുതുന്നവർക്ക് കാണ്മാൻ സാധിച്ചിട്ടില്ല. ഗവൺമെന്റ് ശേഖരിക്കുന്ന വിവരങ്ങൾ ഗോപ്യമായി വെക്കേണ്ടതാണെന്ന ആവശ്യമില്ലാത്തതുകൊണ്ട് ആ വിവരം സമാഹാരമായിട്ട് യഥേഷ്ടം അച്ചടിച്ച് പ്രസിദ്ധം ചെയ്യുന്നതായാൽ ചെറുപ്പ വാദപ്രതിവാദങ്ങൾ നടത്തി ആയത് ആ വക ഡിപ്പാർട്ടുമെന്റുകാർക്ക് പ്രവൃത്തിയിൽ ഉത്സാഹവും പ്രവൃത്തിക്ക് അധികരിച്ച എളുപ്പവും സഹായവും ഉണ്ടാക്കിത്തീർക്കുന്നതാണ്.

ഇനി നോക്കുവാനുള്ളത് മദിരാശി ഗവർമെന്റ് കഴിഞ്ഞകൊല്ലം പ്രസിദ്ധം ചെയ്ത റിപ്പോർട്ടാണ്. കേരളീയരെ സംബന്ധിക്കുന്ന മലയാളജില്ലയിൽനിന്ന ചാരിത്രിക വിവരങ്ങളൊന്നും കഴിഞ്ഞ കൊല്ല

ത്തിൽ ശേഖരിച്ചിട്ടില്ലെങ്കിലും അയൽ ജില്ലകളായ തിരുനെൽവേലി, കോയമ്പത്തൂർ, സേലം, മൈസൂർ മുതലായ പ്രദേശങ്ങളിൽനിന്ന് ശേഖരിച്ച വിവരങ്ങൾ മിക്കതും കേരളീയർ അറിഞ്ഞിരിക്കേണ്ടവയും കേരളചരിത്രത്തിൽ ഒരു ഭാഗമായി ഗണിക്കാവുന്നവയുമാണ്. ഈ റിപ്പോർട്ടിൽ അടങ്ങിയ ചില ഭാഗങ്ങൾ താഴെ കൊടുക്കുകയും അതിലേക്ക് കേരളീയരായ ചരിത്രാന്വേഷികളുടെ ശ്രദ്ധയെ ആകർഷിച്ചുകൊള്ളുകയും ചെയ്യുന്നു.

1. ഒരു കാലം കോയമ്പത്തൂരും, സേലവും, മൈസൂരും ജില്ലകൾ കേരളത്തിൽ ഉൾപ്പെട്ടു കിടന്നിരുന്നുവെന്നും,

(2) കേരളത്തിൽ ക്രിസ്ത്വാബ്ദം 850-ാമാണ്ടിനടുത്ത കാലത്തിൽ ചേരമാൻ എന്ന ഒരാൾ വാണിരുന്നുവെന്നും, അദ്ദേഹം പാണ്ഡ്യരാജാവായ 'വരഗുണൻ' എന്നാളുടെ സമകാലീനനാണെന്നും,

(3) കേരളരാജാക്കന്മാർ "ചന്ദ്രാദിത്യകുലം" എന്ന് പറയപ്പെടുന്ന ഒരു കുലത്തിൽ പെട്ടവരാണെന്നും ഇതിനു കാരണം സൂര്യവംശക്കാരും ചന്ദ്രവംശക്കാരും തമ്മിലുള്ള സംബന്ധം നിമിത്തം ഉണ്ടായ സന്താനങ്ങളാകയാലാണെന്നും,

(4) പല്ലവരാജവംശക്കാരും ചന്ദ്രാദിത്യകുലത്തിൽ പെട്ടവരാണെന്നും, അവരുടെ ഇടയിൽ സാധാരണയായി വിളിച്ചുവന്ന പേരോടുകൂടി ഇപ്പോൾ കേരളത്തിൽ സാധാരണ രാജാക്കന്മാർ സ്വീകരിച്ചുവരുന്ന "വർമ്മ" എന്ന പ്രത്യയം ചേർക്കാറുണ്ടെന്നും,

(5) പല്ലവരാജവംശക്കാർ തെക്കെ ഇന്ത്യയിൽ കടന്നു രാജാധികാരം കൈവശപ്പെടുത്തുന്നതിനുമുമ്പായി മഹാബലിവംശത്തിൽപെട്ട ബാണന്മാരെന്നു വിളിച്ചുവന്നിരുന്ന ഒരു വംശക്കാരും, നാഗന്മാരെന്നു വിളിച്ചുവന്നിരുന്ന വേറെ ഒരു വംശക്കാരുമായിരുന്നു തെക്കെ ഇന്ത്യയിൽ രാജ്യഭാരം ചെയ്തിരുന്നതെന്നും,

(6) നാഗന്മാരെന്നു വിളിച്ചുവന്നത് ഇപ്പോഴത്തെ കേരളീയരായ നായന്മാരെയാണെന്നും മഹാബലിവംശക്കാർ (ബാണന്മാർ) തീരെ നശിച്ചുവെന്നും, പല്ലവരാജാക്കന്മാർ നാഗന്മാരുമായി വിവാഹം മുതലായ ബന്ധങ്ങൾ ഉണ്ടായിട്ടുണ്ടെന്നും, നാഗന്മാരെ തനിച്ചും ഒരു പ്രത്യേകവംശമായി കാണുമാറില്ലെന്നും,

(7) പല്ലവരാജവംശത്തെ പിന്തുടർന്നു രാജ്യം ഭരിച്ചിരുന്ന ഗംഗപല്ലവരാജവംശക്കാരിൽ ഒടുവിലത്തെ രാജാവ് അപ്പരാജൻ എന്ന പേരോടുകൂടി ഒരാളായിരുന്നുവെന്നും ഈ അപ്പരാജന്റെ പിതാവ് 'മഹേന്ദ്രൻ' എന്ന നാമധേയത്തോടുകൂടിയ ഒരാളായിരുന്നുവെന്നും, അദ്ദേഹം "ഗംഗമണ്ഡലം" എന്ന് പറയപ്പെട്ടിരുന്ന 96000-ഗ്രാമങ്ങളുടെ രാജാവായിരുന്നുവെന്നും, ഈ ഗ്രാമങ്ങളിൽ ചിലത് ഇപ്പോഴത്തെ കേരളത്തിൽ പെട്ടിരുന്നുവെന്നും, ഈ അപ്പരാജൻ എന്ന രാജാവിനെ ക്രിസ്ത്വാബ്ദം 884-നും 945-നും മദ്ധ്യേ ഒരു കൊല്ലത്തിൽ കിഴക്കൻപ്രദേശത്തുവെച്ച് യുദ്ധത്തിൽ കൊന്നുവെന്നും അപ്പരാജൻ ശിവഭക്തനായിരുന്നുവെന്നും,

(8) "മലൈനാട്ടിൽ" (മലയാളത്തിൽ) കൊടുങ്ങല്ലൂർകാരനായ ഒരു ബ്രാഹ്മണൻ പറവൂർ എന്ന ഗ്രാമത്തിലെ ഒരു ക്ഷേത്രത്തിൽ നിത്യം 12 ബ്രാഹ്മണർക്കു അന്നം കൊടുപ്പാനുള്ള വക വഴിപാടായി കൊടുത്തിട്ടുണ്ടെന്നും,

(9) "ചാമുണ്ഡി" എന്ന നാമധേയത്തിൽ ഒരു ദേവിയും, ഒരു ക്ഷേത്രവും മലനാ

മവും കേരളത്തോടു തൊട്ടുകിടക്കുന്ന മൈസൂർ സംസ്ഥാനത്തിൽ ഉണ്ടെന്നും,

മറ്റും ഈ റിപ്പോർട്ടിൽ ശിലാശാസനങ്ങളും താമ്രശാസനങ്ങളും പരിശോധിച്ചു കഴിഞ്ഞിട്ടുള്ള ഉദ്യോഗസ്ഥൻ എഴുതിക്കാണുന്നുണ്ട്. മേൽ ഉദ്ധരിക്കപ്പെട്ട ചരിത്രഭാഗങ്ങളിൽ ചിലത് അവിതർക്കിതമാണെന്നു നമ്മുടെ ചരിത്രകാരന്മാർ സമ്മതിക്കാതിരിക്കയില്ല.

ചേരരാജ്യം എന്ന് ഒരു കാലം പറയപ്പെട്ടിരുന്ന കേരളരാജ്യത്തിന്റെ സ്ഥലവ്യാപ്തി ഇപ്പോൾ നാം കേരളമെന്നു പറയുന്ന പ്രദേശത്തിൽനിന്നു കുറെക്കൂടി കിഴക്കോട്ട് അതിക്രമിച്ചു കിടന്നിരുന്നുവെന്നും ചേരമാൻ എന്ന രാജാക്കന്മാർ വാണിരുന്നുവെന്നും മറ്റുമുള്ള വിവരങ്ങൾ സുപ്രസിദ്ധങ്ങളാണല്ലോ. എന്നാൽ ഈ റിപ്പോർട്ടിൽ വിശേഷവിധിയായി ഒന്നു കാണുന്നുള്ളത് ക്രിസ്ത്വബ്ദം 880-ൽ ചേരമാൻ എന്ന രാജാ ചേരരാജ്യം വാണിരുന്നു എന്നുള്ളതാണ്. കേരളീയരുടെ ചേരമാൻ പെരുമാളും ഈ ചേരമാനും ഒന്നുതന്നെയാണോ? എന്നാണ് തീർച്ചയാക്കേണ്ടത്. കേരളത്തിൽ ചേരമാൻ എന്ന പേരോടുകൂടി മൂന്നിലധികം പെരുമാക്കന്മാർ വാണിരുന്നു എന്നു പറയുന്ന സമ്പ്രദായം കൊണ്ടുതന്നെ തൃപ്തിപ്പെടുത്തി ഒരഭിപ്രായം പറവാനും പ്രയാസമായതാണ്.

പല്ലവരാജവംശത്തെ പറ്റിയാണ് ഇനി ആലോചിപ്പാനുള്ളത്. ഈ പല്ലവരാജാക്കന്മാർ "ചന്ദ്രാദിത്യകുല"ക്കാരായിരുന്നതുകൊണ്ടു അവരുടെ സന്താനങ്ങളാണെന്നു ഊഹിപ്പാൻ തരമുള്ള കേരളീയരാജാക്കന്മാർ ചന്ദ്രാദിത്യകുലത്തിൽ പെട്ടവരാണെന്നാണോ അനുമാനിക്കേണ്ടത്? പല്ലവരാജാക്കന്മാർക്കു നാഗ(നായർ) സ്ത്രീകളിൽ ഉണ്ടായ സന്താനങ്ങളായിരിക്കുമോ സാമന്തന്മാരെന്നു അനുമാനിക്കുന്നത്? മഹാബലിവംശക്കാരും നാഗവംശക്കാരും തമ്മിലുള്ള പൂർവസംബന്ധത്തിന്റെ സ്മാരകമായിട്ടായിരിക്കുമോ കേരളീയർ ഓണക്കാലത്ത് "മാവേലി"യെ പൂജിക്കുന്നത്? നായന്മാർ ആദ്യത്തെ നാലു വർണ്ണാശ്രമങ്ങളിൽ പെടാത്ത ഒരു പ്രത്യേകജാതിക്കാരാണെന്നുള്ള പുതിയ സിദ്ധാന്തത്തെ, ഈ നാഗവംശക്കാരുടെ ആഗമനം കൊണ്ടുകൂടി ദൃഢീകരിക്കുന്നില്ലേ? (അർജ്ജുനൻ ഭാര്യയായി സ്വീകരിച്ച നാഗകന്യക, ഒരു നായർ സ്ത്രീയായിരിക്കുമെന്നു മലബാർ ഗവർമ്മെണ്ടുദ്യോഗസ്ഥൻ അഭിപ്രായപ്പെടുന്നു.)

കേരളീയർ ഈശ്വരനെന്നു വിചാരിച്ചുവരുന്ന അയ്യപ്പനും, ഗംഗപല്ലവരാജവംശത്തിൽ പെട്ടതും കേരളത്തിൽ ഏതാനും ഭാഗം ഒരു കാലം ഭരിച്ചിരുന്നതുമായ അയ്യപ്പനും ഒന്നുതന്നെ ആയിരിക്കുമോ? വടക്കെ മലയാളികളിൽ ചിലർ ആണയിടുമ്പോൾ "പെരുമാളാണ് സത്യം" എന്നു പറയുന്നുണ്ട്. മുൻകാലങ്ങളിൽ സാധാരണയിൽ വിശേഷവിധിയായ ഭരണം ചെയ്ത രാജാക്കന്മാരെ കേരളീയർ ഈശ്വരനെന്ന നിലയിൽ വിചാരിച്ചുവരുന്നുണ്ടെന്നുള്ളതിനു പല ദൃഷ്ടാന്തങ്ങളുമുണ്ട്. 1806-ൽ വയനാട്ടിൽ നിന്നു ബ്രിട്ടീഷ് സൈന്യങ്ങളുമായുണ്ടായ യുദ്ധത്തിൽ മരിച്ച കോട്ടയത്തു കേരളവർമ്മരാജാവ് 'മുത്തപ്പൻ' എന്ന പേരോടുകൂടി ഉത്തരകേരളീയർ ഇപ്പോഴും പൂജിച്ചു വരുന്നുണ്ട്. വടക്കെ മലയാളത്തിൽ ചാമുണ്ഡിക്കാരന്മാർ ആധിക്യമുണ്ടെന്നുള്ളതിനു അവിടങ്ങളിലുള്ള "ചാമുണ്ഡിക്കാവു"കളുടെ ആധിക്യം തന്നെ ദൃഷ്ടാന്തമാണല്ലോ. മൈസൂർ ഐക്യവുമായി വടക്കെ മലയാളത്തിനുള്ള അ

ടപ്പം തന്നെയായിരിക്കും. ഇതിനുള്ള കാരണമെന്തു് ഊഹിക്കുന്നതിൽ വലിയ തെറ്റുണ്ടെന്നു തോന്നുന്നില്ല.

ഇത്രയും വിവരങ്ങൾ ഇവിടെ ചേർത്തിട്ടുള്ളതു് ചരിത്രാന്വേഷികളായിട്ടുള്ളവർക്കു സഹായമായിത്തീരുമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണെന്നു പറയേണ്ടതില്ലല്ലോ.

എന്നു് ഒരു ചരിത്രപ്രിയൻ.

ജ്യോതിശ്ശാസ്ത്രവും ഭൂപ്രകൃതിശാസ്ത്രവും

ജ്യോതിശ്ശാസ്ത്രത്തിനു അടുത്ത കാലത്തുണ്ടായിട്ടുള്ള അഭിവൃദ്ധി വളരെ സപ്രമോദവും ചുരുക്കത്തിലെങ്കിലും ചിലതെല്ലാം നാം അറിഞ്ഞിരിക്കേണ്ടതും ആകുന്നു. യൂറോപ്പിലും അമേരിക്കായിലും ഉള്ള ശ്രേഷ്ഠന്മാരായ പണ്ഡിതന്മാർ ദിനംപ്രതി എന്നപോലെ ഓരോ പുതിയ വിദ്യകൾ കണ്ടുപിടിക്കുന്നു. ജ്യോതിശ്ശാസ്ത്രം, വൈദ്യം, യന്ത്രം മുതലായി എല്ലാ ശാസ്ത്രങ്ങളിലും പലപല അഭിവൃദ്ധിയും വന്നുകൊണ്ടിരിക്കുന്നു. ഓരോന്നും കണ്ടുപിടിക്കുന്ന അത്ഭുതസംഗതികളുടെ അടിസ്ഥാനങ്ങളേയും, ഗുണദോഷങ്ങളെയും കുറിച്ചു് പണ്ഡിതന്മാർ പലവിധത്തിൽ വാദപ്രതിവാദങ്ങൾ നടത്തുന്നു. എന്നാൽ ഇവയിലൊന്നും ഇടകലരാതെയും, യാതൊരു അഭിരുചിയും കാണിക്കാതെയും, അന്നന്നത്തെ ദിവസവൃത്തി മാത്രം സ്വഭാവമായി കഴിക്കുന്ന ഒരു കാര്യത്തിൽ എന്നും മുറുകെ പിടിച്ചു മലയാളികളായ നാം നമ്മുടെ അജ്ഞാനനിദ്രയിൽ നിന്നു ഉണരാതെ, അപരിഷ്കൃതന്മാരുടെ നിലയിൽ തന്നെ കിടക്കാതെ ഉള്ളൂ. മേലെപ്പുത്തനിന്നപ്പുറത്തു് ശാസ്ത്രങ്ങൾ ഇല്ലെന്നു വിശ്വസിക്കുന്നവരുടെ കാലം അസ്തമിച്ചു എന്നു് ഇനിയും, മലയാളികളെ സംബന്ധിച്ചേടത്തോളം, പറയാറായിട്ടില്ല. ഈ സ്ഥിതിക്കു, നമ്മുടെ ഭൂമി ഉരുണ്ട ഒരു പന്തുപോലെ ആണെന്നും, അതു് അതിന്റെ സ്വന്തം അച്ചുതണ്ടിന്മേൽ ഒരു പമ്പരം പോലെ തിരിയുന്നതിനു പുറമെ, സൂര്യനെ ചുറ്റും സഞ്ചരിക്കുന്നുണ്ടെന്നും പറഞ്ഞാൽ എത്രപേർ വിശ്വസിക്കും? ധ്രുവാദിമണ്ഡലങ്ങളിൽ ആറുമാസത്തെ പകലും ആറുമാസത്തെ രാത്രിയും ഉണ്ടെന്നും, അവിടെ സർവ്വത്ര മഞ്ഞുകട്ടകളാണെന്നും പറഞ്ഞാൽ ആർക്കു ബോധ്യം വരും? ഉയർന്നതരം ഇംഗ്ലീഷുവിദ്യാഭ്യാസം സമ്പാദിച്ചിട്ടുള്ള അല്പം ചിലർമാത്രം ഈ വക സംഗതികൾ പഠിക്കയും വിശ്വസിക്കയും ചെയ്തിട്ടുണ്ടു്. എന്നാൽ അത്തരക്കാരുടെ സംഖ്യ എത്ര ചുരുക്കം!! ചന്ദ്രൻ ഒരു നിർജ്ജീവഗോളമാണെന്നും അതിന്റെ പ്രകാശം സൂര്യകിരണങ്ങൾ തട്ടി പ്രതിഫലിക്കുന്നതാണെന്നും മലയാളത്തിലെ പൊതുജനങ്ങളിൽ എത്ര പേർ അറിയുന്നു? നാം അറിയുന്നില്ലെങ്കിലും വിശ്വസിക്കുന്നില്ലെങ്കിലും ഈ വക സംഗതികളുടെ വാസ്തവസ്ഥിതിക്കു് മാറ്റം വരുന്നില്ല.

നാം നിത്യവും നഭോമണ്ഡലത്തിൽ പ്രകാശിച്ചു കാണുന്ന ജ്യോതിസ്സുകളെ കുറിച്ചു് പ്രതിപാദിക്കുന്ന ശാസ്ത്രമാണല്ലോ ജ്യോതിശ്ശാസ്ത്രം, ഭൂമിയുടെ പ്രകൃതിയെക്കുറിച്ചാണു് ഭൂപ്രകൃതിശാസ്ത്രം പ്രതിപാദിക്കുന്നതു്. ഒരു കാലത്തു് ഈ ഭൂമിയുടെ സ്ഥി

തി എന്തായിരുന്നു? ഏതുതരം ജീവിജാലങ്ങളാണ് അക്കാലത്ത് ഈ ഭൂമിയുടെ ഉപരിഭാഗത്തെ അലങ്കരിച്ചിരുന്നത്? ഇപ്പോഴത്തെ അവസ്ഥ എന്താണ്? കാലപ്പഴക്കത്തിൽ ഇതിനു എന്തെല്ലാം മാറ്റങ്ങൾ സംഭവിച്ചേക്കാം? ഈ വക രസമേറിയ സംഗതികളാണ് ഭൂപ്രകൃതിശാസ്ത്രത്തിലെ പ്രധാന വിഷയങ്ങൾ. ഈ രണ്ടു ശാസ്ത്രങ്ങൾക്കും എന്തെന്നില്ലാത്ത ഒരു രസവും മാഹാത്മ്യവും ഉള്ളതായി തോന്നുന്നത്, അവ രണ്ടും നമുക്കു പരിചയമില്ലാത്ത ചില പ്രത്യേകതരം ജീവജാലങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതുകൊണ്ടാകുന്നു. നാം ഇപ്പോൾ ഈ ഭൂമിയിൽ ഒരിടത്തും കാണാത്ത ചില ജീവികൾ ഇതിൽ ഉണ്ടായിരുന്ന ഒരു കാലത്തെ കുറിച്ച് സവിസ്തരം വിവരിക്കുകയാണ് ഒരു ഭൂപ്രകൃതിശാസ്ത്രജ്ഞൻ പ്രധാനമായി ചെയ്യുന്നത്. ആകൃതിയിലും പ്രകൃതിയിലും നമുക്ക് തീരെ പരിചയമില്ലാത്ത അത്തരം ജീവികൾ ഭൂമിയിൽ ധാരാളം ഉണ്ടായിരുന്ന ഒരു കാലത്തെക്കുറിച്ച് നാം ആലോചിക്കയും, ആ കാലത്തെ സ്ഥിതിയെ ഗ്രാഹ്യമായി അറിയുവാൻ ഉത്സാഹിക്കയും ചെയ്യുന്നു. നാം നമ്മുടെ മനോമുകുരത്തിൽ മാത്രം പ്രതിഫലിച്ചുകാണുന്ന ആ ഭൂമി പലതരം സസ്യലതാദികളാൽ അലങ്കരിക്കപ്പെട്ടിരുന്നു. എന്നാൽ അവയിൽ ഒന്നുപോലും ഇപ്പോഴെങ്ങും കാണുന്നില്ല. നിബിഡമായി വളർന്നിരുന്ന അന്നത്തെ ജീവലോകത്തിന് പററിയവിധത്തിൽ കനം കൂടിയ ഒരു വായുമണ്ഡലത്താൽ ഭൂഗോളം പരിവേഷ്ടിതമായിരുന്നു. നമ്മുടെ ശീതപ്രദേശങ്ങളിൽ ഇപ്പോൾ കാണപ്പെടാത്ത അനേകം ഉഷ്ണസസ്യങ്ങൾ അന്നത്തെ കാടുകളെ അലങ്കരിച്ചിരുന്നു. ഇപ്പോഴില്ലാത്ത തരത്തിൽ പലതരം കാട്ടുമൃഗങ്ങൾ കാടുകളിൽ ഓടിനടന്നിരുന്നു. മനുഷ്യർ ഇതുവരെ കണ്ടിട്ടില്ലാത്ത തരത്തിൽ പല പക്ഷികളും ആകാശത്തിൽ പറന്നിരുന്നു. പാരാവാരത്തിന്റെ അത്യഗാധത്തിലുള്ള പല കുഴികളിലും അനേകം വലിയ ഭയങ്കരജീവികൾ ജീവിച്ചിരുന്നു. ഈ വക സംഗതികളെക്കുറിച്ച് ആലോചിക്കുംതോറും നമുക്ക് അത്ഭുതം വർദ്ധിച്ച് വർദ്ധിച്ച്, ഭൂമിയുടെ ആദ്യകാലികാവസ്ഥ തന്നെ എത്രമാത്രം ആശ്ചര്യജനകമായിരുന്നെന്നുള്ള സംഗതി നാം തീരെ മറന്നുപോകുന്നു. നാം ഇപ്പോൾ തന്നെ എന്തെല്ലാം തരത്തിൽ ജീവജാലങ്ങളെ നമ്മുടെ ചുറ്റും കാണുന്നുണ്ട്. ഇതൊന്നും അറിയാത്ത നമുക്ക് ഭൂമിയുടെ പഴയ സ്ഥിതിയെ കുറിച്ച് ഭൂപ്രകൃതിശാസ്ത്രജ്ഞന്മാർ പറയുന്ന അത്ഭുതങ്ങൾ വിശ്വസിക്കുവാൻ പ്രയാസമായി തോന്നുന്നു. എന്നാൽ കുറെ യുഗങ്ങൾക്ക് ശേഷം, ലോകത്തിൽ ക്രമേണ ഉണ്ടായിക്കൊണ്ടിരിക്കുന്ന പരിണാമത്തിന്റെ ഫലമായി, ഒരു കാലത്തു നാം ഇപ്പോൾ കാണുന്ന ജീവജാലങ്ങളും സസ്യലതാദികളും തീരെ നശിച്ച് പുതിയ തരം ജീവികളും ചെടികളും ഉണ്ടാകുന്നതിന്നു തെററില്ല. അക്കാലത്തും ഭൂമിയിൽ നമ്മെപ്പോലുള്ള മനുഷ്യർ ഉണ്ടായിരിക്കുന്നതായാൽ, നാം ഇപ്പോൾ കാണുന്നതായിരുന്നു ഭൂമിയുടെ സ്ഥിതിയെന്നു അറിഞ്ഞാൽ, വിശ്വസിക്കുവാൻ അവർക്കും വളരെ പ്രയാസമായിരിക്കും.

ചില മലകളിലും, കുഴികളിലും ഇപ്പോഴും കാണുന്ന എല്ല്, പല്ല് മുതലായ ചില അവശിഷ്ടസാധനങ്ങളെ പരിശോധിച്ചും, ഓരോ സ്ഥലങ്ങളിലുള്ള കല്ലിന്റെ വ്യത്യാസങ്ങളെ കണക്കാക്കിയും, ഓരോ വക ഉള്ള കാരണങ്ങളെ ഗണിച്ചും അനു

ഭൂപ്രകൃതിശാസ്ത്രജ്ഞന്മാർ കാൎയ്യാന്വേഷണം ചെയ്യുന്നത്. ഈ വക അന്വേഷണങ്ങളിൽ നിന്ന വളരെ യുഗങ്ങൾക്കു മുമ്പ് ഈ ഭൂമിയുടെ സ്ഥിതി എന്തായിരുന്നു എന്ന് എന്താണെന്ന് സ്പഷ്ടമായി അറിയാറായിട്ടുണ്ട്.

ജ്യോതിശ്ശാസ്ത്രവും ഏതാണ്ട ഭൂപ്രകൃതിശാസ്ത്രത്തിനെപ്പോലെതന്നെ ആകുന്നു. ഇതരഗോളങ്ങൾ ജീവജാലങ്ങൾക്ക് അധിവസിക്കത്തക്കതാണോ എന്ന ആധുനികവിഷയമാണ് ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധക്ക് ഇയ്യിടെ ഇത്രയും വിഷയീഭവിച്ചിട്ടുള്ളത്. നാം ആകാശത്തു കാണുന്ന അന്യഗോളങ്ങളിൽ ജീവികളുണ്ടെങ്കിൽ അവയെ അടുത്ത് സൂക്ഷ്മമായി പരിശോധിക്കുവാൻ നമുക്ക സാധിക്കുകയില്ലെന്നു നിൎവ്വിവാദം തന്നെ. അവയുടെ ആകൃതിയെയും സ്വഭാവത്തെയും പൂൎണ്ണമായി ആലോചിച്ച് നമ്മുടെ മനോരാജ്യങ്ങൾക്കെങ്കിലും വെളിപ്പെടുത്തിക്കാണിക്കുവാനും പ്രയാസമാണ്. ചില ഗോളങ്ങൾ അത്യന്തം സൂക്ഷ്മമേറിയ ദൂരദർശിനികളിൽ കണ്ണാടികൊണ്ടും കൂടി നല്ലവണ്ണം കാണുവാൻ കഴിയാത്ത വിധത്തിൽ അത്ര അകലത്താണ്.

എങ്കിലും, നാം അധിവസിക്കുന്ന ലോകത്തെപ്പോലെ തന്നെ അത്യന്തം സൂക്ഷ്മതയോടുകൂടി പരിപാലിക്കപ്പെടുന്നവയും, എത്രയും മനോഹരമായ വിധത്തിൽ സൃഷ്ടിക്കപ്പെട്ടവയും ആയ മറ്റു "ലോകങ്ങൾ" ഉണ്ടെന്നുള്ളതിന് മതിയായ ലക്ഷ്യങ്ങൾ നമ്മുടെ ചുറ്റും നോക്കിയാൽ തന്നെ ധാരാളം കാണാം.

അതുപോലെ, നമ്മുടെ ഭൂമിയെക്കാൾ എത്രയോ ആയിരം ഇരട്ടി വലിപ്പമുള്ള അനേക കോടി ഗോളങ്ങളുണ്ടെന്ന നാം അറിയുന്നു. അവയോടടുത്തു നോക്കിയാൽ നമ്മുടെ ഈ ഭൂമി കടൽത്തീരത്തിലെ ഒരു ചെറിയ മണൽത്തരിപോലെ അത്ര നിസ്സാരമായതാകുന്നു. നിശ്ചയിക്കപ്പെട്ടിട്ടുള്ള മാൎഗ്ഗങ്ങളിന്മേൽ ചുററിത്തിരിഞ്ഞുംകൊണ്ട്, വിശ്വസിക്കുവാൻ വയ്യാത്ത വലുതായ വേഗത്തോടുകൂടി, ആകാശമാൎഗ്ഗത്തിൽ അവയെല്ലാം അനവരതം ഓരോന്ന സഞ്ചരിക്കുന്നു. അവയിലെല്ലാം നമുക്കുള്ളപോലെ തന്നെ, ദീൎഘവൃത്തകവ്യത്യാസമുണ്ടെങ്കിലും, രാവും പകലും ഉണ്ടെന്ന നാമറിയുന്നു. രാത്രികാലങ്ങളിൽ നമ്മുടെ ആകാശം ചന്ദ്രമണ്ഡലത്താൽ പ്രകാശിക്കപ്പെടുന്നതുപോലെതന്നെ, ആ ഗോളങ്ങളിലെ വിസ്താരമേറിയ ആകാശങ്ങളും അവയുടെ ചുററും പരിവൎത്തനം ചെയ്യുന്ന "ചന്ദ്രന്മാരിൽ" നിന്നും ശോഭയേല്ക്കുന്നു. ഇതും പോരാ. നമ്മുടെ ഭൂമിയെക്കാൾ വളരെ ലക്ഷം ഇരട്ടി വലിപ്പമുള്ള 'സൂൎയ്യൻ' തന്നെ അപരിമിതമായ ആകാശത്തു അതിലും വലുതായ അന്യഗോളങ്ങളുടെ ഇടയിൽ ഒരു ചെറിയ 'പൊട്ട്' മാത്രം ആയിരിക്കുന്നു. നമ്മുടെ സൂൎയ്യന്റെ ചുററും അനേകം ഗ്രഹങ്ങൾ ചുററിത്തിരിയുന്നതുപോലെതന്നെ, അതിനെ നിസ്സാരമാക്കിച്ചെയ്യുന്ന അന്യ "സൂൎയ്യന്മാ"രുടെ ചുററും അനേകം ഗ്രഹങ്ങൾ പരിവൎത്തനം ചെയ്യുന്നുണ്ട്.

ആധുനികജ്യോതിശ്ശാസ്ത്രത്തിന്റെ രഹസ്യങ്ങൾ പൊതുജനസമക്ഷത്തിൽ പ്രവേശിച്ചതിന് എത്രയോ മുമ്പുതന്നെ, കവി ഗ്രന്ഥകൎത്താക്കളായിരുന്ന പലരും നാം കാണുന്ന ഗോളങ്ങൾക്കും നമ്മുടെ ഭൂമിക്കും തമ്മിലുള്ള അന്യോന്യസംബന്ധങ്ങൾ അറിയുന്നതിന ശ്രമിച്ചിരുന്നു. യവനപണ്ഡിതാഗ്രേസരന്മാരിൽ പ്രധാനികളായ "അ

ശാസ്ത്രജ്ഞന്മാർ" "പൈതഗോറാസ്" മുതലായ വിദ്വാന്മാരായിരുന്നു 'അന്യഗോളങ്ങൾ' എന്നുള്ള വിഷയം നല്ലവണ്ണം പഠിച്ചിരുന്നു. പിന്നീടും 'ഗലീലിയോ' 'ന്യൂട്ടൻ' മുതലായ പല മഹാന്മാരും ഈ രസപ്രദമായ വിഷയത്തെക്കുറിച്ച് ആലോചിക്കയും ഓരോ നൂതനതത്വങ്ങൾ കണ്ടുപിടിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാലത്തും ഈ വിഷയത്തിൽ പലരും അനൈകമത്യമായ പ്രതിപത്തി കാണിച്ചുവരുന്നുണ്ട്.

നൂതനസാമഗ്രികളുടെ ആവിർഭാവത്തോടുകൂടി ശാസ്ത്രത്തിന് അഭിവൃദ്ധി സിദ്ധിച്ചു. അതോടുകൂടി വിഷയത്തിനു രസപ്രതിയും വന്നു. എത്ര ആയാലും പഴക്കമേറിയതും എന്നും പുതുതായിരിക്കുന്നതും ആകുന്നു ഈ വിഷയം. അടുത്ത കാലത്തുണ്ടായിട്ടുള്ള സകലവിധ ശാസ്ത്രീയപരിഷ്കാരത്തിനോടും ഈ ശാസ്ത്രാഭിവൃദ്ധിക്കു ഗാഢമായ ഒരു ബന്ധവും ഉണ്ട്. ജ്യോതിശ്ശാസ്ത്രജ്ഞന്മാർ പുതുതായി കണ്ടുപിടിക്കുന്നവയെല്ലാം വളരെ രസപ്രദമായവയാണ്. എന്നാൽ ആവക ആലോചനകളും ഇതരഗോളങ്ങളിൽ ജീവികൾക്ക് അധിവസിക്കത്തക്കതാണോ എന്ന കാര്യത്തെപ്പറ്റി ആയതുകൊണ്ടാണ് പൊതുജനങ്ങൾക്ക് അതിൽ അധികമധികം രസവും തോന്നുന്നത്.

മുപ്പതോ അമ്പതോ കൊല്ലങ്ങൾക്കു മുമ്പ്, നവഗ്രഹങ്ങളിലും നക്ഷത്രമണ്ഡലങ്ങളിലും ജീവികൾ അധിവസിക്കുന്നുണ്ടോ എന്നു അറിയുവാൻ ഉത്സാഹിച്ച മഹാന്മാരെക്കാൾ, ഇന്നുള്ള നമുക്കു അതിനു വളരെ എളുപ്പമുണ്ട്. അതുകൊണ്ടു അഭിവൃദ്ധി ഈ അടുത്ത കാലത്തു വളരെ ഉണ്ടായിട്ടുണ്ട്. അന്യഗോളങ്ങളെ നമ്മുടെ ഭൂമിയോടുകൂടിയോ, അല്ലെങ്കിൽ സൂര്യഗോളത്തോടുകൂടിയോ താരതമ്യപ്പെടുത്തുന്നതുകൊണ്ട് എത്രയോ കോടിയോജന അകലത്തിരിക്കുന്ന നക്ഷത്രങ്ങളുടെയും ശുദ്ധി യഥാർത്ഥസ്ഥിതി അറിയുന്നതിനു പ്രയാസമില്ലാതായിരിക്കുന്നു. ഇതരഗോളങ്ങളിലെ ജീവികളെ പറ്റി പ്രതിപാദിക്കുന്നതിന് നമ്മെ എത്രയും സഹായിക്കുന്ന പല മുഖ്യസംഗതികളും ഭൂമിയിൽ നിന്നുതന്നെ നാം ഇപ്പോൾ പഠിച്ചിരിക്കുന്നു. നാം നമ്മുടെ ചുറ്റും കാണുന്ന സ്ഥാവരജംഗമവസ്തുക്കൾക്കെല്ലാം അന്യോന്യമുള്ള അതിശയ വ്യത്യാസങ്ങളും, ഓരോ ദേശത്തുള്ള "അധിവസിക്കുന്ന ജീവികളുടെ തങ്ങളിലുള്ള വ്യത്യാസങ്ങളും, സൗരസിദ്ധാന്തഗ്രഹമണ്ഡലത്തിലെ ഓരോ ഗോളങ്ങൾക്കും തമ്മിലുള്ള സാദൃശ്യ ഭേദങ്ങളും വിവിധവ്യത്യാസങ്ങളും നാം ഇപ്പോൾ അറിഞ്ഞിട്ടുണ്ടെങ്കിലും ആദ്യമായി ജ്യോതിശ്ശാസ്ത്രപഠനത്തിൽ ഏർപ്പെട്ടവരായിരുന്ന പണ്ഡിതന്മാർ ആവകയൊന്നും ബുദ്ധിഗോചരമായിരുന്നില്ല.

ഇപ്പോൾ നമ്മുടെ ഈ 'ലോകം' കൂടാതെ മറ്റനേകം 'ലോകങ്ങൾ' വേറെയും ഉണ്ടെന്നു സുവ്യക്തമായിരിക്കുന്നു. അവയിൽ മിക്കതും നമ്മുടെ ഭൂമിയോടു ആകൃതിയിലും പ്രകൃതിയിലും തുല്യതയുള്ളതാണെന്നും തീർച്ചയായിരിക്കുന്നു. അവയിൽ ജീവികൾ അധിവസിക്കുന്നുണ്ടോ എന്നു ആലോചിച്ച് ഇതിനും വളരെ കാലമായി. "ചൊവ്വയിൽ" നമ്മെപ്പോലുള്ള മനുഷ്യരും നാം കാണുന്ന തരത്തിലുള്ള പക്ഷിമൃഗാദികളും വൃക്ഷലതാദികളും ഉണ്ടെന്നു ഏകദേശം തീർച്ചപ്പെടുത്തിട്ടുണ്ട്.

ഇപ്രകാരം നവീനമായി നമുക്കു അറിയുവാൻ സാധിച്ചിട്ടുള്ള സംഗതികളുടെ അനുസരണം ശരിയാംവണ്ണം ധരിക്കുവാൻ

സാധിക്കാതിരുന്നാൽ കൂടി അവരെ സമാധിയായിട്ടുള്ള രസം പോകുന്നതല്ല. എന്നുമല്ല "സൌരസിദ്ധാന്ത ഗ്രന്ഥങ്ങ"ളിൽ ആകപ്പാടെയും ഓരോ ഗ്രന്ഥങ്ങളിലും പ്രത്യേകിച്ചും കാണുന്ന ആന്തരമായും ബാഹ്യമായും ഉള്ള വ്യത്യാസങ്ങളെയും യോജിപ്പുകളെയും പൂൎണ്ണമായി വെളിപ്പെടുത്തുന്നതിനു ഈ മേല്പറയപ്പെട്ട കണ്ടുപിടുത്തങ്ങൾ വളരെ ഉതകുന്നതാണ്. ഈ പരമാൎത്ഥം ആലോചിച്ചുംകൊണ്ട് മേല്പറയപ്പെട്ട സംഗതികളെ സൂക്ഷ്മതയോടെ പഠിക്കുന്നതായാൽ മാത്രമേ അവയുടെ പരമമായ രഹസ്യവും രസവും പൂൎത്തിയായറിയാറാകയുള്ളു. നമ്മുടെ അറിവ് വൎദ്ധിക്കുംതോറും, അറിയപ്പെട്ടതു വളരെ കുറച്ചും ഇനിയും അറിവാനുള്ളത് എത്ര അപരിമിതവും ആണെന്നുള്ള ബോധവും നമ്മിൽ വൎദ്ധിക്കുന്നു. പണ്ഡിതാഗ്രേസരനായ "ന്യൂട്ടൻ" പറഞ്ഞപ്രകാരം, 'ജ്ഞാന'മാകുന്ന വലിയ സമുദ്രം മുമ്പിൽ കിടക്കുന്നു. നാം അതിന്റെ വക്കത്ത് തൊണ്ടുകൾ പെറുക്കി നടക്കുന്ന കുട്ടികളെപ്പോലെ മാത്രമേ ഉള്ളു. എങ്കിലും നമുക്കു സിദ്ധിച്ചിട്ടുള്ള അറിവിന്റെ മാഹാത്മ്യത്തിനു കുറവു വരുന്നില്ല. അതിൽ നമുക്കുള്ള അഭിമാനത്തിനും രസത്തിനും ഭംഗവും വരുന്നില്ല. നേരെ മറിച്ച് അറിയുവാൻ സാധിച്ചതിൽ അഭിമാനത്തോടും അറിയപ്പെടേണ്ടതായവ അനേകമാണെന്നും ആയുസ്സ് ക്ലിപ്തമാണെന്നും ഉള്ള ബോധത്തോടുംകൂടി നാം ഇനിയും അശ്രാന്തം ജ്ഞാനസമ്പാദനത്തിനു ശ്രമിക്കേണ്ടതാകുന്നു.

പുത്തേഴത്ത് രാമമേനോൻ

തെങ്കൈലനാഥോദയം

പ്രബന്ധം (തുടൎച്ച)

[illegible]

(൩)

[illegible]

(൪)

[illegible]പാരെ ടുന്നനാലസ്തൂക്ഷ്മംശിലാനികാശം
നിഷ്പന്നമൈക്ഷതമഹാവിരോചഹാരമ്യം.
പൊട്ടുന്നരശ്മണ്ണംകൊണ്ടുദിതമണ്ഡപാ-
ത്തോരണനേത്രയുള്ളപ്പും
അസ്തിന്നവപ്രഭയേളൂ കലരണിചി-
ഞ്ഞ പവ [illegible]
ട്ടുള്ള ചിത്രമപ്പോഴിലൈവാട്ടവത്തണോ
വാർലിനാളുമനീക്കി
പുഷ്പമോഗംസകനാനസമമഹദ്ദളം
ഉത്തലംഭൂമിരേഖ്യം
തനിഷ്ഠകലൊപ്പുന്നന്തനാന[illegible]വ്യവാരാ-
ന്നിധിമനാചാരസമ്പൽസംഗതിംഗ്ലമിരാഗം
സമയമനുഷ്കൊട്ടുന്നുകർമിണാം ഭൂസുരാണാം
മുമേധികമിയന്നുസദ്ദലോകാന്യഥാനീം
ആകുളാംതെക്കകന്യാകമർവിലൊള്ളതി-
ട്ടുന്നാല്യത്വംവടക്ക-
ല്ലോകക്കുത്തൊളുമസ്യാപകൽപെരുകിന-
സ്യപാമ്പ്രയാണ്ടോയോഗേ (സ്വമ്മ
വാർകൊള്ളുംകോകണാഭ്യനതിതിമഹി
മാൽഗുമെപ്രൊഡ്ഡതം (തം-
ഭോഗ ശ്രീലൊണീയംജനപദമൊരുതി-
പ്പാവസന്ദ്രസ്സുദ്രോ

കഥമിനകഥയൊരുകോക
ണാങ്ക്യമാതപമിഭേദം പൊൽകൊ
ണ്ടിടിനതെക്കംഗദേശയിലെതന്നെയാഭേനമി
തിക്കംനിതപമപാവമായ്മ ക്ലൊചിത
യെനീളവസിക്കുള്ളിസ്ഥാനത്തമ ഭോഗസ
മീപസമീപവിതൽഗതസുരഭസാധം ത
ടവിഭാവിച്ചടിതാള്ളുടരപ്രകരിം പ
വനാവിലോലിതമംഗളരാജതം ഗംഗീരാ
പ്രൊരാമഹാനാഥിനാം പൃണ്ണിതബഹ്മാ
വിധധീതകർണ്ണാ വക്കസമയനലാതള്ള
യനാ സപഞ്ചമൽട്ടതമരപകന്നിംബവി
ഡംബിതശേഷഭാസ്യേദ കലശസർവ്വേപ
ത്മഹികാഭോഗാ നിയമകഹസവമം
[illegible]

ഗ്രഹകൃത്യപവിത്രിത മന്ദായവളമിള്ളവ
സപാദേകമൂലക പൂണ്ണാ പൃൺീതട്ടിനിയുമ
ല്ലാസണത്തൊട പുഷ്പ്പാപഗയും മാവ മിവണ്ണും
ഭേദ്യരക്ഷാമോരോ പുണ്യവദനിവരിമാ
ഗം നിമ്മനിനതകമോലാകരസദ്ദക്കുക
ളുംഗമവല്ലീരക്ഷാപനാസപ്രതിമിതി സു
മഗംരാവുകനാവഷീതമുളതലമനോ പാവ
നമെത്തുന്നാവനാവ സസ്യശ്രേണിഘരിത
നികൊളുമണിതനന്ദിമാത്രകമാം കേദാര
സ്ഥലനിവഹമനോഹര മക്കീണ്ണതി, ഖ
ക്കീവല്ലൂര സന്നിധികൊണ്ടതി ധന്യാഭോ
ഗം ചൊല്ലുന്നീടിന വിലപാചലമാംകല്യാ
ണസ്ഥലമരകിയവല്ലൂല തീത്ഥമിയാളിത
മരപമമഹിജനാർദ്ദനസദനം ഭോഗസ്യ
ഗണേശസ്വാഗം പിതൃജനസന്നിധി മമ
നീയാ മരവിണസംശീലതലമണിതമാ
ഗം പാപവിനാശിനിമുതലാതസ്ഥിത പാ
വനതീത്ഥവിളക്കിതം പ്രത്യമത്തിങ്കൽ
മപഗതവിലയം ഹരഹര ചിത്രം വൈക
സ്ഥാപ്പി മുമ്പമരവേതാനിപ്രിയമുടെച്ച സു
ചരിതംഗളും ധാത്രീക്ഷേത്രവുമിതം മൂന്നാ
യതയും ദിവ്യക്ഷേത്രം കൊണ്ടഗരീമപാ
ത്രം മദ്ധ്യമദ്ദു പുത്രൂതാസ്തീണ്ണസമൃദ്ധിക
ൾക്കിടയിൽ പുണ്യക്ഷേത്രശ്രേണികൾ
കൊണ്ടും സമധീതാഗമവിമൽഭൂമിപുത്രത്മ
ലിടയിത പങ്കജമോദിക്രിയചെയ്യവിമത
സഞ്ചിതസുചരിത രാശികളു ലഭ്യാമര
ഭോഗമഹാനിധയെകനി സ്വകവൈദ്യരി
പൂരിതമാൽ പാരത പൂണചതുഷ്ഷഷ്ടി മ
ഹാഗ്രഹവിത്തിസമൃദ്ധികൊണ്ടും പെരി
കപ്പെരികവിചിത്രാഭോഗം ധർമ്മ
കൊണ്ടുളസ്ഥാനം പാവനതായാ ജീവന
സാധന മരചാരണാഭ്യസഗ്രം ഖ
സാഗരിനാവസനസ്ഥലി നിർമ്മതായാ
സമിനികേതം മന്ദ്രാരകോതമന്ദധാരം
കിംബഹുവാചാപാപ്യകോലിന തൽമ്മ

ന്നവെവരെക്കോർത്തോവും വാക്യവിസ്തരം.
ഇതസ്സുഖിന്നുയിർകാർമ്മനാമേനമോ!-
ഹ്യഗ്രന്ഥികൃത്യാത്മ
മായംപൂട്ടാത്ത ചുണ്ണാമ്പടിച്ചൊരുപടിപാ-
ലിപ്പത്തിനാപ്പെടും
സ്വയംകല്പിച്ചുസൂര്യാനാപായകലത്തിലകം
കേരളിമാധ്യമാരെന്തും
കോലപ്രീത്യാജ്ഞാവീപതിപാദിപാമനാ-
ത്മാപ്രഭാവമേറ്റിമാറ്റിൽ.

കൈലാസത്താഴരയോടുപ്രകൃതിപുരോഗമാ-
ജനകരെനിന്നിടിക്കൈയ്യു-
രാലക്ഷ്യപ്രകാശിപ്രണയതാഗ്രമതി-
പ്രകൃതിമെയ്യുപ്പുരോഗ
മേലമേലവനാങ്ങളിതൊത്തുസചിവയ-
ദിച്ചുവർത്തമാകടനാ-
മാലാകശ്ശാലയനാംഭസ്തിമണികുമാ
പ്രാപനാലേഖകലേ:

(തുടരും)

ലോകഗതി

"ലോകഗതി" എന്ന വാക്കിനു പൊതുവിൽ ധരിച്ചുവരുന്ന അർത്ഥം 'കാര്യവാസന' എന്നാണ്. ആ അർത്ഥം എങ്ങിനെയാണ് ഉണ്ടായതെന്നോ ഉണ്ടാകുന്നതെന്നോ വിവരമില്ല. എന്നാൽ, ലോകങ്ങളുടെ ഗതി; അതായത് ജനങ്ങളുടെ പോക്ക് എന്നർത്ഥത്തിൽ അതിനെപ്പററി അല്പം ആലോചിക്കേണ്ടതാണ്.

കാലഗതി, ലോകഗതി, ഇങ്ങിനെ രണ്ടു ഗതികളും ജനങ്ങളുടെ ഇടയിൽ സുപ്രസിദ്ധമാണ്. ഈ രണ്ടു ശബ്ദങ്ങളുടെയും അർത്ഥം ഒന്നാണെന്നു ധരിക്കുന്നവരും അവകളെ ഉപയോഗിച്ചുവരികയും ചെയ്യുന്നുണ്ട്. വാസ്തവത്തിൽ ഇവ രണ്ടും രണ്ടായിട്ടുതന്നെയാണ് വിചാരിക്കേണ്ടത്.

കാലത്തിന്റെ ഗതിയെ കണക്കാക്കുവാൻ നാം ചില ഉപായങ്ങളൊക്കെ കണ്ടുപിടിച്ചിട്ടുണ്ട്. നാഴികയും, ദിവസവും, കൊല്ലവും മറ്റും കാലത്തെ അളക്കുവാനുള്ള ഉപകരണങ്ങളാണല്ലോ. ഇപ്രകാരം ലോകഗതിയെ അളക്കുവാൻ നമുക്കു യാതൊരു മാർഗ്ഗവുമില്ല. കലിയുഗം തുടങ്ങിയിട്ടു ഇപ്പോൾ കൊല്ലം എത്ര കഴിഞ്ഞുവെന്നു നമുക്കറിയാം. ലോകഗതിയിൽ നാം ഇപ്പോൾ ഏതൊരു പദവിയിലാണ് എത്തിട്ടുള്ളതെന്നു പറവാൻ സാധിക്കയുമില്ല. മലയാളവർഷം തുടങ്ങീട്ടു ഇപ്പോൾ 1086-കൊല്ലം കഴിഞ്ഞു. ഈ കാലത്തിനുള്ളിൽ മലയാളികളുടെ ഗതിയിൽ ചില മാറ്റങ്ങളെല്ലാം വന്നിട്ടുണ്ടെന്നു നമുക്കറിയാമല്ലോ. പക്ഷെ നാം എത്തേണ്ടുന്ന സ്ഥാനം ഏതാണെന്നും, ആ സ്ഥാനത്തിലേക്കുള്ള വഴിയിൽ നാം എത്ര ദൂരം എത്തിട്ടുണ്ടെന്നുമാണ് ആലോചിക്കേണ്ടത്.

കാലഗതി, തിരിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ചക്രവും നാം അതിനോടുകൂടി ചുറ്റിത്തിരിയുന്നവരും ആകുന്നു. ഈ സ്ഥിതിക്കു ചക്രത്തിന്റെ ചുറ്റളവു നമുക്ക് എത്തേണ്ടുന്ന സ്ഥാനത്തിലേക്കുള്ളതുവഴിയാണെന്നിരിക്കിലില്ലാത്ത ചക്രം ഇത്രപ്രാവശ്യം തിരിയുമ്പോൾ നമുക്കെത്താം. സ്ഥല

ത്തെത്തിച്ചേരുന്നു എന്നതിനെപ്പറ്റി അവർക്കറിവില്ലല്ലോ. ചക്രമെന്ന പദത്തിനു കാലഗതിയാണല്ലോ. ഇതിന്റെ ഒരു കണക്ക നിശ്ചയമുണ്ടെങ്കിൽതന്നെയും നമ്മുടെ പ്രാപ്യസ്ഥാനത്തിനെത്തന്നെ തിരിയാതെയാണ് ലോകം മുഴുവനും കഴിയുന്നത്. ഈ സ്ഥാനത്തെ അറിഞ്ഞറിയുന്നതു നമ്മുടെ ജീവിതോദ്ദേശ്യത്തിൽ കാണുകയാൽ വിദ്വാന്മാരെന്നും പൊതുജനങ്ങളെന്നും മറ്റുമുള്ള വ്യത്യാസംകൂടാതെ എല്ലാവരും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

ലോകഗതിയെപ്പറ്റി ശരിയായ ഒരറിവു കിട്ടണമെങ്കിൽ ആ ഗതിയിൽ പങ്കുകൊള്ളുന്ന മാതൃകങ്ങളുടെയും ഗതിയെപ്പറ്റി അവരവർ തന്നെ സൂക്ഷ്മമായി പരിശോധന നടത്തണം, അതിന്റെ ശേഷം സ്വകുടുംബങ്ങളുടെയും, പിന്നെ ഗ്രാമങ്ങളുടെയും, പിന്നെ ദേശങ്ങളുടെയും ഇങ്ങിനെ, സ്വസാമ്രാജ്യം വരെ പിന്നെ അയൽ സാമ്രാജ്യങ്ങളുടെയും ഗതിയെ നല്ലവണ്ണം പരിശോധിച്ചറിഞ്ഞ് ഇപ്രകാരം എല്ലാവരുടെയും ഗതി (അതായത് ലോകഗതിയുടെ പ്രധാനോദ്ദേശ്യം) പ്രാപ്യസ്ഥാനമെന്ന കരുതി എല്ലാവരും അവിടം പ്രാപിക്കുവാൻ ബദ്ധശ്രദ്ധന്മാരായിട്ട് അതിലേയ്ക്കു യത്നം ചെയ്യണം.

ബ്രഹ്മാദിപിപീലികാപര്യന്തം അതായത് സൃഷ്ടികർത്താവുമുതൽ ഉറുമ്പുവരെയുള്ള സകലജീവികൾക്കും ആഗ്രഹം സുഖമായിരിക്കണമെന്നാണ്. ഈ സുഖം കിട്ടണമെന്ന കരുതിയാണ് സർവ്വരും പ്രയത്നിക്കുന്നതും, കാലചക്രത്തിൽക്കൂടി യാത്ര ചെയ്യുന്നതും. ആ സുഖസ്ഥാനത്തിലെത്തുവാനാണെന്നാണ് നിശ്ചയിക്കേണ്ടത്. സുഖാനുഭവമെന്നത് പലർക്കും പലവിധത്തിലാണെങ്കിലും അതൊക്കെയും വിഷയംകൊണ്ടു ഭിന്നങ്ങളെന്നല്ലാതെ സുഖത്തിന്റെ നാനാത്വം സിദ്ധിക്കുന്നില്ല. അതിനാൽ സർവ്വസാധാരണമായ "സുഖ"ത്തെ മാത്രം അടിസ്ഥാനപ്പെടുത്തി അത് എന്തുവിധമെന്നും അതിനുള്ള മാർഗ്ഗമെന്തെന്നും ആലോചിക്കുക:—

1. ദുഃഖമുള്ളവരായി ലോകത്തിൽ ആരും ഉണ്ടാകാതിരിക്കുക.

2. ദാരിദ്ര്യമെന്നും ക്ഷാമം കൂടാതെ സുഭിക്ഷമായിരിക്കുക.

3. ഭയമെന്നത് ഒരാളും അറിയാതിരിക്കുക.

4. രോഗവ്യാധികൾ ആരെയും ബാധിക്കാതിരിക്കുക.

ഇപ്രകാരം സമാധാനസ്വരൂപമായ ഒരു സുഖാവസ്ഥയെ എല്ലാവരും ആഗ്രഹിക്കുന്നതാണ്. ഇതാണ് നമ്മുടെ 'ഗോൾ' അല്ലെങ്കിൽ 'പരമപദം' എന്ന പറയുന്നത്. ഈ പരമപദത്തിൽ എത്തിച്ചേരുവാനായി നാം യാത്ര ചെയ്യുമ്പോൾ നമ്മുടെ ഇടയിൽ തന്നെ പലതും അഭിപ്രായവ്യത്യാസം നിമിത്തം നിസ്സാരങ്ങളായ ചില സംഗതികളിൽ കൂടി നമ്മുടെ യാത്രക്ക് അപകടങ്ങളുണ്ടാക്കുന്ന പ്രതിബന്ധങ്ങൾ വരുത്തുവാനിടയുള്ളതാകയാൽ കഴിയുന്നിടത്തോളം ഐകമത്യം സമ്പാദിപ്പാനാണ് ആലോചിക്കേണ്ടത്. ഐകമത്യമില്ലായ്മയാലും അഭിപ്രായവ്യത്യാസത്താലും ഉണ്ടായിട്ടുള്ള അനേകസംഭവങ്ങളും നമുക്കറിവുള്ളതാണല്ലോ. വിശേഷിച്ചു ഇന്ന്, യൂറോപ്യൻകോയ്മകളുടെ അയൽവക്കക്കാരനായിരുന്നിട്ടും യൂറോപ്യൻകോയ്മകൾ തങ്ങളുടെ ഒപ്പം ഇണങ്ങിയ കൂട്ടാതെ ലോകയാത്രക്ക് പുറപ്പെടുക കാരണമായിട്ട് ഇപ്പോൾ ഇതാ സുഖത്തിനും ജീവനാശത്തിനും ഇടവരുത്തുകയും സമാധാനത്തെ

ട്ടുകൂടിയുള്ള ഗതിയിൽ വിഘ്നത്തെ വലി പ്പിക്കുകയും ചെയ്യുന്നു. ഇതു സാമ്രാജ്യ ങ്ങളിൽ മാത്രമുള്ളതാണെന്നല്ല. ഒരു രാജ്യ ത്തുള്ള പലതരക്കാരായ ജനങ്ങളുടെ നട പടി നോക്കിയാലും ഈ വക സാദൃശ്യ ങ്ങൾ അനവധിയും കാണാവുന്നതാണ്. മലയാ ളത്തിൽ തന്നെ ജാതിക്കാരുടെ കാര്യം തന്നെ നോക്കാതെ മേൽജാതിക്കാർ ലോക യാത്ര ഇടഞ്ഞുക നിമിത്തം ഇപ്പോഴും ഏറ്റ കുഴപ്പത്തിൽ പെട്ടിരിക്കുന്നു. താണ ജാ തിക്കാരിൽ ഓരോ വർഗ്ഗക്കാരും ഒത്തൊരു മിച്ചു സമാജങ്ങൾ ഏർപ്പെടുത്തി സംഘ പരിശ്രമം തുടങ്ങിയിരിക്കുന്നു. മേൽജാതി ക്കാരെന്നും കീഴ്ജാതിക്കാരെന്നുമുള്ള ഭേ ദഭാവനയും പരസ്പരമുള്ള മത്സ രത്തിനും അവിശ്വാസത്തിനും ഇടയാക്കു കയും അതിനാൽ നാം ഇച്ഛിക്കുന്ന സ്വ സമാധാനപ്രാപ്തിക്കു വിഘ്നങ്ങൾ നേരിടുകയും ചെയ്യുന്നു.

ലോകയാത്രയുടെ വഴി ഏറ്റവും വി തികെട്ടതല്ല, എല്ലാവർക്കും സുഖമായി യാത്ര ചെയ്യാൻ സാധിക്കാത്തതുമാകയാൽ ഏതാനും ചിലർ മുൻകടന്നു പോകാതെ നിവൃത്തിയില്ല. എന്നാൽ മുൻകടന്നു പോ കുന്നവർ പിന്നിലുള്ളവരെ തങ്ങളുടെ ഒ പ്പം കൊണ്ടുപോകേണ്ടതിനും, പിന്നിലു ള്ളവർ, മുൻകടന്നവരോടൊപ്പം തങ്ങളും എത്തേണ്ടതിനും വിചാരിക്കേണ്ടതാണ്. ഇതിനാണ് സഹോദരസ്നേഹമെന്നു പറ യുന്നത്. ഇതു മനസ്സാക്ഷികളായ നമ്മുടെ ഇടയിൽ ഇല്ലാത്തതിനാൽ നാം ലോകഗ തിയിൽ എത്രയോ പടി താഴെയാണ് നി ല്ക്കുന്നതെന്നു ആലോചിച്ചാലല്ലേ അറിയു ള്ളൂ. നമ്മെ നന്നാക്കേണ്ടതെന്നു അന്യനാ ണ് എന്നാം വിചാരിച്ചുകൊണ്ടായില്ല; ന മ്മൾ നന്നായിരിക്കേണമെന്നുള്ള ആഗ്ര ഹം ഉണ്ടായിരിക്കണം. ലോകഗതിയിൽ നമ്മെ മുമ്പേക്കിക്കാൻ അന്യരാജ്യക്കാ ർ ഏതുപ്രകാരം സാധിച്ചു എന്നാലോചി ച്ചറിഞ്ഞു നാമും അനുസരിച്ച് മാറ്റങ്ങ ൾ വരുത്തേണ്ടിയിരിക്കുന്നു. ഇതിനു, സ്ഥി രോത്സാഹം, ഐകമത്യം, സഹകരണം, മ നശ്ശുദ്ധിയായ സത്സ്വഭാവങ്ങളുമാണ് ഉപ കരണങ്ങളായി നാം ശ്രദ്ധ സമ്പാദിക്കണം. അതിനൊന്നിച്ചു സമ്പൂർണ്ണസ്നേഹവും സ്വ ഉണ്ടാകണം. സമുദായത്തിൽ ഏതിലെങ്കിലുമുള്ള വർക്ക് നിരന്തരമായി പരിശ്രമിച്ചുകൊണ്ടു മിരിക്കണം. അതാണ് നമ്മുടെ കർത്തവ്യകർമ്മം. നമ്മുടെ പൂർവികന്മാർ ലോ കഗതിയെ അറിയാനായി നമുക്ക് തന്നിട്ടു ള്ള ഉപദേശങ്ങളിൽ ഏറ്റവും വിലയേറി യ ഒന്നിനെ താഴെ ചേർത്തുകൊണ്ടു തൽ ക്കാലം വിരമിക്കട്ടെ.

കഃകാലഃകാനിമിത്രാണി
കോദേശഃകൗവ്യയാഗമൗ
കശ്ചാഹംകാചമേശക്തി-
രിതിചിന്ത്യംമുഹുർമുഹുഃ

N. K. V.

കണ്ണിപ്പറമ്പിലെ കൊലപാതകൻ

(എം. ആർ. കെ. സി.)



ചീക്കലോടൻ കുഞ്ഞുർനായരെ അറിയാത്തവർ കിഴക്കെ ഏറനാട്ടും കോഴിക്കോട്ടും അധികം ഉണ്ടായിരുന്നില്ല. കണ്ണിപ്പറമ്പ് കളപ്പുരയും സ്വത്തുക്കളും ഒന്നും വലതിയ മുതലല്ല. കുഞ്ഞുർനായരുടെ പേർ എല്ലാവരും കേട്ടുതുടങ്ങിയിരിക്കുന്നു. കള്ളന്മാരുടെയും ഗുണ്ടന്മാരുടെയും അധിപസമ്രാട്ടാണെന്ന് നാട്ടുകാരും ശ്രുതിപ്പെട്ടുണ്ടും, കുട്ടികളെ ഭയപ്പെടുത്താൻ അമ്മമാർ 'അമ്മന്തർകോടൻ' ഉപയോഗിക്കാറുള്ള കണ്ണിപ്പറമ്പ് കടവും കുന്നിന്മേലുള്ള കളപ്പുരയും, അതിന് ചാരത്തുള്ള ചുള്ളിക്കാടും എന്ന് പറഞ്ഞു കേൾക്കുമ്പോൾ ഞടുങ്ങാത്തവർ കണ്ണിപ്പറമ്പ് പ്രദേശത്തുണ്ടായിരുന്നില്ല. ചാത്തപ്പണ്ണിക്ക് കണ്ണിപ്പറമ്പ് കളപ്പുരയിൽ താമസിച്ചിരുന്ന കാലത്ത് അദ്ദേഹത്തെയും, രണ്ടാമനായി അദ്ദേഹത്തിന്റെ മക്കളെയും കൊന്നത് കള്ളന്മാരോ അല്ല ഗുണ്ടന്മാരോ എന്ന് മാത്രമെ സംശയമുണ്ടായിരുന്നുള്ളൂ. പിന്നെ പൊല്ലീസ്സുകാർ തിരഞ്ഞാൽ കൊലപാതകനെ എങ്ങിനെ കാണും? ഈ കൊലക്കേസ്സും വേറെ രണ്ടുമൂന്ന് മരണങ്ങളും കൂടെ കണ്ണിപ്പറമ്പ് കളപ്പുരയിൽ വെച്ചു കഴിഞ്ഞപ്പോൾ ഈ സ്ഥലത്തിന്റെ പേര് നാടെങ്ങും മുഴങ്ങിത്തുടങ്ങി. കണ്ണിപ്പറമ്പ് കളപ്പുരയും സ്വത്തും കയ്യിൽനിന്ന് പോയാൽ മതിയായിരുന്നു, എന്നായി ഉടമസ്ഥന്മാരുടെ നില. ആരും താമസിക്കാത്ത പൂട്ടിയിട്ട കളപ്പുരയിൽ രാത്രികാലങ്ങളിൽ ആൾപെരുമാറ്റമുണ്ടെന്ന് സംശയിക്കത്തക്ക സ്ഥിതിയിൽ ചില ശബ്ദങ്ങളും അസമയത്ത് ചിലപ്പോൾ വെളിച്ചവും ഉണ്ടാകാറുണ്ടെന്ന് അത്യാവശ്യം ചിലർ മുക്കിലും മൂലയിലും നിന്ന് പറഞ്ഞുതുടങ്ങി. സാധുക്കളായ കണ്ണിപ്പറമ്പുകാരുടെ ശ്രദ്ധ മുഴുവനുമതിലെത്തി. സന്ധ്യ കഴിഞ്ഞാൽ പിന്നെ ഒരു കുട്ടിയെപ്പോലും ആ പ്രദേശത്തെങ്ങും വെളിയിൽ കാണാതായിത്തുടങ്ങി.

ഈ കളപ്പുരയുടെ ചരിത്രം അദ്ധ്യസനം അറിയുന്നവർ ആരെങ്കിലും ജീവനോടെ ഇന്ന് ആ പ്രദേശത്ത് ഉണ്ടായിരുന്നെങ്കിൽ അത് താഴ്ന്നായര് മാത്രമായിരുന്നു. കണ്ണിപ്പറമ്പ് കടവും, കളപ്പുരയും, താഴത്തെ പാടവും, പാടത്തിന്റെ തെക്കു കരക്കുള്ള തോട്ടങ്ങളും ഒരു കാലം കണ്ണിയറമ്പ് വീട്ടുകാരുടെ പുരാതനസ്വത്തായിരുന്നു. കണ്ണിയറമ്പ് വീട്ടുകാര് ധനികന്മാരായ ഒരു ഇടപ്രഭുക്കന്മാരായിരുന്നു. കുഞ്ഞിക്കുട്ടിനായര് തറവാട്ടിൽ കാരണവനായ മുതൽ ക്ഷയം തുടങ്ങി. ദുഷ്ടരുടെ അന്യാധീനമാകലുമൊക്കെ പിന്നത്തെ കാരണവർ താഴ്ന്നായരുടെ കൈയിൽ എത്തിപ്പാൻ കളപ്പുരക്ക് തറവാട്ട് പുരാതനതറവാടായിരുന്ന ഒരു പത്തായപ്പുരയും ഒരു കണ്ടി പറമ്പും മാത്രമെ ശേഷിപ്പുണ്ടായിരുന്നുള്ളൂ. താഴ്ന്ന

നായർക്കിപ്പോൾ എൺപതിലധികം വയസ്സ് മതിക്കും. കുറുത്തു നീണ്ട് തടിച്ച ദേഹവും തീർത്ഥവാസിയുടെ നിലയിൽ താടിയും തലയും നീട്ടി, ചുകന്ന പൊട്ടും തൊട്ടു, കയ്യിൽ ഒരു ചെമ്പൻവടിയോടുകൂടി താച്ചുനായരെ ഒന്നു കണ്ടാൽ സാമാന്യക്കാരൊക്കെ പേടിക്കും. താൻ ഒരു തറവാട്ടുകാരനാണെന്നും മുമ്പു വലിയ പ്രതാപൈശ്വര്യത്തോടുകൂടി കഴിഞ്ഞ ഒരു തറവാട്ടിന്റെ പാതകക്കല്ല് പൊതിപ്പാൻ മാത്രം മൂർത്തിമത്തായി അവതരിച്ച ഉണ്ണിക്കുട്ടിനായരുടെ അടുത്ത പിൻഗാമിയാണെന്നും താച്ചുനായർക്കു തന്നെ ബോധമുണ്ട്. കുഞ്ഞിപ്പറമ്പ് കുന്നിന്മേലുള്ള നാലുകെട്ടുകളും താഴ്‌വരയിലുള്ള തോട്ടങ്ങളും അതോടുചേർന്ന ആയിരം പറക്കുള്ള നിലവും ചുള്ളിക്കാടും ചെറുമക്കളും ഒക്കെ ഒരു കാലം തന്റെ തറവാട്ടിലേക്കുള്ളതായിരുന്നുവെന്ന് താച്ചുനായര് ചിലപ്പോൾ ഒരു ദീർഘനിശ്വാസത്തോടുകൂടി അഭിമാനിക്കാറുണ്ട്. പലരെ കൊന്നോ എന്ന് തോന്നുമാറ് താച്ചുനായർ പുറത്തിറങ്ങി സഞ്ചരിക്കുന്ന സമ്പ്രദായം അധികം ഇല്ല. ഇയാളുടെ കഴിച്ചിലിന് എന്താണ് വക എന്ന പലരും സംശയിക്കാറുണ്ട്. അട്ടപ്പാടിയിൽ പോയി മന്ത്രവാദം കുറച്ചു പഠിച്ചിട്ടുണ്ടെന്നും, സ്വർണ്ണം ഉണ്ടാക്കുന്നതിനുള്ള ചില ഉപദേശങ്ങൾ ഗുരുക്കൾ കിട്ടീട്ടുണ്ടെന്നും ചിലർ പറയാറുണ്ട്. തന്റെ വീട്ടിൽ അന്ധകാരത്തിൽ ഒരു മൂലയിൽ ചില ഗ്രന്ഥങ്ങളും മാലയും എഴുത്താണിയും ചെമ്പുതകിടുകളുമായി അധികം നേരവും താച്ചുനായര് കഴിച്ചുകൂട്ടും. ആകപ്പാടെ കുഞ്ഞിപ്പറമ്പുകാർക്ക് താച്ചുനായര് എന്തൊരു മാതിരിക്കാരനാണെന്ന് വിവരമില്ലാതെ ആയാളെ അല്പം ഭയമില്ലെന്നില്ല. കുഞ്ഞിപ്പറമ്പ് കളപ്പുരയിൽ അരയന്മാരുടെ മൂർത്തികളെല്ലാം കഴിഞ്ഞപ്പോഴേക്ക് മൃത്യുവശ്യം ചിലർ താച്ചുനായർ മാരണം ചെയ്തു കൊന്നതായിരിക്കുമോ എന്ന് പുറത്തു പറഞ്ഞും പറയാതെയും കഴിച്ചുകൂട്ടി. ക്ഷയിച്ച താവഴിയെ പൂർവ്വസ്ഥിതിയിൽ ആക്കിയാൽ കൊള്ളാമെന്നുള്ള ആഗ്രഹം കാരണവസ്ഥാനം കിട്ടിയ മുതൽ താച്ചുനായർക്കുണ്ടെന്ന സ്ഥാപിപ്പാൻ ചില തെളിവുകളും ഉണ്ടായിട്ടില്ലെന്നും ഇല്ല.

"ഞങ്ങളുടെ കുലദേവതയായ തിരുവളയനാട്ട് ഭഗവതിയെ കാരണവന്മാർ കാലത്ത് കളപ്പുരയിൽ കുടി വെച്ചിട്ടുണ്ട്. ഭഗവതിയെ പരിപാലിക്കാത്തതാൽ വന്ന ദൈവനിന്ദ്യതയാണിത്" എന്നോ മറ്റോ കളപ്പുരയിൽ വെച്ചു ചില മൂർത്തങ്ങളെ കഴിഞ്ഞപ്പോൾ താച്ചുനായര് അഭിപ്രായം പറയാതെയുമിരുന്നിട്ടില്ല. അന്നേപ്പോലെ എന്താണ് വാർദ്ധക്യത്തിൽ എത്തിയ ചെക്കിടനും കണ്ണിന് കാഴ്ചക്കുറവുള്ളാളുമായ അനന്തൻ കൊന്നുനായരെ ഇവരെ ഒരുപോലെയും പരിപാലിപ്പാൻ ഒരു മാധവിക്കുട്ടിയും മാത്രമേ പത്തായപ്പുരയിൽ താമസമുള്ളൂ. മാധവിക്കുട്ടിയുടെ ജാതിയും എന്താണെന്നോ അച്ഛനമ്മമാർ ആരാണെന്നോ കുഞ്ഞിപ്പറമ്പുകാർക്ക് വിവരമില്ല. ഒരിക്കൽ എവിടെയോ മന്ത്രവാദത്തിനു പോയി വരുമ്പോൾ താച്ചുനായർ കൂടെ കൊണ്ടുവന്നതാണ് മാധവിക്കുട്ടിയെന്ന് എല്ലാവർക്കും അറിയാം. അന്ന് മാധവിക്കുട്ടിക്ക് എട്ടു വയസ്സാണ്. കൊല്ലം ഇപ്പോൾ പന്ത്രണ്ട് കഴിഞ്ഞിരിക്കുന്നു. മാധവിക്കുട്ടിയെ അധികമായി ആരും പുറത്തു കാണാറില്ല. അടുക്കളയും അന്തഃപുരവുമായിട്ടാണ് അവൾക്ക് അധികം പരിചയം. അവസരം കിട്ടിയാൽത്തന്നെ പുറത്തിറങ്ങി അയൽവക്കക്കാരുമായി പരിചയം കൂടുന്നത് താച്ചുനാ

ണ്ടാമന്ന് (മാധവിക്കുട്ടി ഇന്ദിരയായാണ് വിളിക്കാറ്) ഇപ്പോഴുമില്ല. അത്യാവശ്യം ചില ചെറുപ്പക്കാർ ചുവരിപ്പുറത്തുകൂടി പടിക്കൽനിന്ന് എത്തി നോക്കാറുണ്ടെങ്കിലും താച്ച അമ്മ തന്റെ മുഖം മറിക്കാൻ കണ്ടാൽ പിന്നെ ആ പ്രദേശത്തേക്ക് വീണ്ടും അവം കടന്നുചെല്ലുകയില്ല.

ഇന്ദിരയായിരിക്കുന്ന കാലത്താണ് ചീക്കിലൊടൻ കൃഷ്ണൻനായരും, ഭാര്യ ശ്രീമതിയും, വാണിയും, കതിരയും, രാഘവനും, മക്കളുംകൂടി കല്ലിപ്പറമ്പു കളപ്പുരയിൽ താമസിപ്പാൻ വന്നത്. കൃഷ്ണൻനായർക്ക് കിഴക്കൻ ജില്ലയിൽ എന്തോ ഒരു വലിയ ഉദ്യോഗം കിട്ടി, പണം വേണ്ടുവോളം സമ്പാദിച്ച ഒരു മനുഷ്യനാണ്. കുട്ടികളുടെ ഞായ കഴിച്ചതിന്ന ശേഷം സംന്യാസം കഴിച്ചുകൂട്ടി. പ്രായം അമ്പതിൽ കടന്നിട്ട് ഉള്ളുവെങ്കിലും ശരീരം ഉലഞ്ഞിയാൽ വാതത്തിന്റെ ശല്യം ഉണ്ടാകുമെന്ന് ഭയപ്പെട്ടാണ് നാട്ടുപുറങ്ങളിൽ എവിടെയെങ്കിലും താമസമാക്കിയാൽ കൊള്ളാമെന്ന് വെച്ചത്. വക്കീൽ മിസ്റ്റർ മേനോന്റെ ഉപദേശം കല്ലിപ്പറമ്പ് കളപ്പുരയും വസ്തുക്കളും അധികം ആലോചനം കൂടാതെ അട്ടിപ്പേറുകിട്ടി. കളപ്പുരയിൽ താമസം തുടങ്ങിയതിന്ന ശേഷമാണ്, കളപ്പുര ഭൂതസഞ്ചാരമുള്ളതാണെന്ന ആരോ പറഞ്ഞറിഞ്ഞത്. 'എത്രയോ കൊല്ലത്തെ പഴക്കമുള്ള ഒരു പുരപ്പിനെ പറ്റി ജനങ്ങൾ ഇപ്രകാരം പറഞ്ഞുണ്ടാക്കുന്നത് സാധാരണമാണ്. നാമിപ്പോൾ വെള്ള വീശി ചില റിപ്പയറുകൾ കഴിച്ചിട്ടുണ്ടല്ലോ. എന്തെങ്കിലും അമ്മുക്കുട്ടിയെ ഈ വിവരം പറഞ്ഞു ഭയപ്പെടുത്തേണ്ട. അപ്പുക്കുട്ടൻ ഒരു പുരുഷനാണല്ലോ. പതിനെട്ടു വയസ്സും ആയി. അവന്ന ഇതിലൊന്നും ഭയമില്ല." ഇതുമാത്രമാണ് കൃഷ്ണൻനായർ, ഭാര്യയോടുമൊന്ന കേട്ടപ്പോൾ പറഞ്ഞിട്ടുള്ളത്.

കൃഷ്ണൻനായർ കല്ലിപ്പറമ്പ് കളപ്പുരയിൽ താമസമാക്കിട്ട ഇപ്പോൾ ഏതാണ്ട് ആറുമാസം കഴിഞ്ഞിരിക്കുന്നു. വലിയ ധനികൻ, ധർമ്മിഷ്ഠൻ, സാധുസ്വഭാവി, ബുദ്ധിമാൻ എന്നൊക്കെയുള്ള അഭിപ്രായം താമസിയാതെ നാട്ടിൽ പരന്നു. അപ്പുക്കുട്ടമേനോൻ നല്ല പ്രകൃതക്കാരനായ ഒരു യുവൻ കുട്ടി. നല്ല ബുദ്ധി. അതിസാമർത്ഥ്യം. കണ്ടാലും കോമളൻ. നല്ല കായബലമുള്ള ഒരു മനുഷ്യൻ. കോഴിക്കോട്ട് അഭിഭാഷകമാണ് ജോലി. കുതിരസ്സവാരി അറിയാം, വണ്ടിയോട്ടുന്നതാണ്. ഒരു ദിവസം രാത്രി എട്ടുമണിക്ക് അപ്പുക്കുട്ടമേനോൻ തന്റെ വണ്ടിയിൽ കോഴിക്കോട്ടുനിന്ന് വരികയാണ്. താച്ചുനായരുടെ പടിക്കൽകൂടി കളപ്പുരയിലേക്ക് വെട്ടിട്ടുള്ള റോട്ടിന്മേൽ എത്തിയിരിക്കുന്നു. അപ്പോഴാണ് താച്ചുനായരുടെ പത്തായപ്പുരക്ക് പിന്നിലുള്ള ഒരു കണ്ണുകൊള്ളുന്ന പടവിന്മേൽ ഒരു കോലുവിളക്ക് കത്തിച്ചുവെച്ച് യൌവ്വനയുക്തയായ ഒരു സ്ത്രീ കുളിപ്പാൻ ഒരുങ്ങുകന്നതായിക്കണ്ടത്. കണ്ണ മാത്രയിൽത്തന്നെ അവയവങ്ങൾക്കു പൂർണ്ണത്വം സിദ്ധിച്ച് സാമാന്യത്തിലധികം സൌന്ദര്യമുള്ളവളാണെന്നു അപ്പുക്കുട്ടമേനോനു മനസ്സിലായി. കല്ലിപ്പറമ്പിൽ വന്നിട്ട് അഞ്ചാറു മാസമായെങ്കിലും അധികസമയവും കോഴിക്കോട്ടു കച്ചവടമായി കഴിച്ചമേനോന് താച്ചുനായരുടെ വീട്ടിൽ ഇങ്ങിനെ ഒരു സ്ത്രീയുണ്ടെന്ന് മനസ്സിലായത് ഇപ്പോൾ മാത്രമായിരുന്നു. രാത്രി ഊണുകഴിഞ്ഞ് കിടക്കുന്നതിന്നു മുമ്പായിട്ടുതന്നെ അയാൾ വിശ്വസ്തനായ വാലിയക്കാരൻ കിട്ടൻ മാധവി അമ്മയെപ്പറ്റി അറിവുള്ളതു

തൊക്കെയുള്ള വിവരങ്ങളും പറഞ്ഞു മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. സഹോദരി അച്ചുക്കുട്ടി ഇടക്കിടെ നടക്കാൻ പുറത്തിറങ്ങിയാൽ താച്ചുനായരുടെ പടിക്കൽ ചെല്ലാറുണ്ടെന്നും മാധവി അത്ഭുതമായി സംസാരിച്ചു നില്ക്കാറുണ്ടെന്നും ഒരു ദിവസം താച്ചുനായർ യാദൃച്ഛയാ അവളെ കണ്ടെത്തുകയും അനന്തരമായ അരമണിക്കൂറിനകം കണ്ണുകെട്ടപ്പം മാറ്റം കണ്ടതിനു ശേഷം അവർ തമ്മിലുള്ള കൂടിക്കാഴ്ച ഒന്നു കുറഞ്ഞിരിക്കും എന്നും മാധവി ഉണ്ണൂലി മുഖാന്തരം കത്തിടപാടുകളും നടത്താറുണ്ടെന്നും മറ്റും അച്ചുക്കുട്ടിയെ വന്നു കിട്ടുന്നതിൽ നിന്നു മനസ്സിലാക്കുവാൻ പ്രയാസമുണ്ടായില്ല. ഇവന്റെ കൂടെ താമസിക്കുന്ന മനോഹരിയായ മാധവിയെപ്പറ്റി അച്ചുക്കുട്ടിക്കു ഒരു അസൂയയും എന്തെന്നറിയാത്ത ഒരു വികാരവും അച്ചുക്കുട്ടിയമ്മയിൽ ഉണ്ടായി. മാധവിയെ ഒരു നല്ലവണ്ണം കാണണമെന്നാണ് വഴിയെത്തന്നെ മനസ്സിലാക്കാനായുണ്ടായിരുന്നുള്ളൂ. കുഞ്ഞൻനായരുടെ മകൾ ‘കണ്ടാൽ ചൊറുക്കുള്ളതായത്’ പടിക്കൽക്കൂടി പോകുമ്പോൾ ഉച്ചി പറമ്പിന്റെ പുറത്തിലേക്ക് വിടാറുണ്ടെന്ന് ഉണ്ണൂലി മനസ്സിലാക്കിയതാണെങ്കിലും മേനോന്റെ പോക്കുവരവു സമയത്ത് എതിരേൽക്കുന്നതിലും കിണറ്റുപുരയുടെ വാതുക്കൽ ഹാജർ കൊടുപ്പാൻ മാധവിക്ക സാധിക്കാതെ വന്നില്ല. വയസ്സ് ഇരുപതായില്ല. കാര്യമൊന്നുമില്ലെങ്കിലും കാണാനായിട്ടാണ് എന്നാണ് വിചാരം. ഇങ്ങിനെ കാണാൻ വഴിവെച്ചു പൈങ്കിളിയാൽ ആരോഗ്യവും അറിവുകളും ഉറപ്പിച്ചു തുടങ്ങി. ഒരു ദിവസം തമ്മിൽ കണ്ടു സംസാരിച്ചപ്പോൾ കിട്ടിയ കാറ്റും ഉണ്ടാക്കിക്കൊടുത്തു. താച്ചുമ്മാമനും കോ[illegible] കൊച്ചിപ്പുറായാലെ കർണ്ണപടത്തിന്റെ ഉള്ളിൽനിന്നു ഏറ്റനില്ക്കുന്നു. ഇതിനിടക്ക് വേണമെങ്കിൽ ഏതു നേരമെങ്കിലും സംസാരിക്കാം. ഇങ്ങിനെ കൂടിക്കാഴ്ചയും കഴിഞ്ഞു. അച്ചുക്കുട്ടിയമ്മക്ക് അടുത്ത പിറ്റേ ദിവസത്തെ സംബന്ധമാകുന്നതിനു വിരോധമില്ലെന്ന മട്ടലായി. “താച്ചുമ്മാമനെ കണ്ട് നിങ്ങൾ നേരിട്ടു പറഞ്ഞാൽ വിരോധം പറകയില്ലെന്നാണ് തോന്നുന്നത്. നിങ്ങളുടെ അച്ഛന് പിന്നെ നിങ്ങൾ പറഞ്ഞതല്ല ഉള്ളൂ. അച്ചുക്കുട്ടിക്ക് നല്ല സന്തോഷവും ആയിരിക്കും.” എന്നാണ് മാധവി കഴിഞ്ഞ ദിവസം രാവിലെ പറഞ്ഞത്. താച്ചുനായരെ കാണ്മാൻ നിശ്ചയിച്ച് ഒരു ദിവസം വൈകുന്നേരം അച്ചുക്കുട്ടിമേനോൻ പത്തായപ്പുരയിൽ ചെന്നു. കാരണവര് അന്നേരത്തിലാണ്. വൈകിട്ട് കൊള്ളുന്നായർ മേലാവന്ന താച്ചുനായരുടെ മുമ്പിൽ കൈകൂപ്പി. ഒരു പുല്ലുപായയും കൊടുത്തു. താച്ചുനായർ ഒരു തട്ടുമേശയുടെ അടുക്കെ വടക്കോട്ട് തിരിഞ്ഞിരുന്ന് എടനാഴിയിലെ ജനലിൽക്കൂടി വരുന്ന വെളിച്ചത്തിന്റെ സഹായത്തോടുകൂടി ചില ഗ്രന്ഥങ്ങൾ മറിച്ചു നോക്കുകയായിരുന്നു.

താ.നാ:— ഉം. കുഞ്ഞൻനായരുടെ മകനാണ് അല്ലേ. ഇരിക്കിൻ.

അ.മേ:— അതെ. അയൽവക്കത്തായിട്ടും കാരണവരെ ഇതിലിടക്ക് വന്നുകാണ്മാൻ സാധിച്ചില്ല. അച്ഛൻ അധികം പുറത്തിറങ്ങാറില്ല. ഞാൻ പകൽ സമയം അധികവും കോഴിക്കോട്ടായി കഴിയും.

താ.നാ:— കാലം ഒക്കെ മാറിയില്ലേ. എന്റെ ഒക്കെ വയസ്സുമായി. കച്ചേരിയിൽ ചെയ്യുന്നായ കേസുകളും മറ്റൊപ്പാറയുള്ള സംസാരങ്ങളും കൂ

ണ്ണിനായരെ അറിയിക്കാതെയാണ് വ
ക്കീൽ കാര്യമൊക്കെ പറഞ്ഞത്. കണ്ണും
തുറിച്ചു നാവും പുറത്തിട്ട് ചത്തു കിടക്കു
ന്ന ഉണ്ണ്യാതിരമ്മയെ കണ്ട ആളാ
രും കളപ്പുരയിൽ പടിഞ്ഞാറെ കാലടുത്തു
വെക്കയില്ല. കളപ്പുരയിൽ കണ്ണിയാ
ന് താവഴിക്കാരല്ലാതെ ആരെങ്കിലും
താമസിച്ചിട്ട് അനർത്ഥം കൂടാതെ മ
ടങ്ങിപ്പോയതു കേട്ടിട്ടുണ്ടോ. എത്ര
പണക്കാര് വന്നു. എത്ര പണക്കാര്
പോയി. താച്ചുവിന്ന് അതൊക്കെ റി
ഷോയുണ്ട്. കുണ്ടുണ്ണിനായർ ഇതപ്രത
ത്തിലൊന്നും വിശ്വാസമില്ല ആളല്ല.

താച്ചുനായര് ഇത്രയും പറഞ്ഞപ്പോ
ളാണ് കുണ്ടുണ്ണിനായരുടെ മകൻ അപ്പുക്കുട്ട
മേനവനോടാണ് താൻ സംസാരിക്കുന്ന
തെന്ന് ഓർമ്മയായത്.

താ.നാ.—ഞാൻ എന്തൊക്കെയോ പറയു
ന്നു. അതൊന്നും കേട്ട് നിങ്ങൾ ഒരു
പ്പെടണ്ട. ക്ഷമിക്കണം. അല്ലാ! നി
ങ്ങൾ വന്നത് വിശേഷിച്ചൊന്നുമ
ല്ലല്ലോ.

പറയുന്നാളെയും, പറയുന്ന സ്ഥലവും, പ
റയുന്ന വിഷയവും ഒക്കെ ആലോചിച്ചാൽ
മിസ്റ്റർ മേനോൻ ഒന്ന് വിയർത്തു വിളറിയ
തിൽ ആശ്ചര്യമില്ല. എങ്കിലും ധൈ
ര്യം അവലംബിച്ച് മറുപടി പറഞ്ഞു.

അ.മേ.—വിശേഷിച്ചും ഒന്നും ഒന്നില്ലെ
ന്നില്ല. കാരണവരോടു പറവാൻ അ
ല്പം ലജ്ജയും മടിയും ഉണ്ട്. അച്ഛന്
വരുവാൻ സൗകര്യമുണ്ടായിരുന്നെ
ങ്കിൽ ഈ ബുദ്ധിമുട്ടുണ്ടായിരുന്നില്ല.
ഞാൻ ഇതുവരെ സംബന്ധം കഴിച്ചിട്ടി
ല്ല. നാം അന്യവർക്കാരാണ്. അ
ന്ന കഴിച്ചത് ഓരോക്കുട്ടിക്കാണ് വലുതാ
യ ഒരു താഴ്ചയായത്. വീട്ടിൽ പ്രാപ്തിയു
ള്ള സ്ത്രീകളുമില്ല. മാധവിക്കുട്ടിയെ സം
ബന്ധം ചെയ്യാൻ ഞാൻ തീർച്ചപ്പെടു
ത്തുന്നതായാൽ അമ്മാമന് അതിൽ
വിരോധാഭിപ്രായത്തിന് വകയില്ലെ
ന്ന വിശ്വസിക്കുന്നു.

ഇതു കേട്ടപ്പോളാണ് താച്ചുനായര്
തന്റെ ജീവദശയിൽ ഒന്നാമത് ഒന്നു
ഞെട്ടിയത്. 'അയ്യോ ദൈവമേ' എവിടെ! സം
ബന്ധക്കാരനില്ലാത്ത കാലമാണ് ഇപ്പോൾ
ഉള്ളത്. എപ്പോഴെങ്കിലും നമ്മെയിറിക്ക
മ്പോൾ എന്തോ തൊട്ടിലിൽനിന്ന് ഇവി
ടെ പിടിച്ചുകൊണ്ടുപോയി തിരിച്ചേല്പിച്ചാൽ ആ
ളുകളുടെ പ്രതിഫലം അയക്കേട്ടില്ല.
ഞങ്ങളെ തമ്മിലുള്ള വാത്സല്യം. ഞങ്ങ
ളെ ശുശ്രൂഷിപ്പാൻ ആരാണ്. ഞാൻ മ
രിക്കുന്നതുവരെ നിങ്ങൾ അവളോടുകൂടി
സംബന്ധം ചെയ്യുന്നത് എനിക്ക് ഇഷ്ട
മില്ല. നിവൃത്തിയുണ്ടെങ്കിൽ ഞാനതു സമ്മ
തിക്കുന്നതല്ല.' എന്നും പറഞ്ഞ് ക്രോധ
താമ്രാക്ഷനായി താച്ചുനായര് ഇരുന്ന ദി
ക്കിൽ നിന്ന് എഴുന്നേറ്റു. അപ്പുക്കുട്ടമേന
വൻ വല്ലാതെ അമ്പരന്നവനായി.

അ.മേ.—അയ്യോ! കാരണവര് എന്താ
ണ് ഇങ്ങനെ തെറ്റിദ്ധരിച്ചു. മാധവിക്കുട്ടി
ഈ കാര്യത്തിൽ നിർബ്ബന്ധിയാണ്. അ
വളുടെ നേരെ കോപിച്ചിട്ട് കാര്യമില്ല.
എന്റെ സ്വന്തം ആവശ്യത്തെയാണ്
ഞാനിപ്പോൾ പറഞ്ഞത്. കാരണവ
ര് ആലോചിച്ചു മറുപടി പറഞ്ഞാൽ
മതി. തിരിച്ചേല്പിച്ച മകളോട് കു
റച്ചു കാട്ടുന്ന ദ്രോഹമാണ് മാധവി
ക്കുട്ടിയുടേതെന്ന് എനിക്ക് തോന്നുന്നി
ല്ല. അഥവാ എന്റെ സംബന്ധം കാ
രണവരുടെ ഹിതപ്രകാരം വിട്ടും വരു
ത്തുന്നെങ്കിൽ തന്നെ അതിന്റെ നിവാര
ണമാർഗ്ഗത്തെ ഞാൻ വിചാരിച്ചാൽ മ

ണ്ടാക്കാൻ കഴിയുമെന്ന് കാരണവർക്ക് അറിയാമെല്ലോ. എന്തെങ്കിലും ഇപ്പോൾ ഞാൻ തീരുമാനമൊന്നും പറയുന്നില്ല. കാരണവര് ആലോചിച്ച് മറുപടി പറഞ്ഞാൽ മതി.

ഇത്രയും പറഞ്ഞ് അപ്പുക്കുട്ടമേനോൻ യാത്ര പറയാതെ പുറത്തേക്കിറങ്ങി വീട്ടിലേക്ക് യാത്രയായി. കിണാവൂരപ്പുരയുടെ വാതില്ക്കൽക്കൂടി മാധവിയമ്മ അപ്പുക്കുട്ടമേനോനെ വരാൻ ഭാവം ഒന്ന് കാണാതിരുന്നിട്ടില്ല. കാര്യം അപകടമായിട്ടാണ് കലാശിച്ചതെന്ന് അപ്പോൾതന്നെ ഊഹിച്ചുവെങ്കിലും കാര്യം കഴിഞ്ഞപ്പോൾ കാരണവര് വിളിച്ച് ഒരു പടി കൊടുത്തപ്പോൾ തീർച്ചയായി.

മാസം രണ്ടു കഴിഞ്ഞു. കർക്കിടകമാസം കറുത്തവാവ് കലശലായ മഴ രാത്രി ഏഴുമണിസമയം കണ്ണിപ്പുറയുടെ വടക്കിനിയിൽ കുഞ്ഞൻനായരും അപ്പുക്കുട്ടമേനവനും അമ്മുക്കുട്ടിയും കഞ്ഞികുടിപ്പാൻ ഇരുന്നിരിക്കുന്നു. വാലിയക്കാരൻ കിട്ടൻ വിളമ്പുന്ന ക്രമം. അപ്പോൾ തെക്കിനിയുടെ മാളികമേൽനിന്ന കണ്ണിമാങ്ങ എടുക്കാൻ പോയിരുന്ന മാധവിക്കുഞ്ഞിക്കുട്ടിയുടെ 'അയ്യോ എന്നെ കൊല്ലുന്നു' എന്ന ഒരു നിലവിളിയും വീഴുന്ന ശബ്ദവും കേട്ടു. വിളക്കുമായി എല്ലാവരുംകൂടെ ഓടി തെക്കിനിയുടെ മുകളിലെത്തി. കണ്ണിമാങ്ങയുടെ മണിയും കുഞ്ഞിക്കുട്ടി എന്ന സ്ത്രീയും അവിടെ വീണുകിടക്കുന്നതാണ് കണ്ടത്. കൊച്ചുവിളക്ക് കയ്യിൽനിന്ന തെറിച്ച് കുറെ അകലെയായി കരിഞ്ഞ കിടക്കുന്നു. സ്ത്രീക്ക് ബോധമുണ്ടായിരുന്നില്ല. കുറെ പച്ചവെള്ളം കൊണ്ടുവന്ന് മുഖത്തൊഴിച്ചപ്പോൾ കുഞ്ഞിക്കുട്ടി എഴുന്നേറ്റു. 'അയ്യോ എന്റെ അമ്മുക്കുട്ട്യമ്മ ഇരു വീട്ടിൽ ഇരുന്നാൽ താണ്. ഞാനിപ്പോൾ മാങ്ങയും എടുത്ത എടുത്താലിയിൽ ഇറങ്ങിയപ്പോൾ ഒരു രൂപം മുമ്പിൽ വന്ന് കണ്ണുരുട്ടി കയ്യോടടിച്ചു കത്താൽ നോക്കി. പിന്നെ ഒന്നും എനിക്ക് നിശ്ചയമില്ല' എന്ന് ഒരു നിമിഷംകൊണ്ട് പറഞ്ഞുതീർത്തു. സംശയമില്ല. അവൾക്ക് എന്തോ സ്വപ്നംകണ്ടതാണ്, എന്നും പറഞ്ഞ് കുഞ്ഞൻനായർ മടങ്ങിപ്പോന്നു കഞ്ഞികുടിച്ച് കിടപ്പാനും പോയി. കുഞ്ഞൻനായർ തെക്കിനിയുടെ മാളികമേലാണ് കിടക്കാറ്. അമ്മുക്കുട്ടിയും മാധവിയും ആ മാളികമേൽ അന്ന് വേറെ ഒരു മുറിയിലും കിടക്കും. അപ്പുക്കുട്ടമേനോൻ താഴെ കിഴക്കിനിയുടെ തളത്തിലാണ് കിടപ്പ്. കിട്ടനും കിട്ടുകാവലക്കാരും ഒക്കെ പുറത്ത് പുരയിലും കിടക്കും ഇതായിരുന്നു പതിവ്.

മേൽപറഞ്ഞ സംഭവം നടന്നതിന്റെ പിറ്റേദിവസം രാവിലെ കിട്ടൻ എഴുന്നേറ്റ പല്ലുതേപ്പാൻ ഉമിക്കരിയും മറ്റും എടുക്കുവാൻ തെക്കിനിമാളികമേൽ പോയി തളത്തിൽ കയ്യിലുള്ള വിളക്കു വെച്ച് കട്ടിലിന്മേൽ കിടക്കുന്ന എജമാനനെ ഒന്നു നോക്കിയപ്പോഴാണ് സൂക്ഷിച്ചുനോക്കിയത്. എജമാനൻ കണ്ണും തുറിച്ച് നാവും പുറത്തു നീട്ടി കയ്യും ചുരുട്ടിപ്പിടിച്ച് മേലോട്ട് നോക്കി കിടക്കയാണ് കാര്യം സൂക്ഷിച്ചപ്പോൾ ജീവൻ പോയതായി മനസ്സിലായി.

കണ്ണിപ്പുറയിൽ പിന്നെയുണ്ടായ ബഹളങ്ങളൊന്നും പറയാനില്ല. നിലവിളിയും മുറവിളിയും കഴിഞ്ഞ് കഴിയുന്നതിനമ്പ് നായിന്മാരും വൈദ്യനും പോലീസുകാരും എത്തി. വക്കീലന്മാരും നാട്ടുകാരും പലരും ആൾക്കൂട്ടം കൂടി. രാത്രി എല്ലാവരും വാതിലും അടച്ചു കിടന്നു. വക്കീലും ഇൻസ്പെക്ടറും, ച

നം തെളിച്ച രാത്രി ആരും അകത്തു കടന്നിട്ടില്ല. കൃഷ്ണൻനായരെ ആരോ ഉറങ്ങുമ്പോൾ കഴുത്തുപിടിച്ചു ഞെക്കിക്കൊന്നിരിക്കയാണ്. കൊലപാതകൻ എതിൽക്കൂടി വന്നു എങ്ങിനെ പുറത്തുപോയി എന്നും തിരിയില്ല. കണ്ണൻനായര് കളത്തിൽ വെച്ച് ഇത് ഏതാണ്ടൊരു കലാശക്കൂട്ടാണ്. ഒന്നും ഇതുവരെ തെളിഞ്ഞിട്ടില്ല. ഇതൊരാനാഴ് കൊന്നതാണെന്നും അപ്പുക്കുട്ടമേനോനും പെണ്ണും ഉടനെ അവിടം വിട്ട് വേറെ വീട് അന്വേഷിക്കയാണ് നല്ലതെന്നും മറ്റും പെണ്ണുങ്ങൾ തമ്മിൽ സംസാരിക്കുന്നുണ്ട്. പൊലീസ്സുകാർ എന്താണ് വേണ്ടതെന്നറിയാതെയും കാര്യം കിട്ടാൻ വഴിയില്ലാത്തതിനാലും കുഴങ്ങുന്നു. അപ്പുണ്ണിക്കൊലപാതകനെ കണ്ടുപിടിച്ചാൽ 1000 ക. ഇനാം കൊടുക്കാമെന്ന് അപ്പുക്കുട്ടമേനോൻ ഗസറ്റിൽ പ്രസിദ്ധം ചെയ്യാൻ എഴുതി അയക്കുകയും ചെയ്തു.

കൃഷ്ണൻനായരുടെ പിണ്ഡവും മറ്റും ഘോഷമായി കഴിച്ചു. കല്യാണവും സത്തും അപ്പുക്കുട്ടമേനോനും അമ്മുക്കുട്ടിക്കും പുത്രാഭകാംക്ഷയായി സിദ്ധിച്ചു. മാധവിഅമ്മയെ സാദ്ധ്യം കഴിക്കുന്ന കാര്യം വീണ്ടും ആലോചനയായി. അത് ഒരു ആവശ്യവുമായി. താമൂനായരുടെ മരണപ്പിട്ടത്തം അതുകൊണ്ടു ശത്രുതയിൽ കലാശിച്ചു. മാധവിഅമ്മയെ ശകാരവും തല്ലും കഴിക്കാറായി. അപ്പുക്കുട്ടമേനോൻ കദ മുതലുള്ളതെന്നു വിചാരത്തിന്മേൽ മാധവിഅമ്മ ഭ്രമിച്ചു അടിയായിട്ടുണ്ടെന്നാണ് ഇപ്പോഴത്തെ പക്ഷം. അപ്പുക്കുട്ടമേനോനെ ശകാരിക്കുമ്പോൾ എന്തോ ചിലത് ഭാഗംപിടിച്ചു മാധവിഅമ്മ പറഞ്ഞുപോയി അതാണ് താമൂനായരുടെ കോപകാരണം. സംബന്ധസംസാരം ഇത്തു വരുന്നു. മാധവിഅമ്മ ഒരു സങ്കടം തന്റെ അന്തഃകരണംകൂടാതെ ചാടിപ്പോകുന്നന്നു താമൂനായർക്കു ഭയമായി തുടങ്ങി. ഇതിനിടക്ക് ഒരു ദിവസം രാത്രി കല്യാണക്കൽ തെക്കിനിയിൽ വെച്ച് വാലിയക്കാർ കിട്ടൻ ഒരു ഭൂതത്തിനെ കണ്ടുവത്രെ എന്നു കഥ ശങ്കം. കിട്ടന് ഭൂതത്തെയും പ്രേതത്തെയും പണ്ടേ പേടിയില്ല. അപ്പുടി സംഭവം കഴിഞ്ഞ മുതൽ കിട്ടനും മനസ്സ് കന്നു ഇളകിട്ടുണ്ട്. "കിട്ടാ! നാമുടെ വീട്ടിൽ ഇങ്ങിനെ ഒരു ഭൂതമുണ്ടെങ്കിൽ നമുക്കു ഒരു ദിവസം പിടിച്ചുകെട്ടണം. നീ ദിവസേന തെക്കിനിയുടെ മാളികമേൽ കിടക്കണം. അമ്മുക്കുട്ടിക്ക് പേടി കലശലാണ്. അവിടമോ പെണ്ണുങ്ങളല്ലേ. മീശക്കാര്" എന്ന് അപ്പുക്കുട്ടമേനോൻ പറകയുണ്ടായിട്ടുണ്ട്. അപ്പുക്കുട്ടമേനോൻ അപ്പുണ്ണി മരണത്തിനു ശേഷം തെക്കിനിയുടെ മാളികമേലാണ് കിടക്കാറ്. അടുത്ത ഒരു മുറിയിൽ കിട്ടനും കിടപ്പുണ്ട്. അവര് ഇരുവരും കാവൽക്കാരും വണ്ടിക്കാരും മറ്റും ഉണ്ടല്ലോ.

തുലാമാസം കറുത്തവാവ് ദിവസമാണ്. (കല്യാണിയിൽ വിശേഷസംബന്ധമുള്ള വാവ്ദിവസമാണ് പതിവ്.) എല്ലാവരും സന്ധ്യക്കു ഉണ്ടു ഉറങ്ങാൻ കഴിച്ചു രാത്രി പന്ത്രണ്ടിനു ഉണ്ടു കിടപ്പായി. നിദ്രയും സാധ്യമായത്തിൽ നാലിച്ചുതുടങ്ങി. അപ്പോൾ ആരോ വന്ന് വാതിലിൽ മുട്ടി വിളിച്ചു. വാലിയക്കാർ വാതിൽ തുറന്നു നോക്കിയപ്പോൾ മാധവിഅമ്മയാണ് കണ്ടത്. മാധവിഅമ്മ കരയുന്നുണ്ട്. വിവരം കേട്ടിൽ മാറിയപ്പോൾ അപ്പുക്കുട്ടമേനോനും അമ്മുക്കുട്ടിയും ഉടനെ വിളികമായി. താഴെ എത്തി. താമൂനായര് തന്നെ വല്ലാതെ

ശകാരിച്ചു പ്രഹരിച്ചു വീട്ടിൽ നിന്നു പുറത്താക്കി വാതിലടച്ചു. രാത്രി ഒരു ദിക്കിൽ കഴിച്ചുകൂട്ടേണമല്ലോ. അമ്മുക്കുട്ടിഅമ്മ സഹായിക്കുമെന്നു വെച്ച് വന്നതാണെന്നാണ് മാധവിഅമ്മയുടെ ഗൽഗദവാക്യം. കാര്യം ഒക്കെ നാളെ ആലോചിക്കാം. അസഹ്യമായി "അമ്മുക്കുട്ടി! മാധവിഅമ്മക്കു മുകളിൽ നമ്മുടെ അറയിൽ കിടക്കാൻ കൊടുക്കു" എന്നുപറഞ്ഞ് അപ്പുക്കുട്ടമേനവൻ തന്റെ മുറിയിലേക്കു പോയി.

താൻ ഭാര്യയാക്കി സ്വീകരിപ്പാൻ നിശ്ചയിച്ച സ്ത്രീ, "തേടിയ വള്ളി കാലിൽ ചുററി" എന്നപോലെ തന്റെ ഭവനത്തിൽ എത്തിയല്ലോ എന്ന ഒരു കൃതാർത്ഥതയാണ് അപ്പുക്കുട്ടമേനവന് ഉണ്ടായതു. അപ്പുനായരുടെ പ്രകൃതം അറിയുന്നവർ അയാൾ കാട്ടിയ ക്രൂരകൃത്യത്തിൽ ആശ്ചര്യത്തിനും വഴിയില്ല. നേരം രാത്രി ഒരുമണി സമയമാണ്. അപ്പുക്കുട്ടമേനവനു നല്ല സുഷുപ്തി കിട്ടീട്ടില്ല. ആരോ തന്റെ കഴുത്തിൽ പിടിച്ചു ഞെക്കുന്നതായിട്ടു സ്വപ്നത്തിൽ തോന്നി. പെട്ടെന്നു ഞെട്ടിയുണർന്നപ്പോഴും ഒന്നു പിടഞ്ഞു. അപ്പോൾ കഴുത്തിൽ ആരോ പിടിച്ചപിടി ഒന്നു ഇളകി കിടക്കയും താനും ഒക്കെ കൂടി കട്ടിന്മേൽ നിന്നു താഴെ വീണു. പെട്ടെന്നെഴുനീറ്റപ്പോൾ ഒരു സ്വരൂപം തന്റെ മുറിയിൽ നിന്നു പുറത്തേക്കിറങ്ങുന്നതാണ് കണ്ടതു. ഉറക്കച്ചടവുണ്ടെങ്കിലും സ്വരൂപത്തെ പിടിപ്പാൻ മേനോൻ പിന്നാലെ ഓടി. അപ്പോഴേക്കും സ്വരൂപം കോണിയിറങ്ങി തുടങ്ങി. മേനോനും കോണിയിറങ്ങി. തെക്കിനിയിൽ കോണിക്കു ചോടെയുള്ള വിറകുമുറിയിലേക്കാണ് സ്വരൂപം കടന്നതു. പിന്നെ സ്വരൂപത്തെ കാണ്മാനും ഇല്ല. യാതൊരു ശബ്ദവും ഇല്ല. മേനവൻ വേഗം മുകളിൽ വന്ന് വിളക്കു കത്തിച്ചു കിട്ടനെ വിളിച്ചു. ശബ്ദമുണ്ടാക്കരുതെന്നു കയ്യുകൊണ്ടു ആംഗ്യം കാട്ടി തന്റെ പിന്നാലെ വരുവാൻ പറഞ്ഞു. മേനവന്റെ ധൈര്യം ഈ അവസരത്തിലാണ് കിട്ടനു നല്ലവണ്ണം മനസ്സിലായത്. കോണിയിറങ്ങി അതിന്റെ ചുവട്ടിലെ ചെറിയ മുറിക്കകത്തേക്ക വെളിച്ചത്തോടുകൂടി കടന്നു. ആരുമില്ല. തന്റെ കഴുത്ത് പിടിച്ച് ഞെക്കിയവനും അല്ലുനെ കൊന്നവനും പൊല്ലീസ്സ് അന്വേഷിച്ച് ഇതുവരെ ഒളിക്കുവാൻ സാധിക്കാത്തവനുമായ ഈ മുറിക്കകത്തു കടന്ന് അദൃശ്യനായി എന്നും ഈ മുറിയിൽ കൂടി പുറത്തേക്ക വല്ല മാർഗ്ഗവും ഉണ്ടോ എന്ന് ഇപ്പോൾ പരിശോധിക്കേണമെന്നും മേനവൻ നിശ്ചയപ്പെടുത്തി. മുറിയുടെ ചുമരൊക്കെ തപ്പിനോക്കിയപ്പോൾ മരപ്പലകകൊണ്ടു ചുമരുകെട്ടിയ ഒരു ഭാഗം കിളുക്കമുള്ളതായി തോന്നി. പലകയിൽ ഒന്ന് കിട്ടനും മേനവനുംകൂടി വലിച്ചുനോക്കി. ഒരു ആണിയുടെ തലക്കെ തെല്ലു പെട്ടന്ന് പലക തുറന്നു. നോക്കിയപ്പോൾ കരിങ്കല്ലുകൊണ്ടു കീഴ്പ്പെട്ടക്ക പടുത്ത ഒരു കോണിപ്പടിയാണ്. ഇതിൽ കൂടിയാണ് കൊലപാതകൻ പുറത്തേക്ക പോയതെന്നും ആയാളെ പിന്തുടൎന്ന് പോകേണമെന്നും നിശ്ചയിച്ചു. ആയുധവും വെളിച്ചവുമെടുത്ത് മേനവനും കിട്ടനും പടിയിറങ്ങി. കുറെ താഴത്തെത്തിയപ്പോൾ കരിങ്കല്ലു ഒരു വിലദ്വാരമാണ്. അന്തർഗ്ഗത്തിൽ പോകുന്നതാണ്. ഒരാൾക്ക നേരെ കുത്തിൽ നടക്കാം. അപ്പുക്കുട്ടമേനോൻ മുമ്പിലും കിട്ടൻ പിന്നിലുമായി നടന്നു. കുറെ ദൂരം എത്തിയപ്പോൾ മേൽഭാഗത്തു നിന്നു ഒച്ച കേൾക്കുന്നുണ്ട്. അതൊരു കുതിരവണ്ടിയുടെ ചോട്ടിലാണെന്നും കുതിരയു

ടെ കാൽച്ചവിട്ടിന്റെ പെരുമാറ്റമെന്നും കിട്ടൻ അഭിപ്രായപ്പെട്ടു. വീട്ടിൽ നിന്നു പത്ത ചേർല്ലാണ്ട് അപ്പുറമായ കതിരപ്പറമ്പ്. പിന്നെയും ഇരുട്ടിൽ കൂടി നടന്നു. കുറെക്കൂടി ചെന്നപ്പോൾ ഒരു താടിക്കാരൻ വീണുകിടക്കുന്നതായിട്ടാണു കണ്ടതു. അപ്പുറം ഒന്നു ഞെട്ടിയെങ്കിലും വിളക്കു നിശ്ശേഷം കൊണ്ടുവന്നപ്പോൾ എന്താണു കഥ! അച്ഛനായരുടെ ശവശരീരമാണു. ഇതു കണ്ടപ്പോൾ കാര്യമൊക്കെ മേനവനു മനസ്സിലായി. തന്നെ കൊല്ലുവാൻ വന്നു മടങ്ങി പോകുമ്പോൾ എങ്ങിനെയോ മരിച്ചുപോയതാണു. "അന്യഥാ ചിന്തിതം കാര്യം ദൈവമന്യത്ര ചിന്തിതം" എന്നാണല്ലോ. എങ്ങിനെയെന്ന മേനോൻ സംശയിച്ചു. ഈ സംഭവം ആരോടും ശബ്ദിച്ചുപോകരുതെന്ന് കിട്ടനോടു പ്രത്യേകം പറഞ്ഞു. എന്തെങ്കിലും ഇടയുടെ അവസാനം കണ്ടുകളയാം എന്നു വെച്ചു ചെന്ന് മുട്ടിയതു കല്ലുളികൊണ്ടു കുടിയ ഒരു ഭിത്തിയാണ്. ആണിപിടിച്ചു വലിച്ചു പല ഇടം കണ്ടു ഒരു അറ്റമാറിയുടെ പിൻഭാഗമാണ് അകത്ത് കടന്നു. അച്ചനായരുടെ അറയുടെ മുകളറ തന്നെയാണു അത്. പുല്പായയും തലയണയും മറ്റും അവിടെയുണ്ട്. പുറത്തെക്കുള്ള വാതിൽ അടച്ചിരിക്കുന്നു. ഒരു നിലവിളക്കു കത്തികൊണ്ടിരിക്കുന്നു. കിട്ടനും മേനവനും മടങ്ങി. അച്ചനായരുടെ ശവശരീരം എടുത്തുകൊണ്ടു വന്ന് വിളക്കിന്നരികെ പുല്പായയിൽ കിടത്തി. ഇടയുടെ വാതിലും അടച്ചു. ഇടനാഴിയും കല്ലുളിയിൽ എത്തി. തന്റെ അപ്പുറ കൊന്നിട്ടും തന്നെ കൊല്ലുവാൻ ശ്രമിച്ചിട്ടും തന്റെ പ്രേമഭാജനമായ മാധവിയുടെ വല്യച്ഛനാണെന്നു മാധവി അറിഞ്ഞാൽ എന്ത് വിചാരിക്കും? ഈ ഒരു ആലോചനയാണ് ഈ സംഭവം ഗോപ്യമായി വെക്കാൻ മിസ്റ്റർ. മേനവനെ പ്രേരിപ്പിച്ചതു. ഇന്നും ഈ സംഭവം ലോകർക്കു ഒരു ഗോപ്യമാണ്.

പിറ്റേ ദിവസം രാവിലെ അച്ചനായർ വാതൽ തുറന്നു പുറത്തു വരാത്തതുകൊണ്ടു പേടിച്ചു കൊന്നുവാര്യർ ഉണർത്തിച്ചു. പൊളിക്കണിയാതി. വാതിൽ തുറക്കാഞ്ഞിട്ടു വാതിൽ കുത്തിപ്പൊളിച്ചു. ഡോക്ടരും പൊലീസ്സും എത്തി. കല്യാണി അമ്മയും മറ്റു വ്യസനിച്ചു. ഹൃദ്രോഗം കൊണ്ടു പെട്ടെന്നു മരിച്ചതാണെന്നു ഡോക്ടർ സർട്ടിഫിക്കേറ്റും കൊടുത്തു. കൊന്നുവാര്യരെ തന്റെ രക്ഷയിലാക്കി പത്തായപ്പുരയും മിസ്റ്റർ. മേനവൻ വിലക്കു വാങ്ങി. മാധവി അമ്മയുടെ സംബന്ധം വളരെ ഘോഷമായി കഴിച്ചു. പാല ഗുഹകളെല്ലാം നടന്ന സ്ഥലം അറിക്കു താമസിപ്പാൻ നല്ലതല്ലെന്നു വെച്ച് മേനവൻ കോഴിക്കോടു നല്ല ഒരു വീട് എടുത്തു താമസമാക്കി. ഉപായത്തിൽ കിട്ടുന്നതുകൊണ്ടു കല്ലുളിക്കും പത്തായപ്പുരക്കും തീക്കൊടുപ്പിച്ചു. ഇപ്പോൾ ഈ സ്ഥലങ്ങൾ കാടും പുറവും ആയി കിടക്കുന്നതായി കാണാം. ഇടയ ഇപ്പോഴും ഉണ്ട്. ഈ വിലപേശം കണ്ണിയാനു അവാട്ടുകാർ കലാപകാലത്ത് മുതൽ ഒളിച്ചിരിക്കുവാൻ ഉണ്ടാക്കിയതായിരുന്നു എന്നാണറിയുന്നത്.

സ്മൃതി

അതീന്ദ്രിയമായ നിർവ്വികല്പജ്ഞാനത്തെ വസ്തുതകാനെ പ്രവൃത്തിക്കുന്നേങ്കിലും, ഇന്ദ്രിയങ്ങൾക്ക വിഷയങ്ങളോടുള്ള സാന്നികർഷമാണ് ജ്ഞാനങ്ങളെക്കുറിച്ച് ബോധവാന്മാരായിപ്പുറപ്പെടുവിക്കുന്നതെന്ന സാമാന്യേന പറയാവുന്നതാണ്. ജീവാത്മാവായ ആത്മാവിൽ സ്ഥിതിചെയ്യുന്നതും മനസ്സുകൊണ്ടു ഗ്രഹിക്കപ്പെടുന്നതുമായ ഈ ജ്ഞാനങ്ങളെല്ലാം "അനുഭൂതി" "സ്മൃതി" എന്നിങ്ങനെ രണ്ടു പ്രകാരമാകുന്നു. ഇതിൽ "സ്മൃതി" എന്ന ജ്ഞാനവിശേഷത്തെക്കുറിച്ചാണ് ഇവിടെ ഉപപാദിക്കുവാൻ കല്പിച്ചിരിക്കുന്നത്.

അനുഭവത്തിന്റെ ഫലമായ ജ്ഞാനത്തിനാണ് സ്മൃതിയെന്ന പറയുന്നത്. പൂർവ്വകാലങ്ങളിൽ ഇന്ദ്രിയ വിഷയീഭൂതങ്ങളായ വസ്തുക്കൾക്ക് അനന്തരപ്രത്യക്ഷം ഭവിക്കുന്നത് സ്മരണമെന്ന മാനസിക ജ്ഞാനവിശേഷത്തിനു ഉദാഹരണമാണ്. അനുഭൂതത്തിന്റെ പുനഃപ്രത്യക്ഷമാകുന്നു ഇത് എന്നത് സ്പഷ്ടമാണല്ലോ. അന്ധനായിരുന്ന "മിൽട്ടൺ" കവിയുടെ പ്രകൃതിവർണ്ണനാപാടവവും, ബധിരനായിരുന്ന "ബീഥോവൻ" എന്ന മഹാന്റെ സംഗീതസൃഷ്ടിനൈപുണ്യവും സ്മൃതിയെന്ന അത്ഭുതകരമായ മനശ്ശക്തിയുടെ മാഹാത്മ്യത്തെ വിളിച്ചുപറയുന്നുണ്ടല്ലോ. എന്നാൽ ഇവയെല്ലാം പുറത്തേക്കുകാണിക്കുവാനുള്ള ദ്രവ്യങ്ങളെ സ്വീകരിച്ച് സൃഷ്ടിപ്പാനുതകുന്ന ഒരു സ്ഥൂലസാധനമായ തലച്ചോറോ മറോ ആണ് മനസ്സ് എന്നു കരുതുന്നത് തീരെ അബദ്ധമാണെന്നുകൂടി പ്രകൃതത്തിൽ ഗ്രാഹ്യമത്രേ. നമ്മുടെ ജാഗ്രത് സ്ഥിതികളിൽ സ്മൃതിക്ക സംഭവിക്കുന്ന അനന്തരഫലങ്ങളെക്കൊണ്ടു മാത്രമേ അതിന്റെ അവസ്ഥ ഊഹഗോചരമായിത്തീരുന്നുള്ളൂ.

സ്മൃതരൂപങ്ങൾക്ക പ്രത്യക്ഷരൂപങ്ങളേക്കാൾ പരിപൂർത്തിയും വിവരണവും പ്രായേണ കുറവാണ് ഇരിക്കുന്നത്. ഒരു പ്രിയസുഹൃത്തിന്റെ മുഖത്തെയോ, ചിരപരിചിതമായ ഒരു മഹാസ്ഥാനസന്ദർശനത്തെയോ സ്മരിക്കുന്നപക്ഷം അവയിൽ അടങ്ങിയിരിക്കുന്ന സവിശേഷതകളും വർണ്ണരൂപാദികളുടെ പൂർണ്ണവിവരണത്തോടുകൂടെ നമ്മുടെ മനശ്ചക്ഷുസ്സിനു പ്രത്യക്ഷീഭവിക്കുന്നില്ലെന്നുള്ള വാസ്തവം മേൽപറഞ്ഞ സംഗതിയെ വിശദമാക്കുന്നുണ്ടല്ലോ. സ്മൃതരൂപങ്ങളുടെ പൂർത്തിസ്ഫൂർത്തികൾ മനസ്സുകളുടെ പ്രകാരങ്ങളെ അനുസരിച്ചിരിക്കും. സാമാന്യന്മാരായവർ ചാക്ഷുഷപ്രത്യക്ഷത്തിനാണ് പ്രാധാന്യമെങ്കിലും ചിലർക്ക് ശ്രോത്രപ്രത്യക്ഷമോ സ്പർശപ്രത്യക്ഷമോ പ്രബലതരമായിട്ടും കാണുന്നുണ്ട്. എന്നാൽ പ്രത്യക്ഷരൂപങ്ങൾക്കും സ്മൃതരൂപങ്ങൾക്കും തമ്മിലുള്ള വ്യത്യാസം പ്രഥമദൃഷ്ട്യാ തോന്നുന്നതുപോലെ അത്ര അധികമല്ലെന്നും, ദ്രവ്യങ്ങൾക്കും പഞ്ചേന്ദ്രിയങ്ങൾക്കും തമ്മിലുള്ള സമ്പർക്കത്തിൽ പരസ്പരം ബന്ധമുണ്ടായിരിക്കുംവിധത്തിൽ, പ്രത്യക്ഷരൂപങ്ങളെ നിർമ്മിക്കുന്നതും പ്രതിനവമായി പുനർനിർമ്മിക്കുന്നതും ശക്തിമാന്മാരാണ് ഇവരുടെ പ്രത്യയാധിക്യം തോന്നുന്നതെന്നും ഇവിടെ വിസ്മരിക്കരുത്.

സ്മൃതി യഥാഫലമായും മായാഫല

മായും രണ്ടുവിധത്തിലുണ്ട്. സാദൃശ്യം, വൈസാദൃശ്യം, സഹഭാവം മുതലായ വഴിയിൽ യന്ത്രാപരസ്മരണവും, കാര്യകാരണം, വാചാപ്രസംഗം മുതലായവയിൽ ഭാവനാപരസ്മരണവും ഉദാഹരണങ്ങളാണ്. എന്നാൽ, മുമ്പ് നമ്മുടെ ചിന്തയ്ക്കോ അനുഭവത്തിനോ വിഷയീഭവിച്ചിട്ടുള്ളതാണ് ഒരു വസ്തുവെന്ന് അവ്യക്തമായോ വ്യക്തമായോ ഉള്ള അറിവും കൂടി സ്മൃതിയെന്ന പദത്തിൽ ഗർഭിതമായിട്ടുണ്ടെന്നാണ് ചിലരുടെ മതം. ഈ അറിവുകൂടാതെ കേവല പ്രത്യക്ഷാവസ്ഥയിലെ സംസ്കാരങ്ങളുടെ ആസ്വാദം പ്രധാനം തന്നെ. എന്തെന്നാൽ, മുൻകാലങ്ങളിൽ ഗുരുമുഖത്തിൽ നിന്നും ശ്രവിക്കയോ ഗ്രന്ഥങ്ങളിൽ കാണുകയോ ചെയ്തിട്ടുള്ള ആശയാദികളുടെ സ്മൃതിരൂപത്വങ്ങളൊന്നും കൂടാതെ അവയെ സ്വീയങ്ങളെന്ന വിചാരത്തോടുകൂടെ കവികൾ പ്രയോഗിച്ച് മോഷണദോഷത്തിനു അസ്വതന്ത്രരായി അപവാദസിദ്ധരാകുന്നതിനുള്ളകാരണം മേൽപറഞ്ഞതുതന്നെയാകുന്നു.

സ്മരണശക്തിയുടെ പ്രാഥമികാവസ്ഥയെപ്പറ്റിയാണ് ഇനി ആലോചിക്കേണ്ടത്. അനുഭൂതിയൊന്നും ആസ്പദിച്ചല്ലാതെ സ്മൃതിജ്ഞാനത്തിനു സംഭവമില്ല. ഒരു ശിശുവിനു അനുഭവജ്ഞാനം അല്പനേരംപോലും ഒരു പ്രത്യക്ഷത്തെ സ്മരിക്കുന്നതിനു സാധിക്കയില്ല. ഒരു പേടകത്തെ ഒരിക്കൽ പരിശോധിച്ച് അതിൽ ഒന്നു പദാർത്ഥം ഭാവപ്രത്യക്ഷം ശിശുവിനുണ്ടായെങ്കിലും ഈ അനുഭവത്തെ തിരെ വിസ്മരിച്ച് പിന്നെയും പേടകത്തിൽ കയ്യിടുന്നതു അസാധാരണമല്ല. എന്നാൽ ഭ നാനാന്തരം ചിരപരിചയത്തോടുകൂടി സ്വമാതാപിതാക്കന്മാരെ കാണുമ്പോൾ അത് അറിയുന്നുണ്ട്. പ്രത്യക്ഷ ദ്രവ്യങ്ങളുടെ ആകാരത്തിൽ കൂടി അവയുടെ ഗുണാദികളെ സ്മരിപ്പാനുള്ള ശക്തിക്കു അതിനു അനുഭവസാദൃശ്യമായ മാനസാവസ്ഥ ആവശ്യമത്രെ. നിത്യപരിചിതമായ ഗൃഹപരിസരവസ്ഥാനത്തിന്റെ ഫലമായിട്ട്, അതിൽ ഗൃഹരാമം നല്കുന്നു ഒരു ശിശുപ്രകടിപ്പിക്കുന്ന നൈരാശ്യവും, സ്ഥാനഭേദാദികൾ ഉള്ള ഉപചാരങ്ങൾ കാണുമ്പോൾ അവ ഏതിനെന്ന ഉള്ളിലാക്കിച്ചു അതിനു നോക്കുന്ന ഭാവവും സ്മൃതിയുടെ പ്രാഥമിക രൂപഭേദങ്ങളാണ്.

സ്മരണാദിവൃദ്ധിയുടെ ക്രമമാണ് ഇനി വിചിന്തനീയമായിട്ടുള്ളത്. അനുഭവങ്ങളുടെ ആവർത്തനവും അനുസരിച്ചു അനേകങ്ങളുമായ പ്രത്യക്ഷങ്ങളിലെ വിശേഷണവും പരസ്പരസംബന്ധവും ആദിപ്പടിയെ പ്രാപിക്കുന്നു. ആദിമാവസ്ഥയിൽ സ്വാഭാവികപദങ്ങൾ ഉപയോഗിച്ചുതുടങ്ങുന്നതിനു വളരെ മുമ്പുതന്നെ ആശയപ്രകാശനത്തിനുള്ള ശി ശുവിനുണ്ടാകുന്നു. അമ്മ ധാത്രിയുടെ പേർ ആരെങ്കിലും ഉച്ചരിക്കുന്നതു കേട്ടാൽ അവരുടെ മുഖം അന്വേഷിക്കുന്നതു ഒരു കുട്ടിയുടെ മനോഗതിയുടെ പ്രകടനമാണ്. അനന്തരം അവരുടെ ആകാരത്തിലും സാദൃശ്യമനുസരിച്ചുകൊണ്ട് അവരുടെ രൂപം അവ്യക്തമായി മനോമുകരത്തിൽ കാണുന്നതു ചിന്തയുടെതയാണ്. എന്നാൽ ഒരു ശിശുവിനു ലോകം മുഴുവനും അറിവില്ലാത്തതായും അത്ഭുതകരങ്ങളായും ഉള്ള വസ്തുക്കളാൽ പരിപൂർണ്ണമായിരിക്കെ, ഏകപ്രത്യക്ഷത്തിൽ മാത്രമല്ല ശ്രദ്ധിക്കുന്നതെന്നും, ദ്രവ്യം പ്രതി ഇന്ദ്രിയസന്നികർഷമെല്ലാമായി അനുഭവിച്ചും ബിംബസ്മൃതിപ്രത്യക്ഷങ്ങൾ വർദ്ധിക്കുന്നതാകുന്നു. അല്ല

യവിഞ്ഞാനാധാരന്മാരികളായ ത്ര്യികളിൽ ഇതരാംശങ്ങളുടെ ഉപസ്ഥിതി കൂടിവന്നതാണെന്നാം സൂക്ഷ്മപ്രേക്ഷകന്മാരെല്ലാം ഐകകണ്ഠ്യേന സമ്മതിച്ചിരിക്കുന്നു. ഒന്നാമതായി സംശയങ്ങളുടെ സൂക്ഷ്മതാൽക്കാലികം മാത്രമായിരിക്കുമെങ്കിലും ശൈശവത്തിൽ തന്നെ സ്മൃതികളുടെ പ്രാമാണ്യം [illegible] സ്വീകരിക്കുന്നതാണ്. ശൈവസ്മാർത്ത വൈഷ്ണവർ തങ്ങളുടെ മതാചാര്യന്മാരെ [illegible] കൂടും കാണാതിരുന്നിട്ട് അവരുടെ പുനർജ്ജന്മത്തിൽ തിരിച്ചറിഞ്ഞതായി സംശയങ്ങളുണ്ടു. എന്നാൽ ഏകദേശം ഒരുതരത്തിലുള്ള പ്രമാണത്തോടുകൂടി മാത്രമേ പൂർവ്വ ഇതരസംഗതികളുടെ യഥാർത്ഥ്യത്തെ തിരുത്തിക്കാണിക്കുന്നുള്ളൂ. ഇപ്രകാരം ന്ന വസ്തു കറിയുമ്പോൾ നാതായത് ആചാരവിശേഷം വരിക്കുമ്പോൾ ഈ മാർഗ്ഗത്തിന് സ്വതന്ത്രവിധികളും ചെയ്യുന്നു. ഇപ്രകാരമായാലും, ബാല്യദശയിൽ ശൈശവാവസ്ഥയിലുണ്ടായിട്ടുള്ള സ്മൃതി ഭാവങ്ങളായിട്ടുള്ളതിനെയും ചെയ്യുന്നതാണ. ഇതിന്റെ കാരണം [illegible] പ്രത്യക്ഷങ്ങളുടെ വർദ്ധനയെ ഇതുകളുടെ അനുകരണമായ വാർദ്ധക്യദശയിൽ പൂർവ്വജന്മത്തിന്റെ പരിപൂർത്തിയും സ്മൃതിയും അധികരിച്ച് കാണുന്നു. ഭേദംവരുത്തുന്ന സംഗതിയുടെ ബാഹ്യമായ വിശേഷിക്കുന്നന്നല്ലോ. സ്മൃതിസംഗതികളുടെ അഭിവൃദ്ധിക്ക് ബാധകമാണ് ഈ ഗ്രന്ഥത്തിലുള്ളതും ഇതിൽനിന്ന് സാധിക്കുന്നു. (തുടരും)

വി. ശങ്കരൻനമ്പ്യാർ.

മണിപ്രവാളശോകങ്ങളുടെ [illegible] പ്രസിദ്ധം ചെയ്യുന്ന അരവിന്ദ[illegible]ത്തിൽ സി. വി. ബുക്ക്ഡിപ്പോ പ്രസാധകന്മാര് [illegible] കൊടുത്തിരിക്കുന്നു. മം. പ.

കക്ക തിരുത്തൽ.

1087 തിരുവനന്തപുരത്തിലെ മംഗളോദയത്തിൽ 'വിദ്യാവിനോദിനി' എന്ന ലേഖനത്തിലെ '918-ാമാണ്' എന്നത് 998-ാമാണ്, എന്ന വായിക്കണം.

ഈ മാസികയിലേക്ക് വരിക്കപ്പെട്ടിട്ടുള്ള [illegible] കെ. പി. പദ്മനാഭമേനോൻ ഞങ്ങളെ അറിയിച്ചിരിക്കുന്നു. മം. പ.

जातिः ।

(अनुवृत्तः)

एतादृक्स्थैर्येणैव भारतीयमहाराज्याधिकारिणां सर्वकार्येषु साफल्यं भवति । निष्पक्षपातं निखिलजातीनामेकरूपयैव नीत्या राज्यं विधित्सुभिर्भारतीयमहाराज्याधिकारिभिस्समाश्रित्य स्वीक्रियमाणमिदं स्थैर्यं न्याय्यमेव । ये तु क्रिस्तुमतप्रवर्तकास्तद्धर्मप्रचारका हिन्दूनां यूरोप्यैरुपलभ्यमानस्य परिष्कारस्य प्रतिबन्धिकां जातिमेव निश्चिन्वानास्तामुन्मूलयितुमैदम्पर्येण प्रयतन्ते तेषामेतद्विषयकसंरम्भो ऽन्याय्यो निष्प्रयोजनश्च। हिन्दूनामेतन्महाराज्याधिकारिणां च परस्परं सम्बन्धो रक्ष्यरक्षकभावरूपः, तेषां क्रैस्तवधर्मप्रचारकर्तॄणां यूरोप्याणां च सम्बन्धस्तु न तथाविधः । अतः क्रिस्तुमतप्रचाराय प्रवर्तमानैर्यूरोप्यैरेतद्देशीयान् प्रति महाराज्याधिकारिवत् प्रयुज्यमानो ऽस्वनादरणनिर्बन्धो बन्धः स्वोद्देश्यसिद्धिप्रतिबन्धकश्च स्यात् । हिन्दूनां चिरन्तनजात्याचारमर्यादाविषयकोऽन्तर्दभिप्रायो न् यथार्हमादिश्य मार्गैरेवार्जितैः क्रिस्तुधर्मप्रवर्तकैर्भिर्यूरोप्यैर्स्वमतसिद्धान्तेषु सर्वसम्मततया विद्यमानाः [illegible] लोकमर्यादा हिन्दुसमुदायहृदयङ्गमा विधातुं शक्याः । क्रैस्तवमतमालम्बमानो हि हिन्दुर्जातिभ्रंशमासाद्य सद्यस्तद्बन्धुजनैः समुदायात् बहिष्क्रियते । प्रभुवंशजातोदृशस्तदा प्रायो नीचजन्मभि-

देव हिन्दुभिस्साम्प्रतमालम्ब्यमानक्रिस्तुमतैस्सहाऽभिजनधनविद्यादिभिस्तेभ्योऽप्यभ्यर्हितमैर्न संयोजयितुं न करणीयो निर्बन्धः । अभ्युपगतक्रिस्तुमतेनापि तेन निकृष्टजनैस्सहान्नपानादिविधाने क्रियमाणो निर्बन्धो न शोभत एव । मतमित्येतत्र तावद्येन केनापि सह यत्किमपि जग्ध्वा पीत्वा वाधिगन्तव्यम् । इदानीमाश्रीयमाणक्रिस्तुमतानां नीचजनानामुत्कृष्टजनसमुदायेऽवकाशो न दीयेतैव चिराय । यौरोप्यैरपि सत्पुरुषैरेते त्यक्तमता हिन्दवो न स्वसमुदायेऽन्तर्भाव्यन्ते । क्रिस्तुधर्मानुवर्तने सम्भाव्यमाना त्रिशङ्कुवदियमन्तरालस्थितिरेव प्रभुर्वैश्यानुत्कृष्टहिन्दुजनांस्ततो निवर्तयतीति केच्चिदभिप्रयन्ति। महम्मदीयैस्स्वमतमङ्गीकुर्वाणा हिन्दवस्स्वानिर्विशेषमभिमन्यन्ते । भारतीयमहाराज्याधिकारिभिः क्रैस्तवैस्तावदेतन्न शक्यम् । देवासुराणामार्यदस्यूनां श्वेतकृष्णानां चानादिसिद्धा गाढरूढमूला जातिस्पर्धा नोच्छेत्तुं शक्या । क्रिस्तुमतमभ्युपगच्छतां हिन्दूनां जातिभ्रंशः सिद्ध एव, भवतु, किमतः इति चेत् । स्वजना एनं दूरात् परिहरन्ति । किमितोऽप्यधिकमस्ति दुःखस्थानम् ? स्वजनैः परित्यक्तस्याजननिरेवास्तु । एकाकिना स्वजनविहीनेन को वा पुरुषार्थस्साधयितुं शक्यः । समुदायबले हि सर्वकार्यसिद्धिः प्रतिष्ठिता । तस्मिंश्च जातिनिबन्धने सति तदनादरणं सकलसामुदायिकाचारोच्छेदकारणं स्यात् । हिन्दुमतमर्यादास्वभ्यञ्जानाना यौरोप्यास्तेषां जातिधर्मपरित्यागं नैव सम्मन्येरन् । क्रिस्तुमतप्रचारमभिलषन् कश्चिद्यौरोप्य एवमाह । 'जातेस्तदुचिताधिकारेभ्यश्च बहिष्कृतानां स्वीकृतनूतनमतानुसारिमान्यजनसमुदाये प्रवेशालाभ एव क्रिस्तुमतप्रचारस्य प्रतिबन्धकीभवति । तेष्वेव मान्यानामन्यस्तसमुदायः कल्प्यः । तदन्तर्भूताश्च स्वतन्त्रसव्यवसायेषु प्रोत्साह्योत्कर्षं नेयाः तेषु च सहजबुद्धिशक्त्यादिभिरन्यासाधारणमुत्कर्षमधिगच्छद्भ्यो महाराज्यभारधुरन्धरैर्विशिष्टाधिकाराः प्रदेयाः । एवं तेषां स्थितेर्गौरवमाधाय विस्रम्भे जनिते परस्सहस्रमुत्तमाभिजना अपि जना अहंपूर्विकया सम्पतेयुः क्रिस्तुमतमवलम्बितुं' इति । विद्याधिपत्यं प्रतिश्रुत्य प्रलोभितोऽपि प्रेक्षावानास्तिको न कोऽपि स्वजातिपरित्यागरूपाय महापापाय सज्जेत् । क्रिस्तुमताश्रयणादेव तत्त्वज्ञानाधिगम इति । रथ्यापुरुषपोषवन्मिथ्यावादेन पामरान् प्रतारयद्भिः किं प्रतिपन्नं ? अनितरगतयः केचिन्निकृष्टजनाः परं तद्वचनेष्वन्धविश्वासं दधानाः स्वमततत्त्वज्ञानहीनाः कारितज्ञानस्नानास्तन्मतं परिगृह्णानास्तानुपासते । क्रैस्तवमतस्य महम्मदीयमतस्य तदन्यस्य वा सिद्धान्तानधिगन्तुं बुद्धिमद्भिः क्रियमाणः परिश्रमो न दुष्यत्येव । स्वमतं परित्यज्यान्यमतपरिग्रहस्तु न बुद्धिमत्कृत्यम् । अतिचिरन्तनस्यास्मन्मतस्य तत्त्वजिज्ञासया श्रुतिस्मृत्यादस्मद्ग्रन्थानैदम्पर्येणाधीयानाः कति यौरोप्यपण्डिता नाद्य परिश्राम्यन्ति ? तेषु न कोऽपि स्वमतं परित्यज्यास्मन्मतं स्वीकर्तुं व्यवस्यति । तद्दृष्टान्तेनाप्यस्माभिः स्वमतानुवर्तने श्रेयसी प्रतिपत्तिः कार्या ।

(शिष्यते)

केरळवर्मा, सि. एस्. ऐ.

വരിക്കാരറിവാൻ

ഇവിടെ വരിക്കാർ തന്നിട്ടുള്ള മേൽവിലാസത്തിൽ ശരിയായി തന്നെയാണ് മാസിക അയയ്ക്കുന്നത്. കിട്ടാതെ വരുന്നത് ഞങ്ങളുടെ ഉപേക്ഷകൊണ്ടല്ല. ഏതെങ്കിലും പ്രതി കിട്ടാതെവന്നാൽ ആ മാസം കഴിയുന്നതിന്നുമുമ്പായിത്തന്നെ ഞങ്ങളെ വിവരം അറിയിച്ചാൽ നിവൃത്തിയുണ്ടാക്കിക്കൊടുക്കുന്നതാണ്. അതിന്നുശേഷമുള്ള ആവലാതികൾ ഞങ്ങൾ സ്വീകരിക്കുന്നതല്ല. പോസ്റ്റിലും മറ്റും സൂക്ഷ്മം പതിപ്പിക്കുന്ന സാധനം കിട്ടാതെവന്നാൽ നമ്മുടെ ഉദ്യോഗസ്ഥന്മാരോടു ആവലാതി ബോധിപ്പിക്കുന്നതിന്നു പോസ്റ്റുകളിൽ വേണ്ടതുള്ള വിവരം വരിക്കാർ അറിഞ്ഞിരിക്കുമല്ലോ.

☞ വരിക്കാരയക്കുന്ന കത്തുകളിൽ അവരവർക്കു കിട്ടുന്ന മാസികയുടെ മേൽവിലാസത്തിൽ ചേർത്തുകാണുന്ന നമ്പ്രും കൂടി കാണിക്കേണ്ടതാണ്.

രസികരഞ്ജിനി

ഈ മാസികയുടെ താഴെ നമ്പ്ര ചേർക്കുന്ന ലക്കങ്ങൾ ഇവിടെ വില്പാനുണ്ട്. ആവശ്യക്കാർക്കു ലക്കം ഒന്നിന്നു വില കാലണമാത്രം. തപാൽക്കൂലി പുറമെ.

താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ വി. പി. യായി അയക്കുന്നതാണ്.

പുസ്തകം 1	ലക്കങ്ങൾ 2, 3, 4, 6. 7.
പുസ്തകം 2	2, 3, 4, 5, 6, 7, 8, 9, 10, 11, 12.
പുസ്തകം 3	3, 4, 7, 8, 12
പുസ്തകം 4	എല്ലാലക്കങ്ങളും
പുസ്തകം 5	1, 2, 3, 4.

അറിയിപ്പ്

'മംഗളോദയം' മാസികയുടെ വരിപ്പണം പിരിപ്പാനും മറ്റുമായി കമ്പനി വക ഏജണ്ടായി നിയമിച്ചിരുന്ന കോതകുറുശ്ശി ടി. എസ്സ്. സുബ്രഹ്മണ്യയ്യർ എന്നവർ സ്ഥാനത്തിൽ നിന്നൊഴിഞ്ഞിരിക്കുന്നു. മഞ്ചേരി എൻ. വെങ്കിടസുബ്രഹ്മണ്യയ്യരെ കമ്പനി ഏജണ്ടായി നിയമിക്കയും ചെയ്തിരിക്കുന്നു. ആ പ്രദേശത്തെ വരിക്കാരും, ഷെയറുടമകൾ പണം മുതലായവ പുതിയ ഏജണ്ടിന്റെ പക്കൽ കൊടുക്കേണ്ടതാണെന്നു എല്ലാവരേയും അറിയിച്ചുകൊള്ളുന്നു.

മാനേജർ, മംഗളോദയം കമ്പനി, ലിമിറ്റെഡ്, തൃശ്ശിവപേരൂർ.

മംഗളോദയം

വരിസംഖ്യ തപാൽകൂലി സഹിതം

ഒരു കൊല്ലത്തേക്കു മുൻകൂർ	2—8—0	ആറുമാസത്തേക്കു മുൻകൂർ	1—6—0
ഒറ്റപ്രതിക്ക് മുൻകൂർ	0—4—0	വി. പി. കമ്മീഷൻ പുറമെ	

വരിസംഖ്യ നിലുവെച്ചിട്ടുള്ളവർ, അവരവർ കടക്കാരെ സംഖ്യ ഉടനെ തീർത്തു രശീതി വാങ്ങേണ്ടതാണ്.

മംഗളോദയം കമ്പനി

ലിമിറ്റഡ്, തൃശ്ശിവപേരൂർ.

ഡയറക്ടന്മാർ

3 മഹാരാജശ്രീ കൊച്ചി 11-ാംകൂർ രാജരാജ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട്
1 ബ്രഹ്മശ്രീ എ. കെ. ടി. കെ. എം. ചെറിയ നാരായണൻനമ്പൂതിരിപ്പാട് അവർകൾ
2 ,, വടക്കിനിയേടത്തു കിരാങ്ങാട്ടുമനയ്ക്കൽ ശ്രീധരൻ നാരായണൻനമ്പൂതിരിപ്പാട്
4 ,, സി. ടി. അവണത്തിയാറ്റു നീലകണ്ഠൻ ഭട്ടതിരിപ്പാട് ,,
5 ,, കപ്പൂർ ദാമോദരൻ നമ്പൂതിരിപ്പാട് ,,
6 ,, ടി. എ. എം. ചൊവ്വാക്കാരൻ നമ്പൂതിരി ,,
7 ,, പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ ,,
8 മ. രാ. രാ. ചങ്ങരംകോത കൃഷ്ണൻകർത്താവ് ,,
9 ,, ഡാക്ടർ ടി. സി. കൃഷ്ണമേനോൻ ,,

മലയാളഭാഷാഭിവൃദ്ധിയേയും പൊതുജനയോഗക്ഷേമത്തെയും മുൻനിറുത്തി, ഒരു ഷെയർ 1-ക്കു 10ക. വീതം 3000 ഷെയറിൽകൂടി 30000ക. മൂലധനമായി ഏർപ്പെടുത്തിയിരിക്കുന്നതാണ് ഈ കമ്പനി. ഈ കമ്പനിയിൽ വച്ചു ഇതുവരെ കാലമായി ഉത്തമരീതിയിൽ നടത്തപ്പെട്ടുവരുന്ന കല്പദ്രുമം അച്ചുക്കൂടം തിരുവാങ്ങിയിരിക്കുന്നു. മേലാൽ ഇവിടെ ഇംഗ്ലീഷ്, ദേവനാഗരി, തമിഴ് എന്നീ ഭാഷകളിലുംകൂടി എല്ലാതരത്തിലുമുള്ള അച്ചടിവേലകളും ആവശ്യക്കാർക്ക് വൃത്തിയായും ഭംഗിയായും നടത്തിക്കൊടുക്കുന്നതാണ്.

ഇതിനുമുമ്പെ കോഴിക്കോട്ടുനിന്ന ബ്രഹ്മശ്രീ എ. കെ. ടി. കെ. എം. ചെറിയ നാരായണൻ നമ്പൂതിരിപ്പാടവർകളുടെ ഉടമസ്ഥതയിൽ പ്രസിദ്ധം ചെയ്തിരുന്ന മംഗളോദയം മാസികയും കമ്പനിയിൽനിന്ന പുറപ്പെടുവിക്കുന്നു. ഗ്രന്ഥങ്ങളായ പല വിഷയങ്ങളേയും പ്രതിപാദിക്കുന്ന ഈ മാസിക മേലിൽ പൂർവ്വാധികം പരിഷ്കാരരീതിയിൽ നടത്തുവാൻ ശ്രമം ചെയ്യുന്നതാണ്.

കമ്പനിയിൽ ഷെയർ ചേരുവാൻ ആഗ്രഹിക്കുന്നവർ ടി. കമ്പനിമാനേജർക്ക് അറിയിച്ചാൽ ഫാറങ്ങൾ അയച്ചുകൊടുക്കുന്നതാണ്. അല്പം ഷെയറുകൾ മാത്രമേ ബാക്കിയുള്ളൂ.

മാനേജർ.

മംഗളോദയം

൧൦൮൭

പുസ്തകം ൪	ചിങ്ങം	ലക്കം ൧൦

മംഗളം.

ഞാനാരാം, ഞാനെന്നു നിനാണിഥവ, വെളിക്കെല്ലാണിനിപ്പോൾ, സാധി-
പ്പാനെന്നെ വല്ലാതെ നിസ്സാരമിവിടമതിൽ, തത്ര പ്രണേകാന്തരാരോ
സ്ഥാനം പാർത്താലിതെന്നും, ഒന്നാമനവധി വൃഥിച്ചിട്ടില്ല തനിക്കിതെല്ലാ-
ന്നുനാം കല്പിച്ചിട്ടിന്നു പ്രകൃതിയെക്കണ്ടു കണ്ടിട്ടുതാനേ!

ഒറവങ്കര നീലകണ്ഠൻനമ്പൂരി (രാജാ)

മലയാള അക്ഷരങ്ങൾ

ദ്രാവിഡ ഭാഷകളുടെ കൂട്ടത്തിൽ ഒട്ടും തന്നെ അപ്രധാനമല്ലാത്ത ഒരു നിലയിൽ കേരളഭാഷയെ നിർത്തുവാൻ പരിശ്രമം ചെയ്ത സഹൃദയന്മാരിൽ പലരും സ്വരസന്ധികൾക്കു ദോഷം വരാത്തവിധത്തിൽ ലിപികളുടെ എണ്ണം ഒന്നു ചുരുക്കി എഴുത്തിലും അച്ചടിയിലും ഇപ്പോൾ വേണ്ടിവരുന്ന ശ്രമത്തെ കുറക്കുവാൻ പരിശ്രമിക്കാതിരുന്നിട്ടില്ല. എങ്കിലും ആ വക കാര്യങ്ങളുടെ പരിശ്രമം നിഷ്ഫലമായി കലാശിക്കയാണ് ഉണ്ടായിട്ടുള്ളത്. ഇതുവരെ ചെയ്തു കണ്ടേടത്തോളമുള്ള ശ്രമം കൂട്ടക്ഷരങ്ങളെ തമിഴിലെപ്പോലെ ചന്ദ്രക്കലകൊണ്ടു സന്ധിപ്പിക്കാനുള്ള വഴി മാത്രമാണെന്നു തോന്നുന്നു. 'പ്പ' എന്ന അക്ഷരത്തിന്നുപകരം 'പ്പ' എന്ന് എഴുതുന്നതായാൽ എഴുത്തു വേല ലാഘവപ്പെടുന്നു എന്നല്ലാതെ അച്ചടിക്കാർക്കു പ്രത്യേകമായ ഒരു ഗുണം സിദ്ധിക്കുന്നതാണെന്നു പറവാൻ തരമില്ല.

അച്ചടിക്കാർക്കും പ്രസാധകന്മാർക്കും ഒരുപോലെ ഗുണവത്തായിത്തീരുന്നതായ മാർഗ്ഗമാണ് കണ്ടുപിടിക്കേണ്ടത്. സാധാരണ ഇംഗ്ലീഷിൽകൂടി 26 അക്ഷരം മാത്രമുള്ളതും എത്രയോ നൂറ്റാണ്ടായി മാന്യനിലയിൽ എത്തിക്കഴിഞ്ഞതുമായ ഇംഗ്ലീഷ് ഭാഷയിൽ 'സ്പെല്ലിങ്ങ്' പരിഷ്കാരം വരുത്തുവാൻ അമേരിക്കയിലും, ഇംഗ്ലണ്ടിലും അനവധി പണ്ഡിതന്മാർ ഇപ്പോഴും സവിശേഷമായി ശ്രമിച്ചുവരുന്നതു കാണുമ്പോൾ ഒരു സ്ഥാനത്ത് ഇനിയും ഉറച്ചു

കഴിഞ്ഞിട്ടില്ലാത്ത കേരളഭാഷയുടെ കാൎയ്യത്തിൽ വല്ല പരിഷ്കാരവും ചെയ്യേണമെങ്കിൽ അതു് അസ്ഥാനത്തിലാകയില്ല. ലിപി പരിഷ്കാരം വരുത്തേണ്ടതാണെന്നു സ്ഥാപിപ്പാൻ വളരെ തെളിവുകളൊന്നും ആവശ്യമായി വരികയില്ല.

ഒന്നാമത് പ്രസാധകന്മാൎക്ക്, അക്ഷരങ്ങളെ വൎദ്ധിക്കയാൽ പത്തു ഭാഗങ്ങളിൽ ഒതുങ്ങേണ്ടതായ കാൎയ്യം 15 ഭാഗങ്ങളിൽ കൊണ്ടു സമൎപ്പിക്കേണ്ടിവരുന്നു.

രണ്ടാമത് അച്ചുകൂട്ടക്കാൎക്ക് അച്ചടിവേലയിൽ വല്ല പരിഷ്കാരവും വരുത്തേണമെങ്കിൽ അക്ഷരങ്ങളുടെ പെരുപ്പം ഒരു വിഘ്നമായിത്തീരുന്നു.

മൂന്നാമത് അച്ചടിക്കപ്പെടുന്നവകളുടെയും പുസ്തകങ്ങളുടെയും എണ്ണം വൎദ്ധിക്കയാൽ വൎദ്ധിച്ചുവരുന്നതുകൊണ്ടു വിദ്യാഭ്യാസമയത്തിനുള്ളിൽ പലതും വായിക്കേണ്ടതാണെന്നു നിൎബ്ബന്ധമുള്ളവൎക്കു കാൎയ്യം മനസ്സിലാക്കുക എന്നുള്ള ശ്രമസാദ്ധ്യമായിത്തീരുന്നു.

ഈ മൂന്നു സംഗതികളേയും വെവ്വേറെ എടുത്തു ആലോചിച്ചു നോക്കുക തന്നെ. കേരളഭാഷയിൽ അച്ചടിക്കുന്ന പുസ്തകങ്ങളുടെ സ്ഥിതിയെപ്പറ്റി നോക്കുന്നതായാൽ, അച്ചുകൂട്ടക്കാരും പ്രസാധകന്മാരും രണ്ടു തരക്കാരായിട്ടല്ലാതെ ഈ രണ്ടു പ്രവൃത്തിയും ഒരാളിൽ വളരെ ചില്ലറയായിട്ടാണ് കാണുന്നത്. പണ്ഡിതന്മാർ അധികവും പ്രസാധകന്മാരുടെ കൂട്ടത്തിലായതുകൊണ്ടു പുസ്തകം അച്ചടിക്കുന്നതിൽ—അതായത് ഇപ്പോഴത്തെ പരിഷ്കൃത ലോകരീതിക്കനുസരിച്ചു ഭംഗിയായി അടിക്കുന്നതിൽ, അച്ചുകൂട്ടക്കാൎക്ക് എത്രത്തോളം ബുദ്ധിമുട്ടുകളെ നേരിടുന്നുണ്ടെന്നു അന്വേഷിച്ചു അറിയേണ്ട ചുമതല അവർ തങ്ങളെത്തന്നെ വിചാരിക്കാതെ കഴിഞ്ഞുപോകുന്നു. ഈ വിഷയത്തിൽ വല്ല പരിശ്രമവും ചെയ്വാൻ തുടങ്ങിയുള്ള സാഹിത്യരസികന്മാരെ കാണാനുമില്ല.

രണ്ടാമത് അച്ചുകൂട്ടക്കാർ തന്നെ വല്ല പരിഷ്കാരവും ചെയ്യേണമെങ്കിൽ അക്ഷരങ്ങളുടെ കാൎയ്യത്തിലാണല്ലോ ഒന്നാമതു വേണ്ടത്. രണ്ടോ നാലോ തരം അക്ഷരങ്ങളെക്കൊണ്ട് അച്ചടിപ്പണിയാക്കിത്തീൎക്കുക എന്നതും പ്രയാസം. 350-ഓ 400-ഓ തരം അക്ഷരങ്ങളെ പെറുക്കി വാൎത്തുണ്ടാക്കുക എന്നതു് ഏതുമാത്രം ദ്രവ്യത്തിനും അദ്ധ്വാനത്തിനും ഇടയാക്കിത്തീൎക്കുമെന്നു പറയേണ്ടതില്ല. ഇതിനും പുറമെ പല തരത്തിലുള്ള അക്ഷരങ്ങളും ഉണ്ടാക്കി വ്യാപാരം ചെയ്യേണ്ടുന്ന ഒരു സമ്പ്രദായം കേരളത്തിൽ ഇല്ലതാനും. ഇനി അപ്രകാരം ഒരു വ്യാപാരി ഉണ്ടായാൽതന്നെ ആയാളും ഈ അക്ഷരപ്പെരുപ്പത്തെ ഭയപ്പെട്ടു പുതിയ രീതിയിലുള്ള അക്ഷരങ്ങളെ നിൎമ്മിപ്പാൻ ഉദ്യോഗിക്കാതെയാണിരിക്കുക.

മൂന്നാമത് വൎത്തമാനപത്രങ്ങളുടെയും പുസ്തകങ്ങളുടെയും എണ്ണം വൎദ്ധിച്ചുവരുന്നതോടുകൂടി വായനക്കാൎക്ക് അദ്ധ്വാനംകൂടാതെ കാൎയ്യങ്ങളെ മനസ്സിലാക്കേണമെന്ന നിലയിലായിത്തുടങ്ങിയിരിക്കുന്നു. കാൎയ്യഭാഗം എളുപ്പത്തിൽ ഗ്രഹിക്കേണമെങ്കിൽ അക്ഷരപ്പെരുപ്പം തടസ്ഥം വരുത്താതെ വായനക്കാൎക്ക് പാഠപുസ്തകത്തോളം കുറക്കുകതന്നെ വേണ്ടത്.

ഈ പ്രകാരമുള്ള ദോഷങ്ങളും ഒരു കേരളഭാഷയിൽ ഉണ്ടെങ്കിലും ഇതിനെ എഴുത്തച്ഛന്റെ കാലത്തിൽ പരിഷ്കരിച്ചതിനുശേഷം ഒന്നു പരിഷ്കരിച്ചു കളയാമെന്ന ധൈൎയ്യം ആൎക്കും ഉണ്ടായിട്ടില്ല. ആ ധൈൎയ്യം ഒരാളുടെ ശ്രമംകൊണ്ടു ഉണ്ടാക്കിത്തീൎക്കുക എന്നതും പ്രയാസമായിരിക്കുന്നു. പണ്ഡി

തന്മാർ ഒരുമിച്ചു ചേർന്ന് ഇന്ത്യയിലെ പലഭാഷ കളിലുമുള്ള ലിപികൾ പഠിച്ച് മാതൃഭാഷയിൽ സ്വരസന്ധികൾ ഏതുപ്രകാരമാണ് ഉച്ചരിച്ചിട്ടുള്ളതെന്ന് മനസ്സിലാക്കി ഇപ്പോഴത്തെ സമ്പ്രദായത്തിൽ വല്ല മാറ്റങ്ങളും വരുത്തുവാൻ തരമുണ്ടോ ഇല്ലയോ എന്ന് ആലോചിച്ച് ഉപദേശിക്കുന്നതിന്നു സമയം ആയിരിക്കുന്നു. കേരളഭാഷയെ പല തരമായ നിഘണ്ടുകാരന്മാർ കെട്ടിപ്പെടുത്തി കെട്ടിയിടുന്നതിന്നു മുമ്പായി ഈ പരിഷ്കാരങ്ങൾ വല്ലതും വരുത്തുവാൻ തരമുണ്ടോ ഇല്ലയോ തീർച്ചയാക്കേണ്ടതാണ്. അച്ചടി വേലകളും അച്ചുകൂടങ്ങളും പുസ്തകങ്ങളുടെ എണ്ണവും ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പരിഷ്കാരം വല്ലതും ചെയ്യാൻ തരമുണ്ടെങ്കിൽ ആയത് സ്വരസന്ധികളെ സംബന്ധിച്ചാണ്. മലയാളത്തിലെയും സംസ്കൃതത്തിലെയും അക്ഷരങ്ങളിൽ ചിലതിനെ ഉപമിച്ചു നോക്കുക.

സ്വരാക്ഷരങ്ങളായ ഉ. ഊ. ഋ ഇത്യാദി അക്ഷരങ്ങൾ സന്ധിപ്പിക്കുമ്പോൾ വ്യഞ്ജനങ്ങളിൽ വരുന്ന മാറ്റത്തിന്നൊരു സ്ഥിരതയില്ലാതെ വരുന്നത്.

കു. നു. ണു.
ഗു. രു. ഭു. ശു.
ഗൂ. രൂ. ഭൂ. ശൂ. ക്രൂ.

എന്ന ഇടങ്ങളിലെ വ്യത്യസ്തതകളും.

പു. മു. ചു. വു. യു.
പൂ. മൂ. ചൂ. വൂ. യൂ.

എന്ന ഇടങ്ങളിലെ സാധാരണ രീതികളും നോക്കുക. ഈ വക സന്ധികളെ സംസ്കൃതത്തിൽ എങ്ങിനെയാണ് സമർത്ഥിച്ചിട്ടുള്ളത്?

कु. गु. णु. शु.
कू. गू. णू. शू.

സംസ്കാരത്തിൽ വ്യഞ്ജനങ്ങളോട് സ്വരം കൂട്ടിച്ചേർക്കുന്നതിൽ നല്ല വ്യവസ്ഥയുണ്ടെന്ന് ഇതുകൊണ്ട് തെളിയുന്നതാണ്. മലയാളഭാഷയിൽ സ്വരാക്ഷരങ്ങൾക്കു പ്രത്യേക അടയാളങ്ങൾ ഉണ്ടെങ്കിലും അച്ചുകൂട്ടുകാർ കയ്യക്ഷരത്തെ അനുസരിക്കുന്നതിനാൽ ആ വക അടയാളങ്ങളെ എല്ലാ ഇടങ്ങളിലും സ്വീകരിക്കാറില്ല.

ആ = ാ   ൠ = ൄ
ഇ = ി   എ = െ
ഈ = ീ   ഐ = ൈ
ഉ = ു   ഒ = ൊ
ഊ = ൂ   ഔ = ൌ (ൗ മാത്രമായും)
ഋ = ൃ   അം = ം

ഇതിന്നുള്ള അടയാളങ്ങൾ മാത്രം എല്ലാ വ്യഞ്ജനാക്ഷരങ്ങളോടും ചേർക്കാറില്ലെ ചേർക്കുന്നതായാൽ ഒരു ആശ്വാസമുണ്ടെന്നാണ് തോന്നുന്നത്. ഇതിലും എ, ഏ, ഒ, ഓ, മുതലായ സ്വരങ്ങൾക്ക് എന്നെങ്കിലും സംസ്കൃതത്തെ അനുസരിച്ച് ഒരു അടയാളം ഉണ്ടാക്കുന്നതു പ്രത്യേകം നന്നായിരിക്കുമെന്നാണ് പറയേണ്ടത്.

ഇനി കൂട്ടക്ഷരങ്ങളുടെ കാര്യം നോക്കുക. രണ്ടു വ്യഞ്ജനാക്ഷരം തന്നെ ഇരട്ടിച്ചു സന്ധിപ്പിക്കേണ്ടിവരുന്ന ദിക്കിൽ എന്തെങ്കിലും ഒരു അടയാളംകൊണ്ട് ആയതു സാദ്ധ്യമാകുമെങ്കിൽ എത്ര നന്നായിരുന്നു. ക്ക, ച്ച, ങ്ങ, ഞ്ഞ, ട്ട മുതലായ അക്ഷരങ്ങൾ ക്, ച്, ട്, ത്, പ്, എന്ന അടയാളങ്ങൾകൊണ്ടു സമർത്ഥിക്കാമെങ്കിൽ എത്ര ഉപകാരമായി.

ഈ എഴുതുന്ന വാചകം പുതിയ രീതിയിൽ അവലംബിച്ചിട്ടില്ല. വിചാരിക്കുകതന്നെ. എന്നിരുന്നാലും എത്രയോ അക്ഷരങ്ങൾ. സംസ്കൃതഗ്രന്ഥങ്ങൾ അടിച്ചുള്ള നാഗരാക്ഷരം അടിപ്പിച്ച ഈവക അടയാളങ്ങൾ അനായാസേന കാണാം.

(ഈ എഴുതുന്ന വാചകം പുതിയ ഒരു രീതിയെ അവലംബിച്ചാണെന്നു വിചാരിക്കരുതേ. എന്തിനെന്നാൽ എത്രത്തോളം അതേക്കേട്ടുണ്ട്. സംസ്കൃതഗ്രന്ഥങ്ങൾ അടിക്കുന്ന നാഗരാക്ഷരം അച്ചടിയ്ക്കൽ ഈ വക അടയാളങ്ങൾ അനവധി കാണാം.)

ഇതുപോലെതന്നെ അധികമായി സംയോഗത്തിൽ വരുന്ന ന്റ, ഞ്ച മുതലായ അക്ഷരങ്ങൾ കൂട്ടുള്ള വ്യഞ്ജനങ്ങളോടു ചേരുമ്പോൾ കൂട്ടക്ഷരമില്ലാത്ത സ്ഥിതിയിൽ ഒരു അക്ഷരവും അടയാളവുമാക്കിയാൽ എത്ര ഗുണമായി.

ഇപ്രകാരം ഭേദമാകുന്നതായാൽ പലരും അഭിപ്രായപ്പെടുമായിരിക്കും. ഇപ്പോൾ അച്ചടിയിൽ ആകെ വേണ്ടിവരുന്ന 850-ൽ അധികം കള്ളികൾ ചുരുക്കി നൂറോ നൂറ്റമ്പതോ ആക്കുവാൻ സാധിക്കുന്നതായാൽ വലുതായ ഒരാശ്വാസം അച്ചുകൂട്ടക്കാർക്കു കിട്ടുന്നതാണ്. എന്നാൽ ഇപ്രകാരം വല്ല പരിഷ്കാരവും വരുത്തുന്നതായാൽ പൊതുജനങ്ങൾക്കു എത്രമാത്രം അസൗകര്യമായി തീരുമെന്ന ആലോചിക്കേണ്ടതുള്ളൂ. ഉറച്ച ഒരു രീതിയെ ഭേദപ്പെടുത്തുമ്പോൾ ബുദ്ധിമുട്ടായി തോന്നുന്നത് സാധാരണയാണ്. പണ്ഡിതന്മാരും വിദ്യാഭ്യാസകാര്യധുരന്ധരന്മാരും ഒത്തൊരുമിച്ചു മേലിൽ അച്ചടിക്കുന്ന പുസ്തകങ്ങളെല്ലാം ഈ നവരീതിക്കനുസരിച്ചേ പാടുള്ളുവെന്ന തീർച്ചപ്പെടുത്തിയാൽ ചുരുങ്ങിയകാലം കൊണ്ടു ബുദ്ധിമുട്ടുകൾ തീരാതിരിക്കുന്നതല്ല. ഭിന്നാഭിപ്രായക്കാർ ഇതിലും ഉണ്ടാകാതിരിക്കയില്ല. അവരുടെ ഇപ്പോഴത്തെ ഭംഗി പോരാതാകുമെന്നായിരിക്കും മുഖ്യമായ ആക്ഷേപം. എന്തെങ്കിലും ഈ വിഷയം ആലോചനീയമാണെന്നും ഒരു തീരുമാനം ഒന്നു തീർച്ചപ്പെടുത്തേണ്ടതായ നല്ല ഒരു അവസരം ഇതിൽ പരമായി ഉണ്ടാവാനുണ്ടാകയില്ലെന്നുംകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

സർപ്പാരാധന

'ആരാധന' എന്നു പറയുന്നതു 'ഭക്തി' എന്ന മനോവികാരത്തിന്റെ ബാഹ്യമായ ഒരു പ്രത്യക്ഷപ്രവൃത്തി മാത്രമാകുന്നു. ഈ മനോവികാരവും, അതു ഒരു വിധത്തിലെങ്കിൽ മറ്റൊരുവിധത്തിൽ പുറത്തു കാണിക്കുന്നതിനുള്ള താല്പര്യവും എല്ലാവരിലും ഏറെക്കുറെ ഉണ്ട്. 'ഭക്തി' ഭയവിശ്വാസസ്നേഹബഹുമാനസമ്മിശ്രമായ ഒരു വികാരമാകുന്നു. നാം സ്തുതിക്കയോ, വിശ്വസിക്കയോ, ബഹുമാനിക്കയോ, ഭയപ്പെടുകയോ, ചെയ്യുന്ന ഒരു സാധനത്തോടോ, മനുഷ്യനോടോ, ദിവ്യവും അദൃശ്യവും ആയ ഒരു ശക്തിയോടോ നമുക്കു 'ഭക്തി' ഉണ്ടാകാം. ഭക്തിയുടെ ആധിക്യം കൊണ്ടു ചിലപ്പോൾ നാം ഭക്തിപൂർവ്വം ആരാധിക്കുന്ന ആളെ വിട്ട്, നമ്മുടെ 'ഭക്തി' ആദ്ദേഹത്തിന്റെ ഉടമസ്ഥതക്കു അധീനമായ ചില സാധനങ്ങളിലേക്കു മാറാറുണ്ട്. തന്നിമിത്തം പരിശുദ്ധനായ ഒരു യോഗീശ്വരന്റെ പാദുകം, യോഗ്യനായ ഒരു രാജപുംഗവന്റെ കിരീടം, സിംഹാസനം മുതലായവയും, പ്രസിദ്ധനായ ഒരു ലോക

ഗ്രന്ഥവിൻെറ 'തെ.ഗ്രീമടിസ്സ്' ഇതിനെ പലതും നമ്മുടെ കേൾവിപ്പെട്ടുള്ള ആരാധനക്ക് വിശദീകരിക്കുന്നു. നാം കേൾവിപ്പെട്ടും പട്ടത്തിനെ എതിർക്കുന്നതിനെ ആരാധിക്കുന്നതു ഭൂതത്തിലെ ചില കാരണങ്ങൾക്ക് മുമ്പു കിട്ടുന്നതിനോ, വർത്തമാനത്തിൽ അവയുടെ പ്രീതി സമ്പാദിച്ച് ജീവിതയുഖം ഭദ്രമാക്കുന്നതിനോ, ഭാവിയിലെ ചില ഭയങ്ങളിൽ നിന്നു അഭയം ലഭിക്കുന്നതിനോ വേണ്ടി ആകുന്നു. പൂജിക്കുക, ഭോജിപ്പിക്കുക, നിവേദിക്കുക, കാണിക്കവെക്കുക, തൊട്ടുതൊഴുക, കൈകൂപ്പുക, മുതലായവയെല്ലാം ഭക്തിയുടെ ഫലങ്ങളാകുന്നു. ഭക്തി, തൊഴുതുപോന്ന മന്ത്രങ്ങളും, ആനന്ദമായി സവ്വദാ തോന്നുന്നതും ആകാം. മത വ്യത്യാസങ്ങൾ അനുസരിച്ച് ആരാധന വിധികൾക്കും ഭേദങ്ങൾ ഉണ്ട്.

ദൃഷ്ടിക്ക് തീരെ അഗോചരമായ ദിവ്യശക്തിയെ മനസ്സുകൊണ്ടു ധ്യാനിച്ച് ആരാധനകൾ ചെയ്യുന്നതിനുള്ള മനഃപർപ്പാകത് ഇല്ലാതിരുന്ന പഴയ കാലങ്ങളിലെ ആളുകൾക്ക് അവരുടെ ആരാധനകൾക്കെല്ലാം ദൃശ്യവും സ്പർശ്യവും ആയ ഒരു സാധനം അവശ്യം ആവശ്യമായിരുന്നു. ഇപ്പോഴും ഒരു വിധത്തിൽ ആരാധിക്കുന്ന സമ്പ്രദായം ഇന്നും ധാരാളം നടന്നുവരുന്നുണ്ടല്ലോ. പഴയ കാലങ്ങളിൽ മനുഷ്യരുടെ ആരാധനകൾക്ക് പാത്രീഭവിച്ചിരുന്ന വസ്തുക്കളെ 1 വൃക്ഷങ്ങൾ, 2. മറ്റു അചേതനവസ്തുക്കൾ, 3. ജീവികൾ, (മനുഷ്യരും മൃഗപക്ഷ്യാദികളും) 4. മരിച്ച കാരണവന്മാരുടെ പ്രേതങ്ങൾ (പിതൃക്കൾ) ഇങ്ങിനെ നാലാക്കി തരംതിരിക്കാം. വെറും കല്ല്, മരക്കട്ടി മുതലായ നിസ്സാരവസ്തുക്കളെ വിട്ട് ചൈതന്യമുള്ള [illegible] ടയിലത്ത് ആരാധനകളായ എതാണ് മനോമയത്ത പരിഷ്കാരമാകുന്നു. പ്രകൃതിയിലുള്ള ചില ശക്തികൾക്ക് ദിവ്യത്വം സങ്കല്പിച്ചതായിരിക്കണം ഒന്നാമത്തെയായ മാറ്റം. സൂര്യചന്ദ്രന്മാർ, ആകാശം, വായു മുതലായവ ആദ്യകാലത്തെ 'ഏരിയൻ' ജനത 'പാർസികൾ' 'ഹിന്ദുക്കൾ' എന്നിങ്ങിനെ പല രാജ്യക്കാരുടെയും ആരാധനകൾക്ക് പാത്രീഭവിച്ചിരുന്നു.

ഈ വക ശക്തികളെ വിട്ട് വൃക്ഷസമൂഹങ്ങളിലേക്ക് കടന്നത് എപ്പോൾ സമയത്തിലാണെന്ന് തീർച്ച പറഞ്ഞുകൂടാ. എങ്കിലും, ഇത് ആരാധനകളായ ഉന്നതത്തെ പടിയായിരിക്കണം. വളരെ ആദ്യകാലത്തു തന്നെ വൃക്ഷങ്ങൾ ദൈവങ്ങളുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടിരുന്നു. 'ഇംഗ്ലണ്ടി'ലെ ആദ്യനിവാസികളുടെ പുരോഹിതന്മാരായിരുന്ന 'ഡ്രൂയിഡ്സ്' (Druids) എന്നവർ 'ഓക്ക്' (oak) മരത്തിന് എന്തോ ഒരു ദിവ്യശക്തിയുണ്ടെന്ന് വിശ്വസിച്ച് അതിനെ ഭക്തിപുരസ്സരം ആരാധിച്ചിരുന്നു. യവനന്മാരുടെ ഒരു പ്രധാന ക്ഷേത്രസ്ഥലമായിരുന്ന 'ഡൊഡോണാ' (Dodona) യിലെ ഓക്കുമരവും അവരുടെ വിശേഷാരാധനകൾക്ക് പാത്രമായിരുന്നു. 'ഇന്ത്യ'യിൽ എന്നപോലെതന്നെ 'ആഫ്രിക്ക'യിലും ചില ദിവ്യവൃക്ഷങ്ങൾ ഉണ്ട്. ഔഷധശക്തിയുള്ള മരങ്ങളും ചെടികളും കൂടാതെ, 'ആൽ' മുതലായ ചില മരങ്ങളും കൂടി ഹിന്ദുക്കളുടെ പൂജകൾ അനുഭവിക്കുന്നുണ്ടല്ലോ.

വൃക്ഷങ്ങളെ സ്പർശിച്ച് മൃഗങ്ങളെ കടന്ന് പിടികൂടിയതാണ് ആരാധനാവിധികളുടെ നാലാമത്തെ മാറ്റം. ഈ പരിണാമം സർപ്പാരാധനത്തിലും കാണ

[illegible]ത്തിലും ഉണ്ടായതാണ്. മൃഗങ്ങളെ ദൈവങ്ങളാക്കി സങ്കല്പിച്ച് പൂജിച്ചുവന്ന രാജ്യങ്ങളുടെ അഗ്ര്യസ്ഥാനം 'ഈജിപ്തു'രാജ്യത്തിന്നാകുന്നു. രണ്ടാംസ്ഥാനം മാത്രമേ 'ഇന്ത്യ'ക്ക് ലഭിക്കുന്നുള്ളു. 'ഈജിപ്തിൽ' ജീവനുള്ളവയെല്ലാം 'ദൈവങ്ങൾ' ആയിരുന്നു. മുതലകൾ കുട്ടികളെ പിടിച്ചുകൊണ്ടുപോവുക മുതലായ സങ്കടകാര്യങ്ങൾ, കുട്ടികൾക്ക് മോക്ഷപ്രാപ്തി ഉണ്ടാകുന്നുള്ള അന്ധവിശ്വാസത്താൽ അവരുടെ മാതാപിതാക്കന്മാരെ സന്തോഷിപ്പിക്കയേയുള്ളു. കാള, പശു, പരുന്തു, കരടി മുതലായവയെല്ലാം ഇപ്പോഴും ഹിന്തുക്കൾക്ക് വിശേഷപ്പെട്ടവയാണല്ലോ. കാളകളെ 'പാർസിക'ളും പൂജിച്ചിരുന്നു.

മനുഷ്യർ ഏതെങ്കിലും കാലത്തു സേവിച്ചു പൂജിച്ചിട്ടുള്ള ജീവജാലങ്ങളുടെ കൂട്ടത്തിൽ "സർപ്പങ്ങൾ"ക്ക് [illegible] ഒരു പ്രധാനസ്ഥാനം ലഭിച്ചിട്ടുണ്ട്. "ചാൽഡിയന്മാർ", "ഈജിപ്തുകാർ", "യവനന്മാർ", "റോമക്കാർ", "ഗ്രീക്കുകാർ", "പാർസികൾ", ഇവരെല്ലാം സർപ്പങ്ങൾ പല ദിവ്യശക്തികളും ഉള്ള "ദൈവങ്ങൾ" എന്ന് സങ്കല്പിച്ച് പൂജിച്ച് പോന്നിരുന്നു. "അമേരിക്ക"യിലെ ആദ്യനിവാസികളും സർപ്പാരാധനക്കാരായിരുന്നു എന്ന് തെളിയിക്കുന്ന ലക്ഷ്യങ്ങൾ ഇപ്പോഴും ഉണ്ട്. "ആഫ്രിക്കയിൽ" പലേടത്തും സർപ്പപൂജ ഇപ്പോഴും നടപ്പുണ്ട്. 'ഇന്ത്യയിലെ'കാര്യം വിശേഷിച്ച് പറയേണ്ടതില്ലല്ലോ.

ഇത്രവളരെ രാജ്യക്കാരുടെയും പ്രത്യേകാരാധനക്ക് വിഷയീഭവിക്കത്തക്കവണ്ണം സർപ്പത്തിന് വല്ല വിശേഷവും ഉണ്ടോ എന്ന് നോക്കാം. ജ്ഞാനത്തിന്റെ ഉത്തമലക്ഷ്യങ്ങളായി സർപ്പത്തെ ചിലർ കരുതി വരുന്നു. തിര്യക്കുകളായുള്ള [illegible] ഗതിയും, ഗതിയുടെ വക്രതയും, മനുഷ്യജീവനങ്ങളുടെ അടുത്തുതന്നെ വസിച്ചുവരുന്നുള്ള അധിവാസവും, കാട്ടിൽ ഇണക്കമുള്ള ഒരു സാധുജീവിയെന്ന് നടിച്ചുകൊണ്ട് സ്വന്തം ഉള്ള ക്രൂരത കൈവിടാതിരിക്കുന്നതും, പാമ്പുകടിയുടെ ക്രൂരവും ഭീതിജനകവും ആയ ഫലങ്ങളും, എല്ലാം മനുഷ്യജീവികളെ അപേക്ഷിച്ച് പാമ്പുകൾക്ക് ഒരു അധികാരമേറിപ്പിക്കുമോ, സ്ഥാനയോഗ്യതയോ അധികം കല്പിക്കുന്നതിനു മതിയായ കാരണങ്ങൾ ആകുന്നതിനു സംശയമില്ല. മണ്ണിൽ ഇഴഞ്ഞുനടന്ന് പൊടി തിന്നുന്ന പാമ്പുകൾ മരിച്ചുപോയ [illegible]ങ്ങളുടെ അഥവാ 'പിതൃക്കളുടെ' പ്രാതിനിധ്യം വഹിക്കുന്നവയാണെന്നു വിശ്വസിക്കുന്നവരും ഉണ്ട്. പണ്ട് മനുഷ്യർ പാമ്പുകളുമായിട്ട് തന്നെ "യവനരുടെ" ഇടയിലും ഒരു യോജന ഉണ്ടായിരുന്നു. ജ്ഞാനത്തിനും, നിത്യതക്കും [illegible]ത്തിപ്പെട്ടിരുന്ന പാമ്പ് ആദിപാർസികളുടെ കൊടിയടയാളമായിരുന്നു. ഇടയ്ക്കെല്ലാം പാമ്പുകൾ 'ഉറ ഉരന്ന്' തോടുകൂടി അവക്ക് വീണ്ടും യൗവനം സിദ്ധിക്കുന്നതിനാൽ പാമ്പുകൾക്ക് നാശമില്ലെന്നായിരുന്നു വിശ്വസിച്ചിരുന്നത്.

"തക്ഷകന്മാർ" എന്നൊരു ജാതിക്കാർ 'ഇന്ത്യ'യിലേക്ക് വന്നതോടുകൂടി ആണ സർപ്പാരാധനക്ക് ഇന്ത്യയിൽ പ്രചാരം സിദ്ധിച്ചത്. എന്നാൽ പുരാതന "ആര്യ"ന്മാരുടെ ആഗമനത്തിന്നു എത്രയോ മുമ്പുതന്നെ ഇന്ത്യയെ അധിവസിച്ചിരുന്ന "ദ്രാവിഡ" സർപ്പാരാധനക്കാരായിരുന്നു. "തക്ഷകന്മാ"രുടെ യഥാർത്ഥസ്ഥിതികളെപ്പറ്റി നമുക്ക് അധികമൊന്നും അറിവില്ല. ഹിമാലയമഹാഗിരിക്കപ്പുറമുള്ള രാജ്യമായ "ടിബറ്റി"ലെ ആളുകളും പാമ്പുകളെ

പൂജിച്ചിരുന്നു. ഇതിനെ നോക്കുന്നതായാൽ, ഈജിപ്റ്റ്, അസ്സീറിയ, ആഫ്രിക്ക, അമേരിക്ക എന്നീ നാലു ഖണ്ഡങ്ങളിലും സർപ്പാരാധനക്ക് ധാരാളം പ്രചാരം ഉണ്ടായിരുന്നു എന്ന് കാണാം. ആദ്യകാലത്ത് 'മെക്സിക്കോ' പാമ്പുകളെ എഴുന്നള്ളിക്കുന്നതിന്ന അവരുടെ ഉത്സവത്തിന്ന 'ഉരുളി'കൊണ്ടു അവരുടെ വിശ്വാസപ്രകാരമായ "കൊറാൻ" പോലെയുള്ള ഗ്രന്ഥങ്ങളുണ്ടല്ലൊ. "ഖുറാൻ"യിൽ പാമ്പുകളെ കൊല്ലുന്നവർ മരണശിക്ഷക്ക് വിധിക്കപ്പെട്ടിരുന്നു.

ഇന്ത്യയിൽ ഇന്നും നിലനിന്നു പോരുന്ന ചില സ്ഥലപ്പേരുകൾ, ഇന്ത്യക്കാരുടെ ഇടയിൽ സർപ്പാരാധനക്ക് എത്രമാത്രം പ്രചാരമുണ്ടായിരുന്നു എന്ന് തെളിയിക്കുന്നതിന്ന വലുതായ ലക്ഷ്യങ്ങൾ ആണ്. തിരുവിതാംകൂറിലെ "നാഗർകോവിൽ", മൈസൂരിലെ "നാഗമംഗലം", മദിരാശി സംസ്ഥാനത്തെ 'നാഗപട്ടണം', ആസ്സാമിലെ "നാഗന്മാർ", കാശ്മീരത്തിലെ "നാഗർകണ്ടു", പഞ്ചാബിലെ "നാഗർകോട്ട്", ബംഗാളിലെ "നാഗർപൂർ", മദ്ധ്യേന്ത്യയിലെ "നാഗപൂർ" ഇവ പോലെ ഉള്ളവ, ഒരു കാലത്ത് ഈ പ്രദേശങ്ങളിൽ അധിവസിച്ചിരുന്നവർ "നാഗ"ന്മാരെ പൂജിച്ചിരുന്നു എന്നുള്ള പരമാർത്ഥത്തെ വെളിപ്പെടുത്തുന്നു. നാഗങ്ങളെ കുറിച്ചും നാഗരാജാക്കന്മാരെക്കുറിച്ചും പല ഐതിഹ്യങ്ങളും മലയാളത്തിൽ പോലും ഇന്നും ഉണ്ടല്ലൊ. ഇപ്പോഴത്തെ ആരാധനകളിലും വിശ്വാസങ്ങളിലും കുറെ വ്യത്യാസമുണ്ട്. യഥാർത്ഥത്തിൽ ഉപദ്രവിക്കപ്പെട്ടല്ലാതെ അതുവിട്ട് അധികം പുറത്തു പോകയില്ലെന്നും, അത് എപ്പോഴും അദൃശ്യവും അമൂല്യവും ആയ ഒരു നിധി കാത്തുകൊണ്ടിരിക്കയാണെന്നും, വിശ്വസിക്കപ്പെടുന്നു.

പഴയ ഭിത്തികളും താഴ്ന്ന ജാതിക്കാരും പാമ്പുകൾക്ക് ദിവ്യശക്തി ഉണ്ടെന്ന് ഇപ്പോഴും സമ്പൂർണ്ണമായി വിശ്വസിക്കുന്നു. ഇന്നും നാം ഉപദ്രവികളായ സർപ്പങ്ങളെപ്പോലും അവയെ ഉപദ്രവിക്കുന്നതിന്ന വളരെ മടിക്കുന്നു. വല്ലവരും അറിയാതെ ഒരു സർപ്പത്തെ കൊന്നാൽ ശവദാഹം മുതലായി ക്രിയകൾ മനുഷ്യർക്കും പതിവുള്ള എല്ലാ കാര്യങ്ങളും പാമ്പുകൾക്കും ചെയ്യപ്പെടുന്നു.

"പഞ്ചതന്ത്രം" എന്ന കൃതിയിലാകട്ടെ സർപ്പങ്ങളുടെ മേൽ ഉണ്ടായിരുന്ന അധികാരങ്ങളും, അവയോടു മാത്രം സർപ്പങ്ങൾക്കുള്ള ഇണക്കവും വണക്കവും, അതു സംബന്ധിച്ചിട്ടുള്ള അനേകം കഥകളും നമുക്കു പലതും കേട്ടുകേൾവി ഉണ്ട്. എന്നാൽ 'ഒക്കട്ട്' നടത്തുന്നതുപോലെതന്നെ സർപ്പങ്ങൾ യാതൊരു ഉപദ്രവവും ചെയ്യാതെ യഥേഷ്ടം കളിച്ചുനടന്നിരുന്ന മറ്റു ചില സ്ഥലങ്ങളെ കുറിച്ചുകൂടി ഇവിടെ ഒരു ചരിത്രപുസ്തകത്തിൽ നിന്ന വായിക്കുവാൻ ഇടയായി. ക്രിസ്ത്വബ്ദം ഒന്നാം ശതവർഷത്തിൽ നിരുപദ്രവികളായ ഉഗ്രസർപ്പങ്ങൾ 'മാസിഡോണിയ' രാജ്യത്താകെയും, പ്രത്യേകിച്ച് 'പെല്ലാ' എന്ന പട്ടണത്തിലും ധാരാളം ഉണ്ടായിരുന്നുവത്രെ. അവ, സാധാരണയായി മനുഷ്യവാസങ്ങളിൽ ചെന്ന് എലി, 'പെരിച്ചാഴി', മുതലായ ഉപദ്രവികളായ ജന്തുക്കളെ കടിച്ചുകൊന്ന് മനുഷ്യരെ സഹായിക്കാറുണ്ട്. കുട്ടികളോടുകൂടി കളിക്കുക, രാത്രിസമയങ്ങളിൽ ശയനമുറികളിലും മറ്റും ചെല്ലുക, തൊട്ടിലുകളിൽ കയറിക്കിടന്ന് ഉറങ്ങുക, മുതലായിട്ടുള്ള വിശ്വസിക്കുവാൻ വളരെ പ്രയാസമുള്ള പ്രവൃത്തികൾ അവിടത്തെ പാമ്പുകൾ യഥേഷ്ടം ചെയ്തിരുന്നുവത്രെ! വിശ്വവിശ്രുതനും മഹാനും ആയ "അലക്സ"

ളുടെ അമ്മയായ "ഒളിമ്പിയാസി"നെ ഒരു ദിവസം ഒരു ഉഗ്രസർപ്പം ആലിംഗനം ചെയ്യുന്നത് അവരുടെ ഭർത്താവും, 'അലക്സാണ്ടർ'ടെ അച്ഛനും ആയ "ഫിലിപ്പ്" കണ്ടതായും, ദൈവം സർപ്പവേഷം ധരിച്ച് തന്റെ പ്രേമഭാജനമായ രാജ്ഞിയെ ഭാഗ്യവതിയാക്കിയതാണെന്ന വിശ്വസിച്ച് സമാധാനിച്ച് സന്തോഷിച്ചതായും ചരിത്രപുസ്തകങ്ങളിൽ കാണുന്നു. "ഈജിപ്റ്റിൽ" "തീബിസ്" എന്ന പട്ടണത്തിലും ഇപ്രകാരം ഉപദ്രവം ചെയ്യാത്ത സർപ്പങ്ങൾ ഉണ്ടായിരുന്നു എന്ന് "ഹെറഡോട്ടസ്സ്" (Herdotus) എന്ന ചരിത്രകാരൻ പറയുന്നു.

നല്ല സർപ്പങ്ങളുടെ 'മസ്തകപ്രസാദം'കൊണ്ടാണ് 'മാണിക്യക്കല്ല്' ഉണ്ടാകുന്നതെന്ന വിശ്വസിക്കുന്നവർ ഇപ്പോഴും ഉണ്ട്. വലിയ ഒരു 'നിധി'യിന്മേൽ ഒരു സർപ്പം കാവലായി ഉള്ളന്ന എന്നും, എത്രയോ കാലംകൊണ്ട് ആ 'നിധി' ചെറുതായി വിലമതിക്കപ്പെടുവാൻ വയ്യാത്ത ഒരു രത്നമായിത്തീരുന്നു എന്നും ആണ് [illegible]. പിന്നീട് ആ കല്ലു കൊത്തിക്കൊണ്ട് ആ പാമ്പു പറക്കുന്നുവത്രെ. ആഹാരമില്ലാതെ അത്യന്തം ഉച്ഛ്വസിക്കാതെയുള്ള സർപ്പത്തിന്റെ ശരീരം ലഘൂകരിക്കപ്പെടുമ്പോൾ അതിന്ന പറക്കുന്നതിനുള്ള സാമർത്ഥ്യമുണ്ടാകുമത്രെ! പറക്കുന്ന പാമ്പുകളെ നമ്മുടെ നാട്ടിലെ പഴമക്കാർ മാത്രം സൃഷ്ടിച്ചിട്ടുള്ള എന്നുള്ള എന്റെ ധാരണ ഇപ്പോൾ മാറിയിരിക്കുന്നു. 'യവന' ചരിത്രകാരനായ "ഹെറഡോട്ടസ്സ്" തന്നെ പറക്കുന്ന പാമ്പുകളെക്കുറിച്ച് ഒരു സ്ഥലത്ത് ഇപ്രകാരം പറഞ്ഞിരിക്കുന്നു. "അറേബിയയിൽ 'ബ്യൂട്ടോ' എന്ന പട്ട

ഉണ്ടെന്ന കേട്ട് അവയെ കാണ്മാൻ ഞാൻ അവിടെ ചെന്നിരുന്നു. വളരെ പാമ്പുകളുടെ അസ്ഥികളും കൂട്ടംകൂട്ടമായി അവിടെ കിടക്കുന്നതു ഞാൻ കണ്ടു. വസന്തകാലത്ത് പാമ്പുകൾ അവിടെനിന്ന കൂട്ടമായി 'ഈജിപ്റ്റിലേക്ക്' പറക്കാറുണ്ടെന്ന് അവിടുത്തുകാർ പറഞ്ഞു. പറക്കുന്ന ഈ പാമ്പുകളെ എല്ലാം "ഐബിസ്സ്" എന്ന ഒരു തരം പക്ഷികൾ കൊല്ലുന്നുവത്രെ".

പല രാജ്യക്കാരുടെ ഇടയിലും പാമ്പുകളെക്കുറിച്ച് പല ഐതിഹ്യങ്ങളും കഥകളും നടപ്പുണ്ട്. അവയെല്ലാം ഇവിടെ എടുത്തു പറയുവാൻ സാധിക്കുന്നതല്ല. ക്രിസ്തീയ വേദപുസ്തകത്തിൽ 'ആദ്യമായ ചെകുത്താൻ ഉപായി ആയ പാമ്പിന്റെ വേഷമെടുത്ത് ആദ്യമനുഷ്യരെ പറഞ്ഞു പറ്റിച്ച് പാപം ഭൂമിയിൽ ഉളവാക്കി' എന്ന പറയപ്പെടുന്നു. അതിനാൽ ക്രിസ്ത്യാനികൾ പാമ്പുകളെ ലോകശത്രുക്കളായും ദുഷ്ടതകൾക്കും പാപങ്ങൾക്കും ഇരിപ്പിടങ്ങളായും കരുതിവരുന്നു. നാഗങ്ങളെക്കുറിച്ചും, നാഗകന്യകകളെക്കുറിച്ചും, നാഗരാജാക്കന്മാരെയും നാഗചക്രവർത്തി ആയ 'അനന്ത'നെയും കുറിച്ചും മലയാളികൾ ധാരാളം കേട്ടിട്ടുള്ളതിനാൽ അതു സംബന്ധമായി ഞാൻ ഒന്നും പറയേണമെന്നില്ലല്ലോ.

ഒരു സർപ്പരാജാവിന്റെ സന്തതികളാണെന്നുള്ള അഭിമാനത്തോടുകൂടി "ടിബറ്റിൽ" നിന്ന പുറപ്പെട്ടവരായ "തക്ഷകന്മാ"രുടെ പ്രവേശനത്തോടുകൂടിയാണ് സർപ്പാരാധന വടക്കേ ഇന്ത്യയിൽ അധികം പ്രാബല്യം സിദ്ധിച്ചതെന്നതിന്ന സംശയമില്ല. ഇവർ "ടിബറ്റിൽ"നിന്ന പുറപ്പെട്ട് 'ബ്രഹ്മപുത്രാ' നദീവക്കത്തുകൂടി ഇന്ത്യ

നം ചെയ്തു് അവിടെ 'പാടലീപുത്രം' എന്നൊരു പട്ടണം സ്ഥാപിച്ചു. "മഗധ" രാജ്യം ഇവരാൽ സ്ഥാപിതമായിരുന്നു. "പാടലീപുത്രം" ഇവരുടെ തലസ്ഥാനവും ആയിരുന്നു. അവിടെ വാണ ഒന്നു രണ്ടു രാജാക്കന്മാരും 'തക്ഷക'വംശക്കാരായിരുന്നു. ഇവരുടെ കാലത്താണ് സർപ്പാരാധന അതിന്റെ പാരമ്യത്തെ പ്രാപിച്ചത്. 'മൌര്യ്യ'രാജവംശക്കാരുടെ ആക്രമണത്തോടും 'ബുദ്ധമത'ത്തിന്റെ ആവിർഭാവത്തോടുംകൂടി സർപ്പാരാധനക്കു കലശലായ ഇടിവു തട്ടി.

സർപ്പാരാധന മിക്ക രാജ്യങ്ങളിലും ആദ്യകാലം മുതല്ക്കുതന്നെ ഉണ്ടായിരുന്നു എന്നു നാമിതിനുമുമ്പു കണ്ടു. ഓരോ രാജ്യങ്ങളിലും ഓരോ കാലങ്ങളിൽ പരസ്പരസംബന്ധം കൂടാതെ ഉത്ഭവിച്ചതാണെന്നല്ലാതെ, ഒന്നൊന്നും അറിവോടുകൂടിയോ, എന്നെങ്കിലും ഒരു ജാതിക്കാരെ അനുകരിച്ചുകൊണ്ടോ രാജ്യമെങ്ങും വ്യാപിച്ചതാണ് സർപ്പാരാധന എന്ന് ഊഹിക്കുവാൻ കാരണമില്ല.

മലയാളത്തിൽ സർപ്പാരാധനക്കു പ്രാബല്യം സിദ്ധിച്ചതെങ്ങിനെ എന്നും, ഈ ആരാധനയുടെ ആദ്യകാലികാവസ്ഥ എന്തായിരുന്നു എന്നും ഇനി നമുക്ക് അന്വേഷണം ചെയ്യാം. 'തക്ഷകന്മാരുടെ' ആഗമനത്തിന് എത്രയോ മുമ്പുതന്നെ 'ദ്രാവിഡർ' ഇന്ത്യയിൽ കുടിയേറിപ്പാർത്തിരുന്നു എന്ന് മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഈ 'ദ്രാവിഡർ' സർപ്പാരാധനക്കാരായിരുന്നു. ഇവർ 'വിന്ധ്യൻ'പർവ്വതത്തിനു തെക്കുവശമുള്ള രാജ്യങ്ങളിലാണ് പാർത്തിരുന്നത്. അതിനാൽ മലയാളികൾ സർപ്പാരാധന 'ദ്രാവിഡന്മാ'രിൽ നിന്നു കണ്ടുപഠിച്ചതായിരിക്കാം. ദ്രാവിഡർ മലയാളത്തിലേക്കു വന്നിട്ടു ഇല്ലെന്നു വാദിക്കുന്നവർ ഇതു പറഞ്ഞു സമ്മതിക്കയില്ല. നീലഗിരിയിലും, പശ്ചിമഘട്ട മാർഗ്ഗങ്ങളിലും താമസിക്കുന്ന മലയരുടെ ഇടയിൽ ഇന്നും സർപ്പാരാധന ശക്തിയോടെ നടന്നുവരുന്നുണ്ട്. ചുരുക്കത്തിൽ ആദ്യമായുള്ള ഉത്ഭവത്തെക്കുറിച്ചോ, പിന്നീടു അതിനുണ്ടായ പ്രാബല്യത്തെയോ, ആരാധനാരീതികളെയോ കുറിച്ചോ ശരിയായി പ്രതിപാദിക്കുന്നതിനു വേണ്ടതായ വഴികൾ മലയാളത്തെ സംബന്ധിച്ചേടത്തോളം അധികമുണ്ടെന്നു തോന്നുന്നില്ല. എങ്കിലും ഒരു കാലത്തു സർപ്പാരാധനക്കു മലയാളത്തിലും വളരെ പ്രചാരവും ശക്തിയും ഉണ്ടായിരുന്നു എന്നതിലേക്ക് ഇപ്പോഴുള്ള "പാമ്പുംകാവുകൾ" മതിയായ തെളിവുകളാണ്.

പരിഷ്കാരം വർദ്ധിച്ചുവരുന്ന ഇക്കാലത്തുകൂടി മലയാളികളുടെ ഇടയിൽ നിലനിന്നു വരുന്ന പാമ്പുംകാവുകൾ അനേകമുണ്ട്. നാട്ടുപുറങ്ങളിൽ ചെന്നാൽ വിളക്കുകാട്ടില്ലാത്ത ഒരു പാമ്പുംകാവു കാണുവാൻ പ്രയാസമാണ്. കൊല്ലത്തിൽ ഒരു ദിവസമെങ്കിലും കാടെല്ലാം വെട്ടി ഭംഗി വരുത്തി, വിളക്കുവെച്ചു് പൂജ കഴിച്ചു്, "പാലും നൂറും" കൊടുക്കാറുണ്ട്. ശിലാനിർമ്മിതങ്ങളായ പ്രതിമകളും ധാരാളം ഉപയോഗിച്ചുവരുന്നു. സമയത്തിനു ഇതെല്ലാം ചെയ്യില്ലെങ്കിൽ പാമ്പുകൾ ഇറങ്ങിപ്പുറപ്പെട്ടു വരുമെന്നും, എന്നെങ്കിലും ഉപദ്രവം ചെയ്യുമെന്നും, പൂജകഴിച്ചു് അവയെ തൃപ്തിപ്പെടുത്തിയാലല്ലാതെ അടങ്ങുകയില്ലെന്നും, അവയെ നല്ലവണ്ണം ഭജിച്ചു സന്തോഷിപ്പിക്കുന്നതു തറവാട്ടിന്റെ നിലനില്പിനും, സന്തതിക്കും സമ്പത്തിനും വർദ്ധനവുണ്ടാകുന്നതിനും, ആവശ്യം വേണ്ടതാ

ണെന്നും ഇന്നും വളരെ ജനങ്ങൾ വിശ്വ
സിച്ചുവരുന്നു. മിറാത്ത് ഒരു കാവ്യമായി
ട്ടാലുള്ള ദോഷവും, അതു നീക്കം ചെ
യ്താലുള്ള ഗുണവും അറിഞ്ഞിട്ടുള്ള ചില
പരിഷ്കാരികൾ സർപ്പങ്ങളെ 'ആവാഹിപ്പി
ച്ച്' ദൊരാതിടത്തേക്കു നീക്കാറുണ്ട്. എന്തു
കൊണ്ടായാലും പണ്ടുണ്ടായിരുന്ന പ്രചാ
രം ഇപ്പോഴില്ലെന്നും, "പാമ്പുകാവുകളും
കഴിക്കൽ" മുതലായ വലിയ കർമ്മങ്ങൾ ഇ
ല്ലിടെ ചുരുക്കമായും നാമാവശേഷമായിത്തീ
ന്നിട്ടുണ്ടെന്നും, ക്രമേണ ഈ സമ്പ്രദായം
തന്നെ തീരെ നശിച്ചുപോകുവാനാണ് വ
ഴിയുള്ളതെന്നും ഊഹിക്കേണ്ടിയിരിക്കുന്നു.
പൂർവ്വകാലത്തെ അപേക്ഷിച്ച് പാമ്പുകളും,
പാമ്പുകളിൽനിന്നുള്ള ഭയവും ഉപദ്രവവും
കുറവായതിനാലായിരിക്കണം സർപ്പങ്ങൾ
ഇങ്ങിനെ ക്രമത്തിൽ കുറഞ്ഞു വരുന്നത്.

പുത്തേഴത്ത് രാമൻമേനോൻ.

മനുഷ്യജന്മത്തിന്റെ ഉദ്ദേശം

ഈ ലോകത്തിൽ മനുഷ്യർ പല പ്രകാ
രത്തിലുള്ള ഉദ്ദേശങ്ങളെ പുരുഷാർത്ഥമായി
കരുതി ആയുഷ്കാലം മുഴുവൻ നയിപ്പിക്കുന്നു.
ആയുഷ്കാലം വ്യർത്ഥമാവുകയും പ്രയത്നം നി
ഷ്ഫലമാകുകയും അല്ലാതെ ഉദ്ദേശം സിദ്ധി
ക്കാറില്ല. കദാചിൽ സിദ്ധിക്കുന്നു എങ്കിലും
പുരുഷാർത്ഥമായി ഭവിക്കാറില്ല. എന്തുകൊ
ണ്ടെന്നാൽ പുരുഷാർത്ഥം ഇന്നതാണെന്ന്
അറിഞ്ഞ് അതിനെ സാധിപ്പാനുള്ള ഉ
പായം ഇന്നതാണെന്ന് അറിഞ്ഞ് അതു
കളിൽ പ്രവൃത്തിക്കാത്തതുകൊണ്ടു തന്നെ
യാണ്. പുരുഷാർത്ഥം ധർമ്മം, അർത്ഥം, കാ
മം, മോക്ഷം ഇങ്ങിനെ നാലായി ഭാഗിക്ക
പ്പെട്ടിരിക്കുന്നു. ധർമ്മത്തിന്റെ ലക്ഷണം
'അലൗകികശ്രേയസ്സാധനതാകത്വേ സ
തിവേദബോധിതത്വം' എന്നാ
കുന്നു. ഈ ധർമ്മം വേദവിഹിതമാണ്. ഇ
തിന്റെ സാധനമായ അർത്ഥത്തെയും കാമ
ത്തെയുംകൂടി പുരുഷാർത്ഥമായി വ്യവഹരി
ക്കാറുണ്ടു. എന്നാൽ ഈ മൂന്നും മുഖ്യപുരു
ഷാർത്ഥമല്ല. മുഖ്യം മോക്ഷംമാത്രമേ ആകു
ന്നുള്ളു. ആ മോക്ഷം 'അജ്ഞാനനിവൃത്ത്യുപ
ലക്ഷിതസ്വസ്വരൂപാനന്ദാവിർഭാവം' ആകു
ന്നു. ആയതു ബ്രഹ്മജ്ഞാനൈകസാദ്ധ്യമാ
ണ്. ആ ബ്രഹ്മജ്ഞാനം വേദാന്തവിചാ
രംകൊണ്ട് മാത്രമേ സിദ്ധിക്കയുള്ളു. ആ
വിചാരത്തിൽ അധികാരം സാധനചതുഷ്ട
യസമ്പന്നന്മാർക്ക് മാത്രമേയുള്ളു. അതി
ല്ലാത്തവർ വിചാരം ചെയ്താൽ ജ്ഞാനം സി
ദ്ധിക്കയില്ല. സാധനചതുഷ്ടയസമ്പത്തു
'സ്വവർണ്ണാശ്രമധർമ്മേണ തപസാ ഹരിതോ
ഷണാൽ സാധനം പ്രഭവേൽ പുംസാം വൈ
രാഗ്യാദിചതുഷ്ടയം' എന്ന ശങ്കരഭഗവൽ
പാദാചാര്യസ്വാമികൾ അപരോക്ഷാനു
ഭൂതിയിൽ പറഞ്ഞിരിക്കുംപ്രകാരം അവര
വരുടെ വർണ്ണാശ്രമധർമ്മങ്ങളെ യഥാശക്തി
അനുഷ്ഠാനം ചെയ്ക, ഈശ്വരസേവ ചെ
യ്ക, ഇവകളെക്കൊണ്ടു ആ സമ്പത്തുണ്ടാ
കും. വർണ്ണാശ്രമധർമ്മം ഇന്നവർണ്ണത്തിനു
ഇന്നാശ്രമത്തിനു ഇന്നധർമ്മം എന്ന വേ
ദം വിധിച്ചിട്ടുണ്ട്. ആയതു അപ്രകാരം
ചെയ്തുപോരണം. അതിനെ അല്ലാതെ മ
നുഷ്യരുടെ ബുദ്ധികൊണ്ട് നിയ
മകനായ ഈശ്വരൻ ഇന്നപ്രകാരമാണെന്ന

ന്നു അറിവാൻ സാധിക്കയില്ല. എന്തുകൊണ്ടെന്നാൽ ഒരു വസ്തുവിന്റെ സ്വരൂപത്തെ യാതൊന്നുകൊണ്ടു നാം അറിയുന്നുവോ അതിന്നു പ്രമാണം എന്നു പേർ പറയുന്നു. ആ പ്രമാണം മതഭേദേന 4. 6. ഇങ്ങിനെ പറയാറുണ്ടു്. അതിൽ പ്രത്യക്ഷം എന്നതു ഒന്നാമത്തെ പ്രമാണത്തിന്നു പേർ. അതു് ജ്ഞാനേന്ദ്രിയങ്ങൾ അഞ്ചും ആകുന്നു. ആ അഞ്ചു ഇന്ദ്രിയങ്ങളെക്കൊണ്ടു രൂപ രസ ശബ്ദ ഗന്ധ സ്പൎശ ഈ അഞ്ചു വിഷയകമായ ജ്ഞാനം നമുക്കുണ്ടാകുന്നു. ചക്ഷുരിന്ദ്രിയം, ത്വഗിന്ദ്രിയം, ഘ്രാണേന്ദ്രിയം, ശ്രോത്രേന്ദ്രിയം, രസനേന്ദ്രിയം ഈ അഞ്ചുകളിൽ ഏതെങ്കിലും ഒന്നില്ലാത്തവൎക്കു് തദ്വിഷയകമായ ജ്ഞാനം ഉണ്ടാവാറില്ല. ഇപ്രകാരംതന്നെ വിചാരിച്ചാലും ഈ പ്രത്യക്ഷപ്രമാണങ്ങളിൽ ഏതെങ്കിലും ഒന്നില്ലാത്തവൎക്കു് തദ്വിഷയകമായ ജ്ഞാനത്തെ ഉണ്ടാക്കിക്കൊടുപ്പാൻ സാധിക്കയില്ല. സാധിക്കുമെങ്കിൽ പ്രത്യേകം പ്രത്യേകം അഞ്ചു ജ്ഞാനേന്ദ്രിയങ്ങളെ സൃഷ്ടിക്കേ ആവശ്യമില്ലായിരുന്നു. ആയതു ശബ്ദസ്പൎശരൂപരസഗന്ധങ്ങളിൽ ഏതിന്റെ അറിവു ഉണ്ടാവേണമെന്നു നാം ആഗ്രഹിക്കുന്നുവോ തദ്വിഷയകമായ ജ്ഞാനജനകം ഏതിന്ദ്രിയമോ അതിനെ ശരണമായി പ്രാപിക്കയല്ലാതെ വേറെ നിവൃത്തിയില്ല. ഇനി അനുമാനപ്രമാണത്തിന്റെ സാമൎത്ഥ്യം എങ്ങിനെയെങ്കിൽ: ആദ്യമായി പ്രത്യക്ഷത്തെ അപേക്ഷിച്ചുകൊണ്ടു് താൻ ജീവിക്കുന്നു എങ്കിലും പിന്നെ നിരപേക്ഷമായി താൻ സഞ്ചരിക്കുന്നു. എങ്ങിനെ പൎവ്വതത്തിൽ ധൂമദൎശനത്താൽ വഹ്നി ജ്ഞാനം ഉണ്ടാവേണമെങ്കിൽ ധൂമത്തിന്നും വഹ്നിക്കും സാഹചൎയ്യജ്ഞാനം ആവശ്യകം. ഇതു മാനസാദികളിൽ സ്ഥൂലപ്രാബല്യം പ്രത്യക്ഷപ്രമാണം കൊണ്ടു് ഉണ്ടായാൽമാത്രം പൎവ്വതത്തിൽ ധൂമദൎശനംകൊണ്ടു വഹ്നി അനുമിതി ഉണ്ടാകുന്നു. അല്ലെങ്കിൽ ഉണ്ടാവുന്നതല്ല. 'പൎവ്വതോ വഹ്നിമാൻ ധൂമാൽ' എന്നു അനുമിതിയിൽ സാദ്ധ്യം വഹ്നി, ഹേതു ധൂമം ഈ ഹേതുസാദ്ധ്യങ്ങൾക്കു് സാഹചൎയ്യനിശ്ചയം. വ്യാപ്തി ഇല്ലെങ്കിൽ പൎവ്വതത്തിൽ വഹ്നി അനുമിതി ഉണ്ടാവുന്നതല്ല. സാഹചൎയ്യനിശ്ചയം പ്രത്യക്ഷപ്രമാണത്തെ അപേക്ഷിക്കാതെ ഉണ്ടാകയില്ല. ആകയാൽ ഈ പ്രത്യക്ഷം അനുമാനം ഈ രണ്ടു പ്രമാണങ്ങളും ലോകത്തിൽ ദൃഷ്ടവിഷയമായി മാത്രം പ്രവൃത്തിക്കാൻ ശക്തങ്ങളാണു്. അദൃഷ്ടാൎത്ഥങ്ങളിൽ ഇവകളുടെ പ്രവൃത്തി വന്ധ്യാസുതപ്രായം തന്നെ.

ഈ കാലത്തിൽ പ്രായേണ ജനങ്ങൾ ദൃഷ്ടാൎത്ഥത്തിൽമാത്രമെ പ്രവൃത്തിക്കാറുള്ളു. അതു എന്തുകൊണ്ടെന്നാൽ, പ്രത്യക്ഷാനുമാനം ഈ രണ്ടുമാത്രം പ്രമാണത്തെ ശരണമായി ഗ്രഹിച്ചതുകൊണ്ടാണു്. ആദ്ധ്യാത്മത്തിൽ ശ്രദ്ധ ഇല്ലായ്കകൂടി ഈ രണ്ടു പ്രമാണങ്ങൾക്കു ഗോചരംതന്നെ. ആദ്യം എന്നുകയറി പ്രവൃത്തിച്ചുവരുന്നതു അഗോചരം എന്നു അറിയുമ്പോൾ നിവൃത്തിച്ചും വരുന്നു. പ്രാതസ്സ്നാനം ചെയ്താൽ ശരീരാരോഗ്യം സൂൎയ്യനമസ്കാരം ചെയ്താൽ തേജസ്സാകും അതുകൊണ്ടു സ്നാനം ആദിത്യനമസ്കാരം വേണമെന്നല്ലാതെ ഇതു വേദവിഹിതമെന്നും പുണ്യം ഉണ്ടെന്നും സ്വീകരിക്കാറില്ല. ഉണ്ടെന്നു് പറഞ്ഞിട്ടുള്ളതു് നമ്മുടെ പ്രവൃത്തി ഉണ്ടാവാൻ വേണ്ടിട്ടാണു്. എന്നിങ്ങിനെ ഓരോരോ യുക്ത്യാഭാസങ്ങൾ പറയുന്നു. പ്രത്യക്ഷം, അനുമാനം ഈ പ്രമാണങ്ങളെക്കൊണ്ടുതന്നെ ശാശ്വത സുഖം. തൽസാധനം ഇന്നതെന്നു അറിഞ്ഞു പ്രവൃത്തിക്കാം എന്നു വരികിൽ ഈ

കാണുന്ന നാനാ ജനങ്ങളും ദുഃഖിതന്മാരായി തീരുക ഇല്ലായിരുന്നു. ലോകത്തിൽ സുഖികളായി ഒരുവരേയും കാണുന്നില്ല. അതുകൊണ്ടു ഈശ്വരൻ സമസ്ത ജനത്തേയും സുഖികളാക്കി ചെയ്യാൻ വേദത്തെ സൃഷ്ടിച്ചു.

"സർവ്വേ പുരുഷാ നന്ദയന്തിതി ശ്രുതിർഹി
ലോകം സമസ്തമപിയോ ജയിച്ചും സുഖേന
തസ്യാപ്യഹോ തെരെകിഹിതം മന്ത്രിതേന
ചിന്തേന സാധയിതുമത്ര ജനായതേഷ്ട"

എന്നു സമസ്തജനത്തേയും സുഖമാക്കിച്ചെയ്യാനാണ് വേദത്തെ സൃഷ്ടിച്ചത്. ആ വേദത്തിൽ പറഞ്ഞപ്രകാരം പുണ്യത്തെ അനുഷ്ഠാനം ചെയ്യുകയും പാപത്തെ പരിഹരിക്കുകയും ചെയ്യു. ഈശ്വരനെ സന്തോഷപ്പെടുത്തിയാൽ മനുഷ്യജന്മത്തിന്റെ ഉദ്ദേശം സാധിച്ചതുപോലെ ആയി. എന്നാൽ വേദാർത്ഥങ്ങൾ അറിയുന്നതു വളരെ പ്രയാസമാകയാൽ എളുപ്പത്തിൽ അറിവാൻ ഉപായമായി. സ്മൃതി ഇതിഹാസം പുരാണങ്ങൾ മുതലായവ മഹർഷികളാൽ നിർമ്മിക്കപ്പെട്ടു. അങ്ങിനെ നിർമ്മിച്ചതിന്റെ ഉദ്ദേശം വേദത്തിൽ അധികാരമില്ലാത്ത സ്ത്രീശൂദ്രാദികൾ ഉത്തമഗതിയെ പ്രാപിപ്പാൻ കൂടി ആകുന്നു. അവർ ബ്രാഹ്മണമുഖേന പുണ്യപാപങ്ങളെ അറിഞ്ഞു അനുഷ്ഠിപ്പാനും പരിഹരിപ്പാനുംവേണ്ടി ആകുന്നു പുരാണങ്ങളുടെ മുഖ്യ ഉദ്ദേശം. ഈ വക പുരാണങ്ങളുടെയും വേദത്തിന്റെ താല്പര്യത്തെ ഗുരുമുഖമായി അറിയാതെ കേവലം ഉല്പത്തികൊണ്ടുമാത്രം സ്ഥൂലാർത്ഥത്തെ ഗ്രഹിക്കുകയും ആ സ്ഥൂലാർത്ഥങ്ങൾ പരസ്പരം വിരുദ്ധങ്ങളായും പ്രത്യക്ഷം അനുമാനം ഈ പ്രമാണങ്ങൾക്ക് വിരുദ്ധങ്ങളായും കണ്ടു വേദശാസ്ത്രങ്ങളിൽ അവിശ്വാസവും പൂർവ്വാചാരങ്ങളിൽ നിന്നും ഉണ്ടായി സദാചാരംവരെ മോക്ഷമൊ തിര്യഗ്യോനികളിൽ ജനിച്ചു വളരെ കാലം സ്ഥാവരമായി നില്ക്കുന്നു. വേദശാസ്ത്രസമുദ്രത്തിൽ ഒരു കണംകൂടി ഇവർ പാനം ചെയ്തിട്ടില്ല. ഇവർ ശരീരത്തിനു രോഗം വന്നുവെങ്കിൽ വൈദ്യനെ വിളിക്കയോ വൈദ്യഗ്രന്ഥങ്ങളെ ആധാരമാക്കി ഔഷധം സേവിക്കയോ പഥ്യമിരിക്കയോ ആവശ്യമില്ലായിരുന്നു. അതുകൊണ്ടു ഒരു രോഗി നല്ലതായ വൈദ്യനെ ചെന്നു കാണുകയും വൈദ്യവാക്കിനെ വിശ്വസിക്കുകയും ഔഷധത്തെ സേവിക്കുകയും അതിനു അടിസ്ഥാനമായ വൈദ്യഗ്രന്ഥത്തെ വിശ്വസിക്കുകയും ചെയ്യാതെയിരുന്നാൽ എങ്ങിനെ രോഗം വർദ്ധിച്ചു അവനെ കൊല്ലുമൊ അതുപോലെ പുണ്യത്തിൽ അരുചിയും പാപത്തിൽ രുചിയും വന്നിരിക്കുന്ന ഈ സഹജമായ വ്യാധിയെ തീർപ്പാൻ സൽഗുരുക്കളായ വൈദ്യരെയും വേദമാകുന്ന വൈദ്യഗ്രന്ഥത്തെയും വിശ്വസിച്ചു ഔഷധസേവ പഥ്യം മുതലായതു അനുഷ്ഠിപ്പില്ലെങ്കിൽ കോടികല്പകാലം സ്വന്ത യുക്തികളെക്കൊണ്ടു അവർ നിത്യസുഖത്തിനായി പ്രയത്നിച്ചാലും സാധിക്കുന്നതല്ലെന്ന് ഉറപ്പായി പറയാം. രോഗം പിടിച്ചവർ അതിനെ നിവൃത്തിച്ചു സുഖമായി ഇരിപ്പാൻ വൈദ്യനെ വിശ്വസിച്ചു ഔഷധത്തെ സേവിക്കയല്ലാതെ രോഗങ്ങളുടേയും ഔഷധത്തിന്റെ ശക്തിയെ അറിഞ്ഞ് സേവിക്കണം എന്നു വിചാരിച്ച് വൈദ്യഗ്രന്ഥങ്ങൾ എല്ലാം പഠിച്ചു ഇടപെടിയാൽ ലക്ഷത്തിലൊന്നു പഠിക്കുമ്പോൾ കഷ്ടത്തിൽപെട്ടു മരിക്കും. പാമ്പ് കടിച്ചാൽ വിഷം കയറുമെന്ന മന്ത്രവാദികളെക്കൊണ്ട് ചികിത്സിക്കാതെ ഈ വിഷമിറക്കാനുള്ള ശക്തി ഏതെല്ലാം മന്ത്രത്തിനാണ് എത്രക്ഷരമാണ് എന്നു അറിയാനുത്സാഹി

ച്ചാൽ വേഗം വിഷംകയറി മരിച്ചുപോകും. അതുപോലെ കഠിനമായ താപത്രയങ്ങളെ കൊണ്ട് പീഡിതനായ മനുഷ്യൻ ഈ മനുഷ്യശരീരം പതിക്കുന്നതിനു മുമ്പിൽ സൽഗുരുക്കന്മാരായ ബ്രാഹ്മണരുടെ ശുശ്രൂഷ ചെയ്തു പാപത്തെ പരിഹരിച്ചും പുണ്യത്തെ അനുഷ്ഠാനം ചെയ്തു ഈശപ്രസാദം വരുത്തി മനുഷ്യജന്മാവിനെ കൃതാർത്ഥമാക്കാതെ ഇരുന്നാൽ ഇനി ഈ സാരമായ ജന്മം കിട്ടുകയില്ല.

"നരപശുവിഹംഗതിര്യഗ്യോനീനാം ചതുരശീതിലക്ഷാണാം കർമ്മനിർമ്മിതാജീവഃ പരിഭ്രമൻകാനാനാംജന്മനാം ചരമസ്വരൂപമഹസ്യഭാഗ്യജന്മനോലബ്ധ്വാ ശ്രുതിസ്മൃതിസദാചാരവിചാര ശ്രുതിപ്രചാരതത്രാപിതൃമാതാമഹാദിവംശകാരണാന്യപിതാധിതാബ്ജനാം എവം സതിസ്വജാദ്യം പ്രാണമങ്ങളെപിനീയതേമദ് വല്ലഭദുക്ഷണലവമാത്രംനലഭ്യതെതേമകോടിഭിഃ കുപ്പി തച്ചേൽ ഗമതിസപ്തതാകാധികാഹാനാം നരദേഹാകൃതിനാൽ പ്രാക്പ്രാപ്തിപശ്ചാദിദേഹാനാം സചന്ദ്രനോപ്യേഭാനോനപരമാത്മസ്വാപികാവാത്മാസതതം പ്രവാഹ്യമാനെന്ദ്രിയമൈശ്വരൈശ്വര്യമെറ്റിമെമ്മിഹിമേഘ ഫാ കഷ്ടം ജൽക്കാരെ ശ്രോതരേതനോപകൃതയ ഇതി."

ഇപ്രകാരം ഭഗവല്പാദാചാര്യസ്വാമികളാൽ പറയപ്പെട്ടിരിക്കുന്നു. മനുഷ്യശരീരത്തിനു മുമ്പിൽ എത്രയോ പ്രാവശ്യം കൃമികീടാദിജന്മങ്ങളും ജനിക്കുന്നു. 84 ലക്ഷം യോനിഭേദങ്ങളിൽ സഞ്ചരിക്കുമ്പോൾ ഒരു പ്രാവശ്യം മനുഷ്യജന്മാവ് കിട്ടുന്നു. അതു കിട്ടിയും അതിന്റെ സാഫല്യം ചെയ്യാഞ്ഞാൽ ഈശ്വരൻ എന്തുതന്നെ ചെയ്യും.

കോടിസുവർണ്ണങ്ങളെക്കാൾ അധികം വിലപിടിച്ചും അനന്തപുണ്യത്തെ വിലകൊടുത്ത് മേടിച്ച് ഈ മനുഷ്യജന്മാവാകുന്ന ചിന്താമണിയെത്തന്നെ നാം കയ്യിൽ നിന്നും പോകുമ്പോൾ സകല ഐശ്വര്യവും സമ്പാദിച്ചില്ലെങ്കിൽ പിന്നെ ഒരു ഭൃത്യനും വൈദികനായി വരും. അതിരിക്തമായ ഈ മനുഷ്യജന്മത്തിന്റെ ഉദ്ദേശം നിത്യസുഖപ്രാപ്തിയാണ്. അതിനെ പ്രാപിക്കാതെ ഭവസാധനങ്ങളായ ഓരോരോ കാര്യങ്ങളിൽ പ്രവൃത്തിച്ചും വളരെ ക്ലേശിക്കുന്നു.

"പുണ്യസ്യഫലമിച്ഛന്തി പുണ്യംനേച്ഛന്തിമാനവാഃ നപാപഫലമിച്ഛന്തി പാപം കുർവ്വന്തിമാനവാഃ"

പുണ്യപാപങ്ങളുടെ സ്വരൂപത്തെ അറിവാൻ വളരെ പ്രയാസമായതുകൊണ്ട് സദ്ഗുരുക്കളുടെ സാന്നിദ്ധ്യംകൊണ്ട് അറിയണം. അതിനെ അറിഞ്ഞു ആരാധിച്ചു സർവ്വവ്യാപകനും സച്ചിദാനന്ദസ്വരൂപനും ആയ ഭഗവാന്റെ പ്രസാദത്തെ സമ്പാദിക്കണം.

ക. കൃഷ്ണ അയ്യ, ന.

ശ്രീകൈലാസനാഥോദയം

പ്രബന്ധം (തുടർച്ച)

[illegible]

അഗ്രേനിഷ്പ്രകമ്പാം ചിരമുപനതാം
    പാർശ്വേ നന്ദിനീം മൃദ്വീം
നാകപ്രാന്താവസാനസൌഭാഗ്യമതിസി
    ങ്കേതിസന്നിഭം (തൊ
ട്ടെഴുന്നേറ്റം ബോധിസ്സർവ്വകരണാവൃത ചിരം
    മഞ്ജിനാംജ്ഞസ്വരാനാ
കാകഞ്ജം ചഞ്ചലന്മാനവൃന്ദനാരിത്ഥി
    പ്പൃത്ഥ്വ്യാതാസമേവം,
എന്നപോലീക്ഷിൽപ്രണിതമതതിതിജ്ഞനാപ
    യോഗനായ്ത്തനങ്ങളിനീണ്ട (ദ
ണ്ഡവിൽചേതസ്സനമിനിതിതിവടിവിവ
    കന്യായാസനിയമാനം (ൽ
ത്തംബോധിപ്രദാനംതാനതിതമരതയ
    ന്തായുധാൽക്ഷേപകൃത്യ
മുമ്പിൽ ചുറ്റത്തിലുണ്ടായോരു ഭക്ത്യാവൃന്ദ
    കണ്ണുനീരംവിശേഷാൽ.
ദുഷ്ടാരട്ടഹാസത്തെ ദൂരികരിച്ചനന്തന്മാരെ
    (മ്പ്യാ
ചക്രപരാധിമികൽതിരത്താതങ്ങളൂപ്പ്
    (നാഥം
ഭക്താപ്പ്റാരിന്ദ്രനേതാംപുകളെപ്പോഴും
അഗ്രേ നിച്ചിത്തനവന്ദ്യവുമാണെന്താൽ.
എന്നാൽതെളിഞ്ഞതമല്ലിയിച്ചവ്യാസമി
    (പ്പ്യാ.
ഉണ്ടാക്രസ്തനവിധേയവിരാധയമെന്നും
എന്നാളുംകേളംഭവാൻമുഖമെന്നാകതം
മന്ദസ്മിതാലപലാമൃതസമയുതം ബന്ധമോ.
എൻവന്ദിക്കുന്നവചരിത്രവിനോദ
    (ഇ
സംപ്യുത്തമന്ത്രമണമിശ്രിതമിത്രനേതം
കർമ്മസ്ഥിതിക്കവിഹിതംമഹിതംപിതേ
    (ശ്ലോ

മന്ദാരമല്ലിക്കത്തിരുത്തലോംസമ്മതിമാനം.
എന്നാൽപോവുക ചിലനാളിന്നവധൂതസവം
    (നീ
താനാസ്ത്രമത്തിവിടെനാന്ദികകന്നണനാനാം
എന്നാണമൽപ്രണയനികളർകൊണ്ടയാ
    (ണ്
നിന്നാണന്നാസ്തികതംപതിപ്പ്റയേണ്ടോർ.
    നമഃ പാർതിനിശ്വ്യരതി
    മന്ത്രകപിസ്നാസിക്ഷമാളതാം
    സ്വന്ദരീദധിതനോദ്ധണന്തിനാ
    ഉദയമാതമാഴ്ന്നകണ്ടപാർവ്വതി.
കൃപാരസ്ത്രഘ്ണൻപാർത്തതൃക
    മനോരംഗവിവശ
സ്വഭാരഹ്റദ്ദമാഗംകിപചിവ
    ണോണ്ടണവിലിഖൻ
ഗരിമാതമാരിഷ്പ്രന്നിതനത
    മുഖമായംമന്ദിസ്മിതാ
വിലോകാനികേണാവചനാ
    ചിതാമനുസ്മരതോ
വിധേയത്തിൽമാഹാത്മ്യവുമചി
    ലലോകാദയ കതം
വ്രതംകതനംതവനിയ
    തമാളുന്നികചാമം
പ്രസീദന്തു പ്രാണേശപരമ
    മശിഷ്യപ്രണയമ
ത്ഭുതാശം പൂരിപ്പാൻവിമവിലെഴ
    ന്നമ്മണമയൂനാ.
ഇത്ഥംനിശ്ശ്രദ്ധപൂർവ്വിതസുന്ദരാസ്യാ
മുദയംസഹോത്സവവാക്യമിതവാമനാം
ഉത്ഥായപാണികമലേനപിടിച്ചുഗൌരീ
ഞെട്ടുന്നിദ്രാപഥകരംഗമനോദ്യതാളൽ.
    (ഇതം)

തിരുവലയം

കേരളചരിത്രം അറിവുള്ളവരോടു "തിരുവലയ"ത്തിന്റെ കഥ പറയേണ്ടതില്ല. സാമൂതിരിപ്പാട് തന്റെ ഭഗവതിയെ ഭജിച്ചു പ്രത്യക്ഷമാക്കി, ശത്രുക്കളെ സംഹരിക്കുന്നതിനായി തന്നെ സഹായിക്കേണമെന്ന് അപേക്ഷിച്ചതും, ഭഗവതിയുടെ കരം കടന്നുപിടിച്ച് "തിരുവലയം" കരസ്ഥമാക്കിയതും, തിരുവലയം കയ്യിലുണ്ടായിരുന്ന കാലമൊക്കെ സാമൂതിരിവംശക്കാരുടെ ഐശ്വര്യം വർദ്ധിച്ചുവന്നതും, തിരുവലയത്തിന്റെ ഓർമ്മക്കായി "തിരുവളയനാട്ടുകാവ്" ഉണ്ടാക്കി ഭഗവതിയെ പ്രതിഷ്ഠ ചെയ്തതും, തിരുവലയം മോഷണം ചെയ്യപ്പെട്ടതിനുശേഷം സാമൂതിരിക്കു നേരിട്ട തോൽവിയും പാരമ്പര്യമായി പറഞ്ഞുവരുന്ന കഥയാണ്. ഈ ശ്രുതിപ്പെട്ട തിരുവലയത്തിന്റെ ഇപ്പോഴത്തെ ഇരിപ്പിടം എവിടെയാണെന്നറിവുള്ളവർ കേരളത്തിൽ അധികമുണ്ടോ?

ക്രിസ്ത്വബ്ദം 1766 ഫിബ്രവരി മാസത്തിലാണ് ഉത്തരകേരളത്തിൽവെച്ചു കോലത്തിരി, കടത്തനാട് മുതലായ രാജാക്കന്മാരെയും അവരുടെ സൈന്യങ്ങളെയും ജയിച്ച് "ഈസ്റ്റിന്ത്യാകമ്പനിക്കാ"രുടെ തലശ്ശേരിക്കോട്ട ആക്രമിച്ചു മയ്യഴിമാർഗ്ഗം മൈസൂർ രാജാവായ ഹൈദരാലി വടകരയിൽ എത്തിയത്. ഹൈദരാലി മലയാളക്കര ആക്രമിച്ചതിന്റെ പ്രധാനമായ ഉദ്ദേശം, കൊള്ളയിട്ട് കരം ധനം ഉണ്ടാക്കേണമെന്നല്ലാതെ, രാജ്യം കീഴടക്കി ഏകച്ഛത്രാധിപതിയായിരുന്ന് കളയാനായിരുന്നില്ല. നാലു ലക്ഷം ഉറുപ്പികയും 8 ആനയും കൊച്ചിരാജാവും, പതിനഞ്ചു ലക്ഷം ഉറുപ്പികയും ഇരുപതു ആനയും തിരുവിതാംകൂർ രാജാവും, കൊടുത്തില്ലെങ്കിൽ അവരുടെ രാജ്യം ആക്രമിക്കുന്നതാണെന്ന ഓരോ കത്തുകൾ ഹൈദരാലി എഴുതി അയച്ചിരുന്നു. അപ്രകാരം സാമൂതിരിപ്പാട്ടിലേക്കും ഒരു ഭീഷണിക്കത്ത് അന്നുതന്നെ അയച്ചിരുന്നു. ഈ കത്തു കിട്ടിയതിനുശേഷം അധികം താമസിയാതെ ഹൈദരാലി വടകരയിൽ എത്തിയ വിവരം സാമൂതിരിപ്പാട് കേട്ടുവെങ്കിലും, വടക്കെ മലയാളത്തിൽ കോലത്തിരിയോടു കളിച്ചതുപോലെ തന്നോടു കളിച്ചാൽ പറ്റുകയില്ലെന്ന അഭിമാനംനിമിത്തം സാമൂതിരി, ഹൈദരിനെ എതിർപ്പാൻ മതിയായ വട്ടങ്ങളൊന്നും കൂട്ടിയില്ലെന്ന മാത്രമല്ല, ഹൈദരിന്റെ ആവശ്യത്തെ നിവൃത്തിപ്പാൻ ശ്രമിക്കയും ചെയ്തില്ല. അന്നത്തെ സാമൂതിരിയുടെ രാജധാനി, ഇപ്പോഴത്തെ കോഴിക്കോട്ടു സ്ത്രീകളുടെയും, കുട്ടികളുടെയും ആസ്പത്രി പണിചെയ്തിട്ടുള്ള സ്ഥലത്തിന്നരികെയുള്ള കോട്ടപ്പറമ്പിലായിരുന്നു. ഈ കോട്ടയിൽനിന്നു തളിയിൽ അമ്പലംവരെ ദീർഘത്തിൽ ഒരു വിലങ്ങറം ഇപ്പോഴും നോക്കിയാൽ കാണമാറുണ്ടാവാം. ഈ വിലങ്ങറമാർഗ്ഗമായാണ് കോട്ടയിൽനിന്നു വെളിവന്നാൽ ഒരു പ്രാപിക്കുന്ന പതിവെന്ന പറയേണ്ടതില്ലല്ലോ. തിരുവലയം തിരുവളയനാട്ടുകാവിൽ സ്ഥാപിച്ചിരിക്കയാണെന്ന് ഐതിഹ്യമുണ്ടെങ്കിലും യഥാർത്ഥത്തിൽ അത് ഒരു വീരാളിപ്പട്ടിൽ പൊതിഞ്ഞു നവരത്നഖചിതമായ ഒരു സ്വർണ്ണച്ചെപ്പിൽ അടക്കംചെയ്ത് വെള്ളികൊണ്ടു വിചിത്രാകൃതിയിൽ കെട്ടിച്ച ഒരു പന

നമ്പൂരിയിൽവെച്ച് സാമൂതിരിപ്പാട് തന്റെ സ്വന്തം വാസസ്ഥലത്തുവെച്ചു പൂജ ചെയ്തിരുന്നുവെന്നും, ഈ തിരുവലയവും സാളഗ്രാമവും എവിടെയെങ്കിലും എന്തു കാര്യത്തിനായും എഴുന്നള്ളുമ്പോൾ കൂടെ കൊണ്ടുപോകാറുണ്ടെന്നും, സാമൂതിരിപ്പാടന്മാരുടെ സർവ്വവിജയങ്ങൾക്കും കാരണഭൂതമായിരുന്നത് ഈ തിരുവലയമാണെന്നും, അതു കയ്യടക്കപ്പെടുത്തുവാൻ സാമൂതിരിയുടെ ശത്രുപക്ഷക്കാർ അനവധി തവണ പ്രവൃത്തിച്ചിട്ടുണ്ടെന്നും, വാസ്കോഡിഗാമ ഈ തിരുവലയത്തിനും അതു സൂക്ഷിച്ച പെട്ടിക്കും കൂടി പത്തുലക്ഷം ഉറുപ്പികവരെ വിലമതിച്ചിട്ടുണ്ടെന്നും മറ്റും, പരമ്പരയായി പറഞ്ഞും വിശ്വസിച്ചും വരുന്നതുമാണ്. ഹൈദരാലിയുടെ സൈന്യങ്ങൾക്കു ചെന്നിടത്തിലൊക്കെ ജയമാണു കാണുന്നതെന്നും അവരുമായുള്ള യുദ്ധം കലാശിക്കുന്നതുവരെ ഈ വിലപിടിച്ച തിരുവലയം എവിടെയെങ്കിലും സൂക്ഷിക്കയാണ് നല്ലതെന്നും മങ്ങാട്ടച്ചൻ മുതലായ മന്ത്രിമാരുടെ ഉപദേശം നിമിത്തം എന്തെങ്കിലും ഒരു മാർഗ്ഗം ആലോചിക്കേണ്ട നിലയായി.

ദിവസം ചെല്ലുംതോറും ഹൈദരലിയുടെ സൈന്യങ്ങൾ കോഴിക്കോട്ടേക്കടുത്തുതുടങ്ങി. അവർ ആലിരാജാവും 600 മാപ്പിളമാരും കൊയിലാണ്ടിയിൽ എത്തിക്കഴിഞ്ഞുവെന്നും കലാപം പേടിച്ച് ഞാനല്ലാത്തവർ കാട്ടവും ചാട്ടവും ആയി എന്നും സാമൂതിരിപ്പാടറിഞ്ഞു. തിരുവലയം എങ്ങിനെയെങ്കിലും സൂക്ഷിക്കണമെന്നു തീർച്ചയാക്കി. തലശ്ശേരിയിലുള്ള ഈസ്റ്റിന്ത്യാക്കമ്പനിക്കാരുടെ പാണ്ടികശാലയിലോ അല്ലെങ്കിൽ ചൊവ്വക്കാരൻ മൂസയുടെ പാണ്ടികശാലയിലോ എത്തിച്ചാൽ പിന്നെ ഭയപ്പെടാനില്ലെന്ന്, ഇംഗ്ലീഷുകാരുമായി അന്ന് നിലവിലുള്ള സഖ്യം നിമിത്തം സാമൂതിരിപ്പാട്ടിലേക്കു ബോദ്ധ്യം വരികയാൽ വിശ്വസ്തനായ ഒരാളെ ഈ പെട്ടി ഏല്പിച്ചുകൊടുത്ത് അവിടെ എത്തിപ്പാൻ തീർച്ചയാക്കി. പള്ളിയറകാര്യസ്ഥന്മാരുടെ കൂട്ടത്തിൽ വിശ്വസ്തനായ ഒരുവനെ ഈ പെട്ടി ഏല്പിച്ച് താമരശ്ശേരിയിൽക്കൂടി വയനാട് മാർഗ്ഗം തലശ്ശേരിയിൽ കൊണ്ടുപോയി ഈ പെട്ടി എങ്ങിനെയെങ്കിലും ഈസ്റ്റിന്ത്യാക്കമ്പനിക്കാരുടെ കോട്ടയിലെ പ്രധാന ഉദ്യോഗസ്ഥനെ ഏല്പിക്കണമെന്ന് ഗൂഢമായി തമ്പുരാൻ പറഞ്ഞേല്പിച്ച് ആരും അറിയാതെ രാത്രി ആ സമയത്തു വിലാദ്വാരത്തിൽക്കൂടി പുറത്തേക്ക് അയക്കുകയും ചെയ്തു. അന്നത്തെ സമ്പ്രദായത്തിനനുസരിച്ച് ഈ വിശ്വസ്തൻ കല്പനപ്പടി കാര്യം നടത്തുമോ എന്ന് അന്വേഷിച്ച് റിപ്പോർട്ടാക്കുവാൻ വേറെ രണ്ടു വിശ്വസ്തന്മാരെയും തമ്പുരാൻ അയക്കാതിരുന്നില്ല.

ഈസ്റ്റിന്ത്യാക്കമ്പനിക്കാരുടെ അന്നത്തെ തലശ്ശേരിക്കോട്ട ഹൈദരാലി ആക്രമിച്ചിരുന്നുവെങ്കിലും ഒടുവിൽ ഒരു വിധം ലൗകികത്തിലാണ് പിരിഞ്ഞത്. കോലത്തിരിരാജാക്കന്മാർ തമ്മിലുള്ള ഛിദ്രവും നിമിത്തം കമ്പനിക്കാർക്ക് ഏതെങ്കിലും ഒരു ഭാഗക്കാരെ സഹായിക്കാതെ നിവൃത്തിയില്ലാതെ വന്നതിനാൽ ഇരുവക രാജാക്കന്മാർ മുഖേനയുള്ള ആക്രമവും കൊള്ളയും ഇടക്കിടെ ഉണ്ടാകാറുള്ളതുകൊണ്ടു നല്ല ഒരു സൈന്യത്തെ എപ്പോഴും കോട്ടകാവലിന്നു നിർത്താറുണ്ടായിരുന്നു.

തിരുവലയവുംകൊണ്ടു പുറപ്പെട്ട പള്ളിയറ പണിക്കർ വലിയ ബുദ്ധിമുട്ടോ

നൊപ്പമാകാതെ തലശ്ശേരിയിൽ എത്തി. കപ്പലുകാരൻ കോയസ്സാർ കേയിയെക്കണ്ടു വിവരം പറഞ്ഞു. രാജാക്കന്മാരെയും പ്രഭുക്കന്മാരെയും ഹൈദർ മുഹമ്മദീയസൈന്യങ്ങളുടെ പിടിയിൽനിന്ന് രക്ഷിപ്പാൻ പൊന്നാനിക്കാരൻ സ്വന്തകപ്പലിൽ കയറ്റി തിരുവിതാംകൂറിലേക്കയച്ച വിവരം കേട്ട് ഹൈദർ സാമന്യത്തിലധികം കോപിച്ചുവശായിരുന്നു. ഇനി സാമൂതിരിക്ക് ഒരു സഹായം ചെയ്യുന്ന കേട്ടാൽ തന്നെ ഉപദ്രവിക്കാതെ വിടുകയില്ലെന്ന ഭയത്തോടുകൂടി തിരുവലയം ഇംഗ്ലീഷുകാരുടെ കോട്ടയിൽ സൂക്ഷിക്കയാണ് നല്ലതെന്നും സന്ധ്യമയത്തിൽ ഉപായത്തിൽ കോട്ടയിൽ പോയി കല്ലറൽ മക്ലാഡ് സായ്പിനെ ഏല്പിച്ചുകൊടുക്കുന്നതാണ് നല്ലതെന്നും കേയിയും ഉപദേശിച്ചു. അന്നത്തെ രാത്രി തലശ്ശേരിക്കോട്ടയുടെ കിഴക്കേ വാതിൽ കാത്തിരുന്നത് കപ്പൽത്ത ശങ്കരൻനായരായിരുന്നു. കലാപകാലമായതുകൊണ്ട് സന്ധ്യമയത്തിൽ ആരും പുറത്തിറങ്ങുന്ന സമ്പ്രദായമില്ല. കയ്യിൽ ഒരു തോക്കും പിടിച്ച് തെക്കും വടക്കുമായി നടക്കുന്ന ശങ്കരൻനായർക്ക് ഇരുട്ടിൽകൂടി കോട്ടയുള്ളിൽനിന്ന് ആരോ പുറത്തുവന്ന് തന്നെ തുറിച്ചുനോക്കിക്കൊണ്ട് നില്ക്കുന്നതെന്ന് മനസ്സിലായി. തന്നെപ്പോലെ ഒരു ശിപായി ഇതൂട്ടിയുസ്സാൻകുട്ടിയായിരുന്നു അത്.

ശങ്കരൻനായർ:— എല്ലാ! ഉസ്സാൻകുട്ടി! താനെന്താടോ ഇങ്ങിനെ തുറിച്ചുനോക്കുന്നത്. നീയെന്താടോ ഒരു 'ഫാല' എളിയോന്റെ കൂട്ട് കളിക്കുന്ന്.

ഉസ്സാൻകുട്ടി:— എല്ലാ! ബലാലേ! മലാമത്തൊടാ പൂത്തിം ആക്കുണ്ടും. സുറൂള്ളാ! അയ്യല്ലാ പറഞ്ഞിട്ടുന്നാടാ ഞമ്മൾ. പാനിയുമൊക്കീം ഉമിയേർച്ചി ബായിപ്പിച്ചില്ലേ. അല്ലാപാനി! നിനിക്കി പൊലിസ്സ ഞാനെന്നാ. സാമൂതിരിപ്പാട്ടിലെ കോളും കൊണ്ട് ഒരു കാര്യ ഇപ്പം കൊട്ടേലക്ക് ബന്നു. ഞമ്മളി മാറ്റിക്കോ.

ശങ്കര:— അള്ളാപ്പോ! നിന്നെക്കാണിക്കാനാടോ ഈ വരുമ്മാനം കിട്ടിയത്. നീ വല്ലാത്ത ഒരു കേമനാണ്.

ഉ:— കേയിന്റെ പാണ്ട്യാലേന്ന് സൂപ്രിക്കട്ടിക്കാര സമ്പത്തൊക്കെ വന്നപ്പോല്ലെ മരക്ക് ബിബരം പുടിയായത്. പടച്ചോനാണ് സത്യം.

ശ.നാ:— ഈ നിധി കൊണ്ടുവരുന്ന വിവരം സായ്പ് അറിയില്ലേ?

ഉ:— ഇല്ല സുവരാ!

ഇതൊക്കെ പറയുമ്പോഴേക്ക് രണ്ടാം തണ്ടികർ അരികത്തായി വരുന്നതെന്ന തോന്നി. സ്വല്പം അടുത്തെത്തി. ഉസ്സാൻകുട്ടിയുടെ തോക്കിന്റെ ചട്ടകൊണ്ട് കടികൊണ്ടെത്തും വീണ്ടും ക്രാന്തക്ക പള്ളിപ്പട്ട് പണിക്കര് മരിച്ചു. കാര്യം ഇങ്ങനെ കടത്തിലായപ്പോൾ ശങ്കരൻനായർക്കും അമ്പരപ്പായി. പറഞ്ഞിട്ട് ഫലമില്ലല്ലോ. പണിക്കരുടെ കയ്യിലുള്ള പെട്ടി കയ്യിലാക്കി, കോട്ടക്കുള്ളിൽ ഒരിടത്ത് അടയാളം വെച്ച് കഴിച്ചിട്ടും പണിക്കരുടെ ശവം എടുത്തു കടലിൽ ഇടുവും കൈകൾ അഴുന്നിപ്പിച്ചുകൊണ്ട് കഴിഞ്ഞു. നേരം പുലർന്നപ്പോൾ സാമൂതിരിപ്പാട്ടിലെ ഒരു കാര്യസ്ഥനായ കോമപ്പട്ടര് കല്ലറൽ സായ്പിനെ കണ്ട് തിരുവലയത്തിന്റെ കാര്യം ചോദിച്ചപ്പോഴല്ലേ സായ്പ് അറിയുന്നത്. തിരുവലയംകൊണ്ട് അന്ന് രാത്രി എട്ടു മണിക്ക് പള്ളിപ്പാട്ടു പണിക്കർ കോട്ടയിലേക്ക് വന്നൊന്നു താൻ കണ്ടിരിക്കുന്നു എന്ന കോമപ്പട്ടര് ധൈര്യമായി പറഞ്ഞു. ഒരു ശവം കടൽക്കരയിൽ അടിച്ചുകേറിട്ടുണ്ടെന്നും അതു പണിക്കരുടെ ശവമാണെന്നും തീർച്ചയാക്കി. കേസ്സു ഇന്ത്യനാകന്നവരെ കോട്ട

ളൂടി കാവൽ ശങ്കരൻനായരെ ഇരുട്ടറ
യിൽ പിടിപ്പിച്ചിടുവാനും കല്പനയായി.

കൊല്ലം കഴിഞ്ഞു. ഇക്കൂട്ടത്തിൽ കുഞ്ഞാക്കുട്ടി
പട്ടാളത്തിൽനിന്നു ചാടിപ്പോയിരിക്കുന്നു.
എവിടെയാണെന്നു ആർക്കും വിവരമില്ല.
കാര്യം ശങ്കരൻ നായർക്ക് നിശ്ചയമുണ്ട്.
കുഞ്ഞാക്കുട്ടി തോല്പിക്കപ്പെട്ട നായർ ആരു
ടെയായിരുന്നുവെങ്കിലും ആയാളിൽനിന്നു തി
രുവലായത്തിനെപ്പറ്റിയാകട്ടെ പണ്ടിക്കയു
ടെ മരണത്തെപ്പറ്റിയാകട്ടെ യാതൊരു
വിവരവും കിട്ടുവാൻ സാധിച്ചില്ല.
ശങ്കരൻനായരെ സംശയിച്ചു ഉദ്യോഗത്തി
ൽനിന്നു പിരിക്കുക മാത്രമാണ് കുറ്റ
ത്തിനു ശിക്ഷയായി കല്പിച്ചത്. ഇതിനിടക്ക്
സാമൂതിരിപ്പാട് തമ്പുരാൻ പള്ളിയറക്ക് തീ
പെട്ടെന്ന് ആത്മഹത്യ ചെയ്തു വിവരം നാ
ട്ടെങ്ങും പരന്നു. ശാമുപട്ടർ എവിടെയാണെ
ന്ന വിവരം ആർക്കും ഇല്ല. കോവിലകം ക
ണ്ടെടുപ്പോൾ വിചാരിച്ച വളരെ റിക്കാ
ർട്ടുകളും ധനാദ്യം നശിച്ചതിൽ "തി
രുവലായവും" നശിച്ചുവല്ലോ എന്നു വി
ചാരിച്ചു സാമൂതിരിപ്പാട്ടിലെ അനന്തിരവ
ന്മാർ നന്നെ വ്യസനിച്ചു ആക്ഷേപത്തിനാ
ളില്ലാത്തതുകൊണ്ട് തലശ്ശേരി കോട്ടയിലും
പിന്നെ അന്വേഷണം നടത്തിയില്ല.

ഇതിനെ കൊല്ലം പത്തു മുപ്പത
തു കഴിഞ്ഞു. ടിപ്പു സുൽത്താന്റെ മര
ണത്തോടുകൂടി മലയാളമില്ലാം ഇംഗ്ലീഷു
കമ്പനിക്കധീനമായി കഴിഞ്ഞിരിക്കുന്നു.
ഇപ്പോൾ ശാമുപട്ടർ കല്പാത്തിയിൽ ഒരു
പ്രസിദ്ധ പണം ഇടപാടുകാരനാണ്. ഉ
ദ്യോഗത്തിനു ഇതുവരെയൊക്കെ ധനശേഖരം വ
ർദ്ധിച്ചത് എങ്ങിനെയെന്ന് ആർക്കും വിവര
മില്ല. നാലഞ്ചു ദിവസമായി ശാമുപട്ടർക്ക്
നല്ല മനസ്സുഖമില്ല. രാത്രിയായാൽ എ
ന്തോ പുറത്തുനിന്നു ശബ്ദം കേൾക്കുന്നത്
എന്നൊക്കെ കിടക്കയിൽ ചോദിക്കും. ഉറക്ക
മില്ല. സുൽത്താൻപേട്ടയിൽവെച്ചു ഒരു താ
ടിക്കാരൻ മാപ്പിളയെ കണ്ടുവെന്നും അപ്പോ
ൾ ശാമുപട്ടർ മോഹാലസ്യമായെന്നും
വാല്യക്കാരൻ വെള്ളം കൊണ്ടുവന്നു മുഖ
ത്തു തളിച്ചു, മോഹാലസ്യം തീർന്നപ്പോൾ ക
ണ്ടത് ആരെന്നോട ചോദിച്ചത് മാപ്പി
ള എവിടെ പോയെന്നായിരുന്നുവെന്നും
വാല്യക്കാരൻ മഠത്തിൽവെച്ചു പറകയു
ണ്ടായിട്ടുണ്ട്. ഒരു ദിവസം രാവിലെ, ശാ
മുപ്പട്ടരെ ആരോ കുത്തിക്കൊന്നുവെന്നും, ശാ
മുപ്പട്ടർ വളരെ ഭക്തിയോടെ വെച്ചുവന്നി
രുന്ന ഒരു വിഗ്രഹപ്പെട്ടി കളവു പോയെ
ന്നും, കള്ളനെ പിടികിട്ടിയില്ലെന്നും ഉ
ള്ള ധ്വനി പാലക്കാടെങ്ങും പരന്നു. തിരു
വിലായ ഗ്രന്ഥത്തിൽ പരദേശിയുടെ
രോഷം എടുത്തു പറഞ്ഞിരുന്ന ശങ്കരൻനായ
രെപ്പിന്നൊന്ന് കണ്ടത് പാലക്കാട്ടാണ്. ശാമു
പ്പട്ടരുടെ വാല്യക്കാരൻ കണ്ട മാപ്പിളയുടെ
രൂപം ഓർമ്മിച്ചു മനസ്സിലാക്കുവാൻ അ
ധികം ബുദ്ധിമുട്ടുണ്ടായില്ല. അന്വേഷിച്ച
തിൽ, (ശാമുപ്പട്ടർ മരിച്ചതിന്റെ പിറ്റേ ദി
വസം) ഒരു മാപ്പിള മണ്ണാർക്കാടേക്കുള്ള നിര
ത്തിൽകൂടി പോകുന്നതായി കണ്ടുവത്രേ.
മണ്ണാർക്കാട്ടുനിന്നു അങ്ങാടിപ്പുറത്തേക്കും അ
വിടെനിന്നു പട്ടാമ്പിയിൽകൂടി തൃത്താലവ
ഴി പൊന്നാനിവരെയും ഇക്കൂടി കുഞ്ഞാക്കുട്ടി
യെ ശങ്കരൻനായർ പിന്തുടർന്നു. കുഞ്ഞാക്കു
ട്ടി തോണിക്കടവിൽവെച്ചു ശങ്കരൻനായ
രോട വഴക്കുണ്ടു. മുപ്പത്തഞ്ചു കൊല്ലമാ
യി തമ്മിൽ പിരിഞ്ഞ അവർ ക്രൂരമായി
ട്ടു കണ്ടപ്പോൾ ഒന്നു ഞെട്ടി. വേഗം
അഴീക്കൽ കടപ്പുറം പോകുന്ന ഒരു തോ
ണിയിൽ കയറി. അടുത്ത മറ്റൊരു തോ
ണിയിൽ ശങ്കരൻനായരും കയറി. കുഞ്ഞാ

കുട്ടി കയറിയ തോണിക്കുനേരെ തിരിച്ചപ്പോൾ ഇനാംകൊടുക്കാമെന്നായി ശങ്കരൻനായർ. പുഴ മദ്ധ്യത്തിൽവെച്ചു തോണിയെയും കൂട്ടി മുട്ടി.

ശങ്കരൻനായർ— അല്ലാ! കുട്ട്യാകുട്ടി!! ഇപ്പത്തന്നെ കൊല്ലുമായി തോന്നു ഇന്ന കണ്ടതുമില്ലല്ലോ. ഞാൻ ഇത്ര വിചാരാണെന്നു വിചാരിച്ചിരുന്നില്ല.

കു:— അമ്മച്ചേച്ചി ചോറ്റിൻറെടുന്നല്ലോ ആ ഫോട്ടോ പിടിച്ച പട്ടര് ഞങ്ങളെ തോണിയിൽ മുസ്സാക്കി കയറ്റിക്കളഞ്ഞത്. തിരിച്ചുപോരാ! പിന്നെ ഞാൻ ചെയ്തതാണോ. പിന്നെയായത് എല്ലാടവും തിരഞ്ഞു. ഇപ്പോഴോട്ട് പൊയ്ക്കൊള്ളു കൊടുക്കണ്ടി. കല്പനതന്നാൽ ഉടനെ ഇതു ഞാൻ ക്ലിക്ക് നന്നാ വേണം.

ശം:— ഒന്നുമില്ലായ്മ തനിക്ക് ഇതു കൊണ്ടു ഉപയോഗമില്ല. ഇതു എന്റെ കൈ തന്നേക്ക.

ഇത്രയും പറയുമ്പോഴേക്ക വേറെ ഒരു തോണിവന്നു കുട്ട്യാകുട്ടി നില്ക്കുന്ന തോണി തട്ടി. കുട്ട്യാകുട്ടി കാലുതെറ്റി വെള്ളത്തിൽ വീണപ്പോൾ പിന്നാലെ ശങ്കരൻ നായരും ചാടി. "തിരുവാതിരപ്പെട്ട്." അന്നേടം ആരും ശ്രദ്ധിച്ചില്ല. ജീവൻ രക്ഷിക്കണമെന്ന മാത്രമല്ല നോക്കിയത്. തോണിക്കാരൻ വിചാരിച്ചിട്ടു യാതൊരു ഫലവുമുണ്ടായില്ല. ഭാരതപ്പുഴയും പൊന്നാനിക്കടലും കൂടികൂടുന്ന അഴിമുഖം ചിലപ്പോൾ അങ്ങിനെയാണ്. കുട്ട്യാകുട്ടിയേയും ശങ്കരൻ നായരേയും പിന്നെ ജീവനോടെ ആരും കണ്ടിട്ടില്ല. തിരുവാതിരയും അവരോടുകൂടി അഴിമുഖത്ത് താണുപോയിട്ടുണ്ടെന്നാണ് ഇപ്പോഴത്തെ വിശ്വാസം.

എം. ആർ. കെ. സി.

നമ്മുടെ പ്രധാന ചുമതല

ജീവകാലത്തു ചെയ്യേണ്ടതായി അനവധി മഹത്തായ കാര്യങ്ങൾ നമ്മൾക്കുണ്ടാകുമെന്നുള്ളതിന്നു സംശയമില്ല. ജീവന്റെ ഉദ്ദേശം തന്നെ ജോലികൾ ചെയ്യുന്നതും അന്യന്മാരുടെ സമസ്യജീവികളുടെ സുഖത്തെ വർദ്ധിപ്പിക്കുന്നതും ആകുന്നു. ഈ ഉദ്ദേശം സാധിപ്പിക്കേണമെങ്കിൽ സഫലമായ ചില ഗുണങ്ങൾ മനുഷ്യർക്കുണ്ടായിരിക്കേണം. വേണ്ടതാകുന്നതായ ഈ ഗുണങ്ങൾ മനുഷ്യരുടെ ഇടയിൽ ഇല്ലെന്ന പറവാൻ തരമില്ല. ഏറക്കുറെ വ്യത്യാസങ്ങളോടുകൂടി ഈ ഗുണങ്ങൾ എല്ലാ മനുഷ്യരിലും അന്തർഭവിച്ചിരിക്കുന്നുണ്ടെന്നു തന്നെ പറയണം. നന്മയും തിന്മയും ഇടകലർന്നല്ലാതെ നന്മതന്നെ ആയിട്ടോ തിന്മതന്നെ ആയിട്ടോ കാണുവാൻ പ്രയാസമാണ്. എല്ലാന്നു കാര്യങ്ങളും വിഘ്നം കൂടാതെ ഭംഗിയായി കലാശിപ്പിക്കേണ്ടതു നമ്മുടെ മനസ്സാക്ഷിയാൽ ആയതു കാര്യസിദ്ധിയുണ്ടാക്കുവാൻ വേണ്ടതായ സാമർത്ഥ്യം നമുക്കുണ്ടായിരിക്കേണ്ടതാണ്. വലിയ പരീക്ഷകൾ പാസ്സായവർക്കോ വലിയ ധനവാന്മാർക്കോ അവരുടെ അറിവും ധനവും മൂലം ഏതു കാര്യവും സാധ്യമാണെന്ന ചിലർ കരുതുന്നു വലിയ അബദ്ധംതന്നെ. വലിയ പരീക്ഷകൾ ഉയർന്ന തരത്തിൽ ജയിച്ചിട്ടുള്ള പലരും ലോകത്തിൽ കഴിച്ചുകൂട്ടുവാൻ സാമർത്ഥ്യമില്ലാതെ കഷ്ടപ്പെടുന്നു. നമ്മുടെ

ഇടയിൽ തന്നെ നമുക്കു കാണാം. അതിനാൽ സന്മാർഗ്ഗികളായി പെരുമാറേണ്ടതു നമ്മുടെ അറിവിനും ധനത്തിനും പുറമെ വേറെ ചില ഗുണങ്ങൾ വേണ്ടതാണെന്നുള്ളതിനു സംശയമില്ല. അതുകൊണ്ടു സ്വഭാവഗുണമെന്ന പേരിൽ അടങ്ങിയിരിക്കുന്ന ഗുണങ്ങൾ ചെറുപ്പംമുതൽക്കു തന്നെ ശീലിക്കുന്നതിനും, അപ്രകാരം ശീലിച്ച് ഈ ഗുണങ്ങളെ സ്വാഭാവികമാക്കി തീർക്കുന്നതിനും എല്ലാവരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു. ചെറുപ്പകാലത്തിൽ ചെയ്യുന്ന ശീലങ്ങൾ ശിലപട്ടത്തം നിലനില്ക്കുവാൻ ഇടയുള്ളതുകൊണ്ടു ബാലന്മാരുടെ ഇടയിൽ സൽഗുണങ്ങൾ പോഷിപ്പിക്കുന്നതിനു വേണ്ട ശ്രമങ്ങൾ ചെയ്യുന്നതു പ്രായമേറിയ എല്ലാവരുടെയും കൃത്യധർമ്മമാണെന്നു കൂടി പ്രത്യേകം പറയേണ്ടതില്ലല്ലോ.

ബാല്യത്തിൽ ആലോചനാശക്തി നല്ലവണ്ണം വികസിക്കാതെ ഇരിക്കുന്നതിനാൽ കുട്ടികളുടെ പഠിപ്പും നടപ്പും അവരുമായി അടുത്തു പെരുമാറുന്നവരുടെ നടപടികളെയും സമ്പ്രദായങ്ങളെയും അനുസരിച്ചിരിപ്പാനേ തരമുള്ളു. ഒരു കുട്ടിയുടെ സംസാരത്തിൽനിന്നുതന്നെ ആ കുട്ടിയുടെ ഗൃഹത്തിലെ നടപടികൾ നമുക്കു ഏകദേശം ഊഹിക്കാവുന്നതാണ്. ആയതിനാൽ ഗൃഹത്തിലുള്ളവർ കുട്ടികളുടെ സന്നിധിയിൽവെച്ചു സംസാരിക്കുമ്പോഴും വല്ലതും പ്രവൃത്തിക്കുമ്പോഴും പ്രത്യേകം മനസ്സുവെക്കേണ്ടതാണ്. അസഭ്യവാക്കുകൾ പറയാതെയും, കള്ളത്തരമോ അന്യായമോ ആയ പ്രവൃത്തികൾ ചെയ്യാതെയും, നല്ലവാക്കുകൾ പറഞ്ഞും, പരോപകാരങ്ങൾ ചെയ്തും, സത്യസന്ധതയോടും പ്രസന്നതയോടും മുതിർന്നവർ നടന്നാൽ ബാലന്മാരും താനേതന്നെ ഈ ഗുണങ്ങളെ ആചരിക്കുന്നതും അങ്ങിനെ അവർ സൽസ്വഭാവികളായിത്തീർന്ന് കുടുംബത്തിനും രാജ്യത്തിനും വേണ്ട ഗുണങ്ങളെ ചെയ്യുകയും ചെയ്യും. തങ്ങളുടെ ജോലികൾ ഇന്നിന്നവയാണെന്നു കുട്ടികളെ ധരിപ്പിക്കുകയും, ആ ജോലികൾ അതാതു സമയത്തു ശരിയായി നടത്താതിരുന്നാൽ പക്ഷഭേദം കൂടാതെ വീഴ്ചക്കാരെ ശിക്ഷിക്കുകയും വേണ്ടതാണ്. ഇതിനു മുതിർന്നവർ വലിയവർ അവരവരുടെ ജോലികൾ വീഴ്ചകൂടാതെ നിശ്ചിതസമയങ്ങളിൽ ചെയ്യുന്നതു മാതൃകയായി കുട്ടികൾ കാണണം. മുതിർന്ന എല്ലാവരും പ്രഭാതം മുതൽ സന്ധ്യവരെ വൃഥാലാപത്താൽ സമയം കളയാതെ ഇരിക്കുന്നതു കണ്ടാൽ കുട്ടികൾ അവരെ അനുകരിക്കാതിരിക്കുമെന്നു തോന്നുന്നില്ല. ഇന്നത്തെ സാധാരണയായി നാട്ടുപോക്കുകളും വിരുന്നുകളും പറഞ്ഞു ദിവസം കഴിച്ചുകൂട്ടുന്നതു കുട്ടികൾ കണ്ടു പഠിക്കുന്നതിനാലാണ് അവർ ഗുരുവില്ലാതെ വഷളാവുന്നത്. ആയതിനാൽ മുതിർന്നവർ, പ്രത്യേകിച്ചു സ്ത്രീകൾ, ഈ വിഷയത്തിൽ നല്ലവണ്ണം മനസ്സിരുത്തേണ്ടതാണ്. നമ്മുടെ സമ്പ്രദായപ്രകാരം സ്ത്രീകൾക്കു ജോലിയെന്നും ഇല്ലാതെ ആണ് വന്നിരിക്കുന്നത്. ഇതിനാൽ വളരെ തരക്കേടുകളെന്നു പറയേണ്ടതാവശ്യമില്ല. വല്ലവരുമായി വെറുതെ സംസാരിച്ച് സമയം കളയാതെ ഇരിക്കുന്നതിനു സ്ത്രീകൾക്ക് എന്തെങ്കിലും ഒരു ജോലി ആവശ്യമാണ്. പണ്ടു കാലത്തു സ്ത്രീകളുടെ ജോലിയായി കരുതിയിരുന്ന ഗൃഹഭരണം മേലാളസ്ത്രീകൾ ഇക്കാലങ്ങളിൽ തീരെ കൈവെടിഞ്ഞിരിക്കുന്നതു വളരെ ശോചനീയംതന്നെ. ഗൃഹഭരണവും, ശുചിത്വവും, ബാലപരിപാലന

വും ആണു് സ്ത്രീകളുടെ പ്രത്യേകധൎമ്മങ്ങളെ സ്ത്രീകൾ രക്ഷിക്കേണ്ടതാണ്.

ബാലന്മാരുടെ മുമ്പിൽവെച്ചു മുതിൎന്നവർ ക്രോധാന്ധന്മാരായി പെരുമാറിക്കുന്നതു നന്നല്ല. എല്ലാകാൎയ്യത്തിൽ ശുണ്ഠി എടുത്തു ശഠിക്കുന്നതു കുട്ടികൾ കണ്ടാൽ അവരും അപ്രകാരം ശീലിക്കുവാൻ എളുപ്പമുണ്ട്. “ഞാൻ ചെയ്യുന്നതു കണ്ടു നിങ്ങൾ അങ്ങിനെ ചെയ്യരുത്. എനിക്കതിനു അവകാശം. നിങ്ങൾക്കു അപ്രകാരം പാടില്ല” എന്നു ചില വയസ്സന്മാർ കുട്ടികളോടു പറയുന്നുണ്ട്. ഇതു വളരെ തെറ്റാണെന്ന പറയേണ്ടതില്ലല്ലോ. തെറ്റാണെന്ന അറിഞ്ഞുംകൊണ്ടുതന്നെ ബോദ്ധ്യമുള്ളതല്ല ഇവർ ചെയ്യുന്നത്. അല്ലെങ്കിൽ കുട്ടികളുടെ അടുക്കൽ അവർ ഇപ്രകാരം പറയുന്നതെന്തിനാണ്? ക്ഷമയും സമാധാനവും എല്ലാവരും ശീലിക്കേണ്ടതും ദേഷ്യംകൊണ്ടു യാതൊരു കാൎയ്യവും നടക്കയില്ലെന്ന് എല്ലാവരും ധരിക്കേണ്ടതും ആകുന്നു. ദേഷ്യഭാവം കാണിക്കാതെ ക്ഷമയോടുകൂടി മുതിൎന്നവർ നടക്കുന്നതു കണ്ടാൽ കുട്ടികൾ ക്ഷമയുള്ളവരായി ഭവിക്കുന്നതാണ്. ഈ തത്വങ്ങൾ എല്ലാവൎക്കും അറിയാവുന്നതാണെന്നുള്ളതിനു സംശയമില്ല. ഇതുകൾ ശീലിക്കുന്നതിന് ഇംഗ്ലീഷോ സംസ്കൃതമോ പഠിച്ചിട്ടാവശ്യമില്ല. ഇവകൾ നല്ലതാണെന്നു ധരിച്ച് ഇവകളെ അനുവൎത്തിപ്പാൻ എല്ലാവരും ശ്രമിച്ചാൽ മതി.

വീട്ടിലുള്ളവരെല്ലാവരും കുട്ടികളുടെ മുമ്പാകെവെച്ചു നല്ലതു പ്രവൃത്തിച്ചാൽ കുട്ടികളും സഹജമായി നല്ല ഗുണങ്ങളെ കൈക്കൊള്ളുന്നതാണെന്നു പറഞ്ഞുവല്ലൊ. ഇതിനു പുറമെ കുട്ടികൾ ചങ്ങാതിത്വം പിടിച്ചു നടക്കുന്നവരുടെ കാൎയ്യത്തിൽ മുതിൎന്നവർ പ്രത്യേകം ദൃഷ്ടിവെപ്പാനുണ്ട്. വലിയ ദുസ്സഹിതന്മാരെപ്പോലെ എപ്പോഴും കൂടെനടക്കുന്നവരുടെ സ്വഭാവങ്ങൾ കുട്ടിയിൽ എന്നവേണ്ട, പ്രായം ചെന്നവരിൽ തന്നെ, പതിയുവാൻ എളുപ്പമുണ്ട്. അതുകൊണ്ടു നാം സഹവാസം ചെയ്യുന്നവർ നല്ല സ്വഭാവക്കാരല്ലെങ്കിൽ നമ്മുടെ സ്വഭാവവും മലിനതയുള്ളതായി തീരുവാൻ എളുപ്പമുണ്ടല്ലൊ. അതിനാൽ മറ്റുള്ളവരിൽ ഉള്ള എന്തെല്ലാം ഗുണങ്ങളെയാണ് ശീലിക്കേണ്ടതെന്നും എന്തെല്ലാം ദോഷങ്ങളെയാണ ത്യജിക്കേണ്ടതെന്നും നാം കുട്ടികളെ കൂടക്കൂടെ ധരിപ്പിക്കേണ്ടതും സ്വഭാവനൈൎമ്മല്യത്തോടുകൂടിയ ചിലരെ ചൂണ്ടിക്കാണിച്ച് അവരോടുകൂടി പരിചയമായി അവരുടെ സമ്പൎക്കത്താൽ തങ്ങളുടെ സ്വഭാവം നന്നാക്കുന്നതിനു കുട്ടികളെ ഉത്സാഹിപ്പിക്കേണ്ടതും ആണ്. വളരെ ദോഷങ്ങളുള്ളവരെ തീരെ ത്യജിച്ചു നടക്കുന്നതിന്നുതന്നെ കുട്ടികളെ ഉപദേശിക്കുന്നതിൽ വലിയ തെറ്റുണ്ടെന്നു തോന്നുന്നില്ല. എന്തെന്നാൽ ഇങ്ങിനെയുള്ളവരോട് അടുത്തു പെരുമാറി അവരുടെ ദോഷങ്ങളെ തീരെ ത്യജിച്ചു ഗുണങ്ങളെ മാത്രം സ്വീകരിക്കുന്നതിനു കുട്ടികൾക്കു സാമൎത്ഥ്യമുണ്ടാകുവാൻ തരമില്ലല്ലൊ.

ദുഷ്പ്രവൃത്തികൾ ചെയ്താൽ ദൈവം കഠിനമായി ശിക്ഷിക്കുമെന്നും സൽപ്രവൃത്തികളാൽ ദൈവകാരുണ്യം നിമിത്തം യശസ്സും മോക്ഷവും ലഭിക്കുന്നതാണെന്നും കുട്ടികളെ പറഞ്ഞു മനസ്സിലാക്കി അവരെ ദൈവവിശ്വാസമുള്ളവരാക്കി തീൎക്കുന്നതു വളരെ നല്ലതാകുന്നു. പുരാണങ്ങളിൽ ദുഷ്ടന്മാരെ ശിക്ഷിച്ചിരിക്കുന്നതും ശിഷ്ടന്മാരെ രക്ഷിച്ചിരിക്കുന്നതും പോഷിപ്പിച്ചിരിക്കുന്നതു കഥാരൂപേണ ബാലന്മാരെ ധരിപ്പിക്കയും ഇന്നിന്നവിധം നടന്നാൽ ദൈവം സന്തോ

ഷിക്കണമെന്നും ഇന്നിന്നവിധം നടന്നാൽ ദൈവം ശിക്ഷിക്കുമെന്നും കുട്ടികളെ മനസ്സിലാക്കി വേണ്ടവിധത്തിൽ അവരെ നടത്തുകയുംചെയ്യേണ്ട ചുമതല പ്രായംചെന്നവരുടേതാണ്. നല്ലതു വരുത്തിത്തരുന്നതിനു ദൈവത്തിന്റെ അടുക്കൽ പ്രാർത്ഥിക്കുന്നതു തന്നെ വളരെ ഗുണകരമായിട്ടുള്ളതാണ്. ആദ്യം തന്നെ നമ്മുടെ നിസ്സാരത നമ്മിൽ കടന്നുകൂടുന്നു. പിന്നീടു നമുക്കു കിട്ടിയിട്ടുള്ള നന്മകൾക്കു ദൈവത്തോടു കൃതജ്ഞത നാം ഭാവിക്കുന്നതിനാൽ നന്ദി എന്നുള്ള ഗുണം നമ്മിൽ ഉളവാകുന്നു. ഈ രണ്ടു മഹത്തായ ഗുണങ്ങൾക്കു പുറമെ മറ്റുള്ളവരുടെ നന്മക്കു നാം ചിലപ്പോൾ പ്രാർത്ഥിക്കുന്നതുകൊണ്ടു സ്വാർത്ഥപരിത്യാഗമെന്ന ഗുണവും നമുക്കുണ്ടാവുന്നു. അതുകൊണ്ടു ദൈവവിശ്വാസം വളരെ ഫലപ്രദമായ ഒരു സംഗതിയാണെന്നുള്ളതിനു സംശയമില്ല.

സ്വഭാവം നന്നാക്കുന്നതിനുള്ള വേറെ മാർഗ്ഗം നല്ല വിദ്യാഭ്യാസം തന്നെയാണ്. എന്നാൽ വിദ്യാഭ്യാസമെന്നത് എന്താണെന്നുതന്നെ ആദ്യം ധരിക്കേണ്ടതുണ്ടു. കുറെ പുസ്തകങ്ങൾ വായിച്ചു ചില പരീക്ഷകൾ ജയിച്ചതുകൊണ്ടുതന്നെ ശരിയായ വിദ്യാഭ്യാസം കഴിഞ്ഞുവെന്നു പറയുവാൻ തരമില്ല. അറിവു വർദ്ധിപ്പിക്കുന്നതിനു പുറമെ സൽസ്വഭാവിയാണെന്നുള്ള പേർ സമ്പാദിക്കുവാൻ എല്ലാവരും ശ്രമിക്കേണ്ടതാണ്. ഇപ്രകാരം ബാല്യത്തിൽ തന്നെ ശീലിച്ചാൽ വലുതാകുമ്പോൾ കുട്ടികൾ നിശ്ചയമായും നല്ല നടത്തയോടുകൂടിയവരായി വരാതിരിക്കയില്ല.

ചെറുപ്പത്തിൽ നാം നല്ലവരായി കൂട്ടുകൂടേണ്ടതുപോലെതന്നെ നാം വായിക്കുന്ന പുസ്തകങ്ങളും വളരെ നല്ലവയായിരിക്കണം. സന്മാർഗ്ഗതത്പരന്മാർ വേണ്ടവിധത്തിൽ പ്രതിപാദിച്ചിരിക്കുന്ന പുസ്തകങ്ങൾ വായിക്കുന്നതുകൊണ്ടു നമ്മുടെ സ്വഭാവം വളരെ വിശേഷമായി തീരുമെന്നുള്ളതിനു മറ്റൊരഭിപ്രായമുള്ളതായി തോന്നുന്നില്ല. സ്വഭാവഗുണംകൊണ്ടും ബുദ്ധിചാതുര്യംകൊണ്ടും ലോകത്തിൽ കീർത്തി സമ്പാദിച്ചിട്ടുള്ള മഹാന്മാരായ സർ മുത്തുസ്വാമി അയ്യർ മുതലായവരുടെ ജീവചരിത്രങ്ങൾ വായിക്കുന്നതായിരിക്കും ഏറ്റവും നന്നായിട്ടുള്ളത്. ഈ ജീവചരിത്രങ്ങൾ കെട്ടുകഥകൾ അല്ലാത്തതിനാൽ അവയ്ക്കു പ്രത്യേക ഒരു ഗുണം ഉണ്ടെന്നു പറയേണ്ടതില്ലല്ലോ.

എല്ലാവർക്കും ഓരോ ജോലികൾ ഉണ്ടായിരിക്കുന്നതും ആ ജോലികൾ ഓരോന്നും മടികൂടാതെ മനസ്സാക്ഷിയോടുകൂടി ചെയ്തു തീർക്കുന്നതും വലിയ ഒരു കാര്യമാണ്. എന്തെങ്കിലും ഒരു കാര്യത്തിൽ ഏർപ്പെട്ടാൽ ധനലാഭം മാത്രം ഗണ്യമാക്കാതെ ഭരമേല്പിച്ചിരിക്കുന്ന കൃത്യത്തെ ചെയ്തു തീർക്കുവാൻ എല്ലാവരും ശ്രമിക്കേണ്ടതും അതിനെ ചെയ്യുന്നതുകൊണ്ടുതന്നെ സ്വതമായ ചില ഗുണങ്ങൾ നമുക്കുണ്ടാവുന്നതും ആകുന്നു. ക്ഷമ, സ്ഥിരത, ശുഷ്കാന്തി, കീഴ്‌വണക്കം, ധൈര്യം എന്നീ ഗുണങ്ങൾ ഇതിനാൽ നമുക്കുണ്ടാകുന്നതാണ്. ജോലി കൂടാതെ മടിയന്മാരായി നടക്കുന്ന ചെറുപ്പക്കാർ പല ദുർവ്വിഷയങ്ങളിൽ ഏർപ്പെട്ട തങ്ങളുടെ ആരോഗ്യത്തെയും സൽഗുണത്തെയും നശിപ്പിക്കുന്നതിനു വളരെ എളുപ്പമുള്ളതിനാൽ ചെറുപ്പത്തിൽതന്നെ ധാരാളം ജോലി ചെയ്യുന്നതിനും അവരവരുടെ പ്രയത്നംകൊണ്ട് അവരവരുടെ ഇഷ്ടം കഴിക്കുന്നതിനും ചെറുപ്പക്കാർ പ്രത്യേകം ശ്രമിക്കേണ്ടതാണ്. ആദ്യംതന്നെ വലിയ ഉദ്യോഗമോ ധാരാളം ശമ്പളമോ എല്ലാവ

ക്ക്, അനുഗ്രഹിക്കുവാൻ അവകാശമില്ല. ഈ വകയെല്ലാം കണ്ടിട്ടു യാതൊരു ബോധവും കൂടാതെ വലിയ അഭിമാനവും കാണിച്ചിട്ടിരിക്കുന്നതു വളരെ വിഡ്ഢിത്തമായി ചിലപ്പോൾ പരിണമിക്കുന്നുണ്ട്.

സ്വഭാവം നന്നാക്കേണമെന്നു വിചാരിക്കുന്നവർ അവരുടെ വാക്കും പ്രവൃത്തിയും നന്നാക്കുവാൻ പ്രത്യേകം ശ്രമിച്ചാൽ തന്നെ വലിയ കാര്യമായി. മനുഷ്യരുടെ വാക്കുകളാണല്ലോ അവരുടെ വിചാരങ്ങളെ പുറത്തു കാണിക്കുന്നത്. മനുഷ്യരുടെ വിചാരത്തിന്റെ ഫലമാണല്ലോ അവരുടെ പ്രവൃത്തി. അതുകൊണ്ടു നല്ല വാക്കുകളെ മാത്രം പറയുന്നതിനും, ചീത്തവാക്കുകളും ശകാരവാക്കുകളും തീരെ ത്യജിക്കുന്നതിനും നാം എപ്പോഴും ഉത്സാഹിക്കേണ്ടതാണ്. കുറെകാലം ഇപ്രകാരം ശ്രമിച്ചാൽ നാം സൽസ്വഭാവികളായി വരാതെ ഇരിക്കുവാൻ തരമില്ല. മറ്റുള്ളവരെ സന്തോഷിപ്പിക്കുവാൻ കഴികയില്ലെങ്കിലും ദുഃഖിപ്പിക്കാതെ കഴിച്ചുകൂട്ടുന്നതുതന്നെ വലിയ കാര്യമാണ്. കഴിയുന്നതും ദോഷം ചെയ്യാതെയും വിധ്വത്തിയുള്ള ഗുണം ഉപകാരം ചെയ്തും നല്ലവാക്കുകളെക്കൊണ്ട് മറ്റൊരുത്തരെ സന്തോഷിപ്പിച്ചും കാലനിവൃത്തി ചെയ്യുന്നതുകൊണ്ടു വലിയ ധനലാഭം ഉണ്ടാവുന്നില്ലെങ്കിലും മനസ്സമാധാനം മനസ്സുഖം എന്നീ ഗുണങ്ങൾ ഉണ്ടാകുമെന്നുള്ളതിനു സംശയമില്ല. ഈ ഗുണങ്ങളാണ് എല്ലാ ഭാഗ്യവാന്മാരും ഉള്ളത്. ഈ ഗുണങ്ങളോടുകൂടാതെ യാതൊരു അവസ്ഥയും സുഖമായി തോന്നുന്നതല്ല. ഈ തത്വങ്ങളൊന്നും മനസ്സിൽ പതിയണമെങ്കിൽ മനസ്സിനു നല്ല ക്ഷമയും, ധൈര്യവും, അറിവും പ്രത്യേകം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ മേല്പറഞ്ഞ പ്രകാരങ്ങളിൽ ശീലിക്കുന്നതായാൽ ഈ മാനസികഗുണങ്ങളും കാലതാമസം കൂടാതെ അല്പമെങ്കിലും ബുദ്ധിയുള്ള ഒരുവനിൽ ഉണ്ടാകാതെ പോകുമെന്നു തോന്നുന്നില്ല.

കെ. ബാലകൃഷ്ണമേനോൻ ബി. എ.

അമേരിക്കയെ കണ്ടുപിടിച്ചതു്

കൊളുമ്പസ്സ്

ഈ വിഷയം നമ്മുടെ വായനക്കാരിൽ പലരുടേയും ശ്രദ്ധയെ ആകർഷിക്കുന്നതായിരിക്കുമെന്നുള്ളതിനു പക്ഷാന്തരമില്ല. ഇക്കാലത്തു തന്റെ യശശ്ശോഭകൊണ്ടു ലോകത്തെ മുഴുവൻ മുഴക്കുന്ന അമേരിക്കാരാജ്യം കഴിഞ്ഞ അഞ്ഞൂറു വർഷങ്ങൾക്കു മുമ്പു നമുക്കു തീരെ അറിവാൻ കഴിഞ്ഞിട്ടില്ലാത്ത ഒന്നായിരുന്നു. സമുദ്രയാത്രയിൽ സാമർത്ഥ്യം സമ്പാദിച്ച കൊളുമ്പസ്സ് ഒന്നാമതായി 1412-ൽ ആ രാജ്യത്തെ കണ്ടുപിടിച്ചു് ലോകത്തിൽ തന്റെ യശസ്സും മറ്റും പ്രതിഷ്ഠിച്ചവനാണെന്ന് നാമറിയുന്നത്. എന്നാൽ നമ്മുടെ ആ അറിവു തീരെ അസംബന്ധമാണെന്നു സ്ഥാപിച്ചുംകൊണ്ടു മിസ്റ്റർ ബ്രൂയർ - അമേരിക്കയിലെ ഒരു മാസികപത്രത്തിൽ "ചൈനക്കാരുടെ അമേരിക്കാപ്രവേശം" എന്ന ഒരു പ്രബന്ധത്തെ പ്രസിദ്ധീകരിച്ചിരിക്കുന്നു. കൊ

ബസ്സിനെക്കാൾ ആയിരത്തിനാലു വൎഷങ്ങൾക്കുമുമ്പു ബൌദ്ധാചാൎയ്യന്മാർ വടക്കെ അമേരിക്കയെ കണ്ടുപിടിച്ചിട്ടുണ്ടെന്നു പ്രസ്താവിക്കുന്നു. ആസ്യയുടെ വടക്കുകിഴക്കുള്ള കാംസ്കാട്ട്ക്കയിൽനിന്ന് അമേരിക്കയുടെ പടിഞ്ഞാറുവടക്കുള്ള അലാസ്ക (Alask) പ്രദേശം ബെറിങ്ങ് (Berling strait) കടലിടുക്കിനാൽ വേർതിരിക്കപ്പെടുന്നു. ഇതിനിടയിലാകുന്നു അല്യൂഷ്യൻ ദ്വീപുകളും കിടക്കുന്നത്. ക്രമേണ ഈ ദ്വീപശ്രേണികളെ അതിലംഘിച്ച് ആസ്യാഖണ്ഡത്തിൽനിന്നും അമേരിക്കക്കു വളരെ കഷ്ടപ്പെടാതെ പോവാൻ സാധിക്കുന്നതാണെന്നു പ്രമാണങ്ങളെക്കൊണ്ടു പ്രത്യക്ഷപ്പെടുത്തുന്നു. ഈ മാൎഗ്ഗത്തിൽകൂടി അഞ്ചു ബൌദ്ധഭിക്ഷുക്കൾ ശാന്തസമുദ്രത്തെ കടന്നു അമേരിക്കാ പ്രദേശത്തെ സന്ദൎശിച്ചിരിക്കുന്നു. പുരാതന ചീനഗ്രന്ഥങ്ങളിൽ "ഫൂസാം" എന്ന പേരായി കിഴക്കുള്ള ഒരു പ്രദേശത്തിന്റെ പേർ കാണപ്പെടുന്നു. ആ ദേശത്തിലുണ്ടായിട്ടുള്ള വൃക്ഷവിശേഷത്തിന്റെ പേർ ഹേതുവാകുന്നു അതിന് ഈ നാമം സിദ്ധിച്ചിട്ടുള്ളത്. ഫൂസാം വൃക്ഷത്തിനും അമേരിക്കയിലെ മെക്സിക്കോ പ്രദേശത്തുള്ള അഗ്ഗേയെ (മാഗേയെ) വൃക്ഷത്തിനും തമ്മിൽ വളരെ സാദൃശ്യം കാണുന്നുണ്ട്.

ചീനയിൽ "ഹ്യുയൻ സാങ്ങിന്റെ സഞ്ചാരവൃത്താന്തം" എന്ന പേരായി ഒരു വിശിഷ്ടഗ്രന്ഥം കാണുന്നുണ്ട്. അതിൽ ഹ്യുയൻ സാങ്ങ് കാബൂൾ നഗരവാസിയാണെന്നു പ്രതിപാദിച്ചിരിക്കുന്നു. ക്രിസ്ത്വബ്ദം 411-ൽ യുങ്ങ്യൂൻ മഹാരാജാവിന്റെ ഭരണകാലത്ത് [illegible]വർ ഫൂസാം ദേശത്തിൽനിന്നും അദ്ദേഹത്തിന്റെ രാജധാനിക്കു പോയിരുന്നു. ഹ്യുയൻ സാങ്ങ് ഫൂസാം ദേശത്തിൽനിന്നു ബുദ്ധവിധ ഗ്രന്ഥങ്ങളെക്കൊണ്ടുവന്നുവെന്നും അവയിൽ കണ്ട വളരെ നേർമ്മയുള്ള ഒരു വസ്ത്രമായിരുന്നുവെന്നും കാണുന്നു. മെക്സിക്കോവിലുള്ള അഗ്ഗേയെ വൃക്ഷത്തിന്റെ തൊലിനും ഈ വസ്ത്രത്തിന്റെ നൂലിനും തമ്മിൽ വളരെ സാദൃശ്യമുണ്ടത്രെ. മറ്റൊരു സാധനം കണ്ണാടി ആയിരുന്നു. മെക്സിക്കോ പ്രദേശത്തിൽ ഇതിനോടുതുല്യമായ കണ്ണാടിയുണ്ടെന്നു പറയപ്പെടുന്നു. ഹ്യുയൻസാങ്ങിന്റെ സഞ്ചാരവൃത്താന്തത്തിൽനിന്നു വളരെ കാൎയ്യങ്ങൾ ഗ്രഹിക്കേണ്ടവയായിട്ടുണ്ട്.

മുമ്പു ഫൂസാം ദേശത്തിലുള്ളവർ ബൌദ്ധധൎമ്മത്തെ അറിഞ്ഞവരായിരുന്നില്ല. ക്രിസ്ത്വബ്ദം 458-ൽ താങ്ങ് എന്നുപേരായ ഒരു സമ്രാട്ടിന്റെ കാലത്തു കാബൂളിൽനിന്നും അഞ്ചു ബൌദ്ധഭിക്ഷുക്കൾ ഫൂസാം ദേശത്തിൽ ചെന്നു ബൌദ്ധധൎമ്മത്തെ പ്രചരിപ്പിച്ചു. ആ ധൎമ്മത്തെ ആ പ്രദേശത്തിൽ പലരും സ്വീകരിച്ചു. അക്കാലം മുതല്ക്കാണ് അവൎക്ക് ആചാരാദി ശുദ്ധിയുണ്ടായിത്തുടങ്ങീട്ടുള്ളത്. ആ ഭിക്ഷുക്കൾ കാംസ്കാട്ട്ക്കയിൽനിന്നു എങ്ങിനെയുള്ള മാൎഗ്ഗത്തിൽകൂടി പ്രവേശിച്ചുവെന്നും അവരുടെ വ്യവഹാരം എങ്ങിനെയുള്ളതായിരുന്നുവെന്നും ആ ഗ്രന്ഥത്തിൽ വിസ്താരമായിപ്രതിപാദിച്ചിട്ടുണ്ട്. ഫൂസാം വൃക്ഷത്തിന്റെ ഗുണദോഷങ്ങളും അതിന്റെ വല്ക്കലത്തിൽനിന്നുണ്ടാകൽ, വസ്ത്രം നെയ്യുന്നക്രമം, എഴുതുന്നതിനുള്ള [illegible] ഉണ്ടാക്കുന്ന സമ്പ്രദായം ഇവകളും വൎണ്ണിക്കപ്പെട്ടിരിക്കുന്നു. [illegible] എന്നുമാത്രമല്ല ചെമ്പിന്റെ ഉപയോഗവും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ആ ദേശത്തെ രാജ്യതന്ത്രരീതി, നീതി, വിവാഹം, നഗരം, ഇത്യാദി എന്നിപ്രകാരമുള്ള വിഷയങ്ങളും എല്ലാപ്രകാരം വൎണ്ണിക്കപ്പെട്ടിരി

ക്കണ്ടൊ അല്ലെങ്കിൽ ഇതോ അവരുടെ ഐർലണ്ടിലെ പ്രവേശത്തെപ്പറ്റിയുള്ള ഗ്രന്ഥങ്ങളാൽ വിസ്തൃതമായ സാദൃശ്യങ്ങൾ കാണുന്നു. ഐർലണ്ടു പ്രദേശത്തിൽ ഇങ്ങിനെ ഒരു കിംവദന്തിയുണ്ട്.

ബുദ്ധമതം ധരിച്ച വൈദേശികനായ ഒരു സന്ന്യാസി ഐർലണ്ടു പ്രദേശത്തിൽ പ്രവേശിക്കുകയും പാപപരിഹാരത്തിനും വിശിഷ്ടാചാരത്തിനും വേണ്ടി അവിടെയുള്ളവർക്ക് ധർമ്മോപദേശങ്ങൾ ചെയ്യുകയും ചെയ്തു. അതിന്നശേഷം ഒടുക്കത്തിൽ ആ സന്ന്യാസി, ജനങ്ങളുടെ ഉപദ്രവം സഹിക്കവയ്യാതെ നാടുവിട്ടുപോയിരുന്നു. ഒരു പർവ്വതത്തിന്റെ കല്ലിൽ അദ്ദേഹത്തിന്റെ പാദചിഹ്നങ്ങളുണ്ടായിരുന്നു. ആ മലയ്ക്കു വേണ്ടി ക്രൂഗ് വൈറ്റിലാ എന്ന സ്ഥലത്തിൽ അദ്ദേഹത്തിന്റെ ഒരു ശിലാരൂപത്തെ പ്രതിഷ്ഠിച്ചു. അദ്ദേഹത്തിന്റെ പേർ ഇയിസിബൊധകൊ എന്നായിരുന്നു. ഈ ശബ്ദം ബുദ്ധസ്സംഘിഷ് എന്നതിന്റെ അപഭ്രംശമായിരിക്കുമെന്ന ശങ്കിക്കുന്നു. ഇതിന്നു പുറമെ വേറെയും വൈദേശികന്മാർ ഇവരുടെ അനാചാരങ്ങളോടുകൂടി ശൈത്യസമുദ്രത്തെ കടന്നുചെന്നിട്ടുണ്ട്. അവർ മുൻ പറഞ്ഞ പാതിരിമാർക്കുള്ളതായിരിക്കുമെന്നൂഹിക്കപ്പെടുന്നു. ആ ശിഷ്യന്മാർ എല്ലാ ധർമ്മം പാലിച്ചിട്ടുണ്ടോ അതിന്നൊട്ടു ബൌദ്ധമതത്തിന്നു വേണ്ടുന്ന സാധർമ്മ്യമുണ്ടെന്നു കാണുന്നു.

ഇനി ഭാഷാവിഷയകമായ പ്രമാണത്തെ നാം സ്വീകരിച്ചു നോക്കുക. ഭഗവാൻ ബുദ്ധദേവൻ, ഗൌതമൻ, ശാക്യൻ എന്ന പേരുകളെക്കൊണ്ടു പ്രസിദ്ധനായിരുന്നുവെന്നു സ്പഷ്ടമായി അറിയുന്നതാണല്ലോ. ഐർലണ്ടു പ്രദേശത്തിൽ ഗൌതമാലയ, ബുദ്ധതതാ മുതലായ ശബ്ദങ്ങൾ സ്ഥലനാമങ്ങളെന്നു കാണിക്കുന്നതായിരിക്കുന്നു. അതിൽ ഗൌതമാലയമെന്നതു ഗൌതമാലയത്തിന്റെ അപഭ്രംശമാണെന്നു സ്പഷ്ടമാകുന്നു. ബുദ്ധൻതാരൊ ശബ്ദവുമങ്ങിനെതന്നെ. അവിടെ ശാക്കടോഗൻ, ശാഗന്റ്, ശാക്കടെക്കൊസു, ശക്കാഹൂഗാസ ഇത്യാദി ശബ്ദങ്ങൾ വ്യവഹരിക്കപ്പെട്ടുവരുന്നു. ഈ ശബ്ദങ്ങളുടെ ഇടയിൽ ശാക്യപദത്തിന്നു വളരെ സാദൃശ്യം കാണുന്നുണ്ടല്ലോ. അവിടുത്തെ പ്രധാനപുരോഹിതന്റെ പേർ ശാന്താസക എന്നാണത്രെ. ഇതിന്റെ അർത്ഥം ശാക്യമതക്കാരൻ എന്നാകുന്നു. കൊല്ലാക്കോണാലിയുടെ ഒരു ദ്വീപത്തിൽ ഒരു പുരോഹിതൻ വസിച്ചിരുന്നു. അദ്ദേഹത്തിന്റെ പേർ ഗൌതുമശാക (ഗൌതമശാക്യ)യെന്നാണത്രെ. ഐർലണ്ടു പ്രദേശത്തിലുള്ള പുരോഹിതന്റെ പേർ ബുദ്ധയെന്നും തിബത്തിലുള്ള ബൌദ്ധപുരോഹിതന്റെ പേർ ലാമയെന്നുമാണെന്നറിയുന്നു.

ഇപ്രകാരം ഓരോ ഉദാഹരണങ്ങളെക്കൊണ്ടു മിസ്റ്റർ ബ്രയർ ഐർലണ്ടിനോടുകൂടെ വഷ്ണമതക്കാരുംതന്നെ ബൌദ്ധന്മാരുടെ ആദ്യമിവിടെ കണ്ടുപിടിച്ചിട്ടുണ്ടെന്നു സമ്മതിക്കുന്നു.

മഞ്ഞൂർ കരുണാകരമേനോൻ.

* പ്രാചീനകാലങ്ങളിലെ

ഹൈന്ദവവിദ്യാലയങ്ങൾ

മതവിശ്വാസവും മതത്തിലുള്ള ശ്രദ്ധാനവും ആണ് ഹിന്ദുക്കളുടെ, പണ്ടുപണ്ടേയുള്ള, സമിതിസ്ഥാപകത്വത്തിന്റെ വാസ്തവമായ കാരണം; എന്നാൽ ഇതുതന്നെയാണ് ഒരു ഹിന്ദുവിന്റെ ശ്രേയസ്സിന്റെയും പ്രധാനകാരണം. പാശ്ചാത്യന്മാരോടുള്ള എന്തെന്നില്ലാത്ത ഒരു പ്രേമം ഹിന്ദുക്കളിൽ ചിലർ തങ്ങളുടെ പഴയസമ്പ്രദായങ്ങളെയും, മാതൃകകളെയും വിസ്മരിക്കുവാൻ വഴിയായിട്ടുണ്ടെങ്കിലും, ഹിന്ദുക്കളുടെ മതത്തിനു ഇതേവരെ വലിയ അപകടമൊന്നും പറ്റിയിട്ടുള്ളതായി വിചാരിപ്പാൻ ന്യായമില്ല. "അതു (മതം) പൂർവ്വകാലങ്ങളിലെ മുമ്പുണ്ടായിരുന്നതുപോലെതന്നെ ഇപ്പോഴും നിർമ്മലമായും, പ്രബലമായും, തീവ്രമോടും സമിതിചെയ്യുന്നു" എന്ന് 'മൈറൺ, (Myron H. Phelps) എച്ച്. ഫെല്പ്സ്' എന്ന അമേരിക്കൻ പറഞ്ഞിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്നു ഭാവിയുടെ കാര്യത്തിൽ ഒരു സംശയം നേരിട്ടിട്ടുണ്ട്. ഇപ്പോൾ ഇന്ത്യയിൽ നടപ്പുള്ള വിദ്യാഭ്യാസരീതി ഗുണകരമായാലോചിക്കുമ്പോൾ ഈ ഒരു സംശയം ഉണ്ടാകുന്നതെങ്കിൽ അതിൽ അതിശയനീയമായി യാതൊന്നും ഇല്ല. പാശ്ചാത്യരീതിയിൽ വിദ്യാഭ്യാസം കിട്ടിയിട്ടുള്ള ഹിന്ദുക്കളിൽ പലരും ഇന്ത്യയിലെ പ്രാചീനവിദ്യാഭ്യാസരീതികളെപ്പറ്റി തീരെ വിസ്മരിച്ചിരിക്കുവാൻ വഴിയുള്ളതുകൊണ്ടും ചില സംഗതികളിലും പഴയസമ്പ്രദായങ്ങൾതന്നെ ഒന്നു മാതൃകയായെടുക്കുന്നതു ഹിന്ദുക്കളുടെ ശ്രേയസ്സിന് അത്യാവശ്യമായി തോന്നുന്നതുകൊണ്ടും മാത്രമാണ് പ്രാചീനഹിന്ദുവിദ്യാലയങ്ങളെപ്പറ്റി കുറച്ചു പറയാനൊരുങ്ങിയത്.

ഹിന്ദുമതനിയമങ്ങളനുസരിച്ച് ഒരു മനുഷ്യന്റെ ജീവിതകാലം നാലാശ്രമങ്ങളായിട്ടാണ് വിഭജിച്ചിട്ടുള്ളത്. ഇവയിൽ ബ്രഹ്മചര്യാശ്രമകാലത്താണ് സാധാരണയായി ഒരാൾ വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരുന്നത്. ഒരു ബാലകന്റെ ശൈശവകാലം കഴിഞ്ഞാൽ അവൻ ബ്രഹ്മചര്യാശ്രമത്തിൽ പ്രവേശിച്ച് കുറെക്കാലത്തേക്ക് ഒരു ഗുരുപാദാന്തത്തിൽ വസിച്ച് വിദ്യാഭ്യാസം ചെയ്യുന്നു. തന്റെ സന്ധ്യകളെയും, ധ്യാനത്തെയും, സ്നാനത്തെയും കൂടെ വിദ്യ ഒരു ബ്രഹ്മചാരി തന്റെ ഗുരുവിന്റെ അടുക്കലേക്കു പോകുന്നു.

യൂറോപ്പിൽ എന്നപോലെതന്നെ, ഇന്ത്യയിലെയും വിദ്യാർത്ഥികൾക്ക്, പ്രാചീനകാലങ്ങളിൽ, വിദ്യാഭ്യാസത്തിനു ഒരു 'ആചാര്യ' സാമീപ്യം അത്യാവശ്യമായിരുന്നു. ആ

---

* ഈ ലേഖനം എഴുതുന്നതിൽ താഴെ കാണിക്കുന്ന പുസ്തകങ്ങളും ലേഖനങ്ങളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്— 'സനാതനധർമ്മം' ഉപനിഷത്തുകൾ; Forest Universities of ancient India (Hindu College magazine) 'Rise & progess of Universities' — Reviews & articles of Mr. Phelps.

ധുനികകാലങ്ങളിൽ ആചാര്യന്മാരുടെ അടുക്കൽ പോകാതെയും വിദ്വാന്മാരാകുവാൻ കഴിയുമെന്ന് *ചിലർ പക്ഷമുണ്ടായിരിക്കാം; എന്നാൽ വാസ്തവം അങ്ങിനെയല്ല. സമുദായത്തിൽ മനുഷ്യന്മാരുടെ സ്ഥിതി പെരുമാറുന്നതിന് പുസ്തകപാരായണംമാത്രംകൊണ്ടു മതിയാവുന്നതല്ല. സംസാരിക്കുന്നതിലും, നടക്കുന്നതിലും, ഇരിക്കുന്നതിൽകൂടെയും ഒരു താവാടിയെപ്പോലെ പ്രവർത്തിക്കുവാൻ ഒരു പുസ്തകവും പൂർണ്ണമായി നമുക്ക് അറിവു തരുന്നില്ല. അതിനു ഒരു ഗുരുവിന്റെ അടുക്കൽതന്നെ പോകേണം. ഗുരുവിന്റെ സൌമ്യസ്വഭാവത്തിൽനിന്നും സമാധാനിതയിൽനിന്നും സംഭാഷണസമ്പ്രദായത്തിൽനിന്നും ശിഷ്യന് കണ്ടുപഠിക്കുവാൻ ധാരാളം സംഗതികൾ ഉണ്ട്. ഇതുകൊണ്ടാണ് * 'സർവ്വകലാശാലപഠനത്തിന്റെ' അത്യാവശ്യകതയെപ്പറ്റി കാർഡിനൽ ന്യൂമാൻ (Cardinal Newman) വളരെ ബലമായി പ്രസംഗിക്കുന്നത്. "വ്യത്യസ്തരീതിയിലും, കഴപ്പാവസ്ഥയിലും ഉള്ള അറിവിന്റെ എത്രതന്നെ ശേഖരമുണ്ടെങ്കിലും, പൂർണ്ണതയും ബലവും കുറവുകൂടാതെയും ഉണ്ടാകണമെങ്കിൽ നാം ജീവനുള്ള മനുഷ്യനോടുസമ്പർക്കപ്പെടുകയും അദ്ദേഹത്തിന്റെ ജീവനുള്ള ശബ്ദത്തെ ശ്രദ്ധിക്കയും ചെയ്യണം" എന്നാണ് അദ്ദേഹം പറയുന്നത്. ഈ ഉദ്ദേശം മിക്ക സംഗതികളിലും പൂർത്തിയായിട്ട്തന്നെ പ്രാചീനകാലങ്ങളിലെ ഹിന്ദുവിദ്യാലയങ്ങൾ സാധിച്ചിരുന്നു എന്നതിന് സംശയമില്ല.

പ്രാചീനഹൈന്ദവവിദ്യാലയങ്ങൾ സാധാരണയായി വനാന്തരത്തിലുള്ള തന്റെ ആശ്രമത്തിൽതന്നെയായിരുന്നു 'ഗുരു' സ്ഥാപിച്ചു വന്നത്. നഗരത്തിൽ തെരുവിൽകൂടി പോയ്ക്കൊണ്ടിരിക്കാവുന്ന വണ്ടികളുടെ 'കട' 'കട' നിനാദമോ, ഗൃഹങ്ങളിൽനിന്നു പുറത്തേക്കെറിയപ്പെടുന്ന മലിനസാധനങ്ങൾ ചീഞ്ഞതിനാൽ പുറപ്പെടാവുന്ന ദുർഗ്ഗന്ധമോ തന്റെ ശിഷ്യന്റെ ശ്രദ്ധയെ ആകർഷിക്കുകയോ, അവന്റെ ആരോഗ്യത്തെ ക്ഷയിപ്പിക്കയോ ചെയ്യരുതെന്നായിരുന്നു പ്രാചീനകാലങ്ങളിലെ ഗുരുവിന്റെ ഉദ്ദേശം. ഈ ഉദ്ദേശംമൂലംതന്നെ അദ്ദേഹം തന്റെ ശിഷ്യനെ കാട്ടിൽകൊണ്ടുപോയി വിദ്യകൾ ഉപദേശിക്ക പതിവായിരുന്നു. പ്രാചീനകാലങ്ങളിൽ ഇന്ത്യയിൽ നടപ്പുണ്ടായിരുന്ന വിദ്യാഭ്യാസക്രമവും യൂറോപ്പിൽ നടപ്പുണ്ടായിരുന്ന ക്രമവും തമ്മിൽ ഏറിയകൂറും സാദൃശ്യമുണ്ടെങ്കിലും യൂറോപ്പിലെ വിദ്യാലയങ്ങൾ സാധാരണയായി വലിയ നഗരികളിലാണ് സ്ഥാപിച്ചിരുന്നത്. 'അഥെൻസ്' ആ കാലങ്ങളിൽ വളരെ പ്രസിദ്ധിയേറിയ ഒരു നഗരിയായിരുന്നു. ശിഷ്യന്മാരും ദൂരദിക്കുകളിൽനിന്നു വന്നു അവിടെ ഒരുമിച്ചുകൂടിയിരുന്നു. വലിയ ഒരു നഗരിയിൽ വസിച്ചിരുന്നതുകൊണ്ടു വിദ്യാർത്ഥിക്ക് ദിവസം കഴിയുന്ന സംഗതികളെപ്പറ്റി നല്ല പരിജ്ഞാനം ഉണ്ടാകുവാൻ ഇടയുണ്ടായിരുന്നു. ഇത് അവന്റെ 'ജീവിതാരംഭത്തിൽ' അവനു വളരെ ഗുണകരമായി തീർന്നിരുന്നു എന്ന സംഗതിക്ക് തെല്ലും പക്ഷമില്ല. ദൂരരാജ്യങ്ങളിൽനിന്നു പാഠകന്മാരും, പണ്ഡിതന്മാരും വളരെ പേർ കൊല്ലംതോറും 'അഥെൻസിൽ' വരികയും കൊല്ലുംതോറും വളരെ പണ്ഡിത

* ന്യൂമാന്റെ സർവ്വകലാശാലയുടെ ഉദ്ദേശം പരീക്ഷിക്കാൻ മാത്രമല്ല. പഠിപ്പിക്കുന്നതാണ് പ്രധാന ഉദ്ദേശം.

ന്മാർ മാത്രം അവിടംവിട്ട് സ്വരാജ്യങ്ങളിലേക്ക് പോകയും ചെയ്തിരുന്നതുകൊണ്ടു ആഥൻസ് ആകാലത്ത് വിദ്യാഭ്യാസത്തിൻെറ കേന്ദ്രസ്ഥാനംതന്നെയായിരുന്നു.

ഇന്ത്യയിലെയും യൂറോപ്പിലെയും പ്രാചീന വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടിരുന്ന സ്ഥലങ്ങളുടെ വ്യത്യാസം അനുസരിച്ച് കാലത്തിനുപലപ്പോഴും വ്യത്യാസം സംഭവിച്ചിട്ടുണ്ട്. ഇന്ത്യയിലെ വിദ്യാലയങ്ങളിൽനിന്നു [illegible] തപോധനന്മാരും പുറത്തേക്കയച്ചിരുന്നു. യൂറോപ്പിൽ ഇക്കാലത്തെപ്പോലെതന്നെ അക്കാലത്തും [illegible] ജീവിതത്തിലുള്ള മത്സരം മറ്റൊരുവിധത്തിലുള്ള [illegible] കിഴക്കിലേക്കുവന്നു. ഇന്ത്യക്കാരുടെ ഉദ്ദേശങ്ങൾ ചില സമയങ്ങളിലെങ്കിലും ഇതാണെന്നിട്ട്, ശ്രേഷ്ഠവും വിശിഷ്ടവും ആയ മറ്റൊരു ദേശത്തിലേക്ക് യാത്രചെയ്തിരുന്ന ഋഷിമാർ അവരുടെ സാഹിത്യങ്ങൾതന്നെ സാക്ഷിയാണ്. ഇന്ത്യയിലെയും യൂറോപ്പിലെയും വിദ്യാഭ്യാസക്രമങ്ങൾ അവരിൽ ഇവരുടെയും ഉദ്ദേശങ്ങളെ മിക്ക സമയങ്ങളിലും സാധിച്ചുവന്നു.

വിദ്യാഭ്യസിച്ചിരുന്ന സ്ഥലത്തെ സംബന്ധിച്ചിടത്തോളം പ്രാചീനഇന്ത്യയിലും യൂറോപ്പിലും വ്യത്യസ്തനിയമങ്ങളാണ് അടിസ്ഥാനമായി സ്വീകരിച്ചിരുന്നതെങ്കിലും വിദ്യാലയത്തിനു ചുറ്റും നിശ്ശബ്ദത ഉണ്ടായിരിക്കണമെന്ന കാര്യത്തിൽ നിർബ്ബന്ധമുണ്ടായിരുന്നു. ഇന്ത്യയിലെ ആശ്രമങ്ങൾ സാധാരണയായി വളരെ നിശ്ശബ്ദമായിരുന്നു. യൂറോപ്പിലെ വിദ്യാലയങ്ങൾ വിസ്തീർണ്ണമേറിയ മൈതാനങ്ങളിലായിരുന്നു സ്ഥാപിച്ചിരുന്നത്; ശുദ്ധവായുവും, തണുത്ത നിർമ്മലമായ ജലവും അവിടെ ഒരിടത്തും ഉണ്ടായിരുന്നു; നിശ്ശബ്ദത മറ്റൊരിടത്തിലും കണ്ടിരിക്കയില്ലാത്തവിധം കൂടാതെ ഭാരതീയരുമായിരുന്നു. ഈ കാരണങ്ങൾ എല്ലാം ഒരു വിദ്യാർത്ഥിയുടെ പഠിത്തത്തിനു വളരെ ഗുണമാണ് ചെയ്യുന്നതെന്ന മനസ്സ്സമ്പ്രദായങ്ങളെപ്പറ്റി കാര്യത്തിലും അഭിപ്രായവ്യത്യാസമുള്ള പാഠത്തിനിടയിലോ മറ്റോ ജോലിചെയ്യുമ്പോൾ ചുറ്റും ഉള്ള നിശ്ശബ്ദത എത്രത്തോളം സമാധാനത്തോടുകൂടിയാണ് സാധാരണ മനുഷ്യർ സ്വീകരിക്കുന്നതെന്ന പറയേണ്ട ആവശ്യമില്ല. നിശ്ശബ്ദതയും ശാന്തതയും അവൻെറ ചുറ്റും നൃത്തം ചെയ്തിരുന്നതിനാൽ വിദ്യാർത്ഥിക്ക തൻെറ ഗുരു മുഖത്തോടുകൂടിനേരെ നിന്നു ഉപദേശിച്ചിരുന്ന സംഗതികൾ ഗ്രഹിക്കുന്നതിനു വലിയ ആയാസമൊന്നും ആവശ്യമായിരുന്നില്ല.

ഒരു പ്രാചീനഹിന്ദുവിദ്യാർത്ഥിയുടെ പാഠശാലയുടെ ചുമരുകൾ നാലിനും പകരം വായുവത്തിൽ ചെടികളും വള്ളികളും ആയിരുന്നു ആ സ്ഥാനം വഹിച്ചത്, നിർമ്മലമായതും നീലനിറത്തിലുള്ളതും ആയ ആകാശപ്രദേശം അവൻെറ പാഠശാലയുടെ മേൽക്കൂരയായിരുന്നു. പ്രകൃതിക്കു ത

* [illegible] പറയുന്ന [illegible] ഒരു [illegible]:—

"[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible]
[illegible] ."

ങ്ങളായ സ്വഭാവങ്ങളെ അനുഭവിച്ചുകൊണ്ടിരുന്ന ഒരു ഹിന്ദുവിദ്യാർത്ഥിയുടെ മനോവൃത്തിശമനത്തിന്നു നല്ലതായ ഒരു ആചാര്യൻ മാത്രം ആവശ്യമായിരുന്നു. ആ ആവശ്യം മിക്ക സമയങ്ങളിലും നിവൃത്തി സാധിച്ചുകൊണ്ടു തന്നെയിരുന്നതുകൊണ്ട് ഇന്ത്യയിൽ പണ്ടുപണ്ടേതന്നെ അന്യാദൃശമസ്തിഷ്കന്മാരായ പണ്ഡിതന്മാർ അനവധി ഉണ്ടായിരുന്നു, സംശയമില്ല.

അതിൻറ വിദ്യാലയം സമ്പാദിച്ചിരുന്ന സമ്പ്രദായത്തിന്റെ മാഹാത്മ്യംതന്നെ ഒരു വിദ്യാർത്ഥിയെ പ്രകൃതിയുടെ വൈചിത്ര്യങ്ങൾ ധരിക്കുവാനും, ചില സമയങ്ങളിൽ അവയെ സവിസ്തരം കണ്ടറിഞ്ഞ് അനുഭവിക്കുവാൻ സാധിച്ചിരുന്നതുകൊണ്ടു അവനറിയാതെ കവിതയുണ്ടാക്കുവാനും സഹായിച്ചിരുന്നു. ആധുനികരീതിയിലുള്ള വിദ്യാഭ്യാസക്രമങ്ങളുടെയും ഉപകരണങ്ങളുടെയും സഹായംകൂടാതെ തന്നെ പ്രാചീനവിദ്യാർത്ഥികൾക്കു ഭൂപ്രകൃതിശാസ്ത്രം, ഗണിതശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, ചരിത്രം, സസ്യശാസ്ത്രം മുതലായ വിഷയങ്ങളിൽ വിദഗ്ദ്ധന്മാരാകുവാൻ സാധിച്ചിരുന്നു.

പ്രാചീനാചാര്യന്മാരും ശിഷ്യന്മാരും അടുത്തടുത്ത് സ്നേഹത്തോടെ പെരുമാറിയിരുന്ന സംഗതിയെയും ഇപ്പോഴും ഇന്ത്യയിൽ നടക്കുന്ന വിദ്യാഭ്യാസക്രമത്തിന്റെ ചില പ്രത്യേക ഭാഗങ്ങളെയും പററി വിചിന്തനം ചെയ്യുന്നതു വളരെ നന്നായിരിക്കും. ചൈറോൾ ഒരവസരത്തിൽ ഇപ്രകാരം പറയുകയുണ്ടായി. "ഞാൻ പോയി കണ്ടിട്ടുള്ളതും അന്വേഷിച്ചറിഞ്ഞിട്ടുള്ളതും ആയ മിക്ക കോളേജുകളിലും സ്കൂളുകളിലും അദ്ധ്യാപകന്മാരും അദ്ധ്യേതാക്കളും തമ്മിൽ തീരെ അടുത്തു പെരുമാറുന്നില്ലെന്നു കാണുന്നത് അതിശയനീയമായ ഒരു സംഗതിയാണ്." ക്ലാസ്സിലെ പ്രസംഗമുറിയിലെ തങ്ങളുടെ ജോലികളെ നിവൃത്തിക്കുവാൻ മാത്രം മെനക്കെടുന്നതല്ലാതെ വിദ്യാർത്ഥികളും ഉപാദ്ധ്യായന്മാരും തമ്മിൽ കണ്ടെന്നു ദുർല്ലഭമായിട്ടേ ഉള്ളൂ. അങ്ങിനെ യല്ലപ്പോഴും കാണുവാൻ യോഗം വന്നാൽ ഉപാദ്ധ്യായൻ തന്റെ ശിഷ്യനെ തിരിച്ചറിയുമോ എന്നു സംശയമാണ്*. വിദ്യാർത്ഥികളും ഗുരുനാഥന്മാരും തമ്മിൽ, സ്കോട്ട്ലണ്ടിൽ നടപ്പുള്ളതുപോലെ കുറെക്കൂടി അടുത്തു പെരുമാറുവാൻ സംഗതിയാകുന്ന കാലത്തു ഇന്ത്യയിലെ വിദ്യാർത്ഥികളുടെ ജീവിതനയത്തിന്നു നല്ലതായ മാതൃകകൾ ലഭിക്കുകയും, വിദ്യാഭ്യാസത്തിന്റെ യഥാർത്ഥഫലം സാധിക്കയും ചെയ്യുന്നതാണ്. ദിവസത്തിൽ നിശ്ചിതസമയത്തേക്കോ ഒരു മണിക്കൂറനേരത്തേക്കോ ക്ലാസ്സിൽപോയി പ്രസംഗിക്ക മാത്രം ചെയ്യുന്ന ഉപാദ്ധ്യായനും ഒരു സംസാരിക്കുന്ന (Gramaphone) യന്ത്രവും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. സമുദായജീവിതത്തിന്നു സഹായമാകത്തക്കവണ്ണം മാതൃകാപുരുഷന്മാരുടെ ജീവിതരീതിയുമായി വിദ്യാർത്ഥികൾക്കു പരിചയമാകുവാൻ സാധിക്കേണമെങ്കിൽ വിദ്യാർത്ഥികളും ഗുരുക്കന്മാരും തമ്മിലുള്ള ബന്ധം ഒന്നുകൂടി അടുക്കേണ്ടതാണ്.

മതവിദ്യാഭ്യാസത്തിൽ പ്രാചീനകാലങ്ങളിലെ ഗുരുക്കന്മാർ പ്രത്യേകിച്ചു മനസ്സുവെച്ചിരുന്നു. മതവുമായി ഒരു ബന്ധവുമില്ലാത്ത യാതൊന്നിനെയും പ്രാചീനർ പഠിപ്പിച്ചിരുന്നില്ലെന്നു പറയുന്നതിൽ അ

---

* സർക്കാർസഹായംകൂടാതെ നടത്തപ്പെടുന്നുള്ളതും ചില വിദ്യാലയങ്ങളിൽ ചില ഗുരുക്കന്മാർ ശിഷ്യന്മാരെ വലിയ സ്നേഹിതന്മാരായി കരുതുന്നുണ്ട്.

തിരയോകതിയുണ്ടെന്നു തോന്നുന്നില്ല. പ്രഭാതത്തിലും, മദ്ധ്യാഹ്നസമയത്തും സന്ധ്യാസ്തമനസമയത്തും ഈശ്വരഭജനം ചെയ്യുന്നതും ചില നിശ്ചിതസമയങ്ങളിൽ വിശിഷ്ടഗ്രന്ഥങ്ങളുടെ പാരായണം ചെയ്യുന്നതും ഒരു വിദ്യാൎത്ഥിയുടെ ദിനചൎയ്യകളിൽ ഒഴിച്ചുകൂടാത്ത കൃത്യങ്ങളായിരുന്നു. വിദ്യാൎത്ഥികളുടെ പ്രവൃത്തികളെ രണ്ടാമതൊന്നായി പരിശോധിച്ചാൽ അവയെ രണ്ടായിനും മതവുമായി ഏതുവിധത്തിലെങ്കിലും ബന്ധപ്പെട്ടതായി കാണാം. ഈ കാരണംകൊണ്ടാണെന്നു തോന്നുന്നു ഹിന്ദുക്കളുടെ ഭിന്നസമ്പ്രദായങ്ങൾക്കും ലൌകികങ്ങൾക്കും മതസംബന്ധമായ ചില നിയമങ്ങളും അടിസ്ഥാനമായി കല്പിച്ചുകാണുന്നത്. ഹിന്ദുക്കളുടെയിടയിലുണ്ടായിരുന്ന മതസംബന്ധമായ വിദ്യാഭ്യാസരീതി ഇപ്പോൾ തീരെ മാഞ്ഞുപോയിരിക്കുന്നു എന്നതു പരിതാപകരമായ ഒരു സംഗതിയാണെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ഇപ്പോൾ സ്വമതത്തെയും സ്വഭാഷയെയും തീരെ ഉപേക്ഷിച്ചിരിക്കുന്ന മാതിരിയാണ് അവരുടെ നേരെ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ഇന്ത്യക്കാരിൽ പലരും ചെയ്തുവരുന്നത്. ഇത് ഒരു കാലത്തു വളരെ ഭയങ്കരമായി പരിണമിക്കാതിരിക്കുവാൻ ഇപ്പോഴത്തന്നെ 'മരുന്നു' കാണേണ്ടതാണെന്നുതിൽ സംശയമില്ല. സ്വമതം പഠിപ്പിക്കന്നില്ലെന്നു തന്നെയല്ല, ഇപ്പോൾ ഇന്ത്യക്കാർ, ചെറുപ്പക്കാരായ ഹിന്ദുവിദ്യാൎത്ഥികളെ ക്രിസ്ത്യാനികളുടെ വിദ്യാലയങ്ങളിൽ പഠിക്കുവാൻ അയക്കുകയും ചെയ്യുന്നുണ്ട്. ഈ സംഗതി വളരെ ഗൌരവമായ ആലോചനക്കു പാത്രമായി തീരേണ്ടതാണെന്നു പലരും പറയുന്നുണ്ട്. ഈ വിഷയത്തെപ്പറ്റി ഫെൽപ്പ് ഇപ്രകാരം പറയുന്നു. "ക്രിസ്ത്യൻ മിഷനറിമാരുടെ കീഴിൽ വിദ്യാഭ്യാസം ചെയ്യുന്ന ഒരു കുട്ടിക്ക ഹിന്ദുമതം അതിന്റെ അവസാനവും, നിഷ്ഫലപ്രായവും ആയി തോന്നുന്നു. അവൻ പേരിന് മാത്രം ഹിന്ദുവായുള്ള ബന്ധത്തെ വിടാതിരുന്നാലും അതിന്റെ പ്രാബല്യം അവനിൽ നഷ്ടപ്രായമാകുന്നു. അവന്റെ മതം വാസ്തവത്തിൽ നശിച്ചുപോകുന്നു"; മിക്ക മിഷൻ പള്ളിക്കൂടങ്ങളും നടത്തപ്പെടുന്നതു വല്ല ഗവൎമ്മെണ്ടുകളുടെയും സഹായത്തോടുകൂടിയാണ്.

(തുടരും)

അമ്പാടി നാരായണമേനോൻ.

जातिः ।

(अनुवृत्तम्)

इतरमतेभ्योऽस्मन्मतस्य वैलक्षण्यं तावत् प्राधान्येनैतदेव, यदत्र चातुर्वर्ण्यविभागोऽभ्युपगम्यते, अत एव क्रिस्तुधर्मप्रवर्तकाश्चिरात्तदुच्छेदे महत्कार्यं साधितं स्यादिति मिथ्याग्रहो निबध्नते । वस्तुतस्तु यथास्थितजातिसङ्केतानां सद्यः समुच्छेदे महाननर्थ एव प्रसज्येत । जातिर्जातिरिति व्यवहारः सार्वत्रिकः । उपाधिभेदात् परमाभिप्रायभेदः । यथास्मासु जन्मनोपाधिनोत्कर्षो ब्राह्मण्यलक्षणो लभ्यते यथा यौरोप्येषूपाध्यन्तरेणान्यथोत्कर्षो लभ्यः । सर्वे

समाः परमेश्वरस्येति सर्वेप्येकजातयो जना सन्त्विति न सम्भाव्योयमर्थो लोकयात्रायां । ऐक्यं क्षेमाप्रतिष्ठित इत्यस्य परमार्थस्य सुविदितत्वेपि लोकस्वभाव एवायं यद्भेदोवश्यभव्य इति । यदा तावत् ब्राह्मणादिजातयः पृथग्भूता विविच्य ज्ञेया अभूवंस्तदा तासां याद्दृश्यासीदवस्था तादृगिदानीमस्ति वा? इतः कियत्कालान्तरे लोके जातिभेदा इतोपि विपर्यस्ततरा भवेयुः । नात्रापराध्यन्ति किन्तु मतप्रचारकः । निसर्गोयं लोकस्य कस्मिंश्चिदुत्कर्षे लोकस्य प्रदर्शिते सति तत्राप्यवश्यं प्रवृत्तिः नियतं भाविन्येव । अस्माकं जातिकुलः सम्प्रत्युत्कर्षः कालान्तरेऽप्यैकध्य एव । एवं स्वयमेव लोके वृद्धतायां स्वसमूलस्यावश्यं भ्रश्यतो दम्भस्येव जातिसङ्केतस्याधुना विधूननोद्योगः केषाञ्चिदीरोप्यानां बहुपीडाकरो निरर्थकश्च । यद्यपि 'वित्तमेव कलौ नृणां जन्माचारगुणोदयः धर्मन्यायव्यवस्थायां कारणं बलमेव हि' इत्यादिना श्रीभागवते वर्णिताः कलिकालधर्माः क्रमादिमां भुवमभिभवन्त्येव तथापि चिरन्तनीयं जातिव्यवस्था न कदाप्यत्यन्तमस्तं गच्छेत् । वैदिकनियमत्रयेयं न चिराय स्थायिनी कार्या, सामुदायिकनियमतया तु स्वास्थ्यक्षेमाकल्यपरिष्कारं च प्राप्स्यति । स्वधर्मनिरतः सत्यशौचक्षमाद्यादिसम्पन्नो यः कश्चिदपि मान्य एव म्लेच्छोयमिति न वर्ज्यः । अत एवोच्यते 'आत्मापीह श्वपाकस्त्वयि निहितमनः कर्मवाग्भिन्द्रियार्थज्ञानैर्विश्वं पुनीते न तु विमुखमनास्त्वत्पदाब्जप्रपन्नः' इति । क्षुद्रबुद्धिभिः कैश्चिदुत्पथगामिभिर्जातिनिर्णयानामनादरणे मोहादिकः समापेऽपि सर्वेभ्यः प्राचीनतरमस्मन्मतमनुवर्तमानेऽत्र हिन्दुमहाजनसमुदाये न कोपि जातिव्यवस्थापनोद्यमाय स्पृहयेत् । 'तर्कोऽप्रतिष्ठः श्रुतयश्च भिन्ना नैको मुनिर्यस्य मतं प्रमाणम् । धर्मस्य तत्त्वं निहितं गुहायां महाजनो येन गतः स पन्थाः' इति न्यायेन महाजनगतानुगतिकत्वमेवास्माकमस्मिन्विषये श्रेयः इति सर्वं शिवम् ।

यज्जातिं किमपि प्रकृत्य कथितं तत्र स्वकीयं मतं
किन्नाम प्रदिपादयेदयमिति ज्ञातुं भवत्कौतुकम् ।
विश्रान्तिं गतमद्य तावदुपसंहारेण किन्त्वामुना
विस्पष्टं यदिहोदितं निजमतं निष्पक्षपातं मया ॥
जातिर्नाम न जातु यातु जगति व्यत्यासमित्याशयः
भाषामाधुनिकाधिकैधितविबोधानां बुधानां न किम् ।
धर्माधर्मविवेचनेन विविधाचारव्यवस्थाकरै-
रेतैरादृतमेव सम्मतमतोऽस्माकं मतं साम्प्रतम् ॥

शुभमस्तु ।

केरळवर्मा, सि. एस्. ऐ.

മംഗളോദയം

൧൦൮൯

പുസ്തകം ൪ | കന്നിമാസം | ലക്കം ൧൨

മംഗളം

[illegible]

[illegible]

[illegible]

[illegible]

നാസ്തികമതം

പ്രപഞ്ചത്തിന്റെ സ്ഥിതി തെളിയത്തിലും പരിപൂർണ്ണമല്ല; പ്രാപഞ്ചികന്മാരുടെ മനോഗതിയും പരിപൂർണ്ണമല്ല. പ്രതിഭ



ലക്ഷണങ്ങളുടെ പ്രത്യേകവും ഏതാണ്ടായി ഏതു വിഷയത്തിലും കണ്ടുവരുന്നതാണ്. പരലോകമെന്നോ പരാശക്തിയെന്നോ ഏതോ ചിലതു പ്രപഞ്ചാതീതമായ വിഷയമില്ലാതെ കിടപ്പുണ്ടെന്ന പണ്ടേയ്ക്കുപണ്ടേ ജനങ്ങൾ വിശ്വസിച്ചുവന്നു. പക്ഷേ, അതു വെറുതെ കല്പിച്ചതാണെന്നും, പരമാർത്ഥമായിട്ടുള്ളത് നാം കാണുന്ന പ്രപഞ്ചമാണെന്നും മറുപക്ഷത്തിന്റെ അന്നുതന്നെ വാദം പുറപ്പെട്ടു. [illegible] ഏതൊന്നാണെന്ന ഒരു കൂട്ടം ജനങ്ങൾക്കു വന്നപ്പോഴേക്കു്, 'ഉണ്ടെങ്കിൽ കാണിച്ചുതരൂ' എന്നു മറ്റു ചിലർ വാദിച്ചുതുടങ്ങി. പ്രപഞ്ചാതീതമായി വല്ല വസ്തുക്കളും ഉണ്ടോ ഇല്ലയോ എന്നുള്ള ഈ വാദത്തെ അടിസ്ഥാനപ്പെടുത്തി ആസ്തികന്മാരെന്നും നാസ്തികന്മാരെന്നും പേരായി രണ്ടു മതങ്ങൾ ആദികാലത്തുതന്നെ ഉണ്ടായിത്തീർന്നു. ലോകത്തിലുണ്ടായിട്ടുള്ള എല്ലാ മതങ്ങളിലുംവെച്ച് പുരാതനത്വം ഈ രണ്ടു മതങ്ങൾക്കാണ്. ഉണ്ടോ ഇല്ലയോ എന്നുള്ള ചോദ്യം നിലവിലിരിക്കുമ്പോഴാണ് 'ഉണ്ടെങ്കിൽ അതിന്റെ സ്വരൂപമെന്തെന്ന്' എന്നു മുതലായ ജിജ്ഞാസകളും ആ-

വക വിഷയങ്ങളെ സംഗ്രഹിക്കുന്ന വിവിധമതങ്ങളും ഉണ്ടായിത്തുടങ്ങിയത്. അതിനാൽ ആസ്തികനാസ്തികമതങ്ങൾ ലോകത്തിലെ മൂലമതങ്ങളും ശാഖകളായുള്ളവ ശാഖാമതങ്ങളും ആണെന്നു തരംതിരിക്കാവുന്നതാണ്. ഈവക മതങ്ങളിൽവെച്ച്, നാസ്തികമതത്തിലെ സിദ്ധാന്തങ്ങൾ തികച്ചും ഐഹികങ്ങളാണ്. ഈ ലോകത്തിൽ നമുക്കു കാണാനും അനുഭവിപ്പാനും കഴിയാത്ത യാതൊന്നിലും നാസ്തികന്മാർക്ക് വിശ്വാസമില്ല. ഈശ്വരനെ നമുക്കു കാണാൻ കഴിയാത്തതുകൊണ്ടു ഈശ്വരന്റെ സത്ഭാവം വെറും കല്പനയാകുന്നു. പരലോകം എന്നൊന്നുണ്ടെന്നു പറയുന്നതു് ശരിയാണെന്നു തെളിയിക്കുവാൻ ലക്ഷ്യങ്ങളില്ലാത്തതുകൊണ്ടു അതിനെപ്പറ്റിയ ശാസ്ത്രങ്ങളും കെട്ടുകഥകളത്രെ. പരലോകത്തെ സമർത്ഥിക്കാനായി പറയുന്ന വേദം മുതലായവയും അങ്ങിനെതന്നെ(1) ഇങ്ങിനെ, കാണാൻ സാധിക്കാത്ത വിഷയങ്ങളെ വിശ്വസിക്കാത്തതിലുള്ള നിർബ്ബന്ധംപോലെ കാണാവുന്നവയെ വിശ്വസിക്കുന്നതിലും നാസ്തികന്മാർ ശ്രദ്ധാലുക്കളാണ്. പ്രപഞ്ചം മിഥ്യയാണെന്നുള്ള പ്രമാണം അവർ സമ്മതിക്കില്ല. ലോകത്തിൽ കാണപ്പെടുന്നവയെ മാത്രം വിശ്വസിക്കുന്നതുകൊണ്ടു 'ലോകായതന്മാർ'(2) എന്നുള്ള സ്ഥാനപ്പേർ അവർ സിദ്ധിച്ചിരിക്കുന്നു. ഇനി ഈ പ്രസിദ്ധമായിത്തീർന്ന നാസ്തികമതം ഏതുകാലംമുതൽക്കാണ് നടപ്പിൽവന്നതെന്നും, ആരാണ് ഇതിന്റെ പ്രവർത്തകൻ എന്നും പ്രമാണപൂർവ്വം പ്രതിപാദിക്കുന്നതു വായനക്കാർക്ക് സൌകര്യമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഹിന്ദുമതങ്ങൾക്കു പ്രധാനമായിട്ടു രണ്ടു സിദ്ധാന്തങ്ങൾ ഉണ്ട്. ഒന്നാമത്തേതു വൈദികസിദ്ധാന്തവും രണ്ടാമത്തേതു ശാസ്ത്രീയസിദ്ധാന്തവും ആകുന്നു. മതസംബന്ധമായിട്ടുള്ള സകലശാസ്ത്രങ്ങളുടെയും മൂലം വേദത്തിൽ സൂചിപ്പിക്കപ്പെട്ടിട്ടുണ്ടായിരിക്കും. 'വേദത്തിൽ പറയാത്ത വിത്തിനെ മുളപ്പിച്ചു വളർത്തിട്ടുള്ളതാണ്—വേദത്തിൽ അതിസൂക്ഷ്മമായി പ്രതിപാദിച്ചിട്ടുള്ളതിനെ യുക്തിതർക്കങ്ങളുടെ സഹായത്തോടുകൂടി വിസ്തരിച്ചു നിരൂപിക്കുകയോ—ശാസ്ത്രകാരന്മാർ ചെയ്തിട്ടുള്ളു. ഈശ്വരസ്ഥിതിയെ സമർത്ഥിപ്പാനായി ഈശ്വരസത്ഭാവത്തെ സ്വീകരിക്കുന്ന വേദാന്തികളുടെയും വൈശേഷികന്മാരുടെയും, സൃഷ്ടിതത്വത്തെ സ്വതന്ത്രമായി സമ്മതിക്കുന്ന നൈയായികന്മാരുടെയും, പ്രകൃതിയെ പ്രമാണമായിട്ടെടുക്കുന്ന സാംഖ്യന്മാരുടെയും, ഈശ്വരന്റെ സൃഷ്ടികർത്തൃത്വത്തെ അനുവദിച്ചുപാസിക്കുന്ന യോഗന്മാരുടെയും, സമാധിസാധനത്തിനായി സർവ്വത്തെയും സങ്കല്പിക്കുന്ന പാതഞ്ജലന്മാരുടെയും ആലോചനഫലങ്ങളായ അഭിപ്രായങ്ങൾ ഒന്നിനോടൊന്നു സംബന്ധിക്കാത്ത ഭിന്നഭിന്നങ്ങളായ മാർഗ്ഗങ്ങളിൽക്കൂടിയാണ് തിരിക്കുന്നതെങ്കിലും, അതുകൾക്കെല്ലാം മൂലകാരണമായിരിക്കുന്ന ബീജം ഒന്നുതന്നെയാണ്. അതിസൂക്ഷ്മമായ ആ ബീജം വേദത്തിന്റെ അന്തർഭാഗങ്ങളിൽ നിക്ഷേപിക്കപ്പെട്ടിരിക്കുന്നു.[3] ആ

(1) നാസ്തികന്മാരെപ്പറ്റി പറയുന്ന 'അസ്തിനാസ്തിദിഷ്ടം മതിഃ' (4—4—60) എന്ന പാണിനിസൂത്രത്തെ വ്യാഖ്യാനിച്ചു [illegible] വൈയാകരണന്മാർ [illegible].

(2) ലോകത്തിൽ ആയതം [illegible] ഈ പേരുണ്ടായതെന്നും [illegible] ഉണ്ട്.

തിനാൽ, നാസ്തികമതത്തിന്റെയും ഉൽപത്തി മുതലായതിനെക്കുറിച്ച് വേദത്തിൽ വല്ലതും പ്രതിപാദിച്ചിട്ടുണ്ടോ എന്ന് രണ്ടാമതായി പരിശോധിക്കേണ്ടിയിരിക്കുന്നു.

പാണിനി മഹർഷിയുടെ വ്യാകരണത്തിൽ നാസ്തികശബ്ദത്തിന്റെ വ്യുല്പത്തി പറഞ്ഞിട്ടുള്ളതുകൊണ്ട് പാണിനിയുടെകാലത്തേക്കാൾ പ്രാചീനമാണ് ആ മതമെന്നു വിശ്വസിക്കാം. മഹാഭാരതത്തിൽ ചാർവ്വാകന്റെയും രാമായണത്തിൽ ജാബാലിയുടെയും കഥ പറഞ്ഞിട്ടുള്ളതിൽനിന്ന് ആ ഗ്രന്ഥങ്ങളുടെ നിർമ്മാണകാലത്തിനും മുമ്പാണ് ഈ മതത്തിന്റെ ഉൽപത്തിയെന്നൂഹിക്കാം. മൈത്രി, മാണ്ഡൂക്യം, കഠം എന്നീ ഉപനിഷത്തുകളിലും നാസ്തികവിശ്വാസത്തെ ഉല്ലേഖനം ചെയ്തു കാണുന്നുണ്ട്.† 'യേയം പ്രേതേ വിചികിത്സാ മനുഷ്യേ അസ്തീത്യേകേ നായമസ്തീതി ചൈകേ' എന്നതുകളിലുള്ള ഉപനിഷത്തുകളും, അവയുടെ നിർമ്മാണകാലത്തു നാസ്തികമതം നടപ്പുണ്ടായിരുന്നുവെന്നു തെളിയിക്കുന്നില്ലയോ? ഇതുപോലെതന്നെ, വേദത്തിലെ മന്ത്രഭാഗത്തിൽ കടന്നുനോക്കിയാലും നാസ്തികവിശ്വാസത്തെപ്പറ്റി പ്രതിപാദിച്ചു കാണാം. പലമന്ത്രങ്ങളുടെയും അന്തഃസ്സാരം നോക്കുമ്പോൾ, ഋഷികൾ ദേവന്മാരോടു പല സമ്പത്തികളെയും പ്രാർത്ഥിച്ച് സ്തുതിക്കുന്നതായി കാണുന്നു. മറ്റു ചില മന്ത്രങ്ങളിൽ, മറിച്ച് ഇന്ദ്രാദിദേവന്മാരുടെ സത്ഭാവത്തെപ്പറ്റി സംശയിക്കുന്നതായും കാണുന്നു.* ഈ സംശയഗ്രസ്തന്മാരുടെ അഭിപ്രായം നാസ്തികപക്ഷത്തിലാണെന്നു പറയേണ്ടതില്ലല്ലോ. മന്ത്രപ്രവർത്തകന്മാർ ദേവന്മാരെപ്പറ്റിത്തന്നെ അവിശ്വാസമുണ്ടെങ്കിൽ മന്ത്രങ്ങളെസ്സംബന്ധിച്ചുള്ളതിലും അവിശ്വാസമുണ്ടെന്നു സിദ്ധാന്തമാകുന്നു. ഇതുപോലെ ബ്രാഹ്മണങ്ങൾ, സൂത്രങ്ങൾ എന്നിവയിൽനിന്നും നാസ്തികമതത്തിന്റെ പക്ഷം തെളിയിക്കുവാൻ പല ഉദാഹരണങ്ങളും കണ്ടുകിട്ടുന്നുണ്ട്. യാസ്കനിരുക്തത്തിൽ മന്ത്രങ്ങൾ നിരർത്ഥകങ്ങളാണെന്നു കൌത്സൻ എന്നൊരാൾ വാദിച്ചതായി പറഞ്ഞിരിക്കുന്നു. ഇങ്ങനെ, വേദത്തിന്റെ എല്ലാ ഭാഗങ്ങളിലും ഈ സംഗതി പ്രതിപാദിച്ചിട്ടുള്ളതുകൊണ്ട് വൈദികകാലത്തേക്കാൾ പ്രാചീനമാണ് നാസ്തികമതം എന്നു സിദ്ധമാകുന്നു.

ഇനി, ഈ മതത്തിന്റെ പ്രവർത്തകർ ആരാണെന്നു തിരഞ്ഞു നോക്കാം. സർവ്വദർശനസംഗ്രഹകർത്താവായ മാധവാചാര്യർ, നാസ്തിപക്ഷക്കാർ ബൃഹസ്പതിയുടെ മതത്തെ അനുസരിക്കുന്നവരാണെന്നു പറഞ്ഞിരിക്കുന്നു. ബൃഹസ്പതി നാനാശാസ്ത്രങ്ങളും നല്ലവണ്ണം അറിയുന്ന ഒരു ദേഹവും, ദേവന്മാരുടെ ഗുരുവായി അറിയപ്പെടുന്ന ആചാര്യനും ആകുന്നു. ദേവഗുരുവായ ഇദ്ദേഹമാണ് നാസ്തികമതം നടപ്പിൽ വരുത്തിയതെന്നുള്ളതിന് അനേകം ലക്ഷ്യങ്ങളുണ്ട്. മൈത്ര്യുപനിഷത്തിൽ ഈ സംഗതിയെക്കുറിച്ച് ഇങ്ങനെ പറയുന്നു:—"ബൃഹസ്പതിമഹർഷി അസുരാചാര്യനായ ശുക്രന്റെ വേഷം ധരിച്ച് ഇന്ദ്രനുടെയും അസുരന്മാരുടെ പരാജയവും വരുത്തുവാനായിട്ട് ഈ അവിദ്യയെ (അജ്ഞാനം മായ.) ഉപദേശിച്ചു. ഇതിനെ അനുസരിക്കുന്നവർ നല്ലതു ചീത്തയാണെന്നും ചീത്തയായിട്ടുള്ളതു നല്ലതാണെന്നും വിചാ

† മൈത്രി 3—9—10; മാണ്ഡൂക്യം 6-5; കഠം 1—1—20 ഇവ നോക്കുക.

* ഋഗ്വേദം 8—10; 2—12—5; 1—55—5 ഇത്യാദി ഋക്കുകൾ പരിശോധിക്കുക.

ഷരിന്നു വേദാദികളെ അംഗീകരിക്കുന്നില്ല. അതുകൊണ്ടു ഈ അവിദ്യയെ അഭ്യസിക്കരുത്". ഇതിൽനിന്നു ബൃഹസ്പതിയാണ നാസ്തികമതം പ്രവർത്തിപ്പിച്ചതെന്നു വ്യക്തമാകുന്നുണ്ടല്ലോ. ഇനി മറ്റൊരു പ്രകാരത്തിലും ആ ഉപനിഷത്തിൽത്തന്നെ ഈ മതത്തിന്റെ ആവിർഭാവത്തെപ്പറ്റി കാണുന്നു:— "പണ്ടൊരിക്കൽ ദേവാസുരന്മാർ ആത്മതത്വത്തെ അറിവാനായിക്കൊണ്ടു ബ്രഹ്മാവിന്റെ അടുക്കൽ ചെന്നു അപേക്ഷിച്ചു. ബ്രഹ്മാവാകട്ടെ അസുരന്മാർ കുറെ ഉത്താനബുദ്ധികളാണെന്നു വിചാരിച്ച്, ദേവന്മാർക്കുപദേശിച്ച ആത്മതത്വത്തിനു വിപരീതമായിട്ട് അസുരന്മാർക്കുപദേശിച്ചു. ഈ അസുരന്മാർക്കുപദേശിച്ചതു നാസ്തികമതമാകുന്നു." ഈ പക്ഷപ്രകാരം ബൃഹസ്പതിക്കു പകരം നില്ക്കുന്നതു ബ്രഹ്മാവാണെന്നു വരുന്നു.

ഛാന്ദോഗ്യോപനിഷത്തിലും അസുരന്മാർ നാസ്തികമതം സ്വീകരിച്ചതായി പ്രസ്താവിച്ചിട്ടുണ്ട്. അതിൽ ഉപദേഷ്ടാവായിപ്പറഞ്ഞിരിക്കുന്നതു പ്രജാപതിയെയാണ്. പ്രജാപതി, വെള്ളത്തിൽ മുഖം പ്രതിബിംബിച്ചുകണ്ടതായ അസുരന്മാർക്കു കാണിച്ചു കൊടുത്തിട്ട് അതാണ് ആത്മാവെന്ന് ഉപദേശിച്ചുവെന്നും, അവർ അതു വിശ്വസിച്ച് "കാണുന്നതാകുന്നു ഉള്ളത്" എന്നു വിശ്വസിച്ച് തദനുരൂപമായ ശാസ്ത്രം നടപ്പിൽ വരുത്തി എന്നും അതിൽപ്പറഞ്ഞുകാണുന്നു. ഈ രണ്ടുപനിഷത്തുക്കളേയും താരതമ്യപ്പെടുത്തി നിരൂപണം ചെയ്തിട്ടുള്ള "മാക്സ്മ്യൂളർ" ഇങ്ങിനെ അഭിപ്രായപ്പെടുന്നു:— "പ്രജാപതിയെപ്പോലെ വലിയ പദവിയിലിരിക്കുന്ന ഒരു ദേവൻ അസുരന്മാരെത്തന്നായും കബളിപ്പിച്ചുതിരിക്കുന്നത് അനുചിതമാണെന്നു വിചാരിച്ചിട്ടായിരിക്കണം അർവാചീനമായ മൈത്ര്യുപനിഷത്തിൽ പ്രജാപതിയുടെ സ്ഥാനം ബൃഹസ്പതിക്കു കൊടുത്തിരിക്കുന്നത് *." മാക്സ്മ്യൂളരുടെ ഈ ഊഹമാനം ശരിതന്നെ. എന്നാൽ പ്രജാപതിക്കും ബൃഹസ്പതിക്കും തമ്മിൽ പ്രാമാണ്യത്തെസ്സംബന്ധിച്ച് വളരെ അന്തരമുണ്ടെങ്കിലും, ദേവാചാര്യൻ എന്ന നിലയിൽ ചാരിക്കുമ്പോൾ ഈ അവിദ്യയെ ഉപദേശിച്ചത് അദ്ദേഹത്തിനും അനുചിതമായിരുന്നു. അതുകൊണ്ട്, നാസ്തികമതോപദേഷ്ടാവ് ദേവാചാര്യനായ ബൃഹസ്പതിയല്ലെന്നു വിചാരിക്കാനാണ് യുക്തമായിട്ടുള്ളത്. അതിനെ വിചാരിക്കുന്നതിനു ന്യായവും ഉണ്ട്. എന്തെന്നാൽ, ബൃഹസ്പതി എന്നു പേരായിട്ട് അനേകം ആചാര്യന്മാരെ പ്രാചീനഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. അവരിൽ ചിലർ കപടവിദ്യയിൽ വിശ്രുതന്മാരുമാണ്. [illegible]ശാസ്ത്രത്തിന്റെ പ്രണേതാവായി ഒരു ബൃഹസ്പതിയെ മഹാഭാരതത്തിൽ പറഞ്ഞിരിക്കുന്നു. ഈ വിദ്വാനാണ് നാസ്തികമതോപദേഷ്ടാവായ ബൃഹസ്പതി എന്നു വരാമോ? ഈ ഗണത്തിൽത്തന്നെ ബൃഹസ്പതി എന്ന പേരിൽ ഒരു മഹർഷിമാർ ഉണ്ട്. അതിൽ ഒരാൾക്ക് "ലൌക്യൻ" എന്നും പേരുണ്ട്. ഈ ലൌക്യബൃഹസ്പതിക്ക് നാസ്തികമതകർത്തൃത്വം കല്പിക്കുന്നതിനും വിരോധമില്ല. എന്നാൽ "ലോകായതൻ" എന്നു പ്രസിദ്ധനായ നാസ്തികന്റെ പേരിനു യോജിച്ചിരിക്കയും ചെയ്യും.

ഇനി "ചാർവാകൻ" എന്നു മുതലായ നാസ്തികപര്യായങ്ങളെപ്പറ്റിയും മറ്റും പ്രസ്താവിക്കേണ്ടതുണ്ട്. അത് ഇനി ഒരവസരത്തിൽ നിരൂപണം ചെയ്യാം.

* Six Systems of Indian Phylosophy P. 129.

ഹരകിരി

(അഥവാ ആത്മഹത്യ)



പ്രാചീനകാലങ്ങളിൽ ആരംഭിച്ചതോ ന്നിരുന്ന പല കർമ്മങ്ങളും ആധുനികകാലങ്ങളിൽ വിദ്യാഭ്യാസത്തിന്റെ ഫലമായി പരിഷ്കൃതന്മാർ ഉപേക്ഷിക്കേണ്ടിവരുന്ന നിലയിൽ ആയിട്ടുണ്ട്. ഭാരതത്തിന്റെ ഭരണാധികാരികൾ തന്നെ ഒരു വക പ്രത്യേക നടപടികളെ നിന്ദിക്കുകയും പ്രാകൃതങ്ങളായ കാര്യങ്ങളെന്നു പറഞ്ഞ് "ഉടന്തടി" മുതലായ ചില കർമ്മങ്ങൾ എന്നേക്കും നിരോധിക്കുകയും ചെയ്തിട്ടുണ്ടല്ലോ. പാശ്ചാത്യന്മാരുടെ കൂട്ടത്തിൽ പരിഷ്കാരികളായിട്ടും ഇപ്രകാരം പ്രാചീനമായി വരുന്ന ജാപ്പാൻകാരുടെ ഇടയിൽ ഇപ്പോഴും പ്രാചീനാചാരങ്ങളിൽ ചിലത് കണ്ടുവരുന്നതിന്റെ ആരംഭത്തിലെ പഴമയെപ്പറ്റി കാണുന്നതിൽ പലർക്കും ആശ്ചര്യം തോന്നുവാനിടയുണ്ട്. ഇതിനിടെ പരലോകപ്രാപ്തനായ ജാപ്പാൻ ചക്രവർത്തി മുത്സുഹിതോവിന്റെ ശവസംസ്കാരദിനം ഏതു ജാപ്പാൻകാരനാണ് "ഹരകിരി" എന്ന വ്രതം അനുഷ്ഠിച്ച് ആത്മഹത്യ ചെയ്തത്? ജാപ്പാൻകാരായ ഭടന്മാരുടെ ഇടയിൽ ധീരതകൊണ്ടും ബുദ്ധിശക്തികൊണ്ടും അദ്വിതീയനായ ജനറൽ നോഗി (റഷ്യാ ജാപ്പാൻ യുദ്ധത്തിൽ "പോർട്ട് ആർതർ" എന്ന കോട്ട ജയിച്ചടക്കിയ മഹാശയൻ) തന്നെ ഈ "ഹരകിരി" എന്ന കർമ്മം ആരംഭിച്ചുവെന്ന കേൾക്കുമ്പോൾ ആർക്കാണ് വിസ്മയം തോന്നാതിരിക്കുന്നത്? ജാപ്പാൻ രാജ്യക്കാർക്കൊക്കെയുള്ള സ്വാതന്ത്ര്യബോധത്തിനും കാരണഭൂതനായ ചക്രവർത്തിയുടെ ശവസംസ്കാരദിവസം ജനറൽ നോഗിയും ഭാര്യയും "ഹരകിരി" എന്ന സമ്പ്രദായത്തിൽ ആത്മഹത്യ ചെയ്തു, ഇവരിരുവരും തങ്ങളുടെ ചക്രവർത്തിക്ക് അവിടെ എത്തിയാൽ സഹായമായിരിക്കണമെന്നു തന്നെ പരലോകത്തും സഹായമായി ചേർന്നിരിക്കണം. ജാപ്പാനിൽ കറുപ്പാലുള്ള ഈ കൃത്യ നടത്തിയതായും പിന്നീട് പൊല്ലീസ്സുകാർ മൂടിക്കളയുന്നതായും കാണുന്നു. യൂറോപ്പിയൻ രാജ്യങ്ങളിൽ കിടന്നുള്ള ജാപ്പാൻകാർ സംഭവിച്ചിരുന്നുകഴിഞ്ഞതിന്റെ ശേഷം "ഹരകിരി" ചെയ്യാൻ ഒന്നിനെ ജാമ്യത്തിലാക്കി പൊല്ലീസ്സുകാർ വിവരം അറിയാതെ മൂടിവെച്ചിരിക്കുന്നു. ഈ സംബന്ധമായുള്ള അന്വേഷണമായിട്ടുള്ള മുമ്പ് ജാപ്പാൻ ചക്രവർത്തിയുടെ ശവസംസ്കാരകർമ്മം നടന്ന ദിവസം ഉണ്ടായ കഥകളാണ്.

"ഹരകിരി" എന്ന ഈ കർമ്മം, ജാപ്പാനിൽ വളരെ പൌരാണികകാലമായി തന്നെ അനുഭവിച്ചിരുന്ന ഒരു ആചാരമാണ്. ജാപ്പാനിലെ ക്ഷത്രിയന്മാർ (സാമുരൈ) ചിലപ്പോൾ ഒരു കർമ്മവ്യക്തിമാരെന്ന നിലയിലും "ഹരകിരി" ചെയ്യാറുണ്ട്. ഈ കർമ്മം കർത്തവ്യമെന്ന നിലയിലും ആത്മതുഷ്ടിപൂർവമായും ഒരു തരമായിട്ടാണ് ചെയ്യുന്നത്; എന്നാൽ ഈ ഒരു തരത്തിലും, ഈ പവിത്രകർമ്മം

പാരമ്പര്യമായി അനുഷ്ഠിച്ചുപോരുന്ന പ്രായശ്ചിത്തങ്ങളിൽ പ്രത്യേകം നിശ്ചയിച്ചു വെച്ചിട്ടാണ് ചെയ്യാറുള്ളത്. ജാപ്പാൻ ചക്രവർത്തിയുടെ (മിക്കാഡോവിന്റെ) ആജ്ഞപ്രകാരം ഒരുവൻ "ഹരകിരി" ചെയ്യുന്നതായാൽ ആയാളുടെ മരണശേഷമുള്ള മാനനിയമായ പരിഗണനയ്ക്കായിട്ടാണിതു. ഈ ദയാനീതി പ്രഭുക്കന്മാരായവരുടെ നേരെ മാത്രമേ ചക്രവർത്തി കാണിക്കാറുള്ളൂ. ചെറുപ്പം മുതൽക്കേ എല്ലാവരിലും കേവലമായി മാനത്തെ കരുതിപ്പോരുന്ന ക്ഷത്രിയന്മാർ തങ്ങളുടെ പേരിൽ കൊണ്ടുവന്നിട്ടുള്ള ആക്ഷേപങ്ങൾ വാസ്തവമല്ലെന്ന് തെളിയിപ്പാനായും, സാമുദായികന്മാരെയോ വിരോധമായി ചെയ്യുന്ന നടപടിയിൽ പ്രതിഷേധം കാണിപ്പാനായും, ഇതൊന്നുമല്ലെങ്കിൽ മരിച്ച ഗുരുജനങ്ങളിലുള്ള ഭക്തിയെ പ്രദർശിപ്പിപ്പാനായും "ഹരകിരി" കഴിച്ചുവരുന്നുണ്ട്. മുൻകാലങ്ങളിൽ "ഹരകിരി" ചെയ്യാൻ ഒരുങ്ങിയ ക്ഷത്രിയൻ തന്റെ സ്ഥാനത്തിനൊത്ത ഉടുപ്പുകൾ ധരിച്ച് ഒരു മണ്ഡപത്തിന്മേൽ ഒരു വെള്ളവിരിപ്പ് വിരിച്ച് അതിന്മേൽ സ്ഥിതനായി ഇരിക്കും. സ്നേഹിതന്മാരും മറ്റു വേണ്ടപ്പെട്ടവരും ചുറ്റും നില്ക്കുന്നുണ്ടായിരിക്കും. പിന്നെ പ്രാർത്ഥനയായി. അതിന്നുശേഷം മുട്ടുകുത്തി ഉന്നിയിരുന്ന് (ക്ഷത്രിയൻ മരിച്ചു വീഴുമ്പോൾ എപ്പോഴും മുഖം കിഴക്കോട്ടു ചരിഞ്ഞു വീഴേണമെന്ന നിശ്ചയത്തെ നിലനിർത്തുവാൻ) വയറ്റിൽ ഇടത്തുഭാഗത്തു കഠാരം കൊണ്ടോ വാൾകൊണ്ടോ കുത്തുന്നു. ഈ കർമ്മം പര്യവസാനിക്കുന്നതു ഒരു വാളുകൊണ്ടു കഴുത്തിൽ വെട്ടി ആത്മഹത്യ ചെയ്യുന്നതോടുകൂടിയാണ്. ഈ കർമ്മത്തിനുള്ള എല്ലാ പടങ്ങൾക്കും വാൾ പിടിക്കേണ്ടും വെട്ടുണ്ടുളവായ സമ്പ്രദായം കൂടി പാരമ്പര്യമായി അനുഷ്ഠിച്ചുപോരുന്നതിന്മേലാവകാശം വരിച്ചതാണ്. ആത്മാവിന്റെയും ശക്തിയുടെ ഉത്ഭവം വയറ്റിൽ നിന്നാണെന്ന വിശ്വാസം കൊണ്ടാണത്രെ വയറ്റിൽ കുത്തിക്കീറുന്നതു. തന്റെ വയറ്റിൽ യാതൊരു കാപട്യവുമില്ലെന്ന വെളിപ്പെടുത്തി കാണിച്ചുകൊടുക്കുന്നതാണെന്നും സങ്കല്പം.

പൌരാണികന്മാരായ ജാത്യാചാരങ്ങളിലും സമുദായ നടപടികളിലും ഇപ്പോൾ പല മാറ്റങ്ങളും ജാപ്പാനിൽ വന്നുകൂടിയതിൽ 'ഹരകിരി' സമ്പ്രദായം നടന്നു ചുരുങ്ങിട്ടുണ്ടെന്നുമാത്രമല്ല അതിനുള്ള ചട്ടങ്ങളും വളരെ ചുരുങ്ങീട്ടുണ്ട്. എന്നാൽ ആധുനികമായ സമ്പ്രദായത്തിൽ പ്രയോഗിപ്പാൻ തങ്ങളുടെ കുട്ടികളെ ജാപ്പാനിലെ മാതാപിതാക്കന്മാർ പഠിപ്പിപ്പാൻ എന്തൊരു കാരണം ആ കാരണം ഇന്നും ജാപ്പാനിൽ നശിച്ചിട്ടില്ല. 1891-ൽ ഒരു സന്ന്യാസനായകൻ തന്റെ ശിഷ്യന്മാരെ സംബോധിപ്പിച്ച് ടോക്കിയോവിൽ വെച്ച് 'ജാപ്പാൻകാരുടെ സമ്പത്തിനുള്ള അപകടത്തി'നു കാരണക്കാരനായ 'ഹരകിരി' കഴിച്ചിട്ടുണ്ടായിരുന്നു. റഷ്യാ-ജാപ്പാൻ യുദ്ധകാലത്ത് ഒരു ജാപ്പാൻകപ്പിത്താൻ റഷ്യക്കാർ തന്റെ കപ്പൽ പിടിച്ചു കൊണ്ടുപോകുമ്പോൾ തന്നെ മാനഭീരുവായി 'ഹരകിരി' കഴിക്കുകയാണ് ചെയ്തത്. കല്യാണക്കാരൻ ചക്രവർത്തി കയറിയ തീവണ്ടി അവന്റെ ഗ്രാമത്തിൽ; ആ കാരണമായിട്ടല്ലും താമസിപ്പിപ്പാൻ ഇടയായതിൽ പശ്ചാത്താപത്തോടുകൂടി ഒരു സ്റ്റേഷൻമാസ്റ്റർ 'ഹരകിരി' കഴിച്ചുവെന്നു കേട്ടിട്ടുണ്ട്. ഈ സംഗതികളാൽ ശ്രുതിപ്പെട്ട സൈന്യനായകനായ ജനറൽ നോഗി ഇപ്പോൾ തന്റെ ചക്രവർത്തിയെ

ജനസമ്പ്രദായം 'ഹരകിരി' കഴിച്ചതിൽ ആശ്ചര്യപ്പെടുവാനില്ല. ഇത്തരത്തിന്റെ പ്രവൃത്തിയെ ശ്ലാഘിച്ചുകൊണ്ടാണ് ഇപ്രകാരം ലോകരൊക്കെയിരിക്കുന്നത്. കേരളത്തിൽ പണ്ട് 'ചാവേർ പട.' എന്ന കൂട്ടരുണ്ടായിരുന്നതായി നാമറിയുന്നു. ഇപ്രകാരം ഒരാൾ ആവശ്യമില്ലാത്തതുകൊണ്ടും ധൈര്യശാലികളായിരുന്ന കേരളീയർ പൂർവ്വസ്മരണവിട്ടു കാലഗതിയാൽ പൂർവ്വാചാരങ്ങളെ അനുസരിപ്പാൻ ഇടയില്ലാതെ വന്നതുകൊണ്ടും പ്രശസ്തമായിരുന്ന സമ്പ്രദായങ്ങൾ നിർത്തൽ ചെയ്തിട്ടുണ്ടെങ്കിൽ അതു ധൈര്യമില്ലായ്മകൊണ്ടല്ല നിശ്ചയം. നാം 'ആത്മഹത്യ' എന്നു പറയുന്നതിനെ ജപ്പാനിൽ 'ഹരകിരി' എന്നു പറയുന്നു. പക്ഷേ ജപ്പാൻകാർ 'ഹരകിരി'യെ നിസ്സാരകർമ്മമാണെന്നു പറയുമായിരിക്കാം.

എം. ആർ. കെ. സി.

പ്രാചീനകാലങ്ങളിലെ
ഹൈന്ദവവിദ്യാലയങ്ങൾ
(തുടർച്ച)



ചരിത്രം, ജ്യോതിഷം, തന്ത്രം, കണക്കുശാസ്ത്രം, തർക്കശാസ്ത്രം, നിയമശാസ്ത്രം, വൈദ്യശാസ്ത്രം മുതലായ വിഷയങ്ങളിൽ പഠിപ്പിക്കേണ്ടിവന്നെങ്കിൽ ഒട്ടൊക്കെ, പന്ത്രണ്ടോ, മുപ്പതോ വർഷകാലത്തോളം പഠിപ്പിച്ചതിനശേഷം മാത്രം ഒരു വിദ്യാർത്ഥി ഗുരുവിനോടു യാത്രചോദിച്ചു പിരിയുന്നു. പ്രാചീനകാലങ്ങളിലെ അദ്ധ്യാപകന്മാർ ധനസമ്പാദനമായിരുന്നില്ല. അവരുടെ കർത്തവ്യത്തിൽ ഉണ്ടായ പ്രധാനമായ ഉദ്ദേശം. യൂറോപ്പിലെ അദ്ധ്യാപകന്മാരിൽ, എല്ലാവരും ഇല്ലെങ്കിലും, മിക്കവരും ഗുരുസ്ഥാനത്തു വരാൻ തിരിച്ചറിഞ്ഞത് ധനം സമ്പാദിക്കുവാൻ മാണെന്നു തോന്നിയിരുന്നു. യൂറോപ്പിലെ സോഫിസ്റ്റുകൾ (pobists) എന്നറിയപ്പെടുന്ന അദ്ധ്യാപകന്മാർ ഇന്ത്യയിൽ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നില്ല. പ്രാപ്തിയുള്ള അദ്ധ്യാപകന്മാരായ ഗുരുക്കളും ചില ശിഷ്യന്മാരോട് ഗുരുദക്ഷിണയായി ഇന്നതു ചെയ്യേണമെന്ന് ചില ഗുരുക്കന്മാർ പറഞ്ഞിട്ടുള്ളതായി കാണുന്നുണ്ടെങ്കിലും അതു സാധാരണയായി നടപ്പുണ്ടായിരുന്ന ഒരു സംഗതിയല്ല. യൂറോപ്പിൽ വളരെക്കാലത്തേക്ക് പ്രാബല്യത്തോടുകൂടിയിരുന്ന സോഫിസ്റ്റുകൾ തങ്ങളുടെ വിദ്യാർത്ഥികളോടു ശമ്പളം വാങ്ങി ഉപജീവനത്തിനുവേണ്ട ധനം സമ്പാദിക്കുകയും ആയിരുന്നു. ഇന്ത്യയിലെ ഗുരുക്കന്മാർ എത്രതന്നെ ദരിദ്രന്മാരായിരുന്നാലും ഉപജീവനത്തിനായി ധനസമ്പാദനം ചെയ്യുവാൻ ശിഷ്യഗണങ്ങളോടാവശ്യപ്പെട്ടിട്ടുള്ളതായി അറിയുന്നില്ല. ശിഷ്യന്മാർ ഗുരുഭക്തി

ച്ച് വസിച്ചിരുന്ന കാലത്തിൽ അവരുടെ ആവശ്യമായ എല്ലാ ജോലിയും ചെയ്യുവാൻ തയ്യാറായിരുന്നു. കൃഷ്ണൻ കുചേലനോട് പറയുന്നതു നോക്കുക:—

ഭവാനന്നാം വിറകിനു പോയിട്ടൊരു ദിനം
വാസ്സ്യൂളിൽ ചരിത്തത്താം
നനഞ്ഞതും മഴവെള്ളം പിടിച്ചുകൊണ്ടന്നോ
ഒപ്പമുള്ളോർ ഞാനും
തിരഞ്ഞെത്തി ഗുരുഭക്തനായി
നാമുമൊരു കണ്ടതാം
ഗുരുനാഥനനുഗ്രഹിച്ചു വിധിയ പ്രകാരം
ഒരു ശ്ലോകം തന്നു.

സാന്ദീപനിയുടെ ഗൃഹത്തിൽ ശുശ്രൂഷിക്കൽ ശിഷ്യന്മാരുടെ കർത്തവ്യങ്ങളിൽ ഒന്നായിരുന്നു. മനു പറയുന്നതു നോക്കുക:—

'ഗുരോർന്നിതം ഗതമനോ...
അപ്രാണാദിഭിർമ്മാമം
പഠ്യംമല്ലോ...
ഗുരു ഭാഷ്യമഹീയതാം'

അർത്ഥം:— 'പഠിക്കുന്ന വിദ്യാർത്ഥികളും, ശിഷ്യ ന്മാരുടെ മേൽ (വിദ്യാർത്ഥി) ശുഭ്ര ...ൾ പഠിക്കണം. ഗുരുശുശ്രൂഷ ചെയ്യണം' എന്നുകൊണ്ടാകുന്ന ഒരു സേവനം ശുശ്രൂഷിക്കണമെന്ന് ശിഷ്യർ വലിയ കർമ്മമായിട്ടാണ് കരുതിയിരുന്നത്.

ആദ്യകാലങ്ങളിൽ ഒരു ഗുരു തനിക്കു തന്റെ ബാല്യത്തിൽ തന്റെ ഗുരുവിൽ നിന്ന് കിട്ടിയിട്ടുണ്ടായിരിക്കുന്ന ഉപദേശങ്ങളെ, തന്റെ ശിഷ്യനും, ആ ശിഷ്യൻ പ്രായമായി ഒരു പാരമ്പര്യമായും അനിശ്ചിതമായി പോരുന്ന മാര ങ്ങളോ വസ്തുക്കളോ വരത്തിയതിനാൽ ഷം ആ ഉപദേശങ്ങളെ തന്റെ ശിഷ്യനും സംസർഗ്ഗം പ്രദാനം ചെയ്യുന്നു. ഈ

വിദ്യാഭ്യാസരീതിയാണ് സാഹിത്യചരിത്രം 'ശ്രുതിയെ' അനുസരിച്ചുള്ള വിദ്യാഭ്യാസം എന്ന് പറയുന്നത്. ശ്രുതിയുടെ കാലത്തുതന്നെയാണ് സൂത്രങ്ങളും ഉണ്ടാക്കപ്പെട്ടത്. വിചാരകൾ ചില ശാസ്ത്രങ്ങളെ എളുപ്പത്തിൽ ഓർമ്മയിൽ വെക്കുവാൻ ഈ സൂത്രങ്ങൾ സഹായിച്ചു. ഈ കാലത്തിനുശേഷം മാത്രമാണ് സ്മൃതിയുടെ കാലം പ്രാപ്തമായത്. അപ്പോൾ മാത്രമേ എഴുത്തിൽ എഴുതിവെച്ചിരുന്ന സംഗതികളെ ഗ്രന്ഥങ്ങളിലായി പകർത്തി എഴുതാൻ തുടങ്ങിയുള്ളൂ. ഇപ്പോൾ നടപ്പിലുള്ള നിലപാട് എഴുത്ത് നടപ്പിൽ വന്നതോടുകൂടി പഠിക്കുന്നവരുടെയിടയിൽ വലിയ സംഖ്യ ഉണ്ടാകയും അവരെല്ലാം വലിയ ഗ്രന്ഥങ്ങളും ഉണ്ടാക്കി. സാഹിത്യം, ശാസ്ത്രം, എന്നിവയിൽ ഒരു ... കൊണ്ട് അനുഗ്രഹിക്കപ്പെട്ടു. എന്നാൽ സാഹിത്യത്തിൽ ഗ്രന്ഥങ്ങൾ ഉണ്ടായി തുടങ്ങിയത് ഇക്കാലത്താണ്. ഇക്കാലത്തുതന്നെ സാഹിത്യലോകത്തിൽ ശാസ്ത്രങ്ങളും (വ്യാഖ്യാനങ്ങളും) ഉണ്ടായിത്തുടങ്ങുകയും ചെയ്തു. സ്മൃതിയുടെ കാലത്തിനുശേഷം പ്രാചീനകാലങ്ങളിലെ വിദ്യാർത്ഥികളുടെ അറിവ് ഒന്നുകൂടി വികസിക്കപ്പെട്ടു എന്ന് പറയേണ്ടതില്ല.

അക്കാലത്തെ ശിഷ്യന്മാർക്ക് വിദ്യാഭ്യാസം നൽകിയിരുന്ന സമയം ആവശ്യം എന്ന തോന്നുന്നിടത്തെല്ലാം പുരാണഗ്രന്ഥങ്ങളിൽനിന്ന് ഉദാഹരണങ്ങളും സ്വീകരിക്കുന്ന പതിവ് മിക്ക ഗുരുക്കന്മാരും സ്വീകരിച്ചിരുന്നു. പുരാണപുരുഷന്മാരിൽ പ്രധാനമായവരെ അനുകരിക്കുവാൻ ഓരോ രാം, ഗുരു ഇപ്രകാരം തന്റെ ശിഷ്യന്മാരിൽ ഉളവാക്കി ഇതിന്റെ ഫലം എത്ര ക

ഹനീയമായതായിരുന്നെന്ന് ഊഹിച്ചാൽ അറിയാവുന്നതാണ്. 'കിണ്ടർഗാർട്ടൻ' രീതിയുടെയും മററും സഹായംകൂടാതെ പ്രാചീനകാലങ്ങളിലെ ഗുരുക്കന്മാർ ഉദ്ദേശ്യപൂർത്തിയടഞ്ഞിരുന്ന ഈ രീതി എത്രത്തോളം ഉന്നതമായിട്ടുള്ളതാണ്.

ഇനി നമുക്ക് പ്രാചീനകാലങ്ങളിലെ വിദ്യാർത്ഥികൾ തങ്ങളുടെ ആരോഗ്യവർദ്ധനക്കായി എന്താണ് ചെയ്തിരുന്നതെന്നന്വേഷിക്കാം. ദേഹബലം വർദ്ധിക്കേണ്ടതിലേക്കായി മാത്രം പ്രാചീനകാലങ്ങളിലെ വിദ്യാർത്ഥികൾ എന്തെങ്കിലും ചെയ്തിരുന്നോ എന്ന് സംശയമാണ്. കുളിക്കുമ്പോൾ നീന്തിയിരുന്നതുകൊണ്ടും അവരവരുടെ വസ്ത്രങ്ങൾ അവരവർതന്നെ അഴുക്കുകളഞ്ഞെടുത്തിരുന്നതുകൊണ്ടും, ഗുരുനാഥന്മാർ ആജ്ഞാപിക്കുന്നതനുസരിച്ച് സമയങ്ങളിലൊക്കെ പോകുവാനും മററുമായി ദൂരദേശങ്ങളിൽ സഞ്ചരിച്ചിരുന്നതുകൊണ്ടും, തന്റെ ദേഹം സദാ ശുചിയായി വെക്കുവാൻ ശ്രദ്ധിച്ചിരുന്ന അഭ്യാസത്തിനാലും, ഒരു വിദ്യാർത്ഥി കാലക്രമത്താൽ ബലവാനായിതീരും. 'സ്വശരീരംപോലെ പരോപകാരത്തിനാകാത്തതെങ്കിൽ കിംഫലം [illegible] പ്രാണിനാം ശരണാർത്ഥിനാം' എന്ന് പ്രാചീനകാലങ്ങളിലെ മാതൃകാവിദ്യാർത്ഥികളിൽ ആരും ചോദിക്കായിരുന്നു. പരോപകാരതല്പരനായുള്ള ഒരു വിദ്യാർത്ഥി കാലക്രമത്താൽ ബലവാനായിതീരുന്നു എങ്കിൽ അതിശയത്തിന്ന ലേശവും അവകാശമില്ല. സാധാരണവിദ്യാർത്ഥികളുടെ ദേഹവ്യായാമത്തിന്ന മുൻപറഞ്ഞ വഴികൾ എല്ലാം ഉണ്ടായിരുന്നതിനുപുറമെ ക്ഷത്രിയവിദ്യാർത്ഥികൾക്ക് കുതിരസ്സവാരി, നായാട്ട്, യുദ്ധത്തിലുള്ള പരിശീലനം മുതലായ വഴികളും ഉണ്ടായിരുന്നു.

ഗുരുക്കന്മാർ തങ്ങളുടെ എല്ലാ വിദ്യാർത്ഥികളുടെ നേരെയും ഒരുപോലെയായിരുന്നു പെരുമാറിയിരുന്നത്. ഇത് സഹോദരമനസ്ഥിതിക്കുള്ള പ്രധാനകാരണമായിരുന്നു. വംശവ്യത്യാസത്തെയും മററും പററി യാതൊന്നും ആലോചിക്കാതെ വിദ്യാഭ്യാസം ചെയ്യുന്ന വിദ്യാർത്ഥികൾ മാത്രമേ കാലക്രമത്താൽ മാതൃകാപൗരന്മാരാകയുള്ളു എന്നുള്ള സംഗതി ഇന്ത്യയിലെ ജനങ്ങൾ പണ്ടുതന്നെ ധരിച്ചിരുന്നു.

ഇനി പ്രാചീനകാലങ്ങളിലെ വിദ്യാർത്ഥികളുടെ ഭോജനകാര്യാദിസംഗതികളെപ്പററിയും കുറഞ്ഞൊന്ന പറയേണ്ടത് ആവശ്യമാണ്. പ്രാചീനവിദ്യാർത്ഥിയുടെ 'ലളിത'സ്വഭാവം എത്രയും അഭിനന്ദനീയമാണ്. ലോകത്തിൽ ജീവിതയാത്ര ചെയ്യുന്നത് പ്രാചീനർ വിധിച്ചിരുന്ന ഉത്തമഗുണങ്ങളിൽ ഒന്നായിരുന്നെന്നും ആധുനികവിദ്യാർത്ഥികളും അതുമാതൃകയാക്കേണ്ടത് എത്രയും ആവശ്യമാണെന്നും 'പെല്ലിസ്' [illegible] പറയുന്നുണ്ട്. [illegible] എന്ന പറയുന്നതുപോലെ പ്രാചീനവിദ്യാർത്ഥികൾക്ക് [illegible] അതു ഭോജനാദികളിലും, ആടമ്പരങ്ങളിലും ഒരുപോലെ സുലഭമായിരുന്നവരോ. പ്രാചീനവിദ്യാർത്ഥി ധരിച്ചിരുന്നവസ്ത്രം പലതരത്തിലെ [illegible] കളെക്കൊണ്ടുണ്ടാക്കപ്പെട്ടതും കഴിഞ്ഞുകൂടാൻ പാകംവരുത്തിയുള്ള [illegible] ങ്ങളെ അനുസരിച്ചും മാററിയതും ആയിരുന്നു. കാര്യത്തിൽ മനോഹരമായ ഒന്നും ഉണ്ടായിരുന്നില്ലെങ്കിലും അതു ശുചിയായിരുന്നു.

ഒരു വിദ്യാർത്ഥിയുടെ ഭക്ഷണസാധനങ്ങൾ വളരെ ലഘുവായ (Simple) സമ്പ്രദായത്തിൽ പാകംചെയ്യപ്പെട്ടിരുന്നു. രസനേന്ദ്രിയത്തിന്ന സുഖകരമായി തോന്നിയേക്കാവുന്ന ഒന്നുംതന്നെ അവൻ കഴിച്ചിരു

ന്നില്ല. ഒരു വിദ്യാർത്ഥിയുടെ ഭക്ഷണരീതിയെപ്പററി മനു ഇപ്രകാരം പറയുന്നു:—

പൂജയേദശനംനിത്യം അദ്യാച്ചൈതദകുത്സയൻ
ദൃഷ്ട്വാഹൃഷ്യേൽപ്രസീദേച്ച പ്രതിനന്ദേച്ച സർവ്വശഃ
പൂജിതംഹ്യശനംനിത്യംബലമൂർജ്ജം ച യച്ഛതി
അപൂജിതം തതദ്ഭുക്തമുഭയം നാശയേദിദം

അർത്ഥം:— "അവൻ (ശിഷ്യൻ) സദാ തന്റെ ഭക്ഷണത്തെ ബഹുമാനിക്കേണം; നിന്ദകൂടാതെ അതു് ഭക്ഷിക്കയും വേണം. ഭക്ഷണം കണ്ടാൽ അവൻ സന്തുഷ്ടനായും പ്രസാദിക്കയും, സന്തോഷിക്കയും, ബഹുമാനത്തോടുകൂടി അതിനെ കൈക്കൊള്ളുകയും വേണം. ശിഷ്യനാൽ ബഹുമാനിക്കപ്പെട്ട ഭക്ഷണം നിത്യം അവന് ബലത്തെയും, ശക്തിയേയും ഉണ്ടാക്കും; ബഹുമാനിക്കപ്പെടാത്ത ഭക്ഷണം ഇതു് രണ്ടിനേയും നശിപ്പിക്കും."

പഞ്ചേന്ദ്രിയങ്ങളിൽ ഏതിനെങ്കിലും വേണ്ടതിലധികം ആനന്ദം കൊടുക്കുന്ന യാതൊന്നും വിദ്യാർത്ഥി ഭക്ഷിച്ചുകൂടായിരുന്നു:—

"വർജ്ജയേൻ മധുമാംസം ച
ഗന്ധമാല്യം രസാൻസ്ത്രിയഃ
ശുക്താനിയാനി ചസർവ്വാണി
പ്രാണിനാംചൈവഹിംസനം.
അഭ്യംഗമഞ്ജനം ചാക്ഷ്ണോ
രുപാനച്ഛത്രധാരണം
കാമംക്രോധം ചലോഭം ച
നർത്തനംഗീതവാദനം.
ദ്യൂതം ജനവാദംച
പരിവാദംതഥാ നൃതം
സ്ത്രീണാം ച പ്രേക്ഷണാലംഭ
മുപഘാതം പരസ്യ ച."

എന്നുള്ള മനുവിന്റെ തിട്ടൂരംകൊണ്ടു് "മദ്യം, മാംസം സുഗന്ധവസ്തുക്കൾ, മാല്യങ്ങൾ, രസമുള്ള ഭക്ഷണസാധനങ്ങൾ, സ്ത്രീകൾ, പുളിയുള്ള സകല വസ്തുക്കൾ, പ്രാണിഹിംസ, അഭ്യംഗം, കണ്ണെഴുത്തു്, ചെരിപ്പു് (അഥവാ മെതിയടി) കുട ഇവ ധരിക്കുക, കാമം, ക്രോധം, ദ്രവ്യത്തിലുള്ള ആഗ്രഹം, ആട്ടം, പാട്ടു്, വീണ മുതലായവ വായിക്കുക (അല്ലെങ്കിൽ ചെണ്ട മുതലായതു് കൊട്ടുക) ചൂതുകളി, ഭൃത്യന്മാരുമായുള്ള സംസാരം, അന്യരെപ്പററി ദോഷം പറയുക, സ്ത്രീകളെ നോക്കുക, സ്ത്രീകളെ സ്പർശിക്കുക, അന്യന്മാരെ അടിക്കുക"—ഇവയെ വിദ്യാർത്ഥി വർജ്ജിക്കണം എന്നു് തെളിയുന്നുണ്ടു്. ഇവയിൽ ചില നിയമങ്ങൾ ഇപ്പോൾ സ്വീകരിക്കേണമെന്നില്ലെങ്കിലും ചിലവയെ തീർച്ചയായും ആചരിക്കേണം. ചെരിപ്പും കുടയും ഉപയോഗിക്കരുതെന്നു പറയുന്നതു് ഇപ്പോൾ സ്വീകാര്യമാണോ എന്നു് സംശയിക്കുന്നു.

പ്രാചീനകാലത്തെ ഹിന്ദുവിദ്യാർത്ഥി പഠിച്ചിരുന്ന ഭാഷ സാധാരണയായി സംസ്കൃതമായിരുന്നു. 'പ്രാകൃത'ഭാഷ 'മദ്ധ്യത്തിൽ ഒരു സംഭാഷണഭാഷ' മാത്രമേ ആയിരുന്നുള്ളു. സംസ്കൃതത്തെ അപ്പോൾ ആരും ഒരു 'മൃതഭാഷയായി' കരുതിയിരുന്നില്ല; അതു പണ്ഡിതന്മാരുടെയിടയിൽ തീർച്ചയായിട്ടും സംസാരിക്കുവാൻ ഉപയോഗപ്പെടുത്തിയിരിക്കണം. 'മെഗസ്തനീസി'ലെ ഭാഷ ഗൈർവ്വാണി ആയിരുന്നെന്നാണ് അറിയുന്നതു്. ഇതിനെ എല്ലാം ഇരിക്കുമ്പോൾ സംസ്കൃതത്തിൽ തന്നെ വിദ്യാഭ്യാസവും നടന്നിരുന്നതിൽ അതിശയമില്ല; 'പ്രാകൃത'ത്തിന്

ത്ത ഗ്രന്ഥശാലയും മറ്റും അനാവശ്യമായിത്തീരുന്നു എന്ന് പറയേണ്ടതാണ്; അതു കൊണ്ട് അതിനെ അത്ര കേമമായി ആദരിച്ചിട്ടില്ലെങ്കിൽ അതു ഇപ്പോഴത്തെ വിദ്യാഭ്യാസരീതികൊണ്ട് നാട്ടുഭാഷകൾ തീരെ അനാദരിക്കപ്പെട്ടുപോകുന്നതുപോലെയാണെന്ന് വിചാരിച്ചുകൂടാ. ഇപ്പോഴത്തെ നാട്ടുഭാഷകളിൽ മിക്കവയും 'സാഹിത്യങ്ങൾ'(Literature) ഉണ്ട്, അവ സംഭാഷണത്തിലും എഴുത്തിലും ഒരുപോലെ ഉപയോഗിച്ചുവരുന്നു. അങ്ങിനെയിരിക്കെയാണ് അവയുടെ ഉന്നതിയേയോ, വർദ്ധനയേയോ ലേശവും സഹായിക്കാത്ത ഇന്നത്തെ ആധുനികവിദ്യാഭ്യാസരീതി എത്രത്തോളം സ്തുത്യർഹമാണെന്ന് വായനക്കാർ തന്നെ തീർച്ചയാക്കേണ്ടതാണ്. നാട്ടുഭാഷകളുടെ കാര്യം തീരെ ശ്രദ്ധിക്കാതിരിക്കുന്നതുകൊണ്ട് വരുന്ന ദോഷങ്ങളെപ്പറ്റി ഷെഫ്ലീ ഇപ്രകാരം പറയുന്നു. "ഈ രാജ്യത്തെ ജനങ്ങളുടെ കാര്യം (ആകപ്പാടെ) പറയുകയാണെങ്കിൽ, നാട്ടുഭാഷകളെ അനാദരിക്കുന്നതുകൊണ്ട്, തങ്ങളുടെ വാസ്തവത്തിലുള്ള നേതാക്കന്മാരായുള്ള അവരുടെ ബന്ധത്തിനെ നശിപ്പിക്കയാണ് ചെയ്യുന്നത്, എന്തുകൊണ്ടെന്നാൽ അവർക്ക് ഒരു വിദേശഭാഷ പഠിക്കുവാൻ സാധിക്കയില്ല. അവർക്ക് തങ്ങളുടെ മാതൃഭാഷ വിട്ട് പുറത്ത് പോകുവാൻ സാധിക്കയില്ല. തന്നിമിത്തം അവർ പാരതന്ത്ര്യത്തിനും ദാരിദ്ര്യത്തിനും അടിമപ്പെടുന്നു." ഇത് വലിയ ഒരു കഷ്ടമാണ്. ആറോ ഏഴോ വയസ്സാകുന്നതിന് മുമ്പ് മാതൃഭാഷയിലുള്ള പഠിത്തം നിറുത്തിയോ, ചുരുക്കിയോ ഇതരഭാഷകളെ പഠിക്കുന്നത് എന്താണെന്ന് ഇന്ത്യക്കാർ പഠിക്കേണ്ട കാലം അതിക്രമിക്കുന്നു. 'നാട്ടുഭാഷകളെ സർവ്വകലാശാലകൾ നിയമമായും പ്രോത്സാഹിപ്പിക്കണം.

പ്രാചീനവിദ്യാഭ്യാസരീതിയുടെ പ്രധാനമായ പല ഭാഗങ്ങളും ഇപ്പോൾ പറഞ്ഞു കഴിഞ്ഞു. ഇനി നാം പ്രാചീനരീതി, ഇപ്പോൾ നടപ്പുള്ള രീതിയെ ഉപേക്ഷിച്ച് അതിന് പകരം സ്വീകരിക്കുവാൻ സാധിക്കുമോ എന്നാണാലോചിക്കേണ്ടത്. ഇത് വിദ്യാപ്രവർത്തകന്മാർ(Educationists) വളരെ ആലോചിക്കേണ്ടതായ കാര്യമാണ്. ഇപ്പോൾ ഇതിനെപ്പറ്റി ചില വാദങ്ങളും പുറത്ത് വന്നിട്ടുള്ളതുകൊണ്ടും ഒന്നു രണ്ടു ഭാഗത്തേക്കും വേണ്ടി കൊണ്ടുവരപ്പെട്ടിട്ടുള്ള ചില ന്യായങ്ങളെ മാത്രം വിമർശിക്കുകയെ ഞാൻ ചെയ്യുന്നുള്ളൂ. മിസ്റ്റർ മദൻ മോഹൻ മാളവ്യ, മിസിസ്സ് ബെസൻറ് മുതലായവർ പഴയ രീതിയെ കഴിയുന്നിടത്തോളം ഇപ്പോൾ നടപ്പിൽ വരുത്താനുള്ള ഉദ്ദേശത്തോടുകൂടി 'ഹിന്ദുസർവ്വകലാശാല' എന്നുള്ള ഒരു വിദ്യാഭ്യാസസമ്പ്രദായം നടപ്പിൽ വരുത്തുവാൻ ശ്രമിക്കുന്നു. അവരുടെ പ്രയത്നത്തിനുള്ള പ്രധാന കാരണം ഇന്ത്യയിൽ ഇപ്പോൾ മതവിദ്യാഭ്യാസം തീരെ അനാസ്ഥയിൽ ഇട്ടിരിക്കുന്നതും, സംസ്കൃതഭാഷാപഠനത്തിൽ ഇന്ത്യക്കാർ ഉദാസീനരായിട്ട് മാത്രം വർത്തിക്കുന്നതും ആണ്. ബഹുമാനപ്പെട്ട മിസ്റ്റർ (ജസ്റ്റിസ്) സർ ശങ്കരൻനായർ, ഡാക്ടർ ടി. എം. നായർ മുതലായവർ ഈ പരിശ്രമത്തെ സഹായിക്കാതിരിക്കുന്നതിനുള്ള കാരണം, ഇന്ത്യക്കാർ ഇപ്പോൾ ഒന്നിച്ചിട്ട് പ്രയത്നിക്കേണ്ട കാലമാകകൊണ്ട് രണ്ടു സർവ്വകലാശാലകൾ— ഹിന്ദുസർവ്വകലാശാലയും, മഹമ്മദീയസർവ്വകലാശാലയും—സ്ഥാപിക്കുന്നത് ഐക്യം സാധിക്കാതിരിക്കുന്നതിന് സഹായി

കയുന്നതും, 'വിദ്യാലയങ്ങൾക്കനുസരിച്ച് വിദ്യാഭ്യാസക്രമം തീൎച്ചയാക്കുന്നതാകാൽ ഇനിയും ബ്രാഹ്മണരുടെ പ്രാതിനിധ്യം ഒന്നുകൂടി വൎദ്ധിക്കാവുന്നതുംതോറും ആണ്. ഈ രണ്ടു കൂട്ടരും പറയുന്നതിൽ ന്യായമുണ്ട്. എന്നാൽ പ്രാചീനരീതിയിലുണ്ടായിരുന്ന ചില നല്ല ഭാഗങ്ങൾ ഇപ്പോൾ സ്വീകരിക്കുന്നതിൽ വിരോധമുണ്ടെന്ന് തോന്നുന്നില്ല. ക്രിസ്ത്യൻ വിദ്യാലയങ്ങളിൽ ക്രിസ്തീയ വേദപുസ്തകങ്ങൾ പഠിപ്പിക്കുന്നതുപോലെ ഹിന്ദുവിദ്യാലയങ്ങൾ സ്ഥാപിച്ച് അവിടെ ഹിന്ദുപുരാണഗ്രന്ഥങ്ങളും മതഗ്രന്ഥങ്ങളും പഠിപ്പിക്കുന്നതായാൽ ഉദ്ദേശലബ്ധിയുണ്ടാകുമെന്നാണ് തോന്നുന്നത്. ചെറിയ ക്ലാസുകളിൽ വായിക്കുമ്പോൾ തന്നെ വിവാഹം ചെയ്യുന്ന ഇന്ത്യൻ വിദ്യാൎത്ഥികളുടെ സമ്പ്രദായം തീൎച്ചയായിട്ടും ഇല്ലാതാക്കുവാൻ ശ്രമിക്കേണ്ടതാണ്. ഇതുപോലെ മറ്റു ചില പരിഷ്കാരങ്ങളും വരുത്തുന്നതായാൽ ഇപ്പോൾ ഏൎപ്പെടുത്തുന്നതായ രീതി പ്രാചീനരീതിയിലും, ഇപ്പോഴത്തെ രീതിയിലും ഉള്ള നല്ല ഭാഗങ്ങളുടെ ഒരു മാതൃകയായിത്തീരുന്നതും അതനെ്യന്നത് സകലൎക്കും ഗുണകരമായി തീരുന്നതും ആണ്.

അമ്പാടി നാരായണമേനോൻ

ചിലപ്പതികാരം



മലയാളികളായുള്ളവൎക്ക് തമിഴ് ഭാഷയുടെയും അതിലെ ഗ്രന്ഥങ്ങളുടെയും — വിശേഷിച്ച് അതിലെ പഴമയിലുള്ള ഗ്രന്ഥങ്ങളുടെയും — പരിചയം എത്രതന്നെ ഉണ്ടായിരുന്നാലും പോരാ എന്നു വരുന്നതല്ലാതെ ഏറിപ്പോയെന്നാകയില്ല. മലയാളഭാഷയിൽ നല്ല വ്യുല്പത്തിയോ മലയാളത്തിന്റെ പഴയ ചരിത്രത്തിന്റെ ജ്ഞാനമെങ്കിലും ആവിശ്യമോ ഉണ്ടാകണമെങ്കിൽ തമിഴിൽ നല്ല പരിചയമുണ്ടായിരിക്കണം; മലയാളത്തിന്റെയും തമിഴിന്റെയും പഴമയിലുള്ള കൂട്ടുകെട്ട് അത്ര ദൃഢമായിരുന്നു. മലയാളവും പണ്ടു വളരെക്കാലം തമിഴ് രാജാക്കന്മാൎക്ക് കീഴടങ്ങിക്കൊണ്ടിരുന്നു; പണ്ടു മലയാളത്തിൽ പല തമിഴ്ഗ്രന്ഥകാരന്മാരുമുണ്ടായിരുന്നു. ആകയാൽ ഇവിടുത്തെ പഴയ സ്ഥിതികളെപ്പറ്റി പല വിവരങ്ങളും സാദ്ധ്യമായേടത്തോളം കടന്നുകിട്ടണം. പിന്നെ മലയാളഭാഷയിലെ പദസമ്പത്തിന്റെ ഒരു വലിയ ഭാഗം തമിഴിൽ നിന്നു വന്നിട്ടുള്ളതുമാകുന്നു. അതിനാൽ നമ്മൾക്ക തമിഴിന്റെ ജ്ഞാനം കഴിച്ചുകൂടാത്തതാകുന്നു.

മലയാളത്തിൽ സാഹിത്യവിഷയമായോ ചരിത്രവിഷയമായോ പരിശ്രമിക്കുന്നവൎക്കൊക്കെ അത്ര കഴിച്ചുകൂടാത്തതായിരുന്നിട്ടും തമിഴിനോടു മലയാളികൾ ഉദാസീനരായും തന്നെ കാണപ്പെടുന്നു. ഇത് ഏറ്റവും വ്യസനകരമായ ഒരു അനാസ്ഥയാകുന്നു. ഒരു ദിവസം ചെല്ലുന്തോറും നമ്മൾ പഴയമലയാളത്തിൽ നി

ന്ന് നാകനാകുന്നാണ് പോകുന്നത്; ഇപ്പോഴും വൃദ്ധന്മാരായിരിക്കുന്നവരുടെ ഓർമ്മയിൽ മാത്രം ഇരിക്കുന്ന ചെറുതിപ്പാട്ടുകളും പിന്നപ്പിന്നെ കൈവിട്ടുപോകുന്നു; അതൊട്ടുകൂടി പഴന്തമിഴിൽ ചരിത്രത്തിലിരിക്കുന്ന വിവരങ്ങളെ വൃദ്ധന്മാരുടെ കേട്ടുകേൾവികളോടൊത്തുനോക്കുന്നതിനുള്ള വഴിയും മുടങ്ങിപ്പോകുന്നു. മലയാളത്തിനെ സംബന്ധിച്ച് പഴന്തമിഴിൽ കിട്ടിയിരിക്കുന്ന വിവരങ്ങളെ മലയാളത്തിൽ നല്ല പരിചയമുള്ളവർ മാത്രം വിവരിക്കാവുന്നതാകയാൽ ഈ അന്വേഷണംകൊണ്ടു ചില്ലറയൊന്നുമല്ലാത്ത നഷ്ടം നമ്മൾക്ക് നേരിടുകയും ചെയ്യുന്നു.

മലയാളവുമായി ഇടപാടുകൾ ധാരാളമുള്ളവർക്ക് മാത്രമേ നല്ലവണ്ണം വിവരിക്കുവാൻ പാടുകയുള്ളൂ എന്നായിത്തീർന്നിരിക്കുന്ന ഗ്രന്ഥങ്ങളിൽ ഒന്നാണ് ചിലപ്പതികാരം. ഇതിന്റെ കർത്താവ് ഇളങ്കോവടികളെന്ന പേരുള്ള ഒരു 'ചേര'നാണ്. ലൌകികവ്യവഹാരങ്ങളിൽനിന്നു വിട്ടു തൃക്കുണാമതിലകത്തു ക്ഷേത്രോപവാസം ചെയ്തുകൊണ്ടാണ് അദ്ദേഹം ആയുസ്സിന്റെ അവസാനകാലം കഴിച്ചുകൂട്ടിയത്. അദ്ദേഹത്തിന്റെ കാലം ക്രിസ്ത്വബ്ദം രണ്ടാമത്തെ നൂറ്റാണ്ടിടയ്ക്കാണെന്ന് ഏകദേശമായിട്ടൊന്നു ഊഹിച്ചിരിക്കുന്നു. കൊടുങ്ങല്ലൂർ ക്ഷേത്രത്തിന്റെ ഉത്ഭവത്തെപ്പറ്റിയ ഒരു കഥയാണ് അതിലെ വിഷയം. പ്രകൃതാനുപ്രകൃതമായി തെക്കെ ഇന്ത്യയുടെ അക്കാലത്തെ ഒരു വിവരണവും അതിൽ അടങ്ങിയിരിക്കുന്നുണ്ട്. എന്നാൽ അതിലെ കഥ മാത്രം നന്നെ ചുരുക്കി കൊടുക്കുവാനേ ഇവിടെ ഭാവമുള്ളൂ.

ചോളരാജ്യത്തിന്റെ തലസ്ഥാനമായ കാവേരിപ്പൂമ്പട്ടണത്തിൽ മാശാത്തുവനെന്നും മാനായകനെന്നും പേരായ രണ്ടു വണിക് ശ്രേഷ്ഠന്മാരും അവർക്ക് ക്രമത്തിൽ, കോവലനെന്നും കണ്ണകി എന്നും പേരുള്ള രണ്ടു മക്കളും ഉണ്ടായിരുന്നു. ഈ രണ്ടു മക്കൾക്കും വിവാഹത്തിനുള്ള കാലമായി. അതിനാൽ ഈ വണിക്കുകൾ തങ്ങളുടെ മക്കളെ തമ്മിൽ കല്യാണം കഴിപ്പിച്ചു. ഈ പുതിയ ദമ്പതിമാർക്ക് പ്രത്യേകമായി ഒരു ഭവനവും വളരെ സമ്പത്തും കൊടുത്തു. അവർ വളരെ സുഖമായിത്താമസിക്കുകയും ചെയ്തു. അങ്ങിനെ കഴിഞ്ഞുപോരുന്ന കാലത്ത് ഈ ഭാര്യാഭർത്താക്കന്മാർ തമ്മിൽ പിരിയേണ്ടതായി വന്നു. എങ്ങിനെയെന്നാൽ: കോവലൻ ഒരു ദിവസം മാധവി എന്ന പേരായ അതിസുന്ദരിയായ ഒരു ദേവദാസിയുടെ നൃത്തം കാണുവാൻ പോയി; അവിടെ വെച്ച് കോവലൻ അവളുമായി നന്നാ ഭ്രമിച്ചു വശാവുകയും, സ്വന്തം ധർമ്മപത്നിയെ വിട്ട് അവളെ വെച്ചുകൊണ്ടിരിക്കുകയും ചെയ്തു. അതിനാൽ അവന്റെ വകയായ പണമെല്ലാം പൊടിപൊടിച്ചു; സ്വന്തം ഭാര്യയേയും ഒട്ടും ശോഭിപ്പിച്ചില്ല.

സ്ത്രീകളുമായുള്ള സംസർഗ്ഗത്തിൽ കോവലൻ വളരെ ദുർബ്ബലനാണ്; എന്തെന്നാൽ അയാൾ മാധവിയേയും വിട്ടുപിരിഞ്ഞു. മാധവി ഒരു ദിവസം പാട്ടു പാടിക്കൊണ്ടിരിക്കുമ്പോൾ, അവളുടെ ഹൃദയത്തിൽ അന്യപുരുഷൻ നിഴലിക്കുന്നുണ്ടെന്ന് അയാൾ എങ്ങിനെയോ ധരിച്ചുവശായി. ഉടനെ അവളെ വിട്ടുപിരിഞ്ഞ് അയാൾ സ്വന്തം ഭാര്യയുടെ സമീപത്തു ചെന്നു. കണ്ണകി യാതൊരു വൈമനസ്യവും കൂടാതെ ആദരിച്ചു; അയാൾ കാട്ടിയ അക്രമങ്ങളൊന്നും വകവെയ്ക്കുന്നതായി ഭാവിക്കുക പോലും ചെയ്തില്ല. കോവലന്റെ കയ്യി

ത്ഭാവം കണ്ടിട്ട കണ്ണകി അതിന്റെ കാരണം ചോദിച്ചു. കയ്യിലുള്ള പണമെല്ലാം ധൂർത്തടിച്ചു കളഞ്ഞ് 'ദിവാളംദേഹി'യായി നടക്കേണ്ടിവന്നിരിക്കുന്നതിനെ പററിയാണ് വ്യസനിക്കുന്നതെന്ന കോവലൻ പറഞ്ഞു. മാസിപ്പെണ്ണിന്ന കൊടുപ്പാൻ കയ്യിലൊന്നുമില്ലാത്തതിട്ടാണ് ഇതിനെ ഇണിപ്പ്പിടിച്ചിരിക്കുന്നതെന്ന് ഓർത്ത കണ്ണകി സ്വന്തം കാൽചിലമ്പെടുത്തു കൊടുത്ത് ഇതുംകൊണ്ടു വേണ്ടതൊക്കെ ചെയ്യുന്നതിന്ന അപേക്ഷിച്ചു. അപ്പോൾ കോവലനൊരാശ്വാസം തോന്നി. ആ കാൽചിലമ്പു വിററു കിട്ടുന്ന പണംകൊണ്ടു വ്യാപാരം ചെയ്തു പണം സമ്പാദിക്കണം; മുമ്പിലത്തെ വലിയ നിലയിൽ കഴിഞ്ഞുകൂടിയ ഇട്ടിക്കിൽ ഈ ദോഷസ്ഥിതിയോടുകൂടി ഇരിക്കുന്നതിന്ന ഒരു സങ്കോചമുള്ളതിനാൽ നാടുവിട്ട വല്ലെടത്തും പോകണം; ഇതിന്നൊക്കെ കണ്ണകി തെളിച്ചുവരണം താനും; ഇതായിരുന്നു അപ്പോൾ കോവലൻ വിചാരിച്ചത്; ആ വിചാരം കണ്ണകിയോടു പറഞ്ഞപ്പോൾ, വീടുവിട്ട പുറത്തിറങ്ങിയിട്ടില്ലാത്തവളാണെങ്കിലും, ആ സ്ത്രീ പൂർണ്ണമായി സമ്മതിച്ചു.

കോവലന്റേയും, കണ്ണകിയുടേയും പിതാക്കൾ വലിയ സമ്പത്തുകാരാണ്. കാവേരിപ്പൂംപട്ടണത്തിൽ ലക്ഷ്മീദേവി വിട്ടുപിരിയാതെ താമസിച്ചതു തന്നെ അവരുടെ പരിശ്രമശീലത്തിന്റെ ഫലമാണെന്ന പറഞ്ഞാൽ നന്നെ അതിശയോക്തിയാവുകയില്ല. കോവലന്ന നല്ല നിലയിൽ കഴിഞ്ഞുകൂടത്തക്ക സമ്പത്തു പിന്നേയുംവെച്ചുകൊടുക്കുന്നതിന്ന അവർ ഒരുക്കമായിരുന്നു. അയാൾ ചീത്തനടപ്പെല്ലാം വിട്ടുകളയുക മാത്രമേ വേണ്ടതുള്ളു. എന്നാൽ കോവലൻ മറെറാരു പ്രകാരത്തിലാണ് പ്രവർത്തിച്ചത്. അയാൾ സ്വഭാവേന ദുർമ്മാടമ്പുകാരനല്ല. ദുസ്സംസർഗ്ഗംകൊണ്ട് ഇങ്ങിനെ ദോഷത്തിൽ പെട്ടുവെന്നു മാത്രമേയുള്ളു. ഇപ്പോൾ മനസ്സിന്ന നല്ല പശ്ചാത്താപം വന്നുകഴിഞ്ഞിരിക്കുന്നതിനാൽ അയാൾ സ്വന്തമായി പണം സമ്പാദിപ്പാൻ തീർച്ചയാക്കി. അങ്ങിനെ അയാൾ ഒരു ദിവസം രാത്രി ഭാര്യയേയും വിളിച്ചുകൊണ്ടു ചാടിപ്പോയി.

അവർ രാത്രി നടന്ന നേരം കഴിഞ്ഞു നേരം വെളിച്ചമായപ്പോൾ അവർ കൌന്തി അടികൾ എന്ന പേരായ ഒരു ബൌദ്ധഭിക്ഷുണിയെ കണ്ടുമുട്ടി; പിന്നെ, പാണ്ഡ്യരാജ്യത്തിന്റെ തലസ്ഥാനമായ മധുരാപുരി വരെ ആ സന്യാസിനി തുണയായിട്ടുണ്ടായിരുന്നു. അവർ മൂവരുംകൂടി യാത്ര തുടങ്ങി ഉറയൂരെന്നൊരു സ്ഥലത്തെത്തിയപ്പോൾ കോവലനേയും കണ്ണകിയേയും തിരിച്ചു കൊണ്ടുപോകുന്നതിന്ന് അവരുടെ പിതാക്കളയച്ചിരുന്ന ഒരു ഭൃത്യൻ അവരെ കണ്ടുമുട്ടി; വിവരം പറഞ്ഞു. എന്നാൽ അവർ നിശ്ചയത്തിൽ നിന്നിളകിയില്ല. തിരിച്ചുപോരുന്നതിന്ന മനസ്സില്ലെന്നും അച്ഛനമ്മമാരുള്ള തങ്ങളുടെ വന്ദനത്തെ അറിയിക്കണമെന്നും പറഞ്ഞു അവനെ പിന്തിരിപ്പിച്ചു. അവർ പിന്നേയും പല കാടുകളും പൊട്ട വഴികളും കടന്നുപോയി; കണ്ണകിയുടെ ഇളംതളിരൊത്ത കാലടികൾ ഇടറിപ്പോയി. അങ്ങിനെ ഒടുക്കം വൈഗാനദീതീരത്തെത്തി. അന്ന് അവർ മൂന്നാളുംകൂടി മധുരക്കോട്ടയുടെ പുറത്തൊരു ബ്രാഹ്മണാഗ്രഹാരത്തിൽ താമസിച്ചു. പിറേറന്ന രാവിലെ ബൌദ്ധസന്യാസിനി നഗരത്തിൽ പോയി അന്വേഷിച്ചുപിടിച്ച് ഒരു സ്ഥലം ശട്ടം കെട്ടി. ആ സ്ഥലം മതാരി എന്ന പേരാ

യ ഒരു ഇടയസ്ത്രീയുടേതായിരുന്നു. വീട്ടുടമസ്ഥയോട് കോവലനേയും, കണ്ണകിയുടേയും സ്ഥിതികളെപ്പററി സന്യാസിനി പറഞ്ഞുകൊടുത്തിട്ടുണ്ടായിരുന്നതിനാൽ അവർക്ക് യാതൊന്നിനും ബുദ്ധിമുട്ടുണ്ടായില്ല. ദയാശീലയായ ഇടയസ്ത്രീ സ്വന്തം മകളായ ഐയ്യൈയെ അവരുടെ ശുശ്രൂഷക്കാക്കിക്കൊടുത്തു.

ഉച്ചയ്ക്കത്തെ ഊണും കഴിച്ച് കോവലൻ ഭാര്യയുടെ കാൽചിലമ്പു വിൽക്കുന്നതിനായി പുറത്തേക്കിറങ്ങി. അധികം താമസിയാതെ് ഒരു തട്ടാനെ കാണുകയും ചെയ്തു. അയാൾ കോവലനെ കണ്ടപ്പോൾ താഴ്ന്നു വണങ്ങി. അപ്പോൾ അയാൾ തന്റെ വശമുള്ള ചിലമ്പെടുത്തു കാണിച്ച് അതിന്റെ വിലയറിയാമോ എന്നു ചോദിച്ചു. തട്ടാൻ അതു വാങ്ങി സൂക്ഷിച്ചുനോക്കി, രാജാക്കന്മാർക്ക് അണിയാൻ തക്കതായ ഒരു പണ്ടമാണെന്നും പറഞ്ഞു. താൻ ഈ പണ്ടം രാജസന്നിധിയിൽ കാണിച്ചു വരുന്നതുവരെ കാത്തുനില്ക്കണമെന്നും തട്ടാൻ കോവലനോട് താഴ്മയായി അറിയിച്ചു. കോവലനെ തട്ടാപ്പുരയുടെ സമീപത്തുള്ള ദേവിക്ഷേത്രത്തോടു ചേർത്തുകെട്ടിയുള്ളതിൽ ആക്കി അയാൾ കൊട്ടാരത്തിലേക്കു തിരിച്ചു.

ഇനി കഥാഭാഗത്തെ തുടരുന്നതിനു മുമ്പായി ഒരു സംഗതി പറഞ്ഞുവെയ്ക്കുവാനുണ്ട്. രാജാവിന്റെ നേത്യാരമ്മയുടെ ഒരു കാൽചിലമ്പു തട്ടാന്റെ പക്കൽ നന്നാക്കുവാൻ കൊടുത്തിട്ടുണ്ടായിരുന്നു. നിറം കാച്ചുവാൻ കാരണമേല്പിച്ച് അതു വെയിലത്തുണക്കുവാൻ വെച്ചിരുന്ന സമയത്തു വലിയൊരു കഴുകൻ അതു കൊത്തിക്കൊണ്ടു പോയി. തട്ടാൻ ഈ യഥാർത്ഥം തിരുമനസ്സറിയിക്കാതെ, അതു കള്ളന്മാർ മോഷണം ചെയ്തിരിക്കുന്നു എന്നാണ് അറിവിച്ചത്. ഈ ദോഷത്തിന്നൊരു ഇളവുണ്ടാകുവാൻ തട്ടാൻതന്നെ ശ്രമിച്ചുവരുകയാണ്. ഒരു യദൃച്ഛകൊണ്ടു കോവലനെ കണ്ടപ്പോൾ അയാളെ കഴിവിലാക്കി തന്റെ അപരാധം തീർക്കാമെന്നു തട്ടാൻ ഉറച്ചു. എന്നിട്ടാണ് അയാൾ കൊട്ടാരത്തിലേക്കു പോയത്.

രാജാവ് തലേന്നു രാത്രി ഒരു ആട്ടം കാണാൻ പോയിരുന്നത് പട്ടസ്ത്രീസംഘത്തിനാണെന്നാക്ഷേപിച്ച് നേത്യാരമ്മ കലഹിച്ചിരിക്കുന്നു എന്ന വിവരം കേട്ടിട്ട് രാജാവ് അന്തഃപുരത്തിലേക്കു പോകയായിരുന്നു. തട്ടാൻ, ആ സമയത്താണ് ദൈവഗത്യാ ചെന്നുപെട്ടത്. കളവുപോയ ചിലമ്പും കൊണ്ട് കള്ളൻ രാജകിങ്കരന്മാരെ ഭയപ്പെട്ട് തന്റെ കുടിയിൽ ആശ്രയം പ്രാപിച്ചിരിക്കുന്നു എന്നു തട്ടാൻ ഉണർത്തിച്ചപ്പോൾ രാജാവ്, മനസ്സിനു സ്വാസ്ഥ്യമില്ലായിരുന്നതിനാൽ ശരിയായന്വേഷിക്കാതെ, കിങ്കരന്മാരെ വിളിച്ച്, "തട്ടാൻ പറയുന്നപ്രകാരം ചിലമ്പോടുകൂടി ആളെ കണ്ടെത്തിയാൽ അയാളുടെ കഥ കഴിച്ച് അതിനെയുംകൊണ്ടു പോരുന്നതിനാജ്ഞാപിച്ച് തട്ടാനെ അനുമോദിച്ചയക്കുകയും ചെയ്തു.

രാജകിങ്കരന്മാർ തട്ടാനോടൊപ്പം തട്ടാപ്പുരയിൽ എത്തി. അവിടെ കിങ്കരന്മാരുടെ ദൃഷ്ടിയിൽ പെട്ടത് വളരെ തേജസ്സുള്ള ഒരാളാണ്. രാജകല്പനയുണ്ടായിരുന്നിട്ടും അയാളെ ഹിംസിപ്പാൻ അവർ മടിച്ചു. രാജകിങ്കരന്മാരെ കണ്ടപ്പോൾ കോവലനും മനസ്സിനു പതർച്ചയുണ്ടായി. കള്ളപ്പേരിൽ എതിരില്ലാത്ത തട്ടാൻ രാജകിങ്കരന്മാരെ പറഞ്ഞു പാട്ടിലാക്കി, കോവലൻ കള്ളനാണെന്നു സമ്മതിപ്പിച്ചു, അതു പരിശോധിച്ച് വില നിർണ്ണയിക്കുന്നതി

ന്ന മോഷ്ടാവയച്ചിട്ടുള്ള ഭൃത്യരാണ് രാജകിങ്കരന്മാരെന്ന കോവലനോടും പറഞ്ഞേൽപ്പിച്ചു. പിന്നെ അവർ ആ ആഭരണത്തെപ്പറ്റി ഓരോന്ന പറഞ്ഞുകൊണ്ട് കലനിലത്തിലെത്തി. കോവലൻ മഹാ ഋജുവാകയാൽ അവരുടെ മര്യാദയെപ്പറ്റി ശങ്കിക്കപോലും ചെയ്തില്ല. എന്നിരുന്നാലും പറയുന്നു കിങ്കരന്മാരിലൊരാൾ പിന്നിൽ കൂടി ചെന്നു കോവലന്റെ കഴുത്തിലൊരു വെട്ടുകൊടുത്തു. അവർ തങ്ങടെ ന്നു രാജാവിനെ അറിയിച്ചു പോരുകയും ചെയ്തു.

കോവലൻ പുറത്തേക്കിറങ്ങിപ്പോയപ്പോൾ ഇടയസ്ത്രീ മാദരി ചില സ്ത്രീകളെ വിളിച്ചു പാട്ടുംകളിയുമായി കണ്ണകിയെ രസിപ്പിക്കുകയായിരുന്നു: അങ്ങിനെയിരിക്കുമ്പോഴാണ് കോവലന്റെ മരണവൃത്താന്തം അവരുടെ ചെവിയിലെത്തിയത്. പാട്ടും കളിയും തൽക്ഷണം നിന്നു. എല്ലാവരും നിലവിളിയായി. കണ്ണകിയുടെ വ്യസനത്തിനു അതിരില്ലായിരുന്നു; എന്നാൽ പാണ്ഡ്യരാജാവിന്റെ അധർമ്മപ്രവൃത്തിയെക്കുറിച്ച് ദേഷ്യം അതിലധികമായി. അവൾ കാവേരിപ്പൂംപട്ടണത്തിലെ മാനാകിടയിലുള്ള സ്ത്രീയാകയാൽ വെളിക്കിറങ്ങി നടന്ന ശീലമില്ലെങ്കിലും, തന്റെ മറ്റെ കാൽചിലമ്പു വലിച്ചെടുത്ത് പ്രതിക്രിയക്കായി പുറപ്പെട്ടു. വഴിക്കു കണ്ടവരോടെല്ലാം പാണ്ഡ്യരാജാവിന്റെ അധർമ്മത്തെപ്പറ്റി ഉറക്കെ പറഞ്ഞുകൊണ്ടു കലനിലത്തെത്തി. തന്റെ ഭർത്താവിന്റെ ശവമായിക്കിടക്കുന്ന ദേഹം കണ്ടു വളരെ കരഞ്ഞു. പിന്നെ അവിടുന്ന നേരിട്ട് കൊട്ടാരത്തിലേക്കു ചെന്നു രാജാവിനെക്കണ്ടു. 'എവിടെനിന്ന്', എന്തിനായി വന്നതാണെന്ന രാജാവു ചോദിച്ചപ്പോൾ കണ്ണകി:— താൻ കാവേരിപ്പൂംപട്ടണത്തുകാരിയാണെന്നും വണിക്ശ്രേഷ്ഠനായ മാശാത്തുവന്റെ മകൻ കോവലന്റെ ഭാര്യയാണെന്നും പൂർവ്വജന്മകൃതകർമ്മഫലത്താൽ മധുരയിൽ ഉപജീവനാർത്ഥം വന്ന താമസിക്കുന്നവളെന്നും പറഞ്ഞിട്ട് പിന്നെയും തുടർന്നു:— "എന്റെ ഭർത്താവ് ഒരു ചിലമ്പു വിൽക്കുന്നതിനായി പുറത്തേക്കിറങ്ങിയിരുന്നു; അദ്ദേഹത്തെ അന്യായമായി പിടിച്ച്, ആഭരണവും തട്ടിപ്പറിച്ച് കൊലപ്പെടുത്തുകയും ചെയ്തിരിക്കുന്നു." "കള്ളനെ കൊല്ലുന്നതന്യായമോ?" എന്ന രാജാവ് ചോദിച്ചു. തന്റെ കാൽചിലമ്പിനുള്ളിൽ രത്നക്കൽ മണിയാണ് നിറച്ചിട്ടുള്ളതെന്ന കണ്ണകി പറഞ്ഞു. തന്റെ ഭാര്യ കാലിന്മേലിട്ടിരുന്നതിൽ വൈരക്കല്ലുള്ള നിറച്ചിരുന്നതെന്ന രാജാവിന്നു നല്ല നിശ്ചയമുണ്ടായിരുന്നതിനാൽ അദ്ദേഹം തള വരുത്തി. കണ്ണകി അതെടുത്തു നിലത്ത് ഊന്നി എറിഞ്ഞു; വൈരക്കല്ല് നിലത്താകെ ചിന്നിനിരന്നു. അപ്പോഴാണ് പാണ്ഡ്യന് കാര്യം മനസ്സിലായത്. വ്യസനാധിക്യം നിമിത്തം ആ അരചൻ മൂർച്ഛിച്ചു നിലത്തുവീണു മരിക്കുകയും ചെയ്തു. അവിടെ നടന്നതെല്ലാം കണ്ടുനിന്നിരുന്ന രാജപത്നി ഉടനെ നിലത്തുവീണു കണ്ണകിയോടു ക്ഷമായാചനം ചെയ്തു; ആ ധർമ്മപത്നിയും ഭർത്താവിനെ അനുഗമിച്ചു.

കണ്ണകി ഉടനെ അവിടുന്നു തിരിച്ചു കലനിലത്തെത്തി. അവിടെ അനവധി പുരുഷാരം കൂടിയിരുന്നു. തന്റെ ദുഃഖമയമായ ഇഹലോകവാസം അവസാനിപ്പിക്കുന്നതിനും, അനീതിപ്രയോഗം ചെയ്തിട്ടുള്ളവരുടെ നേരെ പ്രതിക്രിയ ചെയ്യുന്നതിനും ഉറച്ചുകൊണ്ട് കണ്ണകി സ്വന്തം ഇടത്തെ മുലയെ തെറിച്ചുവലിച്ചു പൊട്ടിച്ചെറിഞ്ഞു കൊണ്ടു

ത്തു; അതു അട്ടാലത്തിന്റെ മോന്തായത്തു ചെന്നുവീണു. കണ്ണകിയുടെ ദീർഘനിശ്വാസങ്ങളോടു അവിടെ കൂടിയിരുന്നവരുടെ ഉള്ളിൽ തട്ടി; അവരൊന്നായി ആ ദേഹത്തിന്ന് അട്ടഹസിച്ചു് തെറിച്ചുകൊണ്ടു; അയാളുടെ പുരപ്പുറത്തു കൊള്ളിയും വെച്ചു. പിന്നെ കണ്ണകി മധുര വിട്ടു ചേരമാനാട്ടിൽ സഹ്യമലയിൽ ഒരു വേങ്ങമരച്ചുവട്ടിൽവെച്ചു് ആയുസ്സവസാനിപ്പിക്കുകയും ചെയ്തു. ഇങ്ങിനെയാണ കഥ.

കണ്ണകിയുടെ വീരകൃത്യങ്ങൾ കഴിഞ്ഞു സഹ്യമലയിൽ വേങ്ങമരത്തണലിലിരിക്കുമ്പോൾ അവിടെ കൂടിയിരുന്ന കാടർ മധുരയിൽ കഴിഞ്ഞ വർത്തമാനങ്ങളെല്ലാം ചോദിച്ചറിഞ്ഞു. ചേരരാജാവായ ചെങ്കുട്ടുവൻ ഒരു ദിവസത്തിൽ വനക്രീഡാർത്ഥമായി പെരിയാർനദീതീരത്തിൽ പോയിരുന്നു; അപ്പോൾ കാടർ രാജമലപ്പുഞ്ഞിൽ നിന്നു കിട്ടിയ മധുരാവാർത്തകൾ കേൾപ്പിച്ചു. അന്നു റാണിമാരൊന്നിച്ചു താനവിടെയുണ്ടായിരുന്നുവെന്നു പറഞ്ഞു് ചാത്തൻ എന്ന മഹാപണ്ഡിതൻ ആ കഥ അവിടെ വെച്ചു വിസ്തരിച്ചു. അതുകേട്ടു രാജാവിനു വളരെ പശ്ചാത്താപം തോന്നി. ആ വീരസ്ത്രീചരിത്രത്തിൽ രാജ്ഞിയും വളരെ താല്പര്യം കാണിച്ചു; അവളുടെ ഓർമ്മക്കായി ഒരു ക്ഷേത്രം പണിയിച്ചു ആ സ്ത്രീയുടെ വിഗ്രഹം പ്രതിഷ്ഠിക്കണമെന്നു രാജാവിനോടു അപേക്ഷിക്കയും ചെയ്തു. അന്നു രാജാവു പണിയിച്ച ക്ഷേത്രമാണ് കൊടുങ്ങല്ലൂരെന്നു പറയുന്നത്. ഈ പക്ഷത്തിൽ അതിന്റെ ഒരു സ്ഥാപനമുണ്ടായതാവാം. പിന്നെ ചാത്തൻ വിസ്തരമായി പറഞ്ഞ കഥ ഇളങ്കോവടികൾ ഒരു കാവ്യമാക്കി ഉണ്ടാക്കി. അതാണ് ചിലപ്പതികാരം.

സി. വി. രവിശർമ്മരാജാ.

തെംകൈലാസനാഥോദയം

പ്രബന്ധം (തുടർച്ച)

ശൈലാധിപകിരീടമൗലിഭൂഷാസ്ഥാനീം
ശൈലേന്ദ്രനന്ദിനീമനാകലിതഭുജാന്തം
ചോലാന്തപശ്ചാദ്വരാംഗനാലിംഗിതം
ത്രൈലോക്യനാഥമാമിച്ഛധരകപാണി
(ഞ്ഞാർ

ഹരഹര ശിവ വിസ്മയംവിസ്മയം വിചിത്രമെന്നാണല്ലോ തെക്കൈലാസശൈലവർണ്ണനം കോലാഹലാരംഭത്തോടുകൂടം വന്നുമഹാപാപവിപ്രബന്ധനെന്നു പ്രാപ്പെട്ടവരൊക്കെയും കണ്ണെന്നാണല്ലോ കോപ്പിനിന്നുപോൽപ്പലമെത്തോട്ടിനെന്നും കമലാസനാദികളായ യാത്രാസമാരംഭത്തെ വിരോട്ടിക്ക തുടങ്ങുന്നു കേട്ട നിലയംവിരോധനാംഗംഗ്രഹിക്കാവതല്ലാട്ടമേ. കഷ്ടമോർത്താലശേഷംപരിതൃപ്തയാത്രാപ്രസംഗം പറഞ്ഞാലിങ്ങനെയാണല്ലോ നിസ്സംശയം. ഉദയാരംഭത്തിന്നു ഭവാനി ത്രിലോകപതികല്പിതംപോലിതു ചൂതാ പ്രകൃതം നിഷ്ഫലംകല്പനക്കൊപ്പിനെ നിന്നവിധിപോലൊന്നാകനിശ്ശങ്കംപോകയോനിത്തം കാര്യചിന്താനുഭവങ്ങൾപുണ്യാത്മമായോരെന്നാസ്യം പ്രതാപേഗ്ര

[illegible]

[illegible]

[illegible]

(തുടരും.)

സ്ത്രീസന്യാസം

ദക്ഷിണാവരം എന്ന സ്ഥലം കല്ക്കത്തായ്ക്ക് ഏകദേശം സമീപത്താണ്. ആ സ്ഥലം സന്ദർശിക്കുവാനിടയായിട്ടുള്ള ഉദ്യോഗസ്ഥന്മാരിൽ ചില ആംഗ്ലേയന്മാർ, അതു പ്രകൃതിയാൽ പ്രത്യേകം അനുഗ്രഹിക്കപ്പെട്ട ഒരു പരിശുദ്ധസ്ഥലമാകുന്നു എന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. വിജനപ്രദേശത്തിലിരിക്കപ്പെടുന്നവർക്ക് ഏതൊരാൾക്കും നാൽക്കണ്ണും എപ്പോഴും നിറഞ്ഞിരിക്കുന്ന ശാന്തതകൊണ്ട് നിർവ്വാണസുഖം കൊടുക്കുന്നതും ആയ ഒരു

സ്ഥലത്ത് ഈശ്വരന്റെ പ്രത്യക്ഷതെ പതിവുണ്ടായിരിക്കണമെന്ന കരുതി, എപ്പോഴും ചില യതീശ്വരന്മാർ അവിടെ ചെല്ലുകയും തപസ്സു ചെയ്യുകയും പതിവുണ്ട്. ഒരു വരാനുഗ്രഹത്താൽ ആ സ്ഥലത്തിന്ന പിന്നീട്ട സിദ്ധിച്ച പ്രസിദ്ധിയും മാഹാത്മ്യവും ഈ കഥ നടന്ന കാലത്തു തീരെ അസംഭാവ്യമായിരുന്നുവെങ്കിലും അവിടെ മുമ്പുണ്ടായിരുന്നില്ലാത്ത ചില ആശ്ചര്യചിഹ്നങ്ങൾ അന്നുതന്നെ കണ്ടുതുടങ്ങിയിരുന്നു.

ഇങ്ങിനെയിരിക്കുന്ന ദക്ഷിണാവരത്ത്, പ്രശാന്തമായ ഒരാശ്രമത്തിലിരുന്ന് ഒരു സന്ന്യാസി തപസ്സുചെയ്തിരുന്നു. പ്രായംകൊണ്ടു നോക്കിയാൽ, വിവാഹം കഴിച്ച് ഗൃഹസ്ഥവൃത്തിയിലിരിക്കേണ്ട കാലമായ യൌവനവയസ്സ് പരിപൂർണ്ണമായിരിക്കുന്നു. അവയവശോഭകൊണ്ടും, അദ്ദേഹത്തെ നല്ല സുന്ദരനെന്ന പറയുവാൻ ആരും മടിക്കയില്ല. പ്രസന്നമായ മുഖഭാവംകൊണ്ടും, സാധാരണയായി യുവാക്കന്മാർക്ക് വൈരാഗ്യം വരുവാൻ കാരണമായ മനോബാധകളൊന്നും കാണാത്തതുകൊണ്ട്, ഈ ചെറുപ്പത്തിൽ സന്ന്യാസം കൈക്കൊള്ളുവാനവകാശമില്ല. ഇങ്ങിനെയിരിക്കെ, ഇഹത്തിലുള്ള കെട്ടുപാടുകൾ സകലവും വിട്ട് യൌവനവിലാസങ്ങളായ നിത്യാനുഷ്ഠാനങ്ങളിൽ ലയിച്ച്, കഠിനതപസ്സുചെയ്യുന്ന ഈ സന്ന്യാസി തീർച്ചയായും ഒരു അസാധാരണ പുരുഷനായിരിക്കണം.

ബാല്യത്തിൽ സന്ന്യാസം സ്വീകരിക്കുന്നതു യഥാർത്ഥമായ വൈരാഗ്യം കൊണ്ടായിരിക്കയില്ലെന്ന പറക അയോഗ്യമാണ്. ശങ്കരാചാര്യരെപ്പോലെയുള്ള ചുരുക്കം ചില മഹാത്മാക്കന്മാർ മാത്രമേ ജനനാ തന്നെ വൈരാഗ്യമുള്ളവരായി ഉണ്ടായിട്ടുള്ളൂ. വേറെ കാരണമായതായാൽ, അതു അന്റെ ദുർവ്വിപാകങ്ങളെയും ദുഷ്കൃതികളെയും പരദൃഷ്ടിയിൽ നിന്ന മാറ്റുവാനായി ചെയ്യുന്ന ഒരു കപടവിദ്യയാണെന്ന ജനങ്ങൾ കരുതുകയും പതിവാണ്. എന്നാൽ ദക്ഷിണാവരത്തിലെ സന്ന്യാസിവരനെ സംബന്ധിച്ചേടത്തോളം, ജനങ്ങളുടെ ഇടയിൽ ഈവക സംസാരങ്ങളൊന്നും ഉണ്ടായിരുന്നില്ല. കാരണം, ജനങ്ങൾ തീരെ പ്രവേശിക്കാത്ത ഒരു സ്ഥലത്താണ് അദ്ദേഹത്തിന്റെ തപസ്സ്.

തപോവൃത്തിക്ക് ഒരു ദിവസം ചെല്ലുംതോറും ശക്തി വർദ്ധിച്ചു തുടങ്ങി. നിത്യധ്യാനം നിമിത്തം മനസ്സ് ഏകാഗ്രമായി നില്ക്കുന്നതിൽ സന്ന്യാസിക്കു ജാഗ്രത കൂടിത്തുടങ്ങി. യോഗാഭ്യാസത്തിലും ഒട്ടും കുറവില്ല. ലഘിമാകായോഗം മുതലായവയിൽ വിശേഷ സാമർത്ഥ്യം ഉണ്ടായി. പ്രാണായാമശക്തി നിമിത്തം സർവ്വേന്ദ്രിയങ്ങളും അധീനത്തിലായിത്തീർന്നു. തപസ്സിനുള്ള ഈ വിജയം കൊണ്ട് അദ്ദേഹം ലേശംപോലും ഗർവ്വിക്കുകയോ അഭ്യാസങ്ങളെ ചുരുക്കുകയോ ചെയ്തില്ല. ഇങ്ങിനെ നിത്യാനുഷ്ഠാനങ്ങളോടുകൂടി ഇരിക്കുന്ന കാലത്ത് ഒരു ദിവസം സന്ന്യാസി സന്ധ്യാനുഷ്ഠാനങ്ങൾക്ക് ശേഷം വളരെനേരം ധ്യാനത്തിലിരുന്നു പോയി. ധ്യാനാവസാനത്തിൽ, ദീർഘമായ ഒരു നിദ്രയിൽനിന്നെന്നപോലെയുള്ള ഭാവത്തോടുകൂടി ജാജ്വല്യമാനങ്ങളായ നേത്രങ്ങളെ മെല്ലെ തുറന്നു. അപ്പോൾ അദ്ദേഹത്തിന്റെ മുമ്പിൽ ഒരു സ്വരൂപം ദൃശ്യമായി ഭവിച്ചു. വിജനമായ ആ സ്ഥലത്ത് ഇങ്ങിനെയുള്ള ഒരു കാഴ്ച കണ്ടതു അസംഭാവ്യം തന്നെ.

ആ കണ്ടത് ഒരു സ്ത്രീരൂപമായിരുന്നു. അവൾ ബാല്യകാലം കഴിഞ്ഞ് യൌവനത്തിൽ പ്രവേശിപ്പാൻ തുടങ്ങിയിട്ടേ ഉള്ളൂ.

സ്ത്രീസഹജമായ സൌന്ദര്യം, യാതൊരു കൃത്രിമശോഭയും കൂടാതെ തന്നെ വിളയാടിക്കൊണ്ടിരുന്നു. സ്ത്രീസംഗതിയാണെന്നുള്ള ഏകസംഗതിനിമിത്തം അതിന്നാവശ്യമായ ആഭരണം മാത്രമല്ലാതെ യാതൊരലങ്കാരവും അവർ അണിഞ്ഞിരുന്നില്ല. എന്നാൽ, സ്ത്രീകൾക്കു തന്നെ അവരുടെ കാര്യത്തിൽ വേണ്ടപ്പെട്ട എല്ലാ ആഭരണങ്ങളും കൊടുത്തിട്ടുണ്ട്.

"വാലത്താലിതളോടിടഞ്ഞനേത്രൌ,ഘോരൻ
പാരമത്തിൻവടിവൂ,പാണ്ഡവാ ചാരുവക്ത്രം,
ലോലംഗ്രൂഹങ്കനിക്കു,നല്ല ചില്ലി,കാലലം-
ഭാലംഞ്ചിച്ചുഴന്നകൊഴികനാകേശപാശം."

"ഈവണ്ണം പ്രകൃതിതരാംഗഭംഗികൊണ്ടും മൌവനത്തിൻകരവിരുതിനാലതിശയാഢ്യ." അവർ ശോഭിച്ചുകൊണ്ടിരുന്നു. എന്നാൽ, കഠിനമായ ഒരു ശോകാവേഗം അവർക്കനുഭവിക്കേണ്ടതായി വന്നിരിന്നു എന്നു അവരുടെ മോഹത്തിനു കാരണം തെളിച്ചിലും കവിൾത്തടങ്ങളിലെ വിളർച്ചയും വിളിച്ചു പറയുന്നുണ്ട്. അത്യുപവാസം കൊണ്ടെന്നപോലെ ദീർഘദീർഘങ്ങളായി പുറപ്പെടുന്ന നിശ്വാസങ്ങളും വാടിവിയർത്ത ദേഹവും അവരുടെ അസ്വാസ്ഥ്യത്തിന് അധികം ശക്തി കൂട്ടിയിരുന്നു. ഈ ദീനഭാവം കണ്ടതുകൊണ്ടിട്ടെന്നവണ്ണം സന്യാസി അതൊരു സ്ത്രീയാണെന്നു വിചാരിച്ച് വൈമുഖ്യം കാണിക്കുന്നില്ല, എന്നാൽ ഒരു നേരത്തേക്ക് ഒന്നും സംസാരിച്ചില്ല. യുവതിയും ഒന്നും ഉരിയാടിയില്ല. ഒടുവിൽസന്യാസി പറഞ്ഞു: "ഭഗവാൻ പ്രസാദിക്കട്ടെ. നിങ്ങൾ ആരാണ്? ഇവിടെ എന്തിനായിട്ടാണ് വന്നത്?"

യതീന്ദ്രൻ ഇത്രയും ചോദിച്ചു കഴിഞ്ഞപ്പോഴേക്ക് അവർക്ക് എന്തെന്നില്ലാത്ത ചിത്തവികാരങ്ങൾ അങ്കുരിച്ചു. ഹൃദയാവേശം ബാധിച്ചതെന്നാലിച്ചു. ദേഹാസ്വാസ്ഥ്യങ്ങൾ പൂർവ്വാധികം വേഗത്തിൽ പുറപ്പെട്ടു. തല ആകെപ്പാടെ തിരിയുന്നതായി തോന്നി ബുദ്ധിക്കു വെളിവു തീരെ ഇല്ലാതെയായി. മോഹാലസ്യപ്പെട്ട അവർ പെട്ടെന്നു യതീശ്വരന്റെ മുമ്പിൽ സാഷ്ടാംഗമായി നമസ്കരിക്കുന്ന വിധം ഭൂമിയിൽ വീണു.

സന്യാസി വേഗം എടുത്തു ചെമ്പുകൊണ്ടുവന്ന ജലം എടുത്തു സർവ്വാംഗവും തളിച്ചു. ശിരസ്സിൽ ഒരു അധികം ജലം ഒഴിക്കുകയും ചെയ്തു കുറച്ചു കഴിഞ്ഞപ്പോൾ വലിയ ഒരു ദീർഘശ്വാസത്തോടു കൂടി അവർ കണ്ണു മിഴിച്ചു. എന്തോ പറയുവാൻ ആവിക്കുന്നതുപോലെ തോന്നുകയാൽ സന്യാസി പറഞ്ഞു: "ധൃതിപ്പെടേണ്ടാ; ക്ഷീണം ഒരു തീരട്ടെ".

യുവതി—"ഭഗവാൻ! ഇപ്പോൾ എനിക്ക് ഇനി ജീവിച്ചിരിക്കണമെന്ന മോഹമില്ല. പക്ഷേ, അവിടത്തെ തൃപ്പാദാരവിന്ദങ്ങളിൽ വന്ദിക്കണമെന്ന ഒരു ആഗ്രഹമുണ്ടായിരുന്നു. അവിടത്തെ കൃപയാൽ അത് ഇപ്പോൾ സാധിച്ചു. ഇനി വേഗത്തിൽ എന്റെ പാപങ്ങളെല്ലാം ശമിക്കുമാറാകി അനുഗ്രഹിക്കണേ."

സന്യാസി—"നിങ്ങൾ പറയുന്നതിന്റെ അർത്ഥം മനസ്സിലാവുന്നില്ല. എല്ലാം സ്പഷ്ടമായിപ്പറയുക."

യുവതി—"നിർഭാഗ്യയായ ഇവൾ ഇനി എന്താണ് അവിടത്തോട് ഉണർത്തിക്കേണ്ടത്? അവിടത്തെപ്പോലെയുള്ള മഹാന്മാരോടില്ലെങ്കിലും, സ്ത്രീജാതിക്ക് ദൈവം ഭർത്താവാണെന്ന് ഞാൻ ധരിച്ചിട്ടുണ്ട്".

സന്യാസി—"അതു ധാരണ ശരി തന്നെ. പക്ഷേ, ഞാൻ എന്താണ് അതിൽ ചെയ്യേണ്ടത്?"

യുവതി—"തെറ്റില്ല. എന്നാൽ, ഭർത്തൃശുശ്രൂഷയ്ക്കു് ഈ ജന്മത്തിൽ ഒരു വഴിയും ഇല്ലാത്ത ഇസ്ത്രീയുടെ ആത്മാവിനു നിത്യമായ ആനന്ദം ഉണ്ടാകുവാൻ അനുഗ്രഹിക്കണം".

സന്യാസി—"എന്ത്? നിങ്ങൾക്ക് ഇത്ര ചെറുപ്പത്തിൽ വൈധവ്യം ഉണ്ടാകുവാൻ ഇടയായോ? അങ്ങിനെയാണെങ്കിൽ, നിങ്ങളുടെ ആത്മാവ് നിത്യാനന്ദം പ്രാപിക്കുന്നതിന് ഈശ്വരൻ കടാക്ഷിക്കട്ടെ".

യുവതി—"അല്പം വ്യത്യാസമുണ്ട്. വൈധവ്യം എന്ന നരകം എനിക്കു വന്നിട്ടില്ല. എങ്കിലും എന്റെ ഭർത്താവ് ഒരു വിധുരന്റെ നിലയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. അതാണു ഇങ്ങിനെ പറയുവാൻ കാരണം".

സന്യാസി—"എന്നാൽ നിങ്ങൾ ആത്മത്യാഗം ചെയ്യുവാനുള്ള ശ്രമമോ".

യുവതി—"എന്റെ ഭർത്താവ് ഞാൻ ജീവിച്ചിരിപ്പുണ്ടോ എന്നോ താൻ വിവാഹം ചെയ്തിട്ടുണ്ടെന്നോ സ്മരിക്കാതെ, എനിക്ക് ഭർത്തൃശുശ്രൂഷയ്ക്കു് ഒരു മാർഗ്ഗവും ഇല്ലാത്ത ഒരു നിലയിൽ ആക്കിത്തീർത്താലോ?"

സന്യാസി—"അതും അസംഭാവ്യമല്ല. എന്നാൽ, ഹിന്ദുസ്ത്രീകളുടെ ധർമ്മം എന്തു നിലയിലും ഭർത്താവിനെ ഇഷ്ടദൈവത്തിന്റെ ധർമ്മം ആചരിച്ചു് ജീവിക്കുകയാകുന്നു".

യുവതി—"ഞാൻ വ്യക്തമായി പറയാം. നാട്ടിലെ നാടകങ്ങളിൽ കാണുന്ന ശൈലീപ്രകാരം, വളരെ കുട്ടിക്കാലത്തു തന്നെ അവിടുത്തെക്കൊണ്ട് ഇരുവരുടെ വിവാഹം മാതാപിതാക്കന്മാർ ചെയ്യിച്ചിരിക്കുന്നു. ആ കർമ്മത്തിന്റെ ഉദ്ദേശമെന്താണെന്ന് മനസ്സിലാവാത്തക്ക പ്രായം അന്നു ഞങ്ങൾക്കു് ആയിട്ടില്ലായിരുന്നു. പ്രായം ചെന്ന് അറിവു വെച്ചപ്പോഴേക്കു് അവിടുന്നു് ഈ നിലയിൽ എന്നെ വെറുക്കുന്നതും വിട്ടുകയും ചെയ്തു. വീട്ടുകാരും നാട്ടുകാരും എന്നെ 'ഭാഗ്യമില്ലാത്തവൾ' എന്നു പരിഹസിക്കയും, ഇരുവർ എന്റെ ദൗർഭാഗ്യത്തെ ശപിക്കയും ചെയ്തു. ആ കഷ്ടം സഹിക്കാഞ്ഞിട്ടാണ് ഏകാകിനിയായി ആരോടും അറിയിക്കാതെ ഞാൻ ഇവിടെയ്ക്കു നടന്നു വന്നത്. ഇനി അവിടുന്നു കല്പിക്കുംപോലെ."

ഇത്രയും പറഞ്ഞ് യുവതി തേങ്ങിത്തേങ്ങിക്കരയുവാൻ തുടങ്ങി. യതിയാകട്ടെ, ഈ ആശ്ചര്യം കണ്ടിട്ടും യാതൊരു ഭാവഭേദവും കൂടാതെ നിന്നു.

സന്യാസി—"കൊള്ളാം. യുവതി പ്രവർത്തിച്ചത് ഒട്ടും അധർമ്മമായിട്ടില്ല. എന്നാൽ, ഞാൻ ഈ ലോകത്തിലുള്ള സർവ്വബന്ധങ്ങളും വിട്ടുകഴിഞ്ഞിരിക്കുന്നു. എനിക്ക് യുവതിയുൾപ്പെടെ ലോകത്തിലുള്ള സർവ്വസ്ത്രീകളും മാതാവിനെപ്പോലെയാണ്. അതുപോലെതന്നെ യുവതിയും, സകല പുരുഷരെയും പിതൃതുല്യരായി വിചാരിച്ച് നിത്യാനന്ദത്തോടുകൂടി ഇരിക്കുക. സർവ്വരുടെയും ജീവൻ ദൈവത്തിന്റേതാണ്. അതുകൊണ്ട് അത് താനേ പോകുന്ന സമയത്തല്ലാതെ വിട്ടുകളയുന്നത് അധർമ്മമാണ്."

യുവതി കുറെ നേരം ഒന്നും മിണ്ടാൻ വയ്യാതെ തന്റെ ഭാവിയെപ്പറ്റി ഓർത്ത് വ്യസനിച്ചുവെങ്കിലും "അവിടുത്തെ കല്പന ഇപ്പോഴത്തെ വിശ്വാസപൂർവ്വം അനുസരിച്ചുകൊള്ളാം" എന്ന മറുപടി പറഞ്ഞു. സുമാർ പതിനഞ്ചു വയസ്സുള്ള ആ കന്യക ചെയ്ത തന്റെ പ്രതിജ്ഞയെ സതിധർമ്മം വഹിക്കേണ്ട ദീർഘമായിരുന്ന ജീവിതകാലത്തിൽ ലവലേശം

[illegible]

പാർവതീദശകം

[illegible] 1

[illegible] 2

[illegible] 4

[illegible] 5

[illegible]

[illegible]

6

[illegible]

7

[illegible]

8

[illegible]

9

[illegible]

10

[illegible]

ആചാരപരിഷ്കാരം

ലോകത്തിൽ ഇപ്പോൾ കാണുന്ന വിവിധജനസമുദായങ്ങൾ, പണ്ട് ഒരു കാലത്ത് ഏകദേശം ഒരേ [illegible] ആയി പാർത്തിരുന്നവരാണെന്ന ചില വിദ്വാന്മാർ സിദ്ധാന്തിച്ചിട്ടുണ്ട്. ആദ്യകാലത്തെ ആ ഏകസമുദായമാണ് [illegible] അനേകം വേറെ വേറെ സമുദായങ്ങളായി പിരിഞ്ഞ് [illegible] താമസിക്ക

ചാൻ തരിയായി വന്നില്ല. അതുകൊണ്ടല്ലാണ് സമുദായസംബന്ധമായി ലോകത്തിന് അഭിവൃദ്ധി ഉണ്ടായിത്തുടങ്ങിയത്. മനുഷ്യരിൽ ചിലർ ശ്രേഷ്ഠരും ചിലർ അധഃപതിതരല്ലാതെ വരുവാൻ കഴിയില്ലെന്നുള്ള വാദം എത്രതന്നെ ശരിയായിരുന്നാലും, മനുഷ്യരുടെ വിഭിന്നസമുദായീകരണംകൊണ്ട് ലോകത്തിനു പൊതുവെ അഭ്യുദയമല്ലാതെ അധഃപതനം വന്നിട്ടില്ലെന്ന് പല ലക്ഷ്യങ്ങളെക്കൊണ്ടും തെളിയിക്കുവാൻ കഴിയും. ആ സംഗതി എങ്ങിനെയായാലുമാകട്ടെ; വിഭിന്നസമുദായങ്ങൾക്ക് തമ്മിൽ ഭിന്നതയുള്ള കാരണം എന്താണെന്നു പരിശോധിക്കുക തന്നെ.

വിഭിന്നങ്ങളായ മനുഷ്യസമുദായങ്ങൾക്ക് തമ്മിൽത്തമ്മിലുള്ള ഭിന്നതയ്ക്കു പ്രധാനമായ കാരണം 'ആചാരം' ആകുന്നു. ആചാരത്തെ പ്രകൃതത്തിൽ മൂന്നായി ഭാഗിക്കാം. അതു ശ്രുതി, സ്മൃതി, സദാചാരം എന്നീ ഭാഗങ്ങളാണ്. ഒന്നാമതായും പ്രധാനമായും ഉള്ള ആചാരങ്ങൾ, അഥവാ ധർമ്മങ്ങൾ ശ്രുതിസിദ്ധങ്ങളാകുന്നു. രണ്ടാമത്തേതു സ്മൃതിസിദ്ധങ്ങൾ. ശ്രുതിയിലുള്ള അർത്ഥങ്ങളെ വിശദമാക്കിയും ചുരുക്കിയും പ്രതിപാദിക്കുകയാണ് സ്മൃതികളുടെ ഉദ്ദേശം. എന്നാൽ, സ്മൃതികൾ ഉണ്ടാക്കീട്ടുള്ളത് ശ്രുതിയുടെ കാലത്തിനുശേഷമാകയാൽ, കാലഭേദത്തിനനുസരിച്ച് ചില വ്യത്യാസങ്ങളും ശ്രുതിപ്രമാണത്തിൽനിന്നു ഭേദപ്പെട്ട ചില വിധികളും സ്മൃതികളിൽ സുലഭമായിക്കാണാം. മൂന്നാമത്തെ വിഭാഗം സദാചാരമാകുന്നു. സദാചാരം എന്നത്, ബ്രാഹ്മണങ്ങൾ ആചരിച്ച് മനസ്സങ്ങളായ അനുഷ്ഠാനങ്ങളും വിശ്വാസങ്ങളും മറ്റും ഒരു 'നടപ്പ്' ആയിത്തീർന്നവയെല്ലാം അതുകൾക്ക പറയുന്ന പേരാണ്. ഇത്, ഓരോരോ കാലങ്ങളിൽ ഓരോരോ വിധത്തിൽകൂടിയും കാണും, മാറിയും മറിഞ്ഞും വരാവുന്നതാണ്. ഈ പരമ്പരയിൽ ആദ്യത്തേതും കാണിച്ചവയ്ക്കു പ്രാധാന്യവും പ്രാമാണ്യവും കൂടിയും, ഒടുവിലത്തെതുവിൽ പറഞ്ഞവയ്ക്ക് പ്രാബല്യം കുറഞ്ഞും ഇരിക്കുന്നതാണ്.

ആചാരങ്ങളുടെ ഈ പ്രാമാണ്യഭേദത്തിനു കാരണം എന്തെന്നു പരിശോധിക്കാം. ശ്രുതിസിദ്ധങ്ങളായ ധർമ്മങ്ങൾക്കു മൂലം ശ്രുതിയാണല്ലോ. ശ്രുതികളുടെ ഉൽപത്തി സമുദായവിഭാഗത്തിൽ വിശ്വാസമുണ്ടായിരുന്ന ഒരു കാലത്തായതാൽ, അനുകൂലമായി വിധിക്കപ്പെട്ട ആചാരങ്ങൾ വളരെ സ്വാഭാവികമായി ഇരിക്കും. അവയെപ്പറ്റി ആക്ഷേപം അധികമായ അഭിപ്രായഭേദങ്ങളും, കാലത്തിനനുസരിച്ച് പരിഷ്കാരങ്ങൾ വരുത്തേണ്ട ആവശ്യവും കുറഞ്ഞിരിക്കും. അതുകൊണ്ട്, ശ്രുതി എല്ലാറ്റിലും വെച്ച് പ്രാമാണ്യംകൂടിയ ഒരു വിധിയാകുന്നു. എന്നാൽ സ്മൃതിയുടെ സ്ഥിതി ഇങ്ങിനെയല്ല. അതിന്റെ നിർമ്മാണകാലങ്ങളിൽ, സമുദായങ്ങൾക്ക് ആദ്യത്തെപോലെയുള്ള ഉൽക്കർഷവും വിശ്വാസത്തിൽ വിശ്വാസം നേടേണ്ടുന്നതുള്ള അഭിനിവേശവും അധികപ്പെട്ടിരുന്നു. അതുകൊണ്ട്, അക്കാലങ്ങളിൽ അധികം അഭിവൃദ്ധി പ്രാപിച്ചിരുന്നവരെ ഉദ്ദേശിക്കയും, അവർ ജീവിതത്തിൽ ചില അധികസൗകര്യങ്ങളും അവകാശങ്ങളും അനുഭവിച്ചും വിഷയപ്രതിപാദനം ചെയ്യുന്നതിൽ ശ്രുതിയോടു വിരോധം വന്നാൽകൂടി ശൈഥില്യം കാണിക്കാത്ത ഒരു രീതിയിലാണ് സ്മൃതികൾ നിർമ്മിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട്, സ്മൃതികളുടെ പ്രാമാ

ണ്യാതെ സാർവ്വത്രികത്വം ഒരു അവ്യവസ്ഥകൾ വരാതെ കഴികയില്ല. സദാചാരം എന്ന പദം ഇതിനെല്ലാംവച്ച് വിലക്ഷണമാകുന്നു; തന്നിഷ്ടങ്ങളായ നടപടികൾക്കു ക്ലിപ്തമായ ഒരു വ്യവസ്ഥ കല്പിക്കുവാൻ വയ്യ. ഓരോരുത്തരുടെയോ എന്താനും പൊതുവായോ പ്രത്യേകസൗകര്യത്തെ മാത്രം അടിസ്ഥാനപ്പെടുത്തി അവർ മാത്രം അനുഷ്ഠിച്ചുവന്ന നടപടികളെ കാലാന്തരത്തിൽ അധികം ജനങ്ങളും അനുവർത്തിക്കുവാനും ആ വഴിക്ക് അവയ്ക്ക് ഒരു പ്രതിഷ്ഠ ലഭിക്കുവാനും ഇടയാകുമ്പോഴാണ് 'സദാചാരം' ആചാരവിധികളിൽ കടന്നുകൂടുന്നത്. അതുകൊണ്ട് അവയുടെ പ്രാമാണ്യം എത്രയോ ശിഥിലമാകുന്നു. ഈ മൂന്നു വിധം പ്രമാണങ്ങളുടെയും സിദ്ധങ്ങളായ ധർമ്മങ്ങൾക്ക്, അഥവാ ആചാരങ്ങൾക്ക് ആർഷഗ്രന്ഥങ്ങളിൽ കല്പിച്ചിട്ടുള്ള പ്രാമാണ്യക്രമം ഇങ്ങിനെയാണ്:— 'ഒരു സദാചാരം സ്മൃതിയ്ക്കു വിരോധമായി വന്നാൽ അതു സ്വീകാര്യമല്ല. സ്മൃതി ശ്രുതിയ്ക്കു വിരോധമായിവന്നാൽ ആ സ്മൃതിയും പ്രമാണമല്ല. ശ്രുതിസിദ്ധങ്ങളായ ആചാരങ്ങൾക്കു ഭംഗം വരികയാത്ത നിലയിലുള്ള സ്മൃതിസദാചാരങ്ങൾ ആർഷം ആദരണീയങ്ങളാകുന്നു.'

മേൽപ്പറഞ്ഞ 'ആചാരങ്ങൾ' എന്ന ശൃംഖലകളെക്കൊണ്ടു കെട്ടീട്ടാണ് സമുദായങ്ങളുടെ പ്രത്യേകതയെ നിലനിർത്തിട്ടുള്ളത്. അവയിൽ ശൗചാചാരം മതസംബന്ധമായും, മറ്റു ഒരുവിധം ആചാരങ്ങൾ ജാതിസംബന്ധമായും ഉള്ള നാനാത്വത്തിനു ഹേതുവാണെന്ന് ഒരുവിധത്തിൽ നിശ്ചയിക്കുന്നതിനു വിരോധമില്ല. ഓരോ സമുദായങ്ങൾക്കും ഉള്ള ആചാരങ്ങളുടെ മൂലമായ ഈ പ്രമാണങ്ങളും, അവയെ അംഗീകരിക്കുന്ന സമുദായങ്ങളും എല്ലാ കാലത്തേയും ഒരേ രീതിയിൽത്തന്നെ അംഗീകരിക്കണമെന്നോ അതതു കാലത്തിനനുസരിച്ച് വല്ല വ്യത്യാസവും ചെയ്യുന്നതിനു വിരോധമില്ലയോ എന്താണ് ശാസ്ത്രസമ്മതമെന്ന് ഒന്നു ചിന്തിച്ചുനോക്കേണ്ടതാണ്. ഈ നിരൂപണത്തിൽ, ഒരു സംഗതി പ്രത്യേകം ആലോചിക്കേണ്ടതുണ്ട്. അതായത്, ദേശകാലാദികളുടെ ഭേദംകൊണ്ട് ലോകത്തിലുള്ള എല്ലാ വസ്തുക്കൾക്കും പ്രതിക്ഷണമെന്നപോലെ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു എന്നുള്ളതാണ്. 'ക്ഷണപരിവർത്തിനോ ഹി ഭാവാ ഋതേ ചിതിശക്തേഃ' എന്നാണ് പ്രമാണവും. ഇങ്ങിനെ ക്ഷണപരിവർത്തിയായിരിക്കുന്ന പ്രപഞ്ചത്തിൽ സ്ഥിരപ്രതിഷ്ഠമായ ഒരാചാരത്തെ നിലനിർത്തുവാൻ സാധിക്കുമോ? ലോകത്തിൽ എന്തു തരക്കാർക്കും കാലഭേദംകൂടാതെ ആചരിക്കത്തക്കവിധത്തിൽ സാർവ്വത്രികത്വത്തോടുകൂടിയ വല്ല ആചാരവിധിയും ഉണ്ടെങ്കിൽ അതു മാറ്റാതെ എങ്ങിനെ ആചരിക്കാം? ഈ വക സംഗതികളെ, ഹിന്ദുക്കളുടെ ആചാരപ്രവർത്തകന്മാർ നല്ലവണ്ണം ഓർത്തിട്ടുണ്ടെന്ന്, ധർമ്മശാസ്ത്രചരിത്രത്തിൽനിന്നു തെളിയിക്കുവാൻ കഴിയും. ഒന്നാമതു വേദത്തെത്തന്നെ നോക്കുക! വേദവിഹിതങ്ങളായ ഗോമേധം മുതലായ ചില കർമ്മങ്ങൾ ഇപ്പോൾ എവിടെ? സ്മൃതിയെ സംബന്ധിച്ചാണെങ്കിൽ, 'ഇമാന്ധർമ്മാൻ കലിയുഗേ വർജ്ജ്യാനാഹുർമ്മനീഷിണഃ' എന്ന മുതലായ വചനങ്ങൾ ഇതിലേക്കു സഹായിക്കുന്നുണ്ട്. ദേശകാലാദിഭേദേന ആചാരഭേദം ചെയ്യാൻ പാടില്ലെങ്കിൽ, ആചാര്യസ്വാമികൾതന്നെ എന്തിനായിട്ടാണ് കേരളത്തിലേയ്ക്കു പ്രത്യേകാചാരങ്ങൾ നടപ്പിലാക്കിയത്?

ഇത്രയും പറഞ്ഞതുകൊണ്ട്, ആചാരപരിഷ്കാരം ആവശ്യമാണെന്നു സിദ്ധിച്ചുവല്ലൊ. ഇനി ഏതുതരത്തിലായിരുന്നു നടത്തേണ്ടതെന്നാണ് ആലോചിക്കേണ്ടത്? ഈ സംഗതിയിൽ മുഖ്യമായ ഒരംശം ആലോചിക്കേണ്ടതുണ്ട്. അതായത്, പുതുതായി ചെയ്യുന്ന പരിഷ്കാരങ്ങൾ തീരെ ഐഹികങ്ങളോ, തീരെ പാരത്രികങ്ങളോ പരിണമിക്കാതിരിക്കേണ്ടതാകുന്നു. ആചാരസംഗതിയിൽ ഒന്നുകിൽ തീരെ പാരത്രികങ്ങളായ ആചാരങ്ങൾ നിമിത്തം ഐഹികവിഷയങ്ങളിൽ ജീവിതസൗകര്യത്തിനു മാറ്റമില്ലാതെ കഴിക്കപ്പെടുന്ന ആചാരങ്ങളുടെ തിരുത്ത കാര്യ്, അവയെ ഐഹികങ്ങളാക്കിത്തീർക്കുക; അതല്ലെങ്കിൽ, വെറും ഐഹികങ്ങളായ ആചാരങ്ങളെ അവലംബിച്ച് പാരത്രികസുഖങ്ങൾ ലഭിക്കുവാൻ വഴികാണാതെ ക്ലേശിക്കുന്നവർ അതിനു വഴിയുണ്ടാവത്തക്കവിധം അവരുടെ ആചാരങ്ങളിൽ പാരത്രികാംശത്തെ കൂട്ടിച്ചേർക്കുക; ഈ രണ്ടു വിധത്തിൽ മാത്രമേ പരിഷ്കാരങ്ങൾ വരുത്തേണ്ടുന്ന സന്ദർഭം വരുന്നുള്ളൂ. ഉദാഹരണത്തിനു മലയാളത്തിലെ നമ്പൂതിരിസമുദായത്തെത്തന്നെ എടുക്കാം. നമ്പൂതിരിമാർ മലയാളത്തിൽ എല്ലാംകൊണ്ടും ഉൽകർഷം കൂടിയവരാണ്. വസ്ത്രാശ്രമങ്ങളിൽ അസാധാരണമായ ശ്രദ്ധയും കർമ്മാനുഷ്ഠാനങ്ങളിൽ വലിയ നിയന്ത്രണവും ഉള്ളതുകൊണ്ടും ജ്ഞാനോപാസനാദ്ധ്യാത്മവിഷയങ്ങളിൽ വിശേഷപാണ്ഡിത്യമുണ്ടാവത്തക്കതായ പ്രാചീനവിദ്യാഭ്യാസത്തിൽ ആസക്തിയുള്ളതുകൊണ്ടും ഇവർ പാരത്രികസുഖത്തിനു ധാരാളം മതിയാവുന്നവിധത്തിലുള്ള ആചാരങ്ങളെ അനുഷ്ഠിക്കുന്നവരാണ്. പണ്ടുകാലങ്ങളിൽ ഇത്രയം ഉള്ളതുകൊണ്ടു മാത്രം ഇഹത്തിലും സുഖം സിദ്ധിക്കുവാൻ വഴിയുണ്ടായിരുന്നതിനാൽ ഇവർ ഐഹികവിഷയങ്ങളിലും ഉൽകൃഷ്ടന്മാർതന്നെ ആയിരുന്നു. എന്നാൽ ഇപ്പോൾ ഇതുകൊണ്ടൊന്നും മതിയാവില്ല എന്നു വന്നുപോയി. ഇപ്പോഴത്തെ രാജ്യകോയ്മയായ ബ്രിട്ടീഷ് ഗവർമ്മെന്റും അവരുടെ കീഴിലുള്ള സ്വദേശഗവർമ്മെന്റുകളും ഭരണത്തിന്റെ സ്ഥാനത്ത് ഇംഗ്ലീഷ്ഭാഷയെയാണ് അംഗീകരിച്ചിരിക്കുന്നത്. ജനങ്ങളുടെ നിത്യോപയോഗത്തിന് ആവശ്യമായിട്ടുള്ള മിക്ക ഗ്രന്ഥങ്ങളും ഇംഗ്ലീഷിലാണ് രചിക്കപ്പെട്ടിരിക്കുന്നത്. ജീവൻ, മാനം, സ്വത്ത് ഈ മൂന്നിന്റെയും രക്ഷയ്ക്ക് ഉള്ള നിയമങ്ങളെ അറിയണമെങ്കിൽ അതിനും ഇംഗ്ലീഷ് വേണം. അപ്പോൾ, മറ്റു സമുദായക്കാരെന്നപോലെ നമ്പൂതിരിമാർക്കും ഇംഗ്ലീഷിന്റെ ജ്ഞാനം കഴിച്ചുകൂടാതെ ആയിരിക്കുന്നു. ഇവർക്കാണെങ്കിൽ അതിന് ആചാരസംബന്ധമായ തടസ്ഥമുണ്ടെന്ന ഒരു വെച്ചിരിക്കുന്നത്. "മ്ലേച്ഛഭാഷാം ന ചാഭ്യസേത്" എന്ന ശാസ്ത്രനിഷേധത്തിൽ ഇംഗ്ലീഷ്ഭാഷയെ ഗ്രഹിച്ചിട്ടുണ്ടോ എന്നു സംശയമാണെങ്കിലും നമ്പൂതിരിമാരുടെ "നടപ്പ്" ആലോചിച്ചുനോക്കിയാൽ ഇംഗ്ലീഷ് പഠിക്കാതിരിക്കുന്നതു സദാചാരമായി കാണുന്നവർ വളരെ ചുരുക്കമാണ്. നമ്പൂതിരിമാരുടെ ഇടയിൽ അനാചാരമായ തീവണ്ടിയാത്ര ചെയ്യാമോ നടപ്പുണ്ടായതോ എന്ന് ഇയ്യിടയിൽ ഒരു സഭയിൽ വെച്ച് ആലോചിക്കുകയുണ്ടായി. അക്കൂട്ടത്തിൽ പ്രസക്താനുപ്രസക്തമായി ഇംഗ്ലീഷിന്റെ കാര്യവും വന്നുചേർന്നു. അതിനെപ്പറ്റി അഭിപ്രായം പറഞ്ഞ കൂട്ടത്തിൽ, കാശിയിൽനിന്ന് പണ്ഡിതർ മാന

ശാസ്ത്രികളവർകൾ പ്രസിദ്ധപ്പെടുത്തുന്ന "മംഗളമാലിനി" എന്ന സംസ്കൃതപത്രത്തിൽ ഇതിനെ പറ്റിക്കാണുന്നു:

"यद्यपि 'न म्लेच्छितवै नापभाषितवै म्लेच्छो ह वा एष यदपशब्दः' इत्यादि प्रमाणैर्म्लेच्छनं निषिद्धम्. परमयं निषेधो नांग्लभाषामात्रविषयः, किन्त्वपभ्रंशमात्रसाधारणः, एवं च सत्यांग्लभाषाध्ययनं यदि शास्त्रीयनिषेधभिया परित्यज्येत, तर्हि तैर्मलयाळभाषया व्यवहारोऽपि परित्यक्तव्यस्स्यात्, मलयाळभाषाऽपि हि द्राविडभाषापभ्रंशरूपा. तां स्वीकुर्वद्भिरेतैरांग्लभाषाया अवर्जनं कर्तव्यतया कुतो निरधारीति न ज्ञायते. यदि शास्त्रीयनिषेधादतिरिक्तं किमपि कारणमांग्लभाषापरित्यागे सम्भवेत्, तच्च संस्कृतातिरिक्तभाषान्तरपरित्यागस्य न कारणं भवति, तदा कामं निर्धारणमिदं युक्तं स्यात्. एवं नम्पूतिरिस्त्रीणां बाष्पशकटयानं न दोषायेति निर्धारणमपि न युक्तम्, येनैव कारणेन बाष्पशकटयानमयुक्तं स्यादिति पूर्वपक्षिभिरुक्तम्, तत्खलु न वारयितुं शक्यते कदाचिदपि. प्रातिस्विकतया शकटस्य नियमने कृते नीचजातिसंस्पर्शो न भविष्यतीत्येते युक्तिं वदन्ति, यद्यपि शकटमध्ये सहोपवेशनादिमूलको नीचजातिसंस्पर्श एवं परिहर्तुं शक्यते, बाष्पशकटावस्थितिस्थानेषु प्रवेशदशायां कथं स परिहर्तव्यः? ये च चण्डालादयो दूरतः परिहर्तव्याः, तेषां समीपागमनजन्यो दोषश्च कथं परिह्रियताम्. किं चायं विचारो न केवलं स्त्रीणामेव विषये, अपि तु पुरुषाणामपि विषये कर्तव्य एव । किं स्त्रीभिरेव नीचजातिसंस्पर्शः परिहर्तव्यो न पुरुषैरिति शास्त्रस्य काचिदाज्ञा? येनैवं स्त्रीणां बाष्पशकटयानमधिकृत्यैव परं विचारः क्रियते! स्त्रियः पुरुषापेक्षयाविशेषेण हि तत्संस्पर्शः परिहर्तव्यः प्रतिपाद्यते शास्त्रेषु. यत्तेषां कुलेषु संकुचितमात्रमूलकः समाचारः, तत्रैव न किमप्यस्माकं वैषम्यमिति मूकीभवामः" ॥

ഇതിൽ നിന്നു വായനക്കാർ ഗ്രഹിക്കാവുന്ന അഭിപ്രായങ്ങളിതാണ്. ഇംഗ്ലീഷ് പഠിക്കരുതെന്നു വെച്ചിരിക്കുന്നത് ശാസ്ത്രവിരുദ്ധമാണെന്നു വിചാരിച്ചിട്ടാണെങ്കിൽ മലയാളവും പഠിക്കരുത്; സ്ത്രീകൾ തീവണ്ടി കയറരുതെന്നു കല്പിക്കുന്നതു നീചസംസർഗ്ഗം ഭയപ്പെട്ടിട്ടാണെങ്കിൽ അതു പുരുഷന്മാർക്കും ബാധകമാണല്ലോ.

നമ്പൂതിരിമാരെപ്പറ്റിയ ഈ ഉപന്യാസങ്ങൾക്കു, ചില ... ഇതുപോലെ ... ഉപയോഗമുണ്ടാകും.

കെ. വി. എം.

ഞങ്ങളുടെ വായനശാല.

1. ഗരുഡസന്ദേശം. (ഗ്രന്ഥകർത്താവ് എം. രാജരാജവർമ്മരാജാ എം. എ, ബി. എൽ. അവർകൾ, ബി. വി. ബുക്ക്ഡിപ്പോ തിരുവനന്തപുരം.)

"സന്ദേശം" എന്ന കാവ്യവിഭാഗം മലയാളസാഹിത്യത്തിൽ പുതുതല്ല. മഹാകവി കാളിദാസന്റെ മേഘസന്ദേശം അവതരിപ്പിച്ചതിനു ശേഷം പലരുടെ വകയായും പലവിധത്തിലായും പല സന്ദേശകാവ്യങ്ങൾ ഉണ്ടായിവന്നിട്ടുണ്ട്, ഇപ്പോഴും ഉണ്ടായിവരുന്നുമുണ്ട്. ഗ്രന്ഥകർത്താവവർകളുടെ പ്രാചീനകഥയിൽ, രാമൻ മരിച്ചു ഋഷീശ്വരന്മാരപ്പോൾ "കാന്തയെ വിട്ടിരുന്ന"തും, അപ്പോൾ വിരഹവ്യഥ സഹിക്കാതെയായതും ആണ് ഈ സന്ദേശത്തിന്റെ മൂലം. മാരുതിയെപ്പോലെയുള്ള ആ ചാരവിധികൾ നിമിത്തം ഘനാ വിരഹവേദനയെ സഹിക്കാഞ്ഞിട്ട് പൂർവ്വകവികളാരും ഒരു സന്ദേശഹരനെ തേടിപ്പിടിച്ചിട്ടുള്ളതായി തോന്നുന്നില്ല. ഇതുപോലെതന്നെ സന്ദേശഹരനാവാൻ തിരഞ്ഞെടുക്കുന്നതിലും കവി, പ്രാചീനരിൽനിന്നു വ്യതിരിക്തനായിട്ടാണിരിക്കുന്നത്. "കാമാർത്താഹി പ്രകൃതി കൃപണാശ്ചേതനാ ചേതനേഷു" എന്നുള്ള സമാധാനത്തോടുകൂടി കാളിദാസൻ മേഘദ്വാരാ സന്ദേശം പറയിക്കുന്നതിൽ സന്ദേഹപ്പെട്ട് ഒരു "യക്ഷ"നാണെന്നു കരുതിയും സമാധാനിക്കാം. "മയൂര"ത്തിന്റെ കാര്യത്തിലും ഇങ്ങിനെയുള്ള സമാധാനങ്ങൾ ഉണ്ട്. ഈ കവിവരനാകട്ടെ സാക്ഷാൽ വിഷ്ണുവിന്റെ വാഹനമായ "വൈനതേയ"ൻ മുഖേനയാണ് സന്ദേശം അയക്കുന്നത്. ഈ മഹാഭാഗ്യവും ഈ സന്ദേശത്തിനുള്ള ഒരു വിശേഷം തന്നെ. സന്ദേശകാരണത്തെയും സന്ദേശഹരനെയും സംബന്ധിച്ചുള്ള ഈ വിലക്ഷണത്വം കഴിഞ്ഞാൽ ബാക്കിഭാഗങ്ങളിൽ പ്രാചീനരീതിയിൽ നിന്നു വളരെ വ്യത്യാസങ്ങളൊന്നും ഇതിൽ ഇല്ല. സന്ദേശഹരനെ അഭ്യർത്ഥിക്കുന്നതിൽ—

"മാർഗ്ഗം താവച്ഛൃണു കഥയതസ്ത്വൽപ്രയാ
(ണാനുരൂപം
സന്ദേശം മേ തദനു ജലദ! ശ്രോഷ്യസി ശ്രോ
(ത്രപേയം".

(കാളിദാസൻ)

"ത്വൽസന്ദേശം ചൊല്ലണമതിനുമുമ്പാർഗ്ഗമെല്ലാം
(ബർഹിശ്രേഷ്ഠ
സന്ദേശം ചൊല്ലാം...... ശ്രാവ്യമായ്ത്തേ
(വാക്യം"

(കേരളകാളിദാസൻ.)

"മുന്നം ചൊല്ലാം മാർഗ്ഗമതിലേക്കുള്ളവാന
(ള്ളമാർഗ്ഗം
പിന്നീടാദരം പ്രിയയൊടുരചെയ്യിട്ടുവാനു
(ള്ളതും."

(ഗരുഡസന്ദേശം.)

എന്നിങ്ങിനെ പൂർവ്വാചാര്യന്മാരുടെ പോലെ, വഴിയിൽ കാണാവുന്ന കാഴ്ചകൾ പറയുന്നതിലും അപ്പോൾ ചെയ്യേണ്ടുന്ന കൃത്യങ്ങൾ ഉപദേശിക്കുന്നതിലും മറ്റും പ്രധാനത്തിനും വർണ്ണനകൾക്കും ആശയങ്ങൾക്കും മേഘസന്ദേശത്തിന്റെയും മയൂരസന്ദേ

ങ്ങിലെന്റെയും വൈശിഷ്ട്യവും ഈ കൃതിയിലും ധാരാളം വന്നിട്ടുണ്ട്. ചുരുക്കിപ്പറയുന്നതാ യാൽ, ഈ കൃതിയിൽ ഗ്രന്ഥകർത്താവു ചെയ്തിട്ടുള്ള പരിശ്രമം മലയാളികൾ അ റിഞ്ഞാദരിക്കേണ്ടതാണെന്നാണു ഞങ്ങളുടെ അ ഭിപ്രായം.

---

2. നവ്യഭാഷാകാവ്യങ്ങൾ. (കണ്ണൂർ നാരായണമേനോൻ അവർകൾ ഉണ്ടാ ക്കിയത്. വില എട്ടണ. ബി. വി. ബുക്ക ഡിപ്പോ, തിരുവനന്തപുരം.)

ശുദ്ധമലയാളമായിട്ടുള്ള പദ്യങ്ങൾ പ ലതും പ്രാചീന കൃതികളിലും കാണുമെങ്കി ലും ഒരു ഗ്രന്ഥം മുഴുവൻ തനിമലയാളത്തി ലുള്ള ശ്ലോകങ്ങളെക്കൊണ്ടു തികയ്ക്കുന്ന പ തിവ് തുടങ്ങീട്ട് അധികം കാലമായിട്ടില്ല. ഈരീതിയുടെ ആദ്യപ്രവർത്തകൻ കണ്ണൂർ നാരായണമേനവനവർകളാണെന്നു പ റയുന്നതിൽ വലിയ അബദ്ധമൊന്നുമില്ല. പിന്നീടു പലരും "പച്ചമലയാള"മായും "ശുദ്ധമലയാള"മായും കവിതകളെഴുതു വാൻ തുടങ്ങുകയും, അവരിൽ ചിലരുടെ കൃതികൾ ബുദ്ധിമാന്മാരുടെ അഭിനന്ദ നത്തിനു പാത്രീഭവിക്കയും ചെയ്തിട്ടുണ്ടെങ്കിലും, നാരായണമേനവനവർകളുടെ കാവ്യങ്ങ ൾക്കുള്ള ആസ്വാദ്യത മറ്റാർക്കും അധികം അനുകരിക്കുവാൻ സാധിച്ചിട്ടുണ്ടെന്നു തോ ന്നുന്നില്ല. സംസ്കൃതമാണെങ്കിലും ആബാ ലവൃദ്ധം സകല ജനങ്ങളും പ്രതിദിനം സംസാരിക്കുന്നതുകൊണ്ട് മലയാളം ത ന്നെ എന്നു പറയാവുന്ന നാമരൂപാദികളാ യ പ്രസിദ്ധശബ്ദങ്ങളെയും ഉപേക്ഷിച്ച്, തമിഴിൽനിന്ന് ചിലപദങ്ങളെ കടം മേടി ക്കുന്ന സമ്പ്രദായവും വിട്ട്, മലയാളഭാഷാ കുഡുംബത്തിലേയ്ക്കു യഥാർത്ഥത്തിൽ അവ കാശപ്പെട്ട "പദങ്ങളെ സമ്പാദിച്ച് ന്നതു മാത്രം സ്വീകരിച്ച് ഈ കവി ഉ ണ്ടാക്കീട്ടുള്ള "പച്ചമലയാള കാവ്യങ്ങളിൽ പ്രത്യക്ഷമായിട്ടുള്ള പ്രകൃതി അസാധാര ണം തന്നെ എന്നു പറയാതെ ക ഴികയില്ല. കോമപ്പൻ, കണ്ണൻ, പൂക്കനാ ര്, കൊച്ചി ശക്തൻ തമ്പുരാൻ എന്നിങ്ങിനെ നാലു കൃതികൾ ഈ പുസ്ത കത്തിൽ ചേർത്തിട്ടുള്ളത്. "രസികരഞ്ജി നി"യിലും "രാമാനുജ"നിലുമായി ഇതിനു മുമ്പു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയാണ്. ഈ കാണിച്ച അനുക്രമം, ഈ ഗ്രന്ഥങ്ങളുടെ ഗുണങ്ങളെ താരതമ്യപ്പെടുത്തുമ്പോഴും ശ രിയായിട്ടുള്ളതാണെന്നാണു ഞങ്ങളുടെ പക്ഷം. ചില വടക്കൻ പാട്ടുകളിലും പുരാവൃത്ത ങ്ങളിലും മാത്രം കിടക്കുന്ന മലയാള ചരിത്ര സംബന്ധമായ ചെറുതിവൃത്തങ്ങളെ കൂട്ടിയി ണക്കി, ഈ നാലു കൃതികളിൽ സംബന്ധിപ്പി ക്കുവാൻ കവി ചെയ്തിട്ടുള്ള പരിശ്രമം തീ ർച്ചയായും അഭിനന്ദനീയമാണ്. അവയെ പുസ്തകമാക്കി അച്ചടിക്കുന്നതിൽ ബി. വി. ബുക്കഡിപ്പോ പ്രവർത്തകന്മാർ കാണിച്ചിട്ടു ള്ള വിവേകവും പ്രശംസനീയമായിട്ടുണ്ട്.

---

3. സുശ്രുതസംഹിത (മലയാള ത്തിൽ തർജ്ജമ ചെയ്തത്. പരിഭാഷകൻ വ ടക്കേപ്പാട്ടു നാരായണൻനായർ അവർ കൾ, [illegible].)

ആയുർവ്വേദശാസ്ത്രത്തിൽ ചികിത്സയു ടെ എട്ടു അംഗങ്ങളെയും വിസ്തരിച്ചു പ്ര തിപാദിക്കുന്ന ഒരു ഗ്രന്ഥമാണ് സുശ്രുത സംഹിത. നാട്ടുവൈദ്യന്മാർ കേട്ടുകേൾ വികൂടിയില്ലാത്ത ശസ്ത്രക്രിയകൾ ഈ ഗ്രന്ഥത്തിൽ വിശദമായിപ്പറഞ്ഞിട്ടുണ്ട്. ഇത്രയും മഹത്തായ പ്രസ്തുതഗ്രന്ഥത്തെ മലയാളത്തിലേയ്ക്കു തർജ്ജമചെയ്യാൻ ഇറ ങ്ങിയ പരിഭാഷകന്റെ ഉദ്യമം അഭിനന്ദ

ണീയമായിട്ടുണ്ട്. ശ്ലോകരീതിയിലോ കഥാരൂപം അല്ലാതെ നല്ല ഗദ്യത്തിൽ അതിമധുരമാക്കിക്കൊണ്ടാണ് ഇതെഴുതിയിരിക്കുന്നതെന്ന തെളിയിക്കപ്പെട്ടിരിക്കുന്നു. അവ്യക്തങ്ങളായ ഭാഗങ്ങളിൽ വിശദമായ ടിപ്പണികൂടി കൊടുത്തിട്ടുള്ളതു നന്നായിട്ടുണ്ട്. ഹസ്തമുദ്രകളുടെ ചിത്രങ്ങൾ ചേർത്തുകൊണ്ട് അവയുടെ സ്വരൂപം മനസ്സിലാക്കുന്നതിൽ വിദ്യാർത്ഥികൾക്ക് എളുപ്പമുള്ളതിനുപുറമെ അവയുടെ പ്രയോഗത്തിൽ അഭിരുചി ജനിക്കുന്നതിനുകൂടി വഴിയുണ്ട്. ആദ്യം മൂലം, പിന്നെ തർജ്ജമ അനന്തരം സവ്യാഖ്യാനം ഈ ക്രമത്തിൽ റായൽ 8 വലിപ്പത്തിൽ 80 ഭാഗങ്ങളുള്ള പുസ്തകമാക്കി ഈ ഒന്നു മാസം മുമ്പാണ് പ്രസിദ്ധപ്പെടുത്തുന്ന ഈ സംഹിതയ്ക്ക് ആറണയാണ് 8ക വിലവെച്ചിട്ടുള്ളത് ഒട്ടും അധികമായിട്ടില്ല. ഈ ഗ്രന്ഥത്തിന്റെ സർവ്വ വിഷയങ്ങളേയും അനുശംസിക്കുന്നു.

ബാക്കിയുള്ള പുസ്തകങ്ങളുടെ അഭിപ്രായം അടുത്ത ലക്കത്തിൽ ചേർക്കുന്നതാണ്.

कान्तासंमितस्य सातिशयत्वम् ।

इह खलु शुद्धसत्त्वात्मिकायाः परायाः निवर्तं आस्वादनेष्वेषु प्रकृष्यते . स द्विविधः . संगीतं साहित्यं चेति . तथा चोक्तम् . "संगीतमपि साहित्यं सरस्वत्याः स्तनद्वयम् । एकमापातमधुरमन्यदालोचनामृतम्" इति . तत्र पुरुषार्थव्युत्पत्तिहेतुत्वात् साहित्यं सातिशयम् . तदुक्तमभियुक्तैः—

"आरामे राजनाम प्रभवति हृदये
माननीयो मनो मे
नाघापे शस्यता स्यात् कुलिश ननु विशे-
षार्पिता ते करेषु ।
नासाहित्यं सुखाय स्मरयदमलवो-
धाय संगीत न स्या-
न्नानाभूयं जन्म बाहुलककुशिकसुतो
यत्परोऽभूद्द्मैव:" इति

ननु संगीतस्यापि "वीणावादनतत्त्वज्ञः श्रुतिजातिविशारदः । तालज्ञश्चाप्रयासेन मोक्ष-मार्गं नियच्छति" इति याज्ञवल्क्यवचनेन पुरुषार्थलाभहेतुत्वात् कथं संगीतात् साहित्यं सातिशयमित्यभिधीयत इति चेन्मैवम् . वीणावादनादिकलातत्त्ववेदिनां तत्प्रयोगे विषयान्तरविनिवर्तनेन चित्तस्यैकाग्र्यसंभवात्तथाविधाकारयोगमार्गावगाहने सौकर्यापादनमात्रसारत्वात्संगीतात् , साक्षादेव पुरुषार्थलाभहेतोः साहित्यस्यैवोत्कृष्टतमत्वोपपत्तेः ॥

तदपि त्रिविधम् . प्रभुसंमितं, सुहृत्संमितं, कान्तासंमितं चेति . तदुक्तं भट्टगोपालेन . "इह खलु सर्वोऽपि वाङ्मय उपदेशहेतुः संक्षेपात्त्रिधा . प्रभुसंमितः, सुहृत्संमितः, कान्तासंमितश्चेति" इति . तत्र सरसतापादनेनो-

पदेशकरणात् कान्तासंमितमेव नितरां प्रकृष्टम् . तदुक्तम् . "कटुकौषधवच्छास्त्रमविद्याव्याधिनाशनम् । आह्लादामृतवत् कान्तासंमितं हृत्तमोपहम्" इति ॥

ननु रसैकप्रवणे तादृशे खलु काव्यनिबन्धने तत्तद्रसाद्यभिव्यञ्जककलकलोद्यानादिपरामर्शनसमनन्तरजन्यालौकिकचमत्कारोदयसमुत्सुकचेतसां रसिकजनानामेवाधिकारात्, तेषां च तावन्मात्रे तात्पर्यात् "नायकवद्वर्तितव्यम् . न प्रतिनायकवत्" इत्युपदेशलाभस्य यादृच्छिकत्वात्, प्रभुसंमितत्वेनानुष्ठानपर्यन्तवाचकाभिधासंज्ञितशब्दव्यापारप्रतिपादितनिखिलवेदनीयाच्छास्त्रादेरस्य कान्तासंमितस्य निखिलबुधवरहृदयसंमतः को वातिशय इति चेत् . इत्थं भोः सुधियां ब्रूमो रहस्यं चेतसि स्थितम् . श्रूयतामवधानेन सादरं चावधार्यताम् . न तु स्वप्नेऽपि प्रभुसंमितं किञ्चिदप्यवजानीमः . किन्तु सरसतमतुल्याद्य श्रोतृजनहृदयं समग्रमावर्ज्य हितोपदेशकरणाद्रसास्वादनसमनन्तरं त्वरितलब्धां पुण्ड्रेक्षुभक्षणाद्वेतनवित्तलाभवत् पुरुषार्थज्ञानलाभात् सुकुमारमतीनामपि काव्यमुखप्रेक्षितया निखिलशास्त्रार्थपरिज्ञाने सौकर्याच्च, सकलेभ्योऽपि वाङ्मयेभ्यः कान्तासंमितस्य तादृशं कमप्युत्कर्षं प्रतिजानीमः . तथा चाहुः . "स्वादुकाव्यरसोन्मिश्रं शास्त्रमप्युपयुञ्जते । प्रथमालीढमधवः पिबन्ति कटु भेषजम्" इति . यत् पुनः कान्तासंमितादुपदेशलाभो यादृच्छिक इति तदसारम् . अनुप्रेक्ष्यानुप्रेक्ष्यपरिज्ञानाय शास्त्रार्थमप्रधानीकृत्य रसांगभूतव्यापारप्रवणतया नायकप्रतिनायकवृत्तयोरुदाहरणप्रत्युदाहरणन्यायेन वर्णनीयत्वाच्छास्त्रादेरिव कान्तासंमितादपि पुरुषार्थोपदेशलाभस्य नियतत्वात् . अतः परमाह्लादास्वादनेनोपदेशकरणात् प्रयोजनात् प्रयोजनान्तरप्रतिपादनरूपाद्विशेषात् केनचिदप्यनुल्लंघनीयशासनस्य प्रभोः सचिवमुखेनेव शास्त्रस्यापि काव्यमुखेनैव प्रेक्षावदभिप्रायपरिज्ञानस्य करणीयत्वाच्च कान्तासंमितमेवोत्कृष्टतममिति सुस्थितम् ॥

तत् पुनः श्रव्यनाटकभेदाद् द्विविधम् . यथाहुः "अनुभावविभावानां वर्णना काव्यमुच्यते . तेषामेव प्रयोगस्तु नाट्यं गीतादिरञ्जितम्" इति . तत्रापि दृश्यतया नाटकादीनि श्रेष्ठं वदन्ते ॥

इति श्रीमत्केरलभूतलमकुटायमानतरनिवग्रामग्रामनिवासिश्रीमानलक्ष्मणार्यश्रीनारायणकविरविरचिते मङ्गलोदये कान्तासंमितत्वाविष्कारनिरूपणं समाप्तम् ॥

टिप्पणी उपन्यासोऽयं वर्षशतकत्रयात् पूर्वं विलिखितात् कस्मादपि ताळपत्रग्रन्थात् समुद्धृतः . येनायं निर्मितो निर्दिष्टः स यद्यपि नातीव प्रसिद्धः, तथापि तदीयगुरुत्वेन श्लाघ्यमानो महात्मा प्रसिद्धतमः केरलेषु . स किल "श्रीनारायणीय" "प्रक्रियासर्वस्वा"दि विविधसद्ग्रन्थप्रणेता पण्डिताग्रणीर्मूर्तिमानभिमानभूमा भार्गवक्षेत्रब्राह्मणानां श्रीनारायणभट्टपादः . अतस्तदन्तेवासिप्रणीतोऽयं रसिकजनरसायनभूतो वाङ्मयः पाठकानां प्रमोदाय भूयादिति सप्रमोदमस्माभिः प्रकाशितः ॥

पं. पु.

മംഗളോദയം

മാസ്യ പുസ്തകം

പുസ്തകം ൫ } തുലാമാസം { ൧൦൮൭ [illegible]

മംഗളം

[illegible]
[illegible]
[illegible]
[illegible]

[illegible]

കൊച്ചി രാജകുടുംബവും

മലയാളഭാഷയും

കൊച്ചി രാജകുടുംബത്തിനും മലയാളഭാഷക്കും തമ്മിൽ [illegible] ഉണ്ടായിട്ടുണ്ടോ ഉണ്ടായിരുന്നുവെന്നോ [illegible] വിദ്വാന്മാർ മലയാളത്തിൽ കാണപ്പെടുന്നില്ല. എന്നാൽ, മലയാളചരിത്രത്തെ സംബന്ധിച്ച അനേകം വിഷയങ്ങളിലെന്ന പോലെ ഈ സംഗതിയിലും [illegible] ചരിത്രത്തിലുള്ള [illegible] ആണ്. അതുകൊണ്ട്, "കൊച്ചിരാജ്യചരിത്ര"ത്തിലും സാഹിത്യസംബന്ധമായ [illegible] ചില [illegible]



[illegible], കൊച്ചിരാജകുടുംബവും മലയാളഭാഷയും തമ്മിൽ [illegible] സ്ഥാപിക്കപ്പെട്ടിരുന്ന [illegible] വിവരിക്കുന്ന വായനക്കാർക്ക് [illegible] എന്ന വിശ്വസിക്കുന്നു.

കൊച്ചി രാജകുടുംബത്തിൽ [illegible] ഉണ്ടായതായി [illegible] കാണുന്നില്ല. [illegible] പതിനെട്ടാം നൂറ്റാണ്ടിന്റെ [illegible] തൊട്ടുകൂടി രാജകുടുംബത്തിലെ ചില അംഗങ്ങളുടെ [illegible] [illegible] തുടങ്ങിയിട്ടുള്ളതായിട്ടാണ്. പ്രസിദ്ധനായ [illegible]

ജ്യം വാണിരുന്ന കാലത്ത്, അവിടത്തെ വിറ്റമ്മയുടെ മകനായ രാമവർമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ടായിരുന്നു എളയസ്ഥാനം വഹിച്ചിരുന്നത്. അവിടുന്നു വളരെ ശാന്തസ്വഭാവവും ദയാലുവും വലിയ വിദ്വാനും ആയിരുന്നു. രാജ്യഭരണത്തെ സംബന്ധിച്ച കാര്യങ്ങളെക്കാളധികം അറിവും പരിചയവും ഉണ്ടായിരുന്നതു മതസംബന്ധമായും ശാസ്ത്രസംബന്ധമായും ഉള്ള വിഷയങ്ങളിലാണ്. അക്കാലത്തൊരിക്കൽ ഉടുപ്പിയിലെ ഒരു മാദ്ധ്വസ്വാമിയാർ തൃപ്പൂണിത്തുറയെത്തി മതസംബന്ധമായ പ്രസംഗങ്ങൾ നടത്തുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗം കേട്ടു വിസ്മയിച്ച് മേൽപറഞ്ഞ എളയതമ്പുരാൻ തിരുമനസ്സുകൊണ്ടും അവിടത്തെ അനുജനും സ്വാമിയാരുടെ വിശ്വാസപ്രകാരം മാദ്ധ്വമതം സ്വീകരിച്ചു. ഈ മതപരിവർത്തനം ശക്തൻതമ്പുരാൻ തിരുമനസ്സിലേക്കു ലവലേശം ഇഷ്ടമായില്ല. അന്യന്റെ സമ്മതംകൂടാതെ, പെട്ടെന്നു മതമാറ്റം വരുത്തുന്നതായാൽ, അതു പ്രകൃത്യാ ധീരനായ ശക്തൻതമ്പുരാൻ തിരുമനസ്സിലെ എത്രമാത്രം മുഷിപ്പിക്കുമെന്നു പറയേണ്ടതില്ലല്ലോ. അവിടുന്ന് ഈ സംഗതി അറിഞ്ഞ ഉടനെ സ്വാമിയാരെ നാട്ടിൽനിന്നു ബഹിഷ്കരിക്കയും അദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം മതം മാറ്റുവാനൊരുങ്ങിയ തമ്പുരാക്കന്മാരെ ശാസിക്കയും ചെയ്തു. അപ്പോൾ മതഭീരുക്കളായ തമ്പുരാക്കന്മാർ ഗൂഢമായിട്ടുള്ള ഇതരമതസ്വീകാരത്തെ മൂടിവെച്ചു.

ക്രിസ്ത്വാബ്ദം 1806 സപ്തംബർ മാസത്തിൽ ശക്തൻതമ്പുരാൻ തിരുമനസ്സുകൊണ്ടു തീപ്പെട്ടു. അപ്പോൾ മുമ്പറഞ്ഞ എളയതമ്പുരാൻ തിരുമനസ്സുകൊണ്ടു വലിയതമ്പുരാനായി. അവിടുന്നു മുമ്പു ഗൂഢമായി മാദ്ധ്വമതം സ്വീകരിച്ചിരുന്ന കഥ ഈ അവസരത്തിൽ പരസ്യമാക്കുകയും, ആ മതപ്രകാരമുള്ള ആചാരങ്ങളെ രാജകുടുംബത്തിലെ എല്ലാ അംഗങ്ങളെക്കൊണ്ടും സ്വീകരിപ്പിക്കുവാൻ ശ്രമം തുടങ്ങുകയും ചെയ്തു. തന്റെ പുതിയ മതത്തിലേക്കു വേറെയും ആളുകളെ കൂട്ടുന്നതിൽ അവിടേക്കു വളരെ താല്പര്യമുണ്ടായിരുന്നു. അതുകൊണ്ടു, കേരളത്തിലുള്ള മറ്റു ചില രാജാക്കന്മാരെക്കൂടി താൻ വിശ്വസിച്ചിരിക്കുന്ന പുതിയ മതത്തിലേക്കു ചേർക്കുവാൻ അവിടുന്നു ശ്രമിക്കുകയും അതിനെപ്പറ്റി ചില എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തു. ആ കൂട്ടത്തിൽ അവിടുന്നു കോഴിക്കോട്ടു സാമൂതിരിപ്പാട്ടുതമ്പുരാന്റെ പക്കൽ അയച്ചതാണെന്നു പറഞ്ഞുവരുന്ന ഒരു പത്രവും അതിന്നു മറുപടിയായി സാമൂതിരി കോവിലകത്തുനിന്നയച്ച ഒരു ശ്ലോകവും ഇവിടെ ചേർക്കുന്നു. കൊച്ചിയിൽനിന്നയച്ച പത്രം ഇതാണ്:—

"അദ്വൈതവാദി[illegible]
(ന്മാൽ
സം[illegible]
[illegible]
[illegible]"

ഇതിന്റെ അർത്ഥം:— "മതങ്ങളിലൊന്നുമായ അദ്വൈതമതക്കാരുടെ അഭിപ്രായങ്ങളോടു എന്റെ ബുദ്ധിയെ എത്രതന്നെ എണ്ണിനോക്കിയാലും അതവിടെ ഉറയ്ക്കുന്നില്ല; എന്തുകൊണ്ടെന്നാൽ, അവർ നിത്യനായ അനന്തനായിട്ടുള്ള നാശമില്ലെന്ന സിദ്ധാന്തിക്കുന്നവരാകകൊണ്ടുവെറുംമെയ്യു മത്സരമാകുന്നു." ഈ എഴുത്തിന്നു സാമൂതിരി കോവിലകത്തുനിന്നയച്ച മറുപടി:—

"അന്തര്യാമിനിമിത്യഗാധമതിഭി-
രാലോചിതം ബ്രഹ്മണാ
നിത്യം സച്ചിന്മയമേകമദ്വയമിതി
ശ്രുത്യന്തഘോഷൈർവ്യസൃതേ
ഏവം സത്യമപീശ്വരം ഭഗവതാ
ധ്യാനായ വൈ പൂജ്യതാ
നിത്യത്വം പ്രതിമാസു കല്പിതമതോ
[illegible]"

താൽപര്യം:—"ബ്രഹ്മം എന്നതു നാമരൂപങ്ങളില്ലാത്തതും ജ്ഞാനസ്വരൂപവും അനാദിനിധനവും ആകുന്നു, ഗംഭീരാശയന്മാരായ ഋഷിമാർ സിദ്ധാന്തിച്ചിട്ടുള്ളതും വേദാന്തത്തിലും അങ്ങിനെതന്നെ ഘോഷിക്കുന്നു. നിർഗ്ഗുണോപാസന ദുസ്സാദ്ധ്യമാകയാൽ ധ്യാനസൌകര്യത്തിനു വേണ്ടി ആ ബ്രഹ്മത്തിനു ഒരു മൂർത്തിയെ കല്പിച്ചിരിക്കുന്നവരാണുള്ളൂ. ഈ സമിതിക്ക്, വെറും കല്പിതമായ ആ മൂർത്തി—അതായതു വിഗ്രഹങ്ങളെ സംബന്ധിച്ചു—നിത്യമാണെന്നു അതു പറയുന്നതോ അദ്ഭുതമായതാണു് സന്ദേഹം."*

കൊച്ചിത്തമ്പുരാൻ തിരുമനസ്സിലെ ശ്ലോകം മേൽക്കാണിച്ചതിൽനിന്നു്, അവിടെയ്ക്കു മതകാര്യത്തിൽ ഉണ്ടായിരുന്ന പ്രതിപത്തി എത്രമാത്രമാണെന്നൂഹിക്കാമല്ലോ. അതിന്റെ സാഹിത്യ[illegible]വിലകളും നിന്നാൽ മുഴുവടിക്കാണു് അവിടെക്കു് അതിലുള്ള വിപ്രതിപത്തിയും ധാരാളം തെളിയുന്നുണ്ടു്. സാഹിത്യത്തിൽ [illegible] പ്രായമുണ്ടായിരുന്നതുപോലെതന്നെ [illegible] മേലും പല മതങ്ങൾക്ക് അഭിപ്രായമുണ്ടായിരുന്നു. കൊച്ചിയിൽ അനേകം പ്രജകളുടെ പലരും വലിയതമ്പുരാൻ തിരുമനസ്സിലെ അഭിപ്രായത്തിനൊത്തിരുന്നു. ആ പാശ്ചാത്യന്മാരുടെ കാലത്തിനു ശേഷം ഈ വക മതപരിവർത്തനങ്ങൾ കേരളത്തിൽ ഉണ്ടായിരുന്നതിനാൽ കെട്ടിയുള്ള പൊതുവായും ആ പാതിരിമാരുടെ നാട്ടിൽ പ്രത്യേകിച്ചും ഇതു കൊണ്ടു വലിയ ക്ഷോഭം ഉണ്ടാക്കുവാനിടയായി. എങ്കിലും, ഇതൊക്കെയായ ആ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടും മതകാര്യങ്ങളിൽ [illegible] കൈവെടിഞ്ഞില്ല.

പിന്നീടു് അതേ തമ്പുരാനാണധികാരത്തിൽ കൊച്ചി രാജകുടുംബം അക്കാലത്തു തന്നെ സ്വീകരിച്ചുപോന്നു. ആ രാജകുടുംബത്തിൽ പെട്ടവരിലൊന്ന് മതപ്രതിപത്തിയുള്ള ആളായിരുന്ന അവിടുന്നു് അന്യമതക്കാരെ മേൽവിലാക്കുകയും അന്യമതസ്ഥന്മാരെ ആദരിക്കുകയും ചെയ്തിരുന്നു. 1864-ൽ ആണു് അവിടുന്നു തീപ്പെട്ടതു്. അതിന്നുശേഷം കൊച്ചിരാജകുടുംബം പുരാതനമായ സ്വമതത്തെത്തന്നെ വീണ്ടും സ്വീകരിച്ചു.

* [illegible] എന്നു [illegible] എന്നുള്ളതിന്റെ [illegible]

ജീവിതരഹസ്യം*

ഒന്നാമത്തെ നിരൂപണം.

ഈ പ്രപഞ്ചത്തിൽ നാം ഇപ്പോൾ കാണുന്ന നാനാവിധ വ്യാപാരങ്ങളും പദാൎത്ഥവിശേഷങ്ങളും ഒരു കാലത്തു വ്യവഹാരയോഗ്യമല്ലാത്ത നിലയിലായിരുന്നു. വിദ്വാന്മാരുടെ പ്രയോഗസമ്പ്രദായങ്ങളെ കണ്ടുപിടിച്ചു നമ്മുടെ നിത്യോപയോഗങ്ങളിലേക്കു കൂട്ടിച്ചേൎത്തു, അതിശക്തിയെക്കൊണ്ടു നമ്മുടെ ലൌകികജീവിതത്തിനു സൌകൎയ്യങ്ങളെ സമ്പാദിച്ചു. ഇതുപോലെ ആവിയന്ത്രങ്ങളോ ശാസ്ത്രതത്വങ്ങളെക്കൊണ്ടു നമ്മുടെ നാനാതരം ആവശ്യങ്ങളെ നിവൃത്തിച്ചുകൊണ്ടു വരുന്നതും ഒരുകാലത്തു നമ്മുടെ ജ്ഞാനത്തിനു വിഷയമല്ലാത്തതായിരുന്നു എന്നു ആശ്രയിച്ചിരുന്നു. "ന്യൂട്ടൻ" എന്ന മഹാനാണു ഭൂമിയുടെ ആകൎഷണശക്തിയെ കണ്ടുപിടിച്ചതെന്നു പറയുന്നുണ്ടു്. അതിനുമുമ്പേ ഈ ശക്തി ഭൂമിയിൽതന്നെ ഉണ്ടായിരുന്നുവല്ലോ. ആ ആകൎഷണശക്തിയുടെ നിലനില്പ് നമ്മുടെ അറിവിനു ഗോചരമായതു "ന്യൂട്ടനു" ശേഷമാണെന്നു മാത്രമേ ഉള്ളൂ. ഈ ശാസ്ത്രജ്ഞന്മാർ ഭൂമിയിൽ വളരെക്കാലത്തേക്കു ഈ തത്വങ്ങൾ സ്വൎണ്ണംതന്നെ വേണമെന്നു ചൈതന്യശക്തിയാൽ അടക്കപ്പെട്ടിരിക്കാം. ഇങ്ങിനെ അദൃശ്യമായിരുന്ന അവസ്ഥയിൽ ആകൎഷണശക്തിയുടെ സ്വരൂപമെന്തായി രുന്നു എന്നു നാം ആലോചിക്കണം. ആവിയന്ത്രങ്ങളും കമ്പിത്തപ്പാൽ മാൎഗ്ഗങ്ങളും വ്യവഹാരയോഗ്യമായ നിലയിൽ നമുക്കു പ്രത്യക്ഷപ്പെട്ടു തുടങ്ങിയതു ഈ ദേശത്തുവെച്ചും ഏതുകാലത്തിലും ആയിരിക്കണം എന്നതിനു സംശയമില്ല. ഈ ശക്തികളുടെ വ്യാപ്തിയെ കീഴടക്കുന്നതിനു മുമ്പു അവയുടെ ഉൽപ്പത്തിയിലിരുന്നിരിക്കണം. ഓരോ ദിവസത്തിൽ കഴിയും തോറും നവനവങ്ങളായ ആവിഷ്കാരങ്ങളും യന്ത്രാദികളും നമ്മുടെ ശാസ്ത്രജ്ഞന്മാരിൽനിന്നു അവതരിക്കുന്നു. ഈ അവതരണത്തിനുമുമ്പു അവകളുടെ സത്തയില്ലെന്നു നമുക്കു വിചാരിപ്പാൻ ന്യായമില്ല. പക്ഷെ അവയുടെ സ്വരൂപം നമുക്കു ഗോചരമല്ലാത്തതും ഈ നാവിധമെന്നു പറവാൻ നിവൃത്തിയില്ലാത്തതുമായ ഒന്നായിരുന്നു എന്നു നാം വിശ്വസിക്കണം. ഇപ്പോൾ നാം കാണുന്ന സകല പദാൎത്ഥങ്ങളേയും സൂക്ഷ്മരൂപം മുതൽപറഞ്ഞപ്രകാരം അറിവാൻ പാടില്ലാത്ത ഒരു സ്ഥിതിയിലായിരുന്നു എന്നതിനു സംശയമില്ല. ഈ ഇപ്പോഴത്തെ വിശേഷതകളും രൂപാന്തരങ്ങളും പ്രത്യക്ഷരൂപത്തെ നാം പ്രതിദിനം കാണുന്നു. വ്യവഹാരസൌകൎയ്യത്തിനുവേണ്ടി നിൎമ്മിക്കുക. പ്രതിദിനത്തിന്റെ സ്ഥിതി കാലദേശങ്ങളുടെ പ്രമാണത്തിനു കീഴടങ്ങിയിരിക്കുന്നതുകൊണ്ടു് അതു് എപ്പോഴും ഒരുപോലെ ആയിരിക്കയില്ല. ഭൂമിയുടെ ആകൎഷണശക്തി 'ന്യൂട്ടന്റെ' എന്ന മഹാ

---

* പത്മനാഭമേനോൻ, മലയാള സമാജം.

ന്റെ ജ്ഞാനത്തിനു മുമ്പു 'പദാർത്ഥങ്ങളുടെ ജ്ഞാനം' എന്നുള്ള പേരോടുകൂടി ലോകത്തിൽ ഗ്രഹിക്കപ്പെട്ടിരുന്നു. പിന്നെ അതുതന്നെ ആകർഷണശക്തിയെന്നുള്ള പേരിനെ അവലംബിച്ചു. ഇനിയൊരിക്കൽ ഇതേ ശക്തി മറ്റൊരു നാമത്തോടുകൂടി വ്യവഹരിക്കപ്പെട്ടുകൂടാ എന്നില്ല. ഇങ്ങിനെ വിചാരിച്ചുനോക്കിയാൽ കാലങ്ങളുടെ മാറ്റത്തെ അനുസരിച്ചാണ പദാർത്ഥങ്ങളുടെ സ്വരൂപം പ്രത്യക്ഷപ്പെടുന്നതെന്നു വരുന്നുണ്ട്. ഈ നിയമം സ്വരൂപത്തിൽ മാത്രമല്ല, ഉപയോഗങ്ങളിലും ന്യായാന്യായങ്ങളിലും, ഹേയോപാദേയനിശ്ചയത്തിലും വ്യാപിച്ചിരിക്കുന്നു. നാം ഈ ദിക്കിൽ അശ്വാദികൾക്കും മറ്റും ഉപയോഗപ്പെടുത്തി വരുന്ന യവം, കടല മുതലായ സാധനങ്ങൾ മറ്റൊരു ദിക്കിൽ ആഹാരദ്രവ്യമായി ഉപയോഗിക്കപ്പെടുന്നു. മലയാളത്തിൽ പ്രായേണ ഭാഗിനേയികൾ മാതൃതുല്യകളായി വിചാരിക്കപ്പെടുന്നു. മറ്റു ചില ദിക്കുകളിൽ ഭാഗിനേയികളെ വിവാഹം ചെയ്യുന്ന ജാതിക്കാരധികമുണ്ട്. നാം അമേദ്ധ്യങ്ങളാണെന്നു വെച്ചു ദൂരെ ത്യജിക്കുന്ന തവള ഞണ്ടു മുതലായ ദ്രവ്യങ്ങൾ ചിലേടങ്ങളിൽ അത്യന്തം സ്പൃഹണീയങ്ങളാണെന്നു വിചാരിക്കുന്നു. അതുകൊണ്ടു ദേശഭേദങ്ങളനുസരിച്ച് ഉപയോഗാദികളിൽ വരുന്ന വ്യത്യാസത്തെ നാം മനസ്സിലാക്കുന്നു. ഇപ്രകാരം കാലത്തെ സംബന്ധിച്ചും എത്രയോ ഉദാഹരണങ്ങൾ നമ്മുടെ അനുഭവത്തിലുണ്ട്. കാലദേശങ്ങളെന്നു പറയപ്പെടുന്ന രണ്ടു തത്വങ്ങളും കേവലം കല്പിതങ്ങളാകുന്നു. ഒരു ദേശത്തിലും കാലത്തിലും ജീവിച്ചിരിക്കുന്ന ജനസാമാന്യത്തിന്റെ മനോവൃത്തിയും, ഗ്രഹണസൗകര്യത്തിനു വേണ്ടി, നിശ്ചയിക്കുന്ന സങ്കേതങ്ങളാകുന്നു ദേശകാലങ്ങൾ. ഈ സങ്കേതങ്ങളുടെ പരമാർത്ഥത്തിനു നമ്മുടെ ഇഷ്ടംപോലെ എന്തുമാത്രം നിശ്ചയിക്കുന്നതിനു വിരോധമില്ല. പ്രപഞ്ചത്തിന്റെ ഗുണത്തിൽ എത്രമാത്രം ജീവിതസങ്കല്പം വ്യവഹാരയോഗ്യമായി പരിണമിക്കുന്നുവോ ആ ജീവിതവ്യവഹാരത്തിൽനിന്നു ഭിന്നമായി ദേശകാലങ്ങൾക്കു സത്തയുണ്ടാകുന്നതല്ല. ഓരോ പ്രാണികളുടേയും സങ്കല്പത്തിന്റെ സ്വരൂപം വിചാരിക്കുമ്പോൾ ഒന്നൊന്നോടു ഭിന്നമായിരിക്കണം. എങ്കിലും നമ്മുടെ ബുദ്ധിവൃത്തിയെ ഒന്നു വിശേഷമായി വികസിപ്പിച്ചു നോക്കിയാൽ ഈ ഭിന്നതയെ പ്രത്യേകം നിർദ്ദേശിക്കാൻ നിവൃത്തിയില്ലാത്ത ഒരു സങ്കല്പസാമാന്യം സർവ്വപ്രാണികളേയും ബന്ധിച്ചുകൊണ്ടിരിക്കുന്നതായിക്കാണുന്നുണ്ട്. ഈ സങ്കല്പസാമാന്യം പ്രപഞ്ചത്തിലുള്ള എല്ലാത്തരം ജാതി, മതാചാരങ്ങളുടേയും ഒരു സംക്ഷിപ്തമായ വാചകരൂപമാകുന്നു. ഇതിന്റെ അവാന്തരവിഭാഗങ്ങൾ എത്രയോ ഉണ്ട്. ഓരോ വ്യക്തിയുടേയും സങ്കല്പം ഓരോവിധമായിരിക്കും. എന്നാൽ വ്യക്തിസമുദായത്തെ ബാധിക്കുന്ന ആ സങ്കല്പസാമാന്യത്തിന്റെ സർവ്വവ്യാപിയായ ശക്തിക്ക് ആ വ്യഷ്ടിസങ്കല്പങ്ങൾ കീഴടങ്ങിയിരിക്കും. വ്യഷ്ടികൾ ഭിന്നഭിന്നങ്ങളായ നാമരൂപങ്ങളോടുകൂടിയിരുന്നാലും ഒന്നാം എന്നുള്ള സമഷ്ടിരൂപത്തിനു ഭംഗമുണ്ടാകുന്നതല്ലല്ലോ. വ്യഷ്ടിസങ്കല്പങ്ങൾ ഈ സങ്കല്പസാമാന്യത്തിന്റെ ധർമ്മത്തിനു വിരുദ്ധങ്ങളായി ചിലപ്പോൾ വന്നുകൂടാം. അങ്ങിനെ വരുമ്പോൾ ആ വ്യഷ്ടികൾ അധികം ശോഭിച്ചുകൂടി എങ്കിൽ കീർത്തിയിലായിരുന്നാൽ സമഷ്ടിസങ്കല്പത്തിന്റെ ധർമ്മത്തിനു ഉണ്ടാകുന്ന വില

യിൽനിന്നു മാറാം വരും. ഇങ്ങിനെ സമഷ്ടിവ്യഷ്ടിസംകല്പങ്ങൾ മാറിമാറിക്കൊണ്ടിരിക്കാതുള്ളതു വ്യവസ്ഥിതമായ ധൎമ്മം ആവശ്യപ്പെടുന്നു. ഉദാഹരണത്തിന്നു നമ്മുടെ പ്രപഞ്ചത്തെ മുഴുവനും എടുക്കാതെ ങ്കിലും ഒരു ചുരുങ്ങിയ വസ്തുക്കളെ പ്രപഞ്ചമായി നിശ്ചയിച്ചു പരിശോധിക്കുന്നതാകാം.

കേരളത്തിൽ നമ്പൂതിരിബ്രാഹ്മണസമുദായമാകുന്ന പ്രപഞ്ചം എങ്ങിനെയായിരുന്നു? ആ വൎഗ്ഗത്തിൽ [illegible] ക്കളുടെ ധൎമ്മശാസ്ത്രം, വേദം മുതലായ പഠ്യഗ്രന്ഥങ്ങളിൽ പാണ്ഡിത്യം ഉണ്ടാകാതിരുന്നിട്ടില്ല. വിശേഷബുദ്ധിയുള്ളവരുമായ [illegible] അവർക്ക് മറിതെല്ലായിരുന്നു. '[illegible] ഭവേത്' എന്ന അവരുടെ ധൎമ്മശാസ്ത്രത്തിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളതും അവരുടെ അഭേദ്യമായ സ്വഭാവം ബ്രഹ്മസംസ്കാരത്തെ പ്രവൃത്തികൊണ്ടിരുന്നു. സംസ്കാരമാണ് അറിയപ്പെടാത്തവർ അവരുടെ ഇടയിലാരും ണ്ടായില്ല. മതാചാരങ്ങളെ വിധിപ്രകാരം അനുഷ്ഠിക്കയും സത്യധൎമ്മാദികളിൽ നിഷ്ഠയും അവരുടെ മുഖമുദ്രയായിരുന്നു. കൃഷി, കച്ചവടം, കൈത്തൊഴിൽ മുതലായ വ്യാപാരങ്ങൾകൊണ്ടൊന്നും അവരുടെ നിത്യകൎമ്മങ്ങൾക്കു കളങ്കമുണ്ടാകാതിരിപ്പാൻ ശ്രദ്ധിച്ചിരുന്നു. ഈ ജീവിതസമ്പ്രദായം അവരുടെ ആചാരത്തെ സംകല്പസാമാന്യത്തിൽ അന്തൎഭവിച്ചതാണെന്നു പറയാം. ഈ സംകല്പസാമാന്യത്തിന്റെ വ്യവസ്ഥയെ എല്ലാ നമ്പൂതിരിമാരും ഒരു വ്യത്യാസവും കൂടാതെ രക്ഷിച്ചിരുന്നു എന്നു പറയാമല്ലോ. പക്ഷേ ഈ വ്യവസ്ഥയിൽനിന്നു അല്പാല്പം ഭേദപ്പെട്ട രീതിയിൽ അവരവരുടെ ജീവിതത്തെ നയിച്ചിരിക്കാം. എന്നാൽ ആ വ്യഷ്ടിസംകല്പങ്ങൾക്ക അവരുടെ ഉപരിസ്ഥിതമായ സംകല്പസാമാന്യത്തിന്റെ വ്യാപ്തിയെ ഇളക്കിമറിക്കത്തക്ക ശക്തിയുണ്ടായിരുന്നില്ല. ഇങ്ങിനെ കുറേക്കാലം കഴിഞ്ഞു എന്നേ ഉള്ളൂ. സമഷ്ടിയുടെ ധൎമ്മത്തിന്നു പ്രതികൂലങ്ങളായ വ്യഷ്ടിസംകല്പങ്ങൾ ആരംഭിച്ചുതുടങ്ങി. ലൌകികജീവിതത്തിൽ സുഖസാധനങ്ങളെല്ലാം അനുഭവിച്ചുകൊണ്ടു പലവിധത്തിൽ [illegible] പ്രയോഗിച്ചുകൊണ്ടല്ലാതെ ഒരു സംകല്പവും പ്രപഞ്ചത്തിലില്ല. വ്യഷ്ടിസംകല്പങ്ങൾക്ക സംഭവിക്കുന്ന മാറ്റങ്ങൾക്കു കാരണം ഇതാകുന്നു. ഇവിടെ കേരളത്തിലെ മറ്റുള്ള സമുദായങ്ങളേയും ഒന്നായി ചേൎത്തു ഒരു പ്രപഞ്ചം ഉണ്ടെന്നു നാം നിശ്ചയിക്കേണ്ടിയിരിക്കുന്നു. ആ പ്രപഞ്ചത്തിലും മേൽപ്രകാരം സമഷ്ടിവ്യഷ്ടിസംകല്പങ്ങളും അവയെ അവലംബിച്ചുകൊണ്ടും ജീവിതസുഖങ്ങളെ ഉത്തരോത്തരം ശ്രദ്ധയോടുകൂടി അനുഭവിച്ചുകൊണ്ടും ഇരിക്കുന്ന പൌരന്മാരും വ്യാപരിക്കുന്നതാണല്ലോ. ഈ ഇതര പ്രപഞ്ചത്തിന്റെ സമഷ്ടിവ്യഷ്ടിസംകല്പങ്ങളും പൊതുവായുള്ളതാകുന്ന മേൽപറഞ്ഞ കേരളബ്രാഹ്മണപ്രപഞ്ചസംകല്പത്തിന്നു ഒരു കാലത്തു വ്യത്യാസമുണ്ടാക്കിയത്. വിദ്യാഭ്യാസത്തിൽ പൊതുജനപ്രകടനം ചെയ്തുകൊണ്ടു ഉന്നതസ്ഥിതിയിൽ വരുന്ന ഇതരസമുദായങ്ങളെ പൂൎവ്വാധികം ഗണ്യമാക്കുന്നതിന്നു ബ്രാഹ്മണർ നിൎബ്ബന്ധിതന്മാരായി. രാജവാഴ്ചക്കാർ മുതലായ മഹാപണ്ഡിതന്മാർ വാരിയസമുദായത്തിൽ ഉണ്ടായതുകൊണ്ട് അവർ മാത്രമെങ്കിലും അമ്പലവാസികളാണെന്നുള്ള നിലക്ക് വിദ്യാഭ്യാസകാൎയ്യത്തിൽ ചില പ്രത്യേക അവകാശങ്ങളെ അനുവദിച്ചുകൊടുക്കുന്നതു ബ്രാഹ്മ

ണക്ക് അറിയാവുന്നതായ വിശ്വസ്തമായി വന്നുകൂടിയതു അനുകരിച്ചുള്ളതാണല്ലൊ. രാജ്യഭരണാധികാരത്തിൽ വലിയ പൌരുഷംകൊണ്ടു ഔന്നത്യം സമ്പാദിച്ചു് ഉയർന്നുവന്ന ചില ഇതരജാതിക്കാർ തങ്ങളുടെ മഹത്വത്തെ നിലവിട്ടു കീഴടങ്ങുന്ന കാര്യത്തിൽ ബ്രാഹ്മണർ അനുവദിക്കേണ്ടിവന്നു. ഇങ്ങിനെ എടുത്തു നോക്കിയാൽ വളരെ സംഗതികളുണ്ട്. ഇതെല്ലാം ഇതരപ്രബലത്തിന്റെ പൌരുഷത്തിന്റേയും, സംകല്പത്തിന്റേയും ഫലമായിട്ടാകുന്നു സംഭവിച്ചതു്. ഇതുപോലെ നമ്പൂതിരി സമുദായത്തിനുള്ളിലും മുമ്പത്തെ സ്ഥിതിയിൽനിന്നു വ്യത്യാസപ്പെട്ട ചില പൌരുഷങ്ങൾ ജനിച്ചു. കടൽയാത്ര ചെയ്യുന്നതിലും, അതുപോലെ ശൂദ്രരികളോടുകൂടി സംസർഗ്ഗം ചെയ്യുന്നതിനും യാതൊരു വിരോധമില്ലാതായി. ജാതിവ്യവസ്ഥപ്രകാരം ഏർപ്പെടുത്തപ്പെട്ടതായ കർമ്മങ്ങളുടെ നിയമത്തെ വിലവെക്കാതെ അവർ കച്ചവടത്തിലും, മറ്റുകാര്യത്തിലും തങ്ങളുടെ പൌരുഷത്തെ ഉപയോഗപ്പെടുത്തി. ഉദ്യോഗം, കൃഷി, കലം എന്നു മാത്രം പോരാതെ കൂടിയ മറ്റു മനസ്സംഘങ്ങളുണ്ടാക്കി നടത്തിവരുന്ന നാട്ടുകാര്യങ്ങളെ തീർച്ചപ്പെടുത്തുന്നതിനു ഇംഗ്ലീഷുകാരുടെ കോടതികളാണ് അധികം നല്ലതെന്നു അവരറിഞ്ഞു. എന്തിനധികം പറയുന്നു സനാതനപ്രധാനങ്ങളായ ആചാരസമ്പ്രദായങ്ങളെ ക്രമേണ മാറ്റിക്കൊണ്ടു ഉടയാടകളിലും മറ്റും പല ഭേദഗതികളും ചെയ്തു. ചവിട്ടുവണ്ടി, സോപ്പു്, മെഴുതിരി, ഇംഗ്ലീഷുമരുന്ന്, തൊപ്പിക്കുട്ടി എന്നിങ്ങിനെയുള്ള സാമാനങ്ങളിൽ ഇല്ലായ്മയോടെ ഭേദമായി രാജസാധാരണത്തിൽ സന്തോഷിച്ചു് മടക്കം അതു

ത്തുതന്നെ സമഷ്ടിസംകല്പത്തിന്റെ പ്രബലമായ അടിസ്ഥാനത്തെ പിടിച്ചിളക്കിത്തുടങ്ങി. ഇംഗ്ലീഷു പഠിക്കുന്നതു നന്നായെന്നിങ്ങിനെയുള്ള ശങ്കയും മറ്റും ആരംഭിച്ചിട്ടുള്ളതും, പത്രങ്ങളേയും മറ്റും വായിച്ചും സമ്പാദിച്ചും ലൌകികജീവിതത്തിൽ പുതിയ പുതിയ സമ്പ്രദായങ്ങളെ അനുകരിച്ചുതുടങ്ങിയതും ഇതിൻപ്രകാരം വ്യഷ്ടിസംകല്പങ്ങളുടെ പ്രഭാവംകൊണ്ടു അനന്യമല്ലയോ? ഈ വിഷയത്തിൽ ഇതരസമുദായങ്ങളുടെ പൌരുഷവും നമ്പൂതിരിസമുദായത്തിന്റെ പൌരുഷവും ഒരുപോലെ ഉത്തരവാദികളായിരിക്കുന്നതാണ്. ഇതിനു ഒരു സമുദായങ്ങളും സ്മൃതികളെ നിരീക്ഷിക്കുന്ന കൊണ്ടുതന്നെ തീർച്ചപ്പെടുത്തുന്നത് എത്രപ്രയാസമായിരിക്കയാണു. ഇത് അനേകസമുദായങ്ങളുടെ ഒഴിയ ഭാഗത്തിന്റെ ഒരു കല്പാതെ തടകിനില്ക്കുന്നതും അതതു പാരമ്പര്യമായ സംകല്പസാമാന്യമാകുന്ന സമുദ്രത്തിന്റെ തിരമാലകളാകുന്നു. ഈ തിരമാലകളിൽ കാണുന്ന മാറ്റത്തിനടിസ്ഥാനമായ കാരണമൂലം തേടുന്നത് എവിടെനിന്നാണെന്നു നിശ്ചയിപ്പാൻ പ്രയാസമാകുന്നു. അതുകൊണ്ടുതന്നെയാണ് ഈ സംകല്പസാമാന്യം അനിർവ്വാച്യമാണെന്നു പറയുന്നതും. ഇപ്പോഴും ഈ സംകല്പസാമാന്യം അവ്യവസ്ഥിതമാണെന്നും, അനിർവ്വാച്യമാണെന്നും, അനാദിയാണെന്നും, അനന്തമാണെന്നും വെളിപ്പെട്ടു.

സംകല്പത്തിന്റെ സ്വരൂപത്തെപ്പറ്റിയാണ് ഇനിയും നമുക്കാലോചിപ്പാനുള്ളതു്. സംകല്പം മനസ്സിന്റെ ധർമ്മമാണെന്നും മനസ്സുതന്നെ സംകല്പത്തിന്റെ പര്യായമാണെന്നും തത്വദൃഷ്ട്യാ വിചാരിച്ചാൽ മനസ്സിലാകുന്നതാണ്. പണ്ടു

ളള തത്വശാസ്ത്രപണ്ഡിതന്മാർ ഇതിന്ന വൃത്തി, അന്തഃകരണം, മനസ്സ് എന്നിങ്ങിനെ പല പേരുകളും ഓരോ പ്രകൃതത്തിന്നനുസരിച്ച് നിശ്ചയിച്ചിരിക്കുന്നു. ഇവിടെ സംകല്പമെന്ന ശബ്ദത്തിന്ന മേൽപറഞ്ഞ പേരുകളിൽ കിടക്കുന്ന എല്ലാത്തരം താല്പര്യത്തിന്നും യോജിക്കുന്നവിധത്തിൽ ചേതനവ്യാപാരമെന്നാണ് അർത്ഥം നിശ്ചയിച്ചിട്ടുള്ളത്. ഇതിന്ന സ്വതന്ത്രമായ ഒരു സത്തയുമില്ല. സംകല്പം എന്നു ബിലും വിഷയത്തിന്നധീനമായി തീരുമ്പോൾ ആ വിഷയത്തിന്റെ സത്തയെ അനുസരിച്ചാകുന്നു നിലനില്പുന്നത്. ഹിന്ദുമതാചാര്യന്മാരിൽ ഒരിക്കൽ ചിലരുള്ള കാലങ്ങളിൽ സംകല്പം ആത്മാക്കളുടെ ആവലംബത്താൽ ജീവിക്കുന്നു. ഒരിക്കൽ ക്രിസ്തുമതത്തെ സ്മരിക്കുകയും അപ്പോൾ അതിന്റെ രൂപമായി മാറുകയും ചെയ്യുന്നതിന്ന വളരെ എളുപ്പമുണ്ട് പൊതുവെ മനസ്സെന്നുള്ളതു സംകല്പത്തിൽ നിന്നു ഭിന്നമായ ഒന്നല്ല. ആ സംകല്പത്തിന്റെ ഉപാദാനശക്തികളിലുള്ള ഒരു പ്രധാനഭാഗമായതുകൊണ്ട് വേറെ പേർ വിളിക്കപ്പെടുന്നു എന്നേ ഉള്ളു. ആദ്യം പറഞ്ഞിട്ടുള്ള വിധം "പദാർത്ഥങ്ങളുടെ ജ്ഞാനം" എന്ന സംകല്പം നശിച്ച് "ഭൂമിയുടെ ആകർഷണശക്തി" എന്നായി മാറിയതുപോലെ "ഇടിമിന്നൽ" എന്നുള്ള സംകല്പം "വിദ്യുച്ഛക്തി" എന്നായി പരിണമിച്ചുവല്ലോ. ഇങ്ങിനെ വിഷയങ്ങളുടെ മാറ്റത്തിന്നനുസരിച്ചു സംകല്പവും മാറിവരുന്നതുകൊണ്ട് സംകല്പത്തിന്ന സ്വതന്ത്രമായ സത്തയെ കുറ്റസ്വരൂപമാക്കുന്നു ഇല്ലെന്നു വ്യക്തമായിരിക്കുന്നു. വിഷയങ്ങളും സർവ്വാത്മനാ സ്ഥിതിസ്വഭാവമുള്ളതുകളല്ലെന്നും സംകല്പങ്ങളെപോലെതന്നെ സ്വതന്ത്രസത്തയില്ലാത്തവയാണെന്നും മുമ്പു വിവരിച്ചിട്ടുണ്ടല്ലോ. ഈ വിധത്തിൽ സംകല്പവും അതിൽ പ്രതിബിംബിക്കുന്ന വിഷയങ്ങളും ഒരുപോലെ അസത്തുകളാണെന്നു തെളിയുന്നു. എന്നാൽ സംകല്പം വിഷയാത്മകവും, വിഷയം സംകല്പാത്മകവും ആയിരിക്കയാലു നോക്കുമ്പോൾ രണ്ടുംതമ്മിൽ സംഗതിയാണെന്ന സമ്മതിക്കേണ്ടതാകുന്നു. പരമാർത്ഥത്തിൽ ഇവ്വണ്ണമുള്ള സംകല്പവും വിഷയവും പ്രപഞ്ചത്തിൽ അനാദ്യന്തമായി നിലനിന്നുകൊണ്ടാണ്ടു എല്ലാറ്റിലുമാണെന്ന സമ്മതിക്കണം. ഇതുകൊണ്ട് ഇതിന്റെ ജീവനം നൽകുന്നതായി മറ്റൊന്നില്ലെന്നു നാം അംഗീകരിക്കുക. അപ്പോൾ ആത്മാവും സംകല്പസ്വഭാവവും വിഷയങ്ങളുടെ കൂട്ടത്തിൽ മിഥ്യാസ്വരൂപമായിത്തീരുകയും ചെയ്യുന്നു. മിഥ്യാരൂപങ്ങളും അവ്യവസ്ഥിതങ്ങളും ആയ സത്തുക്കളായ വിഷയങ്ങൾ മേൽപറഞ്ഞ പ്രകാരം സംകല്പസമുദ്രത്തിൽ പ്രതിബിംബിക്കുന്നുണ്ടല്ലോ. ഈ പ്രതിബിംബത്തിന്ന മാത്രമാണ് വിഷയമെന്നുള്ള പേർ കൊടുക്കുന്നത്. കാരണം അവ മാത്രമെ സംകല്പത്താൽ ഗ്രഹിക്കപ്പെടുന്നുള്ളു. ഇങ്ങിനെ എത്രയോ പ്രതിബിംബങ്ങൾ കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ പലവിധം പ്രതിബിംബങ്ങളുമുണ്ട്. ഇനി എന്നാണ് ഇതുകൾ അവസാനിക്കുന്നതെന്നു നിശ്ചയവുമില്ല. ഈ പ്രതിബിംബങ്ങൾക്കെല്ലാം എന്തൊ ഒരു ബിംബമുണ്ടായിരിക്കണമെന്നു നാം മുക്കുന്നമാനിക്കുന്നതിന്ന വിരോധമില്ല. എന്നാൽ അതിന്റെ സ്വരൂപമെന്താണെന്ന നിർണ്ണയിക്കുമ്പോൾ അതു സംകല്പപ്രതിബിംബമാകയും മിഥ്യാരൂപമാണെന്നു വരികയും ചെയ്യും. അതുമാത്രംകൊണ്ടു നമ്മുടെ ഉദ്യമം സഫലമാകയില്ല. എന്നാൽ പലവിധമായി അനന്തം പ്രതി

ബിംബങ്ങളുടെ ഉറവുസ്ഥാനമായ ഒന്നാണെന്നു നമുക്കനുമാനിക്കാം. തന്നെയ്. എത്ര പ്രതിബിംബങ്ങളുണ്ടായാലും അവയെല്ലാം ഒരു ബിംബത്തിൽ നിന്നുണ്ടാവുന്നവ തന്നെ. പ്രതിബിംബങ്ങളുടെ സ്വരൂപങ്ങളൊന്നും ആ ബിംബത്തിലില്ലാത്തവയല്ല. പ്രതിബിംബരൂപങ്ങൾ സങ്കല്പവിഷയങ്ങളാകകൊണ്ടു അവയെ നാം ഗ്രഹിക്കുന്നു — ഗ്രഹണശക്തിക്കു കീഴടങ്ങുന്നു—എന്നതിനു സംശയമില്ല. ബിംബധർമ്മാകട്ടെ പ്രതിബിംബരൂപേണ ഗ്രഹിക്കപ്പെടുന്നു എന്നല്ലാതെ ആ ധർമ്മത്തെ നാം നമ്മുടെ ഗ്രഹണശക്തിക്കു കീഴടക്കുന്നു എന്നു പറവാൻ പാടുള്ളതല്ല. "ബുദ്ധിശക്തികളുടെ ഘനം" "ആകർഷണശക്തി" എന്നിങ്ങിനെ മറിമായിപ്പോകുന്നു സങ്കല്പവിഷയങ്ങളെ—പ്രതിബിംബങ്ങളെ— വിശ്വസിച്ചു നാം ബിംബധർമ്മത്തെ കുറപ്പെടുത്തുന്നതെങ്ങിനെ?—ഇത്രയും പറഞ്ഞതുകൊണ്ടു ആ ബിംബഭൂതമായ വസ്തു സത്താണെന്നും ഇന്നവിധത്തിലുള്ളതാണെന്നും ആർക്കും പറവാൻ സാധിക്കാത്തതാണെങ്കിലും ഏതുവിധം ധർമ്മവും അതിന്റെ തന്നെയെന്നും നമുക്കാലോചിക്കാമെന്നു വന്നു. ഇതിനെ സത്താണെന്നോ അസത്താണെന്നോ പറയുന്നതും നമ്മുടെ പ്രതിബിംബസംസ്കാരത്തെ വെച്ചുകൊണ്ടാകുന്നു. വാസ്തവത്തിൽ അതെന്താണെന്നു—സത്തോ, അസത്തോ, ശൂന്യമോ, പൂർണ്ണമോ, ആയിരിക്കുമെന്നു — പറവാൻ അസാദ്ധ്യം. ഇതുകൊണ്ടാകുന്നു ശാസ്ത്രജ്ഞന്മാർ "സദസദ്ഭ്യാമനിർവാച്യം" "ഗ്രാഹ്യനായോമർത്ത്യം" അനിർവ്വാച്യം, അഗോചരം, എന്നൊരോ ക്ഷേപ്യവാക്കുകളെക്കൊണ്ട് ആ വസ്തുവിനെ വ്യവഹരിക്കുന്നതു്.—"മായാ" എന്നായ പദത്തെപ്പറ്റി നാം അറിയുന്നതെല്ലാം. അതെന്തു് ദേവിയാണെന്നോ ശക്തിയാണെന്നോ പലരും ധരിച്ചിരിക്കാം. ഈ വക ധാരണയോടുകൂടിപ്പുറപ്പെടുന്നതുകൊണ്ടാണ് തത്വശാസ്ത്രത്തിന്റെ പ്രയോഗം (Practice) ലോകത്തിൽ ചുരുങ്ങിവരുന്നത്. മായാ എന്നൊരു വസ്തു എവിടെയും ഇല്ല. ഇതും ഒരു ശബ്ദമാകുന്നു. മേൽകാണിച്ച സങ്കല്പസാമാന്യത്തിനായാകുന്നു മായയെന്ന ശബ്ദങ്ങളെക്കൊണ്ടു എളുപ്പത്തിൽ പറഞ്ഞുവരുന്നത്. സങ്കല്പസാമാന്യം മിഥ്യയും ജഡാദ്യന്തവും അനാദിയുമായിരിക്കുന്നതുപോലെ മായയുമിരിക്കുന്നു. സ്വാമിവിവേകാനന്ദൻ മായയെപ്പറ്റിപ്പറയുന്നതു നോക്കുക. "മായയെന്നതു ലോകത്തിലുള്ള അവസ്ഥകളെല്ലാം കൂടിയുള്ള ഒരു വാചകശബ്ദമാകുന്നു. (Maya is simple statement of fact.) മായയെപ്പറ്റി നമ്മുടെ പുരാണങ്ങളിലും തത്വശാസ്ത്രങ്ങളിലും മറ്റും എന്തെല്ലാം പറഞ്ഞിട്ടുണ്ടോ അതെല്ലാം മേൽപ്രകാരമേ സങ്കല്പസാമാന്യത്തെക്കുറിച്ചാണെന്നു നല്ലവണ്ണം ആലോചിച്ചാൽ വ്യക്തമാകുന്നതാണ്. മായ പ്രതിബിംബിതചൈതന്യം ഈശ്വരനാണെന്നും മറ്റും പറയുന്നതുകൊണ്ട് പ്രതിബിംബഗ്രഹണശക്തി സങ്കല്പത്തിന്നെന്നപോലെ മായക്കും നിയതിക്കപ്പെട്ടിരിക്കുന്നതായി നമുക്കറിയാം. പ്രതിബിംബമെന്ന് ഈ പ്രബന്ധത്തിൽ പലേടത്തും പ്രസ്താവിച്ചിട്ടുള്ളത് സൂര്യചന്ദ്രാദികളുടെ പ്രതിബിംബംപോലുള്ള ഒന്നിനെപ്പറ്റിയല്ലെന്നും ഇതൊരു വിലക്ഷണമിതിയിലാണെന്നും വ്യവഹാരസൗകര്യത്തിനു വേണ്ടിയും എളുപ്പത്തിൽ മനസ്സിലാകാൻ വേണ്ടിയും ഇതിനെ വ്യവഹരിക്കുന്നതാണെന്നും എപ്പോഴും ഓർമ്മ വെച്ചിരിക്കേണമെന്ന ഈ അവസരത്തിൽ ഉ

തോ പ്രത്യക്ഷം പറഞ്ഞുകൊള്ളുന്നു. മായയുടെ ലക്ഷണത്തെ അവിദ്യയെന്നു മഹാന്മാർ പറയുന്നതെല്ലാം. അതിവിടെ വ്യഷ്ടി സങ്കല്പമാണെന്നറിഞ്ഞുകൊള്ളേണ്ടതാണ്.

ഇപ്രകാരം പ്രപഞ്ചമെല്ലാം മിഥ്യയാണെന്നും അവ്യവസ്ഥിതമാണെന്നും മററും പറയുന്നതിന്റെ വിരോധമുണ്ടോ? ലോകം ഇല്ലാത്തതാണെന്നു പറയുമ്പോൾ നമുക്കു പെട്ടന്നനെ ഒരു സംശയം തോന്നുന്നു. ഇത്രയും വൃക്ഷപർവ്വതാദികളും പ്രാണികളും നിറഞ്ഞിരിക്കുന്ന ഈ കാണുന്ന ലോകം ഇല്ലാത്തതായി വരികയുമല്ല, എന്നാണു നമ്മുടെ വാദം. മിഥ്യയെന്നും, ഇല്ലാത്തതെന്നും പറയുന്ന രണ്ടു പദങ്ങളിലും ഉള്ള ശക്തിക്കു വ്യത്യാസമുണ്ട്. സങ്കല്പസാമാന്യം അല്ലെങ്കിൽ മായ ഇല്ലാതെ ഈ ലോകം ഉണ്ടാവുകയില്ലെന്ന് മുമ്പേ പറഞ്ഞിട്ടുണ്ടല്ലോ. ഇങ്ങിനെയിരിക്കുന്ന ലോകത്തോടു നമുക്കു വല്ല സംബന്ധവുമുണ്ടോ? സ്വന്തമായ അന്തരംഗമില്ലാത്ത മനസ്സിനെ സംബന്ധിച്ച് നമുക്കു സുഖദുഃഖങ്ങളും ഇച്ഛാദ്വേഷങ്ങളുമുണ്ടാവുന്നതെങ്ങിനെ? നമ്മുടെ സുഖദുഃഖങ്ങളും ഇച്ഛാദ്വേഷങ്ങളും അയഥാർത്ഥങ്ങളാണെന്നും അവ ഈ ലോകത്തെ സംബന്ധിച്ചിരിക്കുന്നവയാണെന്നും ഉള്ള ബോധം ശരിയല്ലാത്തതാണല്ലോ. ഇപ്രകാരം ഈ ലോകത്തെ നാം ഏതു നിലയിൽ വെക്കണമെന്ന ആ നിലയെയാണ് മിഥ്യാപദംകൊണ്ടു വിവരിക്കുന്നത്. വാസ്തവത്തിൽ ലോകം ഇല്ലാത്തതല്ല. സത്യംതന്നെ. അനേകം സങ്കല്പങ്ങളും വിഷയങ്ങളും അല്ലെങ്കിൽ പ്രതിബിംബങ്ങളും ഉണ്ടായി നശിച്ചാലും പിന്നെയും ഒന്നു കൂടുന്നതിനുള്ള സ്ഥിരമായ ഏതോ ഒരു വസ്തു പ്രപഞ്ചത്തിലുണ്ടല്ലോ. അതു നോക്കുമ്പോൾ നാം ലോകമൊട്ടുക്കു ഇല്ലാത്തതാണെന്നു പറയുവാൻ ഉദ്ദേശിക്കുന്നില്ല. സത്യമല്ലാതെന്നല്ലയോ പറയേണ്ടത്. വൃക്ഷപർവ്വതാദികളൊന്നും ഇല്ലാത്തവയല്ല. അവയെ സംബന്ധിച്ചുള്ള നമ്മുടെ സങ്കല്പം മാത്രം മിഥ്യയാണെന്നു മുമ്പേ തെളിഞ്ഞിട്ടുണ്ട്.- സങ്കല്പവിഷയങ്ങളായ ഈ ഘടാദികൾ ക്ഷണി എന്നവയെ ഭ്രമംപോലെ മിഥ്യയാകുന്നു. സങ്കല്പാതീതമായ ആ അനിർവ്വാച്യവസ്തുവിനെ നോക്കിയാൽ സർവ്വവും സത്യംതന്നെ. ലോകം മിഥ്യയാണെന്നു പറയുമ്പോൾ സാധാരണന്മാർക്കുണ്ടാകുന്നതുപോലെ ബ്രഹ്മം മിഥ്യയാണെന്നു പറയുമ്പോൾ ചില വേദാന്തികൾക്കും സംശയം വരും. ശ്രുതി, സ്മൃതി, ഉപനിഷത്, ഭഗവൽഗീത, മുതലായ പവിത്രഗ്രന്ഥങ്ങളിൽ ഏതുതരം പ്രാധാന്യം സത്യമെന്നു കൊടുക്കപ്പെട്ടിരിക്കുന്ന ബ്രഹ്മം മിഥ്യയോ? എന്നാണ് അവരുടെ ചോദ്യം. വാസ്തവത്തിൽ മായയെപ്പോലെ ഒരു ശബ്ദമാണ് ബ്രഹ്മം. മായക്കും ബ്രഹ്മത്തിനും പരമാർത്ഥത്തിൽ ഭേദമേയില്ല. അനിർവ്വാച്യമായ ആ മുൻപറഞ്ഞ ഏതോ ഒരു വസ്തു ബ്രഹ്മശബ്ദത്തിലേക്ക് ഒതുങ്ങുക കീഴടങ്ങുകയോ ചെയ്കയുമില്ല. സർവ്വത്ര വ്യാപിച്ചിരിക്കുന്ന വസ്തുവായ ഒന്ന് എന്നാണല്ലോ ബ്രഹ്മശബ്ദാർത്ഥം. വിചാരിച്ചുനോക്കിയാൽ ഈ ശബ്ദം മേൽപറഞ്ഞ വിധം വസ്തുവിന്റെ സ്ഥിതിക്കു ഒട്ടും പോരിയതല്ല. ബ്രഹ്മശബ്ദം വ്യവഹാരസൌകര്യത്തിനു വേണ്ടി നിശ്ചയിച്ചതാണെന്നുള്ളതിനു സംശയമില്ല. ഈ സംഗതിക്കു ശബ്ദപ്രമാണങ്ങളും ശാസ്ത്രത്തിൽ സാധാരണയായിട്ടുണ്ട്. എന്നാൽ ആ വസ്തുവിനു ഉചിതമായ പേരൊന്നുമില്ല. അഥവാ ഏ

ല്ലാം അതിന്റെ ഭേദങ്ങൾ തന്നെ. അതിൽനിന്നു ഭിന്നമായ ഒന്നുംതന്നെ ഇല്ലതല്ലും.

ഇങ്ങിനെ ഒരു പ്രകാരത്തിലും നിർദ്ദേശിപ്പാൻകൂടാത്തതും ഒരു ധർമ്മവുമില്ലാത്തതുമായ ആ വസ്തുവിന്റെ കാര്യം പറഞ്ഞിട്ടാവശ്യമെന്ത്? തത്വശാസ്ത്രത്തിന്റെ ഉദ്ദേശം ഇത്ര മോശമായ ഒന്നായിരിക്കുമോ? ഇതാണ് പരമാർത്ഥമെങ്കിൽ മോക്ഷത്തെ പുരുഷാർത്ഥമെന്നു പറയുന്നതെങ്ങിനെ? ഈ ചോദ്യങ്ങളുടെ ഉത്തരം പറയുന്ന അവസരത്തിലാണ് വലിയ വൈഷമ്യങ്ങളുണ്ടാകുന്നതു. എന്നാൽ മോക്ഷത്തിന്റെ പരമാർത്ഥത്തെ ഒന്നു വിചാരിക്കുക. മോക്ഷപദത്തിന്റെ ധാത്വർത്ഥം "വേർപാട്" എന്നാകുന്നു. ഈ പദം, എന്തിൽ നിന്നു? എന്നുള്ള ആകാംക്ഷയെ ഉണ്ടാക്കുന്നു. അതിനുത്തരമായിട്ടു നമുക്കു പറവാനുള്ളതു പ്രപഞ്ചത്തിൽനിന്നു എന്നോ മായയിൽ നിന്നു എന്നോ സങ്കല്പസാമാന്യത്തിൽ നിന്നെന്നോ വിഷയങ്ങളിൽ നിന്നെന്നോ ആകുന്നതേ മറ്റൊന്നുമല്ല. ഈ വകകളിൽ നിന്നു വേർപെടുന്നതെങ്ങിനെയാണെന്നാലോചിക്കണം. നേത്രം മുതലായ ഇന്ദ്രിയങ്ങൾ അനാദിയായ അഭ്യാസംനിമിത്തം സിദ്ധിച്ചിട്ടുള്ള ഗ്രഹണം മുതലായ വ്യാപാരങ്ങളിൽനിന്നു പിന്തിരിയുവാൻ സാധിക്കുന്നവയല്ലല്ലൊ. അതു സാധിച്ചിട്ടുതന്നെ വിശേഷിച്ചു പ്രയോജനമൊന്നുമില്ല. വിഷയങ്ങളൊന്നോ എത്രതരം പ്രതിബിംബങ്ങൾ നമ്മുടെ സങ്കല്പശക്തിയെ വ്യാപിച്ചിരുന്നാലും അതുകൊണ്ടു യാതൊരു വിരോധവുമില്ല. സങ്കല്പസാമാന്യം മിഥ്യയാണെന്നു വ്യക്തമായല്ലോ. അതിനെ അങ്ങിനെ അറിയണമെങ്കിൽ വളരെ പ്രയാസമുണ്ട്. അത്രമാത്രം പ്രപഞ്ചതത്വത്തെപ്പറ്റി മനസ്സിലാക്കാൻ സാധിക്കയെന്നതു ദുർല്ലഭമാകുന്നു. ഈ വിധത്തിൽ മായാസ്വഭാവത്തെ മനസ്സിലാക്കാതിരിക്കുന്നതും ആ സങ്കല്പത്തിന്റെ ശക്തികളിൽ ഒന്നാണ്. ഈ ശക്തിക്കാണ് ആവരണശക്തിയെന്നു പേർ. ഈ ശക്തിയെ ഒഴിച്ചു ബാക്കിഭാഗത്തിനു വിക്ഷേപശക്തിയെന്നും പണ്ടുള്ളവർ പേർ നിശ്ചയിച്ചിരിക്കുന്നു. ആവരണശക്തിക്കു പ്രധാനമായി യോജിച്ചിരിക്കുന്ന പേരാണ് അജ്ഞാനം. കാരണം, ഇതു നിമിത്തമാണ് തത്വജ്ഞാനത്തിനു സംഗതിയില്ലാതെ പോകുന്നത്. ഈ ശക്തിയുടെ ബന്ധനത്തിൽനിന്നു വേർപെടുന്നതു വളരെ പ്രയാസമുള്ള സംഗതിതന്നെ. ഈ വേർപാടിനെയാണ് മോക്ഷം എന്ന പദംകൊണ്ടു നിർദ്ദേശിക്കുന്നത്. ഈ ശക്തിയിൽനിന്നു വേർപെട്ടാൽ പിന്നെ ജഗത്തിൽനിന്നോ മായയിൽനിന്നോ സങ്കല്പസാമാന്യത്തിൽനിന്നോ വേർപെടുന്നതിനു വേറെ കാരണം ആവശ്യമില്ല. ഈ വിധത്തിലുള്ള വേർപാടാണല്ലോ മോക്ഷപദാർത്ഥം. മോക്ഷമെന്നതു സുഖമായി ചെന്നു താമസിപ്പാനുള്ള മാളികയോ സർവ്വാധികാരമുള്ള സാമ്രാജ്യമോ മറ്റോ അല്ല. ആ പ്രാപഞ്ചികതത്വങ്ങളുടെ അറിവുനിമിത്തം അതുവരെയുണ്ടായിരുന്ന അജ്ഞാനത്തിന്റെ നാശമാകുന്നു. ബ്രഹ്മത്തോടുകൂടി ഒന്നായി ചേരുകയോ ബ്രഹ്മമായി തീരുകയോ മറ്റോ ആണ് മോക്ഷമെന്നു പറയാവുന്നതു ശരിതന്നെ. എന്നാൽ മേൽകാണിച്ച അർത്ഥത്തെ ഉള്ളിൽവെച്ചു പറയപ്പെടുന്ന ഒരു തരം ഭംഗിവാക്കാണ് അതെന്നു പ്രത്യേകം അറിയേണ്ടതാണ്. വേർപെടുക എന്നർത്ഥമായ മോക്ഷശബ്ദത്തിന് എന്തായാലും ഒന്നിനോടു ചേരുക എന്നർത്ഥമുണ്ടാകയില്ലല്ലോ.

നമുക്കുണ്ടാകുന്ന ഇച്ഛാദ്വേഷങ്ങളും, സുഖ ദുഃഖങ്ങളുമെല്ലാം മിഥ്യാരൂപങ്ങളും അവ്യവസ്ഥിതങ്ങളും, അസംബന്ധങ്ങളുമാണെന്നു ദൃഢമായി ഉറപ്പുവന്നാൽ പിന്നെയുള്ള ജീവിതം എത്ര സന്തോഷപ്രദമായിരിക്കും! ഈ സന്തോഷത്തെയാണ് ഉത്തമവും വാസ്തവവും ആയ കൃതാർത്ഥതയെന്നു പറയേണ്ടത്. അജ്ഞാനാച്ഛന്ന വിചാരിച്ചുവരുന്ന വലിയ വലിയ ആപത്തുകളിലും ഈ കൃതാർത്ഥതക്കു നാശമില്ല. മുകളിൽ കാണിച്ചിട്ടുള്ള യുക്തികളെക്കൊണ്ടു വിചിന്തനം ചെയ്യുമ്പോൾ ഈ കൃതാർത്ഥത കിട്ടുന്നത് ദുഷ്കരമായ കാര്യമാണെന്നു തോന്നുന്നുണ്ടോ? ബ്രഹ്മം ആനന്ദസ്വരൂപനാണെന്നു പറയപ്പെടുന്ന കാരണം ഈ കൃതാർത്ഥതയുണ്ടാകുന്ന. ഇതിന്നെയിരിക്കുന്ന മോക്ഷം പരമപുരുഷാർത്ഥമാണെന്നു പറയുന്നതിൽ വിരോധമുണ്ടോ? ഈ കാര്യത്തിന്റെ സിദ്ധിക്കുവേണ്ടി എത്ര തപശ്ചര്യകളുണ്ടാകുന്നതായാലും അനാവശ്യമെന്നു പറയാമോ? കഴിക്കയുമില്ല. പലരെ ജന്മങ്ങളിൽ ചെയ്യപ്പെടുന്ന പുണ്യകർമ്മം കൊണ്ടെ ഈ ജ്ഞാനം സാധിക്കയുള്ളു എന്നു പറയുന്നുണ്ടല്ലോ. അനേകം കാലം കഷ്ടപ്പെട്ടു വിചാരം ചെയ്കയും, അറിവുള്ളവരോടുകൂടി സംസർഗ്ഗം ചെയ്കയും തപശ്ചര്യകളെ വായിക്കയും വിചാരിക്കയും ചെയ്താൽ മാത്രമേ ഈ ജ്ഞാനം ലഭിക്കയുള്ളു എന്നാണ് അതിന്റെ സാരം. കഴിഞ്ഞതും വരാൻ പോകുന്നതുമായ ജന്മങ്ങളെക്കൊണ്ടു നമുക്ക് ഒരാവശ്യവുമില്ല.

(തുടരും)

വടക്കേപ്പാട്ടു നാരായണൻനായർ.

തെങ്കൈലാസനാഥോദയം

പ്രബന്ധം (തുടൎച്ച)

"പത്മാനനമുഖസംഭക്തജനതാ-
ദോഷാപഹതിപ്രത്യക്ഷ-
സ്വത്വാവാസസമീരിൽപതേ! കവലയ-
പ്രാകാശ്യശീതദ്യുതേ!
സത്യാവസ്ഥിതിസാരസോമവ! സദാ-
ലംബാംബരാന്ത്യാളകാ
സന്താപകമ്രചികാളഗിരിശ-
ശ്രേയശ്ശ്രീയകല്പക.
സ്വവശ്യൗകശിഖരകക-
ന്ദ്രാഗ്രർക്കണ്ഠധാര
നിവീതവസ്ത്രണ്ഡമാല്യ.
തപീത ചർമ്മാംബരേ!
ഗതാംബുജകപാലമൂല-
തിധാള്ളിലീലയസ്യസ-
ഗതേ! ഭസ്മനസ്മലേപിനി!
പൃഷാകപാലപ്രിയേ!
ദേവി! ത്രൈലോക്യത്രാകലിതപൃഷപുരാ-
വാസലീലായിതേ! ശ്രീ-
പാദാബ്ജംഭക്തിനംതേകഫിഷമകടപാ-
ഷാണബന്ധാതിമാനം,
അഭ്യർച്ച്യ പ്രകോപപ്രണതഹരജടാ-
ബദ്ധനാഗസർപ്പിഗംഗാ-
പാദേഭോജിന്ദ്വക്ഷിതംശോതസ്ഥിപശരശിവ-
പ്രാണനാഥേസമീപം".
ഉത്ഥാനിരന്തരമെന്നതമെന്നതരാത്ര
ചെന്ത്യാനിഷേവണമംഗ്യാമിതൊപ്പിക്കേഷാ
നകതനിലെമിധയന്തൃതിതന്ത്രാവ- (ത്
സ്ഥനിന്ദവാസസമുദ്രജ്യപ്പാപ്യമാജ്ഞാ.

ധ്യായൻ ധ്യാനസ്ഥനായ്ത്താമരമപോഴ്തവരാ
നരവീര്യനള്ളട
പാദംപാദംപദാമ്പുജസ്തുതിനായനാപൃഷ്ഠം
ക ചാരദർശ്ശുദ്ധനേത്രം
മായാമൈകവിദ്യസാന്ദ്രാൽപ്പരമശിവമനഘ-
നള്ളിരുപ്പാടകമി-
പ്രാപഷ്കനാഗ്ര്യസാഫല്യതാകരുണം
പാത്മവിവനതംബദ്ധോ.
"പുണ്യാത്മ്യ! കൈലാസോണിപ! തവകരലം
വന്ദനാം, കൽപ്പത്തിം
നാനാശ്ലാഘിച്ചുധർമ്മസമിതിതതികാഹത്തീം
ചേർത്തുകൊണ്ടാംബരാമേ!
ധന്യാൽ കൈലാസനാഥാലയാദികലയമ-
സ്ഥാനമേതൽപ്രിയത്തേ (മഹാ-
പ്രോന്നിൻപ്രാസാദസാലാദിലിഖിതനവമ-
ന്ത്യുത്തമംകല്പയേഥാഃ.
സത്യംമനോജ്ഞമേ ചാരുഗുണവരിതവക്കല
ജാതനാംകേലിലസ്യൽ.
ഭക്താരാജന്മശിവ്രമണ്ഡപചാതിലതിസമാ-
മാമിയാനോമഹീയാൻ
അയമേത്രവർണ്ണാനിരാഗോപുരമിദം പാതകി-
ലുമനാർഹ്യമഹാരേ (നരമ-
കൃതപർവ്വതാപ്രതിഷ്ഠാം മൽ പരമപദം
മാസ്യതവംരക്ഷാരാം.
ഏന്നാലൂരപ്പമഹാഗ്രാമപാത്രമോരം
ധന്യം വിദ്യുതിരശൽകലമാഴ്ന്നീമോന്ദം[illegible].
എന്നാശ്ശീർവ്വിളനന്തരമശ്രമേഗാ-
ലനന്തമെനവരെന്നയനംത്തുറന്നു.
ആനന്ദാശ്ചര്യകുളുത്തലൾപ്പിരമേ(നാ)
മാനമേറ്റ്യുദാനീം
നാനാരത്നോപചാരാദിതസകലമഹാ-
സാലമാലാഭിരാമം
സ്ഥാനം തത്സർവലോകാച്ഛിതമലസരോ-
ഗോപുരാദ്യാലർത്ത്യ-
സ്ഥാനപ്രാസാദസന്മണ്ഡപപരിലസിതം
കല്പയാമാസരാജാ.

[illegible]വിനാശപാപതിമിരപ്രഭാകര
കൈവല്യവർത്മാവകം
ചാമരത്തിത്തനാഘംപ്രദക്ഷിണമഹാ
മാർഗ്ഗംസൂപഗ്രാമണീഃ
[illegible]ചലസ്യംപ്രമഥാവലിസ്തോത്രനിവാ-
സംഗീതവിദ്യാതിതം
ബാലാരിഷ്ടവശേനവിശുദ്ധിസദാം
ചക്രേ തദ്ഭ്രാതരം.
അത്യന്താശ്ചര്യമായ്ത്തീർത്തീടകിയ വൃഷഭ-
ക്ഷേത്രദ്വീപപതിനാ-
മൃത്യംസം തിങ്ങവാരാ മണികലശസമാ-
സ്രാഷിതനാമിഷേകം
ബ്രഹ്മോത്സവം വിധായാഷ്ടർ തദിതി ഭഗവ-
ന്മാനപ്പൂർണ്ണേന സദ്യം (തദാ-
കൽപ്പം വാസ്തുശ്രദ്ധ്യാദികളുഷിസദസാ
കാരയാമാസധീമാൻ.

ഗദ്യം— അത്ര ച കേഷുചിൽ പ്രാസാദ ഗോപുരാദി ശുദ്ധികർമ്മസദൃശവിധാനൈകതാനേഷു, പാഠങ്ങ് വിവിധഹോമസ്തോമ[illegible]താനസമിധാദിസ്തുതിഷു പൂർവ്വലോസമർപ്പിതസമ്പ്രദാനസന്തൃപ്തിത സകലസാധുലോകേഷു ദിവാനിശം പ്രവർത്തനേഷു, പുനരന്യേഷു സച്ചിത്രീകൃതാലപ്രയ ഗ ഗോദാവരീഗോകർണ്ണകവേരകന്യാകലംബവതീഷ്ടപാപനാശിനി ദക്ഷിണഗംഗാദ്യന്ത്രി ഫൽഗുനാദിപൂർണ്ണപുഷ്ടിയമഘോഷാദ്യാദിപുണ്യതീർത്ഥജലാനി നിജദിവ്യാനമ്മോദ്യമേന നിസ്യൂതം സമാനീയ യഥാവിധിവിഹിതനിർമ്മാണസംസ്കാരങ്ങൾ [illegible] [illegible]കലശമണിമണ്ഡപ സമന്വയതോ നിരന്തരനിഹിതാനു[illegible] [illegible]പരിപൂർണ്ണയത്സു, ചതുരമിതാരഷു [illegible]വ്യാഖ്യാനപ്രബോധ പാഠാരമൈര്യെവേദ്യസമ്പൂർണ്ണാദികൾ ക മമരേഷു മുനിപരിവൃഢേഷു, ഗർഭഗേഹേ [illegible] [illegible]

[illegible]

സമാപ്തം.

—:o:—

ഊർമ്മിള *

രാമായണകവി, തനിക്കുള്ള മനോ[illegible] സീതാദേവിക്കഭിഷേകം ചെയ്യുന്നതിനു ചിലവഴിച്ചിരിക്കുന്നു. എന്നാൽ സീതയെപ്പോലെതന്നെ [illegible] രാജവധുക്കുട്ടി സീതയുടെ അരികിൽ വാടിയമുഖത്തോടും [illegible]ത്തോടുംകൂടി [illegible] ല്ലാം ഉപേക്ഷിച്ച് സ്ഥിതിചെയ്യുന്നുണ്ട്. അവരുടെ ചുറ്റുപാടുമുള്ള [illegible] ഒരു തുള്ളിപോലും കരുണാരസം കവിയുടെ ഹൃദയപാത്രത്തിൽനിന്നു ചോർന്നുവീഴാതെ ഇരിക്കുന്നു. ഹാ, അവ്യക്തവേദനയായ ഊർമ്മിളേ! പ്രഭാതവേളയിലെ നക്ഷത്രത്തെ [illegible] മേഘത്തിന്റെ ശിഖരത്തിലെന്ന

* ഇതു, "ബംഗാളിയിലെ കാളിദാസൻ" എന്നു പ്രസിദ്ധനായ ബാബു രവീന്ദ്രനാഥടാഗോർ അവർകളുടെ [illegible] 'പ്രാചീനസാഹിത്യം' എന്ന [illegible] സമാഹൃതമാ[illegible] ണ്.

—[illegible]

പോലെ, ദേവിയെ ഭക്തന്മാർ ശ്രീരാമ കാവ്യത്തിൽ ഉദിച്ചുകാണുകയുണ്ടായിട്ടു പ്രഭാതനക്ഷത്രം സൂര്യോദയത്തിങ്കലെന്നപോലെ ദേവി പിന്നീട് തീരെ അപ്രത്യക്ഷയായല്ലോ. ദേവിയുടെ ആ ഉദയാചലം എവിടെയാണെന്നും, ആ അസ്തമനപർവ്വതം ഏതാണെന്നും ഉള്ള ചോദ്യങ്ങളെക്കൂടി സർവ്വരും വിസ്മരിച്ചുപോയി.

കവികൾ തങ്ങളുടെ കാവ്യങ്ങളിൽ വർണ്ണിക്കാതെ വിട്ടേച്ചിരിക്കുന്ന ഒരുകൂട്ടം സ്ത്രീകൾ കാവ്യങ്ങളിൽ മറഞ്ഞുകിടക്കുന്നുണ്ട്. അവരെ കവികൾ ഉപേക്ഷിച്ചിരിക്കയാണെങ്കിലും, അവർ സ്വപ്നത്തിൽനിന്നു സ്ഥാനഭ്രംശം വന്നിട്ടില്ല. അവർക്ക് കാവ്യങ്ങളിൽ തക്കതായ സ്ഥാനം അനുവദിച്ചിട്ടില്ലെങ്കിൽ വേണ്ട; വായനക്കാർതന്നെ തങ്ങളുടെ ഹൃദയത്തിൽ അവർക്ക് യോഗ്യമായ ആസനം കൊടുക്കുന്നുണ്ട്. ആവക ഉപേക്ഷിക്കപ്പെട്ട സ്ത്രീകളിൽ ഇന്നാളെയാണ് ഇന്നാൾ അധികം ഇഷ്ടപ്പെടുന്നതെന്നുള്ളതു വായനക്കാരുടെ രുചിഭേദം പോലെയിരിക്കും. എന്നാൽ, എന്റെ അഭിപ്രായം പറയുന്നതായാൽ സംസ്കൃതസാഹിത്യത്തിലെ ഉപേക്ഷിക്കപ്പെട്ട സ്ത്രീകളിൽ അവരെയെല്ലാം എനിക്കു പരിചയമുണ്ടെ അവരിലെല്ലാവരിലുംവെച്ച് ഒന്നാമതായി ഞാൻ ഹൃദയാസനം കൊടുക്കുന്നത് ഊർമ്മിളയ്ക്കാണ്.

ഇതിന്നു മുഖ്യമായ കാരണം എന്തെന്നാൽ, "ഊർമ്മിള" എന്നതുപോലെ ഇത്ര മധുരമായ കരുണമായ നാമധേയം സംസ്കൃതത്തിൽ വേറെയധികം കാണാത്തതുകൊണ്ടാണ്. പേര് എന്നത് ഒരു വെറും ശബ്ദമാത്രമാണെന്നഭിപ്രായമുള്ളവരുടെ കൂട്ടത്തിൽ ഞാൻ ഉൾപ്പെടുന്നില്ല. "പാടലപുഷ്പത്തിന്നു വേറെ എന്തെങ്കിലും ഒരു പേരു കൊടുത്താൽ അതിന്റെ മാധുര്യത്തിന്നു ഒരു താരതമ്യം വരുന്നതല്ല" എന്നു ഷേക്സ്പിയർ പറഞ്ഞിട്ടുണ്ട്. പാടലപുഷ്പത്തിന്റെ കാര്യത്തിൽ പക്ഷേ അങ്ങനെ വന്നേക്കാം. കാരണം, അതിനുള്ള മാധുര്യം വളരെ സ്പഷ്ടവും അത്ര ബാഹ്യങ്ങളായ ചില ഗുണങ്ങളെമാത്രം ആശ്രയിച്ചിരിക്കുന്നതും ആകുന്നു. മനുഷ്യരുടെ മാധുര്യമാകട്ടെ അങ്ങിനെ ഇന്ദ്രിയഗ്രാഹ്യമാകുന്നതല്ല. അതിന്റെ അതിസൂക്ഷ്മങ്ങളായ ചില ദുർഗ്രഹമായ അംശങ്ങളെ, ഇന്നപ്രകാരമെന്നു വിവരിപ്പാൻ വയ്യാത്ത ഒരു ഭാവത്തെ വെളിപ്പെടുത്തുന്നുണ്ട്. ആ അംശത്തെ നാം മനസ്സുകൊണ്ടു സങ്കല്പിക്കാനല്ലാതെ അവ ഇന്ദ്രിയഗോചരമാവുന്നില്ല. ഇതിനെയുള്ള മാധുര്യസങ്കല്പസൃഷ്ടിയിൽ പേരിന്റെ മാധുര്യം വളരെ സഹായിക്കും. പാഞ്ചാലിയുടെ പേര് ഊർമ്മിള എന്നായിരുന്നുവെങ്കിൽ, വീരന്മാരായ നാലഞ്ചു ഭർത്താക്കന്മാർക്കുള്ള തെളിവുള്ളവളായ ആ ക്ഷത്രിയസ്ത്രീയുടെ ഔദ്ധത്യമേറിയ പ്രതാപം അതിനാൽ കുറഞ്ഞുപോകുമായിരുന്നു. അതിനാൽ, ഊർമ്മിളയ്ക്കു നാമകരണം ചെയ്തതിന്നു നാം മിഥിലയായും വാല്മീകിയോടും കൃതജ്ഞരായിരിക്കണം. ഊർമ്മിളയുടെ കാര്യത്തിൽ കവിഗുരുവായ വാല്മീകി എന്നുതന്നെ അനാദരവിത്രം കാണിച്ചിട്ടുണ്ടെങ്കിലും, ഭാഗ്യവശാൽ അദ്ദേഹം 'മാണ്ഡവി' എന്നോ 'ശ്രുതകീർത്തി' എന്നോ നാമകരണം ചെയ്യാതിരുന്നതുതന്നെ വലിയ കാര്യമായിട്ടുണ്ട്. മാണ്ഡവിയെപ്പറ്റിയോ ശ്രുതകീർത്തിയെപ്പറ്റിയോ നമുക്ക് ഒന്നും അറിഞ്ഞുകൂടാ; അറിയണമെന്നു നാം ആഗ്രഹിക്കുന്നുമില്ല.

ഊർമ്മിളയെ ഒന്നാമത് ഒന്നും കണ്ട

തു മിഥിലാരാജധാനിയിൽ വെച്ചാണല്ലോ. അപ്പോൾ, അവൾ പട്ടുപുടവയും ഉടുത്ത് വിവാഹാർഹമായ വേഷത്തിൽ ഇരിക്കയായിരുന്നു. അവിടുന്നു ദശരഥമഹാരാജാവിന്റെ അന്തഃപുരത്തിലേയ്ക്കു ചെന്നതിനു ശേഷം അവളെ ഒരിക്കലും കണ്ടതായി ഓർക്കുന്നില്ല. എന്നാൽ, അന്നു വിവാഹവേഷത്തോടുകൂടി കണ്ട കാഴ്ച തന്നെ ഇന്നും മനസ്സിൽ നിന്നു മാഞ്ഞുപോകാതെ കിടക്കുന്നുണ്ട്. ഊർമ്മിള രൂപവും ധരിച്ച് നിശ്ശബ്ദമായി സഞ്ചരിക്കുന്ന ഒരു "നിഴൽ" ആയിരിക്കുമോ? വാല്മീകിയുടെ കാവ്യത്തിൽ മാത്രമല്ല, ഭവഭൂതിയുടെ കാവ്യത്തിലും ആ ദീപ്തി ഒരു പ്രാവശ്യത്തേയ്ക്കു മാത്രം മിന്നിക്കാണുന്നതേയുള്ളു. സീത ചിത്രപടത്തെ ചൂണ്ടിക്കാണിച്ച് സ്നേഹകൌതുകങ്ങളോടുകൂടി, "വത്സാ! ഇതാ വേറെ ഒരു കന്യകയെ കാണുന്നുവല്ലോ; ഇവൾ ആരാണ്?" എന്നു ലക്ഷ്മണനോടു ചോദിച്ചു. അപ്പോൾ ലക്ഷ്മണൻ ലജ്ജാവശഗനായി, "ആ! ഊർമ്മിളയെപ്പററിയാണ് ആര്യ ചോദിക്കുന്നത്" എന്ന് ആത്മഗതം ചെയ്ത്, ആ ഭാഗം മറിച്ചുവിടുകയേ ഉണ്ടായുള്ളു. അതിനു മേൽ രാമായണകഥയിൽ കണ്ടിട്ടുള്ള അതിദീർഘങ്ങളായ ആ സുഖദുഃഖചിത്രങ്ങളിലൊന്നിലെങ്കിലും, ഒരു ഭാഗത്തും ഊർമ്മിള ഒരിക്കൽപ്പോലും ആ ചിത്രത്തിൽ പതിഞ്ഞിട്ടില്ല.

രാമാഭിഷേകത്തിനു വേണ്ട ഒരുക്കങ്ങൾ ചെയ്യാനായി അയോദ്ധ്യയിലെ അന്തഃപുരസ്ത്രീകൾ ഒരു ദിവസം ആദ്യവസാനമായി ശ്രമിച്ചിരുന്നു. അവരുടെ കൂട്ടത്തിലെങ്ങാനും തലയിൽ മൂടുപടം ധരിച്ച് ഊർമ്മിള കൂടി ഉണ്ടായിരുന്നുവോ ആവോ? അഭിഷേകസംഭാരമൊരുക്കിയ ആ ദിവസത്തെപ്പോലെ തന്നെ ഊർമ്മിളയ്ക്കു വിസ്മരണീയമല്ലാത്ത മറെറാരു ദിവസം കൂടിയുണ്ടായിരുന്നു. ബാലന്മാരായ രാമലക്ഷ്മണന്മാർ സീതയോടുകൂടി അയോദ്ധ്യാപുരിയെ അന്ധകാരമയമാക്കിച്ച് ജടയും മരവുരിയും ധരിച്ച് വനത്തിലേയ്ക്കു പുറപ്പെട്ടുവല്ലോ. ആ സമയത്തു നായികയായ ഊർമ്മിള "ഞെട്ടറ്റുവീണ നവമാലികയെന്നപോലെ" പൊടിപുരണ്ട് എവിടെയാണു കിടന്നിരുന്നതെന്ന് ആർക്കറിയാം? അയോദ്ധ്യയിലെ ജനങ്ങളൊക്കെയും കരച്ചിലും പിഴിച്ചിലുമായിക്കഴിച്ചുകൂട്ടിയ ആ ദിവസം, മനസ്സു തകർന്നു വീഴുന്ന ഊർമ്മിളയുടെ ദുസ്സഹമായ ശോകാവേഗത്തെ ആരെങ്കിലും കണ്ടിട്ടുണ്ടോ? ഹാ! ആ കവികൂടി — ഇണപിരിഞ്ഞുപോയ ക്രൌഞ്ചപ്പക്ഷിയുടെ വൈധവ്യം കണ്ടിട്ടുപോലും സഹിക്കാത്ത ആ കവി കൂടി — ഊർമ്മിളയുടെ ഈ വ്യസനാഘാതത്തെ കാണുകയുണ്ടായില്ല.

ലക്ഷ്മണൻ ശ്രീരാമനു വേണ്ടി ആത്മാവിനെപ്പോലും ബലിചെയ്തു. അതുനിമിത്തം ലക്ഷ്മണനുണ്ടായിട്ടുള്ള ശോഭയും ഇന്നും ഗ്രന്ഥങ്ങൾതോറും പുകഴ്ത്തപ്പെടുന്നു. ലക്ഷ്മണൻ തന്റെ ഉപാസനാമൂർത്തിയായ ഒരു ദേവതയ്ക്കുവേണ്ടി തന്നെ മറന്നിരുന്നു; ഊർമ്മിളയാകട്ടെ തന്റെ ആത്മാവിനെപ്പോലും മറന്നിരുന്നു. എന്നിട്ടുകൂടി അവളുടെ വർത്തമാനം കവിയുടെ തൂലികയ്ക്കു വിഷയീഭവിച്ചില്ല. പാവപ്പെട്ട അവളെ സീതയുടെ കണ്ണീർക്കണങ്ങളെക്കൊണ്ടു കഴുകുകയേ കവി ചെയ്തുള്ളു.

ലക്ഷ്മണൻ തന്റെ ഇഷ്ടദേവതകളെ ആരാധിപ്പാനായി ഒരു പതിനാലാണ്ടു കാലം കാട്ടിൽ കഴിച്ചുകൂട്ടി. എന്നാൽ അത്രയും ദീർഘമായ കാലപ്രവാഹത്തെ ഊർമ്മി

ളു അതിക്രമിച്ചത് എന്തിനായാണ്! നവമായ പ്രണയബന്ധംകൊണ്ടു ബന്ധുരവും ലജ്ജാവശവുമായ അവളുടെ ഹൃദയകമലത്തിന് ഭർത്താവിനോടുകൂടി പരിചയം വന്നുകഴിഞ്ഞപ്പോഴേയ്ക്കു തന്നെ, ആ ഭർത്താവ് സീതയുടെ കാല്ക്കൽ കമ്പിട്ട് കാട്ടിലേയ്ക്കു പുറപ്പെട്ടു. പിന്നെ മടങ്ങിവന്നപ്പോഴും വിരഹാതുരയായ അവളുടെ ഹൃദയം എത്ര നിലയിലായിരുന്നു! പക്ഷേ ഈഷ്ടിളുടെ ഉത്ഭവത്തെ വല്ലവരും സീതയുടേതിനോടു തട്ടിച്ചു നോക്കിയേക്കിലോ എന്ന ഭയംകൊണ്ടായിരിക്കുമോ കവി അവളെ വിട്ടുകളഞ്ഞത്? അല്ലെങ്കിൽ സീതയുടെ കാലടികൾക്കടുത്ത് കിടന്നെങ്കിലും ഈഷ്ടിളുട്ട് ഒരു സമാനം കവി അനുവദിക്കാത്തത് എന്തുകൊണ്ടായിരിക്കും?

കെ. വി. എം.

—:0:—

ഗ്രഹങ്ങളുടെ

സ്ഥിതിഭേദങ്ങൾ

ലോകാവസാനം: ഭൂമിയിലുള്ള പദാർത്ഥങ്ങളുടെ അവസാനത്തെപ്പറ്റിയറിയുന്നതിൽപരമായി ജീവജാലങ്ങൾക്ക് മറ്റിവ്വും ഉണ്ടാവാനില്ല. ജീവികൾ ഇതിൽപരമായി ഭയത്തോടുകൂടി പ്രതീക്ഷിച്ചിരിക്കുന്ന ഒരു സംഭവവും ലോകത്തിലില്ല. നമ്മുടെ ശ്രുതിസ്മൃത്യാദിപ്രമാണങ്ങളെക്കൊണ്ടു നോക്കിയാൽ, ചതുർയുഗങ്ങളും മന്വന്തരങ്ങളുമായി അനേകം പരിവൃത്തികളുള്ളതുകൊണ്ട് ലോകാവസാനത്തെപ്പറ്റി ചിന്തിക്കുവാൻ തന്നെ സമയമായിട്ടില്ല. ഇവക വിവിധപരിവൃത്തികൾ കഴിഞ്ഞിട്ടുമാത്രം സംഭവിക്കേണ്ടതായ മഹാപ്രളയം വരുവാൻ എത്രയോ കാലം വേണ്ടിവരും. എന്നാൽ, പാശ്ചാത്യതത്വശാസ്ത്രജ്ഞന്മാർ നിരന്തരമായി നടത്തിവരുന്ന പരിശോധനകൊണ്ടു വെളിപ്പെട്ടിട്ടുള്ള ന്യായങ്ങൾ എല്ലാവരും അറിഞ്ഞിരിക്കേണ്ടവയാണ്. അപ്രകാരമായ ഈ ലോകം എന്നെങ്കിലും സംഭവങ്ങളെക്കൊണ്ട് ഒരു നിമിഷത്തിനുള്ളിൽ നശിച്ചുപോകയോ, അല്ലാ ക്രമേണ വരുന്ന പരിണാമങ്ങളെക്കൊണ്ട് ജീവികൾക്കു വളരെ സങ്കടമനുഭവിപ്പാനിടയാക്കി കാലക്രമേണ നശിച്ചുപോകയോ എന്തിനെയാണു ചെയ്യുക എന്നാണ് പാശ്ചാത്യർ ഈ വിഷയത്തിൽ മനനമായി ആലോചിച്ചത്.

ഈ വിഷയത്തെപ്പറ്റി പല പണ്ഡിതന്മാരും പല വിധത്തിൽ അഭിപ്രായപ്പെട്ടതിൽ വെച്ച്, പ്രസിദ്ധനായ ഒരു ഗോളശാസ്ത്രജ്ഞൻ പറഞ്ഞ അഭിപ്രായമാണ് ഏറ്റവുമധികം ഭയങ്കരമായിത്തോന്നുന്നത്. ഈ ഭൂമി മേലിൽ ഇതുപോലെതന്നെ വലിപ്പമുള്ള മറ്റൊരു ഗോളത്തോടു കൂട്ടിമുട്ടി തട്ടിത്തകർന്ന് ചിന്നഭിന്നമായിപ്പോയേയ്ക്കുമെന്നാണ് ആ വിദ്വാന്റെ അഭിപ്രായം. ഈ പക്ഷപ്രകാരം നോക്കുമ്പോൾ, അതിവേഗത്തിൽ ഓടുന്ന രണ്ടു തീവണ്ടികൾ അന്യോന്യം കൂട്ടിമുട്ടുന്നതിനോടു അപ്രതീക്ഷിതമായ ഭൂമിയുടെ നാശത്തെ ഉപമിക്കാം. അപകടമായിക്കാണുന്ന ഈ ബ്രഹ്മാണ്ഡകടാഹത്തിൽ അത്യുജ്ജ്വലമായി പ്രകാശിക്കുന്ന സൂര്യഗോളം വളരെക്കാലം കഴിയുമ്പോൾ, കത്തുന്ന തിരിപോലെ കരിഞ്ഞുവരുന്നതുപോലെ കാലാന്തരത്തിൽ നിഷ്പ്രഭമായിത്തീരുമെന്നാ

ന്ന് പാശ്ചാത്യസിദ്ധാന്തം. അപ്പോൾ ആ സൂര്യന്റെ പ്രവൃത്തിയില്ലാതായിത്തീരും. ഇങ്ങിനെ പൊൻഗ്യൂസൻ പാറിപ്പിരിഞ്ഞിട്ടുള്ള സൂര്യന്മാർ ഇപ്പോൾ ഒരുപാടു ഉണ്ടെന്നും, ആ ഗോളങ്ങളിൽ വല്ലതും ഭൂമിയോടു കൂട്ടിമുട്ടിയാൽ ഭൂമിയുടെ കഥ കഴിയുമെന്നുമാണ് മുൻപറഞ്ഞ ഗോളപാതങ്ങളിൽനിന്ന് ഊഹിക്കുന്ന യുക്തി. പക്ഷേ, അങ്ങിനെ ഒരു ഗോളം ഇപ്പോൾ ഭൂമിയോടടുത്തതായി കണ്ടിട്ടില്ല. അഥവാ എത്തുന്നതായാൽത്തന്നെ അതിനെപ്പറ്റി മുൻകൂട്ടി അറിയത്തക്കതായ ചില സംഭവങ്ങളും ഉണ്ടാവുന്നതും, അതുമൂലം അപ്രതീക്ഷിതമായ ഒരു നാശം വരുവാനിടയില്ലാത്തതുമാകുന്നു. എങ്കിലും ഇപ്പോൾ ജീവിച്ചിരിക്കുന്നവർക്കു ഈ ഭയത്തിനവകാശമില്ല.

കുജലോകം. ലോകാവസാനത്തെപ്പറ്റിയ നിരൂപണം ഇങ്ങിനെ നില്ക്കട്ടെ. ഭൂമിയോട് ഏറ്റവും അടുത്തു നില്ക്കുന്ന കുജഗോളത്തെക്കുറിച്ച് ചിലതു ആലോചിക്കുക. ഈ ഗോളം ഒരു കാലത്ത് ഭൂമിയുടെ ഒരു ഭാഗമായി നിന്നിരുന്നതാണെന്നും, ഭയങ്കരമായ ചലനവിശേഷത്താൽ ഭൂമിയിൽ നിന്നു വിട്ട് ഒരു പ്രത്യേകഗോളമായിത്തീർന്നതാണെന്നുമാണ് പാശ്ചാത്യന്മാർ സിദ്ധാന്തിക്കുന്നത്. "അംഗാരകഃ കുജോ ഭൗമഃ" എന്നുള്ളതുകൊണ്ട് കുജന് ഭൂമിയുടെ ഒരു പുത്രാവകാശമുണ്ടെന്ന് പൗരസ്ത്യശാസ്ത്രജ്ഞന്മാരും സമ്മതിച്ചിട്ടുണ്ട്. ഇങ്ങിനെ ജന്മസംബന്ധമുള്ളതുകൊണ്ട്, ഭൂമിയിലും കുജനിലും ഏതാണ്ടൊരു പ്രകൃതിസാമ്യവും ഉണ്ടായിരിക്കണമല്ലോ. കുജഗോളത്തിൽ ഭൂമിയിലെന്നപോലെ ജീവജാലങ്ങൾ പാർക്കുന്നുണ്ടെങ്കിലും, ചില സാമാന്യകാര്യങ്ങളുടെ പരിശോധനയിൽ വലുതായ അന്തരം കാണുന്നുണ്ട്. ഭൂമിയിൽ മൂന്നിലൊരംശം കരയും ശേഷം ഭാഗം വെള്ളവും ആണ്; കുജനിൽ ഇതിനു വിപരീതമായി മൂന്നിലൊരു ഭാഗം വെള്ളവും ബാക്കി കരയുമാകുന്നു. ഭൂമിയുടെ അന്തർഭാഗത്തിൽ നിന്നു നിരന്തരമായിപ്പുറപ്പെടുന്ന ചൂടിനെ ശമിപ്പിക്കുന്നതുകൊണ്ടും ബഹിർഭാഗത്തിലുള്ള വെള്ളത്തിനു ശക്തിയില്ലെന്നും, അതുകൊണ്ടു കാലക്രമത്തിൽ ഭൂമിയുടെ അന്തർഭാഗത്തെപ്പോലെ ബഹിർഭാഗവും ചുട്ടുപഴുത്ത് ജലം തീരെ ഇല്ലാത്ത നിലയിലാവുമെന്നും, ഇപ്രകാരംതന്നെ പണ്ടത്തെക്കാൾ ജലം കുറവായിട്ടാണ് കാണുന്നതെന്നും പാശ്ചാത്യശാസ്ത്രജ്ഞന്മാർ ഊഹിക്കുന്നു. വലിയ ഗോളമായ ഭൂമിയിൽത്തന്നെ ഇതിനെ ജലാംശം കുറഞ്ഞും ചൂടു നിറഞ്ഞും വരുന്ന അവസ്ഥയ്ക്ക്, ഭൂമിയെക്കാൾ എത്രയോ ചെറുതായ കുജഗോളത്തിൽ എത്രയോ മുമ്പേ വന്നിട്ടുണ്ടായിരിക്കണമെന്നൂഹിക്കാമല്ലോ. അതുകൊണ്ടു, വൃദ്ധയായ ഭൂമി നശിച്ചുപോകുന്നതിനുമുമ്പ് പുത്രനായ കുജന്റെ പുത കഴിക്കേണ്ടതായി വരുമെന്നാണ് വിശ്വസിക്കേണ്ടത്.

ശുക്രൻ: കുജലോകത്തിൽനിന്നു നേരെ ശുക്രനിലേക്കു കടന്നാൽ നമുക്കു ചിലതൊക്കെ പഠിക്കാനുണ്ട്. ഭൂമിയുടെ ചാക്രഗതി രണ്ടുവിധത്തിലാണ്. അത് അച്ചുതണ്ടിന്മേൽ അനവസ്ഥയില്ലാതെ തിരിഞ്ഞുതിരിഞ്ഞു കൊല്ലത്തിലൊരിക്കൽ സൂര്യനെ പ്രദക്ഷിണം വെക്കുന്നു. അതുകൊണ്ട് സൂര്യനിൽനിന്ന് ഭൂമിയിൽ എല്ലാടവും പ്രകാശം വ്യാപിക്കുവാനിടയുണ്ട്. ഭൂമിയെപ്പോലെതന്നെ സൂര്യനെ പ്രദക്ഷിണംചെയ്യുന്ന മറ്റൊരു ഗ്രഹമായ ശുക്രനാകട്ടെ അച്ചുതണ്ടിന്മേൽ തിരിയാതെ പ്രദക്ഷിണംചെയ്യുന്നതേയുള്ളു. അതിനാൽ ആ ഗോളത്തിന്റെ

ലോകത്തിൽമറ്റുള്ള സൃഷ്ടപ്രപഞ്ചങ്ങളുടെ മൊാ ഭാഗം എന്നും അന്ധകാരം നിറഞ്ഞുകിടക്കുകയാകുന്നു. ശേഷംഭാഗത്ത് അത്യുഗ്രമായിത്തപിക്കുന്ന സൂര്യന്റെ രശ്മികൾ തട്ടി പ്രശോഭിക്കുന്ന ഭാഗത്ത് മനുഷ്യർക്കു ഉഷ്ണം മാറും എല്ലായ്പ്പോഴും അത്യുഗ്രം ഇരിക്കുന്നതുകൊണ്ട് ജീവികൾക്കു ജീവിപ്പാൻ ശുക്രഗ്രഹത്തിൽ ഒരു നിവൃത്തിയുമില്ല. ഈ ഗതിയെന്നായാണ് ഭാവിയിൽ ഭൂമിക്കും വരുവാനെന്ന് ഒരു ജ്യോതിശ്ശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നു. ഭൂമിയുടെ അച്ചുതണ്ടിന്മേലുള്ള തിരിച്ചലിന് ക്രമേണ ലയവ്യത്യാസങ്ങളെ ഉണ്ടാക്കിയിരിക്കുന്നു. ദിവസം ക്രമേണ രാവും പകലും അധികപ്പെട്ടുവന്ന് ഒടുക്കത്തിൽ ഭൂമിക്ക് അച്ചുതണ്ടിന്മേലുള്ള തിരിച്ചൽ നില്ക്കുകയും, അതിന്റെ ഫലമായി കിഴക്കേ അർദ്ധഗോളത്തിൽ എല്ലായ്പ്പോഴും പകലും പടിഞ്ഞാറേതിൽ എല്ലായ്പ്പോഴും രാത്രിയും ആയിത്തീരുകയും ചെയ്യും. ഇതാണ് ശുക്രന്റെ ഇപ്പോഴത്തെ സ്ഥിതി മേലിൽ ഭൂമിക്കു വരുമെന്നുള്ളതിന്റെ യുക്തി. ഇക്കാര്യമൊക്കെ വാസ്തവമാണെങ്കിൽ, ഒരുകാലത്ത് പാശ്ചാത്യർ പ്രകാശത്തിന്നുവേണ്ടി ഭാരതഖണ്ഡത്തിലേക്കു വരേണ്ടിവരും.

ശാസ്ത്രാചാര്യർ.

വണ്ടിനോടു രണ്ടു വാക്ക്.

മുടിഞ്ഞു ദേഹതൃഷ്ണയാൽ മാൻകണ്ണും
പൊടിഞ്ഞ പൂവെയ്യ്,മപ്പോഴിന്നിനെ
കടിഞ്ഞിൽകാറ്റൂടത്താത വള്ളിയെയൊവാൻ
മെടിഞ്ഞ വണ്ടേ!വിട്ടുവിളിച്ചിതെന്തേ നീ

മുട്ടാം വാർപ്പുതലകൊണ്ടു മെല്ലതാ-
ണിളന്തളിർകാന്തിയുതേന്തി നാഠിക്കാറാം
വിളങ്ങുമീ വള്ളിയെ വിട്ടു മാന്തപോ-
യ്യുമെന്ന വണ്ടേ!വിട്ടുവിളിച്ചിതെന്തേ നീ

പൊഴിഞ്ഞ തേനണിയുകന്ന പോതാൽ
വഴിഞ്ഞുകെട്ടുംസുഖമേറിടേണമോ
മിഴിഞ്ഞപൂവാർന്ന തെളിഞ്ഞ വള്ളിയെ-
പ്പിരിഞ്ഞ വണ്ടേ!വിട്ടുവിളിച്ചിതെന്തേ നീ.

കാരിപ്പാത്തു കേശവൻ നായർ.

കിളിമാനൂർ

വിദ്വാൻ കോയിത്തമ്പുരാൻ

സംഗീതം, സാഹിത്യം എന്നുള്ള രണ്ടു കലകളിലും അസാധാരണമായ പാണ്ഡിത്യം സമ്പാദിച്ച തിരുവനന്തപുരത്ത് സ്വാതിതിരുനാൾ മഹാരാജാവ് തിരുമനസ്സിലെ സന്നിധിയിൽ പാർത്തിരുന്ന ഒരു കവിയാണ് കിളിമാനൂർ വിദ്വാൻ കോയിത്തമ്പുരാൻ. സ്വതസ്സിദ്ധമായ കവിതാവാസനകൊണ്ടും, വിദ്വാന്മാരുടെ പേരിലുള്ള വാത്സല്യംകൊണ്ടും, അനേകം കവികളെ തന്റെ കൂടെ താമസിപ്പിച്ച് നിരന്തരമായി കവിതാപരിശ്രമം ചെയ്തിരുന്ന സ്വാതിതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ട് തീർച്ചയായും "കേരളഭോജരാജൻ" എന്ന പേരിന്നർഹനാണ്; എന്നാൽ, ആ ഭോജരാജന്റെ സദസ്സിലെ കാളിദാസൻ ഈ വിദ്വാൻ കോയിത്തമ്പുരാനായിരുന്നു എന്നുവേണം പറയുവാൻ. കേരളീയരുടെ ചരിത്രാന്വേഷണക്കുറവു നിമിത്തം ഈ വിദ്വാൻതമ്പുരാന്റെ പേര പലരും അറിഞ്ഞിരിക്കാനിടവന്നിട്ടില്ല; എങ്കിലും, തന്റെ നിസ്തുല്യങ്ങളായ കൃതികളെക്കൊണ്ടു ഭാഷയെ പോഷിപ്പിക്കുന്നതിന് ഉദ്യുക്തനായ അവിടുത്തെ കഥകളെ കേരളീയരെല്ലാം അറിഞ്ഞിരിക്കേണ്ടതാണ്.

ഈ കോയിത്തമ്പുരാനവർകൾ കൊല്ലവർഷം ൯൮൭-ാമതിൽ കിളിമാനൂർ കൊട്ടാരത്തിൽ ജനിച്ചു. ചെറുപ്പകാലത്ത് അവിടുത്തെ എല്ലാവരും "ചെറുണ്ണിക്കോയിത്തമ്പുരാൻ" എന്നാണ് പറഞ്ഞുവന്നിരുന്നത്. എന്നാൽ അവിടുത്തെ യഥാർത്ഥനാമധേയം രാജരാജവർമ്മ എന്നായിരുന്നു. ബുദ്ധിശക്തി ധാരാളം ഉണ്ടായിരുന്നതിനാൽ കുട്ടിക്കാലത്തുതന്നെ വിദ്യാഭ്യാസത്തിൽ നല്ലവണ്ണം ജാഗ്രത ചെയ്യുവാനും, അക്കാലത്തെ സമ്പ്രദായപ്രകാരമുള്ള വിദ്യകളൊക്കെയും പൂർത്തിയാക്കി നല്ല വിദ്വാനായിത്തീരുവാനും സംഗതിയായി. അന്നുമുതല്ക്കുതന്നെ അവിടേയ്ക്കു "വിദ്വാൻ കോയിത്തമ്പുരാൻ" എന്നുള്ള പേര സിദ്ധിക്കയും ചെയ്തു. ൧൦൦൮-ാമാണ്ടിടയ്ക്ക് അതായത് അവിടുത്തെ ഇരുപത്തൊന്നാമത്തെ വയസ്സിൽ അവിടുന്ന് തിരുവനന്തപുരത്ത് ചെല്ലുകയും, ൧൦൨൨-ാമതിൽ നാടുനീങ്ങിയ മഹാരാജാവു തിരുമനസ്സിലെ അടുക്കൽ ചില ശ്ലോകങ്ങളുണ്ടാക്കി അടിയറവെച്ചു മുഖംകാണിക്കയുംചെയ്തു. മഹാരാജാവു തിരുമനസ്സുകൊണ്ട് ആ ശ്ലോകങ്ങൾ കണ്ടു വളരെ സന്തോഷിച്ചു. കോയിത്തമ്പുരാൻ അവർകളുടെ സ്ഥിരതാമസം തിരുവനന്തപുരത്തുതന്നെ ആക്കേണമെന്ന് അവിടുന്ന് കല്പിച്ചനുവദിച്ചു; അക്കാലംമുതല്ക്ക് തമ്പുരാൻ തിരുവനന്തപുരത്തുതന്നെ പാർപ്പുതുടങ്ങി. നല്ല വൈദുഷ്യവും ബുദ്ധിശക്തിയും കവിതാവാസനയും ഉള്ള മഹാരാജാവുതിരുമനസ്സിലേക്ക്, കോയിത്തമ്പുരാനവർകളുടെ പാണ്ഡിത്യത്തെയും കവിതയേയും പറ്റി ക്രമേണ നല്ല അഭിപ്രായം ജനിക്കയും, അവിടുന്ന് സന്തോഷിച്ച് മാസംതോറും ൧൦൦ "രൂപ" ശമ്പളം തമ്പുരാന്റെ പേരിൽ പതിച്ചു

കൊടുക്കുകയും ചെയ്തു. ഇതിനു പുറമെ, രാജസന്നിധിയിലായി അനേകം പ്രാവശ്യം മഹാരാജാവു തിരുമനസ്സിലെയ്ക്കു പ്രത്യേക സന്തോഷവും അത്ഭുതവും തോന്നിക്കത്തക്കവയായി വളരെ ശ്ലോകങ്ങൾ കോയിത്തമ്പുരാനുണ്ടാക്കുകയും, പലപ്പോഴും പല വിധം സമ്മാനങ്ങൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. മഹാരാജാവുതിരുമനസ്സിലേയ്ക്കു വളരെ സ്നേഹവും വിശ്വാസവും ഉണ്ടായിരുന്നതുകൊണ്ട് തിരുവനന്തപുരത്തെ താമസം വലിയ പദവിയിലായിരുന്നു. എങ്കിലും ഒരു പനിയായി തികച്ച് തിരുവനന്തപുരത്തു പാർക്കുവാനിടയാകാതെ, തനിക്കു മുപ്പത്തിരണ്ടു വയസ്സു പൂർത്തിയാകുന്നതിനുമുമ്പായിത്തന്നെ ആ മഹാകവി അന്തരിച്ചുപോയി. ഇത്രയാണ് അവിടുത്തെ ജീവചരിത്രത്തിന്റെ ചുരുക്കം.

വിദ്വാൻ കോയിത്തമ്പുരാനവർകളുടെ കവിതകളിൽ രാവണവിജയം കഥകളിയും സന്താനഗോപാലം തുള്ളലും മറ്റും പ്രസിദ്ധമാണ്. കഥകളിപ്പുസ്തകങ്ങളിൽ വെച്ച് അധികം മെച്ചമായിട്ടുതന്നെ സർവസമ്മതമായ കോട്ടയം കഥകളോടു സാദൃശ്യത്തിൽ കിടപിടിക്കത്തക്കതാണ് ഈ തമ്പുരാന്റെ ആട്ടക്കഥ. ആട്ടക്കഥകൾക്ക് ശ്ലോകങ്ങൾ സംസ്കൃതവും പദങ്ങൾ മണിപ്രവാളവുമായിട്ടുള്ള രീതിയാണല്ലോ അധികം നല്ലതെന്നു വെച്ചിട്ടുള്ളത്. ആ രീതിയെത്തന്നെയാണ് കോയിത്തമ്പുരാനും സ്വീകരിച്ചിട്ടുള്ളത്. ശ്ലോകങ്ങളിൽ കഥാസന്ദർഭത്തെ അനുസരിച്ച് നല്ല ഗാംഭീര്യവും ഓജസ്സും വരുത്തുന്നതിന് അവിടുന്നു വിദഗ്ദ്ധനായിരുന്നുവെന്നുള്ളതിലേയ്ക്ക് താഴെ എഴുതുന്ന ചില ശ്ലോകങ്ങൾ നല്ല ഉദാഹരണങ്ങളാണ് :—

"ആതിഥ്യേ പരന്നൂതനസൽക്കാരാതീ
  സംഭാരപുഷ്കലിതാൻ
പ്രതിപദമപി ഹരിതോച്ചപ്രാസാ-
  നിയതുവിഭൂഷിതാൻ
സമയേ പരിവ്യാപ്തരാജാനം
  ഉരഗേന്ദ്രവനിതേ-
പ്രതിരചിനിച ചാരുതല്പിനാം
  ജ്വാലിതോന്നതം.

അനിലചലിതമാകുമ്പോളിതേറുന്നിടം-
ലിലാനകാലിലമിനംനിലംകാലയോതാ
സന്ദ്രുതഭവപദതിഷ്ഠിതസപ്രണന്യ
ന്നാംഗമാരളുകളിലുതപാണിതേഷം."

മേൽക്കാണിച്ച ശ്ലോകങ്ങൾ രണ്ടും ആട്ടക്കഥയിലെ കഥയുടെ പ്രവേശത്തിലുള്ളവയാണ്.

കോയിത്തമ്പുരാനവർകളുടെ കവിതകളിൽവെച്ച് പ്രധാനവും പ്രസിദ്ധവും ആയിട്ടുള്ളത് അവിടുന്നു പല അവസരങ്ങളിലായി ഉണ്ടാക്കീട്ടുള്ള ഒറ്റശ്ലോകങ്ങൾ ആണ്. പുതിയ പുതിയ ഉപമകൾ തോന്നുക, അവയെ പ്രയോഗിക്കുന്നതിനു പദങ്ങൾ നിഷ്പ്രയാസമായി കിട്ടുക, ശബ്ദചിത്രങ്ങൾ നിർമ്മിക്കുക, എന്നാൽ ലോകസ്വഭാവത്തിനു വിരുദ്ധമായി ഒന്നും പ്രയോഗിച്ചുപോകാതിരിക്കുക, ഫലിതം നിറഞ്ഞിരിക്കുക ഇത്യാദി വിശേഷങ്ങൾ അവിടുത്തെ ഒറ്റശ്ലോകങ്ങൾക്കുള്ള മെച്ചങ്ങളാകുന്നു. മഹാരാജാവു തിരുമനസ്സുകൊണ്ട് ഒരവസരത്തിൽ ആറാട്ടിനായി കടപ്പുറത്ത് എഴുന്നള്ളിയപ്പോൾ, രാമപരമായും രാജപരമായും ഉള്ള രണ്ടർത്ഥങ്ങളോടുകൂടി ഒരു ശ്ലോകമുണ്ടാക്കാമോ എന്ന് കല്പിച്ചുചോദിച്ചു. "പരിഷ്കരിച്ചുകൊള്ളട്ടെ" എന്ന് വിനയപൂർവ്വം മറുപടി പറഞ്ഞ്, തമ്പുരാൻ താമസംകൂടാതെതന്നെ താഴെ കാണിക്കുന്ന ശ്ലോകം ഉണ്ടാക്കിച്ചൊല്ലി:—

"വിശ്വാമിത്രാദ്യൈ കൽപ്പ്രാജ്ഞതമസുവാച-
　　സ്ത്രൈകശ്ശതൈരപ്രാപ്തം
ധൃതചാപശതാമിന്ദ്ര ഹാസ്യം ഹരിവത്സൃതമാ-
　　ഹാഹാസഞ്ചയമിമം
ഉപാധാനമഹാസാമ്യം സഹായമിതി ജനാത
　　ദാനശ്രമനാവസിന്ധു
സന്ത്യാസ്ഥാനാരമാസാഗതലഭുതമസ-
　　ഗോഷ്ഠാപൽബാല്ലൂതര്യേ"

ഈ ശ്ലോകത്തിന് വീരശൃംഖല സമ്മാനിച്ചുവെന്നാണ് കേട്ടിട്ടുള്ളത്.

മഹാരാജാവ് ഒരിക്കൽ ഖേതത്തിൽ കേറി എഴുന്നള്ളിയതിനെപ്പറ്റി കോയി ത്തമ്പുരാൻ ഒരു ശ്ലോകം ഉണ്ടാക്കി. ആ ശ്ലോകം ഇങ്ങിനെയാണ്:—

"ധംസാനയതിസ്മാഗതിപ്രണയിനം
　　സന്ത്യജനാഗമനതാം
സ്വാമ്പാതാംഗീനാഗതം ചപുരതാം
　　സേനൈനാരംഗിരിഗ്ഗു
സേനയംപൃഷ്ടകേന്നാദികങ്ങിഭവാനാം
　　ശ്രീവഞ്ചിഭൂമീശ്വരാ
കൃഷ്ണോപി പഞ്ചിപ്പുനാനകീലിതാ
　　ചിത്രാംഗരാമാദ്രിതഃ"

ഇതിൽ വിശേഷണങ്ങൾക്ക് അന്ന്യഥാവത്തിൽ, ഒരു രാജാവിനോടും ശ്രീകൃഷ്ണനോടും ഭീമസേനനോടും അജ്ജുനനോടും ഇണ്ടായാരെന്ന കല്പിച്ചിരിക്കുന്നു. ഈ ശ്ലോകത്തിന്റെ രസികത്വം കണ്ട് മഹാരാജാവു സന്തോഷിച്ച് തൽപ്രണേതാവിന്നു ഒരു കസ്തൂരിമാല വീരശൃംഖല സമ്മാനിച്ചു വന്നു.

മഹാരാജാവു തിരുമനസ്സുകൊണ്ട് പലപ്പോഴും ഓരോ ശ്ലോകപാദമോ ശ്ലോകാർദ്ധമോ ഉണ്ടാക്കി ബാക്കി പൂരിപ്പിക്കുവാനായി കോയിത്തമ്പുരാനോടു പറയുകയും അവിടുന്ന് ഉടനെ അതിഭംഗിയായി പൂരിപ്പിക്കുകയും ചെയ്യാറുണ്ട്. ചില പൂരണങ്ങളുടെ ഭംഗി കണ്ടിട്ട് മഹാരാജാവു തമ്പുരാനെ ഗാഢമായി ആലിംഗനം ചെയ്യുകൂടി ഉണ്ടായിട്ടുള്ളതായി കേട്ടിട്ടുണ്ട്. ഇങ്ങിനെയൊക്കെയാണെങ്കിലും, ഒരിക്കൽ ചില സേവകന്മാരുടെ ഏഷണിയാൽ കോയിത്തമ്പുരാൻ മഹാരാജാവിന്റെ അപ്രീതിക്കു പാത്രമായിത്തീരുകയും, തന്നിമിത്തം അവിടുന്നു കിളിമാനൂർ പോയി താമസിക്കുകയും ചെയ്തു. ആ സങ്കടം തീർക്കുവാനായി തമ്പുരാൻ ചില ശ്ലോകങ്ങളുണ്ടാക്കി അയച്ചു. തമ്പുരാന്റെ വൈദുഷ്യവും വൈഭവവും കണ്ട് അവിടുത്തെ "കവീന്ദ്രൻ" എന്നാണ് മഹാരാജാവു വിളിക്കാറുള്ളത്. ആ സംഗതിയെ ദ്ധ്വനിപ്പിച്ച്, ഗജേന്ദ്രമോക്ഷം കഥയിൽ കരീന്ദ്രൻ കുണ്ഠിതപ്പെടുന്ന ഘട്ടത്തിൽ, തന്റെ പേരിൽ ദയയുണ്ടാവണമെന്നു പ്രാർത്ഥിച്ചുകൊണ്ട് ഒരു ശ്ലോകം ആ അയച്ച ശ്ലോകങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്നു. അതു കണ്ട് വീണ്ടും തമ്പുരാനെ തിരുവനന്തപുരത്തേക്കു വരുത്തുകയും മഹാരാജാവു തിരുമനസ്സുകൊണ്ട് അവിടുത്തെക്കുറിച്ച് പൂർവ്വാധികം സന്തോഷിക്കുകയും ചെയ്തു. ഇപ്രകാരമുള്ള പല പൂർവ്വവിചാരങ്ങളെ ഉദ്ദേശിച്ചായിരുന്നു എഴുതിയിട്ടുള്ളതായ ആ ശ്ലോകം ഇതാണ്:—

"ഇന്ദോ ഭാനുമദുഗ്രശൈലശിഖര!
　　ചിന്താമവ്യവഹിതാ-
സ്ത്രസ്താ ദോ മകരാന്തരങ്ഗ-
　　തയോ യദ്വാ സ്വയം
ഹേ മത്തദ്വിപനാഥ! പ്രകൃത-
　　ദ കാരുണ്യ ജലധേ!
കവീന്ദ്ര കാരുണ്യം കലയിതു
　　മയം ഖേദാന്വഹം".

ഇതിനെ എടുത്തു പറഞ്ഞുതുടങ്ങിയാൽ അവിടുത്തെ ഗുണങ്ങളെപ്പററി തന്നെ വളരെ എഴുതേണ്ടതായി വരും. എല്ലാംകൂടി നോക്കുമ്പോൾ, "മഹാകവിയായ വിദ്വാൻതമ്പുരാൻെറ നാമധേയം ശാശ്വതമായിരിക്കും" എന്നു് ധൈര്യസമേതത്തിൽ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടഭിപ്രായപ്പെട്ടപ്രകാരംതന്നെ പറഞ്ഞുകൊണ്ടു് ഈ ഉപന്യാസത്തെ ഉപസംഹരിക്കുകയേ നിവൃത്തിയുള്ളൂ.

ടി. വി. ശങ്കുണ്ണിമേനോൻ.

അന്തകൻെറതീപ്പ്

ഞാൻ ഒരു ദിവസം ഉച്ചയൂണുകഴിഞ്ഞു സ്വല്പം വിശ്രമത്തിനായി കസാലമേൽ കിടക്കുകയായിരുന്നു. ഈ സമയത്തു് [illegible] മാസികയിൽ എഴുതുവാൻ സംഗതിയായ ഒരു വിഷയത്തിൻെറ ചില ഭാഗങ്ങൾ എൻെറ മനസ്സിൽ കടന്നുകൂടി. ഇതിനെ തുടൎന്നു് മനുഷ്യൻെറയും ഇതര ജന്തുക്കളുടേയും പരിശ്രമത്തെപ്പററിയുള്ള ആലോചന എൻെറ ചിത്തരംഗത്തിൽ നൃത്തം ചെയ്തുതുടങ്ങി.

ഈ ആലോചനയുടെ ചുരുക്കമായി. സൃഷ്ടിജാലത്തിൽ മുഖ്യമായിരിക്കുന്ന മനുഷ്യർ മനസ്സാക്ഷിക്കനുസരിച്ചു പ്രവൃത്തികൾ ചെയ്തുപോരുന്ന ഇതര ജന്തുക്കളെ അപേക്ഷിച്ചു, പരിശ്രമത്തിൽ വളരെ പിന്നോക്കമായിക്കാണുന്നു എന്ന എന്നിൽ ഉദിച്ച അഭിപ്രായത്തെ ഉപേക്ഷിക്കുവാൻ എനിക്കു നിവൃത്തിയില്ല. ഏകരീതിയിലല്ലാതെ നാനാരീതിയിൽ വിവിധകാൎയ്യങ്ങൾ മനുഷ്യർ സാധിക്കാവുന്നതുകൊണ്ടു ഈ സംഗതിയിൽ അവർ ഒട്ടുംതന്നെ കുറഞ്ഞ പാത്രമല്ല. ഇതര പ്രാണികൾക്കു പ്രവൎത്തിക്കാൻ പാടില്ലാത്ത അനേകം ഉദ്യോഗങ്ങൾ, വിശേഷബുദ്ധിമൂലം മനുഷ്യർ സ്വായത്തമാക്കുന്നു. മാം സളകൾക്കുമായ ഗുണങ്ങൾ എന്നല്ല, എല്ലാ ജന്തുക്കളും തങ്ങളുടെ പ്രകൃത്യാ ഉള്ള അവയവങ്ങൾ, പ്രവൃത്തിക്കായിക്കൊണ്ടും വിശ്രമത്തിനായിക്കൊണ്ടും ഉപയോഗിക്കുന്നു. "ഈമാസം തീരെ പോകുന്നില്ല. ചാരുകസേലയിൽ കിടക്കുന്നു. എന്താ ഇന്നു് നേരംപോക്കിനുള്ള വഴി?" എന്നിങ്ങനെ പണിയില്ലാതെ ചിലർ ശബ്ദങ്ങളായ ആവലാതി പുറപ്പെടുവിക്കുന്നു, മനുഷ്യവൎഗ്ഗത്തിനു പൊതുവെ അനുഭവപ്പെടുന്ന [illegible] വിശേഷബുദ്ധി അതിനൊക്കെ ഈ ശക്തനായ് ഉണ്ടായിരിക്കുന്ന എന്നും കൂടെ പറഞ്ഞു തെളിയുന്നമനുഷ്യരുടെ വായിൽനിന്നും വരുന്ന വാക്കുകൾ വളരെ അത്ഭുതകരമായിരിക്കുന്നു. ശരീരംകൊണ്ടും മനസ്സുകൊണ്ടും മനുഷ്യർ ചെയ്യാവുന്നപ്ര

* ഈ ലേഖനത്തിലെ കഥാനായകൻെറ ശതാബ്ദപൂൎത്തി (Centenary) ആഘോഷം ഇയ്യിടെ [illegible] കോയിത്തമ്പുരാൻ [illegible] സ്വീകരിച്ച [illegible] പ്രസംഗത്തിലാണു് [illegible] അതിനു സംബന്ധിച്ചു [illegible] പൊതുയോഗത്തിൽ [illegible] ഉപന്യാസത്തിലെ [illegible] സംഗ്രഹിച്ചിരിക്കുന്നതു് —പത്രാധിപർ.

വൃത്തികൾ അസംഖ്യേയങ്ങളാകുന്നു. അനേകങ്ങൾ [illegible] പുറമെ ധ്യാനാനുസൃഷ്ടപദങ്ങൾ, സമ്പാദിതങ്ങൾ, മനസംബന്ധമായി മറ്റു നിഷ്ഠകർമ്മങ്ങളായിട്ടനേകം സല്ക്കർമ്മങ്ങൾ മനുഷ്യർക്കു ചെയ്യാം. ചുരുക്കിപ്പറയുന്നതായാൽ അപ്രമേയവും സീമാതീതവുമായ ജ്ഞാനധനത്തിനുവേണ്ടി മനുഷ്യർ പ്രവർത്തിക്കാൻകഴിയും, തങ്ങളുടെ ആയുസ്സിൽ കഴിഞ്ഞുപോയിട്ടുള്ള ഓരോ മണിക്കൂറിലും ഉത്ത[illegible] അധികം ജ്ഞാനവും [illegible] സാധിക്കാൻകഴിയും. ഇങ്ങിനെയൊക്കെയിരിക്കെ അർത്ഥമില്ലാത്തതായ വ്യാപാരങ്ങൾ മനുഷ്യർ പുറപ്പെടുവിക്കുന്നു എന്നുള്ളതു കഷ്ടമായിട്ടുള്ളതാകുന്നു.

ഇപ്രകാരമുള്ള വിചാരങ്ങളിൽ എന്റെ മനസ്സു കുറെ നേരം വ്യാപൃതമായിരുന്നതിന്റെശേഷം ഞാൻ ഉറങ്ങുന്നതിനു മുൻപിൽ പതിവായി ഒരു [illegible] ഗ്രന്ഥപാരായണത്തിനാരംഭിച്ചു. അതൊരു [illegible]മായിരുന്നു. ഈ ലോകത്തിൽനിന്നും വേർപെട്ടുപോയ അനേകം മഹാത്മാക്കളുടെ [illegible] അതിൽ പ്രതിപാദിച്ചിട്ടുണ്ടായിരുന്നു. ആ ഗ്രന്ഥത്തെ ഞാൻ ഏകദേശം ഒരു മണിക്കൂറോളം വളരെ വളരെ ശ്രദ്ധയോടുകൂടി വായന ചെയ്തതിന്റെശേഷം നിദ്രാധീനനായി മയങ്ങിപ്പോയി. അപ്പോൾ താഴെ [illegible]പ്രകാരം എനിക്ക് ഒരു ദർശനം ഉണ്ടായി.

ഞാൻ എത്തിയതായ പരലോകത്തിൽ എത്തിയതായി എനിക്ക് തോന്നി. [illegible] കേട്ടു വിസ്മയിച്ചു നില്ക്കുന്ന [illegible] സിംഹാസനാരൂഢനായിരിക്കുന്നതു ഞാൻ കണ്ടു. അദ്ദേഹത്തിന്റെ വലത്തുഭാഗത്ത് സ്വർഗ്ഗത്തിന്റെ വാതിൽ കാവൽക്കാരനും ഇടത്തുഭാഗത്ത് നരകത്തിന്റെ ദ്വാരപാലകനും നില്ക്കുന്നുണ്ടായിരുന്നു. ഈ പ്രാവശ്യം സ്ത്രീകളുടെ കേസ്സാണ് വിചാരണയ്ക്കെടുത്തിരിക്കുന്നതെന്ന് ഞാൻ ചിലരിൽനിന്നും മനസ്സിലാക്കി. ഓരോ സ്ത്രീകളോടും അവരവർ ഭൂലോകത്തിൽ എന്തെല്ലാം കൃത്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് ജഡ്ജി ചോദിക്കുന്നതു കേട്ട് എനിക്ക് വളരെ അത്ഭുതം തോന്നി. എന്നാൽപ്പോലെ തന്നെ ഈ ചോദ്യം കേട്ട അബലാസംഘത്തിൽ ഓരോരുത്തരും എന്തു മറുപടി പറയണമെന്നറിയാതെ പരസ്പരം വീക്ഷിച്ചുകൊണ്ട് വിസ്മയാകുലകളായിത്തീർന്നതേയുള്ളൂ. ജഡ്ജി അവർകളെ ഓരോരുത്തരെയും വിളിച്ചു പ്രത്യേകം ചോദിച്ചുതുടങ്ങി. ആദ്യം സമീപത്തു നിന്നിരുന്ന ഒരു വനിതാരത്നത്തോട് ഇങ്ങിനെ ചോദിച്ചു. "ഏകദേശം അമ്പതു കൊല്ലത്തോളം ഭൂമിയിൽ ലോകവാസം ചെയ്തുവല്ലോ. ആ കാലങ്ങളിൽ എന്തെല്ലാം പ്രവൃത്തികൾ ചെയ്തു". ഇതിനുത്തരമായി ആ സ്ത്രീരത്നം "എന്തു ചെയ്യണമെന്ന് എനിക്കു ഒന്നും തോന്നിയില്ല. [illegible] ഉതകേണ്ടതാകുന്നു!" ഏകദേശം അര മണിക്കൂർ കഴിഞ്ഞതിന്റെശേഷം താൻ തലമുടി ചീകിക്കൊണ്ടിരിക്കുന്നതിലായിരുന്നു ശ്രമിച്ചുകൊണ്ടിരുന്നതെന്നു മറുപടി പറഞ്ഞു. ഉടനെ അദ്ദേഹം ഇടത്തോട്ടു തിരിഞ്ഞു, നരകവാതിലിന്റെ സൂക്ഷിപ്പുകാരനോടു ഇവളെ സൂക്ഷിച്ചുകൊള്ളുന്നതിനു [illegible] ഏല്പിച്ചുകൊടുത്തു. [illegible] മാന്യതയോടായി ഇങ്ങിനെ ചോദിച്ചു. "ഹേ ദേവി! അവിടുന്നു വളരെ [illegible] ശ്രദ്ധയോടും മാർദ്ദവമേറിയ ദൃഷ്ടിയോടും കൂ

ടിയവളുമായി കാണപ്പെടുന്നവളല്ലേ. ഒരാണ്ടു മാത്രത്തെ വയസ്സിൽ ഏതാണ്ട് ഇപ്രകാരമുള്ള തിരിച്ചുതന്നെ ഞാൻ വിചാരിക്കുന്നു. മായിരിക്കട്ടെ. ഈ കാലത്തിനിടയിൽ എന്തെല്ലാം ചെയ്തുകൊണ്ടിരുന്നു?” വധൂവുള “എനിക്കു വളരെ ജോലിത്തിരക്കുണ്ടായിരുന്നു. പതിനെട്ടു സംവത്സരത്തോളം കുലപാടിഞ്ഞ ഒരു തൈപോതലിനെ ശുശ്രൂഷിക്കുകയായിരുന്നു. ബാക്കിയുള്ള സമയം മുഴുവനും, നാടകങ്ങളും, മറ്റു കാവ്യങ്ങളും വായിച്ചു രസിക്കുന്നതിനായിട്ടു ചിലവഴിച്ചു”. ജഡ്ജി “ഛേ്”. നിങ്ങൾ സമയത്തെ പാഴാക്കാതെ വളരെ ബുദ്ധിപൂർവമായി നല്ലകാര്യങ്ങൾക്കുവേണ്ടി ചിലവഴിച്ചിരിക്കുന്നു. ആകട്ടെ മാറി നില്ക്കട്ടെ”. അടുത്ത താഴെ കൂട്ടിൽ കയറിയതു നാട്ടുപുറത്തുകാരിയായ ഒരു സാധുസ്ത്രീയായിരുന്നു. ജഡ്ജി “ബതി!” ഭൂലോകവാസത്തിനിടയിൽ ചെയ്തതെന്തെല്ലാം?” സ്ത്രീ “ഞാൻ നാല്പതു വയസ്സു തികച്ചു ഭൂമിയിൽ പാർത്തില്ല. ആ കാലത്തിനിടയ്ക്കു ഞാൻ ഏഴു പെൺകുട്ടികളെ പ്രസവിച്ചു. എന്റെ ഭർത്താവിനാകട്ടെ ഏഴുപണമായിരുന്നു ഇതര റിപ്പതിനാലു അപ്പം ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. എന്റെ ഭർത്താവിനു ശ്രമത്തിന്നതിനായി എന്റെ കൂട്ടുകാരെ നിയമിച്ചു. പൊന്നുസ്വാമീ! പെട്ടി പാകമല്ലേ! ഞങ്ങടെ നാട്ടിലൊക്കെ വളരെ മിടുക്കത്തിയാണ് എന്റെ മകൾ”. ഈ സ്ത്രീയുടെ നിഷ്കളങ്കമായ സാധുത്വത്തെ കണ്ടു ധർമ്മരാജാവു പുഞ്ചിരിയോടുകൂടി അവളെ സ്വർഗ്ഗലോകത്തിന്റെ പടിക്കൽ എത്തിച്ചു. ജഡ്ജി വേറൊരുത്തിയോട് “ഹേ സുന്ദരി! ഭവതി ഇത്രനാളും എന്തു ചെയ്യുകയായിരുന്നു? സുന്ദരി “അടിയൻ ഭയങ്കരപാപമൊന്നും ചെയ്തിട്ടില്ല. സത്യമാണ് അടിയൻ ബോധിപ്പിക്കുന്നത്.” സ്വാമി. ‘അതിരിക്കട്ടെ. നിങ്ങൾ എന്തു നന്മ ചെയ്തു?’ ഈ ചോദ്യത്തിനു ഉത്തരംപറയാൻ നിവൃത്തിയില്ലാതെ അവൾ കുഴങ്ങിപ്പോയി. ഉടൻ ഒരു ദ്വാരപാലകന്മാരും ഇവളുടെ ഒരു കൈകളും പിടിച്ചുമായി. ചിലർ ഇവളെ സ്വർഗ്ഗത്തിൽ കൊണ്ടുപോകണമെന്നും മറ്റുചിലർ നരകത്തിൽ കൊണ്ടുപോകണമെന്നുമുള്ള അഭിപ്രായക്കാരായിരുന്നു. എന്നാൽ ഇവളുടെ രൂപത്തിൽ പ്രസന്നമായിരുന്ന അപൂർവമായ വിനയത്തെ കാലൻ കണ്ടിട്ടു അല്പനേരം അവളെ വിടുന്നതിനാജ്ഞാപിച്ചു. ജോലിത്തിരക്കു തീർന്നതിനുശേഷം ഈ കേസ്സു പുനർവിചാരണ ചെയ്യാമെന്നു അദ്ദേഹം കല്പിക്കയും ചെയ്തു. അടുത്ത മുറ ഒരു വൃദ്ധയായ സ്ത്രീ ജഡ്ജിയുടെ മുമ്പിൽ വന്നു. ഇവളുടെ മുഖത്തിൽ ക്രൂരതയും, പരിഹാസം മുതലായ ദുസ്സ്വഭാവങ്ങൾ പ്രതിഫലിക്കുന്നുണ്ടായിരുന്നു. അന്തകസ്വാമി ഇവളോടു, മുൻപോലെത്തന്നെയുള്ള ചോദിച്ച ചോദ്യം തന്നെ ചോദിച്ചു. വൃദ്ധസ്ത്രീ “ഞാൻ എൺപതും അറുപതും വയസ്സുകാലം ഭൂമിയിൽ പാർത്തു. എന്റെ അയൽവാസികളോ ടൊപ്പമായിരുന്നു. ചെറുപ്പക്കാരികളായ അനേകം പെണ്ണുങ്ങളുടെ അനാചാരത്തിനു എനിക്കു വളരെ കോപമുണ്ടായി. എന്റെ ആയുസ്സും മുഴുവനും ഇവരെ ഉപദേശിച്ചും, ശാസിച്ചും, നല്ലവഴിയിൽ നടത്തുന്നതിനായിട്ടു ഞാൻ ഉപയോഗിച്ചു. ആരെല്ലാമായി എനിക്കു കലഹട്ടാൻ ഇടവന്നിട്ടുണ്ടോ, അവരോടൊക്കെ സ്വർഗ്ഗത്തിൽ ജീവിതം നയിക്കണമെന്ന ഉപദേശമേ ചെയ്തതുണ്ടായിരുന്നു. അന്തകസ്വാമി: “ഇതൊക്കെ ശരിതന്നെ. അവരോടു ചെയ്തിട്ടുള്ള

ഉപദേശത്തെ അനുവർത്തിക്കുന്നതിനു നിങ്ങളും ശ്രമിച്ചിട്ടുണ്ടോ?" വൃദ്ധ: "ഞാനെങ്ങനെയാണ്? എനിക്കൊരു വിനാഴികനേരമെങ്കിലും ഒഴിവുണ്ടാക്കുവാൻ ഇട കിട്ടിട്ടുണ്ടോ?" സ്വാമി: "നിങ്ങളുടെ പുറകിൽ നില്ക്കുന്ന ആ മനുഷ്യൻ വേഗം ഇടംകൊടുത്താലും." സ്വാമി മന്ത്രിയായ സ്ത്രീയോട്: "ദേവി! നിങ്ങളും ആയുഷ്കാലത്തിൽ ചെയ്തിട്ടുള്ള കൃത്യങ്ങൾ എന്തെല്ലാം?"

മന്ത്രി: "അഭയമുള്ള പലതുമാത്രമാണ് കാര്യം ഞാൻ ചെയ്തിട്ടുണ്ട്. എന്നാൽ അതിനെക്കുറിച്ചു എനിക്കു പശ്ചാത്താപം ഉണ്ടായി മേലാൽ അങ്ങിനെ ചെയ്കയില്ലെന്നു ഞാൻ ശപഥം ചെയ്തു. അപ്പോഴാണ് ഇങ്ങോട്ടു വരാനുള്ള വാറണ്ടു തപാലിൽ വന്നത്. അതുകൊണ്ടു എനിക്കു അവസരം കിട്ടിയില്ല". ദൂതന്മാർ "ഈ പിലത്തെ മന്ത്രിയെ താങ്കൾ അനുഗമിച്ചാലും." എന്നു പറഞ്ഞുവെച്ചു് താനേ പ്രകാശിയായ മനോരമയുടെ കൈപ്പറ്റുന്നു. ഇവൾ ചോദ്യത്തിൻപ്രകാരമാണ് മറുപടി പറഞ്ഞത്. "ബാല്യത്തിലും യൗവനത്തിലും എന്നോടൊപ്പം പ്രഭുക്കന്മാരോടുകൂടി ചെയ്യമാറിയവനാണ് എന്റെ ഭർത്താവ്. ഞാൻ നാലഞ്ചു പ്രസവിച്ചുവല്ലോ. എന്റെ കുട്ടികളെ, വളരെ യോഗ്യന്മാരായിത്തീരത്തക്കവണ്ണം ഞാൻ വളർത്തി. അവയിൽ എനിക്കു അതിയായ ചാരിതാർത്ഥ്യത്തിനു വകയുണ്ടായിരുന്നു. സായംകാലം കഴിഞ്ഞാലും എന്നെ വേണ്ടെ, എല്ലാവരും എന്റെ ഭർത്താവുമൊത്തു സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നു. അവർ സർവ്വത്ര വാത്സല്യത്തോടെ ആണ് എന്റെ മരണത്തിൽ കരയുംതോറും വളരെ നല്ല സ്ഥിതിയെ പ്രാപിച്ചു." ഈയുവതീമണിയുടെ സൽപ്രവൃത്തികളെ കേട്ടു സന്തോഷിച്ചു് ദൂതന്മാർ ചെറുതായൊന്നു പുഞ്ചിരി തൂകി. സ്വർഗ്ഗദ്വാരപാലകൻ തന്റെ കർത്തവ്യത്തെ സ്മരിച്ചു് അവളുടെ നേർക്കു കൈനീട്ടി. അയാളുടെ കൈ ആ സ്ത്രീയുടെ ദേഹത്തു സ്പർശിച്ച മാത്രയിൽ തന്നെ അവളുടെ മനോദുഃഖം മുഴുവനും നീങ്ങി, നയനങ്ങൾക്കു പ്രത്യേകം ഒരു ശോഭയുണ്ടായി. അവളുടെ കപോലങ്ങൾ വിനയംകൊണ്ടും സൌന്ദര്യംകൊണ്ടും സൌശീല്യംകൊണ്ടും തൃപ്തങ്ങളായി ശോഭിച്ചു. എന്നിട്ടു വളരെ അവൾ ഒരു സൌന്ദര്യമൂർത്തിയായിത്തീർന്നു. സ്വർഗ്ഗദ്വാരപാലകൻ ഈ വിധം സൌന്ദര്യകാരകനാണെന്നു കണ്ടിട്ടു് മനോരമയും പുറകിൽനിന്നും തിക്കിത്തിരക്കി മുന്നണിയിൽ വന്നു നിന്നു. സ്വാമിയുടെ ചോദ്യത്തിനു സമാധാനമായി അവൾ ഇങ്ങിനെ പറഞ്ഞു: "ഞാൻ എങ്കലതെ ഇരുപത്തഞ്ചു കൊല്ലത്തോളം ഭൂമിയിൽ പാർത്തു. എനിക്കു ഒരു വിധം അറിവുവെച്ചുതുടങ്ങിയപ്പോൾ തന്നെ അംഗസൌന്ദര്യത്തിനും കാമുകലാഭത്തിനും വേണ്ടി ഞാൻ പ്രയത്നിച്ചുതുടങ്ങി. ഇതിനായിട്ടു കണ്ണെഴുതുന്നതിലും, പൊട്ടുതൊടുന്നതിലും, കുറിയിടുന്നതിലും ഞാൻ വളരെ മനസ്സിരുത്തി ശോഭയോടെ അതുകളെ നിറവേറി. നല്ല വസ്ത്രങ്ങൾ, വെണ്ണ സുഗന്ധദ്രവ്യം, ഭൂഷണം മുതലായതു വളരെ പണിപ്പെട്ടാണ് ഞാൻ ശേഖരിച്ചതു്. കാമുകന്മാരോടു വളരെ മാധുര്യമായി ഞാൻ സംസാരിച്ചുവന്നു." ഇവളുടെ മറുപടി മുഴുവനാകുന്നതിനു മുമ്പു തന്നെ ദൂതന്മാർ ഇവളെ ദൂരെ കൊണ്ടുപോകുന്നതിനു ഒരുങ്ങിക്കൊണ്ടു. നരകദ്വാരപാലകൻ അവളുടെ സമീപത്തിൽ എത്തിയ മാത്രയിൽ അവളുടെ ശരീരം ആകപ്പാടെ വാടിത്തുടങ്ങി.

ങ്ങളും സമ്പാദ്യവും വ്യാപിച്ചു. അവ ക്ക്രോടെ അവരുടെ ശരീരത്തിന്റെയോ വൈരൂപ്യം വർദ്ധിപ്പാൻ പ്രയാസം.

ഇത്രയും കഴിഞ്ഞതിന്റെ ശേഷം കുഞ്ഞുങ്ങളും സ്ത്രീകളും ഗൃഹങ്ങളിൽ കിടിച്ചുവരുന്ന ശബ്ദം എനിക്ക ശ്രവണഗോചരമായി. ഇവരുടെ വിധി എന്തായിരിക്കുമെന്നറിവാൻ എനിക്ക വളരെ മോഹമുണ്ടായിരുന്നു. എന്നുതന്നെയുമല്ല നമ്മുടെ സ്വാമി ഇവരുടെ നേരെ കരുണ കാണിക്കുമോ എന്ന് എനിക്ക സംശയമായിരുന്നു. ഇവർ അടുത്തുവന്നതിനോടുകൂടി ശബ്ദമധികമായി ഞാൻ ഉണർന്നുപോയി. കരോ ടോരത്തു ഈ ദർശനത്തിന്റെ അവസാനം വരെ ഞാൻ ആലോചിച്ചുകൊണ്ടു കിടന്നു.

കെ. കെ. പത്മനാഭപിള്ള.

ഞങ്ങളുടെ വായനശാല

1. വൃത്താന്തപത്രപ്രവർത്തനം (ഗ്രന്ഥകർത്താവ് കെ. രാമകൃഷ്ണപിള്ള ബി. എ. അവർകൾ).

ഇക്കാലത്തെ ചരിത്രം നോക്കുമ്പോൾ വർത്തമാനപത്രങ്ങളെപ്പോലെ ഇത്ര വലുതായ ശക്തിയുള്ളതായി ലോകത്തിൽ വേറെ വല്ലതും ഉണ്ടോ എന്നു സംശയമാണ്. എത്രയും അപരിഷ്കൃതന്മാരായി ജീവിച്ചിരിക്കുന്ന സമുദായക്കാർ പോലും ദിനംപ്രതി വർത്തമാനപത്രം വായിക്കുന്നതിൽ ശ്രദ്ധാലുക്കളായി വരുന്നു. ഈ വിഷയത്തിൽ മലയാളികളെ അയൽദിക്കുകാരോടു തട്ടിച്ചുനോക്കിയാൽ നമുക്കു വലിയ അഭിമാനത്തിനവകാശമില്ല. പക്ഷേ, മലയാളത്തിലെ പത്രങ്ങൾ മിക്കതും "നടന്നു തുടങ്ങിയും മുടങ്ങിയും" ആണു കണ്ടുവരുന്നത്. ഇതിനു കാരണം, വർത്തമാനപത്രങ്ങളുടെ നടത്തിപ്പിൽ പരിഷ്കൃതന്മാർ പൊതുവെ അംഗീകരിച്ചിട്ടുള്ള ചില നിയമങ്ങൾക്കു വിരോധമായും, അവശ്യത്തിനൊത്ത സാമഗ്രികൾ കൂടാതെയും പത്രങ്ങൾ നടത്തിത്തുടങ്ങുന്നതു തന്നെയാണ്. ഈ ന്യൂനതയെ ഇല്ലായ്മ ചെയ്യുന്നതിനു, പത്രങ്ങളുടെ നടത്തിപ്പിനെപ്പറ്റി ഒരു പുസ്തകമെഴുതുവാൻ പുറപ്പെട്ട രാമകൃഷ്ണപിള്ള അവർകളെ ഞങ്ങൾ അഭിനന്ദിക്കുന്നു.

ഈ പുസ്തകത്തിലെ വിഷയങ്ങൾ 1. പത്രത്തൊഴിൽ, 2. വിശേഷയോഗ്യതകൾ 3. വൃത്താന്തശേഖരണം, 4. മുഖപ്രസംഗം (1), 5 മുഖപ്രസംഗം (2), 6. അച്ചടിക്കുള്ളവിധം, 7. കോടതികൾ: മനോജ്ഞസംഗ്രഹം, 8. മുദ്രണം, 9. വിമർശം, 10. സംവാദകലയെഴുത്ത്, 11. പത്രപ്രസാധനം, 12. പലവക എന്നിങ്ങനെയുള്ള വിഷയങ്ങളെ പ്രതിപാദിക്കുന്ന പന്ത്രണ്ടദ്ധ്യായങ്ങളും, ഒടുവിൽ "നാമസൂചിക" മുതലായ അനുബന്ധങ്ങളുമടങ്ങിയതാണ്. ഈ വിഷയങ്ങളിലൊന്നിലും, അറിയേണ്ടവയായ അനേകം സംഗതികൾ അടങ്ങിയിട്ടുണ്ട്. പത്രനടത്തിപ്പിൽ പ്രസിദ്ധി നേടിയവരായ ചി

ററ്മാൻ, ലോറൻസ്, ഡന്നാ എന്നിവരു
ടെ പ്രബന്ധങ്ങളും പ്രസംഗങ്ങളും വായി
ച്ചിട്ടു സിദ്ധിച്ചിട്ടുള്ള അറിവും, തന്റെ
"പത്രങ്ങളിൽ ലേഖകനെന്നും മുഖപ്രസം
ഗകനായിട്ടെന്നും പത്രാധിപരെന്നും
നിലകളിൽ ഇടവിടാതെ ലഭിച്ചിട്ടുള്ള പ
രിചയവും" അടിസ്ഥാനപ്പെടുത്തിട്ടാണ്
പിള്ള അവർകൾ ഈ പുസ്തകം എഴുതിയി
രിക്കുന്നത്. അതിനാൽ, ഇതിനെക്കാൾ പു
സ്തകം എഴുതുവാൻ ഈ ഗ്രന്ഥകർത്താവി
ന്നധ:കാരം അവസരമുണ്ട്. ആ അവസര
ത്തെ വൈവിധ്യം ഉപയോഗകരമായവിധത്തി
ൽതന്നെ വിനിയോഗിച്ചിട്ടുണ്ടെന്ന്
ഈ പുസ്തകത്തിലെ വിഷയ ഘടനയി
ൽ നിന്നു മനസ്സിലാക്കാം. എന്നാൽ,
ഗ്രന്ഥത്തിലുള്ള അനുഗ്രഹത്തിനനിവില്ലാത്ത
തുകൊണ്ട് ഇതിലെ ചില അദ്ധ്യായങ്ങളി
ലെ വിഷയങ്ങൾ വിവരിച്ചതിൽ കുറച്ചു
കൂടി പുഷ്ടത വരുത്താമായിരുന്നില്ലയോ
എന്നും ചില വിഷയങ്ങൾ കൂടി ചേർക്കേ
ണ്ടതായിരുന്നില്ലയോ എന്നും ഞങ്ങൾ ശ
ങ്കിക്കുന്നു. ഉദാഹരണത്തിന് "പത്രപ്ര
സാധനം" എന്ന അദ്ധ്യായത്തെ എടുക്കാം.
ഈ അദ്ധ്യായത്തിൽ ലേഖകന്മാർ ഭാഷാരീ
തിയിൽ ശ്രദ്ധിക്കേണ്ട അംശങ്ങളെ കുറെ
വിസ്തരിച്ചു നിരൂപണം ചെയ്തിട്ടുണ്ട്. "അ
ഭിലഷണീയം", "അനഭിലഷണീയം",
"ആശാസ്യം", "അനാശാസ്യം" എന്നു തു
ടങ്ങിയ ഒട്ടു വളരെ പദങ്ങളുടേയും, "പ്ര
ത്യേകം പറയേണ്ടതില്ല", "അനുചിതവും
അനാവശ്യവുമായ ഒരു പ്രവൃത്തി സ
ർവ്വവിദിതമാണ്" ഇത്യാദിയായ വാക്യങ്ങ
ളുടേയും പ്രയോഗത്തെപ്പറ്റി തന്റെ അ
ഭിരുചിക്കനുസരിച്ച പല അഭിപ്രായങ്ങളും
ഗ്രന്ഥകാരൻ പറഞ്ഞിട്ടുണ്ട്. ആ വക പ
ദ വാക്യങ്ങളുടെ നിരൂപണത്തിൽ ചിലതു
കൂടി ആവശ്യം ചേർക്കേണ്ടതാണെന്നാണ്
ഞങ്ങളുടെ പക്ഷം:—"പത്രപ്രസാധനം",
"പത്രത്തൊഴിലുകാരൻ", "പ്രധാനപ്രസാ
ധകൻ", "ഒരു മൊഴിക്ക സാധിക്കും" എ
ന്നു മുതലായ പല വികൃതപദങ്ങളേയും
വാക്യങ്ങളേയും വളരെ പഴമ പരിചയമു
ള്ള പത്രാധിപന്മാർ തന്നെ സുലഭമായി
ഉപയോഗിച്ചുകാണുന്നുണ്ട്. അതിനെ
യുള്ള—സർവ്വസമ്മതമല്ലാത്ത പദങ്ങളേയും
വാക്യങ്ങളേയും വർജ്ജിക്കേണ്ടതായിരുന്നു
വെന്നു ഞങ്ങൾക്കഭിപ്രായമുണ്ട്.

ഇക്കാലത്തു ബ്രിട്ടീഷ് സംസ്ഥാന
ത്തിലെന്നപോലെ നാട്ടുരാജ്യങ്ങളിലും അ
ച്ചടിക്കാരുടേയും പത്രപ്രവർത്തനത്തേ
യും സംബന്ധിച്ച് ചില സർക്കാർ നിയമ
ങ്ങൾ നടപ്പിലായിട്ടുള്ളതുകൊണ്ടും അവ
യുടെ സ്വാതന്ത്ര്യത്തിനെങ്കിലും ഇല്ലാത്ത
"വൃത്താന്തപത്രപ്രവർത്തനം" അനാവശ്യ
മായതുകൊണ്ടും അതിനെപ്പറ്റിയും ഒര
ദ്ധ്യായം ചേർത്തിരുന്നെങ്കിൽ ഈ പുസ്തക
ത്തിന് അധികം വിഷയപുഷ്ടി വരുമാ
യിരുന്നു എന്നുകൂടി ഞങ്ങൾ അഭിപ്രായ
പ്പെടുന്നു.

ഈ പുസ്തകത്തിനു, "കേരളപത്രി
ക"യുടെ അധിപരായ ചെങ്കളത്തു കു
ഞ്ഞിരാമമേനോൻ ബി. എ. അവർകൾ
എഴുതിയിട്ടുള്ള മലയാളത്തിലെ പത്രപ്രചാ
രണത്തിൽ അറിയേണ്ടതായിട്ടുള്ള അനേകം
സംഗതികളെ സരസമായി വിവരിക്കുന്ന
തും ആയ പ്രസ്താവന മേൽക്കാരമായിട്ടു
ണ്ട്. രാമകൃഷ്ണപിള്ള അവർകൾ ഈ പു
സ്തകം എഴുതുന്നതിൽ ചെയ്തിട്ടുള്ള ശ്രമം
ഒട്ടും അസ്ഥാനത്തിലായിട്ടില്ലെന്നാണ് ഞ
ങ്ങളുടെ അഭിപ്രായം.

2. കനകലത (നാലാം പതിപ്പ്.)

നോവലുകളെന്നോ ആഖ്യായികക ളെന്നോ പറയാവുന്ന കഥകൾ മലയാളത്തിൽ ഇപ്പോൾ സുലഭമായിട്ടുണ്ട്. എന്നാൽ ഒരു കാൽ നൂറ്റാണ്ടിനു മുമ്പിൽ (കനകലത എഴുതിയ കാലത്ത്) ഇന്നത്തെ "പുഷ്പവതികളിക" [illegible] ഇ രീതിയിലുള്ള കഥകളെപ്പറ്റി മലയാളികൾക്ക് നല്ല അഭിപ്രായമുണ്ടായിരുന്നെന്ന്, ഇതിന്റെ മൂന്നു പതിപ്പ് വിറ്റു തീർന്നതുകൊണ്ടു നിശ്ചയിക്കാം. ഇങ്ങിനെ സർവ്വപ്രിയമായ "കനകലത"യെ കുറിച്ച് ഇപ്പോൾ അഭിപ്രായം പറയേണ്ട ആവശ്യമില്ലാത്തതുകൊണ്ട്, പുസ്തകം [illegible] ട നാല് [illegible] ഞങ്ങളും [illegible] ഉള്ളു.

3. കേരളചിന്താമണി

(പുസ്തകം 7 ലക്കം 1)

ഈ മാസികയുടെ പുതുവർഷത്തെ ലക്കത്തിൽ വായിക്കത്തക്കതായ പല ലേഖനങ്ങളും കാണുന്നുണ്ട്. [illegible] എന്നു പേരായി ഒരു കവിത "മംഗളോദയം" 2-ാം പുസ്തകം 6-ാം ലക്കത്തിൽ [illegible] കേശവൻ നായർ [illegible] "കേരളചിന്താമണി"യിൽ എടുത്തു ചേർത്തു കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. പക്ഷേ അതു "മംഗളോദയ"ത്തിൽനിന്നെടുത്തു ചേർത്തതാണെന്നുള്ള വാസ്തവം കൂടി പ്രസ്താവിക്കേണ്ടതായിരുന്നു. [illegible] ചെയ്തു കാണുന്നു.

ബാക്കി പുസ്തകങ്ങളുടെ അഭിപ്രായം വഴിയെ.

ഒരു ചെറിയ തിരുത്തൽ.

"സുഭദ്രാസംഹിത"യെപ്പറ്റി കഴിഞ്ഞ ലക്കത്തിൽ അഭിപ്രായം പറഞ്ഞതിൽ, അതിന്നു [illegible] വില [illegible] എന്നു [illegible] ണ്ട്. അതിനെ "[illegible]" എന്നു തിരുത്തി വായിപ്പാനപേക്ഷ.

वैभाषिकवादः ।

इह किल जगति प्रचरत्सु विविधदर्शनेषु बहुधा प्राधान्यमर्हति बौद्धदर्शनम् । तत्र युक्तिप्रमाणोपबृंहितान् विमर्शान् विदधतां व्यावहारिकभेदेन मिथो विवदमानानां माध्यमिकयोगाचारसौत्रान्तिकवैभाषिकाणां मतभेदेन चातुर्विध्यमुपलभ्यते बौद्धदर्शनस्य । तदुक्तं सर्वसिद्धान्तसंग्रहे भगवत्पादैः । यथा—

"चतुर्णां मतभेदेन
बौद्धशास्त्रं चतुर्विधम् ।
अधिकारानुरूपेण
तत्र तत्र प्रवर्तकम्" ॥

इति । एवं चतुर्विधेषु बौद्धेषु माध्यमिकाः सर्वशून्यत्ववादिनः, योगाचाराः क्षणिकवादिनः, सौत्रान्तिका बुद्धिग्राह्यार्थवादिनः, वैभाषिकाश्च बाह्यार्थप्रत्यक्षवादिनः । तत्रापीतरापेक्षया निरूपणरमणीयतमोऽयं वैभाषिकवादः ॥

वैभाषिका भाषन्ते परमाणव एव प्रपञ्चस्य घटका इति । ते च बाह्यार्थप्रत्य-

दवस्थिताः पूर्वापरानुभावेन सहस्रशः पुञ्जीभूताः । यथा कश्चिद्दिदूराद्वनमुपत्यकायां स्थदन्तिकं गतो वह्वीवृक्षाणामतिरेकात्र वनं पश्यति, यथा च मृदो घटत्वं घटाः कपालत्वं कपालानि चूर्णतां ते च परमाणुतां प्रयान्ति, एवं सर्वेऽपि पदार्थाः परमाणुत्वे पर्यवस्यन्ति । परमाणवश्च पृथिव्यप्तेजोवायूनां चतुर्णां धातूनां* गुणैः पिण्डीभूतैर्वर्णगन्धरसौजोभिर्निरन्तरानुबन्धिभिः पृथिव्याद्याकाराम् प्रपद्यन्ते । तत्र पृथिव्याः स्थैर्यं, अपां द्रवत्वं, औष्ण्यं तेजसः, वायोः चलता चेति संक्षेपतो गुणविवेकः ॥

बौद्धानां सर्वेषामपि समानायां बुद्धितत्त्वावस्थितौ वैभाषिका अपि न विभाषावलम्बिनः । बुद्धिवृत्तेस्तु ज्ञानाज्ञानात्मकतया द्वैविध्यम् । तत्र, ज्ञानात्मिका वृत्तिः प्रमाणं, इतरात्वविद्यामूलिका अप्रमाणम् । सा च मूलाज्ञाननिमित्ता स्कन्धायतनधातुजा व्यपदिश्यते । परिदृश्यमानमिदं भुवनात्मकमखिलं प्रपञ्चशरीरं स्कन्धाद्यात्मकतया संघटितम् । तत्र ज्ञानसंस्कारसंज्ञावेदनारूपभेदात् पञ्च स्कन्धाः । स्कन्धशब्दोऽत्र तत्तत्सन्ततिपर्यायः । ततश्च ज्ञानसन्ततिर्विज्ञानस्कन्धः, वासनासन्ततिः संस्कारस्कन्धः, सुखदुःखात्मिका अपेक्षात्मिका च बुद्धिसन्ततिर्वेदनास्कन्धः, नामसन्ततिः संज्ञास्कन्धः, मूर्तिसन्ततिः रूपस्कन्धश्चेति फलति । मूर्तीनामुपलम्भस्य भूतसमवायसंयोगहेतुतया तासां भूतानां च पारस्परिकः संबन्धः सिध्यति । तत्र घटादिषु पृथिव्यप्तेजोवायूनां क्रमेण स्थिरद्रवोष्णचलत्वान्युपपन्नानि । एवं स्कन्धानां रहस्यम् । अथायतनानि । तत्र श्रोत्रत्वक्चक्षुर्जिह्वाघ्राणानि पञ्च ज्ञानोपयोगीनि (एतत्समवायः प्रत्ययपञ्चकमित्यभिधीयते ।) वाक्पादपाणिपाय्वादीनि पञ्चकर्मोपयोगीनि (एतत्सम्मिलितं कारकपञ्चकमिति सङ्केतः ।) समुदितानां चैभन्यं बुद्धिः, करणं मनश्चेति द्वादशायतनानि ॥

वस्तुज्ञानस्य नामजातिगुणद्रव्यक्रियारूपेण पञ्चधा कल्पनं बौद्धानां पक्षे भ्रान्तिमूलम् । एषां मते प्रत्यक्षं काल्पनिकं चेति द्विविधं प्रमाणम् । तत्र द्वितीयं पुनर्नामादिरूपेण पञ्चविधम् । ज्ञानं च लिङ्गदर्शनाद्भवति । लिङ्गैरेव लिङ्गिनोऽनुमेयत्वात् । अज्ञानं चतुर्विधं, तच्च प्रमाणाभ्यां निवर्तेत । चतुर्विध्यज्ञानेषु निवृत्तेषु मूलाज्ञानस्यापि निवृत्तिः । तदा च विशुद्धविज्ञानसंहतिरूपः पुण्यापुण्यविशेषमयो मोक्षः ॥ यत्रैवं प्रशस्यते वैभाषिकैः—

'उत्पत्तिस्थितिभङ्गदोषरहितां सर्वाशयोन्मूलिनीं
ग्राह्योत्सर्गवियोगयोगजनितां नाभावभावान्विताम् ।
तामन्तद्वयवर्जितां निरुपमामाकाशवन्निर्मलां
प्रज्ञां पारमितां धनस्य जननीं शृण्वन्तु पुण्यार्थिनः' ॥

(सर्वसिद्धान्तसंग्रहः, १६—२१)

* एषां मते आकाशस्य न धातु (भूत) मध्येऽन्तर्भावः । उक्तं च "आकाशधातुरस्माभिः परमाहुर्निरूपितः" इति ।

കേരള സാഹിത്യ
അക്കാദമി